# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

### 2017 മാർച്ച് 8, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 – നമ്പർ 9

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

2017 മാർച്ച് 8, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ.വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

802/2019

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....83

**II. അടിയന്തരപ്രമേയം**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

—ശ്രീ.കെ.മുരളീധരൻ ....398

(അവതരണാനുമതി നിഷേധിച്ചു)

**III. ശ്രദ്ധക്ഷണിക്കൽ**

1. അങ്കണവാടി പ്രവർത്തകരുടെ പെൻഷൻ

— ശ്രീ. ഇ. ടി.ടൈസൺ മാസ്റ്റർ ....417

2. അനധികൃത കൈവശഭൂമി വീണ്ടെടുക്കൽ

— ശ്രീ. അടൂർ പ്രകാശ് ....419

**IV. സബ്മിഷൻ**

1. എം.പി./എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ

— പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ....423

2. ട്രാഫിക് പോലീസ് സ്റ്റേഷൻ

—ശ്രീ. ആർ. രാമചന്ദ്രൻ ....426

പേജ്

3. പ്രവാസി കമ്മീഷൻ പ്രവർത്തനം

— ശ്രീ. പാറക്കൽ അബ്ദുല്ല ....428

4. ജലചൂഷണം

— ശ്രീ. വി. എസ്. അച്യുതനാന്ദൻ ....430

5. പമ്പാ ജലസേചന പദ്ധതി

— ശ്രീമതി വീണാ ജോർജ്ജ് ....434

6. ആറുകളുടെ പുനരുദ്ധാരണം

— ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ...435

7. കർഷകർക്ക് ആശ്വാസം

— ശ്രീ. കെ. കൃഷ്ണൻകുട്ടി ...437

8. ബീഡി തൊഴിലാളികളുടെ വേതന വർദ്ധനവ്

—ശ്രീ. എ. എൻ. ഷംസീർ ....440

9. ബാങ്കുകളുടെ പ്രതിലോമ നടപടികൾ

—ശ്രീ. എം. നൗഷാദ് ...442

10. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള വാതിൽപ്പടി വിതരണം

—ശ്രീ. ചിറ്റയം ഗോപകുമാർ ...444

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** ...446

**VIറിപ്പോർട്ട് സമർപ്പണം**

1. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്നു മുതൽ ആറു വരെയുള്ള റിപ്പോർട്ടുകൾ ....448

2. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ നാലുമുതൽ ഏഴുവരെയുള്ള റിപ്പോർട്ടുകൾ. ...448

**VII ധനകാര്യം**

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച (തുടർച്ച) ....448

**VIII പ്രമേയം**

ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച് ...515

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

*2017 മാർച്ച് 8, ബുധൻ*


| വാല്യം 165] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 9 |
|---|---|---|


നിയമസഭ 2017 മാർച്ച് മാസം 8-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ........

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ചോദ്യോത്തരങ്ങളുമായി ബന്ധപ്പെട്ട് റൂൾ 47 അനുസരിച്ച് എനിക്ക് പറയാനുള്ളത്, " (1) Answers to questions which Ministers propose to give in the Assembly shall be handed over to the Secretary before 5.00 p.m. on the preceding day to the date of answering questions." അംഗങ്ങൾ ചോദിക്കുന്ന ഒരു ചോദ്യത്തിനും മറുപടി ലഭിക്കുന്നില്ല. പ്രത്യേകിച്ച് സ്ത്രീകൾക്കെതിരെയുള്ള അക്രമം സംബന്ധിച്ച ചോദ്യങ്ങൾക്ക്. 27-2-2017-ൽ എന്റെ രണ്ട് ചോദ്യങ്ങൾക്ക് മറുപടി ലഭിച്ചിട്ടില്ല. എന്റെ കയ്യിലുള്ള ഫ്ലാഗ് ചെയ്ത 1932, 1935, 1923, 1966, 1997 തുടങ്ങിയ ചോദ്യങ്ങൾക്കൊന്നും മറുപടി ലഭിക്കുന്നില്ല. പിന്നെ എന്തിനാണ് മെമ്പർമാർ ചോദ്യങ്ങൾ ചോദിക്കുന്നത്? സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പ്രതിപക്ഷത്തുള്ളവർ മാത്രമല്ല സി.പി.ഐ. അംഗം ശ്രീ. സി. ദിവാകരൻ ചോദിച്ച ചോദ്യങ്ങൾക്കുപോലും മറുപടി ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ പ്രത്യേക റൂളിംഗ് ആവശ്യമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കഴിഞ്ഞ കാലത്ത് ഞാൻ ചോദിച്ച ചോദ്യങ്ങൾക്ക് ഇപ്പോൾ ഞാൻ തന്നെയാണ് ഉത്തരം നൽകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുകൊണ്ട് നിങ്ങളും ഇങ്ങനെ ചെയ്യുന്നു എന്നാണോ? എങ്കിൽ കുഴപ്പമില്ല.....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്....ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ...പ്ലീസ് പ്ലീസ്......(ബഹളം)......

ശ്രീ. എ. കെ. ബാലൻ: സർ, ഇത് തിരുത്തേണ്ടതാണ്, അക്കാര്യത്തിൽ സംശയമില്ല.........(ബഹളം)......

മി. സ്പീക്കർ: ചെയർ പറയട്ടെ.............(ബഹളം)........അങ്ങ് ഇരിക്കൂ.........പ്ലീസ്...പ്ലീസ്....ഇരിക്കൂ......ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഉന്നയിച്ചിരിക്കുന്നത്. ഇതൊരു പുതിയ കാര്യമല്ല എന്നാണ് ശ്രീ. എ. കെ. ബാലൻ ഇവിടെ സൂചിപ്പിച്ചത്. സഭാംഗങ്ങൾക്ക് വിവരങ്ങൾ ലഭ്യമാകാനുള്ള ഏറ്റവും നല്ല അവസരമാണ് ചോദ്യോത്തരവേള എന്നാണ് ചെയറിന്റെ അഭിപ്രായം. ചോദ്യങ്ങളുമായി ബന്ധപ്പെട്ട ഉത്തരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാർ ശക്തമായ ഇടപെടൽ നടത്തേണ്ടതാണ്.

**അഡ്വഞ്ചർ ടൂറിസം**

1 (*181) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ ടൂറിസം മേഖലയിൽ സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സജ്ജമാക്കിയിട്ടുള്ള കേന്ദ്രങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) അഡ്വഞ്ചർ ടൂറിസത്തെക്കുറിച്ച് മതിയായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) അഡ്വഞ്ചർ ടൂറിസം മേഖലയിൽ സംസ്ഥാനത്ത് കൈവരിക്കാനായ നേട്ടങ്ങൾ താഴെ പറയുന്നു:

1. 2001-ൽ ആദ്യത്തെ അഡ്വഞ്ചർ പാർക്ക് തെന്മലയിൽ രൂപം നൽകി.
2. 2012-ൽ അഡ്വഞ്ചർ ടൂറിസത്തിന്റെ പ്രചരണാർത്ഥം കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി എന്ന സ്ഥാപനം രൂപീകരിച്ചു.
3. കേരളത്തിൽ സാധ്യതയുള്ള വിവിധ പ്രദേശങ്ങളിൽ അഡ്വഞ്ചർ പാർക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്.
4. ഇന്റർനാഷണൽ മൗണ്ടൻ ബൈക്കിംഗ് കോംപറ്റീഷൻ, മലബാർ റിവർ ഫെസ്റ്റിവൽ, സ്കൂബാ ഡൈവിംഗ്, പാരാ ഗ്ലൈഡിങ് എന്നീ സാഹസിക വിനോദങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കേരളത്തിലെ സാഹസിക ടൂറിസം പാർക്കുകൾ സജ്ജീകരിച്ചിട്ടുള്ള കേന്ദ്രങ്ങൾ

- തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, കൊല്ലം ജില്ലയിലെ തെന്മല, ആശ്രാമം, വയനാട് ജില്ലയിലെ കർലാട്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന്.
- കൊല്ലം ജില്ലയിൽ പി.പി.പി. മോഡലിൽ വികസിപ്പിക്കുന്ന ജഡായുപാറ ടൂറിസം പദ്ധതിയുടെ ഭാഗമായി അഡ്വഞ്ചർ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

കേരളത്തിലെ സാഹസിക ടൂറിസം ഇവന്റുകൾ നടത്തുന്ന കേന്ദ്രങ്ങൾ

- മൗണ്ടൻ സൈക്കിളിംഗിനായി തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ, കൊല്ലം ജില്ലയിലെ തെന്മല, വയനാട് ജില്ലയിലെ പൊഴുതന.
- പാരാസൈക്ലിംഗിനായി കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്.
- സ്കൂബാ ഡൈവിംഗിനായി തിരുവനന്തപുരം ജില്ലയിലെ കോവളം.
- കയാക്കിംഗിനായി കോഴിക്കോട് ജില്ലയിലെ തുഷാരഗിരി.
- പാരാഗ്ലൈഡിംഗിനായി ഇടുക്കി ജില്ലയിലെ വാഗമൺ.

(സി) കേരളത്തിലെ ടൂറിസം മേഖലകളുടെ പ്രചരണം വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം നടത്തി വരുന്നുണ്ട്. ഇതിൽ സാഹസിക ടൂറിസത്തിനുവേണ്ടിയുള്ള പ്രചരണ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി ദേശീയ അന്താരാഷ്ട്രതലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ വകുപ്പിന് ഉദ്ദേശമുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിനോദസഞ്ചാര മേഖലയിലെ ഏറ്റവും സാഹസികത നിറഞ്ഞ മേഖലയാണ് അഡ്വഞ്ചർ ടൂറിസം. ഭൂതല സാഹസികത, വാന സാഹസികത, ജലമാർഗ്ഗ സാഹസികത ഇങ്ങനെ വ്യത്യസ്തങ്ങളായ തലങ്ങളെക്കുറിച്ചാണ് ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞത്. കേരളത്തിൽ വ്യത്യസ്ത സ്ഥലങ്ങളിലാണ് ഇവയൊക്കെ നടന്നുകൊണ്ടിരിക്കുന്നത്. ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ട് ഒരൊറ്റ ടൂറിസ്റ്റ് പ്ലോട്ടാക്കി മാറ്റാൻ കഴിയണം. അത്തരം കേന്ദ്രങ്ങളെ വിനോദസഞ്ചാരികളെ ആകർഷിക്കാൻ സാധിക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റാൻ ഗവൺമെന്റ് തയ്യാറാകുമോ; കേരള അഡ്വഞ്ചർ ടൂറിസം സൊസൈറ്റിയെ ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ടൂറിസം മേഖലയുടെ വളർച്ച അഡ്വഞ്ചർ ടൂറിസം മേഖലയിലും സൃഷ്ടിക്കുക എന്ന നയം ഗവൺമെന്റ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ടൂറിസം മേഖലകളിലേയ്ക്ക് സഞ്ചാരികളെ ആകർഷിച്ച വിവിധ ഉല്പന്നങ്ങൾ ഇപ്പോൾ കാലഹരണപ്പെട്ടു കൊണ്ടിരിക്കുകയാണ്. പുതിയ മേഖലകളിലേയ്ക്ക് നമുക്ക് കടക്കേണ്ടതുണ്ട്. അതിനുതകുന്ന ഏറ്റവും പ്രധാനപ്പെട്ട മേഖല തന്നെയാണ് അഡ്വഞ്ചർ ടൂറിസം. അതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിനോദസഞ്ചാര മേഖലകളുടെ ശാക്തീകരണത്തിന് മദ്യം ഒരു ഘടകമാണെന്നും അവ കൂടി അവിടെ ലഭ്യമാക്കണം എന്ന ഒരു നയം ഗവൺമെന്റിനുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ഈ മേഖല അപകടകരങ്ങളായ സന്ദർഭങ്ങൾ സൃഷ്ടിക്കുന്നതും അപകടങ്ങളുണ്ടാക്കുന്നതുമായ കേന്ദ്രങ്ങളാണ്. മദ്യത്തിന്റെ ലഭ്യത സുലഭമാകുകയും അനധികൃതമായി ലഹരി മരുന്നുകൾ ഉപയോഗിക്കാൻ സാധിക്കുകയും ചെയ്താൽ അവിടെ അപകടങ്ങൾ ക്രമാതീതമായി വർദ്ധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് അഡ്വഞ്ചർ ടൂറിസം മേഖലയിൽ മദ്യം ലഭിക്കാതിരിക്കാനാവശ്യമായ നയം രൂപീകരിക്കാൻ ഗവൺമെന്റിന് സാധിക്കുമോ; അത്തരം അപകടങ്ങൾ ഉണ്ടാകുന്നിടത്തെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് അപകടത്തിൽപെടുന്നവരെ സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അഡ്വഞ്ചർ ടൂറിസത്തെ സംബന്ധിച്ചുണ്ടായ തെറ്റായ ധാരണയിൽ നിന്നാണ് ഇത്തരം ചോദ്യങ്ങൾ ഉയർന്നുവരുന്നത്. അപകടകരമായിട്ടുള്ള ഇനങ്ങൾ മാത്രമല്ല അഡ്വഞ്ചർ ടൂറിസത്തിനകത്ത് വരുന്നത്. സാധാരണയിൽ നിന്ന് വ്യത്യസ്തങ്ങളായതെല്ലാം നമുക്ക് അതിൽ ഉൾപ്പെടുത്താം. സൈക്ലിംഗ് അങ്ങനെ ഉൾപ്പെടുത്താൻ കഴിയുന്നതാണ്. അതുകൊണ്ട് അങ്ങനെയുള്ള പ്രശ്നങ്ങളൊന്നും തന്നെ നിലനിൽക്കുന്നില്ല. മദ്യവും അഡ്വഞ്ചർ ടൂറിസവുമായി യാതൊരു ബന്ധവുമില്ല. അങ്ങ് മദ്യത്തിന്റെ കാര്യം ചോദിച്ചു. അങ്ങനെയുള്ള സംഭവങ്ങളൊന്നും നമ്മുടെ നാട്ടിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല, അങ്ങനെയൊരു സംഭവം ടൂറിസം മേഖലയിൽ ഉണ്ടായിട്ടുമില്ല.

ശ്രീ. സി. മമ്മൂട്ടി: സർ, ടൂറിസം മേഖലയിൽ കേരളത്തിൽ ഏറ്റവും ഉപയോഗപ്പെടുത്താൻ സാധിക്കുന്നതും സാധ്യതയുള്ളതുമായ ഒന്നാണ് അഡ്വഞ്ചർ ടൂറിസം. ട്രക്കിംഗ് ക്യാമ്പ്, റോക്ക് ക്ലൈമ്പിംഗ്, വൈൽഡ് ലൈഫ് സഫാരികൾ, ബേർഡ് വാച്ചിംഗ്, സൈക്ലിംഗ്, വാട്ടർ സ്പോർട്സ്, ഓഫ് റോഡ് സ്പോർട്സ്, പാരാഗ്ലൈഡിംഗ് തുടങ്ങിയവയൊക്കെ കേരളത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. പക്ഷേ ആ സാധ്യതകളിൽ 5 ശതമാനം പോലും ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് ഏറ്റവും ദുഃഖകരമായ കാര്യം. കേരളത്തിൽ എല്ലാ ഉല്പന്നങ്ങളും മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. നമ്മുടേതായ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അഡ്വഞ്ചർ ടൂറിസത്തിന് പ്രത്യേകമായൊരു പാക്കേജ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. ടൂറിസം വികസനത്തിന്റെ സാധ്യതകളെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ അഡ്വഞ്ചർ ടൂറിസത്തിന് അനന്ത സാധ്യതകളാണുള്ളത്. അതിന്റെ 5 ശതമാനം പോലും നമുക്ക് ഇതുവരെ ഉപയോഗപ്പെടുത്താനായിട്ടില്ല എന്നുള്ളത് വാസ്തവമാണ്. ഗവൺമെന്റും ടൂറിസം ഡിപ്പാർട്ടുമെന്റും ആ വഴിയിലേയ്ക്ക് സഞ്ചരിച്ച് തുടങ്ങിയിട്ടുണ്ട്. ആ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി ടൂറിസം മേഖലയിൽ വിനോദസഞ്ചാരികളെ വിശേഷിച്ച് ചെറുപ്പക്കാരായ ആളുകളെ ആകർഷിക്കാൻ നമുക്ക് സാധിക്കണം. അതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി വളർന്നുവരുന്നതാണ് മലപ്പുറം കോട്ടക്കുന്ന്. അഡ്വഞ്ചർ ടൂറിസം ഉൾപ്പെടെയുള്ള സംവിധാനങ്ങളൊക്കെ ഇവിടെ ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് കോട്ടക്കുന്നുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. ആ മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? വളർന്നു വരുന്ന തലമുറയിൽ കാർഷിക അഭിരുചി വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. അഗ്രോ ടൂറിസത്തിന് കേരളത്തിൽ വലിയ സാധ്യതകളുണ്ട്. കേരളത്തിൽ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള 36 കേന്ദ്രങ്ങളിൽ സർവ്വകലാശാലയ്ക്ക് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന ഒരു കേന്ദ്രമാണ് എന്റെ മണ്ഡലത്തിലെ ആനക്കയം കാർഷിക റിസർച്ച് കേന്ദ്രം. പ്രസ്തുത റിസർച്ച് കേന്ദ്രത്തിൽ ഒരു അഗ്രോ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിരുന്നു. അത് വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കോട്ടക്കുന്ന് പ്രധാനപ്പെട്ട ഒരു കേന്ദ്രം തന്നെയാണ്. മലപ്പുറം ജില്ലയിലെ കോട്ടക്കുന്നിൽ സാഹസിക ടൂറിസം പാർക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആ പ്രോജക്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അത് ഗവൺമെന്റിന് അംഗീകരിക്കാൻ സാധിക്കുന്നതാണ്. രണ്ടാമത്തെ ചോദ്യത്തിന് പ്രത്യേക ചോദ്യം ആവശ്യമാണ്, എന്നാൽ മാത്രമേ അത് സംബന്ധിച്ച് പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സാഹസികത മുഖമുദ്രയാക്കിയ യുവാക്കൾക്കിടയിൽ വളരെ പ്രചാരം കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു ഇനമാണ് അഡ്വഞ്ചർ ടൂറിസം. യുവാക്കളേയും സാഹസികരേയും പൊതുവെ ആകർഷിക്കുന്ന സാഹസിക ടൂറിസം ഭൂമിയിലും ആകാശത്തും ജലോപരിതലത്തിലുമൊക്കെ നടന്നു വരുന്നു. സാങ്കേതികവിദ്യയുടെ വികസനം ഈ രംഗത്തെ അപകട സാധ്യത വലിയ തോതിൽ കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. അപകടസാധ്യത ഗണ്യമായി കുറയ്ക്കുന്നതിനും അതുവഴി കൂടുതൽ യുവാക്കളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അപകടസാധ്യതയുള്ളതും ഇല്ലാത്തതുമായ അഡ്വഞ്ചർ ടൂറിസമുണ്ട്. ഇതുവരെ വലിയ തോതിൽ അപകടങ്ങളൊന്നുമുണ്ടായിട്ടില്ല എന്നാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. അപകടങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള എല്ലാ പരിരക്ഷയും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വയനാട്ടിൽ വനം, ജലസേചനം, വൈദ്യുതി, ടൂറിസം തുടങ്ങി നിരവധി ടൂറിസം പദ്ധതികൾ വ്യത്യസ്ത വകുപ്പുകളിൻ കീഴിലാണുള്ളത്. ഇതിനെയെല്ലാം ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കാൻ കഴിയുമോ; ടൂറിസം മേഖലയിലുള്ള വരുമാനത്തിന്റെ ഒരു ചെറിയ വിഹിതം ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വയനാട് പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറിക്കഴിഞ്ഞിട്ടുണ്ട്. വയനാടിനുവേണ്ടി പ്രത്യേക പരിപാടികൾ ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ട്. വയനാട് സഞ്ചാരികളുടെ ഒരു പ്രധാന കേന്ദ്രമായി മാറിയ പശ്ചാത്തലത്തിൽ ഇതിന്റെ പ്രയോജനം ആ നാട്ടിലെ പഞ്ചായത്തുകൾക്കും ജനങ്ങൾക്കുമാണ് കിട്ടുന്നത്. വയനാട് സാമ്പത്തികമായി അഭിവൃദ്ധിപ്പെടുന്നുണ്ടെങ്കിൽ അതിന് കാരണം ടൂറിസ്റ്റുകളുടെ വരവുതന്നെയാണ്. ഗവൺമെന്റിന് കിട്ടുന്നതിനേക്കാൾ അധിക വരുമാനം ആ പ്രദേശത്തെ ജനങ്ങൾക്കും പഞ്ചായത്തുകൾക്കുമാണ് ലഭിക്കുന്നത്. അതു തുടരും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തലസ്ഥാന നഗരിയിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായി ശംഖുമുഖം മാറിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാല് കോടി രൂപയുടെ വികസന പദ്ധതികൾ അവിടെ ആവിഷ്കരിച്ചു, രണ്ട് കോടി രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരികയാണ്. ബാക്കി രണ്ട് കോടി രൂപ കൂടി അനുവദിച്ച് ടൂറിസ്റ്റുകളെ അവിടേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അതോടൊപ്പം ശംഖുമുഖത്ത് സുരക്ഷിതമായ രീതിയിൽ വിനോദസഞ്ചാരത്തിനായി അഡ്വഞ്ചർ ടൂറിസം പോലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശംഖുമുഖം ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കേന്ദ്രമാണ്. കെ.റ്റി.ഡി.സി.-യുടെ നേതൃത്വത്തിൽ അവിടെ വിവിധങ്ങളായ പ്രോജക്ടുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന് വേഗത വർദ്ധിപ്പിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. ശംഖുമുഖത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകളും പരിശോധിക്കാവുന്നതാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, അഡ്വഞ്ചർ ടൂറിസം രംഗത്ത് ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന ഒന്നാണ് പാരാ ഗ്ലൈഡിംഗ്. വാഗമൺ അഡ്വഞ്ചർ ടൂറിസം സ്പോട്ടിനകത്ത് അങ്ങ് അത് എടുത്തുപറയുകയും ചെയ്തു. അവിടെ പരിശീലന പറക്കലിന് കുട്ടികൾക്ക് പരിശീലനം കൊടുത്തുകൊണ്ടിരിക്കുന്നത് ഒരു സൊസൈറ്റിയാണ്. അതിൽ നിന്ന് വ്യത്യസ്തമായി, സർക്കാർ തലത്തിൽ ടൂറിസം അഡ്വഞ്ചർ സൊസൈറ്റിവഴി പറക്കലിനാവശ്യമായ പരിശീലനം കൊടുക്കുന്നതിന് അക്കാഡമി തുടങ്ങുന്നത് സംബന്ധിച്ച് ആലോചിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പാരാഗ്ലൈഡിംഗുമായി ബന്ധപ്പെട്ട് വാഗമൺ പ്രദേശത്ത് നടന്ന് വരുന്ന പരിശീലന പരിപാടി കൂടുതൽ സജീവമായി തുടരുന്നതിനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. സൊസൈറ്റിയെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, അതിരപ്പിള്ളി അനുബന്ധ ടൂറിസം മേഖലയിൽ ടൂറിസം വകുപ്പും വനം വകുപ്പും ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തിച്ചാൽ അഡ്വഞ്ചർ ടൂറിസത്തിന് വലിയ സാധ്യതകളുണ്ട്. ലക്ഷക്കണക്കിന് ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന അതിരപ്പിള്ളിയിൽ ടൂറിസ്റ്റുകൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കികൊടുക്കാൻ ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിനുവേണ്ടി യാത്രാനിവാസും അനുവദിച്ചിട്ടുണ്ട്. പക്ഷേ ഇതുവരെയും അതിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇവ രണ്ടിന്റെയും പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ ഡെസ്റ്റിനേഷൻസിൽ അതിരപ്പിള്ളി പ്രധാനപ്പെട്ട ഒരു പ്രദേശമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ടൂറിസം വകുപ്പും വനം വകുപ്പും കൂട്ടായി ആലോചിച്ച് അതിരപ്പിള്ളിയുടെ സമഗ്ര ടൂറിസം വികസനത്തിനാവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ശ്രീമതി ഇ. എസ്. ബിജിമോളുടെ ചോദ്യവുമായി ബന്ധപ്പെട്ടാണ് ചോദിക്കുന്നത്. ടൂറിസം പ്രോജക്ടായ വാഗമണിൽ പാരാഗ്ലൈഡിംഗ് നടത്തുന്നത് suicide point-ലാണ്. അത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ മന്ത്രിയായിരുന്ന കാലത്ത് അന്നത്തെ ഗവൺമെന്റ് ഏറ്റെടുത്ത് നടത്തിയതാണ്. എന്നാൽ അത് ഇപ്പോൾ ചില വ്യക്തികളുടെ കൈകളിലേയ്ക്ക് പോകുന്ന ലക്ഷണമാണ്

കാണുന്നത്. സൊസൈറ്റിയിൽ മാത്രമല്ല വ്യക്തികളിലേയ്ക്കും കേന്ദ്രീകരിച്ചു കൊണ്ടിരിക്കുകയാണ്. അതിന് ഏന്തയാറിൽ രണ്ട് ഏക്കർ സ്ഥലം വാങ്ങാനും അവിടെ പാരാഗ്ലൈഡിംഗ് നടത്തുന്ന അഭ്യാസിക്ക് വന്നിറങ്ങാനുള്ള സാഹചര്യം സൃഷ്ടിക്കാനുമുള്ള തീരുമാനമെടുക്കണം. ബജറ്റിൽ അതിന് പണമുണ്ട്. അതുകൊണ്ട് പാരാഗ്ലൈഡിംഗിന് നേതൃത്വം കൊടുക്കുന്ന ടീമുമായി ബന്ധപ്പെട്ട് അത് നേരിട്ട് നടത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ചർച്ച ചെയ്യുമോ; ആ സ്ഥലം എത്രയും വേഗം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, അഡ്വഞ്ചർ ടൂറിസത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വാട്ടർ സ്പോർട്സ്. തലശ്ശേരിപോലുള്ള സ്ഥലങ്ങളിൽ വാട്ടർ സ്പോർട്സിന് വലിയ സാധ്യതകളുണ്ട്. തലശ്ശേരിയിൽ വാട്ടർ സ്പോർട്സ് എന്റർടെയ് ചെയ്യാൻ എന്തെങ്കിലും പദ്ധതി തുടങ്ങാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തലശ്ശേരിയിൽ മുഖ്യമായിട്ടും പൈതൃക പദ്ധതിയാണ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. അത് ഡി.പി.ആർ.-ന്റെ അവസാന സ്റ്റേജിലാണ്. ആ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ വാട്ടർ സ്പോർട്സും അതിൽ ഉൾപ്പെടുത്താൻ സാധിക്കും.

ശ്രീ. ഹൈബി ഈഡൻ: സർ, എറണാകുളത്ത് ഏറ്റവും കൂടുതൽ പൊട്ടൻഷ്യലുള്ള ഒന്നാണ് വാട്ടർ സ്പോർട്സ്. അതിൽ വളരെ പ്രധാനപ്പെട്ടതാണ് പാരാസെയിലിംഗ്. നേവിയുടെ സംരക്ഷണമുള്ള മേഖലയിൽ വളരെ മനോഹരമായി സൃഷ്ടിക്കാൻ കഴിയുന്ന ഒന്നാണ് പാരാസെയിലിംഗ്. ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന പാരാസെയിലിംഗ് എറണാകുളത്ത് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നിലവിൽ പാരാസെയിലിംഗിന്റെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അതേക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങ് വായിച്ച ലിസ്റ്റിൽ നിന്ന് മൂന്നാർ വിട്ടുപോയതാണോ എന്നറിയില്ല. മൂന്നാറിൽ ടൂറിസവുമായി ബന്ധപ്പെട്ട് ധാരാളം വരുമാനം സർക്കാരിന് കിട്ടുന്നുണ്ട്. വനം വകുപ്പിനാണെങ്കിൽ മറയൂർ ചന്ദന ലേലത്തിൽ നിന്നും ധാരാളം ലാഭം ലഭിക്കുന്നുണ്ട്. അവിടെ കാർഷിക മേഖലയും

തോട്ടം മേഖലയും തകർച്ചയിലാണ്. തൊഴിലവസരങ്ങൾ ടൂറിസം മേഖലയിൽ കൂടുതലാണ്. എന്നാൽ കുറേ കാലമായി ഇവിടത്തെ പ്രവർത്തനങ്ങളിൽ മന്ദഗതിയും മുരടിപ്പും കാണുന്നുണ്ട്. അങ്ങ് അക്കാര്യത്തിൽ വേണ്ടത്ര ഇടപെടൽ നടത്തി ആ പ്രദേശത്ത് കുറേക്കൂടി പദ്ധതികൾ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ പട്ടികയിൽ ഒന്നാം സ്ഥാനത്താണ് മൂന്നാർ നിൽക്കുന്നത്. മൂന്നാറിനാവശ്യമായിട്ടുള്ള സഹായങ്ങൾ ചെയ്യുന്നതിനുപുറമെ മൂന്നാറിനെ കൂടുതൽ ശക്തിപ്പെടുത്തി കൊണ്ടുവരുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, അഡ്വഞ്ചർ ടൂറിസത്തിനുവേണ്ടി തുടങ്ങിയ KATS (Kerala Adventure Tourism Society) കഴിഞ്ഞ നാല് വർഷങ്ങളായി വയനാട്ടിലും എന്റെ മണ്ഡലത്തിലുള്ള കോട്ടൂർ വനമേഖലയിലുള്ള പാങ്കാവിലും International Mountain Terrain Biking Festival നടത്തിയിരുന്നു. 2015 ജനുവരിയിലാണ് അവസാനമായി പാങ്കാവിൽ മത്സരം നടന്നത്. അതിനുശേഷം സ്ഥിരം വേദിയായി പാങ്കാവിനെ നിശ്ചയിക്കുമെന്ന് പറഞ്ഞതാണ്. എന്നാൽ കഴിഞ്ഞ ഒന്നര വർഷമായി International Mountain Terrain Biking Festival നടന്നിട്ടില്ല. ഏകദേശം നൂറോളം ദേശീയ-അന്തർദ്ദേശീയ സൈക്ലിംഗ് ചാമ്പ്യൻസ് പങ്കെടുക്കുന്ന ഒരു പ്രോഗ്രാമാണത്. ആ പ്രോഗ്രാം കോട്ടൂർ വനമേഖലയിൽ തന്നെ കണ്ടിന്യൂ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അത് കോട്ടൂരിൽ സ്ഥിരമായി നടത്താൻ സാധിക്കില്ല. ഇപ്പോൾ വയനാടാണ് സെലക്ട് ചെയ്തിട്ടുള്ളത്. അടുത്ത പ്രാവശ്യം കോട്ടൂരിൽ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. രാജൻ: സർ, പീച്ചി കേരളത്തിലെ പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനായിരുന്നു. കഴിഞ്ഞ കുറേ കാലങ്ങളായി വേണ്ടത്ര പരിഗണിക്കപ്പെടാത്തതിന്റെ പേരിൽ അവിടെ പല തരത്തിലുള്ള തർക്കങ്ങൾ നടക്കുകയാണ്. ടൂറിസത്തിന് വളരെ സാധ്യതയുള്ള ഈ പ്രദേശത്ത് ഇറിഗേഷൻ വകുപ്പും വനം വകുപ്പും ഒരു പ്രത്യേക തട്ടിലാണ് നിൽക്കുന്നത്. ശ്രീ. എ. സി. മൊയ്തീൻ പീച്ചി ടൂറിസ്റ്റ് കേന്ദ്രമായി വളർത്തിക്കൊണ്ടുവരുന്നതിന് ചില ശ്രമങ്ങൾ ആരംഭിക്കുകയും അത് തുടരുകയും ചെയ്യുന്നുണ്ട്. ബജറ്റിൽ ടൂറിസം ഡെസ്റ്റിനേഷനുവേണ്ടി തുക വകയിരുത്തുക കൂടി ചെയ്ത സാഹചര്യത്തിൽ അങ്ങ് ഒരു യോഗം വിളിച്ചുചേർത്ത് വനം- ഇറിഗേഷൻ വകുപ്പുകളെ ഏകോപിപ്പിക്കാനുള്ള ശ്രമം നടത്തിയാൽ വളരെ നന്നായിരുന്നു. അതിന് സർക്കാരിന്റെ പരിഗണന ഉണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വനം വകുപ്പിന്റെയും ഇറിഗേഷൻ വകുപ്പിന്റെയും സഹായത്തോടുകൂടി പീച്ചിയെ ടൂറിസം രംഗത്ത് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പരിശ്രമം നടത്താം.

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങ് വൈദ്യുതി മന്ത്രിയായിരുന്നപ്പോൾ അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കണമെന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. ടൂറിസം മന്ത്രി എന്നുള്ള നിലയിൽ ആ സ്ഥലം അഡ്വഞ്ചർ ടൂറിസം ഉൾപ്പെടെയുള്ള ടൂറിസം സ്പോട്ടാണെന്നും പറയുന്നുണ്ട്. വൈദ്യുതി വകുപ്പ് അത് നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ടൂറിസം മന്ത്രിയെന്നുള്ള നിലയ്ക്ക് വനം വകുപ്പുമായി ചേർന്ന് ആ പദ്ധതിയെ അങ്ങ് എതിർക്കുമോ?

മി. സ്പീക്കർ: ദയവായി അംഗങ്ങൾ ചോദ്യത്തിനുള്ള ഉപചോദ്യം ചോദിക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വളരെ ഗൗരവമുള്ള ഒരു വിഷയം ചർച്ച ചെയ്യുകയായിരുന്നു. അതിൽ തമാശ പറയേണ്ട കാര്യമില്ല. ......(ബഹളം)...... കേരളത്തിന്റെ വികസന സാധ്യതകളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ടൂറിസത്തിന്റെ വികസനം വളരെ പ്രധാനം തന്നെയാണ്. ശ്രീ. ഷാഫി പറമ്പിൽ, അങ്ങ് പ്രതിനിധാനം ചെയ്യുന്ന യുവത്വത്തിന് തൊഴിൽ കൊടുക്കണമെങ്കിലും ടൂറിസം മേഖലയുടെ വളർച്ച അത്യന്താപേക്ഷിതമാണ്. വരുംകാലഘട്ടങ്ങളിൽ ടൂറിസം മേഖലയ്ക്ക് പ്രാധാന്യം കൊടുത്താൽ മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ശക്തിപ്പെടുത്താനും യുവാക്കൾക്ക് തൊഴിലവസരം നൽകാനും സാധിക്കുകയുള്ളൂ. അതിന് അനുയോജ്യമായിട്ടുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പ്രകൃതിദത്തമായ കുന്നുകളും പാറകളുമുള്ള പ്രദേശമാണ് തിരുവനന്തപുരം ജില്ലയിലെ നെയ്യാർഡാം. ദേശീയ തലത്തിൽ മലകയറ്റ പരിശീലനവുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള ക്യാമ്പുകൾ നടത്താറുണ്ട്. മലകയറ്റ പരിശീലനത്തിനുവേണ്ടി നെയ്യാർഡാമിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ കഴിയുമോ; അങ്ങനെയൊരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചാൽ അത് സംസ്ഥാന ഗവൺമെന്റിന് ആദായകരമായിരിക്കും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങനെയൊരു കാര്യത്തെക്കുറിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല.

മി. സ്പീക്കർ: ചോദ്യം നമ്പർ *182 ചോദ്യം നമ്പർ *195-ഉം ആയി ക്ലബ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു.

## പരമ്പരാഗത കയർ തൊഴിലാളികളുടെ പ്രശ്നങ്ങൾ

2 (*182) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ദാസൻ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ രംഗത്തെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ വ്യവസായം നേരിടുന്ന മുഖ്യ പ്രശ്നങ്ങളിൽ ഒന്നായ ചകിരി ക്ഷാമം പരിഹരിക്കാനായി കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചത്തേങ്ങ സംഭരണവുമായി സഹകരിച്ച് കർഷകരിൽ നിന്ന് പൊതിക്കാത്ത തേങ്ങ സംഭരിക്കാനും അത് പൊതിച്ച് തൊണ്ട് ശേഖരിക്കാനും സാധിക്കുമോ എന്ന കാര്യം കയർ വകുപ്പ് പരിശോധിക്കുമോ;

(സി) വൈറ്റ് ഫൈബറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാനും ഗുണനില വാരമുള്ള ഡീഫൈബറിംഗ് മെഷീനുകൾ വ്യാപിപ്പിക്കാനും സാധിക്കുമോ;

(ഡി) കയർ ഫെഡിന്റെയും കയർ കോർപ്പറേഷന്റെയും വിപണന ശേഷി ശക്തിപ്പെടുത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) കയർ വ്യവസായരംഗത്തെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം,

1. പരമ്പരാഗത തൊഴിലാളികളുടെ, കയർ പിരിക്കാരായാലും കയർ നെയ്ത്തുകാരായാലും, ഉല്പന്നങ്ങൾക്ക് മിനിമം കൂലി ഉറപ്പുവരുത്തുന്ന വിലയ്ക്ക് കയർഫെഡും കയർ കോർപ്പറേഷനും വാങ്ങി സംഭരിക്കലാണ്. ഇത്തവണ സംഭരിച്ചതിന്റെ ഇരട്ടിയാണ് അടുത്ത വർഷത്തെ ടാർജറ്റായി നിശ്ചയിച്ചിട്ടുള്ളത്.

2. ഉല്പന്നങ്ങൾ ഈ രീതിയിൽ വാങ്ങുന്നത് ഉറപ്പുവരുത്തുന്നതിനായി സഹകരണ മേഖലയെ പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്, സഹകരണ മേഖലയ്ക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയാണ്.

3. പിരിമേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

4. കയർ ഉല്പന്നങ്ങളിൽ ജിയോ ടെക്സ്റ്റയിൽസിന് പ്രാമുഖ്യം നൽകാനും ജിയോ ടെക്സ്റ്റയിൽസ് വ്യാപകമായി ജലസംരക്ഷണ ക്യാമ്പയിനിൽ ഉപയോഗപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ചകിരിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വ്യാപകമായി ചകിരി മില്ലുകൾ സ്ഥാപിക്കാനും അടുത്തവർഷം 100 മില്ലുകളെങ്കിലും പുതിയതായി സ്ഥാപിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. കയർ മേഖലയ്ക്ക് പുറത്തുള്ള നാളികേരം കൂടുതലുള്ള സ്ഥലങ്ങളിലായിരിക്കും ഈ മില്ലുകൾക്ക് പ്രാമുഖ്യം നൽകുക.

(സി&ഡി) വൈറ്റ് ഫൈബറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ "റഗുലേറ്റഡ് മെക്കനൈസേഷൻ ഓഫ് കയർ ഇൻഡസ്ട്രി" എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതിന് 77 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വളരെ ഉദാരമായ സബ്സിഡി സ്വകാര്യ സംരംഭകർക്കുകൂടി നൽകുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്.

**കയർ വ്യവസായം**

3 (*195) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എസ്. ശർമ്മ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പെക്സ് ബോഡി ഫോർ കയർ (എ.ബി.സി.) രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കാമോ;

(ബി) കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്നതിനായി നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; കേരളത്തിൽ നിർമ്മിക്കുന്ന കയറുൽപ്പന്നങ്ങൾക്ക് ബ്രാന്റിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ;

(സി) കയർ വ്യവസായത്തിനുവേണ്ട ആധുനിക സാങ്കേതികവിദ്യയും വ്യവസായ വികസന തന്ത്രങ്ങളും ആവിഷ്കരിക്കുന്നതിന് രൂപീകരിച്ച നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) അപ്പെക്സ് ബോഡി ഫോർ കയർ (എ.ബി.സി.) രൂപീകരിച്ചിട്ടുണ്ട്. കയർ മേഖലയുടെ സമഗ്ര വികസനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും സർക്കാർ നയങ്ങൾ ഉപദേശിക്കുന്നതിനുമാണ് ഈ ഉപദേശക സമിതി രൂപീകരിച്ചിട്ടുള്ളത്. കയർമേഖലയ്ക്കുവേണ്ടി പൊതു മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, സർക്കാർ നയങ്ങൾക്ക് ഉപദേശം നൽകുക, കമ്പോള വിപണന നിർദ്ദേശങ്ങൾ നൽകുക, കയർമേഖലയ്ക്കുവേണ്ടി വിജ്ഞാനം വളർത്തിയെടുത്ത് ആവശ്യക്കാർക്ക് നൽകാൻ നടപടി സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങളാണ് എ.ബി.സി. കമ്മിറ്റി ചെയ്യുന്നത്.

(ബി) കയർ മാർക്കറ്റിംഗ് കൺസോർഷ്യം ഇപ്പോൾ നിലവിലില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം അവലോകനം ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്:

1. ട്രെയിനിംഗിന് കൂടുതൽ ഊന്നൽ നൽകും.
2. സ്വന്തമായുള്ള ഗവേഷണത്തോടൊപ്പം മറ്റ് ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് collaborative ഗവേഷണത്തിന് ഊന്നൽ നൽകും.
3. ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിനും ജിയോ ടെക്സ്റ്റയിൽസിന്റെ പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനും പ്രത്യേക പ്രാധാന്യം നൽകും.

ശ്രീ. എം. രാജഗോപാലൻ: സർ, കയർ പിരിക്കുന്ന തൊഴിലാളികളുടെ ഹൃദയത്തുടിപ്പുകൾ അറിയുന്ന വകുപ്പുമന്ത്രിയും സർക്കാരും കയർ വ്യവസായ രംഗത്ത് നടത്തുന്ന ഇടപെടലുകൾ ശ്രദ്ധേയവും അഭിനന്ദനാർഹവുമാണ്. ഈ മേഖലയിൽ ജോലി ചെയ്തുതളർന്ന് ഒന്നും സമ്പാദിക്കാൻ കഴിയാത്തവരുടെ

ആശ്വാസം പെൻഷനാണ്. അതുപോലും യഥാസമയം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നൽകിയിരുന്നില്ല. അത് വർദ്ധിപ്പിച്ച് 1,000 രൂപയാക്കി കുടിശ്ശികയില്ലാതെ നൽകിയതിൽ തൊഴിലാളികൾ സംതൃപ്തരാണ്. അതിന് സർക്കാരിനെ അഭിനന്ദിക്കുന്നതോടൊപ്പം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള മറ്റൊരു വിഷയം, കയർ സഹകരണസംഘം ജീവനക്കാരായി റിട്ടയർ ചെയ്ത ആളുകൾക്ക് പെൻഷൻ ലഭിക്കുന്നില്ല എന്നുള്ളതാണ്. അതുപോലെ ഗ്രാറ്റുവിറ്റി കുടിശ്ശികയും നൽകാനുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കൊടുത്തുതീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കയർ വ്യവസായ സഹകരണസംഘങ്ങളൊക്കെ വളരെ ക്ഷീണിച്ച് ഉൽപ്പാദനം നാമമാത്രമായപ്പോൾ സ്വാഭാവികമായും അത് അവിടെയുള്ള ജീവനക്കാരുടെ ശമ്പളത്തെയും ബാധിച്ചു. തൊഴിലാളികൾക്ക് കൂലിപോലും ലഭിക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്. മാനേജീരിയൽ സബ്സിഡി പുനഃസ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മിനിമം വേതനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നതാണ്. ഗ്രാറ്റുവിറ്റി കുടിശ്ശിക സർക്കാർ മുൻകയ്യെടുത്ത് കൊടുത്തുതീർക്കും. ഇപ്പോൾ കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായമാണുള്ളത്. 50,000 രൂപ അടച്ചാൽ മാത്രമേ പെൻഷന് അർഹതയുണ്ടാവുകയുള്ളൂ. ഇത് വളരെ അപ്രായോഗികമായ കാര്യമാണ്. ഈ സാഹചര്യത്തിൽ അവർക്ക് ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിനുള്ള കാര്യങ്ങൾ ചെയ്യും. അങ്ങനെ അവർക്ക് മിനിമം പെൻഷൻ ലഭിക്കും. അതല്ല, മറ്റ് സംവിധാനമാണ് വേണ്ടതെങ്കിൽ ഗവൺമെന്റ് അതേക്കുറിച്ച് ആലോചിക്കും.

ശ്രീ. എം. രാജഗോപാലൻ: സർ, ഈ മേഖല കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കി ഈ വ്യവസായത്തെയും അതിലേർപ്പെടുന്ന ലക്ഷക്കണക്കിന് തൊഴിലാളികളെയും സംരക്ഷിക്കാനും കേരളത്തിന്റെ മണ്ണിൽ കയർ വ്യവസായം അന്യം നിന്നുപോകാതിരിക്കാനുമുള്ള പ്രവർത്തനങ്ങൾക്ക് നാം ഊന്നൽ നൽകേണ്ടതാണ്. അതിന് സഹായകരമായ രീതിയിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് ഒരു പ്രത്യേക വകുപ്പുതന്നെ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് പുതിയ വകുപ്പ്, സ്ത്രീകൾക്കുവേണ്ടി പുതിയ വകുപ്പ് എന്നിവ പറഞ്ഞിരുന്നു. അതിൽ ഒരു കാര്യം നടപ്പാക്കിക്കഴിഞ്ഞു. രണ്ടാമത്തെ കാര്യം സർക്കാർ തലത്തിൽ ആലോചിച്ചു കൊണ്ടിരിക്കുകയാണ്. നിശ്ചയമായും മാനിഫെസ്റ്റോയിൽ പറഞ്ഞത് നടപ്പാക്കും.

ശ്രീ. കെ. ദാസൻ: സർ, കയർമേഖല ഇന്ന് നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളുമെല്ലാം ആഴത്തിൽ പഠിക്കുന്നതിനുവേണ്ടി ആനത്തലവട്ടം ആനന്ദൻ ചെയർമാനായുള്ള കമ്മീഷൻ, ഈ വ്യവസായത്തിന്റെ സമഗ്ര വികസനത്തിന് വേണ്ടി വിവിധങ്ങളായ പരിഹാര സാധ്യതകൾ സർക്കാരിനുമുന്നിൽ വച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം തൊണ്ട് സംഭരണം തന്നെയാണ്. തൊണ്ടുസംഭരണത്തിനാവശ്യമായ സഹകരണസംഘങ്ങൾ രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെയെങ്കിൽ കേരളത്തിലെ സഹകരണ ബാങ്കുകളെയും ജില്ലാ ബാങ്കുകളെയും അതിൽ അംഗങ്ങളാക്കി മാറ്റുമോ; തൊണ്ടു സംഭരിക്കുന്നതിന് ഇടനിലക്കാരെ ഉപയോഗിച്ച് അവർക്ക് ഇൻസെന്റീവ് നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ; ശേഖരിക്കുന്ന തൊണ്ടിന് സൊസൈറ്റികൾക്കാവശ്യമായ ഇൻസെന്റീവുകൂടി അനുവദിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കയർ വ്യവസായത്തിന്റെ ഓരോ ഘട്ടത്തിലും സബ്സിഡി നൽകുന്നത് അർത്ഥമില്ലാത്ത കാര്യമാണ്. ഉൽപ്പാദനച്ചെലവ് കണക്കിലെടുത്ത് എന്തുവില ആയാലും ആ വിലയ്ക്ക് സർക്കാർ വാങ്ങി സംഭരിക്കുകയാണ്. സബ്സിഡി മുഴുവൻ ഈ പോയിന്റിൽ കേന്ദ്രീകരിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. എങ്കിലും തൊണ്ട് സംഭരണ സഹകരണ സംഘങ്ങൾ രൂപീകരിച്ചാൽ നിശ്ചയമായും അവർക്കുള്ള ഇൻസെന്റീവും മറ്റ് കാര്യങ്ങളുമുണ്ടാകും. എന്നാൽ ഡീഫൈബറിംഗ് മില്ലുകൾ തൊണ്ട് ലഭ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ ശ്രദ്ധിക്കുന്നത്. അത് ചകിരിയുണ്ടാക്കാനുള്ള സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ടാവാം അല്ലെങ്കിൽ സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകിക്കൊണ്ടുമാകാം. തൊണ്ട് സംഭരണത്തിനുള്ള സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇൻസെന്റീവ് നൽകുകയും ചെയ്യും. ചകിരിയാക്കി കൊണ്ടുവരുന്നതിലാണ് കൂടുതൽ ശ്രദ്ധ നൽകാൻ ആലോചിക്കുന്നത്. തൊണ്ടുകൊണ്ടുവരുന്നതിനെക്കാൾ ചകിരി കൊണ്ടുവരുമ്പോൾ ട്രാൻസ്പോർട്ടേഷൻ ചാർജിലും കുറവുണ്ടാകും.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ചുരുങ്ങിയ കാലത്തിനുള്ളിൽ കയർമേഖലയിൽ വലിയ നേട്ടങ്ങളുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 25 കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങൾ കയർ ഫെഡ് വഴി സംഭരിച്ചതായും ആഭ്യന്തര ഉൽപ്പാദനവും വിദേശ കയറ്റുമതിയും വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതായും മനസ്സിലാക്കുന്നു. പക്ഷേ ഈ അടുത്ത കാലത്ത് ഒരു കെട്ട് ചകിരിക്ക് 150 മുതൽ 170 രൂപ വരെ വർദ്ധിച്ചതായി കാണുന്നു. സാധാരണ അസംസ്കൃത സാധനങ്ങളുടെ വില കുറയുമ്പോൾ ഉൽപ്പന്നങ്ങളുടെ വില കുറയുന്നതായാണ് കാണുന്നത്. എന്നാൽ ഇവിടെ അസംസ്കൃത സാധനങ്ങളുടെ വില കൂടിയപ്പോൾ ഉൽപ്പന്ന വില കൂട്ടി നൽകുന്നതായി അറിയുന്നില്ല. അങ്ങനെ കൂട്ടി നൽകാൻ കഴിയുമോ; അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആലോചനയിലുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, മുമ്പ് നമ്മുടെ നാട്ടിൽ കയർ വ്യവസായത്തിൽ പൊതുശത്രുവായി കണക്കാക്കിയിരുന്നത് തൊണ്ട് വ്യാപാരികളെയാണ്. തൊണ്ടുകച്ചവടം അവരുടെ നിയന്ത്രണത്തിലായിരുന്നു. എന്നാൽ ഇപ്പോൾ ഇവിടെ തൊണ്ട് ചകിരിയാക്കുന്നില്ല, ചകിരി വാങ്ങുകയാണ് ചെയ്യുന്നത്. ചകിരി കച്ചവടക്കാരും മില്ലുകാരും സംഘടിതമായി വില നിശ്ചയിക്കുകയാണ് ചെയ്യുന്നത്. ഇന്ന് ചകിരി കയർ പിരിക്കാൻ മാത്രമല്ല ഉപയോഗിക്കുന്നത്. ചകിരിയുടെ 70 ശതമാനവും ചൈനയിലേയ്ക്ക് കയറ്റുമതി ചെയ്യുകയാണ്. അവിടെയുള്ളവർക്ക് പഴയ പുൽപ്പായ വേണ്ട, എല്ലാവർക്കും മാട്രസ് തന്നെ വേണം. ചകിരി വ്യാപകമായി ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെയൊരു alternative ഉള്ളതിനാൽ വളരെ എളുപ്പത്തിൽ വില പേശാനും വില ഉയർത്താനും കഴിയും. നമ്മുടെ സംസ്ഥാനത്തുള്ള തൊണ്ടിന്റെ 25-30 ശതമാനമെങ്കിലും ഇവിടെ ചകിരിയാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാം.

ശ്രീ. കെ. ജെ. മാക്സിക്കുവേണ്ടി ശ്രീ. ആർ. രാജേഷ്: സർ, കയർ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ ഏറ്റവും പ്രധാനമായുള്ളത് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത കണ്ടെത്തുക എന്നുള്ളതാണ്. ജിയോ ടെക്സ്റ്റയിൽസ് ജലസംരക്ഷണത്തിനായി വ്യാപിപ്പിക്കുക എന്നൊരുനയം ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ടോ; പഞ്ചായത്ത് അടിസ്ഥാനത്തിൽ ജിയോ ടെക്സ്റ്റയിൽസ് വ്യാപിപ്പിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്? ജലസംരക്ഷണത്തെക്കുറിച്ച് പറയുമ്പോൾ പ്രധാനമായും സൂചിപ്പിക്കാനുള്ളത്,

ഭൂമിയിലേക്ക് വീഴുന്ന വെള്ളം മണ്ണിലേയ്ക്ക് ആഴ്ന്നിറങ്ങാത്ത രീതിയാണ് ഇപ്പോൾ ഓരോ വ്യക്തിയും ഓരോ കുടുംബവും സ്വീകരിച്ച് കൊണ്ടിരിക്കുന്നത്. അതിനുപകരമായി ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിക്കുന്നതിനെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും ഗവൺമെന്റ് പഠിച്ചിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച രണ്ടാമത്തെ കാര്യത്തെക്കുറിച്ച് സർക്കാർ പഠിച്ചിട്ടില്ല. എങ്കിലും ഇത് ടൈൽ പോലെ നിലനിൽക്കില്ല. മണ്ണിന് മുകളിൽ ഇട്ട് നടന്നാൽ ഒരു വർഷം കഴിയുമ്പോൾ ദ്രവിച്ചുപോകുകയും എല്ലാവർഷവും ടൈൽ മാറ്റേണ്ട അവസ്ഥ വരികയും ചെയ്യും. ജിയോ ടെക്സ്റ്റയിൽസ് ദ്രവിച്ചുപോകുമ്പോൾ അതിനുള്ളിൽ നട്ടിരിക്കുന്ന പുല്ല് വളർന്ന് ഒരു ഭിത്തി പോലെ സംരക്ഷണ കവചം തീർക്കും. കുളത്തിന്റെയും തോടിന്റെയും ചരിവിനെ സംരക്ഷിക്കുന്നതിനായി കയറിനെയല്ല ആശ്രയിക്കുന്നത്. ഇവയൊക്കെ സംരക്ഷിക്കുന്നതിന് പുല്ല് വളർത്താൻ സഹായിക്കുകയാണ് ജിയോ ടെക്സ്റ്റയിൽസ് ചെയ്യുന്നത്. നമ്മുടെ മുറ്റത്ത് ടൈൽ പോലെ ഇടുന്നതിന് ഇവ എത്രമാത്രം സഹായകരമാകുമെന്നുള്ളത് സംബന്ധിച്ച് എനിക്കറിയില്ല. പക്ഷേ ഇത് പരീക്ഷിച്ചുനോക്കാം. ലോകത്തിലെ ജിയോ ടെക്സ്റ്റയിൽസിൽ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി വളരെ നിസ്സാരമാണ്. എന്നാൽ ഇത് വ്യാപകമായി യൂറോപ്പിലും മറ്റും ഉപയോഗിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇപ്പോൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജലസംരക്ഷണ യജ്ഞത്തിൽ കേരളത്തിലെ മുഴുവൻ കുളങ്ങളും തോടുകളും നമ്മൾ വൃത്തിയാക്കി സംരക്ഷിക്കാൻ പോകുകയാണ്. അതിന് ഈ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിക്കുകയാണെങ്കിൽ, ഡിമാന്റ് അനുസരിച്ച് 5-6 വർഷത്തേയ്ക്ക് കേരളത്തിലെ മുഴുവൻ തൊഴിലാളികൾക്കും പണികൊടുത്താലും അത് തികയില്ല എന്നതാണ് സർക്കാരിന്റെ വിലയിരുത്തൽ.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അപ്പെക്സ് ബോഡി ഫോർ കയർ (എ.ബി.സി.) രൂപീകരിച്ചുവെന്ന മറുപടി വളരെ സന്തോഷം നൽകുന്ന ഒന്നാണ്. ചൂഷണം ഒഴിവാക്കി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിക്കാൻ പ്രവർത്തന-വിപണന രംഗത്ത് ഒരു കൺസോർഷ്യം ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ടോ; കേരളത്തിലുണ്ടാക്കുന്ന കയറുകളുടെ തരംതിരിവ് നാലോ അഞ്ചോ ആയി ക്ലിപ്തപ്പെടുത്തി, തൊഴിലാളികൾക്ക് പരിശീലനം നൽകി ഇതിനെ പൊതുബ്രാൻഡിൽ മാർക്കറ്റിലെത്തിക്കാൻ ശ്രമിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇക്കാര്യം പരിശോധിക്കാം. കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ രണ്ട് വിപണന ഏജൻസികളെയാണ് സർക്കാർ പ്രധാനമായും ശ്രദ്ധിക്കുന്നത്. കൺസോർഷ്യത്തിന്റെ ഘടന എന്ന് പറയുന്നത്, പ്രസ്തുത സ്ഥാപനങ്ങളെ സ്പെഷ്യലൈസ്ഡ് ആയി വളർത്താം. ഇതിനോടകം തന്നെ കയർ കോർപ്പറേഷൻ യു.പി. മാർക്കറ്റിംഗ് ഫെഡറേഷനുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. അതുപ്രകാരം അവർ ഇവിടെനിന്നും കയർ ഉൽപ്പന്നങ്ങൾ വാങ്ങാൻ 10,000 ഔട്ട്ലെറ്റുകളെയാണ് ഉപയോഗിക്കുന്നത്. പത്ത് തടുക്ക് വച്ച് എല്ലായിടത്തും പോയാൽത്തന്നെ എത്ര വലിയ ഡിമാന്റ് ആയിരിക്കും ഉണ്ടാകുക. ഇതുപോലെ മറ്റ് സംസ്ഥാനങ്ങളുടെ മാർക്കറ്റിംഗ് ഫെഡറേഷനുകളുമായി ചർച്ച നടത്തുന്നതിനും ബന്ധം സ്ഥാപിക്കുന്നതിനും പരിശ്രമം നടക്കുകയാണ്. ഇതിനുവേണ്ടി മേയ്-ജൂൺ മാസങ്ങളിൽ കേരളത്തിൽ നിന്നുള്ള പ്രതിനിധി സംഘം വിവിധ സംസ്ഥാനങ്ങളിൽ പോകുകയും ചെയ്യും.

ശ്രീ. എസ്. ശർമ്മ: സർ, കയർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരവധി ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത്തവണത്തെ ബജറ്റിൽ ഏറെക്കുറേ കാര്യങ്ങൾ അംഗീകരിക്കുകയും നടപ്പാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊണ്ട് സംഭരണത്തോടൊപ്പം കുറഞ്ഞ വിലയ്ക്ക് ചകിരി ലഭ്യമാക്കാൻ കഴിയുന്ന കാര്യത്തെക്കുറിച്ച് ബജറ്റിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്. അങ്ങനെ ചെയ്യുന്നതിൽ, കുറേ മേഖലകളിൽ കയർ സഹകരണ സംഘങ്ങളാണ് പ്രധാന പങ്ക് വഹിക്കുന്നത്. ആ സംഘങ്ങൾ സ്ഥാപിക്കപ്പെട്ട സാഹചര്യത്തിലല്ല ഇപ്പോൾ പ്രവർത്തിക്കുന്നത്. തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്ന പങ്ക് വഹിച്ചെങ്കിലും ആ സംഘങ്ങൾ ഇന്ന് കടബാധ്യതയിലാണ്. അതുകൊണ്ട് പല സംഘങ്ങളും ഇന്ന് ഫങ്ഷൻ ചെയ്യാത്ത സ്ഥിതി നിലനിൽക്കുന്നുണ്ട്. ബജറ്റിൽ സംഘങ്ങളെക്കുറിച്ച് പൊതുവായി പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത സംഘങ്ങളെ കടബാധ്യതയിൽനിന്നും മുക്തമാക്കാനുള്ള നടപടി സ്വീകരിക്കുമോ; നേരത്തെ സൂചിപ്പിച്ചതുപോലെ, തൊണ്ട് സംഭരണത്തിന്റെയും ചകിരി ലഭ്യതയുടെയും അടിസ്ഥാനത്തിൽ സംഘങ്ങളെ പ്രാപ്തമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വളരെ പ്രധാനപ്പെട്ടൊരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട മെമ്പർ മുന്നോട്ടുവച്ചത്. കയർ സംഘങ്ങളെ പുനഃസംഘടിപ്പിക്കേണ്ടതായുണ്ട്. ഇതുമായി ബന്ധപ്പെട്ട് എൻ.സി.ഡി.സി.-ക്ക് ഒരു സ്കീം സർക്കാർ സമർപ്പിക്കുന്നുണ്ട്. 100 കോടി രൂപയുടെ വായ്പയാണ് സർക്കാർ

ഇതിനായി അഭ്യർത്ഥിക്കുന്നത്. ഈ പുനഃസംഘടനയുടെ ഭാഗമായി സർക്കാർ അടിയന്തരമായി ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം ഒന്ന്, സർക്കാരിന്റെ വായ്പ, പലിശ തുടങ്ങിയവ ഷെയർ ആയി മാറ്റാം. രണ്ട്, ധാരാളം പണം പല അക്കൗണ്ടുകളിലായി പണ്ട് തയ്യാറാക്കിയ സ്കീമുകളുടെ പേരിൽ കിടക്കുകയാണ്. അതെല്ലാം സമാഹരിച്ച് വർക്കിംഗ് ക്യാപ്പിറ്റലായി ഉപയോഗിക്കാൻ അനുവാദം നൽകാം. മൂന്ന്, കുറേയധികം സംഘങ്ങൾ എത്രയോ വർഷങ്ങളായി ലിക്വിഡേഷൻ പ്രോസസ്സിലാണ്. അത് ലിക്വിഡേറ്റ് ചെയ്യുന്നതിനുപകരം നിലവിൽ പ്രവർത്തിക്കുന്ന സംഘങ്ങളുമായി സംയോജിപ്പിച്ചാൽ ചില സംഘങ്ങൾക്ക് ആസ്തികളും മറ്റും ലഭിക്കും. അല്ലെങ്കിൽ ബോട്ടിൽ ലാന്റ് പോലെ സർക്കാരിലേയ്ക്ക് പോകും. സഹകരണ സംഘങ്ങളുടെ സ്വത്തുക്കൾ സഹകരണ മേഖലയുടെ വികസനത്തിനായി ഉപയോഗിക്കുന്ന ഒരു സമീപനവും കൂടി സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു. ഇതിനായി വർക്കിംഗ് ക്യാപ്പിൽ ലഭ്യമാക്കും. അതിന് അടുത്ത ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. കൃത്യമായി വർഷാരംഭത്തിൽ നൽകാൻ സാധിക്കും.

ശ്രീ. എ. എം. ആരിഫിനുവേണ്ടി <u>ശ്രീ. ബി. സത്യൻ</u>: സർ, രണ്ട് ക്യാമ്പയിനുകളുടെ ഭാഗമായി ചിറയിൻകീഴ് താലൂക്കിലെ വർക്കല മുതൽ ഏതാണ്ട് അഞ്ചുതെങ്ങുവരെയുള്ള പ്രദേശങ്ങളിൽ സന്ദർശനം നടത്തിയപ്പോൾ അവിടെയുള്ള കയർ തൊഴിലാളികളുടെ ദയനീയമായ ചിത്രം അങ്ങ് കണ്ടിട്ടുള്ളതാണ്. മാത്രമല്ല, കയർ തൊഴിലാളികൾ അങ്ങയെ വന്നുകാണുകയും അതിനുശേഷം ഈ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുകയും ചെയ്തിട്ടുള്ളതാണ്. വിശ്വപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളതും ബ്രിട്ടീഷുകാരുടെ കാലം മുതൽ ആരംഭിക്കപ്പെട്ടിട്ടുള്ളതുമായ അഞ്ചുതെങ്ങ് എന്ന സ്ഥലം കയർ മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രദേശമാണ്. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശിയുടെയും ശ്രീ. വി. ജോയിയുടെയും മണ്ഡലങ്ങളിലെ വക്കം, അഞ്ചുതെങ്ങ്, കടയ്ക്കാവൂർ, വർക്കല തുടങ്ങിയ പ്രദേശങ്ങളിലെ തൊഴിലാളികൾ ഒരു കാലത്ത് കയർ മേഖലയെ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്നവരായിരുന്നു. മറ്റൊരു തൊഴിൽ മേഖലയിലും അവർക്ക് പോകാൻ കഴിയില്ല. ഇതൊക്കെ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. ഇപ്പോൾ അവിടത്തെ തൊഴിലാളികൾ തൊഴിലുറപ്പ് പദ്ധതിക്ക് പോകുകയാണ്. അന്ന് കയർ മേഖലയിൽ പണിയെടുത്തവരെല്ലാം ഇന്ന് തൊഴിലുറപ്പിന്റെ ഭാഗമായി, തൊഴിൽ ചെയ്യാൻ നിർബന്ധിക്കപ്പെട്ട് നിൽക്കുന്ന വളരെ ഗൗരവമായ സാഹചര്യം നിലനിൽക്കുന്നുണ്ട്. ചിറയിൻകീഴ്, വർക്കല തുടങ്ങിയ മേഖലയിൽ താമസിക്കുന്ന ആളുകൾക്കും ഇപ്പോൾ ആലപ്പുഴയിലും മറ്റും

കൊടുക്കുന്ന സജീവമായ ശ്രദ്ധയും താൽപ്പര്യവും അങ്ങ് നൽകണം. ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം വാങ്ങണമെന്ന് മുമ്പ് അങ്ങ് പറഞ്ഞതിനെത്തുടർന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസ്, സ്കൂൾ തുടങ്ങിയ സ്ഥലങ്ങളിൽ കയർ അനുബന്ധമായ ഉൽപ്പന്നം വാങ്ങുന്നുണ്ട്. ഇതെല്ലാം കയർഫെഡിൽനിന്നും കയർ കോർപ്പറേഷനിൽനിന്നുമാണ് വാങ്ങുന്നത്. ആയതിനാൽ പ്രസ്തുത സംഘങ്ങളെ പുനരുദ്ധരിച്ചെടുക്കാനും ചിറയിൻകീഴ് താലൂക്കിനെ ഒരു പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പരാമർശിച്ച പ്രദേശങ്ങൾ കയർ വ്യവസായ മാപ്പിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചുകൊണ്ടിരുന്നതാണ്. ആലപ്പുഴയിലെ പായനെയ്ത്തിന് ഉപയോഗിച്ചിരുന്ന കയർ മുഴുവനും ഈ പറഞ്ഞ സ്ഥലങ്ങളിൽനിന്നാണ് ഉൽപ്പാദിപ്പിച്ചിരുന്നത്. പ്രത്യേക രീതിയിലുള്ള കനം കുറഞ്ഞ, മുറുക്കം കൂടുതലുള്ള കയറുകളാണ് പ്രസ്തുത സ്ഥലങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കുന്നത്. എന്നാൽ ഇന്ന് പായനെയ്ത്ത് ഇല്ലാതായതോടുകൂടി ഈ പ്രദേശങ്ങൾ അധോഗതിയിലായി. വ്യവസായം ഏതാണ്ട് നിലച്ച മട്ടിലുമാണ്. കയറുകൾ വളരെ മേന്മയേറിയതായതുകൊണ്ട് താരതമ്യേന വില കൂടുതലാണ്. ആയതിനാൽ കാർഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ സാധിക്കില്ല. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിലൂടെ മാത്രമേ ഇതിനെ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. മെക്കനൈസേഷനിൽക്കൂടി ഈ പ്രദേശങ്ങൾക്ക് കൂടുതൽ മുൻഗണന നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ മണ്ഡലത്തിൽ ഒരു സ്പെഷ്യൽ പ്രോജക്ട് ആവശ്യപ്പെടുകയുണ്ടായി. അത് പരിശോധിച്ച് എങ്ങനെയാണ് നടപ്പാക്കാൻ സാധിക്കുക എന്നുള്ളതിനെക്കുറിച്ച് ആലോചിക്കും.

ശ്രീ. വി. ജോയി: സർ, കേരളത്തിൽ മൂന്ന് ലക്ഷത്തോളം കയർ തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുത്തിരുന്നു. ഇപ്പോൾ അതിന്റെ എണ്ണം പത്തിലൊന്നായി കുറഞ്ഞുവരികയാണ്. കയർ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നം ചകിരിയുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ നാട്ടിൽ ഇപ്പോൾ ചകിരി ഉണ്ടാക്കുന്നില്ല. കേരളത്തിനാവശ്യമായ ചകിരിയുടെ 70 ശതമാനവും വരുന്നത് തമിഴ്നാട്ടിലെ സേലം, പൊള്ളാച്ചി തുടങ്ങിയ സ്ഥലങ്ങളിൽനിന്നാണ്. പച്ചത്തൊണ്ടിൽനിന്നും ചകിരി ഉണ്ടാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ കേരളത്തിൽ നടപ്പിലാക്കുമോ; ഇത് നടപ്പിലാക്കുമ്പോൾ ചകിരിയിൽനിന്നും വരുന്ന ചകിരിച്ചോറ് പ്രോസസ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രശ്നം വളരെ ഗൗരവതരമാണ്. കയറിന്റെ ചരിത്രമെടുത്താൽ ഉചിതമായ ഇടപെടൽ നടത്താത്തതിന്റെ ഫലമായാണ് ഈ പതനത്തിലെത്തിയതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ നാട്ടിൽ തൊണ്ട് ചീയിച്ച് അതിന്റെ നാര് തല്ലിയെടുക്കുകയാണ് സാധാരണ ചെയ്യുന്നത്. വെള്ളക്കയർ, മഹത്തായ ഗോൾഡൻ ഫൈബർ എന്ന് നാം അഭിമാനിക്കാറുമുണ്ട്. തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ യന്ത്രമുപയോഗിച്ച് പച്ചത്തൊണ്ടിൽ നിന്നാണ് ചകിരി എടുക്കുന്നത്. ആ ചകിരി കഴുകിയാൽ കറ എളുപ്പം പോവുകയും വെള്ളക്കയറിന് സമാനമാവുകയും ചെയ്യും. ഇത് വളരെ ചെലവുകുറഞ്ഞ മാർഗ്ഗമായതിനാൽ നമുക്ക് ക്ഷീണമായി. പിന്നീട് നടന്ന സംഭവമാണ് നമ്മെ തകർത്തുകളഞ്ഞത്. ഉപ്പ് വെള്ളമുള്ളതിനാൽ ഇവിടെ ചകിരിച്ചോറ് വേസ്റ്റാണ്. എന്നാൽ അവരുടേതിന് ഡിമാന്റ് കൂടി ചകിരിയേക്കാൾ വിലയായി. അതോടെ നമ്മുടെ ചകിരി ഉല്പാദനം തുടച്ച് നീക്കപ്പെട്ടു. കേരളത്തിൽ ചകിരി ഉല്പാദനം ഇല്ലാത്ത അവസ്ഥയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഈ കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് തമിഴ്നാടിനോട് കിടപിടിക്കത്തക്ക രീതിയിൽ പച്ചത്തൊണ്ടിൽ നിന്ന് ചകിരി ഉണ്ടാക്കുന്നതിനും അതിന്റെ മേന്മ ഉറപ്പുവരുത്തുന്നതിനുമുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം. ധാരാളം വെള്ളമുള്ളതിനാൽ അവരേക്കാൾ മേന്മയേറിയ ചകിരി നമുക്ക് ഉണ്ടാക്കാൻ കഴിയും.

ശ്രീ. രമേശ് ചെന്നിത്തല: എന്റെ നിയോജകമണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ കയർ തൊഴിലാളികളുള്ളത്. ആലപ്പുഴ ജില്ല കയർ ഉല്പന്നങ്ങളുണ്ടാക്കുന്ന മേഖലയാണ്. ഞങ്ങളുടേത് കയർ പിരിക്കുന്ന മേഖലയാണ്. ഡെപ്യൂട്ടി സ്പീക്കറുടെ മണ്ഡലമായ ചിറയിൻകീഴടക്കം കയർപിരി മേഖലയാണ്. പലപ്പോഴും കയർ ഫെഡാണെങ്കിലും കയർ കോർപ്പറേഷനാണെങ്കിലും ശ്രദ്ധിക്കുന്നത് കയർ ഉല്പന്ന മേഖലയെയാണ്. കയർപിരി മേഖലയിൽ ആയിരക്കണക്കിന് തൊഴിലാളികളുണ്ട്. കയർ പ്രോജക്ട് ഓഫീസുകൾ നമ്മൾ വിഭാവന ചെയ്തിരിക്കുന്നത് അവർക്കാവശ്യമായ പരിരക്ഷയും പ്രോജക്ടുകളും കൊടുക്കാനാണ്. എന്നാൽ ഒരു പ്രോജക്ടും തയ്യാറാക്കുന്നില്ല. കയർ പ്രോജക്ട് ഓഫീസുകളുടെ നവീകരണം അടിയന്തരമായി ഉണ്ടാകണം. മാത്രമല്ല കയർഫെഡ് കയർ ശേഖരിച്ച്, സൊസൈറ്റികൾക്ക് സമയബന്ധിതമായി ആവശ്യാനുസരണം പണം കൊടുക്കുന്നില്ല. ഇതുകാരണം ഒട്ടുമുക്കാൽ സൊസൈറ്റികളും ലിക്വിഡേഷന്റെ വക്കിലാണ്. ഇവയെ പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നമ്മൾ അവഗണിച്ചിരുന്ന പ്രശ്നങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുകയാണ്. കേരളത്തിലെ മറ്റ് പല വ്യവസായങ്ങളിൽ നിന്നും വ്യത്യസ്തമായി കയർ പ്രോജക്റ്റ് ഓഫീസുകൾ ഓരോ മേഖലയിലുമുണ്ട്, അതിലെല്ലാം ഉദ്യോഗസ്ഥരുമുണ്ട്. ഇവയെല്ലാം സ്ഥാപിച്ചത് തൊണ്ട് സംഭരണം ഉണ്ടായിരുന്ന കാലത്താണ്. അന്ന് ധാരാളം പണിയുണ്ടായിരുന്നു. എന്നാൽ പത്തിരുപത് വർഷമായി തൊണ്ട് സംഭരണം നടക്കുന്നില്ല. അതിനാൽ പുതുതായി ഇവരുടെ തൊഴിൽ എന്തെന്ന് കൃത്യമായി നിർവ്വചിച്ചുകൊടുത്തിട്ടില്ല. അങ്ങനെ ഇരുന്നിരുന്ന് തുരുമ്പിച്ച പോയിട്ടുണ്ട്. എങ്ങനെയാണ് പുതിയ തൊഴിൽ വിഭജനം നടത്തുക, ഡ്യൂട്ടീസ് എന്തൊക്കെയായിരിക്കണം എന്നീ കാര്യങ്ങൾ സംബന്ധിച്ചുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ഏതായാലും ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത് ജിയോ ടെക്സ്റ്റയിൽസ് തൊഴിലുറപ്പിന്റെ ഭാഗമായി വ്യാപകമായി ഉപയോഗിക്കുന്നതിന് പശ്ചാത്തലം ഒരുക്കിക്കൊടുക്കുക എന്നതാണ്. ഇതൊക്കെ ചുമതലയായിവരും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ സംഭരണ വില കൊടുക്കുന്ന കാര്യത്തിൽ, കയർഫെഡിന്റെ സ്റ്റാൻഡിംഗ് ഓർഡറിൽ ഒന്നാമതായി പറഞ്ഞിട്ടുള്ളത് ഏത് സംഘം എത്ര കയർ പിരിച്ചാലും അത് വാങ്ങുമെന്നാണ്. അത് വിൽക്കുന്ന തലവേദന സംഘത്തിനല്ല, കയർഫെഡിനാണ്. രണ്ടാമതായി ഈ ബജറ്റിൽ പ്രൈസ് ഫിക്സേഷനുവേണ്ടി 77 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. സംഭരിച്ചുകഴിഞ്ഞാൽ അപ്പോൾ തന്നെ പണം നൽകും.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കേരളത്തിൽ പ്രതിവർഷം 600 കോടി നാളീകേരം ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിൽ നല്ലൊരു പങ്കും വീട്ടാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഇപ്പോൾ നാം നാളീകേരത്തിന്റെ തൊണ്ട് മാലിന്യക്കൂമ്പാരത്തിലേക്ക് വലിച്ചെറിയുകയാണ് ചെയ്യുന്നത്. ഇത് കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ശേഖരിക്കാനും അത് ചകിരിയാക്കാനുമുള്ള സംവിധാനം സ്വീകരിക്കാൻ സാധ്യതയുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, തമിഴ്നാട്ടിൽനിന്ന് വ്യത്യസ്തമായി നമ്മുടെ നാട്ടിൽ നാളികേര കൃഷിയിടങ്ങൾ വളരെ ചെറുതാണ്. തോട്ടങ്ങൾ എന്ന രീതി ഇല്ല. ഇവിടെ പലസ്ഥലത്തും തേങ്ങയിടുന്നില്ല. വീഴുമ്പോൾ പെറുക്കിയെടുക്കുകയാണ് ചെയ്യുന്നത്. നമ്മൾ 40 ശതമാനം തേങ്ങയും കറിക്ക് അരയ്ക്കാനാണ് ഉപയോഗിക്കുന്നത്. തൊണ്ട് വീടിന്റെ മുറ്റത്തിടും. ഇതെല്ലാം

പെറുക്കി പച്ചത്തൊണ്ടിൽനിന്ന് ചകിരി ഉണ്ടാക്കാൻ ബുദ്ധിമുട്ടുണ്ട്. അപ്പോൾ ഉണക്കത്തൊണ്ടിൽനിന്നും ചകിരി ഉണ്ടാക്കണം. യന്ത്രത്തിൽ പിരിക്കുന്നത് കൊണ്ട് ജിയോ ടെക്സ്റ്റയിൽസിന് ഉണക്കത്തൊണ്ടിന്റെ ചകിരിയായാലും മതി. അതുകൊണ്ടാണ് ഇന്ത്യയിൽ നിന്ന് കയറ്റുമതി നടക്കാത്തത്. ഇൻഡോനേഷ്യ, ഫിലിപ്പൈൻസ് തുടങ്ങിയ രാജ്യങ്ങൾ യന്ത്രമുപയോഗിച്ച് ഉണക്കത്തൊണ്ടിൽനിന്ന് ചകിരി പിരിച്ച് യൂറോപ്യൻ വിപണിയാകെ കീഴ്പ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് കേരളത്തിൽ പച്ചത്തൊണ്ട് ചകിരിയോടൊപ്പംതന്നെ ഉണക്കത്തൊണ്ട് ചകിരിയും സംഘങ്ങൾ ഉണ്ടാക്കേണ്ടിവരും. അതിനാവശ്യമായ യന്ത്ര സംവിധാനങ്ങൾ നൽകേണ്ടിവരും, പഴയ മെഷീന് പ്രശ്നങ്ങളുണ്ടായിരുന്നതിനാൽ നാലോ അഞ്ചോ ലക്ഷം രൂപ വില വരുന്ന പുതിയ മെഷീൻ തയ്യാറായിട്ടുണ്ട്. പുതിയത് ഉപയോഗിച്ചുനോക്കിയപ്പോൾ തൃപ്തികരമാണ്. കേരളത്തിൽ എവിടെയുള്ള കുടുംബശ്രീക്ക് വേണമെങ്കിലും 90 ശതമാനം സബ്സിഡിക്ക് നൽകാം. അവരവരുടെ പഞ്ചായത്തിലെ തൊണ്ട് ശേഖരിച്ച് ചകിരിയാക്കിയാൽ അത് കയർഫെഡ് വാങ്ങുമെന്ന് ഗ്യാരണ്ടിതരുന്നു. അത്തരത്തിൽ കുടുംബശ്രീയുമായി ഒരു പാർട്ണർഷിപ്പിന് ശ്രമിക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കയർ വ്യവസായത്തിന് പ്രോത്സാഹനമാകുന്ന വിധത്തിൽ ജിയോ ടെക്സ്റ്റൈൽസ് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാൻ കഴിയുമോ എന്ന കാര്യം ചിന്തിക്കണം. ഇത് വളരെയേറേ പ്രയോജനപ്രദമാകും. 2008-09 കാലഘട്ടത്തിൽ ഈ ആവശ്യം മുൻനിർത്തി ബഹുമാനപ്പെട്ട ജി. സുധാകരനടക്കം അന്ന് നിയമസഭയിൽ നിർദ്ദേശം മുന്നോട്ടുവച്ചു. ഇപ്പോൾ അദ്ദേഹം പി.ഡബ്ല്യൂ.ഡി. മന്ത്രിയാണ്. അന്ന് പി.ഡബ്ല്യൂ.ഡി. മാനുവലിൽ ജിയോ ടെക്സ്റ്റയിൽസ് കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. നമ്മുടെ സംസ്ഥാനത്തെ ചതുപ്പ് നിലങ്ങളും റോഡ് താഴേയ്ക്കിരുന്നുപോകാൻ സാധ്യതയുള്ള സ്ഥലങ്ങളും താങ്ങിനിർത്തുന്നതിനുള്ള ഒരു പ്രധാനപ്പെട്ട വസ്തുവാണ് കയർ ഭൂവസ്ത്രം. ഇത് തെളിയിക്കപ്പെട്ട കാര്യമാണ്. കയർ വ്യവസായത്തെ രക്ഷിക്കാവുന്ന തരത്തിൽ നമുക്ക് ആവശ്യമുള്ള സ്ഥലങ്ങളിൽ ഇതുപയോഗിച്ച് റോഡ് നിർമ്മാണം ഫലവത്താക്കിയാൽ അതിലുള്ള അഴിമതിയും കുറയ്ക്കാൻ കഴിയും. ഇതിനായി കയർ വകുപ്പിനെയും പി.ഡബ്ല്യൂ.ഡി.-യെയും ഏകോപിപ്പിച്ചുകൊണ്ട് കയർഭൂവസ്ത്രം റോഡ് നിർമ്മാണ രംഗത്ത് വ്യാപകമാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിനകം തന്നെ പരീക്ഷണാടിസ്ഥാനത്തിൽ നാലഞ്ച് റോഡുകളിൽ ദേശീയപാതയിലടക്കം ഇതുപയോഗിച്ചിട്ടുണ്ട്. പ്രഥമദൃഷ്ട്യാ നടത്തിയ ടെസ്റ്റുകൾവച്ച് ഇത് വളരെ ഫലപ്രദമാണ്. രണ്ടുപയോഗങ്ങൾ ഇതിനുണ്ട്. ഒന്ന്, കയർ വിതാനിച്ച് കഴിഞ്ഞാൽ വലിയൊരു വെഹിക്കിൾ പോവുകയാണെങ്കിൽ അതിന്റെ വെയിറ്റ് വീലിന്റെ ഭാഗത്ത് താഴേയ്ക്കിരിക്കുകയല്ല, മറിച്ച് ഈവനായി സ്പ്രെഡ് ചെയ്യും. അപ്പോൾ റോഡ് അൺഈവനായി വേവ് പോലെയാകുന്ന അവസ്ഥ ഉണ്ടാകില്ല. രണ്ട്, ഇതുപയോഗിച്ചുകഴിഞ്ഞാൽ ടാറിംഗ് വളരെ കുറച്ചു മതിയാകും എന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. അതിനാൽ മെറ്റീരിയൽ കോസ്റ്റും കുറയും. പി.ഡബ്ല്യു.ഡി. മാന്വലിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മന്ത്രി, റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക് പോലെതന്നെ ഫലപ്രദമായി കയറും ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെ ജിയോ ടെക്സ്റ്റൈൽസിന്റെ വ്യാപനം റോഡ് നിർമ്മാണത്തിനും ജലസംരക്ഷണത്തിനും വരുന്നതോടുകൂടി നമ്മുടെ നാട്ടിലെ കയറിന്റെ ഡിമാന്റിന്റെ പ്രശ്നം തീരും. എത്ര കയറുല്പാദിപ്പിക്കാൻ സാധിക്കുമോ അത്രയും ഇവിടെത്തന്നെ ആവശ്യമായിവരും.

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ, എന്റെ മണ്ഡലമായ ബേപ്പൂരിലെ കയർ ഫാക്ടറി മന്ത്രി സന്ദർശിച്ചതാണ്. അത് നവീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉടനെ സ്വീകരിക്കും എന്ന് പറഞ്ഞിരുന്നു. അതുമാത്രമല്ല അവിടെ വർഷങ്ങളോളം ജോലിചെയ്ത തൊഴിലാളികളുണ്ട്. അവരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. അവരെ ഉടനെ സ്ഥിരപ്പെടുത്തണം. നവീകരണ പ്രവർത്തനം എത്രത്തോളമായി?

ഡോ. ടി. എം. തോമസ് ഐസക്: സർ, അവിടെയുള്ള നവീകരിച്ച ഫാക്ടറി ഉദ്ഘാടനം ചെയ്യാൻ മന്ത്രി തന്നെ വേണമെന്ന അവരുടെ വാശി മൂലമാണ് അത് നീണ്ടുപോകുന്നത്. അടിയന്തരമായി ഉദ്ഘാടനം നടത്തണം. രണ്ടാമത് പറഞ്ഞകാര്യം നമുക്കൊരുമിച്ചിരുന്ന് ചർച്ച ചെയ്യാം. തൊണ്ടുതല്ല് വ്യവസായത്തിൽ സ്ഥിരം തൊഴിലാളികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. അതിനാൽ ഇക്കാര്യത്തിൽ ഞാനിപ്പോൾ പ്രതികരിക്കുന്നില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, കയർ വ്യവസായ രംഗത്ത് മാറ്റങ്ങൾ വരുത്താനുള്ള ചില നിർദ്ദേശങ്ങൾ ബഹുമാന്യനായ മന്ത്രി മുന്നോട്ട് വയ്ക്കുകയുണ്ടായി. കയർ വ്യവസായവുമായി ബന്ധപ്പെട്ടാണ് നാഷണൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന അവസരത്തിലാണ് നാഷണൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ മിനി ഡീഫൈബറിംഗ് മെഷീനുകൾ

ഡെവലപ് ചെയ്ത് സൊസൈറ്റികൾക്ക് സൗജന്യമായി നൽകിയത്. പക്ഷേ അതിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകാൻ കഴിഞ്ഞില്ല. അതിനുശേഷം വീണ്ടും അവരുടെ റിസർച്ച് വിംഗ് കുറ്റമറ്റതാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയും പുതിയ മെഷീനുകൾ കണ്ടെത്തുകയും ചെയ്തു. അവിടെയുണ്ടാക്കിയ സ്പിന്നിംഗ് മെഷീനുകൾ സൊസൈറ്റികൾക്ക് കൊടുക്കുമെന്ന് അങ്ങ് പറയുന്നത് നല്ലകാര്യമാണ്. ആലപ്പുഴയിലുള്ള കയർ മെഷീൻ ഫാക്ടറിയിൽ കൂടുതൽ സ്പിന്നിംഗ് മെഷീനുകൾ നിർമ്മിച്ച് ഓരോ സൊസൈറ്റികൾക്കും കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, നാഷണൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഈ രീതിയിൽ മെഷീനുകൾ ഫാബ്രിക്കേറ്റ് ചെയ്യുന്നതിൽ വിജയിച്ചിട്ടുണ്ട്. എന്നാൽ ആദ്യത്തെ മെഷീനുകൾ ഇഫക്ടീവല്ലാത്തതിനാൽ ചകിരി പൊടിഞ്ഞുപോകുമായിരുന്നു. അതുകൊണ്ട് അവ ഉപയോഗിക്കാതെവന്നു. പുതിയതായി നിർമ്മിച്ച രണ്ടാംതലമുറ മിനി ഡീഫൈബറിംഗ് മെഷീനുകളും സ്പിന്നിംഗ് മെഷീനുകളും വളരെ ഫലപ്രദമാണ്. മെഷീനുകൾ ഉപയോഗിച്ച സഹകരണ സംഘം പ്രതിനിധികളടക്കം പങ്കെടുക്കുന്ന ഒരു വർക്ക്ഷോപ്പ് മേയ് മാസത്തിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. അവരുടെ അനുഭവങ്ങളും കൂടി പരിശോധിച്ച് മെഷീൻ ഫാക്ടറിയിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ മാറ്റം വരുത്തി ചെയിൻ പ്രൊഡക്ഷൻ സിസ്റ്റത്തിലേയ്ക്ക് കൊണ്ടുവരും. ഈ മെഷീന് അത്രയേറെ ഡിമാന്റ് കേരളത്തിലുണ്ട്. അതുകൊണ്ട് മെഷീൻ മോഡേണൈസ് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. മെഷീൻ ഫാക്ടറിയുടെ പൂർണ്ണ കപ്പാസിറ്റി ഈ വർഷം വിനിയോഗിക്കപ്പെടും.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, എന്റെ മണ്ഡലമായ ചവറയിൽ, കയർഫെഡിന്റെ നേതൃത്വത്തിൽ ഏതാണ്ട് ഒരു വർഷമായി ഒരു സ്ഥാപനത്തിന് കെട്ടിടം തയ്യാറായി കിടക്കുന്നുണ്ടെങ്കിലും പ്രവർത്തനമാരംഭിച്ചിട്ടില്ല. കയർ മാറ്റ് ആന്റ് മാറ്റിംഗ്സിന്റേതാണെന്നാണ് തോന്നുന്നത്. ജില്ലാ പഞ്ചായത്തിന്റെ ഭൂമി കയർഫെഡ് വാടകയ്ക്കോ പാട്ടത്തിനോ എടുത്താണ് ആരംഭിച്ചിരിക്കുന്നത്. ഇന്നുവരെ ആ സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. ആ സ്ഥാപനം എന്തുകൊണ്ടാണ് പ്രവർത്തിപ്പിക്കാൻ കഴിയാത്തതെന്നും എന്നത്തേയ്ക്ക് പ്രവർത്തിപ്പിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അതിനെക്കുറിച്ച് എനിക്കറിയില്ല. ഞാനുംകൂടി വന്ന് നമുക്ക് ഒരുമിച്ച് പരിശോധിക്കാം. ഏതായാലും സ്ഥാപനമുണ്ടാക്കിയിട്ട് വെറുതെ കിടക്കാൻ പാടില്ല. അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## സംസ്ഥാനത്തെ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ

4 (*183) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ.പി. വി. അൻവർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാർ പൊതുമേഖലയോട് കാണിക്കുന്ന അവഗണന ഈ സ്ഥാപനങ്ങളെ നഷ്ടത്തിലാക്കുന്നതിനേയും തുടർന്ന് ഈ സ്ഥാപനങ്ങളെ സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ നീക്കം നടത്തുന്നതിനെയും കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയെ പൊതുമേഖലയിൽ തന്നെ നിലനിർത്താനായി ഇടപെടൽ നടത്തുമോ;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്ന കൊച്ചിൻ ഷിപ്പ്‌യാർഡ്, എച്ച്.ഒ.സി.എൽ., എച്ച്.എൻ.എൽ. തുടങ്ങിയ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ച് സ്വകാര്യ മേഖലയെ ഏൽപ്പിക്കാനുള്ള നീക്കവും ബി.എസ്.എൻ.എൽ.-ന്റെ ലാഭക്ഷമത ഇല്ലാതാക്കി തകർക്കാനുള്ള നീക്കവും അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇടപെടേണ്ട വിഷയങ്ങളിൽ സത്വര ഇടപെടലുകൾ നടത്താറുണ്ട്.

(ബി & സി) കേന്ദ്രസർക്കാർ, വിഭവ സമാഹരണത്തിന്റെ ഭാഗമായി, ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നതും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സ്വകാര്യ വത്കരിക്കുന്നതുമായിട്ടുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമാണ്

സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അതാത് സന്ദർഭങ്ങളിൽ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേന്ദ്രസർക്കാർ കൊച്ചി കപ്പൽശാലയോട് യാതൊരു അവഗണനയും കാണിക്കുന്നില്ല എന്നും കപ്പൽശാലയുടെ ഉന്നമനത്തിനും വികസനത്തിനും വേണ്ട എല്ലാ പ്രോത്സാഹനവും നൽകിവരുന്നുണ്ട് എന്നും കമ്പനി അറിയിച്ചിട്ടുണ്ട്. കൂടാതെ നിർദ്ദിഷ്ട ഐ.പി.ഒ. ഓഹരി വില്പന, കപ്പൽ ശാലയെ സ്വകാര്യവത്ക്കരിക്കുന്നതിനല്ല മറിച്ച് കപ്പൽശാലയുടെ സുസ്ഥിര വികസനത്തിനും തൊഴിലവസരം സൃഷ്ടിക്കുന്നതിനും ഉതകുന്ന വികസനപദ്ധതികൾ പൂർത്തീകരിക്കുന്നതിനും വേണ്ടിയാണ് എന്നും കമ്പനി അറിയിച്ചിട്ടുണ്ട്. ഐ.പി.ഒ. ഓഹരി വില്പനക്ക് ശേഷവും കപ്പൽ ശാലയുടെ 75 ശതമാനം ഉടമസ്ഥതയും കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കും. കപ്പൽശാലയുടെ പ്രവർത്തനം നിലവിൽ തൃപ്തികരമാണെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

കൊച്ചി കപ്പൽ നിർമ്മാണ ശാലയുടെ 25 ശതമാനം ഓഹരി വിറ്റഴിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം പുന:പരിശോധിക്കണമെന്ന പ്രമേയം ഈ സഭ ഐകകണ്ഠ്യേന അംഗീകരിച്ചിട്ടുണ്ട് (27-10-2016).

ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റെ മഹാരാഷ്ട്രയിലുള്ള രസായനി യൂണിറ്റ് കഴിഞ്ഞ 17 വർഷമായി ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 1987-ൽ ഉദ്ദേശം 100 കോടി രൂപയുടെ മുതൽ മുടക്കോടെ കൊച്ചി അമ്പലമുകളിൽ പ്രവർത്തനം ആരംഭിച്ച യൂണിറ്റിന് 2012-13 കാലഘട്ടം മുതൽ ആന്റി ഡംപിംഗ് ഡ്യൂട്ടിയുടെ പരിരക്ഷ ലഭിക്കാത്തതും പ്രവർത്തനശേഷി പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാത്തതുംമൂലം കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന രസായനി യൂണിറ്റ് അടച്ചുപൂട്ടുവാൻ 2016-ലെ നീതി ആയോഗ് മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. എന്നാൽ കൊച്ചി യൂണിറ്റ് അടച്ചുപൂട്ടുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽനിന്നും ഔദ്യോഗികമായ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇത് തുടർന്ന് പ്രവർത്തിപ്പിക്കുന്നതിനായി HOCL -ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുമായി 3-1-2017-ൽ സർക്കാർ ചർച്ച നടത്തി.

HOCL ലോക്ക് ഔട്ട് ചെയ്യുന്നതിൽനിന്നും പിന്മാറണമെന്നും 840 കോടി രൂപയുടെ പുനരുദ്ധാരണ പാക്കേജ് അംഗീകരിക്കണമെന്നും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽനിന്നും അസംസ്കൃത വസ്തുക്കൾ HOCL-ന് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം ഈ സഭ 27-10-2016 തീയതി ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുണ്ട്.

HNL-ന്റെ ഓഹരികൾ വിറ്റഴിക്കുന്നതിന് കേന്ദ്ര ധനമന്ത്രാലയത്തിന് കീഴിലുള്ള 'Department of Invest and Public Asset Management' തീരുമാനിച്ചിട്ടുള്ളതായും ഇതനുസരിച്ച് തുടർനടപടികൾ നടന്നുവരികയാണെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. HNL-നെ അതിന്റെ മാതൃസ്ഥാപനത്തിൽനിന്നും വേർപെടുത്തി കേന്ദ്ര സർക്കാരിന്റെ ഖനവ്യവസായ വകുപ്പിന് കീഴിലുള്ള ഒരു സ്വതന്ത്ര സ്ഥാപനമാക്കി നിലനിർത്തണമെന്നും കമ്പനിയുടെ കടബാധ്യതകൾ തീർക്കാൻ 100 കോടി രൂപ റവന്യൂ ഗ്രാന്റായോ ലോണായോ അനുവദിക്കണമെന്നും കമ്പനിയുടെ സ്വകാര്യവത്കരണ/ഓഹരി വിറ്റഴിക്കൽ നീക്കത്തിൽനിന്നും പിന്മാറി ഈ കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ. ഓഹരി വിറ്റഴിക്കാൻ നീക്കമുള്ളതായി സർക്കാരിന് അറിവില്ല.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, 5 ലക്ഷം കോടി രൂപ ആസ്തിയുള്ള സ്ഥാപനങ്ങളാണ് 35,000 കോടി രൂപയ്ക്ക് വിറ്റുതുലയ്ക്കുന്നത്. ദേശീയതയെക്കുറിച്ച് സംസാരിക്കുകയും രാജ്യത്തിന്റെ പൊതുഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ സ്വകാര്യ കോർപ്പറേറ്റുകൾക്ക് വിറ്റുതുലയ്ക്കുകയുമാണ് കേന്ദ്ര ഭരണാധികാരികൾ ചെയ്യുന്നത്. സത്യത്തിൽ ഇതാണ് ദേശദ്രോഹം. വലിയ പോരാട്ടങ്ങളിലൂടെ കേരളം നേടിയെടുത്ത അഭിമാന സ്ഥാപനങ്ങളുൾപ്പെടെ സ്വകാര്യവൽകരിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. HNL, HOCL, FACT, കൊച്ചിൻ തുറമുഖം, കൊച്ചി കപ്പൽശാല തുടങ്ങിയ നിരവധി സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കാനുള്ള നീക്കങ്ങൾ നടക്കുകയാണ്. ഇതിനെതിരെ സംസ്ഥാന നിയമസഭ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ കേരളത്തിലെ ജനങ്ങളുടെ വികാരം ബോധ്യപ്പെടുത്തുന്നതിന് ഒരു സർവ്വകക്ഷി സംഘത്തെ അയയ്ക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച അഭിപ്രായം ശരിയാണ്. കേന്ദ്ര ഗവൺമെന്റ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

വിറ്റഴിക്കാൻ വേണ്ടി അതിവേഗത്തിലും തീവ്രവുമായ ശ്രമങ്ങളാണ് നടത്തുന്നത്. അതിന്റെ പ്രത്യാഘാതം കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലും ഉണ്ടെന്ന് ഞാൻ മറുപടിയിൽ സൂചിപ്പിച്ചതാണ്. ലാഭകരമായി പ്രവർത്തിക്കുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ കയ്യൊഴിയാൻ തീരുമാനിച്ചിരിക്കുകയാണ്. ബി.ഇ.എം.എൽ.-ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓഹരി വിറ്റഴിക്കാനുള്ള തീരുമാനമടക്കം കഴിഞ്ഞ ദിവസം സഭയിൽ ചർച്ച ചെയ്തു. ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സർക്കാർ ഇടപെടൽ നടത്തും. മുഖ്യമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ അടിയന്തരനടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേന്ദ്രം കേരളത്തെ അവഗണിക്കുന്നുവെന്ന് പറയുന്നത് കേവലമായ രാഷ്ട്രീയ മുദ്രാവാക്യമല്ല. 2011-12 മുതൽ 2014-15 വരെയുള്ള കാലഘട്ടങ്ങളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ വൻതോതിൽ കുറവ് വന്നു കൊണ്ടിരിക്കുകയാണ്. 2011-12-ൽ 2.6 ആയിരുന്നത് 2014-15-ൽ 1.98 ആയി ചുരുങ്ങി. ഇത് കേന്ദ്രത്തിന്റെ അവഗണനയാണ് സൂചിപ്പിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ കഴിയുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സ്വകാര്യവൽക്കരിക്കലിന്റെയും വിറ്റഴിക്കലിന്റെയും നയം ഗുരുതരമായ പ്രത്യാഘാതം രാജ്യത്ത് ഉണ്ടാക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാൻവേണ്ടി പരിശ്രമം നടത്തുമ്പോൾ അതിനെതിരായ നിലപാടാണ് ഈ നയത്തിന്റെ ഭാഗമായി രാജ്യത്ത് രൂപപ്പെട്ടുവരുന്നത്. തൽഫലമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ വൻതോതിലുള്ള കുറവ് അനുഭവപ്പെടുകയാണ്. അവയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും വേണ്ടി ഒരു മുതൽമുടക്കും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് പോലുള്ള സ്ഥാപനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് ആവശ്യമായ സഹായം നൽകുന്നതാണ്. അവർക്ക് റാമെറ്റീരിയൽ ഉൾപ്പെടെ വളരെ വില കുറച്ചാണ് നൽകുന്നത്. എന്നിട്ടും ആ സ്ഥാപനം ഉൾപ്പെടെ കയ്യൊഴിയാനുള്ള തീരുമാനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വളരെ ഗുരുതരമായ പ്രത്യാഘാതങ്ങളാണ് ഇതിന്റെ ഭാഗമായി ഉണ്ടാകുന്നത്. വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് കേരളത്തിലെ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകൾ യോജിച്ച് പ്രക്ഷോഭം ആരംഭിക്കാൻ ആലോചിക്കുന്നുണ്ട്. സംസ്ഥാന സർക്കാരും ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്തും.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കോഴിക്കോടുള്ള സ്റ്റീൽ കോംപ്ലക്സ് സംസ്ഥാനത്തിന്റെ പൊതുമേഖലാ സ്ഥാപനമാണ്. അതിന്റെ വികസനം ലക്ഷ്യമിട്ടാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്ന് ഒരു സംയുക്ത സംരംഭത്തിന് തുടക്കം കുറിച്ചത്. നല്ല നിലയിൽ അത് മുന്നോട്ട് പോയെങ്കിലും ഇപ്പോൾ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ഇതിന്റെ വികസനത്തിനുവേണ്ടി പ്രത്യേക ഇടപെടൽ ഒന്നും നടത്തുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ ഭാഗമായിട്ടാണോ ഇതെന്നറിയില്ല. കേന്ദ്രഗവൺമെന്റിനെക്കൊണ്ട് എന്തെങ്കിലും ചെയ്യിക്കാൻ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും ഒരു ശ്രമവും നടത്തിയില്ല. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയെക്കൊണ്ട് സ്റ്റീൽ കോംപ്ലക്സിന്റെ ഡെവലപ്മെന്റിനുവേണ്ടി വാഗ്ദാനം ചെയ്ത ഇടപെടൽ നടത്തിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. SAIL-ഉം സ്റ്റീൽ കോംപ്ലക്സും തമ്മിലുള്ള ജോയിന്റ് വെഞ്ച്വർ ഇപ്പോൾ പ്രതിസന്ധിയിലാണ്; ഉല്പാദനം നടക്കാത്ത സ്ഥിതിയുമുണ്ട്. SAIL ജോയിന്റ് വെഞ്ച്വറിൽനിന്ന് പിന്മാറുന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. മാത്രമല്ല, NTPC-യും TELK-മായും ജോയിന്റ് വെഞ്ച്വർ ഉണ്ടായിരുന്നു. അവരുടെ ഷെയറിന് ആനുപാതികമായി ഒരു പൈസപോലും ചെലവാക്കിയിട്ടില്ല. ജോയിന്റ് വെഞ്ച്വറിൽനിന്നും പിന്മാറാൻ ശ്രമിക്കുകയാണെന്ന് NTPC-യുടെ അറിയിപ്പ് ലഭിച്ചിരുന്നു. ആകെ ലാഭത്തിൽ പ്രവർത്തിക്കുന്നത് ബ്രഹ്മോസ് മാത്രമാണ്. മറ്റെല്ലാ സ്ഥാപനങ്ങളും ജോയിന്റ് വെഞ്ച്വർ സംരംഭങ്ങളിൽനിന്നും പിൻമാറുകയാണ്. കോഴിക്കോട് സ്റ്റീൽ കോംപ്ലക്സുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ SAIL-ന്റെ അധികൃതരുമായി സംസാരിച്ചിട്ടുണ്ട്. വീണ്ടും എന്തെങ്കിലും ചെയ്യുന്നതിന് വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുന്നതാണ്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ....ചോദ്യോത്തരവേളയുടെ സമയം അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മലബാർ സിമന്റ്സ് നഷ്ടത്തിലാകാനിടയായതിന്റെ കാരണങ്ങൾ

5 (*184) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന മലബാർ സിമന്റ്സ്, സിമന്റ് വിലയിൽ വർദ്ധനവ് ഉണ്ടായിട്ടും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലാകാനിടയായതിന്റെ കാരണങ്ങൾ അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് മാനേജ്മെന്റ് വ്യാപകമായ അഴിമതിയും ധൂർത്തും നടത്തുന്നുവെന്ന് കാണിച്ച് തൊഴിലാളിസംഘടന നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വിശദപരിശോധന നടത്തിയിരുന്നോ; കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു;

(സി) ഫ്ലൈ ആഷ് വാങ്ങിയതിലും അനാവശ്യമായി കൊച്ചിൻ പോർട്ടിൽ സിമന്റ് ഹബ്ബിനെന്ന പേരിൽ 150 കോടിയോളം രൂപ ചെലവഴിച്ചതിലും നടന്ന ഇടപാടുകൾ പരിശോധിച്ചിരുന്നോ; ഇതിൽ അഴിമതി കണ്ടെത്തിയിരുന്നുവോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലബാർ സിമന്റ്സ് നഷ്ടത്തിലായിരുന്നില്ല. 2011-12 മുതൽ 2015 -16 വരെയുള്ള കാലയളവിലെ ലാഭം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | ലാഭം (കോടി രൂപ) |
|---|---|
| 2011-12 | 50.81 |
| 2012-13 | 31.71 |
| 2013-14 | 2.41 |
| 2014-15 | 15.79 |
| 2015-16 | 39.02 |

(ബി) 2015-ൽ പൊതുമേഖലാ സംരക്ഷണ സമിതി സെക്രട്ടറി, വാളയാർ, പാലക്കാട് നൽകിയ പരാതിയിൽ ക്യൂ.വി.25/15/പി.കെ.ഡി. ആയും മലബാർ സിമന്റ്സ് ജീവനക്കാരൻ ശ്രീ. ശ്രീധരൻ നൽകിയ പരാതിയിൽ ക്യൂ.വി.47/14/പി.കെ.ഡി. ആയും സത്വരാന്വേഷണങ്ങൾ നടത്തി മലബാർ സിമന്റ്സിൽ 2014-15 കാലയളവിൽ വിദേശത്തുനിന്നും ക്ലിങ്കർ ഇറക്കുമതി ചെയ്തതിലേയും കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനുമായി സഹകരിച്ച് സിമന്റ് വിപണനം നടത്തിയതിലേയും ക്രമക്കേടുകളെക്കുറിച്ച് ക്യൂ.വി.25/15/പി.കെ.ഡി. ആയി സത്വരാന്വേഷണം നടത്തി. കൽക്കരി, ഡ്രൈ ഫ്ലൈ ആഷ് എന്നിവ കരാർ പ്രകാരം വാങ്ങാതെ മറ്റ് മാർഗ്ഗങ്ങളിലൂടെ അധിക വില നൽകി വാങ്ങിയതിലും സ്ഥാപനത്തിന് നഷ്ടം സംഭവിച്ചതിലും, കേവാറ്റ് സമയത്തിന് സർക്കാരിന് ഒടുക്കാത്തതിനെ തുടർന്ന് പിഴയിനത്തിൽ തുക അടയ്ക്കേണ്ടി വന്നതിലുമുള്ള ക്രമക്കേടുകളെ സംബന്ധിച്ച് ക്യൂ.വി. 47/14/ പി.കെ.ഡി. നമ്പരായി സത്വരാന്വേഷണം നടത്തി. ടി സത്വരാന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് വി.സി.15/16/പി.കെ.ഡി., വി.സി.16/16/പി.കെ.ഡി. (ക്യൂ.വി.25/15/പി.കെ.ഡി.) വി.സി.17/16/പി.കെ.ഡി (ക്യൂ.വി.47/14/പി.കെ.ഡി.) എന്നീ കേസ്സുകൾ പാലക്കാട് വിജിലൻസ് പോലീസ് സ്റ്റേഷനിൽ 10-7-2016-ാം തീയതി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്.

(സി) ഫ്ലൈ ആഷ് വാങ്ങിയതുമായി ബന്ധപ്പെട്ട് നിലവിൽ കേസ് അന്വേഷണമില്ല. എന്നാൽ ഫ്ലൈ ആഷ് കരാറുമായി ബന്ധപ്പെട്ട് ബാങ്ക് ഗാരന്റി തുക കരാറുകാരൻ ബാങ്കിൽനിന്നും കമ്പനി അറിയാതെ പിൻവലിച്ചുകൊണ്ടുപോയതിന് വി.സി.13/16/പി.കെ.ഡി. ആയി ഒരു കേസ് 9-7-2016 പാലക്കാട് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്.

കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ 30 വർഷത്തെ പാട്ടത്തിന് 2.8057 ഹെക്ടർ സ്ഥലത്തിൽ മലബാർ സിമന്റ്സ് ഒരു സിമന്റ്സ് ലോജിസ്റ്റിക് ഹബ്ബ് സ്ഥാപിക്കുന്നതിനായി 160 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചതിലെ ക്രമക്കേടിനെക്കുറിച്ച് ഒരു സത്വരാന്വേഷണം പാലക്കാട് വിജിലൻസ് പോലീസ് സ്റ്റേഷനിൽ ക്യൂ.വി.2/16 പി.കെ.ഡി./എം.സി.എൽ. ആയി നടന്നുവരുന്നുണ്ട്.

## കായംകുളം താപവൈദ്യുത നിലയം

6 (*185) ശ്രീ. കെ. എം. ഷാജി:

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:

ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപവൈദ്യുത നിലയത്തിൽനിന്നുള്ള വൈദ്യുതിയുടെ കാര്യത്തിൽ എൻ.ടി.പി.സി.-യുമായുള്ള കരാർ സംസ്ഥാനത്തിന് അനാവശ്യ ബാധ്യത ഉണ്ടാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വസ്തുതകൾ വെളിപ്പെടുത്തുമോ;

(സി) കായംകുളം നിലയം എൽ.എൻ.ജി.യിലേക്ക് മാറ്റുന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഫിക്സഡ് ചാർജ് ഇനത്തിൽ സാമ്പത്തിക ബാധ്യത ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.റ്റി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള 359.58 മെഗാവാട്ട് ശേഷിയുള്ള കായംകുളം താപ വൈദ്യുതി നിലയം കേരളത്തിന് മാത്രം സമർപ്പിതമായി നിർമ്മിച്ചിട്ടുള്ള വൈദ്യുതി നിലയമാണ്. കെ.എസ്.ഇ.ബി.-യും, എൻ.റ്റി.പി.സി.-യും തമ്മിൽ 5 വർഷം കാലാവധിയുള്ള ഒരു കരാർ 6-1-1995-ൽ ഒപ്പുവയ്ക്കുകയും തുടർന്ന് പലപ്പോഴായി പ്രസ്തുത ഉടമ്പടി ചില വ്യവസ്ഥകൾക്ക് വിധേയമായി 28-2-2025 വരെ ദീർഘിപ്പിച്ചിട്ടുള്ളതുമാണ്. രണ്ടായിരമാണ്ടിൽ വാണിജ്യ അടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ച ഈ നിലയത്തിൽ നാഫ്ത എന്ന ഇന്ധനം ആണ് ഉപയോഗിക്കുന്നത്. നാഫ്തയുടെ വില ഇപ്പോൾ വളരെ കൂടുതലായതിനാൽ ഇവിടെനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് 7 രൂപയ്ക്ക് മുകളിലാണ്.

ഈ നിലയത്തിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ വില ഫിക്സഡ് ചാർജ്, വേരിയബിൾ ചാർജ് എന്നീ രണ്ട് ഘടകങ്ങൾ ചേർന്നതാണ്. കരാർ പ്രകാരം വൈദ്യുതി വാങ്ങുന്നില്ലെങ്കിൽകൂടി ഫിക്സഡ് ചാർജ് നൽകാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ബാധ്യസ്ഥരാണ്. ഈ നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില നിശ്ചയിക്കുന്നതിന് അധികാരപ്പെട്ട സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 27-10-2016 -ലെ ഓർഡർ പ്രകാരം പ്രതിവർഷം ഫിക്സഡ് ചാർജ് ശരാശരി 299 കോടി രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഫിക്സഡ് ചാർജിൽ ഗണ്യമായ ഇളവ് വരുത്തുന്നതിന് എൻ.റ്റി.പി.സി.-യോടും കേന്ദ്ര ഗവൺമെന്റിനോടും ആവശ്യപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ സംസ്ഥാനത്തിന് പുറത്തുനിന്നും കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കുന്ന സാഹചര്യത്തിൽ ടി നിലയത്തിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നില്ല. ആയതിനാൽ കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ കാര്യത്തിൽ എൻ.റ്റി.പി.സി.-യുമായുള്ള കരാറിൻ പ്രകാരം ടി നിലയത്തിൽനിന്നും വൈദ്യുതി വാങ്ങിയില്ലെങ്കിൽ കൂടി കൊടുക്കേണ്ടി വരുന്ന ഫിക്സഡ് ചാർജ് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഒഴിച്ചു കൂടാനാകാത്ത ബാധ്യത ഉണ്ടാക്കുന്ന കാര്യമാണ്.

(സി) കായംകുളം നിലയം എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ട്. എൻ.റ്റി.പി.സി. ആവശ്യപ്പെട്ടതുപ്രകാരം നിലവിലുള്ള 360 മെഗാവാട്ട് നാഫ്ത അധിഷ്ഠിത താപനിലയം പ്രകൃതി വാതകത്തിലേയ്ക്ക് മാറ്റുന്നതിന് കെ.എസ്.ഇ.ബി. 12-8-2008-ലെ ഉത്തരവുവഴി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന് എൻ.റ്റി.പി.സി. ഇന്ധന മാറ്റത്തിന് വേണ്ടതായ നടപടികൾ തുടങ്ങിയതായി അറിയുന്നു. എന്നാൽ പദ്ധതി പ്രവർത്തിപ്പിക്കുന്നതിന് വേണ്ട പ്രകൃതിവാതകം കായംകുളത്ത് എത്തിക്കുന്നതിന് വേണ്ട നടപടികളിൽ പുരോഗതി ഉണ്ടായിട്ടില്ല.

## കായികരംഗം ലോകനിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പരിപാടികൾ

7 (*186) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എം. സ്വരാജ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായികരംഗം ലോകനിലവാരത്തിലേക്ക് ഉയർത്താൻ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ എന്തൊക്കെയാണ്;

(ബി) ഇതിന് അനുയോജ്യമായ രീതിയിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ; കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) വിവിധ സ്പോർട്സ് ഹോസ്റ്റലുകളിലെ പ്രശ്നപരിഹാരത്തിനായി സ്പോർട്സ് കൗൺസിലും സർക്കാരും ഏതുവിധ ഇടപെടലുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കായിക രംഗം ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി പ്രധാനമായും താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ഓപ്പറേഷൻ ഒളിമ്പിയ

2020-2024 ഒളിമ്പിക്സിൽ കേരളത്തിൽ നിന്നുള്ള കായിക താരങ്ങൾക്ക് മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുത്ത ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ്, കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്ലിംഗ് എന്നീ കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി "ഓപ്പറേഷൻ ഒളിമ്പിയ" പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കേരള കായിക ക്ഷമതാ മിഷൻ

സ്കൂൾ തലം മുതൽ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് കേരള സാക്ഷരതാ മിഷൻ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി "കായികക്ഷമതാ മിഷൻ" ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. സ്പോർട്സ് യൂണിവേഴ്സിറ്റി

സംസ്ഥാനത്ത് സ്പോർട്സ് ആന്റ് ഗെയിംസിന്റെ ഉന്നമനത്തിനായി ഒരു സ്പോർട്സ് സർവ്വകലാശാല സ്ഥാപിക്കുവാൻ ആവശ്യമായ പ്രാരംഭ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ:

സംസ്ഥാനത്ത് എല്ലാത്തരം സ്പോർട്സുകളും (സാഹസികവും ആയോധനവുമായ സ്പോർട്സ് ഇനങ്ങൾ ഉൾപ്പെടെ) സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ക്രമീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

കായിക വികസനത്തിനായി അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങളും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കുക.

സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാകുന്ന ടൂർണമെന്റുകളും മത്സരങ്ങളും പരിശീലന കോഴ്സുകളും സെമിനാറുകളും കോച്ചിംഗ് കേന്ദ്രങ്ങളും പ്രദർശനങ്ങളും പര്യടനങ്ങളും സംഘടിപ്പിക്കുക.

കളിസ്ഥലങ്ങൾ സ്ഥാപിക്കുന്നതിനും അവയ്ക്ക് ഉപകരണങ്ങളും സൗകര്യങ്ങളും നൽകുന്നതിന് ഏർപ്പാട് ചെയ്യുക.

കായികതാരങ്ങളുടെ പരിശീലനത്തിനായി സ്പോർട്സ് സൗകര്യങ്ങൾ ഏർപ്പെടുത്തുക.

സ്പോർട്സിനുള്ള അംഗീകാരം എന്ന നിലയിലോ പ്രോത്സാഹനമെന്ന നിലയിലോ ബഹുമതികൾ സമ്മാനിക്കുകയും സർട്ടിഫിക്കറ്റുകളോ സമ്മാനങ്ങളോ സ്കോളർഷിപ്പുകളോ മറ്റ് ആനുകൂല്യങ്ങളോ നൽകുകയും ചെയ്യുക.

സ്പോർട്സ് കായിക താരങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

സ്പോർട്സ് സംഘടനകൾക്ക് ഗ്രാന്റുകളോ ഫണ്ടുകളോ നൽകുക.

സംസ്ഥാനത്ത് ദേശീയ തലത്തിലോ, അന്തർദ്ദേശീയ തലത്തിലോ, അന്തർ സംസ്ഥാന തലത്തിലോ, പ്രാദേശിക തലത്തിലോ സ്പോർട്സ് മത്സരങ്ങൾ നടത്തുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുക.

സ്പോർട്സുമായി ബന്ധപ്പെട്ട് ലൈബ്രറികളും മ്യൂസിയങ്ങളും സ്ഥാപിക്കുക.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൻ കീഴിൽ വിവിധ ജില്ലകളിലായി 24 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളും 24 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും 52 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. ടി ഹോസ്റ്റലുകളിലായി 2610 കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. ഒരു കുട്ടിക്ക് പ്രതിദിനം 200 രൂപ നിരക്കിൽ ഭക്ഷണത്തിനും പ്രതിമാസം 100 രൂപ വാഷിംഗ് അലവൻസായും നൽകുന്നുണ്ട്. സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയും നൽകുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ വിവിധ കായിക ഇനങ്ങളെ പ്രതിനിധീകരിക്കുന്ന 41 സംസ്ഥാന കായിക അസോസിയേഷനുകൾക്ക് സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും, ദേശീയ മത്സരങ്ങൾക്ക് മുന്നോടിയായി കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നതിനും, ദേശീയ മത്സരങ്ങളിൽ ടീമിനെ പങ്കെടുപ്പിക്കുന്നതിനും ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ട്.

കായിക താരങ്ങൾക്കും പരിശീലകർക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

അന്തർദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കുക എന്ന ലക്ഷ്യം കണ്ടുകൊണ്ട് മികച്ച നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന എലൈറ്റ് ട്രെയിനിംഗ് സെന്റർ അത്‌ലറ്റിക്സ്, സ്വിമ്മിംഗ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിലായി നടത്തിവരുന്നു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ പരിശീലനം നേടുന്ന കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ, കോളേജ്/സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലുള്ള കായിക താരങ്ങൾക്ക് ചികിത്സാ ധനസഹായം നൽകി വരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്റ്റേഡിയം/കളിസ്ഥലം, നീന്തൽക്കുളം എന്നിവയുടെ നിർമ്മാണത്തിനും, നവീകരണത്തിനുമായി ധനസഹായം നൽകിവരുന്നു.

(സി) സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പരാതികൾ ഉയർന്ന സാഹചര്യത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ശ്രീമതി മേഴ്സിക്കുട്ടൻ, അഡ്മിനിസ്റ്റേറ്റീവ് ബോർഡ് അംഗങ്ങളായ ശ്രീ.എം.ആർ. രഞ്ജിത്ത്, ശ്രീ. ജോർജ്ജ് തോമസ് എന്നിവർ ഉൾപ്പെട്ട ഒരു മൂന്നംഗ സമിതിയെ ടി പോരായ്മകൾ സംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സ്റ്റേറ്റ് അഡ്മിനിസ്റ്റേറ്റീവ് ബോർഡ് ചുമതലപ്പെടുത്തിയിരുന്നു. ടി സമിതി ഹോസ്റ്റലുകൾ നേരിട്ട് സന്ദർശിച്ച് കായിക താരങ്ങളുടെ പ്രകടനം, സ്ഥാപനങ്ങളിൽ നിന്നുള്ള പിന്തുണ, ഭക്ഷണം, താമസസൗകര്യം, കളിക്കുന്നതിന്/ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ, മറ്റ് സാഹചര്യങ്ങൾ എന്നിവ പ്രത്യേകം പ്രത്യേകം പരിഗണിച്ച് ഹോസ്റ്റലുകളെ താഴെപ്പറയും പ്രകാരമുള്ള വിവിധ കാറ്റഗറികളായി തരംതിരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

കാറ്റഗറി എ – ഏറ്റവും മികച്ചവ. എല്ലാ അവശ്യ സൗകര്യങ്ങൾ ഉള്ളവയും അതനുസരിച്ചുള്ള ഫലം നൽകുന്നവയും.

കാറ്റഗറി ബി - നിലവാരമുള്ളതെങ്കിലും ഇനിയും പുരോഗതിക്ക് സാധ്യതയുള്ളവ.

കാറ്റഗറി സി - അടിസ്ഥാന സൗകര്യങ്ങൾ/ഫലങ്ങൾ മതിയായ തോതിലല്ല. ഇക്കാര്യത്തിൽ വളരെ പ്രധാനപ്പെട്ട വൻതോതിലുള്ള തിരുത്തലും, മാറ്റംവരുത്തലും ആവശ്യമുണ്ട്. ഇക്കാര്യങ്ങൾ മെച്ചപ്പെടുത്തും വരെ പുതിയ പ്രവേശനങ്ങൾ നിയന്ത്രിക്കേണ്ടതാണ്.

കാറ്റഗറി ഡി- വളരെ ദയനീയം. അടിയന്തരമായി ഇവ അടച്ചുപൂട്ടുകയും കുട്ടികളെ എ അല്ലെങ്കിൽ ബി ഹോസ്റ്റലുകളിലേയ്ക്ക് മാറ്റി പാർപ്പിയ്ക്കുകയോ അല്ലെങ്കിൽ അവരുടെ കോഴ്സുകൾ പൂർത്തിയാക്കുന്നതിനായി ഉയർന്ന വിഭാഗങ്ങളിലേയ്ക്ക് മാറ്റുകയോ വേണം.

സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്പോർട്സ് ഹോസ്റ്റലുകൾ എല്ലാ മാസവും പരിശോധിക്കുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാർക്കും, ജില്ലാ സ്പോർട്സ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവർ പരിശോധിച്ച് സമർപ്പിക്കുന്ന മെസ് ബില്ലുകൾ മാത്രം അനുവദിച്ചാൽ മതിയെന്ന് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

**ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം**

8 (*187) ശ്രീ. കെ. ബാബു:
ശ്രീ. കെ. ദാസൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സർക്കാരിന്റെ സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുതാര്യവും എളുപ്പവുമാക്കാൻ ഈ സംവിധാനം എപ്രകാരമെല്ലാം സഹായിക്കും എന്നു വ്യക്തമാക്കാമോ;

(സി) ഇതിനായി ജീവനക്കാർക്ക് പ്രത്യേക യൂസർനെയിമും പാസ്‌വേഡും നൽകിയിട്ടുണ്ടോ;

(ഡി) ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കിയത് ആരാണെന്നും ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ആയതിന്റെ പൂർത്തീകരണ പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 23-2-2017-ന് നടത്തുകയുണ്ടായി.

(ബി) വിവര സാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുകയെന്നതാണ് സംയോജിത മാനേജ്മെന്റ് സംവിധാനത്തിന്റെ (IFMS) ഉദ്ദേശ്യം. IFMS നടപ്പിലാക്കുന്നതിന് ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം ആവശ്യമാണ്. പുതിയ കാലത്തിന്റെ

എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പദ്ധതിയുടെ അന്തഃസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേക്ക് എത്തിച്ചേരുന്നതിനുള്ള മഹത്തായ കാൽവെയ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. കോർബാങ്കിംഗ് സംവിധാനത്തിന്റെ പ്രധാന നേട്ടങ്ങൾ 1) ഏത് ട്രഷറിയിൽ നിന്നും റ്റി.എസ്.ബി. അക്കൗണ്ടിലെ പണം പിൻവലിക്കാൻ കഴിയുന്നു. 2) ഏത് ട്രഷറി മുഖേനയും ട്രഷറി സേവിങ്സ് ബാങ്കിലേയ്ക്ക് പണം നിക്ഷേപിക്കാനുള്ള സൗകര്യം എന്നിവയാണ്. കൂടാതെ വിവിധ യൂട്ടിലിറ്റി പേയ്മെന്റുകൾക്കുള്ള സൗകര്യം, ഏത് അക്കൗണ്ടിലേയ്ക്കും ഇലക്ട്രോണിക്കായി പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം എന്നിവയും താമസംവിനാ സാധ്യമാകുന്നതാണ്.

(സി) ട്രഷറി വകുപ്പിലെ സാമ്പത്തിക ഇടപാടുകൾ നടത്താൻ നിയോഗിക്കപ്പെട്ടിട്ടുള്ള എല്ലാ ജീവനക്കാർക്കും പ്രത്യേകം യൂസർ നെയിമും പാസ്‌വേർഡും നൽകിയിട്ടുണ്ട്. ഇത് ഇടപാടുകളുടെ സുരക്ഷിതത്വം മുൻനിർത്തിയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഓരോ ജീവനക്കാർക്കും അവരവരുടെ user ID - യുടെ പാസ്‌വേഡ് മാറ്റുന്നതിനുള്ള സ്വാതന്ത്ര്യവുമുണ്ട്. ഇത് user ID - യുടെ സ്വകാര്യത ഉറപ്പുവരുത്തുന്നു.

(ഡി) കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ കേന്ദ്രസർക്കാരിന് കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) കേരള സ്റ്റേറ്റ് യൂണിറ്റാണ് തയ്യാറാക്കിയത്.

നാളിതുവരെ Rs.21,16,963 (ഇരുപത്തി ഒന്ന് ലക്ഷത്തി പതിനാറായിരത്തി തൊള്ളായിരത്തി അറുപത്തിമൂന്ന് രൂപ മാത്രം) ചെലവ് വന്നിട്ടുണ്ട്.

**കേപ്പിന്റെ പ്രവർത്തനങ്ങൾ**

9 (*188) പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. സി. കൃഷ്ണൻ:

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; സ്ഥാപനത്തിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമെന്തെന്ന് അറിയിക്കാമോ;

(ബി) സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ സ്വാശ്രയ വിദ്യാഭ്യാസം എന്ന ലക്ഷ്യം നിറവേറ്റുന്നതിൽ സ്ഥാപനം എത്ര മാത്രം വിജയം നേടിയെന്ന് വ്യക്തമാക്കുമോ;

(സി) സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് 'കേപ്പിനെ മുൻനിര സ്ഥാപനമാക്കി വളർത്താനായി ഏതുതരത്തിലുള്ള നടപടി ഉണ്ടാകുമെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേപ്പിന്റെ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ അവലോകനം നടത്തിയിട്ടുണ്ട്. കേപ്പിലെ വിദ്യാർത്ഥികളിൽനിന്ന് ലഭിക്കുന്ന ഫീസ് മാത്രമാണ് കേപ്പിന്റെ റവന്യൂ വരുമാനം. നിലവിൽ മുഴുവൻ സീറ്റുകളും നികത്താൻ കഴിയാത്തതുമൂലം വരുമാനത്തിൽ കുറവ് വരുന്നുണ്ട്. അദ്ധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. നിശ്ചയിക്കുന്ന ശമ്പള ഘടന നടപ്പാക്കിയിട്ടുള്ളതിനാലും ഇതര ജീവനക്കാർക്ക് ഡി.എ. വർദ്ധനവ് അടക്കം ആനുകൂല്യങ്ങൾ നൽകുന്നതുമൂലവും റവന്യൂ ചെലവ് കൂടുന്നുണ്ട്. പല സ്ഥാപനങ്ങളുടെയും വരുമാനം ചെലവിനേക്കാൾ കുറവായതും, നിർമ്മാണ പ്രവർത്തനങ്ങളും പശ്ചാത്തല സൗകര്യങ്ങളും എ.ഐ.സി.റ്റി.ഇ. നോംസ് അനുസരിച്ച് നടത്തേണ്ടിവരുന്നതുമൂലമുള്ള ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ കൂടിവരുന്നതും കേപ്പിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാണ്.

(ബി) കേരളത്തിലെ സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടുകൂടി കേരള സർക്കാർ 1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് രൂപം കൊടുത്ത സ്ഥാപനമാണ് കേപ്പ്. കേപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബി.ടെക്ക് കോഴ്സിന് 60% സീറ്റ് മെരിറ്റടിസ്ഥാനത്തിൽ സംവരണ തത്വം പാലിച്ചും, 35% സീറ്റ് മാനേജ്മെന്റ് ക്വാട്ടയിലും, പൊതു എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽ നിന്നുമാണ് പ്രവേശനം നൽകുന്നത്. മുമ്പുണ്ടായിരുന്ന 15% എൻ.ആർ.ഐ. സീറ്റിൽ 10% മെരിറ്റടിസ്ഥാനത്തിലേക്ക് മാറ്റി 5% ആയി കുറവുവരുത്തിയാണ് പുതിയ അധ്യയനവർഷത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത്.

ഈ വിദ്യാർത്ഥകൾക്കെല്ലാംതന്നെ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ അനുസരിച്ചുള്ള ഫീസ് ഇളവുകളും നൽകിവരുന്നു.

(സി) കേപ്പിന്റെ സാമ്പത്തിക പ്രതിസന്ധി, വിദ്യാർത്ഥികളുടെ പ്രവേശന തോത്, പഠനാന്തരീക്ഷം, ജോലി സാധ്യത എന്നിവ പരിശോധിച്ചുകൊണ്ട് അടുത്ത 5 വർഷത്തേക്കുള്ള ഒരു കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

കേപ്പിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ കർമ്മ പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. കേപ്പിന്റെ കീഴിലുള്ള കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി ഇനത്തിൽ തുക അനുവദിക്കുന്നതാണ്.

സഹകരണവകുപ്പിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള professional education fund-ൽ നിന്ന് 2016 -17-ൽ 18.6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ശമ്പളം, മറ്റു നിത്യചെലവുകൾ ഏറ്റെടുക്കുന്നതിന് Non-plan ഇനത്തിൽ തുക അനുവദിക്കുന്നു.

കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ പ്രവർത്തനം വിലയിരുത്തി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന കർമ്മപരിപാടികൾ ആവിഷ്കരിച്ചു വരുന്നു:

- സ്ഥാപനങ്ങളിലെ വിജയശതമാനം ഇപ്പോഴത്തെ 60%-ൽനിന്ന് 85% ആയി മൂന്നുവർഷം കൊണ്ട് ഉയർത്തുക.
- സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പഠന നിലവാരം ഉയർത്തും.
- സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി, Norms പ്രകാരമുള്ള faculty-കളെ നിയമിച്ച്, നിശ്ചിത വിജയശതമാനം ഉറപ്പുവരുത്തുന്നതിനുള്ള MoU ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- NAAC അക്രഡിറ്റേഷൻ ഒരു വർഷത്തിനകം നേടിയെടുക്കുകയും തുടർന്ന് എല്ലാ സ്ഥാപനങ്ങൾക്കും എൻ.ബി.എ. അക്രഡിറ്റേഷൻ നേടുന്നതും ലക്ഷ്യമാണ്. കേപ്പിന്റെ വിവിധ സ്ഥാപനങ്ങളിൽനിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു എന്നുറപ്പുവരുത്തുന്നതിന് job fair സംഘടിപ്പിച്ചുവരുന്നു. കൂടാതെ campus recruitment -ഉം വിദ്യാർത്ഥികളെ കൂടുതൽ employable ആക്കുന്നതിനുള്ള പരിശീലന പരിപാടികളും ആവിഷ്കരിച്ചുവരുന്നു.

## വൈദ്യുതി പ്രതിസന്ധി

10 (*189) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രത്തിൽനിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അന്തർ സംസ്ഥാന പവർ പർച്ചേസ് വഴി എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിമാസം ലഭ്യമാകുന്നതെന്നും ആയത് മൊത്തം ഉപഭോഗത്തിന്റെ എത്ര ശതമാനമാണെന്നും വിശദമാക്കാമോ;

(സി) പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് എന്തൊക്കെ ബുദ്ധിമുട്ടുകളാണ് വൈദ്യുതിബോർഡ് നേരിടുന്നതെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം.എം. മണി):

(എ) നിലവിൽ കേന്ദ്ര വൈദ്യുതോല്പാദന നിലയങ്ങളിൽനിന്നും പ്രതിദിനം ശരാശരി 1300 മെഗാവാട്ട് വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നുണ്ട്. പ്രസ്തുത നിലയങ്ങളിൽനിന്നും കുറഞ്ഞ നിരക്കിൽ കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള സാധ്യത തൽക്കാലം നിലിവിലില്ല. നിലവിലുള്ള നിയമപ്രകാരം വിതരണ കമ്പനികൾക്ക് മത്സര സ്വഭാവമുള്ള ദർഘാസുകൾ മുഖാന്തരമോ, റെഗുലേറ്ററി കമ്മീഷനുകൾ അനുവദിച്ചിട്ടുള്ള നിരക്കുകളിലോ മാത്രമേ വൈദ്യുതി ലഭ്യമാക്കാനാകൂ. ദർഘാസുകൾവഴി വൈദ്യുതി വാങ്ങുവാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയം ഡീപ് എന്ന പേരിൽ ഇന്റർനെറ്റ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 100 മെഗാവാട്ട് മാർച്ച് മുതൽ മേയ് വരെയും (ദിവസം മുഴുവനും) വൈകുന്നേരങ്ങളിൽ മാത്രമായി 100 മെഗാവാട്ട് മാർച്ച് മുതൽ മേയ് വരെയും വാങ്ങുവാനുള്ള കരാറിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. 200 മെഗാവാട്ട് വൈദ്യുതി മാർച്ച് 2017 മുതൽ ജൂൺ 2017 വരെ ഡീപ്പ് ബിഡ്ഡിംഗ് സംവിധാനം വരുന്നതിനുമുമ്പുതന്നെ കരാറിലേർപ്പെട്ടിട്ടുണ്ട്.

(ബി) 2017 ഫെബ്രുവരി മാസത്തെ കണക്കനുസരിച്ച് അന്തർ സംസ്ഥാന പവർ പർച്ചേസ് വഴി 1621 MU (മില്ല്യൺ യൂണിറ്റ്) വൈദ്യുതിയാണ് പ്രതിമാസം ലഭ്യമാക്കിയത്. ഇത് മൊത്തം ഉപഭോഗത്തിന്റെ 86.5 ശതമാനമാണ്.

(സി) പുറത്തുനിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനായി കോറിഡോർ ലഭ്യത ആവശ്യമാണ്. ഇതിനായി അരിക്കോട് 400 കെ.വി. സബ്സ്റ്റേഷനിൽ മൂന്നാമത്തെ ട്രാൻസ്ഫോർമർ വയ്ക്കുന്നതിനായി താൽക്കാലിക സംവിധാനമൊരുക്കി 2017 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ തന്നെ കൂടുതൽ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇടമൺ -കൊച്ചി 400 കെ.വി. ലൈനിന്റെ പണികൾ റൈറ്റ് ഓഫ് വേ തടസ്സങ്ങൾ നിമിത്തം മുടങ്ങിക്കിടക്കുകയായിരുന്നുവെങ്കിലും ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. ലൈനിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന പ്രതിസന്ധി**

11 (*190) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ.കെ.വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന പ്രതിസന്ധിയുടെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ;

(സി) മില്ലുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ സുതാര്യമാക്കുന്നതിനും ഏകീകരിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ കയറ്റുമതി - ഇറക്കുമതി പോളിസിയുടെ ദുരന്തഫലം, ആഭ്യന്തര ഉപയോഗം കണക്കിലെടുക്കാതെയുള്ള കോട്ടൺ കയറ്റുമതി, ബ്രാന്റഡ് വസ്തുങ്ങളുടെ അമിതമായ എക്സൈസ് തീരുവ, കേന്ദ്ര സർക്കാരിന്റെ നോട്ട്

അസാധുവാക്കൽ, ഭീമമായ വൈദ്യുതി ബിൽ കുടിശ്ശികയും ഇതര സ്റ്റാറ്റ്യൂട്ടറി ഡ്യൂസുകളും, പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം കോട്ടൺ വാങ്ങാൻ സാധിക്കാതെ വരിക, മില്ലുകളിലെ കൂടിയ പ്രൊഡക്ഷൻ കോസ്റ്റ്, കുറഞ്ഞ ലേബർ പ്രൊഡക്ടിവിറ്റി, കുറഞ്ഞ മെഷീൻ പ്രൊഡക്ടിവിറ്റി എന്നിവയാണ് സ്പിന്നിംഗ് മില്ലുകൾ പ്രതിസന്ധിയിലാകുന്നതിന്റെ പ്രധാന കാരണങ്ങൾ.

മില്ലുകളിലെ മെഷിനറികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അഭാവവും കാരണം ഉൽപ്പാദനക്ഷമത കുറയുകയും ഗുണമേന്മയുള്ള നൂൽ മാർക്കറ്റിൽ ലഭ്യമാക്കാൻ സാധിക്കാതെയും വരുന്നു. തന്മൂലം മാർക്കറ്റിൽ ഉദ്ദേശിച്ച വില ലഭിക്കുന്നില്ല. കോട്ടൺ വാങ്ങുമ്പോഴും യാൺ വിൽക്കുമ്പോഴും ട്രാൻസ്പോർട്ടേഷൻ ചാർജ് അധിക ചെലവായി വരുന്നുണ്ട്.

(ബി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷനുകീഴിലുള്ള തൊഴിലാളികൾക്ക് 2016 സെപ്റ്റംബർ മുതൽ 2017 ജനുവരി മാസം വരെ ശമ്പളം/ലേ-ഓഫ് വേതനം കുടിശ്ശികയായി. സർക്കാരിൽ നിന്നുമുള്ള ധനസഹായത്തെ തുടർന്ന് 2016 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ശമ്പളം/ലേ-ഓഫ് വേതനം ഉൾപ്പെടെയുള്ള തുകയുടെ 50% നൽകുവാൻ നടപടിയെടുത്തിട്ടുണ്ട്.

മില്ലുകൾ ലാഭത്തിലാക്കുന്നതിനായി ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവത്കരണത്തിനായി 57.39 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി. അനുവദിച്ച 45.19 കോടി രൂപയിൽ 15 കോടി രൂപ സർക്കാർ മില്ലിന് നൽകിയിട്ടുണ്ട്. നവീകരണ പ്രവർത്തനത്തിലേയ്ക്കായി പുതിയ മെഷിനറികൾ വാങ്ങേണ്ടതും പഴയ മെഷിനറികൾ വിൽക്കേണ്ടതുമുണ്ട്. ആയതിന്റെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയായി.

തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണത്തിനായി 29.97 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി. അനുവദിച്ച തുകയിൽ 10 കോടി രൂപ സർക്കാർ മില്ലിന് നൽകിയിട്ടുണ്ട്. നവീകരണ പ്രവർത്തനത്തിലേക്കായി പുതിയ മെഷിനറികൾ വാങ്ങേണ്ടതും പഴയ മെഷിനറികൾ വിൽക്കേണ്ടതുമുണ്ട്. ആയതിന്റെ ഇ-ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനശേഷി 12000 സ്പിന്റിൽ നിന്നും 25,000 സ്പിന്റിലായി ഉയർത്തുന്നതിനായി മില്ലിന്റെ 33.94 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുമേഖലയിലും ടെക്സ്ഫെഡിന്റെയും കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി സർക്കാർ അടിയന്തരമായി 8-2-2017-ൽ 15 കോടി രൂപ അനുവദിക്കുകയുണ്ടായി.

(സി) പൊതുമേഖലയിലും സഹകരണമേഖലയിലും ഉള്ള മില്ലുകൾ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി (സി.സി.പി.സി.) സംവിധാനത്തിലൂടെയാണ് 2009 ജൂൺ മുതൽ കോട്ടൺ പർച്ചേസ് നടത്തിവരുന്നത്.

കേരളത്തിലെ സഹകരണ, പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളിലേയ്ക്കുള്ള അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ ഏകീകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും സുതാര്യമായ രീതിയിൽ കോട്ടൺ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി മുഖാന്തരം മില്ലുകൾക്കാവശ്യമായ വ്യത്യസ്തമായ തരത്തിലുള്ള കോട്ടൺ വാങ്ങുന്നത് ഇ-ടെൻഡർ മുഖേനയാണ്. ഇ-ടെണ്ടർ സംവിധാനത്തിൽ ആവശ്യമായ ടെണ്ടറുകൾ വരുന്ന മുറയ്ക്ക് അതിന്റെ വില കമ്പോളവിലയുമായി താരതമ്യപ്പെടുത്തി, കുറഞ്ഞ വിലയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുമായി വിലപേശൽ നടത്തിയതിനുശേഷം

മാത്രമാണ് ഓർഡർ കൊടുക്കുന്നത്. അങ്ങനെ കുറയ്ക്കുവാൻ പറ്റാത്ത സാഹചര്യത്തിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇൻഡ്യ (സി.സി.ഐ.) ഇ-ടെണ്ടറിൽ പങ്കെടുക്കില്ലെങ്കിലും അതാത് മില്ലുകൾക്ക് സി.സി.ഐ.യുടെ ഇ-ഓക്ഷനിൽ പങ്കെടുത്ത് മാത്രമേ പഞ്ഞി വാങ്ങുവാൻ കഴിയുകയുള്ളൂ. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ലാബിൽ പഞ്ഞിയുടെ ഗുണമേന്മ ടെസ്റ്റ് ചെയ്യുകയും ആയതിൽ വ്യത്യാസമുണ്ടെങ്കിൽ അതിലും വിലകുറച്ചാണ് വാങ്ങുകയും ചെയ്യുന്നത്.

**ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് പദ്ധതികൾ**

12 (*191) <u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ ഗവൺമെന്റ് ആസൂത്രണം ചെയ്തു നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ സംസ്ഥാനത്തിനനുയോജ്യമായി എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>):

(എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് വിവിധ മേഖലകളിൽ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത കർമ്മ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേന്ദ്ര സർക്കാർ സ്വദേശ് ദർശൻ, പ്രസാദ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് പദ്ധതികൾ അനുവദിച്ചുവരുന്നത്. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന മൂന്ന് പദ്ധതികൾ അനുവദിച്ചിട്ടുണ്ട്:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ഇക്കോ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടിയുടെ വികസനം.

2. സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമലയുടെ വികസനം (എരുമേലി -പമ്പ സന്നിധാനം)

3. സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശ്രീപത്മനാഭ-ആറന്മുള-ശബരിമല ക്ഷേത്ര പരിസര വികസനം.

കൂടാതെ, ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച പദ്ധതിയായ "പ്രസാദ്" സ്കീമിൽ ഇന്ത്യയിലെ തീർത്ഥാടന കേന്ദ്രങ്ങൾ തെരഞ്ഞെടുത്തതിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ആഭ്യന്തര-വിദേശ ടൂറിസ്റ്റുകൾക്ക് സൗകര്യം ഒരുക്കി അതുവഴിയുള്ള സാമ്പത്തിക നേട്ടം പരമാവധി ലഭ്യമാക്കി സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ലോട്ടറി ടിക്കറ്റുകളുടെ സമ്മാനഘടന

13 (*192) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റുകളുടെ സമ്മാനഘടന പുതുക്കുന്നതിനും പുതിയ ലോട്ടറികൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഭിന്നശേഷിക്കാർ അടക്കമുള്ള സാധാരണക്കാർക്ക് പുതുതായി ഏജൻസി അനുവദിക്കുന്നതിനും എല്ലാ ഏജന്റുമാർക്കും ലോട്ടറി ടിക്കറ്റുകൾ ലഭ്യമാക്കുന്നതിനും കമ്മീഷൻ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) സമ്മാനത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഭാഗ്യക്കുറി ഏജന്റുമാരുടെയും ഭാഗ്യക്കുറി മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും ടിക്കറ്റ് വില്പനയെ സഹായിക്കുന്നതരത്തിലും, സർക്കാർ തീരുമാനത്തിന് വിധേയമായി പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ കാലാകാലങ്ങളിൽ പരിഷ്കരിക്കാറുണ്ട്. 'നിർമ്മൽ ' എന്ന പേരിൽ പുതുതായി ഒരു ബൈവീക്കിലി ലോട്ടറി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ദ്വൈവാര ഭാഗ്യക്കുറിയുടെ വില്പന വിജയത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ദ്വൈവാര ഭാഗ്യക്കുറി ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(ബി) ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽനിന്ന് ഭാഗ്യക്കുറി ഏജൻസി അനുവദിക്കുന്നതിന് നിയന്ത്രണങ്ങളൊന്നും നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. 18 വയസ്സ് പൂർത്തിയാക്കിയ ഏതൊരു വ്യക്തിക്കും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഫോട്ടോ, PAN കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കി 300 രൂപ രജിസ്ട്രേഷൻ ഫീസ് ഒടുക്കി ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസിൽനിന്ന് ഭാഗ്യക്കുറി ഏജൻസി എടുക്കാവുന്നതാണ്. നിലവിൽ ഡിമാന്റിന് അനുസൃതമായി ടിക്കറ്റച്ചടി വർദ്ധിപ്പിക്കുന്നുണ്ട്. കമ്മീഷൻ പരിഷ്കരിക്കുന്ന കാര്യം ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) സമ്മാനത്തുക കാലതാമസം കൂടാതെ തന്നെ വിതരണം ചെയ്തുവരുന്നു. ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന സമ്മാന ടിക്കറ്റുകളിൽ LIMS എന്ന Software ഉപയോഗിച്ച് ടിക്കറ്റിന്റെ ബാർ കോഡ്, സീക്രട്ട് കോഡ് എന്നിവ പരിശോധിച്ച് ടിക്കറ്റിന്റെ കൃത്യത ഉറപ്പുവരുത്തി ആവശ്യമായ ഓഫീസ് നടപടികൾക്ക് ശേഷം വകുപ്പ് കാലതാമസം കൂടാതെ സമ്മാന തുക നൽകുന്നുണ്ട്.

**വിനോദസഞ്ചാരരംഗത്ത് മലബാർ മേഖലയുടെ സാധ്യത**

14 (*193) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വിനോദസഞ്ചാര രംഗത്ത് മലബാർ മേഖലയുടെ സാധ്യത പ്രോത്സാഹിപ്പിക്കാനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) മലബാർ പ്രദേശത്തെ വിനോദസഞ്ചാര വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് പുതിയ സംവിധാനം ഉദ്ദേശിക്കുന്നുണ്ടോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെയും ബേക്കൽ ടൂറിസം വികസന പദ്ധതിയുടെയും പുരോഗതി അറിയിക്കാമോ; ഇവ വിഭാവന ചെയ്ത രീതിയിൽ പൂർത്തീകരിക്കുന്നതിന് സർക്കാർ ഇടപെടലുണ്ടാകുമോ എന്നറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 1. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട നോർത്ത് മലബാർ ടൂറിസം ഡെവലപ്മെന്റ് ഇനിഷിയേറ്റീവ് പദ്ധതി.

2. ഉത്തര മലബാറിലെ നദികളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു റിവർ ക്രൂയിസ് സർക്യൂട്ട് പദ്ധതി നടപ്പിലാക്കുന്നത് പരിഗണിച്ചുവരുന്നു.

3. മലബാർ മേഖലയുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നതിലേക്കായി താഴെ പറയുന്ന പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്:

(എ) മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം - 45.60 കോടി രൂപ

(ബി) വടകര പയ്യോളിയിലെ സർഗാലയ കേന്ദ്രം ആധാരമാക്കിക്കൊണ്ടുള്ള ഇന്റഗ്രേറ്റഡ് ടൂറിസം പദ്ധതി - 135 കോടി രൂപ.

4. ധർമ്മടം, ധർമ്മടം ദ്വീപ് -മുഴപ്പിലങ്ങാട് ബീച്ച് കോർത്തിണക്കി റോപ് വേ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നു.

5. തലശ്ശേരി ഹെറിറ്റേജ് സർക്യൂട്ട് പദ്ധതിയുടെ രണ്ടാം ഘട്ടം.

6. കണ്ണൂരിലെ പുതിയ വിമാനത്താവളം കേന്ദ്രീകരിച്ചുള്ള ടൂറിസം വികസന പദ്ധതിയും ധർമ്മടം തുരുത്തുമായി ബന്ധപ്പെട്ട് മറൈൻ മ്യൂസിയം, ലോകനിലവാരത്തിലുള്ള അക്വേറിയം, റിസർച്ച് സ്റ്റേഷൻ എന്നീ പദ്ധതികളുടെ പദ്ധതിരേഖയും തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മലബാർ പ്രദേശത്തെ വിനോദസഞ്ചാര വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ബി.ആർ.ഡി.സി.-യെ നോഡൽ ഏജൻസിയായി നിയമിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൻകീഴിൽ 25 വിവിധ പ്രവൃത്തികൾക്കായി, ഏകദേശം 46 കോടിയോളം രൂപ, സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കിറ്റ്കോ എന്നീ നിർവ്വഹണ ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കേണ്ടത്. ഇതിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. തലശ്ശേരി ഉൾപ്പെടുന്ന ചരിത്രപ്രധാന സ്ഥലങ്ങൾ, സ്മാരകങ്ങൾ എന്നിവ ഉൾപ്പെടുത്തി തലശ്ശേരി പൈതൃക സർക്യൂട്ട് ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഏജൻസികളുമായി ചർച്ചനടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഒരു ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി അഞ്ച് പദ്ധതികളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്.

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ നിർവ്വഹണ പുരോഗതിക്കായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ബേക്കൽ ടൂറിസം വികസന പദ്ധതിയുടെ നടത്തിപ്പിനായി ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (BRDC) എന്ന കമ്പനി രൂപീകരിച്ചു. ബേക്കൽ ടൂറിസം വികസനത്തിന് നാല് പഞ്ചായത്തുകൾ ഉൾപ്പെട്ട പദ്ധതി പ്രദേശത്ത്, 235.58 ഏക്കർ സ്ഥലം കമ്പനി ഏറ്റെടുത്തു. ഇതിൽ 205-ഓളം ഏക്കർ റിസോർട്ടുകളുടെ നിർമ്മാണത്തിനായി അനുയോജ്യമായ 6 റിസോർട്ട് സൈറ്റുകളായി തിരിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കി. 6 സൈറ്റുകളും റിസോർട്ട് നിർമ്മാണത്തിനായി ദീർഘകാല പാട്ടവ്യവസ്ഥയിൽ കൈമാറി. ഇതിൽ രണ്ട് റിസോർട്ടുകൾ (ലളിത് റിസോർട്ട് & സ്പാ, താജ് വിവാന്ത ബേക്കൽ) പ്രവർത്തനം ആരംഭിച്ചു. ബാക്കിയുള്ള റിസോർട്ടുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

## സഹകരണമേഖല നേരിടുന്ന പ്രതിസന്ധികൾ

15 (*194) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയുടെ വികസനത്തിന് അനിവാര്യ ശക്തിയായതും ഒരു ലക്ഷത്തി നാല്പതിനായിരം കോടി രൂപ അറ്റ നിക്ഷേപമുള്ളതുമായ സഹകരണ മേഖല നേരിടുന്ന ഹ്രസ്വകാല-ദീർഘകാല പ്രതിസന്ധികൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രതിസന്ധി മറികടക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ അവലംബിക്കാൻ ഉദ്ദേശിക്കുന്നു;

(സി) സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിന് സഹകരണ പ്രസ്ഥാനത്തെ ഏതെല്ലാം തരത്തിൽ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ട്.

ഹ്രസ്വകാല പ്രതിസന്ധികൾ:

ഉയർന്ന മൂല്യമുള്ള 500, 1000 നോട്ടുകൾ കേന്ദ്ര സർക്കാർ അസാധുവാക്കിയതിനെത്തുടർന്ന് കേരളത്തിലെ സഹകരണ മേഖലയിൽ താത്കാലിക പ്രതിസന്ധി ഉണ്ടായിട്ടുണ്ട്. പണലഭ്യതയുടെ കുറവുമൂലം നിക്ഷേപ വരവ്, വായ്പാ വിതരണം, വായ്പാ തിരിച്ചടവ് ഇവയിൽ നേരിയ കുറവ് സഹകരണ ബാങ്കുകളിൽ ഉണ്ടായിട്ടുണ്ട്. പ്രൈമറി സഹകരണ ബാങ്കുകൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും പിൻവലിക്കാവുന്ന നിക്ഷേപം ആഴ്ചയിൽ 24,000 രൂപയായി പരിമിതപ്പെടുത്തിയത് പ്രൈമറി സംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിരുന്നു.

<u>ദീർഘകാല പ്രതിസന്ധികൾ:</u>

1949-ലെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ 2012-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം വാണിജ്യ ബാങ്കുകൾക്ക് സമാനമായ രീതിയിൽ സഹകരണ ബാങ്കുകൾക്ക് റെഗുലേറ്ററി നോംസ് നിശ്ചയിച്ച നൽകിയതും സേവന നികുതി സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയതും ആദായ നികുതി നിയമത്തിലെ വകുപ്പ് 80 പി പ്രകാരം സഹകരണ ബാങ്കുകൾക്ക് ഉണ്ടായിരുന്ന ഇളവ് ഒഴിവാക്കിയതും ദീർഘകാലാടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിന് പ്രതിസന്ധി സൃഷ്ടിക്കാവുന്നവയാണ്. ഏകീകൃത സോഫ്റ്റ്വെയർ സംവിധാനത്തിന്റെ അഭാവത്തിൽ പ്രാഥമിക സഹകരണ ബാങ്കുകളെ ബന്ധിപ്പിച്ചുകൊണ്ട് RTGS, NEFT, ATM ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ നടപ്പിലാക്കാത്തത് സഹകരണ ബാങ്കിംഗ് മേഖലയുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചേയ്ക്കും.

(ബി) കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനംമൂലമുണ്ടായ താത്കാലിക പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും നിരവധി നിവേദനങ്ങൾ നൽകുകയും ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തെങ്കിലും അനുകൂല നടപടികൾ ഉണ്ടായില്ല. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ടി സംഘങ്ങളിലെ ഇടപാടുകാർക്കുവേണ്ടി ജില്ലാ സഹകരണ ബാങ്കുകളിൽ മിറർ അക്കൗണ്ട് തുടങ്ങി സഹായം നൽകുകയുണ്ടായി. സഹകരണ ബാങ്കിലെ നിക്ഷേപകരുടെ ആത്മവിശ്വാസം ഉയർത്തുന്നതിനായി സർക്കാർ ദൃശ്യശ്രവ്യമാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുകയുണ്ടായി. കൂടാതെ 'സഹകരണ നിക്ഷേപസുരക്ഷാ ക്യാമ്പയിൻ' സഹകാരികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി.

റിസർവ് ബാങ്കിന്റെ റെഗുലേറ്ററി നോംസ്വഴി സഹകരണ ബാങ്കുകൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ സംസ്ഥാന സർക്കാർ കൊണ്ടുവരികയുണ്ടായി. പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തെ മുൻനിർത്തി സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ/ബാങ്കുകളുടെ ഒരു അപ്പക്സ് സ്ഥാപനമായി "കേരള സഹകരണ ബാങ്ക്" രൂപീകരിക്കുന്നതിനും, അതുവഴി ധനനിക്ഷേപങ്ങളും, ക്രെഡിറ്റും സംസ്ഥാനത്ത് വളർത്തിക്കൊണ്ടുവരുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി പ്രാദേശിക വികസനം സാധ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. നിലവിലുള്ള വായ്പാ പലിശ നിരക്കിൽ ഗണ്യമായ കുറവ് സാധ്യമാക്കുക, ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് പുത്തൻ ഉണർവ് നൽകാൻ സാധിക്കത്തക്ക വിധം ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കുക, പലിശ കുറഞ്ഞ വായ്പ ലഭ്യമാക്കി കാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലകശക്തിയായി വർത്തിക്കുവാൻ സഹകരണ ബാങ്കുകളെ പ്രാപ്തരാക്കുക, NRI നിക്ഷേപമടക്കം നിക്ഷേപങ്ങൾ ആകർഷിക്കത്തക്ക വിധത്തിൽ ആധുനിക ബാങ്കിംഗ് മേഖലയിലെ എല്ലാ സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കി ബാങ്കിംഗ് മേഖലയിലെ നിർണ്ണായക ശക്തിയായി മാറ്റുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാധ്യമാക്കുന്ന പദ്ധതികളിൽ മുഖ്യപങ്ക് വഹിക്കുവാൻ സാധിക്കത്തക്ക രീതിയിൽ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ മാറ്റങ്ങൾ വരുത്തുക എന്നിവ ഇതിലൂടെ ഉദ്ദേശിക്കുന്നു.

## വൈദ്യുതിനിരക്ക് പരിഷ്കരണം

16 (*196) ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. എൻ .എ. നെല്ലിക്കുന്ന്:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, വൈദ്യുതിനിരക്ക് പരിഷ്കരണത്തിന് നേരിട്ട് നടപടി സ്വീകരിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം നടപടിക്കുള്ള കാരണം വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ വൈദ്യുതി ബോർഡിന്റെ നിലപാടെന്താണെന്ന് വിശദമാക്കുമോ;

(ഡി) പ്രസരണം, വിതരണം, ഉല്പാദനം എന്നീ വിഭാഗങ്ങളെ ഒരു യൂണിറ്റായാണോ വ്യത്യസ്ത യൂണിറ്റുകളായാണോ കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിന് സ്വമേധയാ നടപടികൾ സ്വീകരിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് 2003-04 മുതൽ 2014-15 വരെ വർഷം തോറും അതിന്റെ പ്രതീക്ഷിത വരവുചെലവുകണക്കുകൾ വൈദ്യുതി നിയമം 2003 താരിഫ് പോളിസി, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ എന്നിവയ്ക്കു വിധേയമായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നു. എന്നാൽ 14-11-2014-ൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ലൈസൻസികളുടെ ARR & ERC പെറ്റീഷൻ 'Truing Up' പെറ്റീഷൻ, താരിഫ് പെറ്റീഷൻ എന്നിവ സമർപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ചട്ടങ്ങൾ (Regulations) പുറപ്പെടുവിക്കുകയുണ്ടായി. ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക ഭദ്രതയെ ദോഷകരമായി ബാധിക്കുന്നതായതിനാലും നിലവിലുള്ള താരിഫ് പോളിസിക്ക് വിരുദ്ധമായതിനാലും കെ.എസ്.ഇ.ബി. ലിമിറ്റഡ് ടി ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടും നിലവിലുള്ള രീതിയിൽ ARR & ERC പെറ്റീഷൻ (2015-16 വർഷത്തേയ്ക്ക്) ഫയൽ ചെയ്യാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഒരു പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് അതിന്റെ 2015-16 വർഷത്തേയ്ക്കുള്ള ARR & ERC കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്തെങ്കിലും ഇതിൻമേൽ പരിശോധനപോലും നാളിതുവരെ കമ്മീഷൻ നടത്തിയിട്ടില്ല. ഇക്കാരണത്താലും കേസിന്മേൽ അന്തിമ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിക്കാത്തതിനാലും തുടർന്നുള്ള വർഷങ്ങളിലേയ്ക്കുള്ള ARR & ERC പെറ്റീഷൻ ഫയൽ ചെയ്തിട്ടില്ല. ഇക്കാരണങ്ങളാലും അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL) 11-11-2011-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലും ആണ് താരിഫ് പരിഷ്കരണത്തിന് സ്വമേധയായുള്ള നടപടിക്രമങ്ങൾ കമ്മീഷൻ സ്വീകരിച്ചത്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സാമ്പത്തിക ഭദ്രതയുള്ള ഒരു സ്ഥാപനമായി നിലനിർത്തുന്നതിന് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കമ്മീഷൻ സ്വമേധയാ എടുത്ത നടപടികളിൽ വരവു ചെലവ് കണക്കുകൾ പുനർനിർണ്ണയിക്കണമെന്നും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത് അംഗീകരിച്ച് യഥാർത്ഥ കണക്കുകൾ പരിഗണിക്കണമെന്നും താരിഫിലൂടെയല്ലാതെ മറ്റുയാതൊരുവിധ വരുമാനവും കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഇല്ലെന്നും 2017 -18 വരെ പ്രതീക്ഷിത റവന്യൂ കമ്മി യഥാർത്ഥത്തിൽ 10791.05 കോടി രൂപയായിരിക്കുമെന്നും കമ്മീഷനെ അറിയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അതിന്റെ സ്വമേധയാ എടുത്ത നടപടികൾ പ്രകാരമുള്ള താരിഫ് നിർണ്ണയ പ്രക്രിയയിൽ ഉല്പാദനം, പ്രസരണം, വിതരണം എന്നീ വിഭാഗങ്ങളായി തരംതിരിച്ചാണ് വരവുചെലവ് കണക്കുകളും വരുമാന കമ്മിയും കണക്കാക്കിയിരിക്കുന്നത്. എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് അതിന്റെ വരവുചെലവു കണക്കുകൾ ഒറ്റ യൂണിറ്റായി കണക്കാക്കിയാണ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നത്.

**വൈദ്യുതികമ്മി നേരിടാൻ വൈദ്യുതോല്പാദന കമ്പനികളുമായി കരാർ**

17 (*197) <u>ശ്രീ. എം. ഉമ്മർ:</u>

<u>ശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>

<u>ശ്രീ. പി. ഉബൈദുള്ള:</u>

<u>ശ്രീ പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കമ്മി നേരിടാൻ സംസ്ഥാനത്തിനകത്തെ ഏതൊക്കെ വൈദ്യുതോല്പാദന കമ്പനികളുമായി വൈദ്യുതി ബോർഡ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്;

(ബി) ഇവയിൽ ഏതെങ്കിലും കമ്പനികളുമായുള്ള കരാറിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, അത്തരം കമ്പനികളെ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് താപനിലയം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) രൂക്ഷമായ വരൾച്ചയുടെ സാഹചര്യത്തിൽ ജലവൈദ്യുതിയിൽ ഉണ്ടാകാവുന്ന ഉല്പാദനക്കുറവ് പരിഹരിക്കാൻ മറ്റ് ആഭ്യന്തര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇക്കാര്യത്തിൽ കാലാവധി കഴിഞ്ഞ കരാറുകൾ പുതുക്കിയും ഇതര ഉല്പാദന സ്രോതസ്സുകളിൽ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചും വൈദ്യുതവിതരണം കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതി കമ്മി നേരിടാൻ സംസ്ഥാനത്തിനകത്തെ താഴെ പറയുന്ന കമ്പനികളുമായി വൈദ്യുതി ബോർഡ് കരാറിൽ ഏർപ്പെട്ടിരുന്നു:

1. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എൻ.റ്റി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള കായംകുളത്തെ 359.58 മെഗാവാട്ട് ശേഷിയുള്ള രാജീവ് ഗാന്ധി കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട് (RGCCPP). ഈ കരാറിന്റെ കാലാവധി 28-2-2025 വരെയാണ്.

2. കൊച്ചിയിലെ 165 മെഗാവാട്ട് ശേഷിയുള്ള ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ് (BKPL) കരാർ കാലാവധി അവസാനിച്ചു.

3. കാസർഗോഡിലെ 20.436 മെഗാവാട്ട് ശേഷിയുള്ള കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ് (KPCL). ഈ കരാറും അവസാനിച്ചു.

ഇതുകൂടാതെ ചെറുകിട വൈദ്യുത നിലയങ്ങളായ എം.വി. സ്റ്റീൽ കാസ്റ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ്, ഇൻഡ്സിൽ ഇലക്ട്രോമെൽറ്റ്സ് ലിമിറ്റഡ്, കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, ഇ.ഡി.സി.എൽ. പവർ പ്രോജക്ട് ലിമിറ്റഡ്, വിയത്ത് പവർ ലിമിറ്റഡ്, മാങ്കുളം ഗ്രാമപഞ്ചായത്ത്, അയ്യപ്പാ ഹൈഡ്രോ പവർ ലിമിറ്റഡ്, പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി ലിമിറ്റഡ്, ഇടുക്കി ജില്ലാ പഞ്ചായത്ത്, രാമക്കൽമേട്, അഗളി, അഹല്യാ ആൾട്ടർനേറ്റ് എനർജി ലിമിറ്റഡ്, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് അതോറിറ്റി ലിമിറ്റഡ്, തുടങ്ങിയ 0.05 മെഗാവാട്ട് മുതൽ 21 മെഗാവാട്ട് വരെയുള്ള ആഭ്യന്തര ഊർജ്ജ ഉത്പാദകരായ IPP/CPP (Independent Power Project/Captive Power Project)- കളുമായി വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) 1. ബി.കെ.പി.എൽ.-മായി, കെ.എസ്.ഇ.ബി.എൽ. 3-5-1999-ൽ ഒപ്പിട്ട കരാർ 31-10-2015-ൽ അവസാനിച്ചു. ഈ നിലയത്തെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുമോ എന്ന് വേണ്ടത്ര പഠനം നടത്തി കണ്ടെത്തിയാൽ മാത്രമേ ടി നിലയം ഏറ്റെടുക്കുന്നതിനെക്കുറിച്ച് തീരുമാനിക്കാൻ കഴിയുകയുള്ളൂ.

2. കെ.പി.സി.എൽ.-മായി കെ.എസ്.ഇ.ബി.എൽ. 12-8-1998-ൽ ഒപ്പിട്ട കരാർ 13-5-2016-ൽ അവസാനിച്ചു. ഈ കമ്പനിയെ ഏറ്റെടുക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരളത്തിനകത്തുള്ള വൈദ്യുതി ഉല്പാദന കമ്പനികളെല്ലാം, തെർമ്മൽ പ്ലാന്റുകളും, ഇതിനായി ഉപയോഗിക്കുന്ന ഇന്ധനം നാഫ്തയോ, LSHS-ഓ ആണ്. ഇവയുടെ വില ക്രമാതീതമായി ഉയർന്ന് നിൽക്കുന്നതിനാൽ ഇത്തരം പ്ലാന്റുകളിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് വില യൂണിറ്റൊന്നിന് 7 രൂപയിൽ കൂടുതൽ ആയതിനാലും ശരാശരി യൂണിറ്റൊന്നിന്റെ വിറ്റുവരവ് 5.30 പൈസയായതിനാലും, കുറഞ്ഞ വിലയ്ക്ക് കേരളത്തിന് പുറത്തുനിന്ന് വൈദ്യുതി വാങ്ങാൻ കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളതിനാലും, കേരളത്തിനകത്തുള്ള തെർമ്മൽ നിലയങ്ങളിൽനിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വൈദ്യുതി വാങ്ങുന്നില്ല.

(സി) പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ സാധ്യതാ പഠനം നടത്തുന്നതിനും ഊർജ്ജോത്പാദനം സാധ്യമാക്കുന്നതിനുമായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി & എനർജി സേവിംഗ്സ് എന്ന വിഭാഗം പ്രവർത്തിച്ചുവരുന്നു. 2022-ഓടുകൂടി സ്ഥാപിതശേഷി 1104.17 MW ആയി ഉയർത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം 77 മെഗാവാട്ടിന്റെ പദ്ധതികൾ ഗ്രിഡുമായി ബന്ധിപ്പിക്കും. നാളിതുവരെ 14 സൗരോർജ്ജ പദ്ധതികളിൽ നിന്നായി 9.36 മെഗാവാട്ടിന്റെ പദ്ധതികൾ ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 10.3 മെഗാവാട്ട് ശേഷിയുള്ള 13 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 4.71 മെഗാവാട്ട് ശേഷിയുള്ള 6 പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

കഞ്ചിക്കോട് 2.625 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെയും 1 മെഗാവാട്ട് സോളാർ നിലയത്തിന് സമീപത്തായി 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെയും ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പൂവാർ കടൽത്തീരത്ത് 1 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി പാടം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. സ്വകാര്യ/മറ്റിതര സ്ഥാപനങ്ങൾ വഴി 35 മെഗാവാട്ടോളം കൂട്ടിച്ചേർക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ, ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിവരുന്നു.

കേന്ദ്ര നവനവീകരണ ഊർജ്ജ മന്ത്രാലയം വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന സോളാർ പാർക്ക് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽനിന്നും നടപ്പുവർഷം 50 മെഗാവാട്ട് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ശേഷിക്കുന്നതിൽ 50 മെഗാവാട്ട്, 2017-18-ലും 100 മെഗാവാട്ട് 2018-19-ലും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജലവൈദ്യുത പദ്ധതികളൊഴികെയുള്ള മറ്റ് ആഭ്യന്തര സ്രോതസ്സുകളിൽ നിന്നുള്ള ഉൽപ്പാദന ചെലവ് കൂടുതലായതുകൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രായേണ ചെലവു കുറഞ്ഞ വൈദ്യുതി എത്തിച്ച് ആവശ്യകത നേരിടാനാണ് ശ്രമിക്കുന്നത്. എന്നിരുന്നാലും അടിയന്തരഘട്ടങ്ങളിൽ ഉപയോഗിക്കുവാനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ആഭ്യന്തര താപനിലയങ്ങളായ ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റും, കോഴിക്കോട് പവർ പ്ലാന്റും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(ഡി) കാലാവധി കഴിഞ്ഞ കരാറുകൾ പുതുക്കിയിട്ടില്ല.

**ഊർജ്ജ ദൂത് പദ്ധതി**

18 (*198) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മുടങ്ങുന്നത് എസ്.എം.എസ്. സന്ദേശംവഴി ഉപഭോക്താക്കളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള ഊർജ്ജ ദൂത് പദ്ധതി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സൗകര്യം എങ്ങനെയാണ് ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി ഏത് സാങ്കേതിക സംവിധാനം ഉപയോഗപ്പെടുത്തിയാണ് നടപ്പാക്കുന്നത്; വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതി മുടങ്ങുന്നതും എപ്പോൾ തിരികെ ലഭിക്കും എന്നുള്ളതും എസ്.എം.എസ്. മുഖേന ഉപഭോക്താക്കളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള ഊർജ്ജദൂത് പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്. 2016 സെപ്റ്റംബർ മാസം 5 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ ഉള്ളൂർ ഇലക്ട്രിക്കൽ സെക്ഷനിലും, കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിലും നിലവിൽ വന്നു. മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉപഭോക്താക്കൾക്കും ഈ സേവനം ലഭ്യമാണ്.

(ബി) വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപ്പണികൾമൂലം ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ മുൻകൂട്ടി അറിയിക്കാൻ കഴിയുന്നവ അപ്രകാരവും, അടിയന്തരഘട്ടങ്ങളിൽ ഉണ്ടാകുന്നവ അതേ സമയത്തും വൈദ്യുതി എപ്പോൾ തിരികെ ലഭിക്കും എന്നതുൾപ്പെടെ ഉപഭോക്താക്കളെ അറിയിക്കുന്നതാണ് ഊർജ്ജദൂത് പദ്ധതി. വൈദ്യുത ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന അറ്റകുറ്റപ്പണികൾമൂലം ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ കൃത്യമായി അറിയാൻ കഴിഞ്ഞാൽ ഉപഭോക്താക്കൾക്ക് തങ്ങളുടെ ജോലികൾ അതിനനുസരിച്ച് ക്രമീകരിച്ച് നിർവ്വഹിക്കാൻ കഴിയും. അതുപോലെ ആകസ്മികമായി വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുമ്പോൾ ഉപഭോക്താക്കൾക്കുണ്ടാകുന്ന ആശങ്കയും എപ്പോൾ വൈദ്യുതി തിരികെ ലഭിക്കുമെന്ന സംശയവും മറ്റും ദൂരീകരിക്കാൻ ഈ പദ്ധതിക്കാകും.

ഈ പദ്ധതി ഉപയോഗപ്പെടുത്താനാഗ്രഹിക്കുന്ന ഉപഭോക്താക്കൾ കെ.എസ്.ഇ.ബി. വെബ്സൈറ്റ് ആയ ഡബ്ല്യുഡബ്ല്യുഡബ്ല്യു.കെ.എസ്ഇബി.ഇൻ (www.kseb.in)-ൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. സെക്ഷനോഫീസുകൾവഴിയും ഈ സേവനത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) ഉപഭോക്താക്കൾക്കുവേണ്ടി ബോർഡ് സ്വതന്ത്ര സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഔട്ടേജ് മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ സംവിധാനവും എസ്.എം.എസ്. സാങ്കേതിക സംവിധാനവും ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

## ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ്

19 (*199) ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. എൽദോ എബ്രഹാം:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് നിലവിൽ വരുമ്പോൾ നികുതി വിഹിതം പങ്കിടുന്നത് സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ ഏതൊക്കെ കാര്യങ്ങളിലാണ് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് നടപ്പിലാകുമ്പോൾ സംസ്ഥാനങ്ങൾ നേരിടുന്ന വരുമാന നഷ്ടം ഏതൊക്കെ തരത്തിൽ പരിഹരിക്കുമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ സംസ്ഥാനത്തിനകത്ത് നടക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും എല്ലാ സപ്ലൈകൾക്കും ഒരേ നിരക്കിൽ CGST-യും SGST-യും ചുമത്തപ്പെടും. അന്തർസംസ്ഥാന സപ്ലൈകളിൽ IGST-യാണ് ചുമത്തപ്പെടുക. ഇത് CGST -SGST നിരക്കുകൾ ചേർന്നതായിരിക്കും. ചരക്ക് സേവന നികുതി പ്രാപ്യസ്ഥാന നികുതിയായതിനാൽ ഏത് സംസ്ഥാനത്തേയ്ക്കാണോ കൈമാറ്റം ചെയ്യപ്പെടുന്നത് ആ സംസ്ഥാനത്ത് അതിനാസ്പദമായ SGST ലഭിക്കും. സ്വീകർത്താവിന് ഇതിനുള്ള Input Tax Credit-ഉം ലഭിക്കുന്നതാണ്.

(ബി) കരട് നിയമത്തിന്റെ വകുപ്പ് തിരിച്ചുള്ള വിശദമായ ചർച്ച, നഷ്ടപരിഹാര നിയമത്തെപ്പറ്റിയുള്ള ചർച്ച എന്നിവ ജി.എസ്.ടി. യോഗങ്ങളിൽ നടന്നുവരുന്നു. ഇതുവരെയും കേന്ദ്രമോ സംസ്ഥാനങ്ങളോ അവരുടെ അഭിപ്രായം അടിച്ചേൽപ്പിക്കുന്ന രീതിയിൽ ഒരു വോട്ടിംഗ് നിലയിലോട്ട് പോയിട്ടില്ല. പരമാവധി വിട്ടുവീഴ്ചകൾ ചെയ്ത് ഏകകണ്ഠമായ തീരുമാനം എടുക്കാനാണ് സാധ്യത.

പ്രസ്തുത യോഗങ്ങളിൽ തീരക്കടലിൽ നടക്കുന്ന സപ്ലൈകൾ കേന്ദ്ര നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശമുണ്ടായി. കൂടാതെ നിലവിലുള്ള സേവന

നികുതി ദാതാക്കളുടെയും അന്തർ സംസ്ഥാന സപ്ലൈകളുള്ള ഡീലർമാരുടെയും ഭരണ നിർവ്വഹണം കേന്ദ്രത്തിന് മാത്രമായി വിട്ടുനൽകണമെന്നും കേന്ദ്രം അഭിപ്രായപ്പെടുകയുണ്ടായി. ഇതിനെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ശക്തമായി എതിർക്കുകയും ഇതിന്റെ ഫലമായി ഒന്നര കോടി രൂപ വരെ വിറ്റുവരവുള്ള സപ്ലൈകളിൽ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളും അതിന് മുകളിലുള്ളവ 1:1 എന്ന അനുപാതത്തിലും വീതം വയ്ക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാനനഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം നിയമമായിട്ടുണ്ട്. ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ 2015-2016-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ്, വർഷം തോറും കണക്കാക്കി ആദ്യ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്നതാണെന്ന വ്യവസ്ഥ GST Compensation Act - ൽ ഉൾപ്പെടുത്തണമെന്ന് GST കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്.

**എം.എൽ.എ. ഫണ്ട് വിതരണത്തിലെ കാലതാമസം**

20 (*200) ശ്രീ. കെ. ബി. ഗണേഷ് കുമാർ :

ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. സി. കെ. നാണു :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാർക്ക് പ്രാദേശിക വികസനത്തിന് ഫണ്ട് അനുവദിക്കുന്നതിനായി ഭരണാനുമതി നൽകുന്നതിന് കളക്ടർമാരുടെ ഓഫീസിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള കാലതാമസം പരിഹരിക്കുന്നതിനായി എം.എൽ.എ.-മാർക്കുള്ള ഫണ്ട് വിനിയോഗം ഒരു വെബ് ആപ്ലിക്കേഷൻവഴി ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശ്യമുണ്ടോ;

(സി) എം.എൽ.എ. ഫണ്ട് വിതരണത്തിൽ നിലവിലുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്ന ശിപാർശകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ ചിലപ്പോൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാര മാണോയെന്ന് പരിശോധിക്കുമ്പോൾ എന്തെങ്കിലും അപാകതകൾ കണ്ടെത്തുകയാണെങ്കിൽ ആയത് പരിഹരിച്ച് ഭരണാനുമതി പുറപ്പെടുവിക്കുന്ന സന്ദർഭങ്ങളിൽ കാലതാമസം നേരിടാറുണ്ട്.

(ബി) ഉദ്ദേശ്യമുണ്ട്. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ പദ്ധതി സമർപ്പണം മുതൽ നിർവ്വഹണ പുരോഗതി നിരീക്ഷണം വരെയുള്ള നടപടികൾ ഓൺലൈനായി നടത്തുന്നതിനുള്ള സംവിധാനം നടപ്പിൽ വരുത്തുന്നതിന് ലക്ഷ്യമിടുന്നു. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനമായ 'പ്ലാൻസ്പേസ്'-ന്റെ ജില്ലാതല വ്യാപനത്തിൽ ഉൾപ്പെടുത്തിയാണ് ഇത് സാധ്യമാക്കുന്നത്. ഇതിന്റെ സോഫ്റ്റ് വെയർ രൂപപ്പെടുത്തുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ്.

(സി) പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കാൻ വൈകുന്നതിനാലാണ് ഫണ്ട് വിതരണത്തിൽ കാലതാമസം നേരിടുന്നത്. പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കാനും, പൂർത്തീകരിക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് ബിൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കാനും എം.എൽ.എ.-മാരുടെ റിവ്യൂ മീറ്റിംഗിലും, മാസംതോറുമുള്ള ജില്ലാ വികസന സമിതി യോഗത്തിലും പ്രവൃത്തി നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്.

**കയറ്റുമതിയിൽ കേരളത്തിന്റെ സ്ഥിതി**

21 (*201) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറ്റുമതിയിൽ കേരളത്തിന്റെ സ്ഥിതിയും മത്സരക്ഷമതയും സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്നും പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) രാജ്യത്തെ കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ;

(സി) ഉയർന്ന തൊഴിൽ സാധ്യതയും കയറ്റുമതിയിൽ മത്സരക്ഷമതയുമുള്ള മേഖലകൾ ഏതൊക്കെയാണെന്നും ഇവയ്ക്ക് എന്തൊക്കെ പരിഗണന നൽകുമെന്നും വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കയറ്റുമതിയിൽ കേരളത്തിന്റെ സ്ഥിതിയും മത്സരക്ഷമതയും സംബന്ധിച്ച് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി. ഫെഡറേഷൻ ഓഫ് ഇൻഡ്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻ എന്ന ഏജൻസിയുമായി സഹകരിച്ച് ഒരു പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ചില കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളത്തിനുണ്ടായിരുന്ന മേൽകൈ നഷ്ടമായിവരുന്ന സാഹചര്യത്തിലാണ് കെ.എസ്.ഐ.ഡി.സി.യും ഈ മേഖലയിൽത്തന്നെ പ്രഗൽഭരായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷനുമായി സഹകരിച്ച് ഇത്തരത്തിൽ ഒരു പഠനം നടത്തിയത്. ഉൽപ്പന്നങ്ങളെ വളർച്ചയുടെ അടിസ്ഥാനത്തിൽ മൂന്നായിതിരിച്ച് നടത്തിയ പഠനത്തിൽ ആഗോളതലത്തിൽ ഓരോന്നിനുമുള്ള ആവശ്യകതയും, നിലവിൽ സംസ്ഥാനത്തിന് ഈ ഉൽപ്പന്നങ്ങളിലുള്ള മത്സരക്ഷമതയുമാണ് പരിഗണിച്ചത്. കൂടുതൽ സാധ്യതയുള്ള ഉൽപ്പന്നങ്ങളെ ശാക്തീകരിക്കാനും, കയറ്റുമതിയിലെ കേരളത്തിന്റെ ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. കയറ്റുമതി രംഗത്ത് കേരളത്തിലെ നിലവിലെ സാഹചര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രധാനപ്പെട്ട ശിപാർശകൾ താഴെ പറയുന്നവയാണ്:

(1) ആഗോള വിപണിയിൽ ആവശ്യകത കൂടുതലുള്ള ഇലക്ട്രോണിക്സ് ഫാർമസ്യൂട്ടിക്കൽസ് എസെൻഷ്യൽ ഓയിൽസ്, മെഡിക്കൽ എക്യുപ്മെന്റ്സ് തുടങ്ങിയ മേഖലകളിലെ കയറ്റുമതി വർദ്ധിപ്പിക്കുക.

(2) വൈവിധ്യവൽക്കരണം സാധ്യമായ മേഖലകളിൽ അത് നടപ്പാക്കി ആ മേഖലയിൽ നിന്നുള്ള കയറ്റുമതിയുടെ പ്രോത്സാഹനം.

(3) കയറ്റുമതി പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള കയറ്റുമതി നയത്തിന്റെ രൂപീകരണം.

(4) കയറ്റുമതി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ജലം, വൈദ്യുതി, തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്തൽ.

(5) വ്യാവസായിക വിഭവശേഷി വർദ്ധനവിനായി ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനപ്പെടുത്തൽ.

(6) നൂതനമായ സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി നടപടിക്രമങ്ങളുടെ ലഘൂകരണം

(7) വ്യാവസായിക വികസനത്തിന് ഉതകുന്ന തരത്തിൽ സ്കിൽ ഡെവലപ്മെന്റിന് ഊന്നൽ നൽകിക്കൊണ്ട് നിലവിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പരിഷ്കരണം.

(ബി) 2015-16 സാമ്പത്തിക വർഷത്തിലെ കണക്കനുസരിച്ച് 4.8 ബില്യൺ യു.എസ്. ഡോളറുമായി കയറ്റുമതിരംഗത്ത് രാജ്യത്തിൽ 7-ാം സ്ഥാനമാണ് കേരളത്തിനുള്ളത് എന്ന് പഠന റിപ്പോർട്ട് സൂചിപ്പിക്കുന്നു.

(സി) ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, റബ്ബർ, സമുദ്രോൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, കാർഷി കോൽപ്പന്നങ്ങൾ തുടങ്ങിയവയാണ് കയറ്റുമതിയിൽ മത്സരക്ഷമതയുള്ള മേഖലകൾ എന്ന് പ്രസ്തുത പഠന റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു. പഠന റിപ്പോർട്ടിലെ ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

**വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കാൻ കർമ്മ പദ്ധതികൾ**

22 (*202) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി എന്തെല്ലാം കർമ്മ പദ്ധതികളാണ് നിലവിൽ നടപ്പാക്കി വരുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ അനുദിന ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നത് ഏതെല്ലാം സ്രോതസുകളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതിയുടെ ഉല്പാദനവും വിതരണവും ചെലവു കുറഞ്ഞ രീതിയിൽ ഉറപ്പുവരുത്താൻ പദ്ധതി നടപ്പാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതി സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നിലവിൽ നിർമ്മാണം നടന്നുവരുന്ന 6 ജലവൈദ്യുത പദ്ധതികൾ (ആകെ 59 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തിയാക്കുവാനും, മുടങ്ങിക്കിടക്കുന്ന 3 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുനരാരംഭിക്കുവാനും (ആകെ 106 മെഗാവാട്ട്) പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാനുമുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആകെ 156.6 മെഗാവാട്ട് സ്ഥാപിതശേഷി ലഭിക്കുന്ന 16 പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മേൽപ്പറഞ്ഞ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു. ഇവ കൂടാതെ പുതിയ ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിനും അവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നുള്ള ഊർജ്ജ ഉത്പാദനം ലക്ഷ്യമിട്ട് ഇതുവരെ 14 സൗരോർജ്ജ പദ്ധതികളിൽ നിന്നായി 9.36 മെഗാവാട്ടിന്റെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 10.3 മെഗാവാട്ടിന്റെ 13 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 4.71 മെഗാവാട്ട് ശേഷിയുള്ള 6 പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

2022-ഓടുകൂടി സ്ഥാപിതശേഷി 1104.17 മെഗാവാട്ട് ആയി ഉയർത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം 77 മെഗാവാട്ടിന്റെ പദ്ധതികൾ ഗ്രിഡുമായി ബന്ധിപ്പിക്കും.

കൂടാതെ സോളാർ പാർക്ക് പദ്ധതി പ്രകാരം 200 മെഗാവാട്ട് ശേഷിയുള്ള പദ്ധതി കാസർഗോഡ് ജില്ലയിൽ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യവഴി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽനിന്നും നടപ്പു വർഷം 50 മെഗാവാട്ട് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ശേഷിക്കുന്ന 50 മെഗാവാട്ട് 2017-18-ലും 100 മെഗാവാട്ട് 2018-19-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കഞ്ചിക്കോട് 2.625 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെയും 1 മെഗാവാട്ട് സോളാർ നിലയത്തിന് സമീപം 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി പാടം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെയും ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പൂവാർ കടൽതീരത്ത് 1 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി പാടം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. സ്വകാര്യ/മറ്റിതര സ്ഥാപനങ്ങൾവഴി 35 മെഗാവാട്ടോളം കൂടി ചേരുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പ്രകൃതി വാതകം ന്യായമായ വിലയിൽ ലഭിക്കുന്നമുറയ്ക്ക് ബ്രഹ്മപുരത്ത് വാതകാധിഷ്ഠിത നിലയം സ്ഥാപിക്കും. വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച് നടത്തി 30 കൊല്ലത്തിനുശേഷം തിരിച്ച് സർക്കാരിലേയ്ക്ക് തരുന്ന വിധത്തിലുള്ള (Build Own Operate & Transfer - BOOT) 20 പദ്ധതികൾ അനുവദിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഏകദേശം 47.4 MW സ്ഥാപിതശേഷിയാണ് ഈ പദ്ധതികളിൽനിന്നും പ്രതീക്ഷിക്കുന്നത്. പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 3* - ൽ ചേർത്തിരിക്കുന്നു.

കൂടാതെ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവർക്ക് പ്രോത്സാഹനം നൽകിവരുന്നു. മാത്രമല്ല, സ്വന്തം സ്ഥലത്ത് പദ്ധതിക്ക് അനുയോജ്യമായ സ്ഥലമുണ്ടെങ്കിൽ, കുറഞ്ഞ പ്രീമിയം തുകയായ 15 ലക്ഷം രൂപ/MW അടച്ച് ദർഘാസിലൂടെ അല്ലാതെ പദ്ധതി നടത്തുവാനും പോളിസി ലക്ഷ്യമിടുന്നു.

(ബി) സംസ്ഥാനത്തിന്റെ അനുദിന ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നത്, സംസ്ഥാനത്തിലെ ആഭ്യന്തര ഉൽപ്പാദനംവഴിയും കേന്ദ്ര വിഹിതമായും ദീർഘ/മധ്യ/ഹ്രസ്വകാല കരാർ/പവർ എക്സ്ചേഞ്ച്വഴിയും ലഭ്യമാകുന്ന വൈദ്യുതി ഉപയോഗിച്ചുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ദിനംപ്രതിയുള്ള വൈദ്യുതി ലഭ്യതയുടെ വിവരങ്ങൾ (28-2-2017-ലെ കണക്കനുസരിച്ച്) ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഉപഭോഗം | 71.1174 മില്ല്യൺ യൂണിറ്റ് |
| ജല/താപവൈദ്യുതി/ മറ്റു പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വഴി ലഭ്യമായ വൈദ്യുതി | 10.2736 മില്ല്യൺ യൂണിറ്റ് |
| കേന്ദ്ര വിഹിതം | 31.3584 മില്ല്യൺ യൂണിറ്റ് |
| ദീർഘ/മധ്യ/ഹ്രസ്വകാലകരാർ/പവർ എക്സ്ചേഞ്ച് വഴി ലഭ്യമാകുന്ന വൈദ്യുതി (open access) ഉൾപ്പെടെ | 26.7318 മില്ല്യൺ യൂണിറ്റ് |
| ഗ്രിഡ് വഴി അധികമായി എടുത്ത വൈദ്യുതി | 2.7536 മില്ല്യൺ യൂണിറ്റ് |
| ആകെ | 71.1174 മില്ല്യൺ യൂണിറ്റ് |

(സി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിലൊന്നായ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ വൈദ്യുതി ഉൽപ്പാദന ചെലവ് കുറഞ്ഞ ചെറുകിട ജലവൈദ്യുത പദ്ധതികളാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏറ്റെടുത്ത് നടപ്പാക്കുന്നത്. നിലവിൽ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. ആകെ 116.6 മെഗാവാട്ട് സ്ഥാപിതശേഷി ലഭിക്കുന്ന 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

MNRE കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന സൗരോർജ്ജ നിലയങ്ങളുടെ അടിസ്ഥാന നിരക്കുകളുമായി ബന്ധപ്പെടുത്തിയും, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്തുമാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്. ടി നിലയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇ-ടെൻഡറിലൂടെ സുതാര്യമായ നിലയിൽ EPC (Engineering Procurement & Construction Contract) കരാർ വഴി പദ്ധതി നടപ്പിലാക്കുന്നു.

MNRE പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കേന്ദ്രത്തിൽ നിന്നും സാമ്പത്തിക സഹായം പരമാവധി ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

ചെലവുകുറഞ്ഞ മൈക്രോ ജലവൈദ്യുത ടർബയിനുകളുടെ പൈലറ്റ് പ്രോജക്ടുകൾ പൊതുജനങ്ങൾക്ക് കാണുവാൻ പാകത്തിൽ നടപ്പിലാക്കുവാൻ പദ്ധതികൾ ഉണ്ട്. ഇതിനായിട്ടുള്ള ദർഘാസ് നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഇവ വികേന്ദ്രീയമായോ അല്ലെങ്കിൽ സാധാരണ LT ലൈനിലോട്ട് സിക്രണൈസ് ചെയ്യാൻ പാകത്തിനുള്ളതാണ്. അതിനാൽ പ്രാദേശികമായി വോൾട്ടേജ് ക്ഷാമവും തദ്വാര പ്രസരണ നഷ്ടവും കുറയ്ക്കുവാനും കഴിയും.

ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുതി ഉത്പാദനത്തിനായും ശൃംഖലാബന്ധിതമല്ലാത്ത സൗരോർജ്ജ വൈദ്യുതി ഉത്പാദനത്തിനായും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി സൗരമേൽക്കൂര പദ്ധതി അനെർട്ട് നടപ്പിലാക്കിവരുന്നു. ഈ സാമ്പത്തിക വർഷം ആകെ 11.4 മെഗാവാട്ട് സ്ഥാപിതശേഷിയാണ് ലക്ഷ്യമിടുന്നത്.

**ട്രഷറികളെ ശക്തിപ്പെടുത്തുന്നതിന് നടപടി**

23 (*203) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ബി.ഡി. ദേവസ്സി:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ട്രഷറി നിക്ഷേപങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും നിക്ഷേപ സൗഹാർദ്ദ സൗകര്യങ്ങൾ ഒരുക്കുന്നതിനും എ.ടി.എം. ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) ട്രഷറി നിക്ഷേപങ്ങൾ ആകർഷിക്കത്തക്ക തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആയതിനുള്ള നടപടികൾ കാര്യക്ഷമമായും കാലതാമസമില്ലാതെയും നടപ്പാക്കുന്നതിനും ആവശ്യമായ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തെ ട്രഷറികളെ ശക്തിപ്പെടുത്തുന്നതിന് വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രഷറികളുടെ ആധുനികവൽക്കരണം പ്രധാനമായും രണ്ടുമേഖലകളിലാണ് നടക്കുന്നത്.

1. ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം.
2. അടിസ്ഥാന സൗകര്യ വികസനം.

ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം.

സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS) ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതിന്റെ പൂർത്തീകരണ പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 23-2-2017-ന് നടത്തുകയുണ്ടായി. റവന്യൂ മാനേജ്മെന്റിന് പത്തു ബാങ്കുകളെ ബന്ധിപ്പിച്ച് ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസ്സാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റു ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏതു ട്രഷറിയിൽനിന്നും പണമിടപാട് നടത്തുവാൻ കഴിയുന്ന CORE BANKING എന്നിങ്ങനെ നിരവധി ആധുനിക സംവിധാനങ്ങൾ ഉൾക്കൊള്ളുന്നതാണ് IFMS.

അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP)

സ്വന്തമായി കെട്ടിടമില്ലാത്തതും ജീർണ്ണാവസ്ഥയിലുള്ളതുമായ ട്രഷറി കെട്ടിടങ്ങൾ കിഫ്ബിയിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് നവീകരിക്കുന്നതിനും നിർമ്മിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ ഏജൻസിയായി INKEL Ltd.-നെ തത്വത്തിൽ അംഗീകരിച്ചിട്ടുമുണ്ട്. കൂടാതെ, ട്രഷറികളിലെ കമ്പ്യൂട്ടർ/നെറ്റ്‌വർക്ക് സംവിധാനങ്ങൾ നവീകരിക്കാനുള്ള നടപടികളും IFMS-ന്റെ ഭാഗമായി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ട്രഷറി സേവിംഗ്സ് ബാങ്കിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഏത് ട്രഷറിവഴിയും ഇടപാടുകൾ നടത്തി പണം പിൻവലിക്കുവാനും നിക്ഷേപിക്കുവാനും സാധിക്കുന്നു. അതിന്റെ അടുത്ത ഘട്ടമായി ഇടപാടുകാരുടെ സൗകര്യാർത്ഥം നെറ്റ്ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സ്മാർട്ട് ഫോൺവഴി ട്രഷറിയിൽനിന്നും പണം മറ്റ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനോ ട്രഷറികളിലെയോ ബാങ്കിലെയോ അക്കൗണ്ടിൽനിന്ന് സർക്കാർ സേവനങ്ങൾക്കുവേണ്ടി അടയ്ക്കുന്നതിനോ താമസംവിനാ സൗകര്യമുണ്ടാകും.

ട്രഷറികളിൽ എ.റ്റി.എം. സ്ഥാപിക്കുന്നതിലെ അപ്രായോഗികത പരിഗണിച്ച് ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം.-ലൂടെ തുക പിൻവലിക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്താനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ട്രഷറി നിക്ഷേപങ്ങൾ ആകർഷിക്കത്തക്ക തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആയതിനുള്ള നടപടികൾ കാര്യക്ഷമവും കാലതാമസ മില്ലാതെയും നടപ്പാക്കുന്നതിനും ആവശ്യമായ ക്രിയാത്മകമായ ഇടപെടലുകൾ നടന്നുവരുന്നു. ട്രഷറി നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നൽകിവരുന്നു. സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും പൂർണ്ണമായും ട്രഷറി സേവിംഗ്സ് ബാങ്ക്വഴി നൽകാനുള്ള പദ്ധതി പുരോഗമിക്കുന്നു. ജീവനക്കാരുടെയും പെൻഷൻകാരുടെയും നിക്ഷേപങ്ങളിൽ നിന്ന് പ്രതിമാസ അടവുകൾക്കായി അവർ മുൻകൂട്ടി നിർദ്ദേശിക്കുന്ന തീയതികളിൽ ട്രഷറി അക്കൗണ്ടിൽനിന്ന് ഇലക്ട്രോണിക് രീതിയിൽ തുക മാറ്റിക്കൊടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് പരിഗണനയിലാണ്. ശമ്പളവും പെൻഷനും ട്രഷറിയിൽ നിലനിൽക്കുന്ന സമയത്തേയ്ക്ക് ന്യായമായ പലിശയും നൽകുന്നതാണ്. നിക്ഷേപകരെ ആകർഷിക്കാൻ കഴിയുമാറ് ട്രഷറിയുടെ പ്രവർത്തനം പരമാവധി ഉപഭോക്തൃ സൗഹൃദവും ലളിതവും സുഗമവും ആക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നതും ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിന് സഹായകമായിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ പെൻഷനുകൾ**

24 (*204) <u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീമതി യു. പ്രതിഭ ഹരി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വീട്ടിലെത്തിച്ചു നൽകുന്ന പദ്ധതിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായ തുക വിതരണം ചെയ്യാൻ സ്വീകരിച്ച നടപടിയുടെ വിശദാംശം നൽകുമോ;

(സി) അനർഹരായ നിരവധിപേർ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതായും അർഹരായ നിരവധിപേർക്ക് പെൻഷൻ നിഷേധിക്കപ്പെട്ടതായും ഉള്ള ഓഡിറ്റ് കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) ഒരു വ്യക്തിക്ക് ഒന്നിലധികം പെൻഷന് അർഹതയില്ലെന്ന പ്രഖ്യാപനം ഗുണഭോക്തൃവിഹിതം അടച്ച് പെൻഷന് അർഹത നേടിയവരെ ഏത തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്.

ബഹു ധനകാര്യ വകുപ്പുമന്ത്രി 18-1-2017, 3-2-2017, 16-2-2017 എന്നീ തീയതികളിലും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 17-12-2016, 15-2-2017 തീയതികളിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വീട്ടിലെത്തിച്ചു നൽകുന്ന പദ്ധതിയെക്കുറിച്ച് വിശദമായ അവലോകനം നടത്തിയിട്ടുണ്ട്. 15-8-2016-സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 324/2016/ധന. പ്രകാരം ജില്ലാ സഹകരണ ബാങ്കിലൂടെ പ്രാഥമിക സഹകരണ സംഘങ്ങൾ/ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾവഴി വിതരണം നടത്തുകയും തുടർന്ന് സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർവഴി പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ വിതരണം നടത്തുകയും ചെയ്തിരുന്നു. ഇതിലേയ്ക്കായി ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ സോഫ്റ്റ്‌വെയർ തയ്യാറാക്കി വെബ് ബെയ്സ്ഡ് ആയിട്ടാണ് വിതരണ നടപടി സ്വീകരിച്ചിട്ടുള്ളത്. 2016 ജൂലൈ മാസം മുതലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ജില്ലാ സഹകരണ ബാങ്കിന്റെ ബ്രാഞ്ചുകൾവഴിയും പ്രാഥമിക സഹകരണ സംഘങ്ങൾ/ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾവഴിയും ഗുണഭോക്താവിന്റെ വീട്ടിൽ എത്തിച്ചുവരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് നൽകാനുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക 2016 ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പംതന്നെ വിതരണം ചെയ്തിട്ടുണ്ട്.

(സി) അനർഹരായ നിരവധി പേർ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതായും അർഹരായ നിരവധിപേർക്ക് പെൻഷൻ നിഷേധിക്കപ്പെട്ടതായുമുള്ള വിഷയം

സർക്കാർ പരിശോധിക്കുകയും ഈ വിഷയത്തിൽ കുടുംബശ്രീ മുഖാന്തരം സർവ്വേ നടത്തുകയും ചെയ്തിരുന്നു. പെൻഷന് അർഹതയുണ്ടായിരുന്നിട്ടും നാളിതുവരെ പെൻഷൻ ലഭിച്ച് തുടങ്ങിയിട്ടില്ലാത്തവർക്ക് ഇക്കാര്യത്തിനായി പ്രാദേശിക സർക്കാരുകളെ സമീപിക്കാവുന്നതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള സംശയങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനുമായി പ്രാദേശിക സർക്കാർതലത്തിൽ അദാലത്ത് സംഘടിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. [സ.ഉ. (എം എസ്.)നമ്പർ 34/2017/ ധന. തീയതി 21-1-2017]

ഒരാൾക്ക് തന്നെ ഒന്നിലധികം പെൻഷൻ ലഭിക്കുന്നത് കണ്ടെത്തുന്നതിലേയ്ക്കായി ഗുണഭോക്താക്കളുടെ ആധാർ ഐ.ഡി നമ്പർ ഉപയോഗിച്ച് പരിശോധന നടത്തുകയും നിബന്ധനകൾക്ക് വിധേയമായി രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിൽ മാത്രം നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) സാർവ്വത്രിക സാമൂഹ്യ സുരക്ഷാ പെൻഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് (എം എസ്.) നമ്പർ 282/2016/ധന. തീയതി 15-7-2016 പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ 1,000 രൂപയായി ഉയർത്തുകയും ഒരാൾക്ക് ഒരു പെൻഷൻ എന്നതായി നിജപ്പെടുത്തുകയും ചെയ്തിരുന്നു. സർക്കാർ തീരുമാനം പുനഃപരിശോധിക്കുകയും നിലവിൽ ക്ഷേമനിധി ബോർഡിൽനിന്ന് ലഭിക്കുന്ന പെൻഷനോടൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി പെൻഷൻ 1,000 രൂപ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഉയർത്തി നിശ്ചയിക്കുന്നതിനുമുമ്പുള്ള തുകയായ 600 രൂപ നിരക്കിലും ലഭിക്കുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്ഷേമനിധി പെൻഷൻ വാങ്ങിവരുന്നയാളിന് 1,000 രൂപ നിരക്കിലും അതേ സമയം ഇതിനോടകം ഒന്നോ അധിലധികമോ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നുവെങ്കിൽ ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും മാത്രമേ വിതരണം ചെയ്യൂ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്വന്തം ഫണ്ടിൽനിന്നും പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽനിന്നും പെൻഷൻ വാങ്ങുന്ന പെൻഷൻകാർക്ക് രണ്ടാമതൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 1,000 രൂപ നിരക്കിൽ ലഭിക്കുന്നതാണ്. കൂടാതെ വികലാംഗ പെൻഷൻ വാങ്ങുന്നവർക്ക് അർഹതയ്ക്ക് വിധേയമായി മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 1,000 രൂപ നിരക്കിൽ വാങ്ങാവുന്നതാണ്. [ജി.ഒ.(എം എസ്.)നമ്പർ 67/2017/ധന. തീയതി 6-2-2017]

**മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികൾ**

25(*205) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാനുമതിക്ക് സമർപ്പിക്കപ്പെട്ടിട്ടുള്ളതും മുടങ്ങിക്കിടക്കുന്നതുമായ സംസ്ഥാനത്തെ വൈദ്യുതപദ്ധതികളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാതെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നും പ്രാവർത്തികമായിരുന്നുവെങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയുമായിരുന്നുവെന്ന് അറിയിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) നിലവിൽ കേന്ദ്രാനുമതിക്കായി സമർപ്പിച്ച് മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികൾ ഒന്നും തന്നെ ഇല്ല.

(ബി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാതെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഇല്ല.

(സി) ബാധകമല്ല.

**കേന്ദ്ര വൈദ്യുതി ഭേദഗതി നിയമം**

26 (*206) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ബി.ഡി. ദേവസ്സി :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കേന്ദ്ര വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് പരിശോധിച്ചിരുന്നോ; പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) വൈദ്യുതി വിതരണവും വില്പനയും വേർപെടുത്താനും വില്പന പൂർണ്ണമായും സ്വകാര്യവത്കരിക്കാനും ഉള്ള നിർദ്ദേശം വൈദ്യുതി മേഖലയെ ഏതു തരത്തിൽ ബാധിക്കുമെന്ന് അറിയിക്കാമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാക്കാവുന്ന നിയമ ഭേദഗതി നീക്കത്തിൽനിന്നു പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) പരിശോധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വൈദ്യുതി ഭേദഗതി നിയമത്തിലെ പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നു:

1. വൈദ്യുതി വിതരണ മേഖല വിഭജിച്ച്, ശൃംഖലയുടെ നിർമ്മാണ-പരിപാലന ചുമതല ഒരു സ്ഥാപനത്തിനും, വൈദ്യുതി വാങ്ങൽ - വിൽപ്പന മറ്റൊരു സ്ഥാപനത്തിനും (സപ്ലൈ ലൈസൻസി) ആയി മാറ്റണം.
2. ഒരു പ്രദേശത്ത് ഒന്നിലധികം സപ്ലൈ ലൈസൻസികൾ ഉണ്ടാകാം.
3. ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള സപ്ലൈ ലൈസൻസിയിൽനിന്ന് വൈദ്യുതി വാങ്ങാം.
4. കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ദേശീയ വൈദ്യുതി പോളിസി, താരിഫ് പോളിസി തുടങ്ങിയവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന കമ്മീഷൻ, സംസ്ഥാന സർക്കാരുകൾ, ഉല്പാദന ലൈസൻസികൾ തുടങ്ങിയവർക്ക് നിർബന്ധമായും ബാധകമാണ്.
5. റിന്യൂവബിൾ എനർജി ഉല്പാദകരിൽ നിന്നുള്ള ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നു.
6. വിതരണ ലൈസൻസികളുടെയും സപ്ലൈ ലൈസൻസികളുടെയും ഇടനിലയായി പ്രവർത്തിക്കുന്ന ഒരു ഇന്റർമീഡിയറി കമ്പനിയും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഭേദഗതി വൈദ്യുതി ബോർഡിനും സർക്കാരിനും പൊതുജനങ്ങൾക്കും ദോഷകരമായിരിക്കും എന്നാണ് വിലയിരുത്തുന്നത്. പ്രത്യേക വിഭാഗമായി സപ്ലൈ ലൈസൻസി വരുന്നത് ക്രോസ് സബ്സിഡി ഇല്ലാതാക്കുകയും പാവപ്പെട്ട ഉപഭോക്താക്കളെ സാരമായി ബാധിക്കുകയും ചെയ്യും. കൂടാതെ പൊതു മുതൽ ഉപയോഗിച്ച് നിർമ്മിച്ച വൈദ്യുതി വിതരണ ശൃംഖല സ്വകാര്യ/ വൻകിട/ ധനിക ലൈസൻസികൾക്ക് നിയന്ത്രണമില്ലാതെ നൽകുന്നതിനും നിർബന്ധിതമാകും.

(സി) ടി കരട് ഭേദഗതി നിയമത്തിന്മേലുള്ള സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

## ട്രഷറികളുടെ ആധുനികവൽക്കരണം

27 (*207) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി.എഫ്.തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളുടെ ആധുനികവൽക്കരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) ട്രഷറി ഇടപാടുകൾക്ക് നെറ്റ്ബാങ്കിംഗ്, എ.ടി.എം. എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ട്രഷറികളിൽ നിക്ഷേപം വർദ്ധിപ്പിക്കുക വഴി എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്തിന് ആർജ്ജിക്കാൻ സാധിക്കുക; വിശദാംശങ്ങൾ നൽകുമോ;

(ഡി) സംസ്ഥാനത്തെ ട്രഷറികളിലേക്ക് നിക്ഷേപം ആകർഷിക്കുന്ന തിനുതകുന്ന വിധത്തിൽ നിലവിലുള്ള ആധുനികവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തെ ട്രഷറികളുടെ ആധുനികവൽക്കരണം പ്രധാനമായും രണ്ടുമേഖലകളിലായാണ് നടക്കുന്നത്.

1. ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം.
2. അടിസ്ഥാന സൗകര്യ വികസനം.

ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം.

സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS) ഏർപ്പെടുത്തിക്കഴിഞ്ഞു. ആയതിന്റെ പൂർത്തീകരണ പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 23-2-2017 ൽ നിർവ്വഹിച്ചു.

വിവര സാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും അതിലൂടെ മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുകയെന്നതാണ്

IFMS-ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പദ്ധതിയുടെ അന്തഃസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവയ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തികകാര്യ പരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനവകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതാണ് IFMS-ന്റെ ലക്ഷ്യം.

റവന്യൂ മാനേജ്മെന്റിന് പത്തുബാങ്കുകളെ ബന്ധിപ്പിച്ച് ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസ്സാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റുബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏത് ട്രഷറി വഴിയും ഇടപാടുകൾ സാധ്യമാക്കുന്ന CORE BANKING എന്നിങ്ങനെയുള്ള ആധുനികമായ സംരംഭങ്ങൾ ഉൾക്കൊള്ളുന്ന IFMS സംവിധാനമാണ് ട്രഷറികളിൽ നടപ്പിലാക്കിയിട്ടുള്ളത്.

<u>അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP)</u>

സ്വന്തമായി കെട്ടിടമില്ലാത്തതും ജീർണ്ണാവസ്ഥയിലുള്ളതുമായ ട്രഷറി കെട്ടിടങ്ങൾ കിഫ്ബിയിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് നവീകരിക്കുന്നതിനും നിർമ്മിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ ഏജൻസിയായി INKEL Ltd.-നെ തത്വത്തിൽ അംഗീകരിച്ചിട്ടുമുണ്ട്. കൂടാതെ, ട്രഷറികളിലെ കമ്പ്യൂട്ടർ/നെറ്റ്‌വർക്ക് സംവിധാനങ്ങൾ നവീകരിക്കാനുള്ള നടപടികളും IFMS-ന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(ബി) ട്രഷറി സേവിംഗ്സ് ബാങ്ക് ഇപ്പോൾ കോർ ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. അതിന്റെ അടുത്ത ഘട്ടമായി ഇടപാടുകാരുടെ സൗകര്യാർത്ഥം നെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ട്രഷറിയിൽ അക്കൗണ്ടുള്ള

ഒരാൾക്ക് ഇന്റർനെറ്റ് സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി സ്വന്തം അക്കൗണ്ടിലുള്ള പണം മറ്റൊരാളുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള സൗകര്യമാണ് ഇന്റർനെറ്റ് ബാങ്കിംഗ് കൊണ്ടുദ്ദേശിക്കുന്നത്. ഓരോ ഇടപാടുകാരനും സുരക്ഷിതമായ user Id-യും password-ഉം നൽകുന്നതും അതുപയോഗിച്ച് സ്വയം പണം മാറ്റാവുന്നതുമാണ്. ഇതിനായി ഇടപാടുകാരൻ ട്രഷറിയിൽ പോകേണ്ടതില്ല.

G.O.(Rt)No.10460/12/Fin. തീയതി 14-12-2012 പ്രകാരം സംസ്ഥാനത്തെ 4 ട്രഷറികളിൽ ATM സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനംവഴി നടപ്പിലാക്കുന്ന Stand alone ATM-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം.-ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) ട്രഷറി സേവിംഗ്സ് ബാങ്കിലും ട്രഷറി നിക്ഷേപത്തിലുമുള്ള തുക സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്കായി ഉപയോഗിക്കാം. നിക്ഷേപകർക്ക് ആകർഷകമായ പലിശ നൽകേണ്ടിവരുന്നുവെങ്കിലും സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഈ നിക്ഷേപങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. ട്രഷറി ബാലൻസിലും ഇതിന് നിർണ്ണായക സ്വാധീനമുണ്ട്.

(ഡി) നിലവിലെ ട്രഷറികളിലെ ആധുനികവൽക്കരണ നടപടികൾ ട്രഷറി നിക്ഷേപം ആകർഷകമാക്കിയിട്ടുണ്ട്. സേവിങ്സ് ബാങ്ക് ഇടപാടുകൾക്ക് കോർബാങ്കിങ് സംവിധാനം ഏർപ്പെടുത്തിയതോടുകൂടി ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഏത് ട്രഷറിയിൽനിന്നും അക്കൗണ്ടിലെ പണം പിൻവലിക്കുവാനും, ഏത് ട്രഷറി മുഖേനയും പണം നിക്ഷേപിക്കുവാനും, ഏതു ട്രഷറിയിലുള്ള നിക്ഷേപത്തിന്റെയും പലിശ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുവാനും ഇതിലൂടെ സാധ്യമാകുന്നു. നെറ്റ്ബാങ്കിംഗ് സൗകര്യം, യൂട്ടിലിറ്റി പേയ്മെന്റ് എന്നിവ ഏർപ്പെടുത്തുന്നതോടുകൂടി ആധുനിക ധനകാര്യ സ്ഥാപനങ്ങളോട് കിടപിടിയ്ക്കുന്ന രീതിയിൽ മെച്ചപ്പെട്ട സേവനം ട്രഷറി ഇടപാടുകാർക്ക് നൽകുവാൻ കഴിയും.

## വിദ്യാഭ്യാസ വായ്പ

28 (*208) ശ്രീമതി വീണാ ജോർജ്ജ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേഴ്സിംഗ് പരിശീലനത്തിനുൾപ്പെടെ വിദ്യാഭ്യാസ വായ്പ എടുത്ത നിരവധിപ്പേർ കടക്കെണിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഠനം കഴിഞ്ഞിറങ്ങുന്നവർക്ക് തൊഴിൽ ലഭിക്കുന്നതുവരെ വായ്പ തിരിച്ചടവിന് കാലാവധി അനുവദിക്കാൻ ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ സാധ്യമാണോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ, വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം നിഷ്ക്രിയ ആസ്തിക്കായി (NPA) മാറിയ വായ്പാതുകയുടെ 60 ശതമാനം നൽകിക്കൊണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്നതിന് സർക്കാർ സഹായിക്കുന്നതാണ്. ഇതുപോലെ തന്നെ മറ്റ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവുകാർ കൃത്യമായി മുതലും പലിശയും തിരിച്ച് അടയ്ക്കുകയാണെങ്കിൽ പലിശയുടെ ഒരു ഭാഗം സർക്കാർ വഹിക്കുന്നതാണ്.

കൂടാതെ പഠനം കഴിഞ്ഞിറങ്ങുന്നവർക്ക് തൊഴിൽ ലഭിക്കുന്നതുവരെ വായ്പ തിരിച്ചടവിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട് എന്ന് കാട്ടി സർക്കാരിൽ ലഭിക്കുന്ന നിവേദനങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ച് വായ്പയിന്മേലുള്ള പലിശയും പിഴപ്പലിശയും പരമാവധി കുറവ് ചെയ്ത് കേസ്സ്/റിക്കവറി നടപടികൾ നിർത്തിവച്ച് വായ്പ തിരിച്ചടയ്ക്കുവാൻ സാവകാശം നൽകണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതിക്കും ബന്ധപ്പെട്ട ബാങ്കുകൾക്കും നിർദ്ദേശം നൽകാറുണ്ട്.

## റവന്യൂ ചെലവ് കുറയ്ക്കാൻ നടപടികൾ

29 (*209) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ ചെലവ് കുറയ്ക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) അതുമൂലം റവന്യൂ ചെലവിനത്തിൽ എന്ത് കുറവ് വന്നുവെന്നും റവന്യൂകമ്മി നിയന്ത്രണ വിധേയമാക്കുവാൻ ഈ നടപടി എത്രമാത്രം സഹായകരമായി എന്നും വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ & ബി) റവന്യൂ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ആരോഗ്യം പോലുള്ള ചില മേഖലകളിലൊഴികെ പുതിയ സ്ഥാപനങ്ങളും തസ്തികകളും സൃഷ്ടിക്കുന്നത് കഴിവതും മാറ്റിവച്ചുകൊണ്ട് അടിയന്തരമായി ആവശ്യമുള്ള തസ്തികകൾ മാത്രം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും ചെലവ് ചുരുക്കുന്നതിനുമായി സർക്കാർ മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും തുടരുന്നുണ്ട്. ഇത് പാലിക്കുന്നതിന് വകുപ്പ് തലവന്മാർക്ക് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ നടപ്പിലാക്കിയ നോട്ടുനിരോധനം സർക്കാരിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുവരുത്തി. എന്നാൽ റവന്യൂ ചെലവിൽ ഇതിനാനുപാതികമായി കുറവ് വരുത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. ആയതിനാൽ തന്നെ റവന്യൂ കമ്മിയിൽ ഗണ്യമായ കുറവുവരുത്താനും കഴിഞ്ഞിട്ടില്ല. സാമൂഹിക ക്ഷേമ/സുരക്ഷാ ചെലവുകൾ വെട്ടിച്ചുരുക്കേണ്ടിവരും എന്നതിനാലാണ് സർക്കാർ ഇതിന് ശ്രമിക്കാത്തത്. കുടിശ്ശിക ക്ഷേമ പെൻഷനുകൾ കൊടുത്തുതീർക്കൽ, ശമ്പള പരിഷ്കരണത്തിന്റെ അധിക ബാധ്യത എന്നിവ ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

**വിനോദസഞ്ചാര വികസന പ്രോത്സാഹന പദ്ധതികൾ**

30 (*210) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എം. സ്വരാജ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ ഭരണാനുമതി നൽകിയ വിനോദസഞ്ചാര വികസന പ്രോത്സാഹന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഈ പദ്ധതികൾ യഥാസമയം ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) പദ്ധതി നടത്തിപ്പിന് ഏർപ്പെടുത്തിയിട്ടുള്ള ഏജൻസികളുടെ കാര്യക്ഷമത സംബന്ധിച്ച് വിലയിരുത്തൽ നടത്താറുണ്ടോയെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികളും അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഈ സർക്കാർ വിനോദസഞ്ചാര വികസനത്തിനായി സംസ്ഥാനത്തെ 14 ജില്ലകളിലായി 139 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 'എ'* ആയി ഉള്ളടക്കം ചെയ്യുന്നു. ഇതിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 103 പദ്ധതികളും ടൂറിസം പ്രൊമോഷനായുള്ള 36 പദ്ധതികളും ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി&സി) ഈ പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ്. പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലാവധി പരിധിക്കുള്ളിൽ ഇവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി യഥാസമയങ്ങളിൽ ഓരോ പദ്ധതിയെ സംബന്ധിച്ചുള്ള അവലോകനയോഗങ്ങൾ കൂടുകയും പദ്ധതി നിശ്ചിത കാലയളവിനുള്ളിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുമായുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാര്യക്ഷമമായ ഇടപെടലുകളും യഥാവിധി നടന്നുവരുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിജസ്ഥിതി സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം ' ബി'** ആയി ഉള്ളടക്കം ചെയ്യുന്നു.

ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ സർക്കാർ അംഗീകൃത അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. വിവിധ ഏജൻസികൾ മുഖേന നടത്തിയിട്ടുള്ള പദ്ധതികൾ പ്രസ്തുത എക്സിക്യൂട്ടീവ് ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ട് അവലോകനം ചെയ്ത് പദ്ധതി നടത്തിപ്പിന് നേരിടുന്ന തടസ്സങ്ങൾ വിലയിരുത്തി, പുരോഗതിക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന സംസ്ഥാനത്തുടനീളമുള്ള പദ്ധതികൾ എക്സിക്യൂട്ടീവ് ഏജൻസികൾ, ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട മറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി കൃത്യമായി അവലോകനയോഗം നടത്തി പുരോഗതി വിലയിരുത്താറുണ്ട്. അനുയോജ്യമായ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള പ്രോജക്ട് എഞ്ചിനീയർമാരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 'കേപ്പി'ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ

1 (2206) <u>ശ്രീ. സണ്ണി ജോസഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കേപ്പി'ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് 25-7-2015-ലെ വിജ്ഞാപന പ്രകാരം ട്രേഡ്സ്മാൻ, ഇൻസ്ട്രക്ടർ എന്നീ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്; എത്ര പേരെ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമിച്ചു;

(സി) ആരെയും നിയമിച്ചില്ലായെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) അപേക്ഷ ക്ഷണിച്ചിരുന്നു.

(ബി) 4-3-2016-ലാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. എന്നാൽ റാങ്ക് ലിസ്റ്റിന് ഭരണസമിതി അംഗീകാരം നൽകിയിട്ടില്ല. പ്രസ്തുത ലിസ്റ്റിൽനിന്നും ആരെയും നിയമിച്ചിട്ടില്ല.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റുകൾ കേപ്പിന്റെ ഭരണസമിതിയുടെ പരിശോധനയിലാണ്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ഇ-ത്രിവേണി സ്റ്റേഷനറി സെന്ററുകൾ**

2 (T+ 2207) <u>ശ്രീ. കെ. ഡി. പ്രസേനൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ത്രിവേണി സ്റ്റേഷനറി സെന്ററുകൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കേരളത്തിൽ എത്ര എണ്ണം തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പാലക്കാട് ജില്ലയിൽ ഇ-ത്രിവേണി സ്റ്റേഷനറി സെന്റർ തുടങ്ങുന്നതിന് തീരുമാനമുണ്ടോ;

(സി) ത്രിവേണി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതന സംരംഭങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തുടനീളം 24 ഇ-ത്രിവേണി സ്റ്റേഷനറി സെന്ററുകൾ കൂടി ആരംഭിക്കുന്നതിനാണ് ഫെഡറേഷൻ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ നാല് ഇ-ത്രിവേണി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്. പാലക്കാട് ജില്ലയിൽ ആലത്തൂർ ത്രിവേണിയോടനുബന്ധിച്ച് ഇ-ത്രിവേണി സ്റ്റോർ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

+ T- മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) എല്ലാവിധ ഓഫീസ് സ്റ്റേഷനറി, കമ്പ്യൂട്ടർ സ്റ്റേഷനറി, ഹൗസ് ഹോൾഡ്, ഇലക്ട്രിക്കൽ ഇനങ്ങൾ എന്നിവ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനായി കൺസ്യൂമർഫെഡ് രൂപം നൽകിയിട്ടുള്ള വിഭാഗമാണ് ഇ-ത്രിവേണി. സംസ്ഥാനത്ത് ഇപ്പോൾ തിരുവനന്തപുരം (2) കൊല്ലം (1) എറണാകുളം (1) എന്നീ ജില്ലകളിലായി നാല് ഇ-ത്രിവേണികൾ പ്രവർത്തിച്ചുവരുന്നു. നിലവിലുള്ളതും പുതുതായി തുടങ്ങുന്നതുമായ ഇ-ത്രിവേണികൾവഴി സർക്കാർ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ചുരുങ്ങിയ ചെലവിൽ ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ ലഭ്യമാക്കും.

**കേരള ബാങ്കിന്റെ രൂപീകരണം**

3 (2208) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്കിന്റെ രൂപീകരണ പ്രവർത്തനങ്ങൾ ഏതുവരെയെത്തി എന്ന് വിശദമാക്കാമോ; എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ കാലാവധി 27-4-2017 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ നിശ്ചയിക്കുന്നതാണ്.

**സഹകരണമേഖല നേരിടുന്ന പ്രതിസന്ധി**

4 (2209) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ആയിരം, അഞ്ഞൂറ് രൂപ നോട്ടുകൾ റദ്ദാക്കിയതും, ജനങ്ങൾക്ക് പണം ഉപയോഗിച്ചുള്ള ക്രയവിക്രയങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തി യതുമായ നയംമൂലം, പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെട്ട സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ അവ എന്തെല്ലാം;

(ബി) വ്യക്തികൾക്ക് പിൻവലിക്കാനധികാരമുള്ള തുക മാത്രമേ പ്രാഥമിക സംഘങ്ങൾക്കും പിൻവലിക്കാൻ കഴിയുകയുള്ളൂ എന്ന വസ്തുത, പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനങ്ങളെയും ജനങ്ങളെയും ബാധിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

8-11-2016 അർദ്ധരാത്രി മുതൽ സഹകരണ സംഘങ്ങൾക്ക് അവരുടെ പക്കലുള്ള 500, 1000 രൂപ കറൻസികൾ കൈമാറ്റം ചെയ്യാൻ സാധിക്കാത്ത അവസ്ഥ സംജാതമായി. 9-11-2016-ന് സഹകരണ സംഘങ്ങളിൽ സാമ്പത്തിക ഇടപാടുകൾ നടന്നിട്ടില്ല. 10-11-2016 മുതൽ 14-11-2016 വരെ മേൽപ്പറഞ്ഞ പ്രാഥമിക സഹകരണ സംഘങ്ങൾ സ്വീകരിച്ച 500, 1000 രൂപ കറൻസികൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ കഴിയാത്ത അവസ്ഥ. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽനിന്നും പിൻവലിക്കാൻ കഴിഞ്ഞുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ ഈ തുക തികച്ചും അപര്യാപ്തമായിരുന്നു. ഒരു പ്രാഥമിക സംഘത്തിൽ ശരാശരി 10,000-ത്തോളം ഇടപാടുകാരുണ്ട്. സാധുവായ കറൻസി ഉപയോഗിച്ച് (പുതിയ 2,000 നോട്ടുൾപ്പെടെ) നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാ വിതരണവും തിരിച്ചടവും, നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെ (കൺസ്യൂമർ സ്റ്റോർ, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, വളം ഡിപ്പോ, ക്ലിനിക്കൽ ലാബ് തുടങ്ങിയവ) പ്രാഥമിക സംഘങ്ങൾ നടത്തുന്ന ദൈനംദിന പ്രവർത്തനങ്ങൾ എല്ലാം മുടങ്ങി. വിവാഹം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ആളുകൾക്ക് വായ്പാ തുക യഥാസമയം നൽകുവാൻ സാധിച്ചില്ല. കെട്ടിട നിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി സംഘങ്ങളിൽനിന്നും നിക്ഷേപ തുക പിൻവലിക്കാനാകാതെ വരുന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. കാർഷിക വായ്പാ വിതരണവും

തിരിച്ചടവും പൂർണ്ണമായും നിലച്ചത് കർഷകരെയും ദുരിതത്തിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം വന്നു. ഇത് പ്രാഥമിക സംഘങ്ങൾക്ക് പലിശ നഷ്ടത്തിന് കാരണമായി. സഹകരണ ബാങ്കിലെ സ്വർണ്ണപണയം ഉൾപ്പെടെയുള്ള വായ്പകൾക്ക് പണം നൽകാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞില്ല. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതിനാൽ ജനജീവിതം ദുരിത പൂർണ്ണമായിത്തീർന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനംമൂലം പ്രതിസന്ധിയിലായ സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ 46/16 നമ്പർ സർക്കുലർ പ്രകാരം ജില്ലാ സഹകരണ ബാങ്കുകൾക്കും, പ്രാഥമിക സഹകരണ സംഘങ്ങൾക്കും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു:

പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽ നിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേക്ക് നൽകി, ആഴ്ചയിൽ 24,000 രൂപയോ, റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന വ്യക്തിക്ക്/സംഘത്തിന് നൽകുന്നതിനും കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുന്നതിനും കർഷകർക്ക് അനുവദിക്കുന്ന വായ്പാ തുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിനും അംഗങ്ങളെ/കർഷകരെ

അതിൽനിന്നും പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും, പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിലൂടെ അംഗങ്ങൾക്ക് തുടർന്നും ഇടപാടുകൾ നടത്തുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും, വായ്പാ തിരിച്ചടവ് നടത്തുന്നതിനും അനുവദിക്കുന്നതിനും ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ ഇടപാടുകാരന് അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കേണ്ടതാണെന്നും ഈ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നേരിടുന്ന കറൻസി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള താൽക്കാലിക സംവിധാനമായിരിക്കുമെന്നും നിർദ്ദേശം നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇതോടൊപ്പം കൺസ്യൂമർ ഫെഡിന്റെ ദൈനംദിന കളക്ഷൻ സഹകരണ ബാങ്കുകളിലടച്ച് പണത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു. സഹകരണ സംഘങ്ങൾ നൽകുന്ന വായ്പാ തുകയുടെ പരിധി വർദ്ധിപ്പിച്ച് കൂടുതൽ തുക നൽകി പണമൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. നിക്ഷേപങ്ങളുടെ പലിശ നിരക്ക് വർദ്ധിപ്പിച്ചു.

ഉയർന്ന മൂല്യമുള്ള നോട്ട് കേന്ദ്രസർക്കാർ അസാധുവാക്കിയതുവഴി സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം സാധാരണ ജനങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കുന്നതിന് സഹകരണ സംഘങ്ങളിൽ/ സഹകരണ ബാങ്കുകളിൽനിന്നും വിതരണം ചെയ്തിട്ടുള്ള വായ്പാ കുടിശ്ശികകളിന്മേൽ റവന്യൂ റിക്കവറി/ജപ്തി മുതലായ നിർബന്ധിത നടപടികൾ ആരംഭിച്ചിട്ടുള്ള വായ്പകൾക്ക് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിച്ചു. വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിന് 'നവകേരളീയം കുടിശ്ശിക നിവാരണം 2017' പദ്ധതി നടപ്പിലാക്കി സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കി.

നിക്ഷേപകരുടെ ആശങ്ക അകറ്റി സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താനായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18-ന് സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 1720682 ഭവനങ്ങൾ സന്ദർശിക്കുകയുണ്ടായി.

നിക്ഷേപങ്ങൾ സുരക്ഷിതമാണെന്നും നിക്ഷേപകർക്ക് ആശങ്ക വേണ്ടെന്നുമുള്ള സന്ദേശം പത്രപ്പരസ്യമുൾപ്പെടെയുള്ള പ്രചരണ പ്രവർത്തനത്തിലൂടെ ജനങ്ങളിൽ എത്തിച്ചു. ഇനിയും ഇത്തരത്തിലുള്ള തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

## സഹകരണസംഘം ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് യോഗ്യത

5(2210) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം, സഹകരണ ബാങ്ക് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി (പ്ലസ് ത്രി) ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ, വിദൂര വിദ്യാഭ്യാസംവഴി ബിരുദം നേടിയ പ്രീഡിഗ്രി/പ്ലസ് ടു പാസ്സാകാത്ത ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂന്ന് വർഷം ബിരുദ പഠനം നടത്തി വിദൂര വിദ്യാഭ്യാസംവഴി അംഗീകൃത യൂണിവേഴ്സിറ്റികളിൽനിന്ന് ബിരുദം എടുത്ത നിലവിലുള്ള സഹകരണ സംഘം ജീവനക്കാർക്ക് പ്രീഡിഗ്രി/പ്ലസ് ടു യോഗ്യത വേണമെന്ന നിബന്ധനയിൽനിന്ന് ഒഴിവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) വിദൂര വിദ്യാഭ്യാസംവഴി ബിരുദം നേടിയ പ്രീഡിഗ്രി/പ്ലസ് ടു പാസ്സാകാത്ത ഉദ്യോഗസ്ഥർക്ക് ബിരുദ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവാദം വാങ്ങാതെ സ്ഥാനക്കയറ്റം ലഭിക്കാൻ സാധിക്കുന്നതല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാരിന്റെ 25-11-2014-ലെ ജി.ഒ.(പി)142/2014/സഹ. നമ്പർ ഉത്തരവ് പ്രകാരം 1969-ലെ കേരള സഹകരണസംഘം നിയമത്തിലെ ചട്ടം 186-ൽ ഭേദഗതി വന്നിട്ടുണ്ട്. ആയത് പ്രകാരം 10 +2 +3 പാറ്റേണിൽ ബിരുദം വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥയിൽനിന്നും ഒഴിവ് നൽകുന്നത് സർക്കാർ തലത്തിൽ നയപരമായി തീരുമാനം എടുക്കേണ്ട വിഷയം ആണ്. 10 +2 +3 പാറ്റേൺ പ്രകാരം അല്ലാതെ ബിരുദം നേടിയ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് ഇളവ് നൽകാൻ 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ സഹകരണ സ്ഥാപനത്തിൽ ഉദ്യോഗക്കയറ്റത്തിന് സർവ്വകലാശാല ബിരുദം വിദ്യാഭ്യാസ

യോഗ്യത നിഷ്കർഷിച്ചിട്ടുള്ള തസ്തികയിലേയ്ക്ക് അപ്രകാരം ഉള്ള യോഗ്യത ഇല്ലാത്ത ജീവനക്കാർക്ക് പ്രീഡിഗ്രി/പ്ലസ് ടു വിദ്യാഭ്യാസ യോഗ്യത ഇല്ലെങ്കിൽ കൂടി ഉദ്യോഗക്കയറ്റത്തിന് കേരള സഹകരണ സംഘം നിയമത്തിലെ ചട്ടം 185 (8) പ്രകാരം ബിരുദ വിദ്യാഭ്യാസ യോഗ്യതയിൽനിന്നും ഇളവ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**സഹകരണ മേഖലയിലെ നിക്ഷേപം**

6 (2211) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ നിക്ഷേപ രംഗത്തെ ഉണർവിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്, വിശദമാക്കുമോ;

(ബി) നോട്ട് നിരോധനത്തെ തുടർന്ന് സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്താൻ റിസ്ക് ഫണ്ട് പദ്ധതിയെ എങ്ങനെയാണ് പ്രയോജനപ്പെടുത്തിയതെന്ന് വിവരിക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ സംഘങ്ങളെയും ഈ പദ്ധതിയിൽ ചേർക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സഹകരണമേഖലയിലെ നിക്ഷേപരംഗത്തെ ഉണർവ്വിനായും നിക്ഷേപ സുരക്ഷയ്ക്കായും സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള സന്ദർഭങ്ങളിൽ നിക്ഷേപ സമാഹരണ യജ്ഞങ്ങളും സംഘടിപ്പിക്കാറുണ്ട്.

(ബി) വായ്പയെടുത്ത ശേഷം മരണപ്പെടുകയോ, മാരക രോഗം ബാധിക്കുകയോ ചെയ്ത് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന വായ്പക്കാർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിയാണ് സഹകരണ റിസ്ക് ഫണ്ട് പദ്ധതി.

വായ്പക്കാരൻ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് 6 മാസത്തിനകത്തോ മരണപ്പെടുകയാണെങ്കിൽ ബാക്കി നിൽപ്പ് തുകയിൽനിന്ന് പരമാവധി ഒന്നരലക്ഷം രൂപയും അതിന്റെ പലിശയും എഴുതിത്തള്ളുന്നതിനും, മാരകമായ രോഗം പിടിപെട്ടിട്ടുള്ള വായ്പക്കാരുടെ 75,000 രൂപ വരെയുള്ള വായ്പാ ബാധ്യത എഴുതിത്തള്ളുന്നതിനും വേണ്ടിയാണ് റിസ്ക് ഫണ്ട് സ്കീം നടപ്പിലാക്കിയിട്ടുള്ളത്.

(സി) വായ്പ നൽകുന്ന എല്ലാ സംഘങ്ങളെയും ഈ പദ്ധതിയിൽ ചേർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സഹകരണ മേഖലയിലെ പെൻഷൻ പ്രായ വർദ്ധന**

7 (2212) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പെൻഷൻ സ്കീമിൽപ്പെട്ട സഹകരണമേഖലയിലെ ജീവനക്കാർക്ക് ഡി.എ. കുടിശ്ശികയുണ്ടോ; എങ്കിൽ അടിയന്തരമായി അത് അനുവദിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഡി.എ. അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ 2016-ൽ 5% ഡി.എ. അനുവദിച്ച് നൽകിയിരുന്നു.

**സഹകരണ സംഘങ്ങളുടെ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നിയന്ത്രണം**

8 (2213) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണസംഘങ്ങളുടെ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സഹകരണ ചട്ടങ്ങളിലെ ചട്ടം 178 എ പ്രകാരം, ശാഖകൾ ആരംഭിക്കുന്നതിന് രജിസ്ട്രാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം വേണം അപേക്ഷ സമർപ്പിക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയവ ചുവടെ ചേർക്കുന്നു:

1. ശാഖകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥ ബൈലായിൽ ഉണ്ടായിരിക്കണം.
2. തുടങ്ങാനുദ്ദേശിക്കുന്ന ശാഖ ടി സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിലായിരിക്കണം.
3. പ്രാഥമിക വായ്പാ സംഘമാണെങ്കിൽ, ഓവർഡ്യൂപൊസിഷൻ 25 ശതമാനത്തിൽ കുറവായിരിക്കണം.
4. ടി സംഘം അതേ സ്വഭാവത്തിലുള്ള മറ്റ് സംഘങ്ങളുടെ പ്രവർത്തന പരിധിക്കുള്ളിൽ പ്രവർത്തനം നടത്തുവാൻ പാടില്ല.
5. സഹകരണ ചട്ടം 63(1)-ൽ പറയുന്ന പ്രകാരം തരള ധനം സൂക്ഷിച്ചിരിക്കണം.
6. സംഘത്തിന്റെ വായ്പാ ബിസിനസ്സ് ഒരു ന്യായമായ നിലവാരത്തിൽ എത്തിയിരിക്കണം.
7. സംഘത്തിന്റെ സാമ്പത്തിക സ്ഥിതി, പൊതുപ്രവർത്തനം ഇവ തൃപ്തികരമായിരിക്കണം.
8. പ്രാഥമിക കാർഷിക വായ്പാ സംഘമാണെങ്കിൽ തൻവർഷമോ തൊട്ടുമുമ്പുള്ള വർഷമോ 20 ശതമാനത്തിൽ കുറയാതെ കാർഷിക വായ്പ നൽകിയിരിക്കണം.
9. ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ), സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ ഇവർ സംയുക്തമായി ഒരു സർവ്വേ നടത്തി സമർപ്പിച്ച റിപ്പോർട്ടുംകൂടി പരിഗണിച്ചാവും ശാഖയ്ക്ക് അനുമതി നൽകുക.

10. സഹകരണ ചട്ടം 178 എ പ്രകാരമുള്ള ഫീസ് ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കണം.

11. സംഘത്തിന്റെ സാമ്പത്തിക സ്ഥിതി, പുതുതായി വേണ്ടിവരുന്ന തസ്തികകൾക്ക് വേണ്ട ചെലവ് വഹിക്കുന്നതിനുള്ള സംഘത്തിന്റെ ശേഷി, സംഘത്തിന്റെ തൃപ്തികരമായ പ്രവർത്തനം എന്നിവകൂടി ബോധ്യപ്പെട്ട ശേഷമാണ് ശാഖകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്.

**സഹകരണ സംഘങ്ങളിലും അർബൻ ബാങ്കുകളിലുമുള്ള ഒഴിവുകൾ**

9 (2214) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ സംഘങ്ങളിലും അർബൻ ബാങ്കുകളിലും ജൂനിയർ ക്ലാർക്ക് മുതൽ മുകളിലോട്ടുള്ള ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും സഹകരണ സ്ഥാപനങ്ങൾ ഇനിയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടോ; അവയുടെ പേര് വിവരം വെളിപ്പെടുത്തുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും സഹകരണ പരീക്ഷാബോർഡ് നിയമനത്തിനുള്ള വിജ്ഞാപനം ഇറക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സഹകരണ സംഘങ്ങളിലെ ഒഴിവുള്ള തസ്തികകളിൽ നിയമനങ്ങൾ നടത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ )

| നമ്പർ | തസ്തിക | ഒഴിവ് |
|---|---|---|
| (1) | (2) | (3) |
| 1. | ജൂനിയർ ക്ലർക്ക്/സീനിയർ ക്ലർക്ക് | 3611 |
| 2. | ടൈപ്പിസ്റ്റ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 40 |
| 3. | സീനിയർ സൂപ്പർവൈസർ/<br>ജൂനിയർ സൂപ്പർവൈസർ | 24 |

| (1) | (2) | (3) |
|---|---|---|
| 4. | അക്കൗണ്ടന്റ് | 467 |
| 5. | ഇന്റേണൽ ആഡിറ്റർ/ ബ്രാഞ്ച് മാനേജർ | 390 |
| 6. | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 5 |
| 7. | ചീഫ് അക്കൗണ്ടന്റ് | 115 |
| 8. | അസിസ്റ്റന്റ് സെക്രട്ടറി | 204 |
| 9. | സെക്രട്ടറി | 221 |
| | ആകെ | 5077 |

(ബി) ഉണ്ട്. പേര് വിവരം അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) 13-1-2017-ൽ പുതിയ ഭരണസമിതി ചുമതലയേറ്റെടുത്തതിനെത്തുടർന്ന് നിയമനം നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്.

(ഡി) സഹകരണ പരീക്ഷാ ബോർഡ് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളോട് ചില സർക്കാർ വകുപ്പുകൾക്കുള്ള വിമുഖത

10 (2215) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളോട് പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം ഉൾപ്പെടെ ചില സർക്കാർ വകുപ്പുകൾ വിമുഖതയും അയിത്തവും കാണിക്കുന്നതുമൂലം സഹകരണ/വ്യവസായ/കാർഷിക വകുപ്പുകളിൻ കീഴിലെ സഹകരണ ബാങ്കുകളും സംഘങ്ങളും അനുഭവിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) എൽ. ഡി. എഫ്. സർക്കാർ സഹകരണ മേഖലയെ രക്ഷിക്കാനും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് അതുവഴി സഹായ സഹകരണം സാമ്പത്തികമായി ഉറപ്പു വരുത്താനുമുള്ള നടപടികൾ സ്വീകരിക്കുമ്പോൾ ടെണ്ടർ നടപടികളിൽ സഹകരണ ബാങ്കുകളിലെ സ്ഥിരനിക്ഷേപ തുകകൾ വരെ ഈടായി സ്വീകരിക്കാത്ത സർക്കാർ വകുപ്പുകൾ ഉള്ളത് പരിശോധിക്കാനും സഹകരണ ബാങ്ക് പ്രസ്ഥാനം ജനോപകാരപ്രദമാക്കാനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഐ. എഫ്. എസ്. കോഡ് ഇല്ലാത്തതിനാലാണ് സഹകരണ ബാങ്കുകളുടെ നിക്ഷേപ രേഖ സ്വീകരിക്കാത്തത് എന്ന് സർക്കാർ വകുപ്പുകൾ പറയുന്നത് ശരിയാണോ; അല്ലെങ്കിൽ ഇത്തരത്തിൽ പറയുന്ന സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു സംഘത്തിന്റെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടെണ്ടർ നടപടികളിൽ സഹകരണ ബാങ്കുകളിലെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പുകൾ സ്വീകരിക്കുന്നില്ലെന്ന് ഏലൂക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റിന്റെ പരാതിയാണ് ലഭിച്ചത്.

(ബി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് (ടെൻഡർ നടപടികൾക്ക്) ഗ്യാരണ്ടിയായി സ്വീകരിക്കുമെന്ന് കാണിച്ച് പൊതുമരാമത്ത് വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്.

(സി) ഈ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി**

11 (2216) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ നടപ്പാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സഹകരണ വകുപ്പ് 17 സംസ്ഥാന പദ്ധതികൾ പ്രകാരവും 3 എൻ.സി.ഡി.സി. പദ്ധതികൾ പ്രകാരവും ധനസഹായം നൽകിവരുന്നുണ്ട്. പ്രാഥമിക വായ്പാ സംഘങ്ങൾക്ക് വാർഷിക പദ്ധതി പ്രകാരം കോർ ബാങ്കിംഗ്, കമ്പ്യൂട്ടറൈസേഷൻ ധനസഹായമായി 10 ലക്ഷം രൂപവരെ അനുവദിച്ച് നൽകുന്നുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ഒരു കോമൺ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതിന്റെ സാധ്യതകൾ പരിശോധിച്ചുവരികയാണ്.

ആശുപത്രി സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ബ്ലഡ് ബാങ്ക്, ലബോറട്ടറി എന്നിവ സ്ഥാപിക്കുന്നതിനും ആംബുലൻസ് വാങ്ങുന്നതിനും കൂടാതെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കേപ്പിനും മറ്റ് വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കും ദുർബല വനിതാ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും സാഹിത്യപ്രവർത്തക സഹകരണ സംഘം, പ്രിന്റിംഗ്, ടൂറിസം, ലേബർ കോൺട്രാക്ട്, കൺസ്യൂമർ മാർക്കറ്റിംഗ്, എസ്.സി./എസ്.റ്റി. വെൽഫെയർ സംഘങ്ങൾ എന്നിവയ്ക്കും വിവിധ പദ്ധതികൾ പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്.

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ സഹകരണ സ്ഥാപനങ്ങൾക്ക് സംയോജിത സഹകരണ വികസന പദ്ധതി പ്രകാരം ധനസഹായം നൽകുന്നുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളുടെ കോർ ബാങ്കിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിലേയ്ക്ക് ഈ പദ്ധതി പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

നോട്ട് അസാധുവാക്കലിനെ തുടർന്ന് സഹകരണ മേഖലയിൽ നിക്ഷേപചോർച്ച ഉണ്ടാകാതിരിക്കുന്നതിനായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം "സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ" സംഘടിപ്പിച്ചു.

സംഘങ്ങളിലെ കുടിശ്ശിക നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും സഹകാരികൾക്ക് വായ്പാ ബാധ്യതയിൽനിന്നും ഒഴിവാകുന്നതിനുമായി "നവകേരളീയം കുടിശ്ശിക നിവാരണം" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും നൽകുന്ന വായ്പകളുടെയും ഒരംഗത്തിന് നൽകാവുന്ന പരമാവധി വായ്പാപരിധിയും വർദ്ധിപ്പിച്ചു.

കൺസ്യൂമർഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി സബ്സിഡി ഇനത്തിൽ ഫെഡറേഷന് നൽകാനുള്ള തുകയിൽ 45 കോടി രൂപയും ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനായി 99.32 ലക്ഷം രൂപയും അനുവദിച്ചു.

(ബി) വാർഷിക പദ്ധതി പ്രകാരം ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് ആരോഗ്യം, വിദ്യാഭ്യാസം, വിപണനം മുതലായ മേഖലകളിലെ പദ്ധതികൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാഡമിക്ക് (CAPE) നൽകുന്ന സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

എൻ.സി.ഡി.സി. പദ്ധതി പ്രകാരം പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കൺസ്യൂമർ ബിസിനസ്, ഗോഡൗൺ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിന് ധനസഹായവും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള വായ്പാ സംഘങ്ങൾക്ക് കാർഷിക വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ധനസഹായം എന്നിവ നൽകിവരുന്നുണ്ട്.

സംയോജിത സഹകരണ വികസന പദ്ധതി മുഖേന സഹകരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകവഴി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധ്യമാകുന്നതാണ്.

**സഹകരണ ബാങ്കുകളിൽനിന്ന് നിക്ഷേപകരുടെ കൊഴിഞ്ഞുപോക്ക്**

12 (2217) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് പ്രതിസന്ധിക്ക് ശേഷം സഹകരണ ബാങ്കുകളിൽനിന്ന് നിക്ഷേപകരുടെ കൊഴിഞ്ഞുപോക്ക് ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) നോട്ട് നിരോധനത്തിന് ശേഷമുള്ള മൂന്ന് മാസക്കാലയളവിലെ സഹകരണ ബാങ്കുകളിലേക്ക് വരുന്ന നിക്ഷേപത്തിന്റെ സ്ഥിതി അറിയിക്കുമോ;

(സി) സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകൾ നോട്ടു നിരോധനത്തിന് ശേഷം എത്രകണ്ടുകുറഞ്ഞുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നോട്ട് നിരോധനത്തിനുശേഷം സഹകരണ ബാങ്കുകളിൽനിന്ന് നിക്ഷേപകരുടെ കൊഴിഞ്ഞുപോക്ക് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നോട്ട് നിരോധനത്തിനുശേഷം സഹകരണ ബാങ്കുകളുടെ അറ്റ നിക്ഷേപത്തിൽ കുറവുണ്ടായിട്ടുണ്ട്.

(സി) നോട്ട് നിരോധനത്തിനുശേഷം സഹകരണ ബാങ്കുകൾ നൽകുന്ന വായ്പയിൽ ഏകദേശം 30% കുറവ് വന്നിട്ടുണ്ട്.

**സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം**

13(2218) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായ വായ്പയ്ക്ക് ഈടാക്കുന്ന പലിശ നിരക്ക്, നിലവിൽ പല സംഘങ്ങളും അവരുടെ അംഗങ്ങൾക്ക് നൽകുന്ന വായ്പയുടെ പലിശ നിരക്കിനേക്കാൾ കൂടുതലാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

സഹകരണ സംഘങ്ങൾ അവരുടെ അംഗങ്ങൾക്ക് നൽകുന്ന ചികിത്സാ വായ്പ, ഹ്രസ്വകാല കാർഷിക വായ്പ, മംഗല്യസൂത്ര വായ്പ, കുടുംബശ്രീക്കുള്ള വായ്പ തുടങ്ങി ഏതാനും പ്രത്യേക വായ്പകളിന്മേൽ ഈടാക്കുന്ന പലിശ നിരക്കിനേക്കാൾ കൂടുതലാണ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന വായ്പകളിന്മേൽ ഈടാക്കപ്പെടുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സർക്കാർ വായ്പയോടൊപ്പം നൽകുന്ന സബ്സിഡി തിരികെ അടയ്ക്കേണ്ടതല്ലാത്തതും ഓഹരി മൂലധന സഹായത്തിന് പലിശ നൽകേണ്ടാത്തതും വായ്പകൾക്കുള്ള പലിശ നിരക്ക് കാലാകാലങ്ങളിൽ പുനർനിശ്ചയിക്കുന്നതിനാലും നിലവിലുള്ള സർക്കാർ വായ്പയുടെ പലിശനിരക്ക് കുറയ്ക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കേണ്ടതില്ലാത്തതാണ്.

**നോട്ട് നിരോധനം**

14 (2219) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഈ മേഖലയിലുണ്ടായ മാന്ദ്യത്തിന് പരിഹാരമുണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കുമോ;

(ബി) സാമ്പത്തിക മേഖലയിലുണ്ടായ തകർച്ചയുടെ ഫലമായി തൊഴിൽ നഷ്ടപ്പെട്ടതുമൂലം വായ്പാകുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന താഴ്ന്ന വരുമാനക്കാർക്ക് പലിശയിളവ്, പിഴപ്പലിശ ഒഴിവാക്കൽ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) മാരക രോഗങ്ങൾ പിടിപെട്ട് മരണപ്പെട്ടവരുടെ ലോൺ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനംമൂലം പ്രതിസന്ധിയിലായ സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 3-12-2016-ലെ സഹകരണ (ബി) വകുപ്പിന്റെ സ.ഉ.(കൈ) നമ്പർ 48/2016/സഹ നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ 46/16 നമ്പർ സർക്കുലർ പ്രകാരം ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു:

പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽനിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ

അക്കൗണ്ടിലേയ്ക്ക് നൽകി, ആഴ്ചയിൽ 24,000 രൂപയോ റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും, ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന ഏജൻസിക്ക് നൽകുന്നതിനും കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുന്നതിനും കർഷകർക്ക് അനുവദിക്കുന്ന വായ്പാ തുക മേൽ വിവരിച്ചരീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിനും അംഗങ്ങളെ/ കർഷകരെ അതിൽനിന്നും പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും, പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിലൂടെ അംഗങ്ങൾക്ക് തുടർന്നും ഇടപാടുകൾ നടത്തുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും, വായ്പാ തിരിച്ചടവ് നടത്തുന്നതിനും അനുവദിക്കുന്നതിനും ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ ഇടപാടുകാരന് അക്കൗണ്ട് തുടങ്ങുന്നതിനുവേണ്ടിവരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കേണ്ടതാണെന്നും ഈ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നേരിടുന്ന കറൻസി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള താൽക്കാലിക സംവിധാനമായിരിക്കുമെന്നും നിർദ്ദേശം നൽകി.

1. സഹകരണ മേഖലാ സംരക്ഷണ കാമ്പയിൻ സംഘടിപ്പിച്ചു.
2. സഹകാരികളും ജീവനക്കാരും ചേർന്ന് ഭവന സന്ദർശനം നടത്തി.
3. കേന്ദ്രസർക്കാർ, റിസർവ് ബാങ്ക്, നബാർഡ് എന്നിവരുമായി നിരന്തരമായി ബന്ധപ്പെട്ട് ഈ രംഗത്തെ മാന്ദ്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സഹകരണ ബാങ്കുകളോടുള്ള വിവേചനം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.

(ബി) സഹകരണ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2017 പ്രകാരം കുടിശ്ശിക നിവാരണത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) ക്യാൻസർ ബാധിതർ, വൃക്ക സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ക്ഷയ രോഗം ബാധിച്ചവർ എന്നിവർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പ മുതൽ ഇനത്തിലുള്ള 75,000 രൂപ എഴുതിത്തള്ളുന്നതിന് കേരള റിസ്ക് ഫണ്ട് പദ്ധതി എന്ന പേരിൽ പദ്ധതി നിലവിലുണ്ട്. വായ്പക്കാരൻ വായ്പ എടുക്കുന്ന അവസരത്തിൽ ഈ പദ്ധതി പ്രകാരമുള്ള വിഹിതം ബാങ്കിൽ ഒടുക്കണം. ആനുകൂല്യം ലഭിക്കുന്നതിന് ചികിൽസാ സർട്ടിഫിക്കറ്റും അനുബന്ധ ചികിത്സാ രേഖകളും സഹിതമുള്ള അപേക്ഷ അതാത് ബാങ്കുകൾ ഈ പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നൽകണം.

**'കേപ്പ് '-ന്റെ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ**

15 (2220) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പ്-ന്റെ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലെത്ര മെറിറ്റ് സീറ്റുകളാണുള്ളത് ; അത് വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എൻ.ആർ.ഐ. ക്വാട്ടയിൽ കുറവുവരുത്താൻ തീരുമാനിച്ചിട്ടുണ്ടോ

(സി) സ്വാശ്രയ കോളേജുകൾ ഈടാക്കിക്കൊണ്ടിരിക്കുന്ന അമിത ഫീസ് കുറയ്ക്കുന്നതിനായി 2017-18 വർഷം കേപ്പ്-ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് നിരക്ക് കുറയ്ക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) 1448 മെറിറ്റ് സീറ്റുകളാണുള്ളത്. മെറിറ്റ് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ട്. മെറിറ്റ് സീറ്റുകളിൽ 60 എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) തീരുമാനിച്ചിട്ടുണ്ട്. 18-1-2017-ലെ ജി.ഒ (ആർ.റ്റി.)നമ്പർ 29/ 2017/ സഹ. ഉത്തരവ് പ്രകാരം സഹകരണ മേഖലയിലെ ജീവനക്കാരുടെ മക്കൾക്ക് 10% സീറ്റ് സംവരണം നൽകുന്നതിലേയ്ക്കായി 2017-18 അദ്ധ്യയനവർഷം മുതൽ മെറിറ്റ്/മാനേജ്മെന്റ്/എൻ.ആർ.ഐ. സീറ്റുകൾ 50:35:15 എന്ന അനുപാതത്തിൽ നിന്നും 60:35:5 എന്ന് പുനഃക്രമീകരിച്ചിട്ടുണ്ട്.

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടനയാണ് കേപ്പ് ബാധകമാക്കിയിട്ടുള്ളത്.

**ആലപ്പുഴ ജില്ലയിലെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ**

16 (2221) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്ക് സർവീസ് സഹകരണ ബാങ്ക്, പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്ക്, ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്ക്, കണിച്ചുകുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നടന്ന ക്രമക്കേടുകളും ധനാപഹരണവും സംബന്ധിച്ച് വകുപ്പുതല അന്വേഷണം പൂർത്തിയായോ; എങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 707-ന്റെ തഴക്കര ശാഖയിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നുവരുന്നു. കൂടാതെ സഹകരണ വിജിലൻസിന്റെ അന്വേഷണവും നടന്നുവരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിലെ വകുപ്പ് 68(1) പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുകയുണ്ടായി. കൂടാതെ വകുപ്പ് 32 (1) പ്രകാരം ബാങ്ക് ഭരണസമിതി പിരിച്ചുവിടുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ടി നടപടികൾ സ്റ്റേ ചെയ്യുകയുണ്ടായി. ക്രമക്കേടുകൾ സംബന്ധിച്ച് പട്ടണക്കാട് പോലീസ് സ്റ്റേഷനിൽ 1129/16 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. ബാങ്കിനുണ്ടായ സാമ്പത്തിക നഷ്ടം തിരികെ ഈടാക്കുന്നതിന് എതിർ കക്ഷികളുടെ സ്ഥാവര വസ്തുക്കൾ ജപ്തി ചെയ്തിട്ടുണ്ട്. നടപടികൾ അന്തിമഘട്ടത്തിലാണ്.

ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 974-ൽ ഉപയോഗശൂന്യമായ വസ്തു (ഭൂമി) യഥാർത്ഥ വിലയെക്കാൾ 5 മടങ്ങോളം അധിക വില നൽകി വാങ്ങുകവഴി 14,40,000 രൂപയുടെ നഷ്ടമുണ്ടായി. ഇത് സംബന്ധിച്ച് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം

നടത്തിയതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതി പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുകയും ബാങ്കിന് നഷ്ടമുണ്ടായ തുക ഈടാക്കുന്നതിന് സഹകരണ നിയമം വകുപ്പ് 68 (1) അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനെതിരെ ബാങ്ക് ഭരണ സമിതി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)40796/16, 30/17, 3456/17 എന്നിങ്ങനെ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയും ഹൈക്കോടതി സ്റ്റേ അനുവദിക്കുകയും ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കണിച്ചുകുളങ്ങര സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് ലഭിച്ചിട്ടുള്ള സ്പെഷ്യൽ റിപ്പോർട്ട് പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നതിന് ആലപ്പുഴ ജില്ലാ പോലീസ് ചീഫിന് അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ ബാങ്കിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയായിട്ടില്ല.

**പുന്നപ്ര സഹകരണ കോളേജും ആശുപത്രിയും**

17 (2222) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര സഹകരണ കോളേജിനും ആശുപത്രിക്കും ഒരുപോലെ ഗുണകരമായിരുന്ന ക്യാന്റീൻ ദീർഘനാളായി പ്രവർത്തനരഹിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ത്രിവേണിയുടെ വക ഫർണിച്ചർ അതിൽനിന്നും ഒഴിവാക്കുകയോ തുടർന്നു നടത്തുന്നവർക്ക് കൈമാറുകയോ ചെയ്യാത്തതാണ് നിലവിലെ പ്രതിസന്ധിക്ക് കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനം ഏറ്റെടുത്ത് നടത്താൻ ഏതെങ്കിലും സഹകരണ സ്ഥാപനം മുന്നോട്ട് വന്നിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടിയാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ത്രിവേണി വക ഫർണിച്ചർ, ലീസിന് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര ഏറ്റെടുത്തിട്ടുണ്ട്.

(സി) സഹകരണ സ്ഥാപനങ്ങളൊന്നുംതന്നെ ടി സ്ഥാപനം ഏറ്റെടുത്തു നടത്താൻ മുന്നോട്ടുവന്നിട്ടില്ല. എന്നാൽ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ക്വട്ടേഷൻ വിളിച്ച് ക്യാന്റീൻ പ്രവർത്തനം ഒരു സ്വകാര്യ വ്യക്തിയെ ഏൽപ്പിക്കുകയും അതിന്റെ പ്രവർത്തനം 27-2-2017 മുതൽ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## ത്രിവേണി സ്റ്റോറുകൾവഴി അരി കുറഞ്ഞ വിലയ്ക്ക് വിപണനം നടത്തുന്നതിന് പദ്ധതി

18 (2223) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകൾവഴി അരി കുറഞ്ഞ വിലയ്ക്ക് വിപണനം നടത്തുന്നതിന് പദ്ധതി തയ്യാറാക്കുമോ;

(ബി) വിപണി ഇടപെടലുകൾക്കായി സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

### ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 26 പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി അരി കുറഞ്ഞവിലയ്ക്ക് വിപണനം നടത്തുന്നതിനായി കൺസോർഷ്യത്തിന് രൂപം നൽകിയിട്ടുണ്ട്. കൺസോർഷ്യത്തിലൂടെ വാങ്ങുന്ന അരി പ്രാഥമിക സഹകരണ സംഘങ്ങളിലൂടെയും ത്രിവേണി യൂണിറ്റുകളിലൂടെയും വിൽപ്പന നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) വിപണി ഇടപെടലുകൾക്കായി സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

1. കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 26 പ്രാഥമിക സഹകരണ

സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യത്തിന് രൂപം നൽകി.

2. കൺസോർഷ്യത്തിന് കൺസോർഷ്യം നിധി എന്ന നിലയിൽ 100 കോടി രൂപ ശേഖരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
3. കൺസോർഷ്യം രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൺസോർഷ്യം നിധി ഉടൻ രൂപീകരിക്കുന്നതാണ്.
4. കൺസോർഷ്യം പ്രതിനിധികൾ ആന്ധ്രയിൽ നേരിട്ടുപോയി മില്ലുടമകൾ, ഹോൾസെയിൽ ഡീലർ, എഫ്.സി.ഐ. ജനറൽ മാനേജർ എന്നിവരുമായി സംസാരിച്ച് സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ട്.
5. കൺസോർഷ്യം പ്രതിനിധികൾ പശ്ചിമ ബംഗാളിൽ പ്രധാന മില്ലുടമകളുമായും, ഹോൾസെയിലർമാരുമായി ആശയവിനിമയം നടത്തി, മില്ലുടമകളുടെ സഹായത്തോടുകൂടി മാർച്ച് ആദ്യ ആഴ്ച കേരളത്തിൽ അരി എത്തിക്കും.
6. 500 ഔട്ട്‌ലെറ്റുകളിലൂടെ 6-3-2017 മുതൽ അരി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പലിശയിളവ് പദ്ധതി**

19 (2224) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തേജന പലിശയിളവ് പദ്ധതി അനുസരിച്ച് സഹകരണ സംഘങ്ങൾ അനുവദിക്കുന്ന വായ്പാ പദ്ധതിയിൽ കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നൽകുന്ന ഇളവ് എന്താണ്; വിശദമാക്കുമോ;

(ബി) ക്യാഷ് ക്രെഡിറ്റ്, കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന വായ്പകൾ എടുക്കുന്നവർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പലിശയിളവ് ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാർ ആനുകൂല്യങ്ങൾ വായ്പക്കാരന് നൽകാത്ത സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) സഹകരണ സംഘം രജിസ്ട്രാർ ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കിവരുന്നു. സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളൂ. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷികാവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. 7% പലിശ നിരക്കിലാണ് വായ്പകൾ നൽകുന്നത്. അംഗങ്ങൾ കൃത്യമായി വായ്പ തിരിച്ചടയ്ക്കുമ്പോൾ ബാങ്കുകൾക്ക് ലഭിക്കേണ്ട 7% പലിശയിൽ 4% പലിശ സംസ്ഥാന സർക്കാരിൽ നിന്നും കിട്ടാനുള്ളതായും, 3% പലിശ നബാർഡിൽ നിന്നും കിട്ടാനുള്ളതായും കണക്കാക്കുന്നു.

(ബി) ഇത്തരം പരാതി ലഭിച്ചിട്ടില്ല.

(സി) &ഡി) പരാതി ലഭിച്ചാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

**കേപ്പിൽ ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റം**

20 (2225) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പിൽ 20-1-2017-ലെ ഉത്തരവ് പ്രകാരം നടന്ന ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റത്തിൽ ഇത് സംബന്ധിച്ച കേപ്പിലെ 28-3-2016-ലെ സർക്കുലറിലെ നിബന്ധനകൾ പാലിക്കാത്ത കാര്യം സർക്കാർ പരിശോധിക്കുമോ ?

ഉത്തരം

വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലാർക്ക്/കാഷ്യർ തസ്തിക

21 (2226) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജില്ലാസഹകരണ ബാങ്കുകളിൽ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ലയും തസ്തികയും തിരിച്ച് വ്യക്തമാക്കാമോ; 2017-ലെ പ്രതീക്ഷിത ഒഴിവുകൾ പ്രസ്തുത തസ്തികയിൽ എത്രവരും എന്നതും ജില്ലാ അടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; റിപ്പോർട്ട് ചെയ്യാത്ത 2017-ലെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ റിപ്പോർട്ട് ചെയ്യിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ;

(സി) കേരള ബാങ്ക് രൂപീകരണം ചർച്ച നടക്കുന്നതിനാൽ നിലവിലുള്ള ജില്ലാബാങ്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിലെ പി.എസ്.സി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് തടസ്സം ഉണ്ടോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി പൂർത്തീകരിക്കുന്നതുവരെ പ്രസ്തുത ലിസ്റ്റിൽനിന്നു തന്നെ നിയമനം നടത്തുമോ?

ഉത്തരം

(എ) കേരളത്തിലെ ജില്ലാസഹകരണ ബാങ്കുകളിൽ ക്ലാർക്ക്/കാഷ്യർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്ലാർക്ക്/കാഷ്യർ തസ്തിക | | |
|---|---|---|
| ജില്ല | നിലവിലുള്ള ഒഴിവുകൾ | പ്രതീക്ഷിത ഒഴിവുകൾ |
| (1) | (2) | (3) |
| തിരുവനന്തപുരം | ഇല്ല | ഇല്ല |
| കൊല്ലം | ഇല്ല | ഇല്ല |
| ആലപ്പുഴ | ഇല്ല | 13 |
| പത്തനംതിട്ട | 8 | 4 |
| കോട്ടയം | 29 | ഇല്ല |
| ഇടുക്കി | 30 | 6 |
| എറണാകുളം | 11 | 5 |
| തൃശ്ശൂർ | ഇല്ല | ഇല്ല |

| (1) | (2) | (3) |
|---|---|---|
| പാലക്കാട് | 25 | 17 |
| കോഴിക്കോട് | 17 | 18 |
| മലപ്പുറം | 27 | 13 |
| വയനാട് | 18 | ഇല്ല |
| കണ്ണൂർ | 7 | 15 |
| കാസർഗോഡ് | 36 | ഇല്ല |

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | ഒഴിവുകൾ നിലവിലില്ല |
| കൊല്ലം | ഒഴിവുകൾ നിലവിലില്ല |
| ആലപ്പുഴ | ഒഴിവുകൾ നിലവിലില്ല |
| പത്തനംതിട്ട | 8 |
| കോട്ടയം | 29 |
| ഇടുക്കി | 30 |
| എറണാകുളം | 8 |
| തൃശ്ശൂർ | ഒഴിവുകൾ നിലവിലില്ല |
| പാലക്കാട് | 30 |
| കോഴിക്കോട് | 17 |
| മലപ്പുറം | 27 |
| വയനാട് | 18 |
| കണ്ണൂർ | 7 |
| കാസർഗോഡ് | 26 |

നിയമന ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ വിവിധ വശങ്ങൾ പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

## വിദ്യാഭ്യാസ വായ്പ എടുക്കുന്ന വിദ്യാർത്ഥികൾക്ക് പലിശ ഇളവ്

22 (2227) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ എടുക്കുന്ന വിദ്യാർത്ഥികൾക്ക് പലിശ ഇളവ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ കീഴിൽ വരുന്ന ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നെടുക്കുന്ന വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി അനുവദിക്കുന്ന കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി സ്കീം 1-4-2009-ൽ നിലവിൽ വന്നു. പ്രസ്തുത സ്കീമിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് കേരള സംസ്ഥാന സഹകരണ ബാങ്കിനെ പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി. മറ്റ് സഹകരണ ബാങ്കുകൾ പദ്ധതിയുടെ പരിധിയിൽ വരികയില്ല. മറ്റ് സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്ക് പലിശ ഇളവ് ലഭ്യമാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ തലത്തിലാണ് നടപടി സ്വീകരിക്കേണ്ടത്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കടുത്തുരുത്തി സഹകരണ ആശുപത്രി

23 (2228) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സഹകരണ ആശുപത്രിക്ക് അനുവദിച്ചിരിക്കുന്ന സർക്കാർ വായ്പ, പലിശ എന്നിവ സർക്കാർ ഓഹരി മൂലധനമായി മാറ്റുന്നതു സംബന്ധിച്ച് സഹകരണ ആശുപത്രി പ്രസിഡന്റ് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികളും ഇക്കാര്യത്തിൽ സഹകരണ രജിസ്ട്രാർ സ്വീകരിച്ച നടപടികളും അറിയിക്കാമോ;

(ബി) സമാന സ്വഭാവത്തോടെയുള്ള കേസ്സുകൾക്ക് മുൻകാലങ്ങളിൽ സർക്കാർ ഓഹരി മൂലധനമായി മാറ്റിയിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

ഉത്തരം

(എ) കട്ടുത്തുരുത്തി സഹകരണ ആശുപത്രിക്ക് അനുവദിച്ചിട്ടുള്ള സർക്കാർ വായ്പ, പലിശ എന്നിവ സർക്കാർ ഓഹരി മൂലധനമായി മാറ്റുന്നതിനുള്ള അപേക്ഷ 1-3-2017-ലെ എം.റ്റി(1)826/2017 നമ്പർ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിശോധിച്ചുവരുന്നു.

(ബി) സമാനസ്വഭാവത്തോടെയുള്ള കേസ്സുകളിൽ വായ്പ, പലിശ എന്നിവ മുൻകാലങ്ങളിൽ സർക്കാർ ഓഹരിമൂലധനമായി മാറ്റിയിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

**സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മോറട്ടോറിയം**

24 (2229) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോട്ട് നിരോധനംമൂലം ഉളവായ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, സഹകരണസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മോറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഏത് തീയതിവരെയാണ് മോറട്ടോറിയം ഏർപ്പെടുത്തിയതെന്ന് അറിയിക്കുമോ;

(സി) മോറട്ടോറിയത്തിന്റെ മറ്റ് വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) മോറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിഭാഗം സഹകരണ ബാങ്കുകളും/സംഘങ്ങളുംവഴി വിതരണം ചെയ്തിട്ടുള്ള വായ്പാ കുടിശ്ശികകളിന്മേൽ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിർബന്ധിത ജപ്തി നടപടികൾ 31-3-2017 വരെ നിർത്തിവയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) 31-3-2017 വരെയാണ് മോറട്ടോറിയം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ഉയർന്ന മൂല്യമുള്ള നോട്ട് കേന്ദ്രസർക്കാർ അസാധുവാക്കിയത് മുഖേന സഹകരണ ബാങ്കിംഗ് മേഖലയിലുണ്ടായ പ്രായോഗിക തടസ്സം സാധാരണ ജനങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വിഭാഗം സഹകരണ സംഘങ്ങളും/ബാങ്കുകളും വഴി വിതരണം ചെയ്തിട്ടുള്ള വായ്പാ കുടിശ്ശികകളിന്മേൽ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിർബന്ധിത ജപ്തി നടപടികൾ 31-3-2017 വരെ നിർത്തിവയ്ക്കുന്നതിന് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഉത്തര കേരളത്തിലെ നദി-കായൽ ടൂറിസം പദ്ധതി**

25 (2230) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ നദികൾ ഉൾപ്പെടുന്ന നദി-കായൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ പ്രോജക്ടിന് കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ നദികൾ ഉൾപ്പെടുന്ന റിവർ ക്രൂയിസ് ടൂറിസം സർക്യൂട്ട് എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടത്തിവരുന്നു. നിലവിൽ ഈ പദ്ധതിക്കായി കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**ടൂറിസം വകുപ്പിന്റെ അഡ്വർടൈസിംഗ് പാനൽ**

26 (2231) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ അടുത്ത മൂന്നുവർഷത്തേക്കുള്ള അഡ്വർടൈസിംഗ്, മാർക്കറ്റിംഗ്, പബ്ലിക് റിലേഷൻസ് എന്നീ ഏജൻസികളെ നിയമിക്കുന്നതിനുള്ള പാനൽ തയ്യാറാക്കിയിട്ടുണ്ടോ; ഏങ്കിൽ ഓരോ പാനലിനും ഏതൊക്കെ ഏജൻസികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സാധാരണഗതിയിൽ ഉൾക്കൊള്ളിക്കുന്ന മൂന്നു പേരടങ്ങുന്ന പരസ്യ ഏജൻസികളുടെ പാനലിനുപകരം ഇത്തവണ ഒരു ഏജൻസി മതി എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരമൊരു മാറ്റത്തിനുള്ള സാഹചര്യം എന്തെന്നും ഇതുമൂലമുള്ള പ്രയോജനമെന്തെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ അടുത്ത മൂന്ന് വർഷത്തേയ്ക്കുള്ള അഡ്വർട്ടൈസിംഗ്, മാർക്കറ്റിംഗ്, പബ്ലിക് റിലേഷൻസ് ഏജൻസികളുടെ പാനൽ തയ്യാറാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും പിൻതുടരുന്ന QCBS (Quality and Cost Based Selection) സിസ്റ്റം ആണ് ഇത്തവണ അഡ്വർട്ടൈസിംഗ്, മാർക്കറ്റിംഗ്, പബ്ലിക് റിലേഷൻസ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. QCBS സിസ്റ്റം അനുസരിച്ച് ഒരു ഏജൻസിയെ മാത്രമാണ് ഒരു പ്രത്യേക പ്രവൃത്തിക്കായി തെരഞ്ഞെടുക്കുന്നത്.

**'ടേക്ക് എ ബ്രേക്ക്' പദ്ധതി**

27 (2232) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പിറവം നിയോജകമണ്ഡലത്തിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ നിർമ്മാണം എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ പൂർത്തീകരണം വൈകാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ആമ്പല്ലൂർ മില്ലുങ്കൽ ജംഗ്ഷനിൽ ഡി.റ്റി.പി.സി. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) എറണാകുളം ജില്ലയിൽ പിറവം നിയോജകമണ്ഡലത്തിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

**എൻ.എച്ച്-ഏവൂർ ടെമ്പിൾ റോഡ്**

28 (2233) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ എൻ.എച്ച്-ഏവൂർ ടെമ്പിൾ റോഡിന്റെ ഇരുവശവും നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്നും ഇതിന്റെ എസ്റ്റിമേറ്റ് എത്രയെന്നും അറിയിക്കുമോ ?

ഉത്തരം

(എ & ബി) നിലവിൽ പരിഗണനയിലില്ല.

**കോവളം-വെള്ളാർ ടൂറിസം വില്ലേജ്**

29 (2234) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിന് കീഴിൽ കേന്ദ്ര സഹായത്തോടെ പണിതീർത്ത കോവളം-വെള്ളാർ ടൂറിസം വില്ലേജ് നടത്തിപ്പ് സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഇല്ല. എന്നാൽ ടൂറിസം വകുപ്പിന്റെ കീഴിൽത്തന്നെ ടി സ്ഥാപനത്തെ നിലനിർത്തിക്കൊണ്ട് പ്രാപ്തിയുള്ള ഏജൻസിക്ക് ലീസിന് നൽകുന്നതിനുള്ള ടെൻഡർ നടപടികൾ നടന്നുവരുന്നു.

## പുതിയ നദീതീര ടൂറിസം പദ്ധതി

30 (2235) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാറിലെ നദികൾ കേന്ദ്രീകരിച്ച് പുതിയ നദീതീര ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയിൽ ഏതെല്ലാം നദികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പ്രദേശത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഈ പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ നദികൾ ഉൾപ്പെടുന്ന റിവർ ക്രൂയിസ് ടൂറിസം സർക്യൂട്ട് എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടത്തിവരുന്നു.

(ബി & സി) പുഴകളിലൂടെയും കായലിലൂടെയും ഉള്ള വിനോദസഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും ഗ്രാമീണ വിഹിതവും എല്ലാം യോജിപ്പിച്ചുകൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് ലക്ഷ്യമിടുന്നത്.

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതോടെ പ്രത്യക്ഷമായും പരോക്ഷമായും ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഇക്കോ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതികൾ

31 (2236) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ കടലുണ്ടിയിൽ ഇക്കോ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ പദ്ധതികൾ ഏറ്റെടുക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) കടലുണ്ടി കമ്മ്യൂണിറ്റി റിസർവിന്റെ ചുമതല വഹിക്കുന്ന വനം വകുപ്പ് പദ്ധതി സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്.

## വിനോദസഞ്ചാരം

32 (2237) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര മേഖലയിൽ ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ഉത്തരം

1. ധർമ്മടം-മുഴപ്പിലങ്ങാട്-കണ്ണൂർ, വയനാട്-കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ-വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി-ചിമ്മിനി, കാലടി-മലയാറ്റൂർ-ആതിരപ്പിള്ളി, പീരുമേട്-കുട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ.

2. വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം.

3. തെരഞ്ഞെടുക്കപ്പെട്ട അന്താരാഷ്ട്ര ടൂറിസം മാർക്കറ്റുകളിൽനിന്നും ചാർട്ടേഡ് വിമാനങ്ങളും, ആഭ്യന്തര ടൂറിസം മാർക്കറ്റുകളിൽനിന്നും ചാർട്ടേഡ് തീവണ്ടികളും.

4. ബേക്കലിൽ എയർസ്ട്രിപ്പിന് നടപടി. വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം.

5. ടൂറിസം സെന്ററുകളിലെ വികസനത്തിനായി നിലവിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിനുമായി ഇതര വകുപ്പുകളുടെ ഏകോപനത്തിനായി ഉന്നതതല സമിതി രൂപീകരണം.

6. ഡി.റ്റി.പി.സി.-കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുനഃസംഘടനയ്ക്ക് നടപടി.

7. പൈതൃക ഗ്രാമ സംരക്ഷണമെന്ന നിലയിൽ ബാലരാമപുരം, മാന്നാർ, ആറന്മുള, ചെറുതുരുത്തി, പയ്യന്നൂർ, മുത്തങ്ങ തുടങ്ങിയ 10 കേന്ദ്രങ്ങളെ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ.

8. ഓഫ് സീസൺ വിപണനം ചെയ്യുന്നതിനായി "ഡ്രീം സീസൺ പാക്കേജ്" ഉൾപ്പെടുന്ന പ്രചരണ പരിപാടികൾ, ഇതിനായി കേരള ടൂറിസം വെബ്സൈറ്റ്, ഫേസ് ബുക്ക് പേജ് തുടങ്ങിയ സമൂഹമാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണം, ദേശീയതലത്തിൽ അച്ചടി-ദൃശ്യമാധ്യമങ്ങളിൽ ഇതിനായി ആകർഷകങ്ങളായ പരസ്യങ്ങൾ.

9. ചൈനയിൽനിന്നുള്ള ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനായി ബീജിംഗ് ഇന്റർനാഷണൽ ടൂറിസം എക്സിബിഷനിൽ കേരളത്തിലെ പ്രമുഖ ടൂറിസം ഓപ്പറേറ്റർമാരുമായി ചേർന്നുള്ള പ്രചരണ പരിപാടികൾ.

10. നവമാധ്യമ പ്രചാരണങ്ങളിലൂടെയുള്ള ശക്തമായ പ്രചരണ ഇടപെടൽ.

11. ഗസ്റ്റ് ഹൗസുകളിൽ അതിഥികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനായി പുതുക്കിയ ഫർണിഷിംഗ്, ടെലിവിഷൻ, സുരക്ഷയുടെ ഭാഗമായി സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കൽ.

12. കേരളത്തെ ഒരു ഹണിമൂൺ ഡെസ്റ്റിനേഷനാക്കി പരിചയപ്പെടുത്തുവാനുതകുന്ന സോഷ്യൽ മീഡിയ പ്രചരണ പരിപാടി.

13. കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് സന്ദർശിക്കുന്ന സഞ്ചാരികൾക്ക് ഡെസ്റ്റിനേഷനുകളുടെ 360 ഡിഗ്രി വീഡിയോ ലഭ്യമാക്കുന്നതിലേയ്ക്കായുള്ള പദ്ധതി.

14. ഡിവൈൻ തിയേറ്റർ എന്ന പേരിൽ ഓൺലൈൻ ഫിലിം നിർമ്മാതാക്കൾക്ക് കേരളത്തെക്കുറിച്ച് ഫിലിം നിർമ്മിക്കുന്നതിനും മറ്റുമായുള്ള ഒരു പ്രചരണ പദ്ധതിക്കും വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

15. വാർ ഓഫ് കപ്പിൾസ് എന്ന ഒരു സോഷ്യൽ മീഡിയ പ്രചരണ പരിപാടി.

16. 15 രാജ്യങ്ങളിൽനിന്നുള്ള ടീമുകളെ ഉൾപ്പെടുത്തിക്കൊണ്ട് Spice Route International Culinary Festival സംഘടിപ്പിച്ചു.

17. 'മായ' എന്ന പേരിൽ വാട്സ് ആപ്പ് കാമ്പയിൻ നടപ്പാക്കി.

18. വിദേശത്തും സ്വദേശത്തും പത്ര-ദൃശ്യമാധ്യമ പ്രചരണം വിജയകരമായി സംഘടിപ്പിച്ചു.

19. " Bid Wars" എന്ന പേരിൽ ആദ്യമായി സോഷ്യൽ മീഡിയകളിൽ ഓൺലൈൻ കാമ്പയിൻ സംഘടിപ്പിച്ചു.

20. Kerala Blog Express- Season 4

21. ആസ്ട്രേലിയയിലെ പത്ര-ദൃശ്യമാധ്യമങ്ങളിലുള്ള സജീവമായ പ്രചരണ പരിപാടികൾ.

**വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ നടപടി**

33 (2238) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വിനോദസഞ്ചാര മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിന്റെ വിനോദ സഞ്ചാര മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസനത്തിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സർക്കാർ സംരംഭമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെയുള്ള സമഗ്ര വികസനമാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസിപ്പിക്കുന്ന കേന്ദ്രങ്ങളോടൊപ്പം സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടുകൂടിയുള്ള ടൂറിസം പദ്ധതികളും സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവക്ഷിക്കുന്നുണ്ട്. ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ, ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ്ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങി വിവിധ മേഖലകൾ സ്വകാര്യനിക്ഷേപത്തിന് സാധ്യതയുള്ളതാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതിന് പ്രധാനമായും ലക്ഷ്യമിടുന്നുണ്ട്. നൂതനമായ പ്രചരണവും വിപണനവും ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചുവരുന്നു.

ടൂറിസം വികസനത്തിനുവേണ്ടി വിദേശ രാജ്യങ്ങളിൽ സംഘടിപ്പിക്കുന്ന പ്രശസ്തമായ ടൂറിസം മേളകളിൽ പങ്കെടുക്കുന്നത് കൂടാതെ റോഡ് ഷോകളും B2B മീറ്റിംഗുകളും സംഘടിപ്പിച്ചുവരുന്നു. പ്രചരണ പരിപാടികളുടെ ഭാഗമായി അച്ചടി, ദൃശ്യമാധ്യമങ്ങളിൽ കേരളത്തിന്റെ സാന്നിധ്യം അനുഭവപ്പെടുത്തുവാനായി നിരവധി പരസ്യ പ്രചരണ പരിപാടികളും നടത്തിവരുന്നു. ഇവ കൂടാതെ ടൂറിസം രംഗത്തെ പ്രശസ്തരായ മാധ്യമ പ്രവർത്തകരേയും, ബ്ലോഗേഴ്സിനേയും മറ്റും സംസ്ഥാനത്ത് ക്ഷണിച്ചുവരുത്തി നമ്മുടെ ടൂറിസം ഉത്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തുവരുന്നു.

**വിദേശ ടൂറിസ്റ്റുകൾ**

34 (2239) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-ലെ സ്ഥിതിവിവര കണക്കുപ്രകാരം സംസ്ഥാനത്ത് എത്ര വിദേശ ടൂറിസ്റ്റുകൾ സന്ദർശനം നടത്തിയെന്ന കണക്കുകൾ ലഭ്യമാക്കാമോ; ഇക്കാര്യത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ ഏതെല്ലാം രാജ്യങ്ങൾക്കാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

2016-ലെ സ്ഥിതിവിവര കണക്കുപ്രകാരം കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 10,38,419 ആണ്. ഇതിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ യഥാക്രമം യുണൈറ്റഡ് കിംഗ്ഡം, സൗദി അറേബ്യ, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക എന്നീ രാജ്യങ്ങൾക്കാണ്.

**ഇക്കോ-ടൂറിസം പദ്ധതികൾ**

35 (2240) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന് കീഴിലുള്ള ഇക്കോ-ടൂറിസം വിഭാഗം ഏറ്റെടുത്തു നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) ഇക്കോ-ടൂറിസം വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രാദേശിക ടൂറിസം വികസനത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന് കീഴിലുള്ള ഇക്കോ-ടൂറിസം വിഭാഗം ഏറ്റെടുത്തു നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി ചുവടെ ചേർക്കുന്നു:

1. തെന്മല ഇക്കോടൂറിസം മേഖലയുടെ നവീകരണവും അനുബന്ധ വികസനങ്ങളും

തെന്മല ഇക്കോ-ടൂറിസം പദ്ധതിയുടെ നിലവിലെ സംവിധാനങ്ങൾ/ സാഹചര്യങ്ങളുടെ വികസനം എന്നിവ നടപ്പിലാക്കുന്നത് ലക്ഷ്യമിട്ടാണ് ഈ പദ്ധതികൾ വിഭാവന ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ ജലസംബന്ധിയായ സാഹസിക ടൂറിസം, ഉദ്യാനം, ലാൻഡ് സ്കേപ്പിംഗ്, നിലവിലെ സംവിധാനങ്ങളുടെ നവീകരണം തുടങ്ങിയ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി ചെലവിനായി 47 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതി തെന്മല ഇക്കോ-ടൂറിസം പ്രൊമോഷൻ സൊസൈറ്റിവഴി നടപ്പിലാക്കിവരുന്നു.

2. ആങ്ങാമൂഴി ഗവി ജംഗിൾ സഫാരി ഇക്കോ ടൂറിസം ബസ് സർവ്വീസ്

ഗവി ഇക്കോ-ടൂറിസം പദ്ധതി പ്രദേശത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിനോദസഞ്ചാരികൾക്ക് ജംഗിൾ സഫാരി നടത്തുന്നതിനായി ആങ്ങാമൂഴി ഗവി റൂട്ടിലേയ്ക്ക് രണ്ട് ബസ്സുകൾ വാങ്ങുന്നതിന് 44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി ആണ് നിർവ്വഹണ ഏജൻസി.

3. മുട്ടറ മരുതിമല ഇക്കോ-ടൂറിസം പദ്ധതി

പദ്ധതിയുടെ ഒന്നാം ഘട്ട നിർവ്വഹണം അന്തിമഘട്ടത്തിലാണ്. ഒന്നാംഘട്ട പദ്ധതി പൂർത്തീകരണത്തിനാവശ്യമായ തുക നിർവ്വഹണ ഏജൻസിയായ വെളിയം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ട വികസനത്തിനുള്ള വിശദമായ രൂപരേഖ ലഭിച്ചിട്ടില്ല.

4. ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ ഇക്കോ-ടൂറിസം പ്ലാൻ രണ്ടാംഘട്ടം

പദ്ധതിക്ക് 58 ലക്ഷം രൂപയുടെ അംഗീകാരം ലഭിക്കുകയും മുഴുവൻ തുകയും ഇടുക്കി വൈൽഡ് ലൈഫ് വാർഡന് കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന്റെ ഘട്ടത്തിലാണ്.

5. കോട്ടൂർ ആന പുനരധിവാസ കേന്ദ്രം /പുനരുദ്ധാരണ കേന്ദ്രം.

കോട്ടൂർ എലിഫെന്റ് റീഹാബിലിറ്റേഷൻ സെന്റർ അപ്ഗ്രഡേഷൻ പ്ലാൻ എന്ന പദ്ധതിക്ക് 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി തുക തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്.

6. പരുന്തുറാഞ്ചി ഐലൻഡ് ഇക്കോ ടൂറിസം വികസനം രണ്ടാംഘട്ടം

ഈ പദ്ധതിക്ക് 66.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 33.25 ലക്ഷം രൂപ എറണാകുളം ഡി.റ്റി.പി.സി.ക്ക് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ നടന്നുവരുന്നു.

7. ഇക്കോ-ടൂറിസം ഓഫ് തെന്മല (പാലരുവി വാട്ടർ ഫാൾസ് ഡെവലപ്മെന്റ്)

ഈ പദ്ധതിക്ക് (പാലരുവി വെള്ളച്ചാട്ടം) 52 ലക്ഷം രൂപ അനുവദിക്കുകയും മുഴുവൻ തുകയും തെന്മല ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിക്ക് നൽകിയിട്ടുമുണ്ട്.

8. അഡീഷണൽ ഫെസിലിറ്റീസ് അറ്റ് ശെന്തരുണി ഇക്കോ ടൂറിസം

ശെന്തരുണി സാങ്ച്വറിയുടെ വികസനത്തിനായി 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുക ശെന്തരുണി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിക്ക് നൽകിയിട്ടുണ്ട്.

9. ക്യാമ്പിംഗ് ഫെസിലിറ്റി അറ്റ് അരിപ്പ

അരിപ്പയിലെ അടിസ്ഥാനസൗകര്യ വികസനത്തിനും ട്രെക്കിംഗ് ക്യാമ്പിംഗ് സൗകര്യം ഒരുക്കുന്നതിനുമായി 58.5 ലക്ഷം രൂപ അനുവദിച്ചിരുന്നു. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ പണി പൂർത്തീകരിച്ച് സൗകര്യങ്ങൾ ഒരുക്കുകയും പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വനം വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ഡി.റ്റി.പി.സി.-കൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദമായ പദ്ധതികൾ കണ്ടെത്തി അവ നടപ്പിലാക്കാനുള്ള പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. ഇതിലേയ്ക്കായി ഇക്കോ ടൂറിസം ഡെസ്റ്റിനേഷനിൽ വാഹകശേഷി പഠനം നടത്തേണ്ടത് ആവശ്യമാണ്. വനം വകുപ്പിന്റെ അധീനതയിലുള്ള ഇക്കോ ടൂറിസം മേഖലകളിൽ പാർക്കിംഗ്, താമസ സൗകര്യം മുതലായവയ്ക്ക് വനേതര പ്രദേശങ്ങളിൽ സ്ഥലം കണ്ടെത്തേണ്ടതും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുമുണ്ട്. ഇക്കോ ടൂറിസം മേഖലകളിലേയ്ക്കുള്ള യാത്രാ സൗകര്യങ്ങൾ വിപുലമാക്കേണ്ടതും സുഗമ മാക്കേണ്ടതുമുണ്ട്.

**ഹൈടെക് ടൂറിസം ബീച്ചുകൾ**

36 (2241) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ടൂറിസം വികസിപ്പിക്കുന്നതിനും വിദേശ വിനോദ സഞ്ചാരികളുടെയും ആഭ്യന്തര വിനോദസഞ്ചാരികളുടെയും വരവ് വർദ്ധിപ്പിക്കുന്നതിനും അധികതൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിവിധ സ്ഥലങ്ങളിലുള്ള തീരദേശത്ത് കൂടുതൽ ഹൈടെക് ടൂറിസം ബീച്ചുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

നിലവിലുള്ള ചട്ടങ്ങളും, മാനദണ്ഡങ്ങളും പരിപാലിച്ചുകൊണ്ടും കോസ്റ്റൽ റെഗുലേറ്ററി സോൺ ചട്ടങ്ങൾ പ്രത്യേകമായി പരിഗണിച്ചും മാത്രമേ തീരദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുവാൻ സാധിക്കുകയുള്ളൂ. തനതു പ്രകൃതി സൗന്ദര്യത്തിനും പരിസ്ഥിതിക്കും കോട്ടം തട്ടാതെയുള്ള പദ്ധതികളിലൂടെ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

**വഴിയോര വിശ്രമകേന്ദ്രങ്ങൾ**

37 (2242) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ദേശീയ പാതയോരത്ത് വിവിധ സ്ഥലങ്ങളിൽ വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവ പ്രവർത്തന മാരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശശുദ്ധി ചോർന്നുപോകാത്ത വിധം സമാന സ്വഭാവമുള്ള ജനകീയ സ്ഥാപനങ്ങൾ ഇവ ഏറ്റെടുത്ത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഇത് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ മുന്നോട്ടുവന്നാൽ അനുകൂല നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പരിശോധിക്കാവുന്നതാണ്.

**വഴിയോര വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനം**

38(2243) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ദേശീയ പാതയോരത്ത് വഴിയോര വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഗുണകരമാകുന്ന വിധം സമാന സ്വഭാവമുള്ള സഹകരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) ജനപങ്കാളിത്തത്തോടെ ഇത്തരം സംരംഭങ്ങൾ നടപ്പാക്കുന്നതുവഴി കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്വവും ഉറപ്പാക്കാൻ കഴിയുകയില്ലേ എന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പദ്ധതി പൂർത്തീകരിച്ച് കഴിഞ്ഞു.

(ബി & സി) പരിശോധിക്കാവുന്നതാണ്.

**വയനാട് ജില്ലയിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങൾ**

39 (2244)<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഏതെല്ലാം വകുപ്പുകളുടെ നിയന്ത്രണത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രവർത്തന ഏകോപനത്തിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

1. കുറുവാ ദ്വീപ് - ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്
2. എടക്കൽ ഗുഹ - ആർക്കിയോളജി
3. പൂക്കോട് തടാകം - ഫിഷറീസ് വകുപ്പ്
4. കർലോട് തടാകം - ഡി.റ്റി.പി.സി
5. കാന്തൻപാറ വെള്ളച്ചാട്ടം - ഡി.റ്റി.പി.സി
6. സൂചിപ്പാറ വെള്ളച്ചാട്ടം - ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്

7. ചെമ്പ്രാല - ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്

8. പഴശ്ശി പാർക്ക് - ഡി.റ്റി.പി.സി

9. ബാണാസുര സാഗർ ഡാം - കെ.എസ്.ഇ.ബി.

10. മീൻമുട്ടി വെള്ളച്ചാട്ടം - ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്

11. പ്രിയദർശിനി ടീ എൻവിറോൺസ് -പ്രിയദർശിനി ട്രൈബൽ സൊസൈറ്റി, മാനന്തവാടി

12. ഹെറിറ്റേജ് മ്യൂസിയം അമ്പലവയൽ - ഡി.റ്റി.പി.സി.

13. മുത്തങ്ങ & തോൽപ്പട്ടി - ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്

14. പഴശ്ശി ടോമ്പ് & മ്യൂസിയം മാനന്തവാടി - ആർക്കിയോളജി

15. തിരുനെല്ലി ക്ഷേത്രം - ദേവസ്വം ബോർഡ്

16. വള്ളിയൂർക്കാവ് ക്ഷേത്രം- ദേവസ്വം ബോർഡ്

(ബി) പരിശോധിക്കാവുന്നതാണ്.

**ചരിത്രസ്മാരകങ്ങളായ ചീനവലകൾ സംരക്ഷിക്കാൻ നടപടി**

40 (2245) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ടുകൊച്ചിയിലെ ചരിത്ര സ്മാരകങ്ങളിലൊന്നായ ചീനവലകൾ നാശോന്മുഖമായികൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ തനിമ നിലനിർത്തുന്നതിനും ഈ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനുമായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചീനവലകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേടുവന്ന തടിയും മറ്റും പുനഃസ്ഥാപിക്കുന്നതിന് 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

**ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

41 (2246) <u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. എസ്.രാജേന്ദ്രൻ:</u>
<u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പ്രദേശത്തെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും നിലവിൽ എത്ര ടൂറിസം ഡെസ്റ്റിനേഷനുകൾ ഉണ്ടെന്നും അറിയിക്കാമോ; പുതുതായി ടൂറിസം ഡെസ്റ്റിനേഷനായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരം ടൂറിസം ഡെസ്റ്റിനേഷനുകൾ ആകർഷകമാക്കാനുള്ള പദ്ധതികൾ എന്തൊക്കെയാണെന്നും ഇവ ശുചിയായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോയെന്നും വിശദമാക്കുമോ;

(സി) ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾക്ക് ഇക്കാര്യത്തിലുള്ള പങ്ക് എന്താണെന്നും ഇവ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു പ്രദേശത്തെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിക്കൊണ്ട് സർക്കാർ 4-2-2011-ലെ സ.ഉ.(സാധാ) നമ്പർ 874/2011/ടൂറിസം പ്രകാരം ഉത്തരവായിട്ടുണ്ട് (പകർപ്പ് അനുബന്ധം '1'*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആയി ചേർത്തിരിക്കുന്നു). നിലവിൽ സംസ്ഥാനത്ത് 68 ടൂറിസം ഡെസ്റ്റിനേഷനുകൾ ഉണ്ട്. പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ പ്രഖ്യാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) 'ഗ്രീൻ കാർപ്പറ്റ്' എന്ന പദ്ധതി നിലവിൽ ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങൾ കുറ്റമറ്റതും സഞ്ചാരികൾക്കും തദ്ദേശീയർക്കും ഏറെ സ്വീകാര്യമായതുമാക്കി തീർക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശസമൂഹത്തിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളിലും ഡെസ്റ്റിനേഷൻ മാനേജരുടെ സേവനം ടൂറിസം വകുപ്പ് ഉറപ്പാക്കുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുക, കുടിവെള്ളം, ടോയ്‌ലെറ്റ്, പ്രകാശം, യാത്രാസൗകര്യം, ഭിന്നശേഷി സൗകര്യം, വാർത്താവിനിമയ സൗകര്യം, വിശ്രമകേന്ദ്രം, ലഘുഭക്ഷണശാല, ഇൻഫർമേഷൻ കൗണ്ടർ എന്നിവയടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലക്ഷ്യമിടുന്നതാണ് ഗ്രീൻകാർപ്പറ്റ്.

വിനോദസഞ്ചാര കേന്ദ്രങ്ങളെ വൃത്തിയായി പരിരക്ഷിക്കുന്നതിനും, ടൂറിസ്റ്റ് സൗഹൃദമാക്കി തീർക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. മാലിന്യ നിയന്ത്രണത്തിനും, സംസ്കരണത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ, സർക്കാർ ഇതര സംഘടനകൾ, സന്നദ്ധ സംഘടനകൾ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവ മുഖാന്തരം പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. മാലിന്യ നിയന്ത്രണത്തിനും, ടൂറിസം കേന്ദ്രങ്ങളുടെ ശുചിത്വത്തിനുമായി 'ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ' എന്ന പദ്ധതി പ്രകാരം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സൈനേജുകളും, മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) ഡെസ്റ്റിനേഷനുകളുടെ നടത്തിപ്പും മേൽനോട്ടവുമാണ് പ്രധാനമായും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിന്റെ ചുമതലയിലുള്ളത്. 15-7-2008-ലെ G.O.(MS)232/2008/TSM നമ്പറായുള്ള സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഇവ രൂപീകരിക്കുന്നത്. പകർപ്പ് അനുബന്ധം 'II'* ആയി ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വയനാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണം

42 (2247) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വയനാട് സന്ദർശിച്ച തദ്ദേശ, വിദേശ വിനോദസഞ്ചാരികളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) തദ്ദേശ, വിദേശ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ;

(സി) വയനാട് ജില്ലയിൽ അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വയനാട് സന്ദർശിച്ച വിനോദസഞ്ചാരികൾ

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | ആഭ്യന്തര വിനോദ സഞ്ചാരികൾ | ആകെ |
|---|---|---|---|
| 2012 | 9541 | 480125 | 489666 |
| 2013 | 10844 | 519306 | 530150 |
| 2014 | 11795 | 564274 | 576069 |
| 2015 | 12377 | 607335 | 619712 |
| 2016 | 7067 | 586146 | 593213 |

(ബി) തദ്ദേശ, വിദേശ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ:

1. ജില്ലയിലെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. ടൂറിസം സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങളും മറ്റ് പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്ന സമഗ്ര ടൂറിസം വികസന പദ്ധതിയായ ഗ്രീൻ കാർപ്പറ്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ വയനാടും ഉൾപ്പെടുന്നു.

2. ജില്ലകളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വിപണനവും പ്രചാരണവും ലക്ഷ്യമാക്കിയുള്ള പ്രൊമോഷൻ വീഡിയോകൾ ഡി.റ്റി.പി.സി മുഖേന തയ്യാറാക്കിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

1. വയനാട് ജില്ലയിൽ അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിൽ വയനാട് അഡ്വഞ്ചർ ക്യാമ്പ്, കർലാട് തടാകത്തിൽ സിപ്പ് ലൈൻ, കയാക്കിംഗ്, റോക്ക് ക്ലൈംബിംഗ് എന്നിവ പ്രവർത്തനക്ഷമമാണ്. സോർബിംഗ്, പെയിന്റ് ബോൾ, ആർച്ചറി എന്നിവ പ്രവർത്തന സജ്ജമാക്കിക്കൊണ്ടിരിക്കുന്നു.

2. കടുവക്കുഴി/ചീങ്ങേരി മല, ഫാന്റം റോക്ക് എന്നീ അഡ്വഞ്ചർ ടൂറിസം സെന്ററുകളുടെ നിർമ്മാണം/അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കൊച്ചി മുസിരിസ് ബിനാലെ

43 (2248) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമകാലിക കലാപ്രവർത്തനമായ കൊച്ചി-മുസിരിസ് ബിനാലെയുടെ വിജയകരമായ നടത്തിപ്പിനായി ജനപ്രതിനിധികളെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരെയും കലാകാരന്മാരേയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സമിതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മൂന്ന് സീസൺകൊണ്ട് അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച ഈ പരിപാടിയുടെ സംഘാടനത്തിനായി ഫോർട്ട് കൊച്ചിയിൽ ഒരു സ്ഥിരം വേദി ഉണ്ടാക്കുന്ന കാര്യം പരിഗണനയിലാണെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആസ്പിൻവാൾ കെട്ടിടവും ഭൂമിയും ഇതിനായി ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി-മുസിരിസ് ബിനാലെയുടെ വിജയകരമായ നടത്തിപ്പിനായി 17-1-2017-ലെ ജി.ഒ (ആർ.റ്റി)നമ്പർ 35/2017/ടൂറിസം പ്രകാരം ജനപ്രതിനിധികളെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരെയും കലാകാരന്മാരേയും ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി &സി) പരിശോധിച്ചുവരുന്നു.

**ആലപ്പുഴ തിരുമല വാർഡിൽ മിനി ഹൗസ് ബോട്ട് ടെർമിനൽ**

44 (2249)ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തിരുമല വാർഡിൽ പോലീസ് എയ്ഡ് പോസ്റ്റിന് സമീപം മിനി ഹൗസ് ബോട്ട് ടെർമിനൽ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് ഇപ്പോൾത്തന്നെ ധാരാളം ഹൗസ് ബോട്ടുകൾ സ്ഥിരമായി വന്നുപോകുന്നുണ്ടെന്നതും കൂടുതൽ സുരക്ഷിതവും സൗകര്യപ്രദവുമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മിനി ടെർമിനൽ വരികയാണെങ്കിൽ പുതിയൊരു ടൂറിസം കേന്ദ്രം കൂടി തുറക്കപ്പെടുകയും ഉത്തരവാദ ടൂറിസം വികസനത്തിന് കൂടുതൽ സഹായകരമാവുകയും ചെയ്യുമെന്നത് സർക്കാരിന്റെ വിലയിരുത്തലിൽ വന്നിട്ടുണ്ടോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി &സി) ഇതുസംബന്ധിച്ച് വകുപ്പ് വിലയിരുത്തലൊന്നും തന്നെ നടത്തിയിട്ടില്ല.

**മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷനാക്കൽ**

45 (2250) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാമ്പുഴ, ടൂറിസം ഡെസ്റ്റിനേഷനാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കോഴിക്കോട് ജില്ലയിലെ മാമ്പുഴസംരക്ഷിച്ച് ജലപാതയൊരുക്കാനും, ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനുമുള്ള നിവേദനം ലഭിക്കുകയുണ്ടായി. ഇതുപ്രകാരം പ്രസ്തുത പദ്ധതിയുടെ ടൂറിസം വികസന സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമാക്കാൻ ഡി.റ്റി.പി.സി. കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ആറന്മുള നിയോജകമണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ**

46 (2251)ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ ആറന്മുള നിയോജക മണ്ഡലത്തിൽ ഏതെല്ലാം ടൂറിസം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ചവയിൽ ആരംഭിക്കാത്തതോ, പൂർത്തീകരിക്കാത്തതോ ആയ പ്രവൃത്തികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) കഴിഞ്ഞ സർക്കാർ കാലയളവിൽ ആറന്മുള നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ടൂറിസം പദ്ധതികളുടെ വിശദവിവരം അനുബന്ധം ' എ '*ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ആലപ്പുഴ മെഗാടൂറിസം പദ്ധതി**

47 (2252) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കായലോര ടൂറിസവുമായി ബന്ധപ്പെട്ട് കായംകുളം കായൽത്തീരത്ത് ഹൗസ് ബോട്ട് ടെർമിനൽ അടക്കമുള്ള പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾ എന്നത്തേക്ക് നാടിനായി സമർപ്പിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കായംകുളം കായൽത്തീരത്ത് ഹൗസ് ബോട്ട് ടെർമിനലും മറ്റ് അനുബന്ധ സൗകര്യങ്ങളും അടക്കമുള്ള പദ്ധതിയുടെ ഏകദേശം 80% പൂർത്തീകരിച്ചിട്ടുണ്ട്. പ്രവേശന കവാടവും ലാൻഡ് സ്കേപ്പിംഗും മത്സ്യകന്യക എന്ന പ്രതിമയുടെ പൂർത്തീകരണവും മറ്റുചില ഫിനിഷിംഗ് ജോലികളുമാണ് ശേഷിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടാത്തതും എന്നാൽ പദ്ധതി പ്രദേശത്തിന് സംരക്ഷണം നൽകുന്ന തരത്തിലുള്ളതുമായ സുരക്ഷാവേലിക്ക് ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ഈ പദ്ധതിയുടെ നടത്തിപ്പുചുമതല വഹിക്കുന്ന M/s.KIIDC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കായൽ ഡ്രഡ്ജിംഗ് പരിസരവാസികളുടെ എതിർപ്പിനെത്തുടർന്ന് തടസ്സപ്പെട്ടിരിക്കുകയാണ്.

(ബി) ഈ പദ്ധതി മാർച്ച് അവസാനത്തോടുകൂടി പൂർത്തീകരിച്ച് നാടിന് സമർപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

**മണലൂർ മണ്ഡലത്തിലെ നെഹ്റു പാർക്കിന്റെ നവീകരണം**

48 (2253) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ നെഹ്റു പാർക്കിന്റെ നവീകരണത്തിനായി 2006-ലെ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയ പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) 2011-2016 കാലയളവിൽ നടപ്പാക്കിയ പണികൾ ഏതൊക്കെയാണ്;

(സി) പ്രസ്തുത പാർക്കിന്റെ നവീകരണത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1. എൻട്രി ഏരിയ

2. എൻട്രൻസ് ഗേറ്റ്

3. എൻട്രൻസ് പ്ലാസ

4. പെഡസ്ട്രിയൻ പാത്ത് വേ

5. ടോയ്‌ലറ്റ്

6. പവലിയൻ

7. കഫറ്റേരിയ

8. സീറ്റിംഗ് അറേഞ്ച്മെന്റ്

9. ചിൽഡ്രൻസ് പ്ലേ ഏരിയ

10. റീറ്റെയിനിംഗ് വാൾ

11. ട്രീ പ്ലാസ

12. സെൻട്രൽ പ്ലാസ

13. ലാൻഡ് സ്കേപ്പിംഗ്

(ബി) പൂർത്തീകരിച്ച പ്രവൃത്തി - റീറ്റെയിനിംഗ് വാൾ

ഭാഗികമായി പൂർത്തീകരിച്ച പ്രവൃത്തികൾ -

1. എൻട്രി ഏരിയ

2. എൻട്രൻസ് ഗേറ്റ്

3. എൻട്രൻസ് പ്ലാസ

4. ടോയ്‌ലറ്റ്

5. പവലിയൻ
6. കഫറ്റേരിയ
7. സീറ്റിംഗ് അറേഞ്ച്മെന്റ്
8. ടീ പ്ലാസ
9. സെൻട്രൽ പ്ലാസ

(സി) സ്വീകരിക്കുന്നതാണ്.

**മുനമ്പം, ചെറായി ബീച്ചുകളിൽനിന്നും ലഭിച്ച വരുമാനം**

49 (2254) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം, ചെറായി ബീച്ചുകളിൽനിന്നും 2015-16, 2016-17 കാലയളവിൽ ലഭിച്ച വരുമാനം എത്രയെന്നും ഏതൊക്കെ ഇനത്തിലെന്നും വിശദമാക്കാമോ;

(ബി) ഇതേ കാലയളവിൽ പ്രസ്തുത ബീച്ചുകളുടെ നവീകരണം, നിർമ്മാണ പ്രവൃത്തികൾ എന്നീ കാര്യങ്ങൾക്കായി ചെലവഴിച്ച ആകെ തുകയെത്രയെന്നും ഏതൊക്കെ ആവശ്യങ്ങൾക്കെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മുനമ്പം ബീച്ചിൽ കിയോസ്ക്, പേ & പാർക്ക്, ടോയ്‌ലെറ്റ് എന്നിവയുടെ വാടകയിനത്തിലും ലൈസൻസ് ഫീസ് വരുമാന ഇനത്തിലുമായി 2015-16-ൽ 1,79,509 രൂപയും (സർവ്വീസ് ടാക്സ് സഹിതം) 2016-17-ൽ 20,574 രൂപയും ലഭിച്ചിട്ടുണ്ട്.

ചെറായി ബീച്ചിൽ കിയോസ്കുകളുടെ വാടക, പേ & പാർക്ക്, ടോയ്‌ലെറ്റ്, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിലായി 2015-16-ൽ 1,31,000 രൂപയും 2016-17-ൽ 7,17,533 രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) മുനമ്പം ബീച്ചിൽ ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി 2015-16-ൽ 77,522 രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17-ൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ചെറായി ബീച്ചിൽ ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി 2015-16-ൽ തുകയൊന്നും ചെലവഴിച്ചിരുന്നില്ല. 2016-17-ൽ ടിയിനത്തിൽ 85,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

**എറണാകുളം ഡി.ടി.പി.സി.-യിൽ നിലവിലുള്ള തസ്തികകൾ**

50 (2255) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡി.ടി.പി.സി.-യിൽ നിലവിലുള്ള തസ്തികകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലെ ജീവനക്കാരുടെ പേരുവിവരം നൽകാമോ;

(സി) ഇവരുടെ നിയമനരീതി ഏതുതരത്തിലുള്ളതാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. സെക്രട്ടറി

2. ക്ലാർക്ക് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ

3. പ്യൂൺ കം ഡ്രൈവർ

(ബി &സി)

| തസ്തിക | പേര് | നിയമനരീതി |
|---|---|---|
| സെക്രട്ടറി | ശ്രീ. പി. ജി. ശിവൻ (റീജിയണൽ ജോയിന്റ് ഡയറക്ടർ, ടൂറിസം വകുപ്പ്, എറണാകുളം) | അഡീഷണൽ ചാർജ്ജ് |
| ക്ലാർക്ക്കം കമ്പ്യൂട്ടർ ഓപ്പറേറ്റർ | ശ്രീമതി സുലോചന കെ. എം. | പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് തൊഴിൽ നൽകുന്നതിനായുള്ള സ്പെഷ്യൽ പദ്ധതി പ്രകാരം ഡി.റ്റി.പി.സി. നിയമിച്ചത് |
| പ്യൂൺകം ഡ്രൈവർ | ശ്രീ. രഞ്ജിത്ത് എ. എൻ. | ഡി.റ്റി.പി.സി. നേരിട്ടാണ് നിയമനം നടത്തിയിട്ടുള്ളത്. |

**ബേക്കൽ ടൂറിസം പദ്ധതി**

51 (2256) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിക്കായുള്ള ബി.ആർ.ഡി.സി. എന്നാണ് രൂപീകരിച്ചത്;

(ബി) ബി.ആർ.ഡി.സി.-ക്ക് നിലവിൽ എത്ര രൂപയാണ് വർഷത്തിൽ വരുമാനമായി ലഭിക്കുന്നത്; ഇപ്പോൾ നീക്കിയിരുപ്പായി എത്ര തുകയുണ്ട്;

(സി) ബി.ആർ.ഡി.സി. ചെലവഴിക്കുന്ന തുക ഓഡിറ്റിന് വിധേയമാക്കാറുണ്ടോ; എങ്കിൽ ആരാണ് ഓഡിറ്റ് ചെയ്യുന്നത്;

(ഡി) ഇനി എത്ര വർഷത്തെ ചെലവിനങ്ങൾ ഓഡിറ്റ് ചെയ്യാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഓഡിറ്റ് ചെയ്യാനുള്ള കാലതാമസത്തിനുണ്ടായ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിക്കായുള്ള ബി.ആർ.ഡി.സി. 1995-ൽ രൂപീകരിച്ചു.

(ബി) ബി.ആർ.ഡി.സി.-ക്ക് നിലവിൽ 3,82,99,526 രൂപയാണ് വർഷത്തിൽ വരുമാനമായി ലഭിക്കുന്നത്. 31-3-2016-ന് ബി.ആർ.ഡി.സി.-യുടെ നീക്കിയിരുപ്പ് (അൺ ഓഡിറ്റഡ്) 3,42,82,541 രൂപയാണ്.

(സി) ബി.ആർ.ഡി.സി. ചെലവഴിക്കുന്ന തുക മൂന്ന് തലങ്ങളിലായി ഓഡിറ്റിംഗിന് വിധേയമാണ്.

1. ഇന്റേണൽ ഓഡിറ്റ്
2. സി ആന്റ് എ ജി നിയമിക്കുന്ന ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനം വഴിയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്
3. അക്കൗണ്ടന്റ് ജനറൽ (കേരള) നേരിട്ട് നടത്തുന്ന ഓഡിറ്റുകൾ

(ഡി&ഇ) 2014-15 മുതലുള്ള മൂന്നുവർഷത്തെ ഇന്റേണൽ ഓഡിറ്റിംഗ് ചെയ്യാനുണ്ട്. എന്നാൽ 2014-15 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് M/s.ജാക്ക്സ് & അസോസിയേറ്റ്സ്, തിരുവനന്തപുരം തുടങ്ങി അവസാനതലത്തിൽ എത്തിയത് കൊണ്ട് അതിനുമുമ്പ് നടത്തേണ്ടിയിരുന്ന ഇന്റേണൽ ഓഡിറ്റിംഗ് ചെയ്യാൻ സാധിച്ചിട്ടില്ല. 2015-16, 2016-17 വർഷങ്ങളിലെ ഇന്റേണൽ ഓഡിറ്റിംഗിന് M/s. വെങ്കിടാചലം & അസോസിയേറ്റ്സിനെ 12-1-2017-ന് നിയമിച്ചിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിലെ ഇന്റേണൽ ഓഡിറ്റിംഗ് തീരുന്ന മുറയ്ക്ക് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിനും അക്കൗണ്ടന്റ് ജനറൽ (കേരള) ഓഡിറ്റിംഗിനും വേണ്ട നടപടികൾ ഉണ്ടാകുന്നതാണ്.

## ബേക്കൽ ടൂറിസം പാർക്കിന്റെ പ്രവർത്തനം

52 (2257) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പാർക്കിനോടുചേർന്ന് സുനാമി ഫണ്ടുപയോഗിച്ച് നിർമ്മിച്ചിട്ടുള്ള പുതിയ പാർക്കിൽനിന്ന് ബി.ആർ.ഡി.സി.-ക്ക് എന്തെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പാർക്ക് എത്ര ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചതാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പാർക്ക് ഇതുവരെ ടൂറിസ്റ്റുകൾക്ക് തുറന്നുകൊടുക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണെന്നും ഇതുമൂലം ബി.ആർ.ഡി.സി.-ക്ക് ലഭിക്കുമായിരുന്ന വരുമാനത്തിൽ എത്രത്തോളം നഷ്ടമുണ്ടായിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) ഈ പാർക്ക് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പാർക്കിനോടുചേർന്ന് സുനാമി ഫണ്ടുപയോഗിച്ച് നിർമ്മിച്ചിട്ടുള്ള പുതിയ പാർക്കിൽനിന്ന് ബി.ആർ.ഡി.സി.-ക്ക് വരുമാനം ലഭിച്ചുതുടങ്ങിയിട്ടില്ല.

(ബി) പാർക്കിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ടൂറിസം വകുപ്പ് 2 ഘട്ടങ്ങളിലായി ബി.ആർ.ഡി.സി.-ക്ക് 193 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പാർക്ക് വിനോദസഞ്ചാരികളുടെ ഉപയോഗത്തിന് സജ്ജമല്ലാത്തതിനാലാണ് തുറന്നുകൊടുക്കാൻ കഴിയാത്തത്. വരുമാന നഷ്ടം കണക്കാക്കിയിട്ടില്ല.

(ഡി) വിനോദ സഞ്ചാരികളുടെ ഉപയോഗത്തിന് സജ്ജമാക്കുന്നതിനുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

## ചുണ്ടൻ വള്ളങ്ങളുടെയും വള്ളപ്പുരകളുടെയും നവീകരണം

53 (2258) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാടുള്ള ചുണ്ടൻ വള്ളങ്ങളുടെയും വള്ളപ്പുരകളുടെയും നവീകരണത്തിനായി നടപ്പിലാക്കി വരുന്ന പ്രത്യേക ടൂറിസം പ്രോജക്ടിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) എത്ര ചുണ്ടൻ വള്ളങ്ങളും വള്ളപ്പുരകളും ഇതിന്റെ അടിസ്ഥാനത്തിൽ നവീകരിച്ചു; എത്ര രൂപയുടെ ഗ്രാന്റ് വിതരണം ചെയ്തു;

(സി) ശേഷിക്കുന്ന ഗ്രാന്റ് അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹരിപ്പാട് ചുണ്ടൻ വള്ളങ്ങളുടെയും വള്ളപ്പുരകളുടെയും നവീകരണത്തിനായി നടപ്പിലാക്കിവരുന്ന ടൂറിസം പദ്ധതി അന്തിമഘട്ടത്തിലാണ്.

(ബി) 11 ചുണ്ടൻ വള്ളങ്ങളുടെയും 8 വള്ളപ്പുരകളുടെയും നവീകരണത്തിനാണ് ഫണ്ട് അനുവദിച്ചിരുന്നത്. ഇതിൽ 10 ചുണ്ടൻ വള്ളങ്ങളുടെയും 7 വള്ളപ്പുരകളുടെയും പണി പൂർത്തിയായി. ഒരു ചുണ്ടൻ വള്ളത്തിന്റെയും അതിന്റെ വള്ളപ്പുരയുടെയും പണി പൂർത്തിയായിട്ടില്ല. ഇതുവരെയും 1,16,01,404 (ഒരു കോടി പതിനാറു ലക്ഷത്തി ആയിരത്തി നാനൂറ്റി നാല്) രൂപയുടെ ഗ്രാന്റ് ഇതിനായി വിതരണം ചെയ്തിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## വെള്ളിനേഴി കലാഗ്രാമ സാംസ്കാരിക സമുച്ചയ നിർമ്മാണം

54 (2259) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളിനേഴി കലാഗ്രാമ സാംസ്കാരിക സമുച്ചയ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; നിർമ്മാണ പ്രവൃത്തികൾക്കായി എത്ര തുക അനുവദിച്ചു; നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും;വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി പാലക്കാട് ഡി.റ്റി.പി.സി. എത്ര തുക അനുവദിച്ചു നൽകി; ഏതൊക്കെ പ്രവൃത്തികൾക്കായി എത്ര തുക ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സമുച്ചയ നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നത് സർക്കാരിന്റെ ഏതു ഏജൻസി മുഖേനയാണ്; പ്രസ്തുത ഏജൻസി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഫലപ്രദമല്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ഫലപ്രദമാണോയെന്ന് അടിയന്തരമായി പരിശോധിക്കാനും വിട്ടുവീഴ്ചകളോ അഴിമതിയോ ഉണ്ടെങ്കിൽ കണ്ടെത്താനും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനും ടൂറിസം വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വെള്ളിനേഴി കലാഗ്രാമത്തിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാർ 2 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 1 കോടി രൂപ ടൂറിസം വകുപ്പും 1 കോടി രൂപ എം.എൽ.എ. ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഇതിൽ ടൂറിസം വകുപ്പിന്റെ വിഹിതത്തിൽ ആദ്യ ഗഡുവായി 50 ലക്ഷം രൂപ നിർമ്മാണ ഏജൻസിയായ പാലക്കാട് ഡി.റ്റി.പി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ടുകളോടുകൂടി ചേർത്ത് പദ്ധതി നടപ്പിലാക്കുന്നത് അനുവദനീയമല്ലാത്തതിനാൽ എം.എൽ.എ. ഫണ്ട് ഉപയോഗപ്രദമാക്കുന്നതിന് വേണ്ടി പ്രത്യേക ഘടകങ്ങൾ തിരിച്ച് നൽകേണ്ടതായുണ്ട്. ഇക്കാരണത്താൽ ആസ്തി വികസന ഫണ്ടിൽ അനുവദിച്ച 1 കോടി രൂപ അനുവദിച്ച് നൽകിയിട്ടില്ല. പ്രസ്തുത പ്രോജക്ടിനായി നാളിതുവരെ 58,09,045 രൂപ ചെലവഴിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പാലക്കാട് ഡി.ടി.പി.സി. മുഖേന ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഡി) വെള്ളിനേഴി കലാഗ്രാമവുമായി ബന്ധപ്പെട്ട് നിർമ്മാണപ്രവൃത്തികൾ അപാകതകളില്ലാതെ പൂർത്തിയാക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നു. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുകൂടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇതിന്റെ പൂർത്തീകരണം സാധ്യമാകുകയുള്ളൂ.

**വൈപ്പിനിലെ ഇതര ബീച്ചുകളുടെ സമഗ്രവികസന പദ്ധതി**

55 (2260) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറായി ബീച്ച് മദർ ബീച്ചായി വികസിപ്പിച്ചുകൊണ്ട് വൈപ്പിനിലെ ഇതര ബീച്ചുകളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതിക്ക് അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരണം**

56 (2261) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരിച്ച് ജില്ലാ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിന് ഡി.റ്റി.പി.സി. തയ്യാറാക്കിയ പ്രോജക്ടിന്റെ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പദ്ധതി ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി & സി) പ്രസ്തുത ചാൽ നവീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള രണ്ടര കോടി രൂപയുടെ ഒരു പദ്ധതി പരിശോധിച്ചുവരുന്നു.

**സ്മാർട്ട് ആലുവ പദ്ധതി**

57 (2262) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ ടൗണിന്റെ സൗന്ദര്യവൽക്കരണത്തിനായി തയ്യാറാക്കപ്പെട്ട സ്മാർട്ട് ആലുവ എന്ന പദ്ധതി നടപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഈ പദ്ധതി ഇപ്പോൾ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

**വാഗമണ്ണിൽ റോപ്പ് വേ പദ്ധതി**

58 (2263) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെതന്നെ മികച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായ വാഗമണ്ണിൽ റോപ്പ്‌വേ പദ്ധതി നടപ്പിലാക്കുന്നതിനായി, ടൂറിസ്റ്റ് വകുപ്പ് നാറ്റ്പാക്കിനെ കൊണ്ട് എന്തെങ്കിലും സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ റോപ്പ്‌വേ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) വാഗമൺ ടൂറിസ്റ്റ് കേന്ദ്രം അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്ര നിലവാരത്തിലേക്ക് ഉയർത്താനായി ഒരു പദ്ധതി രൂപീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

**അതിരപ്പിള്ളി ടൂറിസ്റ്റ് മേഖല**

59 (2264) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയുടെ വികസനത്തിനും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) അതിരപ്പിള്ളി ടൂറിസ്റ്റുകൾക്ക് അടിസ്ഥാനസൗകര്യമൊരുക്കി യാത്രാനിവാസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) അതിരപ്പിള്ളിയിൽ മലമ്പുഴ മോഡൽ കാർ റോപ്പ് വേ, തുമ്പൂർമുഴിയിൽ അക്വേറിയം, മ്യൂസിക്കൽ ഫൗണ്ടൻ, സ്കൈ ട്രെയിൻ എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അതിരപ്പിള്ളി ടൂറിസം മേഖലയുടെ വികസനത്തിനായി ഡി.ടി.പി.സി.-യുടെ കൈവശമുള്ള ഒന്നര ഏക്കർ സ്ഥലത്ത് ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ടോയ്‌ലെറ്റ് ബ്ലോക്ക് എന്നിവ ടൂറിസം വകുപ്പ് നിർമ്മിക്കുകയും ആയതിന്റെ നടത്തിപ്പ് അതിരപ്പിള്ളി - വാഴച്ചാൽ - തുമ്പൂർമൂഴി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ നിർവ്വഹിച്ചും വരുന്നു.

അതിരപ്പിള്ളി വെള്ളച്ചാട്ടത്തിലേയ്ക്കുള്ള നടപ്പാത, ഇരിപ്പിടങ്ങൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും കുളിക്കുന്നതിനും വസ്ത്രം മാറുന്നതിനുമുള്ള സൗകര്യങ്ങൾ, വാഴച്ചാൽ വെള്ളച്ചാട്ടത്തിന് സമീപം അടിസ്ഥാന സൗകര്യ വികസന പ്രവൃത്തിയും സർക്കാർ പൊതുമേഖലാ സ്ഥാപനമായ കിറ്റ്കോ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

അതിരപ്പിള്ളിയിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, പാർക്കിംഗ് ഏരിയ വികസനം, പബ്ലിക് പാർക്ക്, വ്യൂ പോയിന്റ് എന്നീ വികസന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുമ്പൂർമുഴിയിൽ പൂന്തോട്ടവും കുട്ടികളുടെ പാർക്ക്, ചാലക്കുടി പുഴയ്ക്ക് കുറുകെ തൂക്കുപാലവും നിർമ്മിച്ചിട്ടുണ്ട്. തുമ്പൂർമുഴിയിൽ എയ്റോബിക് ഡീ-കമ്പോസിഷൻ പ്ലാന്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇവിടെ ഒരു ടോയ്‌ലെറ്റ് ബ്ലോക്ക് പദ്ധതി പരിഗണനയിലാണ്. അതിരപ്പിള്ളി-വാഴച്ചാൽ-തുമ്പൂർമുഴി ഡി.എം.സി. ചാലക്കുടി മുതൽ മലക്കപ്പാറ വരെയുള്ള ആകർഷക സ്ഥലങ്ങൾ കോർത്തിണക്കിക്കൊണ്ട് ജംഗിൾ സഫാരി ടൂർ പാക്കേജ് ദിവസേന നടത്തിവരുന്നു. കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി പദ്ധതി തയ്യാറാക്കി വരുന്നു.

(ബി) കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു യാത്രി നിവാസ് നിർമ്മിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഏജൻസികളുടെ യോഗം ചേർന്ന് തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) മലമ്പുഴ മോഡൽ റോപ്പ് വേ, അക്വേറിയം, സ്കൈ ട്രെയിൻ തുടങ്ങിയ പദ്ധതികളുടെ സാധ്യതാപഠനം നടത്തി ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്. തുമ്പൂർമുഴിയിൽ മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

**ചെറുവത്തൂർ വീരമലക്കുന്ന് ടൂറിസം പാക്കേജ്**

60 (2265) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ കാലത്ത് ചെറുവത്തൂർ വീരമലക്കുന്ന് ടൂറിസം പാക്കേജിനായി ബജറ്റ് പ്രസംഗത്തിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും പദ്ധതിക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാതെ പദ്ധതി പ്രഖ്യാപനം കടലാസിൽ ഒതുക്കിയ നടപടി പുനഃപരിശോധിക്കുമോ; പദ്ധതി പ്രഖ്യാപനം ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

സാധ്യത പരിശോധിക്കുന്നതാണ്.

**മരുങ്ങോടൻമല ഇക്കോ ടൂറിസം**

61 (2266) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം-കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തുകളുടെ അതിരിൽ കിടക്കുന്ന മരുങ്ങോടൻ മല കേന്ദ്രീകരിച്ച് ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിലുണ്ടോ;

(ബി) മരുങ്ങോടൻമല ഇക്കോ ടൂറിസ്റ്റ് കേന്ദ്രം പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെങ്കിലും സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

**പെരുന്തേനരുവി ടൂറിസം പദ്ധതി**

62 (2267) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളതെന്നും ഇതിനായി എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട് എന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്; ഇവയുടെ നിർമ്മാണ പുരോഗതി വിലയിരുത്താമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ തടസ്സം എന്തെന്നും ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കുമോ;

(ഡി) പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകും എന്ന്പറയാനാകുമോ ?

ഉത്തരം

(എ) ഒന്നും രണ്ടും ഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെ മുഴവൻ ഘടകങ്ങളും പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയിൽ ഒന്നും രണ്ടും ഘട്ടമായി 4 കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ്, ടോയ്‌ലെറ്റ്, റെസ്റ്റോറന്റ്, പാർക്കിംഗ്, നടപ്പാത, ലാന്റ്സ്കേപ്പിംഗ്, വൈദ്യുതി ജല സംവിധാനങ്ങൾ എന്നിവയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഈ പദ്ധതിക്കായി 1,00,45,740 രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

(ബി) ഒന്നും രണ്ടും ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ നവീകരണം

63 (2268) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ നവീകരണത്തിനും സമഗ്ര പുരോഗതിക്കുമായി എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാർക്കിലേക്ക് സന്ദർശകരേയും തദ്ദേശീയരായ ടൂറിസ്റ്റുകളെയും ആകർഷിക്കുന്നതിന് പാലക്കാട് ഡി.ടി.പി.സി. യുടെ നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാൻ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് ഡി.റ്റി.പി.സി.-യുടെ ആഭിമുഖ്യത്തിൽ ബാപ്പുജി ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കുകയും, പാർക്കിന്റെ ഉദ്ഘാടനം 28-2-2016-ന് നടത്തുകയും ടി പാർക്ക് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബാപ്പുജി ചിൽഡ്രൻസ് പാർക്കിലേയ്ക്ക് സന്ദർശകരെയും തദ്ദേശീയരായ ടൂറിസ്റ്റുകളെയും ആകർഷിക്കുന്നതിന് പാലക്കാട് ഡി.റ്റി.പി.സി.-യുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## ഹോംസ്റ്റേകൾ നേരിടുന്ന പ്രശ്നങ്ങൾ

64 (2269) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികൾക്ക് അശ്രയമായ ഹോംസ്റ്റേകൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ;

(സി) ഫോർട്ട് കൊച്ചിയിൽ വർഷങ്ങളായി ഈ രംഗത്ത് പ്രവർത്തിക്കുന്നവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചുകിട്ടുന്നതിനായി ഫോർട്ട്കൊച്ചി ഹോംസ്റ്റേ ഓണേഴ്സ് അസോസിയേഷൻ സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

(സി) ഫോർട്ട് കൊച്ചി ഹോംസ്റ്റേ ഓണേഴ്സ് അസോസിയേഷൻ ഉൾപ്പെടെ മറ്റ് ജില്ലകളിലെ ഹോംസ്റ്റേ സംഘടനകൾ സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഹോംസ്റ്റേകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള മീറ്റിംഗ് നടത്തുകയും പ്രസ്തുത മീറ്റിംഗിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പത്തനംതിട്ടയിൽ വിനോദസഞ്ചാര വകുപ്പിനുകീഴിൽ വരുന്ന പ്രദേശങ്ങൾ**

65 (2270) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ വിനോദസഞ്ചാര വകുപ്പിനുകീഴിൽ വരുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ്;

(ബി) ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആറന്മുള, പെരുന്തേനരുവി, അടവി, കടമ്മനിട്ട, മണിയാർ, റാന്നി, വടശ്ശേരിക്കര, തിരുവല്ല, ഗവി, കോന്നി എന്നിവയാണ് പത്തനംതിട്ടയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങൾ. എന്നാൽ ടൂറിസം ഡെസ്റ്റിനേഷനായി നിലവിൽ സർക്കാർ അംഗീകരിച്ചിട്ടുള്ളത് ആറന്മുള മാത്രമാണ്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

**കന്നേറ്റിക്കായലും വട്ടക്കായലും ടി.എസ്. കനാലും ഉൾപ്പെടുന്ന പ്രദേശങ്ങളെ ആകർഷകമാക്കുന്നതിന് നടപടി**

66 (2271) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പ്രധാന ജലോത്സവമായ ശ്രീ നാരായണ ട്രോഫി വള്ളംകളി നടക്കുന്ന കന്നേറ്റിക്കായലും സമീപത്തുള്ള വട്ടക്കായലും ടി.എസ്. കനാലും ഉൾപ്പെടുന്ന ജലവിതാനങ്ങളെ ഉൾപ്പെടുത്തി വിനോദ സഞ്ചാര വകുപ്പിന്റെ ചുമതലയിൽ ഈ പ്രദേശങ്ങളെ ആകർഷകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) പൊതുജനങ്ങൾക്കും കുട്ടികൾക്കും പ്രയോജനകരമാകുന്ന രീതിയിൽ കുട്ടികളുടെ പാർക്ക് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കന്നേറ്റിക്കായലിൽ ബോട്ട് ജെട്ടി, പവലിയൻ എന്നിവ ഉൾപ്പെടുന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പന്മന വട്ടക്കായലിൽ ബോട്ട് ജെട്ടി ഉൾപ്പെടെയുള്ള ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രദേശങ്ങളെ ഉൾപ്പെടുത്തി ബോട്ടിംഗ് ആരംഭിക്കുന്നതിനുള്ള പദ്ധതി വകുപ്പിന്റെ പരിശോധനയിലാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**വിനോദസഞ്ചാര മേഖലയുടെ വികസനത്തിൽ കെ.റ്റി.ഡി.സി.-യുടെ പങ്ക്**

67 (2272) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. ജോയി:
ശ്രീ. എം. മുകേഷ്:
ശ്രീ. പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ വികസനത്തിൽ കെ.റ്റി.ഡി.സി.-യുടെ പങ്ക് വിലയിരുത്തുന്നതിനായി ഇതിന്റെ പ്രവർത്തന ങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ടൂറിസം സാധ്യതകൾ പരമാവധി

ഉപയോഗപ്പെടുത്തുംവിധം കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം കൂടുതൽ വൈവിധ്യവൽക്കരിക്കണമെന്ന് ഇത് സംബന്ധിച്ച് പഠനം നടത്തിയ സമിതി ശിപാർശ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്;

(ഡി) കെ.റ്റി.ഡി.സി.-യിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും സേവനം കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതും പൊതുഗുണമേന്മ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കേരള ഒരു സമഗ്ര പഠനം നടത്തിയിട്ടുണ്ട്.

(ബി & സി) പഠന റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഡി) ജീവനക്കാരുടെയും തൊഴിലാളികളുടെയും സേവനം കൂടുതൽ മെച്ചപ്പെടുത്താനുള്ള സ്വീകാര്യമായ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കും.

**ക്ഷേത്രക്കുള സംരക്ഷണ പദ്ധതികൾ**

68 (2273) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷേത്ര കുളങ്ങൾ ആഴംകൂട്ടി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

9-5-2014-ലെ സ.ഉ.(കൈ) 185/14/ആർ.ഡി. പ്രകാരം ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണ പദ്ധതി പ്രകാരം കുളങ്ങളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി തുക അനുവദിച്ചുവരുന്നുണ്ട്.

## ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി

69 (2274) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) ശബരിമലയുടെ കവാടമായ എരുമേലിയിൽ എത്തുന്ന വിവിധ സംസ്ഥാനങ്ങളിലെ അയ്യപ്പ ഭക്ത തീർത്ഥാടകർക്കായി വിശ്രമ, വാഹന പാർക്കിംഗ് സൗകര്യങ്ങളോട് കൂടി വലിയ സമുച്ചയം നിർമ്മിക്കുവാൻ ദേവസ്വം ബോർഡ് തയ്യാറാകുമോ;

(സി) ഇതിലേക്കായി എത്ര ഏക്കർ ഭൂമി വേണമെങ്കിലും എരുമേലിയിൽ ഏറ്റെടുക്കാൻ സാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിവിധ സ്ഥലങ്ങളിൽനിന്നും എത്തുന്ന അയ്യപ്പ ഭക്തന്മാർ വന്നു കുളിക്കുന്ന എരുമേലി അമ്പലം തോട് നവീകരിയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശബരിമല മാസ്റ്റർപ്ലാൻ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി & സി) സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര ടൂറിസം വകുപ്പിന്റെയും സഹകരണത്തോടും സാമ്പത്തിക സഹായത്തോടുംകൂടി പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇത്തരം വിശ്രമ സമുച്ചയം നിർമ്മിക്കുന്നത് സംബന്ധിച്ച് ദേവസ്വം ബോർഡുമായി ചർച്ച ചെയ്യുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

(ഡി) ഇത്തരമൊരു പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.

## ദേവസ്വം ബോർഡ് ലൈബ്രറികൾ

70 (2275) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് എത്ര ഗ്രന്ഥശാലകൾ നടത്തുന്നു. അവ ഏതെല്ലാം; ഇവയെല്ലാംതന്നെ കൾച്ചറൽ ഡയറക്ടറുടെ നിയന്ത്രണത്തിലാണോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഹിന്ദു ലൈബ്രറിക്ക് ഇപ്പോൾ എത്ര ഗ്രന്ഥങ്ങൾ ഉണ്ട് ; കഴിഞ്ഞ 3 വർഷങ്ങളിൽ അവിടെ എത്ര പുതിയ ഗ്രന്ഥങ്ങൾ എത്തിച്ചിട്ടുണ്ട്; ഇപ്പോൾ എത്ര പേർ ലൈബ്രറിയിൽ അംഗങ്ങളായി ഉണ്ട് ;

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ഗ്രന്ഥശാലാ ഹാളിൽ എത്ര ഹിന്ദു റിലീജിയസ് പരിപാടികൾ നടന്നിട്ടുണ്ട് ;

(ഡി) ഗ്രന്ഥശാലാ ഹാളിൽ വ്യവസായ വിപണനമേള കഴിഞ്ഞ ഒരു വർഷത്തിന മേലെയായി നടന്നുവരുന്ന എന്നതു ശരിയാണോ ; ഇത് ക്ഷേത്ര പരിസരം വ്യവസായ വാണിജ്യ ആവശ്യങ്ങൾക്ക് മാറ്റരുതെന്ന ഹൈക്കോടതി വിധിക്കെതിരല്ലേ; പ്രസ്തുത ലൈബ്രറി സർവ്വേ 1276 ൽ കാക്കോട് കണ്ടൻ ശാസ്താക്ഷേത്രം വകയായ 45 സെന്റിൽ ആണ് സ്ഥിതി ചെയ്യുന്നത് എന്നത് ശരിയാണോ ; വ്യവസായ വിപണന മേളകൾ നടത്തുന്നവർ ഹാൾ വാടക യഥാസമയം തന്നെ അടച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത ലൈബ്രറിയുടെയും അനുബന്ധ ഹാളിന്റെയും സ്ഥാപിത ലക്ഷ്യങ്ങൾ സംരക്ഷിക്കാൻ സർക്കാർ ഇനിയെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള സാംസ്കാരിക-പുരാവസ്തു വിഭാഗത്തിന്റെ നിയന്ത്രണത്തിൽ ശ്രീചിത്രാ ഹിന്ദുമത ഗ്രന്ഥശാല മാത്രമാണുള്ളത്. ഈ ഗ്രന്ഥശാല കൾച്ചറൽ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലല്ല.

(ബി) നിലവിൽ 8195 പുസ്തകങ്ങളുണ്ട്. 22-06-2012 മുതൽ 22-10-2016 വരെ 549 പുസ്തകങ്ങൾ ലഭിച്ചു. ലൈബ്രറിയിൽ 84 അംഗങ്ങളുണ്ട്.

(സി) 19-04-2015-ൽ ശ്രീ വിദ്യാധിരാജ ധർമ്മ പ്രചാരസഭയുടെ ശ്രീ ചട്ടമ്പി സ്വാമിയുടെ 91-ാം സമാധി ദിനാചരണ ചടങ്ങുകളും 21-1-2015 മുതൽ 23-1-2015 വരെ 'തിടമ്പി ' ന്റെ ആഭിമുഖ്യത്തിൽ വിദ്യാരംഭ ചടങ്ങും നടന്നു.

(ഡി) ഗ്രന്ഥശാല ഹാൾ വ്യവസായ വിപണന മേളകൾക്കും സാംസ്കാരിക പരിപാടികൾക്കും വാടകയ്ക്ക് നൽകാറുണ്ട്. ഒരു വർഷത്തോളമായി വിപണനമേള നടന്നുവരുന്നു. സാംസ്കാരിക പരിപാടികൾ വരുമ്പോൾ ഇവരെ ഒഴിപ്പിച്ച് ഹാൾ സാംസ്കാരിക പരിപാടിക്ക് നൽകാറുണ്ട്. ലൈബ്രറി, സർവ്വേ 1276-ൽ കാക്കോട് കണ്ടൻ ശാസ്താക്ഷേത്രം വകയായ 45 സെന്റിലാണ് സ്ഥിതിചെയ്യുന്നത്. ഈ ഭൂമി ക്ഷേത്രാചാരങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയല്ല. വ്യവസായ വിപണന മേളകൾ നടത്തുന്നവർ വാടക യഥാസമയം അടയ്ക്കാറുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ വീഴ്ച ശ്രദ്ധയിൽപ്പെടുന്നപക്ഷം പരിശോധിക്കാവുന്നതാണ്.

## കോട്ടയം കാളീകാവ് ദേവീക്ഷേത്രത്തിന്റെ ചുറ്റമതിൽ

71 (2276) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള കോട്ടയം കാളീകാവ് ദേവീക്ഷേത്രത്തിന്റെ ചുറ്റമതിൽ കെ.എസ്.റ്റി.പി.-യുടെ ചുമതലയിൽ നിർമ്മിക്കുന്നതിനുള്ള പ്രധാന തടസ്സം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ദേവസ്വം ബോർഡ് ഇക്കാര്യം പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡന്റ് നൽകിയ നിവേദനത്തിൽ ബോർഡ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) റോഡ് വികസനത്തിന്റെ ഭാഗമായി കോട്ടയം കാളീകാവ് ദേവീക്ഷേത്രത്തിന്റെ ചുറ്റമതിൽ കെ.എസ്.റ്റി.പി. പൊളിച്ചുനീക്കിയിരുന്നു. ഇതിന്റെ നഷ്ടപരിഹാര തുകയായ 24 ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ലഭിച്ചിട്ടുണ്ട്. ഈ ചുറ്റമതിൽ പുനർനിർമ്മിക്കുന്നതിനുള്ള നിവേദനം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിഗണനയിലാണ്.

**ശബരിമലയെ പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള നടപടി**

72 (2277) ശ്രീ. അനിൽ അക്കര :

ശ്രീ. വി. ടി.ബൽറാം :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയെ പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള നടപടി ഇക്കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലത്ത് ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞോ;

(ബി) ദേവസ്വം ബോർഡും സർക്കാരും ഇക്കാര്യത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതി വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച് നിയമസഭാ പരിസ്ഥിതി കമ്മിറ്റി എന്തെങ്കിലും ശിപാർശ നൽകിയിരുന്നോ;

(ഡി) എങ്കിൽ പ്രസ്തുത ശിപാർശകൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കഴിഞ്ഞു.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കേരള സർക്കാരിന്റെയും സംയുക്ത സംരംഭമെന്ന നിലയിൽ വർഷങ്ങളായി ശബരിമല സാനിട്ടേഷൻ സൊസൈറ്റി മുഖേന നടത്തിവരുന്ന ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ശബരിമലയിലും, പമ്പയിലും നിലയ്ക്കലും നിരോധനത്തിനും നിയന്ത്രണത്തിനും അതീതമായി കൊണ്ടുവരുന്ന പ്ലാസ്റ്റിക് സാമഗ്രികൾ നീക്കം ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് ബോട്ടിലുകൾ കൊണ്ടുവരുന്നത് നിരോധിക്കുകയും ഇതിനുവേണ്ടിയുള്ള മുന്നറിയിപ്പുകൾ ദൃശ്യ മാധ്യമങ്ങളിലും, പത്ര മാധ്യമങ്ങളിലും നൽകുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് ബോട്ടിലിലൂടെയല്ലാതെ ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് ആർ.ഒ.പ്ലാന്റുകളും ട്രീറ്റ്മെന്റ് യൂണിറ്റുകളും സജ്ജീകരിക്കുകയും ഔഷധ കൂട്ടുകൾ ചേർത്ത് തിളപ്പിച്ച കുടിവെള്ളം ആവശ്യാനുസരണം വിതരണം ചെയ്യുകയും ചെയ്തു. അപ്പം, അരവണ ഉൾപ്പെടെയുള്ള പ്രസാദങ്ങൾ പ്ലാസ്റ്റിക് കവറിനുപകരം തുണി സഞ്ചിയിലും പ്ലാസ്റ്റിക്കിതര പാക്കിംഗുകളിലും നൽകി.

(സി & ഡി) നിയമസഭാ പരിസ്ഥിതി സമിതി പമ്പയിലും ശബരിമലയിലും കാനനപാതകളിലും പ്ലാസ്റ്റിക് മുഖേന ഉണ്ടായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റിയും പ്ലാസ്റ്റിക് നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പരമാവധി പാലിച്ചിട്ടുണ്ട്.

## പുതിയേടം ക്ഷേത്രക്കുളം നവീകരണം

73 (2278) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കൊച്ചി ദേവസ്വം ബോർഡിനുകീഴിലുള്ള പുതിയേടം ക്ഷേത്രക്കുളം നവീകരിച്ച് സംരക്ഷിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) ആയതിന് ആവശ്യമായ തുക അനുവദിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## പാരമ്പര്യ-പാരമ്പര്യേതര ട്രസ്റ്റി ബോർഡുള്ള ക്ഷേത്രങ്ങൾ

74 (2279) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ഏതൊക്കെ ക്ഷേത്രങ്ങളിലാണ് പാരമ്പര്യേതര ട്രസ്റ്റി നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ ക്ഷേത്രങ്ങളിലാണ് പാരമ്പര്യ ട്രസ്റ്റി നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പാരമ്പര്യ ട്രസ്റ്റി ബോർഡുള്ള ക്ഷേത്രങ്ങിൽ പാരമ്പര്യേതര ട്രസ്റ്റി ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ 2-2-2017 മുതൽ പാരമ്പര്യേതര ട്രസ്റ്റിമാർ നിലവിലില്ല.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പാരമ്പര്യ ട്രസ്റ്റിമാരുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്രഭരണം ചിട്ടയോടെയല്ല നടക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടാൽ പാരമ്പര്യ ട്രസ്റ്റിക്ക് നിയമാനുസൃതമുള്ള നോട്ടീസ് നൽകി അനുയോജ്യമായ രീതിയിലുള്ള അന്വേഷണങ്ങൾ നടത്തി അതിനുശേഷം കമ്മീഷണറുടെ അധികാര പരിധിയിലുള്ള ക്ഷേത്രങ്ങളിൽ കമ്മീഷണർക്കും ഏരിയാ കമ്മിറ്റിയുടെ അധികാര പരിധിയിലുള്ള ക്ഷേത്രങ്ങളിൽ ഏരിയാ കമ്മിറ്റിക്കും, 1951-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് നിയമത്തിലെ യഥാക്രമം സെക്ഷൻ 39, 41 പ്രകാരം പാരമ്പര്യേതര ട്രസ്റ്റിമാരെ നിയമിക്കാവുന്നതാണ്. ഭരണ പദ്ധതി നിലവിലുള്ള ക്ഷേത്രങ്ങളിൽ ഭരണ പദ്ധതിയിലെ നിബന്ധനകൾ അടിസ്ഥാനമാക്കിയാകണം പാരമ്പര്യേതര ട്രസ്റ്റിമാരെ നിയമിക്കേണ്ടത്.

**ശബരിമലയിലെ അന്നദാനം**

75 (2280) <u>ശ്രീമതി പി. അയിഷാ പോറ്റി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ തീർത്ഥാടന കാലയളവിൽ ശബരിമലയിൽ അന്നദാനം നടത്തുന്നതിനുള്ള സാധനങ്ങൾ ലഭ്യമാക്കാൻ ആർക്കാണ് കരാർ നൽകിയിരുന്നത്;

(ബി) എത്ര തുകയ്ക്കാണ് കരാർ നൽകിയത്;

(സി) അന്നദാനത്തിന്റെ ഭാഗമായി ഓരോ നേരവും എത്രപേർ ഭക്ഷണം കഴിച്ചിട്ടുണ്ടാകുമെന്നാണ് ദേവസ്വം ബോർഡിന്റെ കണക്കെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമല മഹോത്സവത്തോടനുബന്ധിച്ച് അന്നദാനം നടത്തുന്നതിന് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള കരാർ നൽകിയത് ശ്രീ. ജമാലുദ്ദീൻ കുഞ്ഞ്, റസിയ കോട്ടേജ്, മേമന, ഓച്ചിറ- 690 526 എന്നയാൾ പ്രൊപ്രൈറ്ററായ ബി.എം. ഏജൻസിക്കാണ്.

(ബി) ഇക്കഴിഞ്ഞ തീർത്ഥാടന കാലയളവിൽ ശബരിമലയിൽ അന്നദാനം നടത്തുന്നതിന് കരാർ നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇക്കഴിഞ്ഞ മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പ്രഭാത ഭക്ഷണം കഴിച്ച ഭക്തന്മാർ 5,47,600 പേരും ഉച്ചഭക്ഷണം കഴിച്ച ഭക്തന്മാർ 4,48,957 പേരും അത്താഴ ഭക്ഷണം കഴിച്ച ഭക്തന്മാർ 5,19,974 പേരും പുലാവ് ഭക്ഷണം കഴിച്ച ഭക്തന്മാർ 1,20,293 പേരും കൂടി ആകെ 16,36,824 പേർ ഭക്ഷണം കഴിച്ചിട്ടുണ്ട്.

**ശബരിമലയിലെ കുടിവെള്ളക്ഷാമം**

76 (2281) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്;

(ബി) കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വനം വകുപ്പുമായി കൂടിയാലോചിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുടിവെള്ള വിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി ശബരിമലയിൽ നിലവിലുള്ള ജല സംഭരണികൾക്ക് പുറമെ ഒരു ജലസംഭരണികൂടി നിർമ്മിക്കുവാൻ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ നിലയ്ക്കലിൽ നിലവിലുള്ള കുളത്തിന്റെ വലിപ്പവും ആഴവും കൂട്ടുന്നതിനായി ദേവസ്വം ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര വന്യജീവി ബോർഡിന്റെ പരിഗണനയ്ക്കയച്ചപ്പോൾ ഇക്കാര്യത്തിൽ കേന്ദ്ര കടുവാ സംരക്ഷണ അതോറിറ്റിയുടെ ക്ലിയറൻസുംകൂടി വാങ്ങണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനായി വനം വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

**ബലിക്കടവും നടപ്പാതയും**

77 (*T 2282) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിൽ കണ്ടൻ ശാസ്താ ക്ഷേത്രത്തിന് സമീപം കരമനയാറ്റിന്റെ കരയിൽ ബലിക്കടവും നടപ്പാതയും നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ആയത് വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിലില്ല.

**ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനം**

78 (2283) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ബജറ്റിൽ പ്രഖ്യാപിച്ച ഫണ്ട് ലഭ്യമാക്കി പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ ഡോ. കെ. എച്ച്. സുബ്രഹ്മണ്യൻ ചെയർമാനും ഡോ. വൈ. വി. കണ്ണൻ സെക്രട്ടറിയായും ഉൾപ്പെടുന്ന 8 അംഗ ഭരണ സമിതി രൂപീകരിച്ചിട്ടുണ്ട്. 2016-17 ബജറ്റിൽ ഈ ഇനത്തിൽ 1000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. അക്കാഡമിയുടെ ഭൗതിക സാഹചര്യങ്ങൾ സജ്ജീകരിക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി 2017-18 ബജറ്റിൽ ഒരു കോടി രൂപ അനുവദിക്കുന്നതിലേയ്ക്കായി വകുപ്പുതലത്തിൽ നിന്നുള്ള ശിപാർശകൾ ധനകാര്യ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അക്കാഡമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി ഈ സാമ്പത്തിക വർഷത്തിൽതന്നെ 21.60 ലക്ഷം രൂപ അനുവദിക്കുന്നതിനായുള്ള ശിപാർശയും ധനകാര്യ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്.

---

* 'T ' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**ഗുരുവായൂർ ദേവസ്വത്തിൽ ജോലി നൽകണമെന്ന നിവേദനം**

79 (2284) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ 'ഡി' സോൺ കലോത്സവ ദിവസം അതിശക്തമായ കാറ്റിൽ മരംവീണ് ഗുരുതരമായ പരുക്കുപറ്റി ഇപ്പോഴും അവശ നിലയിൽ കഴിയുന്ന ബി.എ സംസ്കൃതം വിദ്യാർത്ഥിനി കണ്ടാണശ്ശേരി പഞ്ചായത്തിൽ പാമ്പുങ്ങൽ ബാഹുലേയൻ മകൾ ലയന, പഠനം തുടർന്ന് ജോലി നേടുക എന്നത് പ്രയാസകരമായതിനാൽ, ഗുരുവായൂർ ദേവസ്വത്തിൽ അർഹമായ ഒരു ജോലി നൽകണമെന്ന് ആവശ്യപ്പെട്ടുനൽകിയ 4.8.2016 ലെ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(ബി) 19-9-2016- ലെ 116/VIP/16/Min(Eley&Dev)നമ്പർ കത്ത് പ്രകാരം ഗുരുവായൂർ ദേവസ്വം എടുത്ത നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഈ വിഷയം സംബന്ധിച്ച നിവേദനം അനന്തര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി 19-9-2016-ലെ 112/VIP/16/Min (Eley & Dev) നമ്പർ മേലെഴുത്ത് പ്രകാരം ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർക്ക് അയച്ചുകൊടുത്തിട്ടുള്ളതും ജോലി ലഭിക്കുന്നതിനുള്ള കുമാരി ലയന പി.ബി.-യുടെ അപേക്ഷ ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്.

**കൊട്ടാരക്കര മണികണ്ഠേശ്വരം ശ്രീമഹാഗണപതി ക്ഷേത്രം വികസനം**

80 (2285) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണികണ്ഠേശ്വരം ശ്രീമഹാഗണപതി ക്ഷേത്രം വികസനത്തിനായി ദേവസ്വം ബോർഡിന്റെ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതിനെല്ലാം അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ഷേത്രത്തിന്റെ വികസനത്തിനായി തയ്യാർ ചെയ്ത മാസ്റ്റർ പ്ലാനിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

1. ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി വെള്ളം വറ്റിക്കുകയും ചെളിവാരുകയും ചെയ്യുന്ന പ്രവൃത്തികൾ.

2. ക്ഷേത്രക്കുളത്തിന്റെ പാർശ്വഭിത്തികൾ പൊളിഞ്ഞുകിടന്നതും പാറ ഇളകിപ്പോയതുമായ ഭാഗത്ത് വൃത്തിയാക്കൽ.

3. ക്ഷേത്രത്തിനോടനുബന്ധിച്ച് പിൽഗ്രിം സെന്ററും, അക്കോമഡേഷൻ മുറികളും, കടമുറികളും നിർമ്മാണം.

(ബി)

1. ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയുള്ള പണികൾ പൂർത്തീകരിച്ചു.

2. ക്ഷേത്രക്കുളത്തിന്റെ പാർശ്വഭിത്തികൾ പൊളിഞ്ഞുകിടന്നതും പാറ ഇളകിപ്പോയതുമായ ഭാഗത്ത് വൃത്തിയാക്കുന്നതിനുവേണ്ടിയുള്ള പണികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചു.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ക്ഷേത്രങ്ങളോട് ബന്ധപ്പെട്ട കുളം, കാവ്, ആൽത്തറ എന്നിവയുടെ നവീകരണം

81 (2286) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളോട് ബന്ധപ്പെട്ട കുളം, കാവ്, ആൽത്തറ എന്നിവയുടെ നവീകരണത്തിന് 2015-16 വർഷത്തിൽ എന്തു തുക നീക്കിവെച്ചിരുന്നു; എന്തു തുക ചെലവഴിച്ചു; എത്ര കാവുകളും കുളങ്ങളും നവീകരിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2016-17 വർഷത്തിൽ ഇതിനായി എന്തു തുക നീക്കി വച്ചു, എന്തു തുക ചെലവഴിച്ചു, എത്ര കാവുകളും കുളങ്ങളും നവീകരിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 വർഷത്തിൽ ബജറ്റിൽ ഒരു കോടി രൂപ നീക്കിവച്ചിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

(ബി) ബജറ്റ് വിഹിതമായ ഒരു കോടി രൂപ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**വൈദ്യുതി പ്രതിസന്ധി**

82 (2287) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി നിലവിലുണ്ടോ; ഏതെല്ലാം മേഖലകളിൽ;വിശദാംശം ലഭ്യമാക്കുമോ;

(ബി) 2016 ഡിസംബർ മാസത്തിൽ ഇടുക്കി ഉൾപ്പെടെയുള്ള ഡാമുകളിൽ നിന്നും ദിവസേന ശരാശരി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിരുന്നുവെന്നും നിലവിൽ ഓരോ സ്ഥലത്തുനിന്നും എത്ര യൂണിറ്റ് വീതം ഉല്പാദിപ്പിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ഇടുക്കി ഉൾപ്പെടെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഓരോ അണക്കെട്ടുകളിലേയും വെള്ളത്തിന്റെ പരമാവധി സംഭരണശേഷി എത്രയാണ്;ടി അണക്കെട്ടുകളിൽനിന്നും പരമാവധി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും; സംസ്ഥാനത്തെ ഒരു ദിവസത്തെ ശരാശരി വൈദ്യുതി ഉപഭോഗം എത്രയാണ്;

(ഡി) ഇടുക്കി ഉൾപ്പെടെ ഓരോ വൈദ്യുതി ഉല്പാദന അണക്കെട്ടുകളിലും നിലവിൽ എത്ര അളവ് ജലം സംഭരിച്ചിട്ടുണ്ട്; നിലവിലുള്ള ജലം ഉപയോഗിച്ച് എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും; ആയത് സംസ്ഥാനത്ത് എത്ര ദിവസത്തേയ്ക്കുള്ള ഉപയോഗത്തിന് തികയുമെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് മറ്റു സ്രോതസ്സുകളിൽനിന്നും എത്ര വൈദ്യുതി ഉല്പാദിപ്പിക്കുന്നു എന്ന് സ്രോതസ്സ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കടുത്ത വരൾച്ചയും വൈദ്യുതി ഉപഭോഗത്തിന്റെ വർദ്ധനവുംമൂലം വൈദ്യുതി രംഗത്ത് പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. എന്നാൽ പുറത്തുനിന്ന് വൈദ്യുതി വാങ്ങി പ്രതിസന്ധി തരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇടുക്കി ഉൾപ്പെടെയുള്ള ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള 2016 ഡിസംബർ മാസത്തിലെയും, 2017 ഫെബ്രുവരി മാസത്തിലെയും (27-02-2017 വരെയുള്ള) ദിവസേന ശരാശരി വൈദ്യുതോൽപ്പാദന വിവരങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

(സി) സംസ്ഥാനത്തെ ഫെബ്രുവരി മാസത്തിലെ ശരാശരി വൈദ്യുതോപ യോഗം 66.70 ദശലക്ഷം യൂണിറ്റാണ്. അണക്കെട്ടുകളുടെ സംഭരണശേഷിയും മറ്റുവിവരങ്ങളും അനുബന്ധം-2* ആയി ചേർത്തിരിക്കുന്നു.

(ഡി) ഇടുക്കി ഉൾപ്പെടെ ഓരോ വൈദ്യുതി ഉൽപ്പാദന അണക്കെട്ടുകളിലും നിലവിലുള്ള ജലവും അത് ഉപയോഗിച്ചിട്ടുള്ള വൈദ്യുത ഉൽപ്പാദന വിവരങ്ങളും അനുബന്ധം-3* ആയി ചേർത്തിരിക്കുന്നു. 2017 ഫെബ്രുവരി 27 വരെയുള്ള കണക്ക് പ്രകാരം ആകെ 1582.716 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളമുണ്ട്. ഈ ജലം ഉപയോഗിച്ച് അടുത്ത കാലവർഷം വരെയുള്ള വൈദ്യുതി ആവശ്യകത നിറവേറ്റത്തക്ക രീതിയിലാണ് ഉൽപ്പാദനം ക്രമീകരിക്കുന്നത്.

(ഇ) ഈ സംസ്ഥാനത്തെ മറ്റ് സ്രോതസ്സുകളിൽനിന്ന് 2017 ഫെബ്രുവരി മാസം 27 വരെയുള്ള കണക്കുപ്രകാരം ദിവസേന ശരാശരി ഉത്പാദനം അനുബന്ധം-4 *ആയി ചേർത്തിട്ടുണ്ട്. ശൃംഖലാബന്ധിതമല്ലാത്ത റൂഫ് ടോപ്പ് സോളാർ ഇനത്തിൽ 1 കിലോവാട്ട് ശേഷിയുള്ള 10000 പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി മുഖേന 9.5 മെഗാവാട്ട് ശേഷി ഇതുവരെ കൈവരിച്ചിട്ടുണ്ട്. കേരളത്തിൽ കാറ്റിൽനിന്നും 43.3 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. അനെർട്ട് പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ സൗരോർജ്ജ പവർപ്ലാന്റ് കമ്മീഷൻ ചെയ്തിട്ടുണ്ട്.

## കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭൂമി

83 (2288) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് കെ. എസ്. ഇ. ബോർഡ് ലിമിറ്റഡിന് എത്ര ഏക്കർ ഭൂമിയുണ്ടെന്ന് കണക്കുകളുണ്ടോ; ഉണ്ടെങ്കിൽ ഈ വസ്തുക്കൾ എവിടെയെന്ന് ജില്ല തിരിച്ച് വിസ്തീർണ്ണം എത്ര വീതം ഉണ്ടെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പല മേഖലകളിലും കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമികൾ അന്യാധീനപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) കെ. എസ്. ഇ. ബി.എൽ.-ന്റെ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കുന്നതിന് ഒരു കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ട്രിബ്യൂണൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കെ. എസ്. ഇ. ബോർഡ് ലിമിറ്റഡ് ഭൂമി ഏറ്റവും കൂടുതൽ കയ്യേറ്റം നടന്നിരിക്കുന്നത് മൂന്നാറിലാണോ; വിശദമാക്കുമോ;

(ഇ) ഭൂമി സംബന്ധമായി നിലവിൽ എത്ര കേസ്സുകൾ ഉണ്ട്; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) ഭൂമിയുടെ ലഭ്യമായ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ വിവരങ്ങളനുസരിച്ച് ഇടുക്കി ജില്ലയിലെ വിവിധ പദ്ധതി പ്രദേശങ്ങളിലായി ആയിരത്തി ഇരുന്നൂറ്റി അറുപത്തി ആറോളം (1266) കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറിയ സ്ഥലങ്ങളും അതിരുകളും സർവ്വേ നടത്തുന്നതിനായി റവന്യൂ വകുപ്പിൽ പണം ഒടുക്കിയിട്ടുണ്ട്.

കൂടാതെ ഇടുക്കി ജില്ലയിലെ പാംബ്ലയിലെ (ലോവർ പെരിയാർ) കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തിയിട്ടില്ല. ആനയിറങ്ങൽ മേഖലയിലെ കയ്യേറ്റങ്ങളും അതിരുകളും തിട്ടപ്പെടുത്തുന്നതിനായി സർവ്വേ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു.

(സി) കെ.എസ്.ഇ.ബി.എൽ.-യിൽനിന്നും വിഷയത്തിൽ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കയ്യേറ്റങ്ങളും അതിരുകളും തിട്ടപ്പെടുത്തുന്നതിനായി സർവ്വേ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ലഭ്യമായ വിവരങ്ങളനുസരിച്ച് മൂന്നാറിലെ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽ ഏകദേശം 6 ഏക്കർ (2.4314 ഹെക്ടർ) ഭൂമി കയ്യേറിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ലഭ്യമായ വിവരമനുസരിച്ച് ഭൂമി സംബന്ധമായി നിലവിൽ വിവിധ കോടതികളിലായുള്ള കേസ്സുകൾ സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | കേസ്സുകളുടെ എണ്ണം |
|---|---|---|
| 1 | ചെങ്കുളം ആഗ്മെന്റേഷൻ സ്കീം | 1 |
| 2 | മാങ്കുളം പദ്ധതി | 1 |
| 3 | ഇടുക്കി ആഗ്മെന്റേഷൻ സ്കീം | 3 |
| 4 | പള്ളിവാസൽ എക്സ്റ്റെൻഷൻ സ്കീം | 19 |
| 5 | ഇടുക്കി പദ്ധതി | 6 |
| 6 | ലോവർ പെരിയാർ പദ്ധതി | 1 |
| 7 | പന്നിയാർ പദ്ധതി | 4 |
| 8 | ബാരാപോൾ പദ്ധതി | 6 |
| 9 | വിലങ്ങാട് പദ്ധതി | 34 |
| 10 | ചാത്തൻകോട്ടുനട രണ്ടാം ഘട്ടം | 25 |
| 11 | കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതി | 4 |
| 12 | 110 കെ.വി. ചക്കിട്ടപ്പാറയ്ക്ക് സ്ഥലമെടുത്തതുമായി ബന്ധപ്പെട്ട്നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിന് | 4 |
| 13 | ചെറുപുഴ സബ്സ്റ്റേഷന്റെ ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് കണ്ണൂർ സർക്കിളിനു കീഴിൽ | 1 |
| 14 | മാടക്കത്തറ സബ്സ്റ്റേഷന്റെ സ്ഥലമെടുത്തതുമായി ബന്ധപ്പെട്ട് നഷ്ട പരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനായി സബ് കോടതിയിൽ കേസ്സും ഭൂമി തർക്കവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു കേസ്സും | 2 |
| 15 | മണിമല 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി 0.49 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമി ബഹുമാനപ്പെട്ട | 1 |

| | | |
|---|---|---|
| | കേരള സർക്കാരിന്റെ 27-11-2008-ലെ ജി.ഒ. (എം എസ്.) നമ്പർ 403/2008/റവന്യൂ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി 18,80,559 രൂപ കമ്പോള വില നൽകി റവന്യൂ അധികാരികളിൽനിന്നും വാങ്ങിയ ഭൂമി ശ്രീ. പി. ഒ. തോമസ്, കീക്കരക്കാടിന്റെ ഉടമസ്ഥത യിലുള്ളതാണെന്ന് അവകാശപ്പെട്ടുകൊണ്ടുള്ള പരാതി. | |
| 16. | കുണ്ടറ 220 കെ.വി. സബ്സ്റ്റേഷൻ ക്വാർട്ടേഴ്സിന്റെ ചുറ്റുമതിലിനോട് ചേർന്ന് കിടക്കുന്ന 0.62 ഏക്കർ ഭൂമി സംബന്ധിച്ച കേസ്സ്. | 1 |

**കെ.എസ്.ഇ.ബി.എൽ.-യിലെ ഒഴിവുകൾ**

84 (2289) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.എൽ.-യിലെ മസ്ദൂർ ഉൾപ്പെടെയുള്ള താഴ്ന്ന വിഭാഗങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനു സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നിയമിക്കേണ്ട മസ്ദൂർ തസ്തികയിലെ ഒഴിവുകൾ യഥാസമയംതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഇപ്പോൾ ഒഴിവുകളില്ല.

**കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ സെക്ഷൻ ഓഫീസ്**

85 (2290) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടവനക്കാട് കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വൈപ്പിനിലെ ജനസാന്ദ്രത കണക്കിലെടുത്ത് പ്രസ്തുത പ്രൊപ്പോസൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിലുള്ള ഞാറയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ചും ചെറായി ഇലക്ട്രിക്കൽ സെക്ഷനിലെ കുറച്ച് ഉപഭോക്താക്കളെക്കൂടി ഉൾപ്പെടുത്തിയും എടവനക്കാട് കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുകയും ടി പ്രൊപ്പോസൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പരിശോധിക്കുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. കസ്റ്റമർ കെയർ സംവിധാനം ഏർപ്പെടുത്തി വൈദ്യുതി വിതരണ രംഗത്തെ സെക്ഷൻ ഓഫീസുകളുടെ പുനഃസംഘടന സംബന്ധിച്ച് ആലോചിച്ചുവരികയാണ്. പുതിയ സെക്ഷൻ സംബന്ധിച്ച നിർദ്ദേശങ്ങളും ഇതിന്റെ ഭാഗമായി പരിശോധിക്കാനാണ് ഉദ്ദേശിക്കുന്നത്.

**കെ.എസ്.ഇ.ബി.എൽ.-യിൽ സമാശ്വാസ തൊഴിൽദാന പദ്ധതി**

86 (2291) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-യിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനത്തിന് പ്രത്യേക ചട്ടങ്ങളുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രത്യേക ചട്ടങ്ങളില്ലെങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് ബോർഡിൽ ആശ്രിതനിയമനം നൽകുന്നത് എന്ന് വ്യക്തമാക്കാമോ; പകർപ്പ് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം തസ്തികകളിലേക്കാണ് കെ.എസ്.ഇ.ബി.എൽ.-യിൽ ആശ്രിതനിയമനത്തിനായി അപേക്ഷിക്കാവുന്നത്; പ്രസ്തുത തസ്തികകളിലേക്ക് അപേക്ഷിക്കാനുള്ള യോഗ്യത വിശദമാക്കാമോ;

(ഡി) ആശ്രിത നിയമനത്തിനുള്ള അപേക്ഷകളിൽ എന്നുവരെയുള്ളവർക്ക് നിയമനം നൽകിയെന്നും ഇനി എത്ര അപേക്ഷകർക്ക് നിയമനം നൽകാനുണ്ടെന്നും തസ്തിക തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പ്രത്യേക ചട്ടങ്ങളുണ്ട്. പകർപ്പുകൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(സി)

1. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ & സിവിൽ)
2. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ
3. മീറ്റർ റീഡർ
4. ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ്
5. ഓവർസീയർ (സിവിൽ)
6. ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II
7. ഇലക്ട്രിസിറ്റി വർക്കർ
8. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
9. ഡ്രൈവർ ഗ്രേഡ് II
10. സ്വീപ്പർ - III/ക്ലീനിംഗ് അസിസ്റ്റന്റ്-III
11. പാർട്ട് ടൈം കണ്ടിജന്റ് സ്വീപ്പർ

യോഗ്യത സംബന്ധിച്ച വിവരം അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.*

(ഡി) 06/2016 വരെ ബോർഡ് ഉത്തരവായിട്ടുള്ളവർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No.2017/2016(B) ഉത്തരവ് പ്രകാരം ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് തസ്തികയിൽ ആശ്രിത നിയമനം വഴിയുള്ള നിയമനങ്ങൾ 03/2016 മുതൽ നിർത്തിവച്ചിരിക്കുകയാണ്. ആയത് പ്രകാരം 06/2016-ൽ ബോർഡ് ഉത്തരവായ ഒരു ഉദ്യോഗസ്ഥയ്ക്ക് നിയമനം നൽകിയിട്ടില്ല. ഇനി നിയമനം നൽകാനുള്ളവരുടെ തസ്തിക തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II- 14
2. കാഷ്യർ - 10
3. പാർട്ട് ടൈം കണ്ടിജന്റ് സ്വീപ്പർ-2
4. ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ -1
5. മീറ്റർ റീഡർ -2
6. സബ് എഞ്ചിനീയർ (സിവിൽ) -1
7. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - 6
8. ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ്- 2 (1+1)

എന്നാൽ മേൽ കാണിച്ചിരിക്കുന്ന മുഴുവൻ തസ്തികകളിലേയും (ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റ് ഒഴിച്ച്) നിയമന ബോർഡ് ഉത്തരവ് 22-02-2017-ൽ ആയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അനുബന്ധജോലികൾ നടന്നുവരികയാണ്.

## കെ.എസ്.ഇ.ബി.എൽ.- ഈസ്റ്റ് സെക്ഷനിൽ പുതിയ സബ് സെന്ററുകൾ

87 (2292) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരുപതിനായിരത്തിൽ അധികം ഉപഭോക്താക്കളുള്ള കെ.എസ്.ഇ.ബി. ഈസ്റ്റ് സെക്ഷനിൽ മഴക്കാലത്ത് ഉണ്ടാകുന്ന വൈദ്യുതി തകരാറുകൾ സമയബന്ധിതമായി പരിഹരിക്കാൻ നിലവിലുള്ള ജീവനക്കാരുടെ എണ്ണം അപര്യാപ്തമായതിനാലും പ്രസ്തുത സെക്ഷന്റെ വിസ്തൃതി വളരെക്കൂടുതൽ ആയതിനാലും പെർമനന്റ് ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് പുതിയ സബ് സെന്ററുകൾ രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

32 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കായംകുളം ഈസ്റ്റ് സെക്ഷന്റെ കീഴിൽ നിലവിൽ 19587 ഉപഭോക്താക്കളാണുള്ളത്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഈ സെക്ഷനിലെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുള്ള ജീവനക്കാർ കായംകുളം ഈസ്റ്റ് സെക്ഷനിലുണ്ട്. ഈ സെക്ഷന് കീഴിൽ സബ്സെന്ററുകൾ രൂപീകരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി.എൽ.-ന്റെ മീറ്റർ വിതരണം

88 (2293) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. മീറ്റർ വിതരണത്തിന് നിലവിലുള്ള സംവിധാനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മീറ്റർ വിതരണം ബോർഡിന്റെ നിയന്ത്രണത്തിൽ കുറ്റമറ്റ രീതിയിൽ നടപ്പിൽ വരുത്തുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സിംഗിൾ ഫേസ് എനർജി മീറ്ററുകൾ ഇലക്ട്രിക്കൽ സർക്കിൾ ഓഫീസുകളോടനുബന്ധിച്ചുള്ള ഔട്ട്ലെറ്റുകൾവഴി വിതരണം ചെയ്യുന്ന സംവിധാനത്തെക്കുറിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) മീറ്റർ വിതരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാനായി ആവശ്യത്തിന് മീറ്ററുകൾ വാങ്ങുവാനായി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(സി) കേടായ മീറ്ററുകൾ മാറ്റുന്നതിനുള്ള നടപടികൾ ബോർഡ് ആരംഭിച്ചിട്ടുണ്ട്. ഇതിനായി 16 ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററുകളും 1.5 ലക്ഷം ത്രീ ഫേസ് മീറ്ററുകളും വാങ്ങാൻ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ റവന്യൂ കമ്മി

89 (2294) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കണക്കുപ്രകാരം 2015-16, 2016-17 വർഷങ്ങളിൽ റവന്യൂ കമ്മി ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പനിക്ക് കൈമാറിക്കിട്ടിയ ആസ്തികൾക്കുള്ള സീനിയറേജ് ഇതോടൊപ്പം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ;

(സി) റവന്യൂ കമ്മി ഉണ്ടായിട്ടുണ്ടെങ്കിൽ അത് നികത്താനും കമ്മി ഉണ്ടാകാതിരിക്കാനും എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) റവന്യൂ കമ്മി കുറയ്ക്കാൻ ഭരണപരമായ ചെലവുകൾ നിയന്ത്രിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ടായിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത കണക്ക് പ്രകാരം റവന്യൂ കമ്മി 31329.35 ലക്ഷം രൂപയാണ്. 2016-17 സാമ്പത്തിക വർഷം പൂർത്തിയായിട്ടില്ലാത്തതിനാൽ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

(ബി) 31-3-2013-ലെ ഗവൺമെന്റ് ഉത്തരവ് (പി) നമ്പർ 46/2013/പി.ഡി. പ്രകാരമുള്ള വാല്യുവിലാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ ആസ്തി ബാധ്യതകൾ കമ്പനിക്ക് കൈമാറിയത്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)*

കമ്പനി നിയമപ്രകാരമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കണക്കുകൾ തയ്യാറാക്കുന്നത്. 2015-16 വരെ ആഡിറ്റ് പൂർത്തിയായിട്ടുണ്ട്.

(സി) ബോർഡിനുണ്ടായിട്ടുള്ള റവന്യൂ കമ്മി നികത്തുന്നതിനും കമ്മി ഉണ്ടാകാതിരിക്കുവാനും, സാമ്പത്തിക വിഭാഗത്തിൽ ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്:

(i) മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയെടുക്കുന്നുണ്ട്.

(ii) മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂട്ടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനാണ് ശ്രമിക്കുന്നത്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ, കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചിട്ടുള്ള വരവുചെലവ് കണക്കുകൾ അംഗീകരിച്ച് വർദ്ധനവ് നടപ്പിലാക്കുകയാണെങ്കിൽ റവന്യൂ കമ്മി കുറയുന്നതാണ്. കേരള സംസ്ഥാന വാട്ടർ അതോറിറ്റിയിൽനിന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമായി വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ട 1,200 കോടി രൂപ ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെട്ടുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ റവന്യൂ കമ്മി കുറയ്ക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ട്. 'ബജറ്ററി കൺട്രോൾ' കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ ഭരണപരമായ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശാനുസരണം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും അനിവാര്യമായ ജീവനക്കാരുടെ എണ്ണം കണ്ടെത്തുന്നതിനുള്ള വിശദമായ പഠനം നടന്നുകൊണ്ടിരിക്കുന്നു.

**കെ.എസ്.ഇ.ബി.എൽ.-ൽ കാഷ്യർ തസ്തിക**

90 (2295) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ കാഷ്യർ തസ്തികയിൽ പി.എസ്.സി. മുഖേന നികത്തേണ്ട 428 ഒഴിവുകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ താമസംവിനാ റിപ്പോർട്ട് ചെയ്യുന്നതിനും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നിയമനം നല്കാൻ സാധിക്കുമോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പുതുതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ട്, മീറ്റർ റീഡിംഗിന് PDA നടപ്പാക്കിയത്, കമ്പ്യൂട്ടർവത്കരണ നടപടികൾ തുടങ്ങിയ കാര്യങ്ങൾ ജീവനക്കാരുടെ ജോലി ഭാരത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവ പരിശോധിച്ച് മാത്രമേ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ കാഷ്യർ ഉൾപ്പെടെ വിവിധ തസ്തികകളിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഈ നടപടികളുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തി മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

## ബി.എസ്.ഇ.എസ്. വൈദ്യുതി ബോർഡ് ഏറ്റെടുക്കാൻ നടപടി

91 (2296) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയുടെ സാഹചര്യത്തിൽ ആഭ്യന്തര വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഉദ്യോഗമണ്ഡലിൽ പ്രവർത്തിക്കുന്ന ബി.എസ്.ഇ.എസ്. എന്ന താപവൈദ്യുതി നിലയവുമായുള്ള വാങ്ങൽ കരാർ പുതുക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ബി.എസ്.ഇ.എസ്. എന്ന താപവൈദ്യുതി നിലയം വൈദ്യുതി ബോർഡുമായുള്ള കരാർ പുതുക്കുന്നില്ലെങ്കിൽ പ്രസ്തുത താപനിലയം വൈദ്യുതി ബോർഡ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) കരാർ നിലവിലില്ലാത്തതുമൂലം ഉല്പാദനം നിർത്തിവച്ച്, ശേഖരിച്ച നാഫ്ത കമ്പനിക്കകത്ത് സൂക്ഷിച്ചിരിക്കുന്നതുമൂലമുള്ള അപകട സാധ്യത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) അപകട സാധ്യത ഒഴിവാക്കി ജനങ്ങൾക്ക് സംരക്ഷണം ഒരുക്കുന്നതിനും വൈദ്യുതി ലഭ്യത നിലനിർത്തുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വരൾച്ചയുടെ സാഹചര്യത്തിൽ ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയിൽ വന്ന കുറവ് സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് കേരളത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല. ബി.എസ്.ഇ.എസ്. എന്ന താപവൈദ്യുത നിലയവുമായി 03-05-1999-ൽ ഒപ്പുവച്ച വൈദ്യുതി വാങ്ങൽ കരാർ 31-10-2015-ൽ അവസാനിച്ചു. ടി നിലയത്തിൽ ഉപയോഗിച്ചിരുന്ന ഇന്ധനമായ നാഫ്തയുടെ വില വളരെ കൂടുതൽ ആയതുകൊണ്ട് അടിയന്തരഘട്ടത്തിൽ മാത്രമേ ടി നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയിരുന്നുള്ളൂ. ഈ സാഹചര്യത്തിൽ വൈദ്യുതി വാങ്ങൽ കരാർ പുതുക്കിയിട്ടില്ല.

ബി.എസ്.ഇ.എസ്.-മായുള്ള വൈദ്യുതി വാങ്ങൽ സംബന്ധിച്ച് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 26-10-2016-ലെ ഉത്തരവ് അനുസരിച്ചും, ഇപ്പോൾ വൈദ്യുത മേഖലയിൽ സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യങ്ങളും, ഫിക്സഡ് ചാർജ്ജ് നൽകേണ്ടതുവഴിയുള്ള സാമ്പത്തിക ബാധ്യതയും കണക്കിലെടുത്തുമാണ് ബി.എസ്.ഇ.എസ്. പവർ ലിമിറ്റഡിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ പുതുക്കേണ്ടതില്ലായെന്ന് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചത്.

(സി) ഈ നിലയത്തിനെ കെ.എസ്.ഇ.ബി.എൽ.-ന് ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുമോ എന്നത് വേണ്ടത്ര പഠനം നടത്തി കണ്ടെത്തിയാൽ മാത്രമേ ടി നിലയം ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ബി.എസ്.ഇ.എസ്.-ൽ സൂക്ഷിച്ചിരിക്കുന്ന നാഫ്തമൂലം അപകട സാധ്യതയുണ്ട് എന്നാരോപിച്ച് ആയത് നീക്കം ചെയ്തുകിട്ടാൻ ടി നിലയത്തിലെ വിവിധ വർക്കേഴ്സ് യൂണിയനുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഇ) ഇപ്പോൾ കെ.എസ്.ഇ.ബി. ലിമിറ്റഡും ബി.എസ്.ഇ.എസ്.-മായി ഉണ്ടായിരുന്ന വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ബി.എസ്.ഇ.എസ്.-ൽ സൂക്ഷിച്ചിട്ടുള്ള നാഫ്ത നീക്കം ചെയ്യേണ്ടതും അപകട സാധ്യത ഉണ്ടെങ്കിൽ ആയത് ഒഴിവാക്കേണ്ടതും ബി.എസ്.ഇ.എസ്-ന്റെ ഉത്തരവാദിത്വമാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഈ വിഷയത്തിൽ യാതൊരുവിധ ബാധ്യതയുമില്ല.

**വയനാട് ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

92 (2297) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പ്രവർത്തന പുരോഗതി മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) നാളിതുവരെ ഈ പദ്ധതിയിൻപ്രകാരം എത്ര വീടുകളിൽ വൈദ്യുതി എത്തിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തീകരണത്തിന് ഇനി എത്ര വീടുകൾ വൈദ്യുതീകരിക്കേണ്ടതുണ്ട്; ഇതിന് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3-3-2017-ലെ കണക്കനുസരിച്ച് വയനാട് ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു:

| നിയോജക മണ്ഡലം | ആകെ ലഭിച്ച അപേക്ഷകൾ | വൈദ്യുതി കണക്ഷൻ നൽകിയ വീടുകൾ | പുരോഗതി (%) |
|---|---|---|---|
| മാനന്തവാടി | 3576 | 1701 | 47.57 |
| കൽപ്പറ്റ | 4027 | 1307 | 32.46 |
| സുൽത്താൻ ബത്തേരി | 5763 | 1483 | 25.73 |

(ബി) 3-3-2017-ലെ കണക്കനുസരിച്ച് വയനാട് ജില്ലയിൽ ടി പദ്ധതിയിൻ പ്രകാരം 4491 വീടുകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) 3-3-2017-ലെ കണക്കനുസരിച്ച് വയനാട് ജില്ലയിൽ ഇനി 8875 വീടുകൾ വൈദ്യുതീകരിക്കാനുണ്ട്. ഇതിന് ഉദ്ദേശം 9.5 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

**ആശ്രിത നിയമനത്തിനായി ശ്രീമതി സീമ സമർപ്പിച്ച അപേക്ഷ**

93 (2298) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനായി ശ്രീമതി സീമ.കെ, w/o late രമേശ്.പി (സബ്.എഞ്ചിനീയർ), 2013-ൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, വൈദ്യുതി ഭവന് നല്കിയ നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) അതിനുശേഷം കെ.എസ്.ഇ.ബി.എൽ. ചെയർമാനും, മന്ത്രിക്കും നല്കിയ നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ശ്രീമതി സീമ.കെ-യ്ക്ക് 2013-ൽ അപേക്ഷ നല്കിയിട്ടും നാളിതുവരെ നിയമനം നല്കാനുള്ള കാലതാമസത്തിനുള്ള കാരണം എന്തെന്നും, കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും എപ്പോൾ നിയമനം നൽകുവാൻ കഴിയും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സബ് എഞ്ചിനീയറായി ജോലി ചെയ്തിരുന്ന പരേതനായ പി. രമേശിന്റെ ഭാര്യ ശ്രീമതി സീമ കെ. 2013-ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആശ്രിത നിയമനത്തിനായി അപേക്ഷ നൽകിയിരുന്നു. എന്നാൽ അപേക്ഷക ടൈപ്പ്റൈറ്റിംഗ് കോഴ്സിന് പഠനം നടത്തുന്നതിനാൽ പഠനം പൂർത്തിയാകുന്നതുവരെ ആശ്രിത നിയമനത്തിനുള്ള കാലാവധി നീട്ടി തരണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് 21-7-2014-ൽ പഠനം പൂർത്തിയാക്കാൻ അധിക സമയം നൽകി ഉത്തരവായിരുന്നു. പഠനം പൂർത്തിയാക്കി ടൈപ്പ്റൈറ്റിംഗ് കോഴ്സിൽ യോഗ്യത നേടിയതിനെത്തുടർന്ന് 21-4-2016-ൽ ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിനായി പുതിയ അപേക്ഷ സമർപ്പിക്കുകയും ജൂൺ 2016-ന് സർട്ടിഫിക്കറ്റുകളുടെ പരിശോധനയും ഇന്റർവ്യൂവും നടത്തി ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്താൻ 07/2016-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി ബോർഡിൽ സമർപ്പിച്ചു. പ്രസ്തുത സെലക്ട് ലിസ്റ്റിന് 22-2-2017-ൽ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും നിലവിൽ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുള്ളതിനാൽ നിയമനം നൽകാൻ കഴിയില്ല.

(സി) 2013-ൽ ആശ്രിത നിയമനത്തിനായി ആദ്യ അപേക്ഷ നൽകിയെങ്കിലും പിന്നീട് അപേക്ഷക ടൈപ്പ്റൈറ്റിംഗ് കോഴ്സ് പൂർത്തിയാക്കാൻ അധിക സമയം ആവശ്യപ്പെടുകയും ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് തസ്തികയിലേക്ക് ആശ്രിത നിയമനത്തിനായി പുതിയ അപേക്ഷ നൽകിയതിനെത്തുടർന്നാണ് ആശ്രിത നിയമനം വൈകിയത്. ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് തസ്തികയിൽ ആശ്രിത നിയമനം നടത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 30-8-2016-ന് ഫയൽ ചെയ്യപ്പെട്ട റിട്ട് പെറ്റിഷൻ [WP (C) No. 2017/2016 (B)]-ൽ ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് തസ്തികയിൽ ആശ്രിത നിയമനം നടത്തുന്നത് കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. പ്രസ്തുത കേസ്സിന്റെ തീർപ്പിന് വിധേയമായി മാത്രമേ ശ്രീമതി സീമ. കെ.-യുടെ നിയമനം നടത്താൻ കഴിയുകയുള്ളൂ.

**ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ**

94 (2299) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വെണ്ടക്കരയിൽ നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷന് പകരം 110 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലെ വെണ്ണക്കര 110 കെ.വി. സബ്സ്റ്റേഷനിൽ 110 കെ.വി. നിലവാരത്തിലുള്ള ഒരു ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ സാങ്കേതിക/ സാമ്പത്തിക പഠനങ്ങൾ നടന്നുവരുന്നു.

**നൂറനാട് പടനിലം ക്ഷേത്രപ്രദേശത്ത് ഭൂഗർഭ കേബിൾ**

95 (2300) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് പടനിലം ക്ഷേത്രപ്രദേശത്ത് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഭൂഗർഭ കേബിൾ, എ.ബി.സി. എന്നിവ ഉപയോഗിച്ച് നൂറനാട് പാറ ജംഗ്ഷൻ മുതൽ ഇടപ്പോൺ വരെ വൈദ്യുതി തടസ്സമില്ലാതെ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് അടിയന്തരമായി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) നൂറനാട്, പടനിലം ക്ഷേത്രപ്രദേശത്ത് ഭൂഗർഭ കേബിൾ, എ.ബി.സി. എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നു. എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് വർക്കിനത്തിൽ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

**ഊർജ്ജ സംരക്ഷണ പദ്ധതി**

96 (2301) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻകാൻഡസെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് ട്യൂബുകൾക്കും പകരം എൽ.ഇ.ഡി.-യുടെ ലൈറ്റുകളും ട്യൂബുകളും ഉപയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി എത്ര കോടി രൂപയാണ് ചിലവഴിച്ചത്;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് മുമ്പും പദ്ധതി നടപ്പാക്കിയതിന് ശേഷവുമുള്ള വൈദ്യുതിയുടെ ഉപഭോഗത്തിൽ വ്യത്യാസമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് കുറവ്; ഇതുവഴി എത്ര കോടി രൂപയുടെ ലാഭമാണ് കെ.എസ്.ഇ.ബി.-ക്ക് ഉണ്ടായിട്ടുള്ളത്;

(സി) സംസ്ഥാനത്തെ വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിനുമായി പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി 150 കോടി രൂപയുടെ ചെലവാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് ഇതുവരെ 75 ലക്ഷം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തതിലൂടെ വൈദ്യുതി ഉപഭോഗത്തിൽ പ്രതിവർഷം 315 ദശലക്ഷം യൂണിറ്റ് വൈദ്യുതിയോളം കുറവായിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(സി) സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിനുമായി നിലവിലുള്ള പദ്ധതികൾ വിപുലപ്പെടുത്തുന്നതോടൊപ്പം പുതിയ പദ്ധതികളും രൂപീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ വീടുകളിൽ ഊർജ്ജസംരക്ഷണ അവബോധം സൃഷ്ടിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ വീട്ടമ്മമാർക്കായി ബോധവത്കരണ ക്ലാസ്സുകൾ നടത്താൻ പദ്ധതിയുണ്ട്. ജലക്ഷാമവും വൈദ്യുതിക്ഷാമവും രൂക്ഷമായി അനുഭവപ്പെടുന്ന ഏപ്രിൽ, മേയ് മാസങ്ങളിലായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ നിലവിൽ തുടർന്നുവരുന്ന പദ്ധതികൾ താഴെ സൂചിപ്പിക്കുന്നു:

<u>ഊർജ്ജ കിരൺ:</u>

ഊർജ്ജ കിരൺ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേന ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസുകൾ, റാലികൾ എന്നിവ നടത്തിവരുന്നു. 2015-16 കാലഘട്ടത്തിൽ കേരളമൊട്ടാകെ 193 പരിപാടികൾ നടത്തുകയുണ്ടായി. ഈ സാമ്പത്തിക വർഷത്തിൽ (2016-17) 307 പരിപാടികൾ നടപ്പിലാക്കിവരുന്നു.

<u>സ്മാർട്ട് എനർജി പ്രോഗ്രാം:</u>

വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തുന്നതിന് സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ വിദ്യാർത്ഥികൾക്കായി എനർജി കോൺഗ്രസ് നടത്തിവരുന്നു. എസ്.ഇ.പി.-യുടെ കീഴിൽ 2015-16 കാലയളവിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 1561 സ്കൂളുകൾ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഈ വർഷം 41 വിദ്യാഭ്യാസ ജില്ലകളിൽനിന്നും 150 സ്കൂളുകൾ എന്ന നിലയ്ക്ക് 6150 സ്കൂളുകളെയാണ് സ്മാർട്ട് എനർജി പ്രോഗ്രാമിൽ എൻറോൾ ചെയ്യാൻ ലക്ഷ്യം വച്ചിട്ടുള്ളത്. 307500 കുട്ടികളെയാണ് 6150 സ്കൂളുകളിൽനിന്നും 50 കുട്ടികൾ ഒരു സ്കൂളിൽ എന്ന നിലയ്ക്ക് ബോധവൽക്കരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

<u>എനർജി ക്ലിനിക്:</u>

ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജസംരക്ഷണ ബോധവത്കരണം നൽകുന്നതിന് സ്ത്രീകളായ 1750 എനർജി ക്ലിനിക്ക് വോളണ്ടിയർമാർക്ക് പരിശീലനം നൽകി വീടുകൾതോറും ഊർജ്ജസംരക്ഷണ ബോധവൽക്കരണം, ഊർജ്ജസർവ്വേ മുതലായവ നടത്തുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്ന വിവിധ പത്ര-ദൃശ്യ-മാധ്യമങ്ങൾവഴി വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനായി വിപുലമായ ബോധവൽക്കരണ പ്രചാരണങ്ങൾ സംഘടിപ്പിക്കുന്നതാണ്. പ്രമുഖ ഉത്സവമേഖലയിൽ ഊർജ്ജ ബോധവൽക്കരണ പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യാവുന്നതുമാണ്.

## ഊർജ്ജ സുരക്ഷാ മിഷൻ

97 (2302) <u>ശ്രീ. എം. വിൻസെന്റ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; വിജിലൻസ് അന്വേഷണത്തിനുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) വിജിലൻസ് കോടതിയിൽ ടെസം പദ്ധതിയുമായി ബന്ധപ്പെട്ട് അന്വേഷണത്തിന് ഉത്തരവിട്ടശേഷം ഈ പദ്ധതിയിൽ ഉൾപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അനെർട്ടിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പേരും സ്ഥാപനവും വ്യക്തമാക്കാമോ;

(സി) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അനെർട്ടിലെ ഉദ്യോഗസ്ഥർ ആരൊക്കെ; അവരുടെ പേരും തസ്തികയും ലഭ്യമാക്കാമോ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് പുറത്തുവന്ന റിപ്പോർട്ടുകൾ ഏതൊക്കെയാണ്; റിപ്പോർട്ടിൽ അനെർട്ടിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ കൂടുതൽ അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും തസ്തികയും വ്യക്തമാക്കാമോ; ഈ ഉദ്യോഗസ്ഥർക്കെതിരെ കൂടുതൽ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് വി.ഇ-5/16/എസ്.ഐ.യു-II/അനെർട്ട് നമ്പരായി ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു. നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധം-1-ൽ ചേർത്തിരിക്കുന്നു.*

(ബി) ടെസം പദ്ധതിയുമായി ബന്ധപ്പെട്ട് വിജിലൻസ് കോടതി അന്വേഷണ ഉത്തരവ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ടെസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അനെർട്ടിലെ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) ധനകാര്യ പരിശോധനാ വിഭാഗം (എൻ.റ്റി.-ഡി) വകുപ്പ് നടത്തിയ അന്വേഷണ റിപ്പോർട്ട്, പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് നടത്തിയ സ്പെഷ്യൽ ആഡിറ്റ് റിപ്പോർട്ട് എന്നിവയാണ് ടെസം പദ്ധതിയുമായി ബന്ധപ്പെട്ട് പുറത്തുവന്ന അന്വേഷണ റിപ്പോർട്ടുകൾ.

ലോക്കൽ ഫണ്ട് ആഡിറ്റ് നടത്തിയ സ്പെഷ്യൽ ആഡിറ്റ് റിപ്പോർട്ടിൽ നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം വേണ്ടതെന്ന നിലയിലാണ് പറഞ്ഞിട്ടുള്ളത്.

അനെർട്ട് നടപ്പിലാക്കിയ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതി (TESM) നടത്തിപ്പ് സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ആഡിറ്റ് റിപ്പോർട്ട്, ആയതിന് അനെർട്ട് ഡയറക്ടർ നൽകിയ മറുപടി എന്നിവ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ കൂടി പരിശോധിച്ച് സംക്ഷിപ്ത റിപ്പോർട്ടും നിർദ്ദേശങ്ങളും തയ്യാറാക്കുന്നതിന് താഴെപ്പറയുന്നവർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് 15-11-2016-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 215/2016/ഊ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ചീഫ് ഇന്റേണൽ ഓഡിറ്റർ, കെ.എസ്.ഇ.ബി.എൽ. - ചെയർമാൻ
2. ഫിനാൻഷ്യൽ അഡ്വൈസറുടെ പ്രതിനിധി, കെ.എസ്.ഇ.ബി.എൽ. - മെമ്പർ.
3. അണ്ടർ സെക്രട്ടറി II, ഊർജ്ജ വകുപ്പ്- കൺവീനർ

## വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കാൻ നടപടി

98 (2303) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയുടെ സാഹചര്യത്തിൽ ഉണ്ടാകാവുന്ന ജലവൈദ്യുതി ഉത്പാദനക്കുറവ് പരിഹരിക്കാനും ആഭ്യന്തര വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഉദ്യോഗമണ്ഡലിൽ പ്രവർത്തിക്കുന്ന ബി.എസ്.ഇ.എസ്.എൽ. എന്ന താപവൈദ്യുതി നിലയവുമായുള്ള വാങ്ങൽ കരാർ പുതുക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ബോർഡുമായുള്ള കരാർ പുതുക്കുന്നില്ലെങ്കിൽ പ്രസ്തുത താപനിലയം വൈദ്യുതി ബോർഡ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) കരാർ നിലവിലില്ലാത്തതുമൂലം ഉല്പാദനം നിർത്തിവച്ച് ശേഖരിച്ച നാഫ്ത കമ്പനിക്കകത്ത് സൂക്ഷിച്ചിരിക്കുന്നതുമൂലമുള്ള അപകട സാധ്യത ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) അപകട സാധ്യത ഒഴിവാക്കി ജനങ്ങൾക്ക് സംരക്ഷണം ഒരുക്കുന്നതിനും വൈദ്യുതി ലഭ്യത നിലനിർത്തുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടുത്ത വരൾച്ചയുടെ സാഹചര്യത്തിൽ ഉണ്ടാകാവുന്ന ജലവൈദ്യുതി ഉത്പാദനക്കുറവ് പരിഹരിക്കാൻവേണ്ടി ഊർജ്ജ കമ്പോളത്തിൽനിന്നും ലഭ്യമായത്ര വൈദ്യുതി വാങ്ങി ജല വൈദ്യുതി കുറവ് പരിഹരിക്കാൻ ശ്രമിക്കുന്നു. കൂടാതെ, ആഭ്യന്തര വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കാൻ ജലവൈദ്യുത പദ്ധതികൾ അവയ്ക്ക് ആവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള ഊർജ്ജോത്പാദനം സാധ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി ആന്റ് എനർജി സേവിംഗ്സ് എന്ന വിഭാഗം പ്രവർത്തിച്ചുവരുന്നു. കാറ്റ്, സൗരോർജ്ജം എന്നിവയിൽനിന്നുള്ള ഊർജ്ജ ഉത്പാദനം ലക്ഷ്യമിട്ട് ഇതുവരെയായി പൂർത്തീകരിച്ചതും നിർമ്മാണം നടന്നുവരുന്നതും വിഭാവനം ചെയ്തിട്ടുള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

ആഭ്യന്തര വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതിനായി അനെർട്ട് മുഖേന 2016-17 വർഷത്തെ പ്ലാൻ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 5000 കിലോവാട്ട്) കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകുന്നതിനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 6400 കിലോവാട്ട്) കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകുന്നതിനും ലക്ഷ്യമിടുന്നു. അനെർട്ടിന്റെ ഉടമസ്ഥതയിലുള്ള സോളാർ പവർ പ്ലാന്റിൽനിന്ന് 2 മെഗാവാട്ടും സംസ്ഥാനത്ത് നിലവിലുള്ള കാറ്റാടി നിലയങ്ങളിൽനിന്ന് 43.3 മെഗാവാട്ടും വൈദ്യുതി ബോർഡിന്റെ ശൃംഖലയിലേയ്ക്ക് നൽകിവരുന്നു.

കാറ്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം വ്യാപകമാക്കുന്നത് ലക്ഷ്യമിട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കേരളത്തിന്റെ കടൽത്തീരങ്ങളിൽ ചെറുകാറ്റാടികൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന്റെ പ്രാരംഭ പദ്ധതിയായി പൂവാർ കടൽതീരത്ത് ഒരു മെഗാവാട്ട് ശേഷിയുള്ള ചെറുകാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. കേരളത്തിൽ ലഭ്യമായ മിതമായ കാറ്റിൽനിന്നും പരമാവധി വൈദ്യുതോല്പാദനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ സ്ഥലങ്ങളിൽ ചെറുകാറ്റാടികൾ സ്ഥാപിച്ച് പ്രായോഗികത വിലയിരുത്താനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല. ബി.എസ്.ഇ.എസ്. എന്ന താപവൈദ്യുത നിലയവുമായി 3-5-1999-ൽ ഒപ്പുവച്ച വൈദ്യുതി വാങ്ങൽ കരാർ 31-10-2015-ൽ അവസാനിച്ചു. ടി നിലയത്തിൽ ഉപയോഗിച്ചിരുന്ന ഇന്ധനമായ നാഫ്തയുടെ വില വളരെ കൂടുതൽ ആയതുകൊണ്ട് അടിയന്തരഘട്ടത്തിൽ മാത്രമേ ടി നിലയത്തിൽനിന്ന് വൈദ്യുതി വാങ്ങിയിട്ടുള്ളൂ.

ബി.എസ്.ഇ.എസ്.-ഉം ആയുള്ള വൈദ്യുതി വാങ്ങൽ സംബന്ധിച്ച് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 26-10-2016-ലെ ഉത്തരവ് അനുസരിച്ചും, ഇപ്പോൾ വൈദ്യുത മേഖലയിൽ സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യങ്ങളും, ഫിക്സഡ് ചാർജ്ജ് നൽകേണ്ടതുവഴിയുള്ള സാമ്പത്തിക ബാധ്യതയും കണക്കിലെടുത്തുമാണ് ബി.എസ്.ഇ.എസ്. പവർ ലിമിറ്റഡിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ പുതുക്കേണ്ടതില്ലായെന്ന് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചത്.

(സി) ഈ നിലയത്തിനെ കെ.എസ്.ഇ.ബി.എൽ.-ന് ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുമോ എന്നത് വേണ്ടത്ര പഠനം നടത്തി കണ്ടെത്തിയാൽ മാത്രമേ ടി നിലയം ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ബി.എസ്.ഇ.എസ്.-ൽ സൂക്ഷിച്ചിരിക്കുന്ന നാഫ്തമൂലം അപകട സാധ്യതയുണ്ട് എന്നാരോപിച്ച് ആയത് നീക്കംചെയ്തുകിട്ടാൻ ടി നിലയത്തിലെ വിവിധ വർക്കേഴ്സ് യൂണിയനുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഇ) ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ഉം ബി.എസ്.ഇ.എസ്.-ഉം ആയി ഉണ്ടായിരുന്ന വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ബി.എസ്.ഇ.എസ്.-ൽ സൂക്ഷിച്ചിട്ടുള്ള നാഫ്ത നീക്കം ചെയ്യേണ്ടതും അപകട സാധ്യത ഉണ്ടെങ്കിൽ ആയത് ഒഴിവാക്കേണ്ടതും ബി.എസ്.ഇ.എസ്.-ന്റെ ഉത്തരവാദിത്വമാണ്. കെ.എസ്.ഇ.ബി.എൽ-ന് ഈ വിഷയത്തിൽ യാതൊരുവിധ ബാധ്യതയുമില്ല.

**വൈദ്യുതി വിഹിതം സംബന്ധിച്ച കരട് നയം**

99 (2304) ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിഹിതം സംബന്ധിച്ച് കേന്ദ്രം പുതിയ കരട് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഈ കരട് നയം എങ്ങനെയാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന് ദോഷകരമായ വ്യവസ്ഥകൾ കരട് നയത്തിൽ നിന്ന് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലുള്ള വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതം സംബന്ധിച്ച് ആഗസ്റ്റ് 2016-ൽ കേന്ദ്ര ഗവൺമെന്റ് ഒരു കരട് നയം പ്രഖ്യാപിച്ചിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ അധീനതയിൽ വരുന്ന വൈദ്യുതി നിലയങ്ങളിൽ നിന്ന് സംസ്ഥാനങ്ങൾക്കുള്ള വൈദ്യുതിയുടെ വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളാണ് ടി നയത്തിൽ നിഷ്കർഷിക്കുന്നത്. നിലവിലുള്ള നയമനുസരിച്ച് എല്ലാ കേന്ദ്ര നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതിയുടെ 15 ശതമാനം സംസ്ഥാനങ്ങൾക്ക് പങ്കിടാതെ (അൺ അലോക്കേറ്റഡ് പവർ ) വകമാറ്റിവയ്ക്കുന്നു. ഈ വൈദ്യുതി, അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗത്തിനായി സംസ്ഥാനങ്ങളുടെ ആവശ്യാനുസരണം കേന്ദ്ര സർക്കാർ പങ്കുനൽകുന്നതും ബാക്കി വരുന്ന 85 ശതമാനം വൈദ്യുതി താഴെപ്പറയുന്ന രീതിയിൽ പങ്കുവയ്ക്കുന്നതാണ്.

| നിലയം | നിലയം സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തിന് | ആ മേഖലയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് |
|---|---|---|
| താപവൈദ്യുതി | 10 % | 75% |
| ജല വൈദ്യുതി | 13% | 72% |
| ആണവം | 50% | 35% |

എന്നാൽ പുതിയ കരട് നിയമമനുസരിച്ച് 15 ശതമാനം മാറ്റിവയ്ക്കപ്പെട്ട (അൺ അലോക്കേറ്റഡ് പവർ) വിഹിതം കഴിഞ്ഞാൽ ബാക്കിവരുന്ന 85 ശതമാനം വിഹിതം മുഴുവനും നിലയം സ്ഥിതിചെയ്യുന്ന സംസ്ഥാനത്തിന് ലഭിക്കും. ടി സംസ്ഥാനത്തിന് ആവശ്യമില്ലെങ്കിൽ മാത്രമെ ഈ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിക്കുകയുള്ളൂ.

പുതിയ കരട് നയത്തിലെ വ്യവസ്ഥകൾ പുതുതായിവരുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ വരുന്ന നിലയങ്ങൾക്ക് മാത്രമാണ് ബാധകം. നിലവിലുള്ള നിലയങ്ങളിൽ നിന്നുള്ള വിഹിതത്തെ ഇത് ബാധിക്കുന്നതല്ല.

(ബി) ഉണ്ട്. പ്രസ്തുത കരട് നയം നടപ്പാക്കുന്നത് സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും.

സംസ്ഥാനത്ത് പുതുതായി ജലവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിന് പാരിസ്ഥിതികവും സാമൂഹികവുമായ അനുകൂല സാഹചര്യം നിലവിലില്ല. കൂടാതെ, താപവൈദ്യുത നിലയങ്ങളോ ആണവ നിലയങ്ങളോ സ്ഥാപിക്കുന്നതിനുള്ള ഇന്ധന ലഭ്യതയും സ്ഥലസൗകര്യവും നിലവിലില്ല. അതിനാൽ സംസ്ഥാനത്തിന്, മറ്റ് സംസ്ഥാനങ്ങളിൽ സ്ഥാപിക്കുന്ന വൈദ്യുത നിലയങ്ങളെ ആശ്രയിക്കേണ്ടിവരും.

പുതിയ കരട് നയം നടപ്പാക്കിയാൽ മറ്റ് സംസ്ഥാനങ്ങളിൽ പുതുതായി സ്ഥാപിക്കുന്ന കേന്ദ്ര ഉടമസ്ഥതയിലുള്ള വൈദ്യുത നിലയങ്ങളിൽനിന്നും കേരളത്തിന് വൈദ്യുതി ലഭിക്കാൻ കഴിയാത്ത സാഹചര്യം നിലവിൽവരും.

(സി) സംസ്ഥാനത്ത് വൈദ്യുത നിലയങ്ങൾ സ്ഥാപിക്കാനുള്ള പാരിസ്ഥിതിക സാഹചര്യം നിലവിലില്ലെന്നും, ടി കരട് നിയമത്തിലെ വ്യവസ്ഥകൾ ഊർജ്ജ ഉത്പാദനത്തിനുള്ള പ്രകൃതി വിഭവങ്ങൾ ഇല്ലാത്ത

സംസ്ഥാനങ്ങളെ ഗുരുതരമായി ബാധിക്കുമെന്നും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. പ്രകൃതി വിഭവങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും തുല്യമായിട്ടല്ല എന്നതിനാൽ, ലഭ്യമായ വിഭവങ്ങൾ എല്ലാ സംസ്ഥാനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കവിധം ഉചിതമായി വീതിച്ച് നൽകേണ്ട ഉത്തരവാദിത്വം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണെന്നും, ടി കാരണത്താൽ തന്നെ നിലവിലുള്ള നയം മാറ്റം കൂടാതെ തുടരണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്ന സംസ്ഥാനങ്ങൾക്ക് ഇതുമൂലം അനുഭവിക്കുന്ന നഷ്ടം നികത്തുന്നതിന് ആവശ്യമായിവരുന്ന അധികച്ചെലവ് നികത്തുന്നതിന് സെസ്സ് ഈടാക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കണമെന്നും അറിയിച്ചിട്ടുണ്ട്.

**വൈദ്യുതി മോഷണവും ദുരുപയോഗവും**

100 (2305) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണവും ദുരുപയോഗവും നടക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇത്തരം പരാതികളിൽ നടപടികൾ എടുക്കാറുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന വൈദ്യുതി മോഷണം സംബന്ധിച്ച ക്രമക്കേടുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) വൈദ്യുതി ദുരുപയോഗം നടത്തുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുമോ;

(ഡി) ഇത്തരം സ്ഥപനങ്ങളുടെ വിവരം പരസ്യപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്. ഇത്തരം പരാതികളിൽ നടപടികൾ എടുക്കാറുണ്ട്. കേരളത്തിലെ 14 ജില്ലകളിലും എ.പി.റ്റി.എസ്.-ന്റെ പ്രത്യേകം സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഈ പതിനാല് ജില്ലകളിലും വൈദ്യുതി മോഷണവും ദുരുപയോഗവും നടക്കുന്നതായി പരാതി ലഭിക്കുമ്പോൾ അതാത് ജില്ലയിലെ യൂണിറ്റുകൾ ആ പരാതികളിന്മേൽ ബന്ധപ്പെട്ട ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും പരിശോധിക്കുകയും വൈദ്യുതി മോഷണമോ മറ്റ്

ക്രമക്കേടുകളോ കണ്ടെത്തിയാൽ മാത്രം അത്തരം ഉപഭോക്താക്കളിൽനിന്നും വൈദ്യുതി നിയമം 2003 അനുശാസിക്കുന്ന പ്രകാരം പിഴ ഈടാക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ ചീഫ് വിജിലൻസ് ഓഫീസറുടെ കാര്യാലയത്തിലും, എ.പി.റ്റി.എസ്.-ന്റെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലും നേരിട്ട് പരാതികൾ ലഭിക്കാറുണ്ട്. ഈ പരാതികളും അതത് ജില്ലകളിലെ എ.പി.റ്റി.എസ്. യൂണിറ്റുകൾ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തിയാൽ അത്തരം ഉപഭോക്താക്കളിൽനിന്നും പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന വൈദ്യുതി മോഷണം സംബന്ധിച്ച ക്രമക്കേടുകളുടെ വിശദമായ വിവരം അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. +

(സി) വൈദ്യുതി ദുരുപയോഗം നടത്തുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്. *

(ഡി) ഇത്തരം സ്ഥാപനങ്ങളുടെ വിവരം പരസ്യപ്പെടുത്താവുന്നതാണ്.

## വൈദ്യുതി ഉത്പാദനം

101 (2306) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ കമ്മീഷൻ ചെയ്തുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011 മുതൽ 2016) വരെ 82 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് മേയ് 2016 മുതൽ ഇതുവരെ കമ്മീഷൻ ചെയ്ത പദ്ധതികൾ താഴെപ്പറയുന്നവയാണ്:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| വെള്ളത്തുവൽ SHP KSEB | 3.6 MW |
| ദേവിയാർ (IPP) | 0-5 |
| 1. കൊല്ലംകോട് സബ്സ്റ്റേഷൻ പരിസരത്ത് സോളാർ | 1 മെഗാവാട്ട് |
| 2. പടിഞ്ഞാറേത്തറ ഡാമിന് മുകളിൽ സോളാർ | 0.44 മെഗാവാട്ട് |
| 3. ഇടയാർ സബ്സ്റ്റേഷൻ പരിസരത്ത് സോളാർ | 1.25 മെഗാവാട്ട് |
| 4. ജനറേഷൻ സ്റ്റേഷനുകളുടെ മേൽക്കൂരയിൽ സോളാർ | 0.7 മെഗാവാട്ട് |
| 5. പാലക്കാട് ആദിവാസി കോളനി (DDG) സോളാർ | 0.47 മെഗാവാട്ട് |
| 6. ബാരാപ്പോൾ കനാൽ ബാങ്ക് പദ്ധതി സോളാർ | 1- മെഗാവാട്ട് |
| 7. ബാരാപ്പോൾ കനാൽ ടോപ്പ് പദ്ധതി സോളാർ | 3- മെഗാവാട്ട് |
| 8. കുഴൽമന്ദത്ത് അനെർട്ട് നടപ്പിലാക്കിയ സോളാർ | 2 മെഗാവാട്ട് |
| 9. CIAL (prosumer) | 2.4 മെഗാവാട്ട് |
| 10. ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റുകൾ (Prosumers) | 2.6642 മെഗാവാട്ട് |
| ആകെ | 18.15 മെഗാവാട്ട് |

8 മെഗാവാട്ടിന്റെ പാതംകയം പദ്ധതി 2017-ാം ആണ്ട് ജനുവരി 17-ാം തീയതി ഉദ്ഘാടനം നടത്തി.

4.5 മെഗാവാട്ടിന്റെ കാരിക്കയം ചെറുകിട ജലവൈദ്യുത രണ്ടാം ഘട്ടം പണി കഴിഞ്ഞ് 2016 ഒക്ടോബറിൽ പൂർത്തിയായെങ്കിലും ജലസംഭരണി നിറയ്ക്കുന്നതിനെതിരെയുള്ള സ്റ്റേ ഓർഡർ ഉണ്ടായിരുന്നതിനാൽ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞില്ല. സ്റ്റേ ഓർഡർ ഹൈക്കോടതി നീക്കുകയും പദ്ധതിയിൽ വെള്ളം നിറയ്ക്കുന്ന നടപടികൾ പത്തനംതിട്ട ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ നടന്നുവരികയുമാണ്. ഒഴുക്ക് തീരെ കുറവായതിനാൽ ഇതിന് ഒരു മാസം കൂടി എടുക്കും. 30 പീക്കോ ഹൈഡ്രോ പദ്ധതികൾ നടപ്പിലാക്കി (30 KW).

## വരൾച്ചമൂലമുള്ള വൈദ്യുതി പ്രതിസന്ധി

102 (2307) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രതിദിനം കേരളത്തിന് ആവശ്യമായിട്ടുള്ളത്;

(ബി) വരൾച്ചമൂലമുള്ള വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് വൈദ്യുതി ചാർജ്ജ് ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) പ്രതിദിനം കേരളത്തിന് ആവശ്യമായിട്ടുള്ള വൈദ്യുതി ശരാശരി 3600 മെഗാവാട്ടാണ്. ഫെബ്രുവരി മാസത്തിലെ ഏറ്റവും കൂടിയ ആവശ്യകത 3694 മെഗാവാട്ട് ആയിരുന്നു. മാർച്ച് മാസം പ്രതീക്ഷിച്ചിരുന്ന കൂടിയ ആവശ്യകത 4200 മെഗാവാട്ടാണ്.

(ബി) സംസ്ഥാനത്തെ വരൾച്ച കൊണ്ടുണ്ടായ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് സംസ്ഥാനത്തിന് പുറമേ നിന്ന് അധിക വൈദ്യുതി വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അടിയന്തര സാഹചര്യങ്ങളിൽ സംസ്ഥാനത്തെ താപനിലയങ്ങൾ പ്രവർത്തിപ്പിക്കേണ്ടി വന്നേയ്ക്കാം. ഇപ്രകാരം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകാവുന്ന അധിക ബാധ്യത നികത്തുന്നതിനുവേണ്ടി ഫ്യുവൽ സർചാർജ്ജ് പെറ്റീഷൻ പിന്നീടാണ് (ഒരു മാസത്തിനകം) സമർപ്പിക്കുന്നത്.

എന്നാൽ ഇപ്പോൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ മുമ്പാകെയുള്ള നിരക്ക് പരിഷ്കരണം മുൻ കാലങ്ങളിലുള്ള റവന്യൂകമ്മി നികത്തുന്നതിനാണ്.

## സെക്ഷൻ ഓഫീസുകളുടെ വിഭജനം

103 (2308) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കോവൂർ, മാവൂർ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കുറ്റിക്കാട്ടൂർ ആസ്ഥാനമായി കെ.എസ്.ഇ.ബി.-യുടെ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

നിലവിലുള്ള കോവൂർ, മാവൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് കുറ്റിക്കാട്ടൂർ ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പരിശോധിച്ചിരുന്നു. ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. കസ്റ്റമർ കെയർ സംവിധാനം ഏർപ്പെടുത്തി വിതരണ രംഗത്തെ സെക്ഷൻ ഓഫീസുകളുടെ പുന:സംഘാടനം സംബന്ധിച്ച് ആലോചിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി പുതിയ സെക്ഷൻ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിക്കാനാണ് ഉദ്ദേശിക്കുന്നത്.

**വൈദ്യുതി ബോർഡിന്റെ വരവുചെലവ് കണക്ക്**

104 (2309) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ വരവുചെലവ് കണക്കുകളുടെ അക്കൗണ്ടിംഗ് പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വൈദ്യുതി ഉൽപ്പാദന കേന്ദ്രത്തിൽ നിന്നുമുള്ള ഉൽപ്പാദനത്തിന്റെയും അതാതിന്റെ ഭരണപരമായതും അറ്റകുറ്റപ്പണിയുൾപ്പെടെയുള്ള മെയിന്റനൻസ് ചെലവുകളും വെവ്വേറെ ശേഖരിക്കുന്നതിനും കണക്കാക്കുന്നതിനും നിലനിൽക്കുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വിവിധ കേന്ദ്രങ്ങളിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെയും വിതരണം ചെയ്യുന്ന വൈദ്യുതിയുടെയും ചെലവും വരവും സംബന്ധിച്ച കണക്കുകൾ ഒരുമിച്ചും വെവ്വേറെയും ശേഖരിക്കുന്നതിനും വേർതിരിച്ച് സൂക്ഷിക്കുന്നതിനും തിരിച്ചെടുക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള സാങ്കേതികവിദ്യ ആർജ്ജിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന്റെ വരവുചെലവ് കണക്കുകളുടെ അക്കൗണ്ടിംഗ് കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ ഉത്പാദന, വിതരണ, പ്രസരണ മേഖലകളിൽ വെവ്വേറെയുള്ള അക്കൗണ്ട് റെണ്ടറിംഗ് യൂണിറ്റുകളിലായാണ് കണക്കുകൾ സൂക്ഷിക്കുന്നത്. എന്നാൽ ഒരു അക്കൗണ്ട് റെണ്ടറിംഗ് യൂണിറ്റിനുകീഴിൽ ഒന്നിൽ കൂടുതൽ ഉത്പാദന കേന്ദ്രങ്ങൾ ഉണ്ടാകുന്ന അവസ്ഥയിൽ ഓരോ ഉത്പാദന കേന്ദ്രത്തിന്റേതുമായി അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള മെയിന്റനൻസ് ചെലവുകളും വെവ്വേറെ ശേഖരിക്കുന്നതിനും കണക്കാക്കുന്നതിനും ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.

(സി&ഡി) വിവിധ കേന്ദ്രങ്ങളിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ ചെലവ് സംബന്ധിച്ച വിവരം ലഭ്യമാണ്. അതുപോലെ വിതരണം ചെയ്യുന്ന വകയിലുള്ള വരവ് സംബന്ധിച്ച വിവരവും ലഭ്യമാണ്. എന്നാൽ വൈദ്യുതി ബോർഡ് ഉത്പാദിപ്പിക്കുന്നതും വിവിധ കേന്ദ്രങ്ങളിൽനിന്ന് വാങ്ങുന്നതുമായ വൈദ്യുതി ഒന്നിച്ച് 'പൂൾ' ചെയ്ത് വിതരണം ചെയ്യുന്നതിനാൽ വിവിധ കേന്ദ്രങ്ങളിൽനിന്ന് വാങ്ങിയ വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള വരവും ചെലവും വെവ്വേറെ സൂക്ഷിക്കുന്നതിനും നൽകുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഇത് സാങ്കേതിക വിദ്യയിലൂടെ പരിഹരിക്കാവുന്നതല്ല.

**കോതമംഗലം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം**

105 (2310) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് എന്തെല്ലാം നടപടികളാണ് കെ.എസ്.ഇ.ബി.എൽ. ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017 മാർച്ച് മാസത്തോടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കോതമംഗലം നിയോജകമണ്ഡലത്തിൽ 464 വീടുകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കേണ്ടതുണ്ട്. വിതരണശൃംഖല വിപുലീകരിക്കാൻ സാധ്യമാകാത്ത തേര, ഉരിയംപെട്ടി, തലവെച്ചപ്പാറ, കുഞ്ചിപ്പാറ, വാരിയം, കോട്ടകുത്ത്, കല്ലേലിമേട്, പേരുവേര തുടങ്ങിയ കോളനികളിൽ ഉൾപ്പെട്ട 366 വീടുകൾ വൈദ്യുതീകരിക്കുന്നതിനായി വികേന്ദ്രീകൃത വൈദ്യുതി ഉത്പാദനവും വിതരണവും എന്ന സംവിധാനം ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 1-3-2017-ലെ കണക്കനുസരിച്ച് കോതമംഗലം മണ്ഡലത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 464 അപേക്ഷകരിൽ 321 പേർ വൈദ്യുതി കണക്ഷനുള്ള അപേക്ഷ സമർപ്പിക്കുകയും 298 വീടുകൾക്ക് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇനിയും വയറിംഗ് പൂർത്തീകരിക്കാത്ത 131 വീടുകളുണ്ട്.

**അനെർട്ട് റൂഫ് ടോപ്പ് പദ്ധതി**

106 (2311) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് 10000 റൂഫ് ടോപ്പ് 1KW പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി ആദ്യം എം പാനൽ ചെയ്ത കമ്പനികളും തുകയും ലഭ്യമാക്കാമോ; കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡി എത്രയാണ്;

(ബി) അനെർട്ട് ടെക്നിക്കൽ സ്പെസിഫിക്കേഷൻവഴി താൽപ്പര്യപത്രം ക്ഷണിച്ചപ്പോൾ വിവിധ റേറ്റുകൾ വന്നത് എങ്ങനെ എന്ന് വിശദീകരിക്കാമോ; ടെക്നിക്കൽ സ്പെസിഫിക്കേഷന്റെ കോപ്പി ലഭ്യമാക്കാമോ; ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ടാറ്റാ കമ്പനി കേരളത്തിലാകമാനം ഈ പദ്ധതിയിൻ കീഴിൽ എത്ര പവർപ്ലാന്റുകൾ സ്ഥാപിച്ചു; ഇവ സ്ഥാപിച്ചതിന് ആകെ എത്ര തുക ചെലവായി; ഇത്രയും പ്ലാന്റുകൾ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനി സ്ഥാപിച്ചുവെങ്കിൽ എത്ര തുക ചെലവാകുമായിരുന്നു; ഇവ തമ്മിലുള്ള വ്യത്യാസം എത്രയാണ്;

(ഡി) ഓരോ കമ്പനിക്കും ഇതുവരെ നൽകിയ സബ്സിഡി തുകയും കൊടുത്ത തീയതിയും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അനെർട്ട് എംപാനൽ ചെയ്ത കമ്പനികളും തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ സബ്സിഡി 53,262 രൂപയും (ഏറ്റവും കുറഞ്ഞ നിരക്കിന്റെ 30%) സംസ്ഥാന സർക്കാർ സബ്സിഡി 39,000 രൂപയുമാണ്.

(ബി) അനെർട്ട് EoI വിളിച്ചപ്പോൾ ഏറ്റവും കുറഞ്ഞ നിരക്കുകൾ പരിഗണിക്കും എന്ന് പറഞ്ഞിരുന്നു. സാങ്കേതിക പരിശോധനയിൽ വിജയികളായ ഏജൻസികളിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത 20 കമ്പനികളെ ആദ്യം ലിസ്റ്റിൽ ഉൾപ്പെടുത്തുകയും അതിനുശേഷം ഈ നിരക്കിനുള്ളിൽ (L1-L20) വരാൻ തയ്യാറായ ഏജൻസികളെ കൂടി ഉൾപ്പെടുത്തുകയുമാണ് ചെയ്തത്.

ടെക്നിക്കൽ സ്പെസിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിന്റെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധം-3 *ആയി ചേർത്തിരിക്കുന്നു.

(സി) ഈ പദ്ധതിയുടെ ഭാഗമായി ടാറ്റാ പവർ സോളാർ കമ്പനി 23-3-2016 വരെ 5201 പവർ പ്ലാന്റുകൾ ചെയ്തതായും അനെർട്ടിന്റെ കേന്ദ്ര കാര്യാലയത്തിൽനിന്നും സബ്സിഡി ഇനത്തിൽ ഇതുവരെ 48,67,89,633 രൂപ നൽകിയിട്ടുമുണ്ട്. സബ്സിഡി തുകയിൽ വ്യത്യാസമില്ലാത്തതിനാൽ ഈ പദ്ധതി മറ്റ് കമ്പനികൾവഴി ചെയ്താലും ഇത്രയും രൂപ സബ്സിഡിയായി നൽകേണ്ടതുണ്ട്. ഈ പദ്ധതിയിൽ ടാറ്റാ പവർ സോളാർ 1,97,500 രൂപയ്ക്കാണ് (Vat 1 % ആക്കി കുറച്ചതുകൊണ്ട്) പദ്ധതി നടപ്പിലാക്കിയത്. ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത കമ്പനി മുഖേന പ്ലാന്റ് സ്ഥാപിച്ചാലും സബ്സിഡിയായി അനുവദിക്കുന്ന തുകയ്ക്ക് വ്യത്യാസമില്ലാത്തതാകുന്നു. കൂടാതെ അനെർട്ട് സബ്സിഡി മാത്രമാണ് കമ്പനികൾക്ക് നേരിട്ട് നൽകുന്നത്. ഗുണഭോക്തൃ വിഹിതം ഗുണഭോക്താവ് അവർ തെരഞ്ഞെടുക്കുന്ന കമ്പനികൾക്ക് നേരിട്ടാണ് നൽകുന്നത്. ഗുണഭോക്താവ് നേരിട്ടാണ് കമ്പനികളെ തെരഞ്ഞെടുക്കുന്നത് എന്നുള്ളതുകൊണ്ടും site condition-ൽ വരുന്ന വ്യത്യാസം കൊണ്ട് പ്ലാന്റ് സ്ഥാപിക്കുവാനുള്ള ചെലവിലുള്ള വ്യത്യാസം വരാമെന്നുള്ളതുകൊണ്ടും ഇതിന്റെ വ്യത്യാസം കൃത്യമായി പറയുവാൻ നിർവ്വാഹമില്ല.

(ഡി) വിശദാംശങ്ങൾ അനുബന്ധം-4 ൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാറ്റിൽനിന്നും വൈദ്യുതി

107 (2312) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റിൽനിന്നും നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്;

(ബി) തമിഴ്നാടും മഹാരാഷ്ട്രയും നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉല്പാദിപ്പിക്കുന്നുണ്ട് എന്ന് അറിയാമോ;

(സി) കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയുടെ പ്രയോജനം പൂർണ്ണതോതിൽ ലഭിക്കുന്നതിന് സംസ്ഥാനത്തിന് കഴിയാതെവന്ന സാഹചര്യമെന്താണ്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ടോ; 2017-ൽ ഏതെങ്കിലും പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമോ;

(ഇ) പാലക്കാടും ഇടുക്കിയിലും പ്രസ്തുത പദ്ധതി നിലയങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികളുടെ മൊത്തം ശേഷി 43.275 മെഗാവാട്ടാണ്.

(ബി) കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ നിന്നുള്ള വിവരമനുസരിച്ച് തമിഴ്നാട് 7614 മെഗാവാട്ടും മഹാരാഷ്ട്ര 4654 മെഗാവാട്ടും വൈദ്യുതി കാറ്റിൽനിന്നും ഉത്പാദിപ്പിക്കുന്നു.

(സി) കാറ്റാടി പദ്ധതികൾക്ക് മതിയായ കാറ്റ് ലഭിക്കുന്ന പ്രദേശങ്ങളെല്ലാം തന്നെ കിഴക്കാംതൂക്കായ ഇടങ്ങളോ, വനമേഖലയോ ആയതിനാൽ വലിപ്പമേറിയ യന്ത്രഭാഗങ്ങൾ വഹിച്ചുകൊണ്ടുപോകുന്നതിനുള്ള ബുദ്ധിമുട്ട്, റോഡുകളുടെ

അപര്യാപ്തത, പദ്ധതിയിൽ നിന്നുള്ള പവർ ഇവാക്കുവേഷന് വേണ്ടിയുള്ള പ്രസരണ ലൈനുകൾ നിർമ്മിക്കുന്നതിനുള്ള ബുദ്ധിമുട്ട് എന്നിവ കാറ്റാടി പദ്ധതികൾ വരുന്നതിന് തടസ്സമാകുന്നുണ്ട്. കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രധാന ബുദ്ധിമുട്ട് അതിനുവേണ്ടത്ര യന്ത്ര സാമഗ്രികൾ എത്തിക്കുകയെന്നതാണ്. മേൽപ്പറഞ്ഞ ബുദ്ധിമുട്ട് ഒഴിവാക്കാനായി ചെറുകാറ്റാടി യന്ത്രങ്ങൾ ഉപയോഗിച്ചുള്ള പാടങ്ങൾ നിർമ്മിക്കാൻ കെ.എസ്.ഇ.ബി. ലക്ഷ്യമിട്ടിട്ടുണ്ട്. ആദ്യ സംരംഭമായി 1 മെഗാവാട്ട് ശേഷിയുള്ള പാടം തിരുവനന്തപുരം ജില്ലയിൽ പൂവാർ തീരദേശത്ത് നിർമ്മിക്കുന്നതിനാവശ്യമായ ദർഘാസ് നടപടികൾ നടന്നുവരുന്നു. കൂടാതെ സ്ഥലത്തിന്റെ ലഭ്യതകുറവും സ്ഥലത്തിന്റെ ഉയർന്ന വിലയും വനം/പരിസ്ഥിതി നിയമങ്ങളും പദ്ധതികൾക്ക് പ്രതിബന്ധം സൃഷ്ടിക്കുന്നു. ചതുരംഗപ്പാറയിൽ കാറ്റിൽ നിന്നും 800 KW വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള നടപടികളും നടന്നുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല.

2017-ൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു:

കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന പദ്ധതികൾ:

(1) 1 MW പദ്ധതി - പൂവാർ

(2) 5.125 MW പദ്ധതി - കഞ്ചിക്കോട്

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ രാമക്കൽമേട് പ്രദേശത്ത് ലഭ്യമായ ഭൂമിയിൽ, കാറ്റാടി നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

മറ്റ് സംരംഭകരിൽനിന്നും പ്രതീക്ഷിക്കുന്ന പദ്ധതികൾ:

1. 8 MW പദ്ധതി - എൻ.എച്ച്.പി.സി., പാലക്കാട്.
2. 22 MW പദ്ധതി - ഐനോക്സ് റിന്യൂവബ്ൾ ലിമിറ്റഡ്, കഞ്ചിക്കോട്.
3. 1 MW പദ്ധതി - കൊശമറ്റം ഫൈനാൻസ് ലിമിറ്റഡ്

സ്വകാര്യമേഖലകളിൽ കാറ്റാടി വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്ന തിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

(ഇ) പാരമ്പര്യേതര ഊർജ്ജ വിഷയങ്ങളുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ നോഡൽ ഏജൻസിയായ അനെർട്ടും സെന്റർ ഫോർ വിൻഡ് എനർജി ടെക്നോളജി (C-WET) യുമായി ചേർന്ന് നടത്തിയ പഠന റിപ്പോർട്ടുകൾ പ്രകാരം, കാറ്റിൽനിന്നും വൈദ്യുതോൽപ്പാദനത്തിന് അനുയോജ്യമായി കണ്ടെത്തിയ പ്രദേശങ്ങളുടെ പട്ടികയിൽ ഇടുക്കി ജില്ലയിലെ രാമക്കൽമേട്, കൈലാസമേട്, കോലാഹലമേട്, കുളത്തുമേട്, കുട്ടിക്കാനം, പാഞ്ചാലിമേട്, പറമ്പുകെട്ടിമേട്, പുളിക്കാനം, സേനാപതി, സക്കളത്ത് മേട് തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുന്നു. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, കോട്ടമല, കോട്ടത്തറ, നല്ലസിംഗം, തൊലനൂർ എന്നിവയും ഇങ്ങനെയുള്ള പ്രദേശങ്ങളാണ്. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിലാണ് മേൽ പ്രതിപാദിച്ച പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി, അഗളി എന്നീ സ്ഥലങ്ങൾ കാറ്റാടി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങളാണെന്ന് അനെർട്ട് കണ്ടെത്തിയിട്ടുണ്ട്.

**മുക്കത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം**

108 (2313) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തന സൗകര്യത്തിനും കൂടുതൽ സേവനം ലഭ്യമാക്കുന്നതിനും മുക്കം കേന്ദ്രമാക്കി കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വൈദ്യുതി വിതരണ മേഖലയിലെ വിവിധ ഓഫീസുകൾ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നതിന്റെ ഭാഗമായി ഇക്കാര്യം ആലോചിക്കുന്നതാണ്.

**പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ**

109 (2314) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി

മേഖലയിൽ പുതിയതായി നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ എത്ര അപേക്ഷകൾ ഈ സർക്കാർ വന്നതിനുശേഷം ലഭിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ഇ) ഈ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനുവരിവരെ വിതരണ മേഖലയിൽ സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.* പ്രസരണ വിഭാഗത്തിലെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| പത്തനംതിട്ട | 4 എണ്ണം |
| ഇടുക്കി | 3 എണ്ണം |
| കോട്ടയം | 3 എണ്ണം |
| ആലപ്പുഴ | 2 എണ്ണം |
| കൊല്ലം | 2 എണ്ണം |
| എറണാകുളം | 3 എണ്ണം |
| തൃശ്ശൂർ | 2 എണ്ണം |
| മലപ്പുറം | 4 എണ്ണം |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| പാലക്കാട് | 1 എണ്ണം |
| കോഴിക്കോട് | 3 എണ്ണം |
| കാസർഗോഡ് | 5 എണ്ണം |
| കണ്ണൂർ | 2 എണ്ണം |
| ആകെ | 34 എണ്ണം |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2017 ഫെബ്രുവരി മാസംവരെ കാസർഗോഡ് ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസരണ വിഭാഗത്തിൽ കാസർഗോഡ് ജില്ലയിൽ കാസർഗോഡ് മണ്ഡലത്തിൽ 3 ട്രാൻസ്ഫോർമറുകളും (33 കെ. വി. സബ് സ്റ്റേഷൻ കാസർഗോഡ് - 2, 33 കെ.വി. സബ്സ്റ്റേഷൻ ബദിയഡുക്ക - 1) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2 ട്രാൻസ്ഫോർമറുകളും (33 കെ.വി. സബ് സ്റ്റേഷൻ കാഞ്ഞങ്ങാട് -2) സ്ഥാപിച്ചിട്ടുണ്ട്.

(ഡി) പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ 38 അപേക്ഷകൾ ഈ സർക്കാർ വന്നതിനുശേഷം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം - 4 ആയി ചേർത്തിരിക്കുന്നു.*

(ഇ) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

**സൗരോർജ്ജ നയം**

110 (2315) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ കേരളത്തിൽ സൗരോർജ്ജത്തിൽനിന്നും വൈദ്യുതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൽപ്പാദിപ്പിക്കുന്ന എത്ര പദ്ധതികളാണ് ഉള്ളത്; ഇവയിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ഉള്ളവയുടെ എണ്ണവും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും ഇനംതിരിച്ച് വ്യക്തമാക്കാമോ;

(സി) ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. എത്ര രൂപയ്ക്കാണ് വാങ്ങുന്നത്;

(ഡി) സൗരോർജ്ജത്തിൽനിന്നും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇത് സാധ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 25-11-2013-ലെ ജി.ഒ.(പി) നമ്പർ 49/2013/പി.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം സൗരോർജ്ജത്തിന് മുൻതൂക്കം നൽകി വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന വിധത്തിൽ സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സൗരോർജ്ജ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയാണ് കേരളത്തിന്റെ സൗരോർജ്ജ നയം പ്രഖ്യാപിച്ചിട്ടുള്ളത്. സൗരോർജ്ജ നയം സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ അനെർട്ടിന്റെ വെബ്സൈറ്റിൽ (www.anert.gov.in) ലഭ്യമാണ്. നിലവിൽ വീടുകളിലും മറ്റും ഉപയോഗിക്കുന്ന ഇൻവർട്ടറുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുക, ഉപയോഗയോഗ്യമല്ലാത്ത പ്രദേശങ്ങളിലും കനാലുകൾ, ജലസംഭരണികൾ, ക്വാറികൾ തുടങ്ങിയവയിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുക, കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സൗരോർജ്ജ സംവിധാനങ്ങളുടെ ബാലൻസ് ഓഫ് സിസ്റ്റം (പാനൽ ഒഴികെയുള്ള ഉപകരണങ്ങൾ) നിർമ്മിക്കാൻ പ്രോത്സാഹനം, സൗരോർജ്ജ വൈദ്യുതി ഉത്പാദന സംവിധാനം, സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ, സൗരോർജ്ജ സ്റ്റീം പാചകം എന്നിവ അനുയോജ്യമായ സ്ഥലങ്ങളിൽ നിർബന്ധമാക്കുക, സൗരോർജ്ജ പ്രോജക്ടുകളുടെ ഫണ്ടിംഗിനുള്ള വഴികൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സൗരോർജ്ജ നയത്തിൽ പ്രതിപാദിക്കുന്നുണ്ട്.

(ബി) കെ.എസ്.ഇ.ബി.എൽ. 14 സൗരോർജ്ജ പദ്ധതികളിൽ നിന്നായി 9.3613 MW വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. പൊതുമേഖലയിൽ CIAL - 15.4 MW-ഉം, ANERT-2 MW-ഉം ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യമേഖലയിൽ HNDAL-Co, 1 MW ശേഷിയുള്ള സൗരോർജ്ജ നിലയവും 279 സ്വകാര്യവ്യക്തികൾ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ നിലയത്തിൽ നിന്നായി 4.02 MW ഉത്പാദനം ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സൗരോർജ്ജ പദ്ധതികളിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്.

ഉപഭോക്താക്കൾ സ്വന്തം സ്ഥലത്ത് അല്ലെങ്കിൽ മേൽക്കൂരയിൽ സ്ഥാപിക്കുന്ന ഒരു മെഗാവാട്ട് വരെയുള്ള സൗരോർജ്ജ നിലയങ്ങളിൽനിന്ന് സ്വന്തം ഉപയോഗം കഴിഞ്ഞ്, കെ.എസ്.ഇ.ബി.എൽ. ലൈനുകളിലേയ്ക്ക് കടത്തിവിടുന്ന അധിക വൈദ്യുതിക്ക് കെ.എസ്.ഇ.ബി.എൽ. പുറമേനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വില സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച പ്രകാരം (ആവറേജ് പൂൾഡ് പവർ പർച്ചേസ് റേറ്റ്) ആണ് വില നൽകിവരുന്നത്. ഇപ്പോൾ ഈ നിരക്ക് യൂണിറ്റിന് 3.14 രൂപയാണ്.

അവ അല്ലാതെ മറ്റ് സ്വകാര്യ/സ്വതന്ത്ര സൗരോർജ്ജ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ പൊതുനിരക്ക് (ജനറിക് താരിഫ്) 2015-16-ലേയ്ക്ക് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത് യൂണിറ്റിന് 7.04 രൂപയാണ്. എന്നാൽ പുതിയ കരട് വിജ്ഞാപന പ്രകാരം ഇത് 5.68 രൂപയാണ്.

ഇത്തരം നിലയങ്ങളിൽനിന്നുള്ള സൗരോർജ്ജ വൈദ്യുതിയുടെ വില പ്രത്യേകം അപേക്ഷിച്ചാൽ കമ്മീഷന് നിലയാടിസ്ഥാനത്തിൽ പ്രത്യേക നിരക്ക് നിശ്ചയിക്കാനും (പ്രോജക്ട് സ്പെസിഫിക് താരിഫ്) വ്യവസ്ഥയുണ്ട്.

അനെർട്ടിന്റെ 2 മെഗാവാട്ട് പ്ലാന്റുമായി ബന്ധപ്പെട്ട് പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെയും വിഭാവനം ചെയ്ത പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 10.3

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മെഗാവാട്ട് ശേഷിയുള്ള 13 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ 4.71 MW ശേഷിയുള്ള 6 സൗരോർജ്ജ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ 200 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു.

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2022-ഓടുകൂടി സ്ഥാപിതശേഷി 1104.17 മെഗാവാട്ട് ആയി ഉയർത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം 77 മെഗാവാട്ടിന്റെ പദ്ധതികൾ ഗ്രിഡുമായി ബന്ധിപ്പിക്കും. 2016-17 സാമ്പത്തിക വർഷം താഴെപ്പറയുന്ന 2 സൗരോർജ്ജ വൈദ്യുതി പദ്ധതികളിൽനിന്നും ആകെ 11.4 മെഗാവാട്ട് ശേഷി കൈവരിക്കാൻ അനെർട്ട് ലക്ഷ്യമിടുന്നു:

1) സോളാർ സ്മാർട്ട് - 6.4 മെഗാവാട്ട്

(വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കാത്തവ)

2) സോളാർ കണക്ട് - 5 മെഗാവാട്ട്

(വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്നവ)

ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കമ്പനികളെ എംപാനൽ ചെയ്തുകഴിഞ്ഞു. പൊതുജനങ്ങളിൽനിന്നും പവർ പ്ലാന്റുകൾ സ്ഥാപിക്കാനായി അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

**മേലാറ്റൂർ ടൗണിലെ വൈദ്യുതി തടസ്സം**

111 (2316) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേലാറ്റൂർ ടൗണിലെ വൈദ്യുതി തടസ്സം കുറയ്ക്കുന്നതിനായി പുതിയ 11 കെ. വി. ഫീഡർ വലിക്കുന്നതിന്റെ പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ ഈ ഭാഗത്തെ വൈദ്യുത പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ;

(ബി) മേലത്തൂർ റെയിൽവേ ലൈൻ ഭാഗത്ത് യു.ജി. കേബിൾ ഇടുന്നതിനായി റെയിൽവേ അധികൃതരോട് അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് ആയത് ആവശ്യപ്പെട്ടത്; പ്രസ്തുത അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഏത് തീയതിയിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ – സി) മേലത്തൂർ ഠൗണിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി മേലാറ്റൂർ സബ്സ്റ്റേഷനിൽനിന്നും പുതിയ എടപ്പറ്റ 11 കെ. വി. ഫീഡർ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ഓവർഹെഡ് ഭാഗം (2 കിലോമീറ്റർ) പൂർത്തീകരിച്ചിട്ടുണ്ട്. മേലാറ്റൂർ റെയിൽവേ ലൈൻ ഭാഗത്ത് അണ്ടർ ഗ്രൗണ്ട് കേബിൾ ഇടുന്ന പ്രവൃത്തി പൂർത്തിയാക്കാനുണ്ട്. കേബിൾ ഇടുന്നതിന് റെയിൽവേ അധികൃതരുടെ അനുമതിക്കായി 11-6-2015-ന് അപേക്ഷ നൽകിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

**ഹൈമാസ്റ്റ് ലൈറ്റുകൾ ഉൾപ്പെടെയുള്ള തെരുവുവിളക്കുകൾ**

112 (2317) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈമാസ്റ്റ് ലൈറ്റുകൾ ഉൾപ്പെടെയുള്ള തെരുവു വിളക്കുകൾ സ്ഥാപിക്കുമ്പോൾ ഈടാക്കാവുന്ന തുക, ചെയ്യേണ്ട പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ബോർഡ് വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ; ഇത് സുതാര്യമാക്കുമോ;

(ബി) വക്കം-ചെറുന്നിയൂർ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ തുടർപ്രവർത്തനത്തിന് സഹായിക്കുന്നതിൽ വൈദ്യുതി ബോർഡിന്റെ തടസ്സവാദം എന്താണ്;

(സി) പാലച്ചിറയിലും പരിസര പ്രദേശങ്ങളിലും എം.എൽ.എ ഫണ്ടിൽ നിന്നും സ്ഥാപിച്ച തെരുവുവിളക്കുകൾ ബോർഡിന്റെ ജാഗ്രതക്കുറവുകൊണ്ട് പരാജയമാണെന്ന് അഭിപ്രായമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ജാഗ്രതയും ഇടപെടലും ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) തെരുവുവിളക്കുകൾക്ക് വൈദ്യുത കണക്ഷൻ നൽകുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തുകയാണ് ഈടാക്കുന്നത്.

(ബി&സി) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികളുടെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പാലച്ചിറ പ്രദേശത്തെ 5 തെരുവുവിളക്കുകൾ കേടായത് കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുകയും വിവരം പഞ്ചായത്ത് അധികൃതരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷാകാരണങ്ങളാൽ കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ മുൻകൂർ അനുവാദത്തോടുകൂടി മാത്രമേ അറ്റകുറ്റപ്പണി നടത്താവൂ എന്ന് നിഷ്കർഷിക്കാറുണ്ട്. തെരുവുവിളക്കുകളുടെ തുടർപ്രവർത്തനത്തിനോ അറ്റകുറ്റപ്പണി നടത്തുന്നതിനോ വൈദ്യുതി ബോർഡിന്റെ ഭാഗത്തുനിന്ന് തടസ്സവാദങ്ങളോ ജാഗ്രതക്കുറവോ ഇല്ല.

**ഇലക്ട്രിക് പോസ്റ്റുകളിൽ നിന്ന് കേബിൾ ടി.വി. കണക്ഷൻ**

113 (2318) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഇലക്ട്രിക് പോസ്റ്റുകളിൽക്കൂടി കേബിൾ വലിച്ച് കേബിൾ ടി.വി. കണക്ഷൻ ഉപഭോക്താക്കൾക്ക് നൽകിവരുന്നത് എന്ത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; ഇങ്ങനെ കേബിൾ വലിക്കാൻ അനുമതി കൊടുത്തിരിക്കുന്നത് ആർക്കൊക്കെ/ഏത് കമ്പനിക്ക്എന്നിങ്ങനെയുള്ള വിവരങ്ങൾ വിശദമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇതിന്റെ കാലാവധി എത്രകൊല്ലമാണെന്നും എന്നുമുതലാണ് പ്രസ്തുത പദ്ധതി തുടങ്ങിയതെന്നും വിശദമാക്കുമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എത്ര പോസ്റ്റുകളിൽക്കൂടി പ്രസ്തുത കേബിൾ ടി.വി കണക്ഷൻ വലിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചും അവ ഏത് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്നതാണെന്നും വിശദമാക്കുമോ;

(ഡി) 2016-17 സാമ്പത്തിക വർത്തിൽ 31-1-2017 വരെ പ്രസ്തുത ഇനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്-ന് എത്ര ലക്ഷം രൂപ ലഭിച്ചിട്ടുണ്ടെന്ന് ഇലക്ട്രിക്കൽ സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കേബിൾ ടി.വി കണക്ഷൻ കെ.എസ്.ഇ.ബി.എൽ-ന്റെ പോസ്റ്റുകളിൽ കൂടി വലിക്കുന്നതിന് മത്സര സ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചാണോ നൽകിയത്; വിശദമാക്കുമോ?

ഉത്തരം

(എ-സി) പൊതുതാൽപ്പര്യം കണക്കിലെടുത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ പോസ്റ്റുകളിലൂടെ നിബന്ധനകൾക്ക് വിധേയമായി ഏകദേശം 25 വർഷങ്ങളായി കേബിൾ ടി. വി. ലൈനുകൾ വലിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ബോർഡ് ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായും* കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ വിവരം സംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ അനുബന്ധം-2 ആയും* ജില്ലാ/സെക്ഷൻ തലത്തിൽ കേബിൾ ടി.വി. വലിച്ചിട്ടുള്ള പോസ്റ്റുകളുടെ എണ്ണം സംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ അനുബന്ധം-3 *ആയും ചേർത്തിരിക്കുന്നു.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ 31-01-2017 വരെ ഇലക്ട്രിക് പോസ്റ്റുകളിൽകൂടി കേബിൾ ടി.വി. കണക്ഷൻ വലിച്ചതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ച വരുമാനം 3008.46 ലക്ഷം രൂപയാണ്.

കെ.എസ്.ഇ. ലിമിറ്റഡ് ബോർഡിന്റെ അക്കൗണ്ട് റെണ്ടറിംഗ് യൂണിറ്റുകൾ (ARU) തിരിച്ചുള്ള വരുമാനത്തിന്റെ പട്ടിക ഇതോടൊപ്പം അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

(ഇ) മുൻ കാലങ്ങളിൽ ഒന്നിൽ കൂടുതൽ ഓപ്പറേറ്റർമാരെ ഒരു പോസ്റ്റിലൂടെ കേബിൾ വലിക്കാൻ അനുവദിച്ചിരുന്നില്ല. ആ സാഹചര്യത്തിൽ ഒന്നിൽ കൂടുതൽ ഓപ്പറേറ്റർമാർ ഒരു സ്ഥലത്ത് പുതിയതായി കേബിൾ ടി.വി. ലൈൻ വലിക്കുന്നതിനായി അനുവാദം ചോദിക്കുന്ന പക്ഷം മത്സരസ്വഭാവമുള്ള ദർഘാസ് വിളിക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ നിബന്ധനകൾക്ക് അനുസൃതമായി ഒന്നിൽ കൂടുതൽ കേബിൾ ഓപ്പറേറ്റർമാർ ഒരു പോസ്റ്റിലൂടെ ലൈൻ വലിക്കാൻ അനുവദിക്കാറുണ്ട്. അവരിൽ നിന്നും ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പോസ്റ്റ് വാടക ഈടാക്കികൊണ്ടാണ് അനുമതി നൽകുന്നത്. മുൻകൂർ അനുമതി വാങ്ങാതെ വലിച്ചിരുന്ന ചില കേബിൾ ടി.വി. ലൈനുകൾ പിന്നീട് റെഗുലറൈസ് ചെയ്യുന്ന അവസരങ്ങളിൽ അതാത് സമയങ്ങളിൽ നിലവിലുള്ള നിരക്കുകൾ അനുസരിച്ചുള്ള തുക/പിഴത്തുക ഈടാക്കുകയാണ് ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

114 (2319) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പദ്ധതിക്ക് സർക്കാർ, എം.എൽ.എ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ വഴി എത്ര തുക ലഭ്യമാകും; വിശദാംശം നൽകുമോ;

(സി) മണ്ഡലത്തിൽ എത്ര വീടുകൾ പുതിയതായി വൈദ്യുതീകരിക്കുമെന്നുള്ള പഞ്ചായത്ത് തലത്തിലുള്ള വിശദാംശം നൽകുമോ;

(ഡി) പദ്ധതി പൂർത്തീകരണത്തിന് പ്രതിബന്ധമായി എന്തെങ്കിലും ഘടകങ്ങൾ ഉണ്ടോ;

(ഇ) മണ്ഡലം എന്നത്തേക്ക് സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3-3-2017-ലെ കണക്കനുസരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 485 കണക്ഷൻ നൽകിയിട്ടുണ്ട്. ആകെ കിട്ടിയ അപേക്ഷകളുടെ 58 ശതമാനവും വയറിംഗ് പൂർത്തിയാക്കിയവയുടെ 52 ശതമാനവും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കുറ്റ്യാടി നിയോജക മണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിക്കുന്നതിനായി 89,60,000 രൂപയുടെ ചെലവാണ് കണക്കാക്കുന്നത്. ഇതിൽ 44,80,000 രൂപ കെ.എസ്.ഇ.ബി.എൽ. വഹിക്കുകയാണ്. ബാക്കി തുകയായ 44,80,000 രൂപ എം.എൽ.എ. തന്റെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുകയും ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയതായി വൈദ്യുതീകരിക്കുന്ന വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ആയഞ്ചേരി | 98 |
| തിരുവള്ളൂർ | 150 |
| കുറ്റ്യാടി | 50 |
| കുന്നുമ്മൽ | 39 |
| മണിയൂർ | 254 |
| പുറമേരി | 86 |
| വേളം | 154 |
| വില്ല്യാപ്പള്ളി | 85 |

(ഡി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഇനിയും വയറിംഗ് പൂർത്തീകരിക്കാത്ത 100-ഓളം വീടുകളുണ്ടെന്നതൊഴിച്ചാൽ മറ്റ് പ്രതിബന്ധങ്ങളൊന്നും ഇല്ല.

(ഇ) 15-3-2017 ഓടുകൂടി കുറ്റ്യാടി നിയോജകമണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാനാണ് ലക്ഷ്യമിടുന്നത്.

**മുല്ലശ്ശേരി വൈദ്യുതി സബ് സ്റ്റേഷൻ**

115 (2320) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരിയിലെ വൈദ്യുതി സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരിയിലെ 33 കെ.വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി 5 എം.വി.എ.-യുടെ ഒരു ട്രാൻസ്ഫോർമർകൂടി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ഫോർമർ ലഭ്യമാകുന്ന മുറക്ക് പണി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## സമ്പൂർണ്ണ വൈദ്യുതീകരണം

116 (2321) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം നിയോജക മണ്ഡലത്തിൽ വൈദ്യുതീകരണം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് എം.എൽ.എ.-മാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി മാർച്ച് 2017-ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 1-3-2017-ലെ കണക്കനുസരിച്ച് 81,498 വീടുകൾക്ക് ടി പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) 2006-2011 കാലത്ത് 85 അസംബ്ലി മണ്ഡലങ്ങളും 2011-2016 കാലത്ത് ഒരു മണ്ഡലവും സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സമ്പൂർണ്ണ വൈദ്യുതീകരണം പുനരാരംഭിച്ചതിന്റെ ഭാഗമായി 1-3-2017-ലെ കണക്കനുസരിച്ച് എറണാകുളം, അമ്പലപ്പുഴ, കോഴിക്കോട് (നോർത്ത്), കോഴിക്കോട് (സൗത്ത്), തലശ്ശേരി, കായംകുളം, തിരൂരങ്ങാടി, ആലപ്പുഴ, മാവേലിക്കര, ചേർത്തല, തൃക്കാക്കര, കഴക്കൂട്ടം, മൂവാറ്റുപുഴ, അരൂർ, ചെങ്ങന്നൂർ, കുട്ടനാട്, ഹരിപ്പാട്, നെയ്യാറ്റിൻകര എന്നീ 18 മണ്ഡലങ്ങൾ പൂർണ്ണമായി വൈദ്യുതീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 25 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

(സി) 1-3-2017-ലെ കണക്കനുസരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനായി 122 എം.എൽ.എ.-മാർ കത്ത് നൽകിയിട്ടുണ്ട്. 35.37 കോടി രൂപയുടെ ഫണ്ടാണ് 122 എം.എൽ.എ.-മാർ അനുവദിച്ചിരിക്കുന്നത്. ഇതിൽ 26.53 കോടി രൂപ ആസ്തി വികസന ഫണ്ടായും 8.84 കോടി രൂപ പ്രത്യേക വികസന ഫണ്ടായും ആണ് എം.എൽ.എ.-മാർ അനുവദിച്ചിരിക്കുന്നത്.

**ഇരിമ്പിളിയം കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് അനുവദിക്കൽ**

117 (2322) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ജനങ്ങളുടെ ചിരകാല അഭിലാഷം നടപ്പിലാക്കാൻ വൈദ്യുതി വകുപ്പ് പ്രത്യേക താൽപ്പര്യം എടുക്കുമോ;

(ബി) ഇത്തരത്തിൽ വൈദ്യുതി വകുപ്പിന്റെ സേവനങ്ങൾക്ക് ജനങ്ങൾ ബുദ്ധിമുട്ടുന്ന മറ്റൊരു പഞ്ചായത്ത് പ്രദേശം കേരളത്തിൽ ഇല്ലെന്ന കാര്യം സർക്കാർ പ്രത്യേകമായി പരിശോധിക്കുമോ;

(സി) താൽക്കാലികമായിട്ടെങ്കിലും വൈദ്യുതീചാർജ് അടയ്ക്കാനുള്ള ഒരു പ്രത്യേക സംവിധാനം ഇരിമ്പിളിയം പഞ്ചായത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) വളാഞ്ചേരി, എടയൂർ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഇരിമ്പിളിയം കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പരിശോധിച്ചിരുന്നു. കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തി വൈദ്യുതി വിതരണ സെക്ഷനുകളെ പുനഃസംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പുതിയ സെക്ഷൻ സംബന്ധിച്ച നിർദ്ദേശങ്ങളും ഇതിന്റെ ഭാഗമായി പരിശോധിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി & സി) ഈ പ്രദേശത്തെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് കസ്റ്റമർ കെയർ സംവിധാനത്തിലൂടെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കും.

**കോട്ടപ്പുറം കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി.എൽ.- സെക്ഷൻ ഓഫീസ്**

118 (2323) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ തച്ചനാട്ടുകര, കരിമ്പുഴ, കോട്ടോപ്പാടം പഞ്ചായത്തുകളിലെ പ്രദേശങ്ങളെ ഉൾക്കൊള്ളിച്ച് കോട്ടപ്പുറം കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

ഉത്തരം

ഉണ്ട്. നിലവിലുള്ള ശ്രീകൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് കരിമ്പുഴ, തച്ചനാട്ടുകര എന്നീ പഞ്ചായത്തുകളിലെ പ്രദേശങ്ങളെ ഉൾപ്പെടുത്തി കോട്ടപ്പുറം കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. കസ്റ്റമർ കെയർ സംവിധാനം ഏർപ്പെടുത്തി വൈദ്യുതി വിതരണരംഗത്തെ സെക്ഷൻ ഓഫീസുകളുടെ പുനഃസംഘാടനം സംബന്ധിച്ച് ആലോചിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി പുതിയ സെക്ഷൻ സംബന്ധിച്ച നിർദ്ദേശങ്ങളും പരിശോധിക്കാനാണ് ഉദ്ദേശിക്കുന്നത്.

**സമ്പൂർണ്ണ വൈദ്യുതിവൽക്കരണം**

119 (2324) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതിവൽക്കരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വിവരിക്കുമോ?

ഉത്തരം

(എ) 2017 മാർച്ച് മാസത്തോടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുക, ധനസ്രോതസ്സുകൾ കണ്ടെത്തുക, വിതരണ ശൃംഖല വിപുലീകരിക്കാൻ സാധ്യമായ സ്ഥലങ്ങളിലെല്ലാം ആ വിധത്തിലും, ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതി ഉത്പാദനവും വിതരണവും വഴിയും വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഗുണഭോക്താക്കൾക്ക് ആയതിനുള്ള ധന സ്രോതസ്സ് കണ്ടെത്താൻ സഹായിക്കുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ

സമ്പൂർണ്ണ വൈദ്യുതീകരണം സമയബന്ധിതമായി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വനത്തിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിനായി വനം വകുപ്പിന്റെയും സ്വകാര്യ വസ്തുക്കളിൽക്കൂടി ലൈൻ വലിക്കുമ്പോഴുള്ള തർക്കപരിഹാരത്തിനായി റവന്യൂ വകുപ്പിന്റെയും സഹകരണം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന്റെ ആദ്യഘട്ടം ഗുണഭോക്താക്കളെ കണ്ടെത്തുകയായിരുന്നു. ലഘുവായ ഒരു അപേക്ഷ ഫാറം മുഖാന്തരം സെക്ഷൻ ഓഫീസിൽ നേരിട്ടും ജനപ്രതിനിധികൾ വഴിയും കെ.എസ്.ഇ.ബി.-യുടെ "Customer Care Centre" വഴിയും അപേക്ഷ സമർപ്പിക്കാൻ അവസരം ഒരുക്കിയിരുന്നു. 2-3-2017-ലെ കണക്കനുസരിച്ച് 1,25,000-ൽപ്പരം ഗുണഭോക്താക്കൾ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം**

120 (2325) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ മുതലപാറയിൽ ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന് ചുറ്റുമുള്ള പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ മുതലപാറയിൽ ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന് ചുറ്റുമുള്ള പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രദേശത്ത് നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുന്നതോടുകൂടി വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയും. 2017-18-ലെ വാർഷിക പദ്ധതിയിൽ ഈ ജോലികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പാരമ്പര്യേതര വൈദ്യുത സ്രോതസ്സുകൾ

121 (2326) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര വൈദ്യുത സ്രോതസ്സുകളെ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ;

(ബി) പാരമ്പര്യേതര വൈദ്യുത സ്രോതസ്സുകളിൽനിന്ന് വൈദ്യുതി ബോർഡിലേക്ക് പ്രതിവർഷം എത്ര വൈദ്യുതി ലഭിക്കുന്നുവെന്ന് വിശദീകരിക്കുമോ;

(സി) കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽനിന്നുള്ള ഊർജ്ജ ഉത്പാദനം ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന ഇതുവരെ പൂർത്തീകരിച്ചതും നിർമ്മാണം നടന്നുവരുന്നതും വിഭാവനം ചെയ്തിട്ടുള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഇടുക്കി ജില്ലയിലെ രാമക്കൽമേട്, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, അഗളി, അട്ടപ്പാടി മേഖലകൾ അടക്കം സംസ്ഥാനത്ത് കാറ്റാടി നിലയങ്ങൾക്ക് സാധ്യതയുള്ള വിവിധ കേന്ദ്രങ്ങളിൽ കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

അനെർട്ട് മുഖേന 2016-17 വർഷത്തെ പ്ലാൻ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 5000 കിലോ വാട്ട്) കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ച് നൽകുന്നതിനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ്

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 6400 കിലോവാട്ട്) കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂരസ്ഥമായ വീടുകളിൽ സോളാർ വൈദ്യുതീകരണം നടത്തുന്നതിനും പദ്ധതി നിലവിലുണ്ട്. ആകെ 2000 വീടുകളാണ് ഇത്തരത്തിൽ വൈദ്യുതീകരിച്ചുകൊണ്ടിരിക്കുന്നത്.

(ബി) ഇതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 14 സോളാർ പദ്ധതികളിൽനിന്നായി 9.3613 മെഗാവാട്ട് വൈദ്യുതിയും സിയാൽ 15.4 മെഗാവാട്ട് (സൗരോർജ്ജം) ഹിൻഡാൽകോ 1 മെഗാവാട്ട് (സൗരോർജ്ജം), സ്വകാര്യ വ്യക്തികൾ 4.02 മെഗാവാട്ട് വൈദ്യുതിയും ഗ്രിഡിലേയ്ക്ക് പ്രവഹിപ്പിക്കുന്നുണ്ട്.

അനെർട്ടിന്റെ ഉടമസ്ഥതയിലുള്ള സോളാർ പവർപ്ലാന്റിൽനിന്നും 2 മെഗാവാട്ടും സംസ്ഥാനത്ത് നിലവിലുള്ള കാറ്റാടി നിലയങ്ങളിൽനിന്നും 43.3 മെഗാവാട്ടും വൈദ്യുതി ബോർഡിന്റെ ശൃംഖലയിലേയ്ക്ക് നൽകിവരുന്നു.

(സി) അനെർട്ട് മുഖേന സ്ഥാപിച്ചുനൽകുന്ന 2 കിലോ വാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കിലോവാട്ടിന് 22,500 രൂപ കേന്ദ്ര സർക്കാർ സബ്സിഡിയും 7200 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയും ലഭ്യമാണ്. കൂടാതെ 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്ക് കിലോവാട്ടിന് 45,000 രൂപ കേന്ദ്ര സർക്കാർ സബ്സിഡിയും 22,500 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയും നിലവിലുണ്ട്. കൂടാതെ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ വൈദ്യുതി എത്താത്ത 2000 വീടുകൾ സൗജന്യമായിട്ടാണ് സൗരോർജ്ജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കുന്നത്.

**പിലാത്തറയിൽ കെ.എസ്.ഇ.ബി.എൽ.ന്റെ സെക്ഷൻ ഓഫീസ്**

122 (2327) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) പരിയാരം മെഡിക്കൽ കോളേജ്, ആയുർവ്വേദ കോളേജ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിങ്ങനെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറയിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. കണ്ണൂർ ജില്ലയിലെ പഴയങ്ങാടി, പയ്യന്നൂർ, മാതമംഗലം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പിലാത്തറ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ, സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ പഴയങ്ങാടി, പയ്യന്നൂർ, മാതമംഗലം എന്നീ സെക്ഷനുകളുടെ കാര്യത്തിൽ നിലവിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിച്ച് പിലാത്തറയിൽ പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം പരിശോധിച്ചുവരികയാണ്.

**സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതിയുടെ അളവ്**

123 (2328) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അനുഭവപ്പെടുന്ന കടുത്ത വരൾച്ചയുടെ സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ ജല വൈദ്യുത പദ്ധതികളുടെ സംഭരണികളിൽ ഇനി എത്ര ദിവസത്തെ വൈദ്യുതിയുൽപ്പാദനത്തിനുള്ള വെള്ളം അവശേഷിക്കുന്നു എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) മുൻ വർഷങ്ങളിൽ ഇതേ സമയം ഈ സംഭരണികളിൽ എത്ര ദിവസത്തെ വൈദ്യുതിക്കുള്ള വെള്ളമായിരുന്നു ഉണ്ടായിരുന്നത്;

(സി) കഴിഞ്ഞ വർഷം സംസ്ഥാനത്ത് ലഭിച്ച ആകെ മഴയുടെയും ഈ വർഷത്തെ മഴയുടെയും അളവ് എത്രയെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) ആവശ്യത്തിന് മഴ ലഭിക്കാത്തതുമൂലം വൈദ്യുതോൽപ്പാദനത്തിൽ വന്ന കുറവ് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഇ) വിവിധ വൈദ്യുതി പദ്ധതികളുടെ പൂളിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതിയുടെ അളവ് എത്രയെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ; ഇപ്പോൾ ലഭിക്കുന്ന വൈദ്യുതിയുടെ അളവെത്ര;

(എഫ്) ഈ വ്യത്യാസം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്; കേരളത്തിനാവശ്യമായ അധിക വൈദ്യുതി ലഭ്യമാക്കുന്നതിനായി ഇതേവരെ എത്ര രൂപയാണ് ചിലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ജലസംഭരണികളിലെ നിലവിലുള്ള വെള്ളവും അത് ഉപയോഗിച്ച് വിവിധ ജല വൈദ്യുതോൽപ്പാദന നിലയങ്ങളിൽ ഉൽപ്പാദിപ്പിക്കാവുന്ന വൈദ്യുതിയുടെ വിവരങ്ങളും അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.* 2017 മാർച്ച് 1-ാം തീയതിയിലെ കണക്ക് പ്രകാരം ആകെ 1574.015 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണുള്ളത്. ഇത് മുൻവർഷം ഉണ്ടായിരുന്ന വെള്ളം ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കാനാവുന്നതിനേക്കാൾ 560 മില്ല്യൺ യൂണിറ്റ് കുറവ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം മാത്രമാണ്. എന്നാൽ ഇത് ഉപയോഗിച്ച് അടുത്ത കാലവർഷം (2017 ജൂൺ) വരെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ക്രമീകരിച്ചാണ് ഉപയോഗിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2016 മാർച്ച് 1-ാം തീയതിയിലെ കണക്ക് പ്രകാരം ആകെ 2134.035 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഉണ്ടായിരുന്നു. വിശദാംശങ്ങൾ അനുബന്ധം -2 ൽ ചേർത്തിരിക്കുന്നു.*

(സി) 2015-16 ജല വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള ജലസംഭരണിയിലേയ്ക്ക് ഒഴുകി എത്തിയത് 5492 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ്. 2016-17 ജല വർഷത്തിൽ ഫെബ്രുവരി 2017 വരെ ലഭിച്ചിട്ടുള്ളത് 3239 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ്. ഇത് പ്രതീക്ഷിച്ചിരുന്ന വെള്ളത്തിന്റെ അളവിന്റെ ഏകദേശം 50% മാത്രമാണ്.

(ഡി) സംസ്ഥാനത്തെ കടുത്ത ജലദൗർലഭ്യംമൂലം ഉണ്ടാകാനിടയുള്ള ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി പുറമെ നിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായ സമയങ്ങളിൽ വൈദ്യുതി വാങ്ങി ജലവൈദ്യുതിയുടെ ഉൽപ്പാദനം ക്രമീകരിച്ച് പരമാവധി ജലം സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. കഴിഞ്ഞവർഷം ജൂൺ മുതൽ തന്നെ പരമാവധി ജലം സംഭരിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതനുസരിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ വില കൂടിയ ആഭ്യന്തര താപനിലയങ്ങളിൽ നിന്നുള്ള ഉൽപ്പാദനം പൂർണ്ണമായി ഒഴിവാക്കിയും അണക്കെട്ടുകൾ കവിഞ്ഞുപോകാത്ത രീതിയിൽ ജലസംഭരണം നടത്തിയുമാണ് ഉല്പാദനം ക്രമീകരിച്ചിരിക്കുന്നത്. മധ്യകാല ദീർഘകാല കരാർ മുഖേനയും ഡി.ബി.എഫ്.ഒ.ഒ. പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാകേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴിയും ജല വൈദ്യുതി ഉൽപ്പാദനം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം സംഭരണികളിലെ ജലം വരും മാസങ്ങളിലേയ്ക്ക് സംഭരിക്കാനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിലെ ഉപഭോഗം പ്രതീക്ഷിച്ച് ഡീപ്പ്-ഇ-ബിഡ്ഡിംഗ് വഴി 200 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ 2017 മാർച്ച് മുതൽ മേയ് വരെ ഹ്രസ്വകാല കരാർ പ്രകാരം 100 മെഗാവാട്ട് മുഴുവൻ സമയവും 100 മെഗാവാട്ട് പീക്ക് സമയത്ത് മാത്രമായും വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതിഗതികൾ പരിഗണിച്ച് ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ചിൽനിന്ന് വാങ്ങാനും തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്തുനിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനായുള്ള കോറിഡോർ ലഭ്യത കൂട്ടുന്നതിനായി അരീക്കോട് 400 കെ.വി. സബ്സ്റ്റേഷനിൽ മൂന്നാമത്തെ ട്രാൻസ്ഫോർമർ താൽക്കാലിക അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയായിവരുന്നു.

(ഇ) കേന്ദ്ര വിഹിതമായി വിവിധ വൈദ്യുതി പൂളിൽനിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വൈദ്യുതിയും ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്നതിന്റെയും വിശദാംശങ്ങൾ അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു.*

(എഫ്) കേരളത്തിനാവശ്യമായ അധിക വൈദ്യുതി ലഭിക്കുന്നതിനായി 2016 ഡിസംബർ മാസം 618.845 കോടി രൂപയാണ് ചെലവഴിച്ചത്.

| | ഉൽപ്പാദനം (മില്ല്യൺ യൂണിറ്റ്) | ചെലവായ തുക (കോടിയിൽ) |
|---|---|---|
| കേന്ദ്രവൈദ്യുത നിലയങ്ങൾ | 847.159 | 283.675 |
| കേരളത്തിനകത്തു നിന്നുള്ള സ്രോതസ്സുകൾ | 5.841 | 19.954 |
| പവർ എക്സ്ചേഞ്ച് & ട്രെയിഡിംഗ് | 745.613 | 296.508 |
| ഡീവിയേഷൻ സെറ്റിൽമെന്റ് മെക്കാനിസം | 86.518 | 18.708 |
| ആകെ | 1685.131 | 618.845 |

**ഇൻസുലേറ്റഡ് കേബിളുകൾ സ്ഥാപിക്കാൻ നടപടി**

124 (2329) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്ര നിരപ്പിൽനിന്നും താഴെ സ്ഥിതിചെയ്യുന്ന കുട്ടനാട്ടിലെ പാടശേഖരങ്ങളിലേത് ഉൾപ്പെടെയുള്ള വൈദ്യുത ലൈനുകൾ ഇൻസുലേറ്റഡ് കേബിളുകൾ (എ. ബി. എസ്.) ആക്കി മാറ്റാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) വെള്ളപ്പൊക്ക കാലങ്ങളിൽ വൈദ്യുത ഷോക്കേറ്റ് നിരവധി മരണങ്ങൾ ഉണ്ടാകുന്നത് തടയാൻ യുദ്ധകാലാടിസ്ഥാനത്തിൽ ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) കുട്ടനാട് പുഞ്ചപ്രദേശങ്ങളിൽ വൈദ്യുത ലൈനിൽനിന്നുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും പ്രത്യേക പാക്കേജുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ വൈദ്യുത ലൈനുകൾ തമ്മിൽ നിശ്ചിത അകലം പാലിക്കുന്നതിനും, ഇൻസുലേറ്റഡ് കേബിളുകൾ ഉപയോഗിക്കുന്നതിനുമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ എല്ലാ സാഹചര്യങ്ങളിലും ABC ഉൾപ്പെടെയുള്ള വളരെ ചെലവേറിയ ഇൻസുലേറ്റഡ് കേബിളുകൾ ഉപയോഗിക്കുക പ്രായോഗികമല്ല. ഏതെങ്കിലും കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയോ ജനപ്രതിനിധികളുടെ വികസന ഫണ്ട് ഉപയോഗിച്ചോ ഇൻസുലേറ്റഡ് കേബിളുകൾ സ്ഥാപിക്കാവുന്നതാണ്.

## മാലിന്യത്തിൽനിന്നും വൈദ്യുതി

125 (2330) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുമ്പോൾ വിതരണവും മറ്റ് അനുബന്ധ നടപടികളും ആരാണ് നിയന്ത്രിക്കുന്നത്;

(സി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കുമോ;

(ഡി) സമാനമായി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് വിവിധ സാങ്കേതികവിദ്യകൾ ലഭ്യമാണ്.

(ബി) ലൈസൻസിംഗ് ഏജൻസിയാണ് വൈദ്യുതി വിതരണവും അനുബന്ധ നടപടികളും നിയന്ത്രിക്കുന്നത്.

(സി) പ്രോത്സാഹിപ്പിക്കും. എന്നാൽ, സോളാർ, വിൻഡ് എന്നിവയിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ ഇത്തരം പദ്ധതികൾക്ക് ചെലവ് കൂടുതലാണ്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനവുമായി കൂട്ടിയിണക്കി ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(ഡി) ജൈവ മാലിന്യത്തിൽനിന്നും ബയോഗ്യാസ് ഉൽപ്പാദിപ്പിച്ച് അതിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയും ബയോമാസ്സിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയും അനെർട്ട് മുഖേന ആവിഷ്കരിച്ചിട്ടുണ്ട്.

**വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് എനർജി ഓഡിറ്റിംഗ്**

126 (2331) ശ്രീ. രാജു എബ്രഹാം:
ശ്രീ. പി. വി. അൻവർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി 'ഊർജ്ജ ഓഡിറ്റിംഗ്' നടത്താറുണ്ടോ;

(ബി) സർക്കാർ സ്ഥാപനങ്ങളിലും ചെറുകിട സ്ഥാപനങ്ങളിലും എനർജി ഓഡിറ്റിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എനർജി മാനേജ്മെന്റ് രംഗത്ത് പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഡി) ഇതുസംബന്ധിച്ച് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എനർജി മാനേജ്മെന്റ് സെന്ററിന്റെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെയും ആഭിമുഖ്യത്തിൽ സർക്കാർ സ്ഥാപനങ്ങളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും, ചെറുകിട സ്ഥാപനങ്ങളിലും ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നുണ്ട്.

(സി) ഊർജ്ജ മേഖലയിൽ പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിപ്രകാരം ഗവേഷകർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകിവരുന്നു. 2015-16 കാലയളവിൽ, ബയോഗ്യാസ് ചൂളയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പഠനം, ഗാർഹിക മേഖലയിലെ വൈദ്യുത ഉപഭോഗം മെച്ചപ്പെടുത്തുന്നതിനുള്ള സർവ്വേയും പഠനവും, കേരളത്തിലെ വീടുകളിലെ ഫിലമെന്റ് ബൾബുകൾ, സി.എഫ്.എൽ., എൽ.ഇ.ഡി. മുതലായ ബൾബുകളുടെ ഉപയോഗത്തെക്കുറിച്ചുള്ള വിശദമായ സർവേയും പഠനവും തുടങ്ങിയ ഗവേഷണ പ്രോജക്ടുകൾക്ക് എനർജി മാനേജ്മെന്റ് സെന്റർ മുഖേന സഹായം നൽകിയിട്ടുണ്ട്. ഗവേഷണ പ്രോജക്ടുകൾ സമർപ്പിക്കുന്നതിനായി ഗവേഷകർക്ക് വിദ്യാഭ്യാസ യോഗ്യത മാനദണ്ഡമായി നിശ്ചയിച്ചിട്ടില്ല. കൂടാതെ വിദ്യാർത്ഥികൾക്ക് ഊർജ്ജ മേഖലയിലെ അക്കാദമിക് പ്രോജക്ടുകൾ ചെയ്യുന്നതിനായി സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

(ഡി) ഇതുസംബന്ധിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും എക്സിബിഷനുകളിലൂടെയും പ്രചാരണങ്ങൾ നടത്തുന്നുണ്ട്.

**കുറ്റിക്കോലിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്ഥലം**

127 (2332) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തായ കുറ്റിക്കോലിൽ 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സ്ഥലം കണ്ടെത്തി ലഭ്യമാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തായ കുറ്റിക്കോലിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ വലിയപാറ എന്ന സ്ഥലത്താണ് സബ്സ്റ്റേഷനുള്ള സ്ഥലം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. സ്ഥലമെടുപ്പിനായി ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

### സമ്പൂർണ്ണമായി വൈദ്യുതീകരിച്ച നിയോജകമണ്ഡലങ്ങൾ

128 (2333) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര നിയോജക മണ്ഡലങ്ങളെ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്;

(ബി) ശേഷിക്കുന്ന നിയോജക മണ്ഡലങ്ങൾ സമ്പൂർണ്ണമായും വൈദ്യുതീകരിക്കുന്നതിന് എത്ര നാൾ വേണ്ടിവരുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2006-2010 കാലത്ത് 85 അസംബ്ലി മണ്ഡലങ്ങളും 2011-2016 കാലത്ത് ഒരു മണ്ഡലവും സമ്പൂർണ്ണ വൈദ്യുതീകരണം നേടിയതായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ പിന്നീട് പ്രവർത്തനം നിലയ്ക്കുകയുണ്ടായി. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചതിന്റെ ഭാഗമായി 1-3-2017-ലെ കണക്കനുസരിച്ച് എറണാകുളം, അമ്പലപ്പുഴ, കോഴിക്കോട് (നോർത്ത്), കോഴിക്കോട് (സൗത്ത്), തലശ്ശേരി, കായംകുളം, തിരൂരങ്ങാടി, ആലപ്പുഴ, മാവേലിക്കര, ചേർത്തല, തൃക്കാക്കര, കഴക്കൂട്ടം, മൂവാറ്റുപുഴ, അരൂർ, ചെങ്ങന്നൂർ, കുട്ടനാട്, ഹരിപ്പാട്, നെയ്യാറ്റിൻകര എന്നീ 18 മണ്ഡലങ്ങൾ പൂർണ്ണമായി വൈദ്യുതീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 2017 മാർച്ച് 31 ഓടുകൂടി ശേഷിക്കുന്ന നിയോജകമണ്ഡലങ്ങളെയും വൈദ്യുതീകരിച്ച് കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

### പൂക്കൊളത്തൂരിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ്

129 (2334) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ പൂക്കൊളത്തൂർ കേന്ദ്രമാക്കി കെ.എസ്.ഇ.ബി.എൽ.-യുടെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. മഞ്ചേരി നോർത്ത്, കിഴിശ്ശേരി, വള്ളുവമ്പ്രം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധിമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മഞ്ചേരി നോർത്ത്, കിഴിശ്ശേരി, വള്ളുവമ്പ്രം എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ അനുവദിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്.

**അനെർട്ട് ഡയറക്ടറെ നിയമിക്കാനുള്ള അധികാരം**

130 (2335) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് ഡയറക്ടറെ നിയമിക്കാനുള്ള അധികാരം ആർക്കാണ്; നിയമനത്തിനുവേണ്ട യോഗ്യതകൾ എന്തെല്ലാം;

(ബി) നിലവിലെ ഡയറക്ടർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ; എത്ര പേർ അപേക്ഷ നൽകി; അപേക്ഷകരുടെ വിശദ വിവരങ്ങൾ നൽകാമോ;

(സി) ഡയറക്ടർ നിയമനത്തിനായി 28-2-2014-ലെ GO (MS)No.5/2014/PD നമ്പർ ഉത്തരവിൽ പറയുന്ന കമ്മറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അനെർട്ട് ഡയറക്ടറെ നിയമിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡയറക്ടറുടെ ചുമതല നൽകുന്നതിന് പ്രത്യേക യോഗ്യതകൾ നിശ്ചയിച്ചിട്ടില്ല. എന്നാൽ നേരിട്ടുള്ള നിയമനത്തിന് 28-2-2014-ലെ സ.ഉ.(എം.എസ്.) നമ്പർ5/2014/ഊ.വ. പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു:

<u>Qualification</u>

B.Tech in Engineering with Ph.D in Renewable Energy

or

Masters Degree in Physical/Natural Science with Ph.D in Renewable Energy

<u>Experience</u> : 20 years minimum

<u>Age</u>: Between 50 and 58 years.

(ബി) നിലവിൽ ഡയറക്ടറുടെ ചുമതല ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നൽകിയിട്ടുള്ളതാണ്. നേരിട്ടുള്ള നിയമനത്തിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(സി) ബാധകമല്ല.

**സൗരോർജ്ജത്തിൽനിന്നും വൈദ്യുതി**

131 (2336) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി കെൽട്രോൺ, അനെർട്ട് തുടങ്ങിയ സ്ഥാപനങ്ങൾ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾ എത്രമാത്രം പ്രയോജനകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അനെർട്ട് മുഖേന 2016-17 വർഷത്തെ പ്ലാൻ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 5000 കിലോവാട്ട്) കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചു നൽകുന്നതിനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 6400 കിലോവാട്ട്) കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂരസ്ഥമായ വീടുകളിൽ സോളാർ വൈദ്യുതീകരണം നടത്തുന്നതിനും പദ്ധതി നിലവിലുണ്ട്. ആകെ 2000 വീടുകളാണ് ഇത്തരത്തിൽ വൈദ്യുതീകരിച്ചുകൊണ്ടിരിക്കുന്നത്.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ പി. വി. പവർ പ്ലാന്റ് സിസ്റ്റംസ്, വിന്റ് ഹൈബ്രിഡ് സംവിധാനങ്ങൾ എന്നിവ പരസ്യ പ്രചരണങ്ങൾ, സൗജന്യ ഇൻഷ്വറൻസ്, ഇൻസെന്റീവുകൾ എന്നിവ നൽകി വ്യാപകമായ തോതിൽ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. കെൽട്രോൺ മുഖേന വൈദ്യുതി ഉൽപ്പാദനത്തിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ഒരു കിലോവാട്ടിന്റെ ഒരു സോളാർ പവർ പ്ലാന്റിൽനിന്നും വെയിലിന്റെ ലഭ്യതയനുസരിച്ച് ഒരു ദിവസം ശരാശരി 4 യൂണിറ്റ് വൈദ്യുതി ഉൽപ്പാദനം സാധ്യമാകുന്നതാണ്.

## കടമ്പഴിപ്പുറം 110 കെ.വി.സബ് സ്റ്റേഷൻ

132 (2337) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കടമ്പഴിപ്പുറത്ത് ഒരു 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കടമ്പഴിപ്പുറം 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലസൗകര്യം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കടമ്പഴിപ്പുറം 110 കെ.വി. സബ് സ്റ്റേഷനും കടമ്പഴിപ്പുറം സെക്ഷൻ ഓഫീസും ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) ഒറ്റപ്പാലം കടമ്പഴിപ്പുറത്ത് 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നിലവിൽ തീരുമാനം എടുത്തിട്ടില്ല. എന്നാൽ കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഏകദേശം 18 സെന്റ് സ്ഥലം അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ട്. അതിനോടനുബന്ധിച്ച് സെക്ഷൻ ഓഫീസും പണിയാൻ ഉദ്ദേശിക്കുന്നുണ്ട്. ഭൂമി കൈമാറ്റ നടപടികൾ ഇറിഗേഷൻ വിഭാഗം മുഖേന പുരോഗമിച്ചുവരുന്നുണ്ട്.

## പെരിന്തൽമണ്ണ വെട്ടത്തൂം പ്രദേശത്ത് 220 കെ.വി. സബ് സ്റ്റേഷൻ

133 (2338) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ വെട്ടത്തൂം പ്രദേശത്ത് 220 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം വൈദ്യുതി വകുപ്പിൽനിന്നും ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ വൈദ്യുതി വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഏറ്റവും ഒടുവിലായി ചർച്ച നടത്തിയത്;

(സി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനും പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) വെട്ടത്തൂർ പ്രദേശത്ത് 220 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പുരോഗതി പല തലങ്ങളിൽ, ഡയറക്ടർ തലമുൾപ്പെടെ എല്ലാ മീറ്റീംഗുകളിലും ചർച്ച ചെയ്യാറുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രവൃത്തിയുടെ ആദ്യപടിയായി സ്ഥലമെടുക്കുന്നതിനുള്ള നടപടികളും ട്രാൻസ്മിഷൻ ലൈൻ കടന്നുപോകുന്നതിനുള്ള സ്ഥലത്തിന്റെ സർവ്വേ സംബന്ധിച്ച നടപടികളും അതിവേഗം തന്നെ പുരോഗമിച്ചുവരുന്നു.

### മറയൂരിലെ 33 കെ. വി. സബ് സ്റ്റേഷൻ

134 (2339) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മറയൂറിലെ 33 കെ.വി.സബ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മറയൂരിൽ 33 കെ.വി.സബ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പള്ളിവാസലിൽനിന്നും 66 കെ.വി. ലൈൻ വലിച്ച് മൂന്നാറിൽ ഒരു 66/33 കെ. വി. സബ് സ്റ്റേഷൻ നിർമ്മിച്ച് അവിടെനിന്നും മറയൂരിലേയ്ക്ക് 45 കി.മീ. ദൂരത്തിൽ 33 കെ.വി. ലൈൻ വലിച്ച് മറയൂരിൽ ബോർഡിന്റെ കൈവശമുള്ള 30 സെന്റ് സ്ഥലത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാനുള്ള ഭരണാനുമതി 17-3-2016-ൽ നൽകിയിട്ടുണ്ട്.

(സി) ബാധകമല്ല.

### കുട്ടമുഖം-II 100 കെ.വി.എ. 71-ാം നമ്പർ ട്രാൻസ്ഫോർമർ

135 (2340) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ കുട്ടമുഖം-II 100 കെ.വി.എ. 71-ാം നമ്പർ ട്രാൻസ്ഫോർമർ പൊട്ടിത്തെറിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പല സന്ദർഭങ്ങളിലും വൈദ്യുതി തകരാറുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കുട്ടമുഖം -II 100 കെ. വി.എ. ട്രാൻസ്ഫോർമർ, 12-10-2016-ൽ തീ പിടിച്ച് കേടായതിനെത്തുടർന്ന് താൽക്കാലികമായി വൈദ്യുതി തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 15-10-2016-ൽ പ്രസ്തുത ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിച്ചിരുന്നു. ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കുന്നതുവരെ ബദൽ സംവിധാനത്തിലൂടെ വൈദ്യുതി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിരുന്നു.

**'കിഫ്ബി' മുഖേന അടിസ്ഥാന സൗകര്യ വികസനം**

136 (2341) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിഫ്ബി' യിലേക്ക് നബാർഡ് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി;

(ബി) 'കിഫ്ബി'-യിൽനിന്നും ഓരോ പദ്ധതിക്കുമായി ഇതിനകം എത്ര കോടി രൂപ അനുവദിച്ചുവെന്നത് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബോർഡിന്റെ യോഗ തീരുമാനമനുസരിച്ച് നബാർഡിൽനിന്നും കണക്ടിവിറ്റി ആന്റ് അഗ്രികൾച്ചറുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി 4000 കോടി രൂപ ധനസഹായം കിഫ്ബിക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 27-ാമത് ബോർഡ് യോഗം അംഗീകരിച്ച പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പദ്ധതികളുടെ പട്ടിക നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. ആയത് നബാർഡിന്റെ പരിഗണനയിലാണ്.

(ബി) കിഫ്ബോർഡ് പുനഃസംഘടിപ്പിച്ചതിനുശേഷമുള്ള ആദ്യ ബോർഡ് യോഗം 7-11-2016-ൽ ചേർന്ന് 4004.86 കോടി രൂപ മുതൽമുടക്ക് ആവശ്യമായ 48 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകരിച്ച പദ്ധതികളും അനുവദിച്ച തുകയും ഉൾപ്പെടുന്ന പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* മിക്ക പദ്ധതികളുടെയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. നിർവ്വഹണ പ്രവൃത്തികൾ ആരംഭിച്ച് ബന്ധപ്പെട്ട ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് എസ്.പി.വി.-കളുടെ നിർദ്ദേശാനുസരണം കിഫ്ബി തുകകൾ നൽകിത്തുടങ്ങുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എം.എൽ.എ.-മാരുടെ എസ്.ഡി.എഫ്. മാനദണ്ഡം

137 (2342) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ സ്പെഷൽ ഡെവലപ്മെന്റ് ഫണ്ട് (എസ്.ഡി. എഫ്) വിനിയോഗിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) എസ്.ഡി.എഫ്. വഴി സർക്കാർ സ്കൂളുകൾക്ക് സംരക്ഷണ മതിൽ പണിയുന്നതിന് തടസ്സമുണ്ടോ;

(സി) ഉണ്ടെങ്കിൽ സർക്കാർ സ്കൂളുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സംരക്ഷണ മതിൽ പണിയുന്നത് എസ്.ഡി.എഫ്. മാനദണ്ഡത്തിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) എം.എൽ.എ. എസ്.ഡി.എഫ്.-ന്റെ പൊതുവായ മാനദണ്ഡം 27-5-2004-ലെ സ.ഉ.(പി)നമ്പർ 247/2004/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കാലാകാലങ്ങളിൽ പൊതുപ്രവൃത്തികൾക്ക് ബാധകമാകുന്ന ഉത്തരവുകളുടെയോ/ എം.എൽ.എ.-മാരുടെ പൊതുവായ അഭിപ്രായ ങ്ങളുടെയോ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിന് ആവശ്യമായ ഭേദഗതി ഉത്തരവുകളും നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖ അനുസരിച്ച് സർക്കാർ സ്കൂൾ കെട്ടിടം പണിയാൻ തുക വിനിയോഗിക്കാൻ അനുമതിയുണ്ട്. എന്നാൽ സർക്കാർ സ്കൂളുകൾക്ക് സംരക്ഷണ മതിൽ പണിയുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രതിപാദിച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല. ഈ പ്രവൃത്തി ആസ്തി വികസന പദ്ധതിയിൽ അനുവദനീയമാണ്.

**എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്**

138 (2343) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് ഏറ്റവും അവസാനം വർദ്ധിപ്പിച്ചു നൽകിയത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ

(ബി) നിരക്കുകളിലുണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് പ്രാദേശിക വികസന ഫണ്ടിൽ വർദ്ധനവ് വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 27-3-2012-ലെ സ.ഉ.(പി) നമ്പർ 185/2012/ധന. ഉത്തരവ് പ്രകാരം 2011-12 സാമ്പത്തിക വർഷം 75 ലക്ഷം രൂപയിൽനിന്നും ഒരു കോടി രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഓരോ നിയോജകമണ്ഡലത്തിലും പ്രാദേശിക വികസന ഫണ്ടിന് പുറമേ നിയോജകമണ്ഡല ആസ്തി വികസന നിധിയിലും ഉൾപ്പെടുത്തി ആകെ ആറ് കോടി രൂപ വീതം പ്രതിവർഷം വകയിരുത്തുന്ന സാഹചര്യത്തിൽ എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ വർദ്ധനവ് വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർ**

139 (2344) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ മേഖല ഓഫീസുകളിലായി ദിവസ വേതന വ്യവസ്ഥയിൽ ഉൾപ്പെടെ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു;

(ബി) പ്രസ്തുത ജീവനക്കാരിൽ സ്ഥിരജീവനക്കാർ, ദിവസവേതനക്കാർ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ എന്നിവരുടെ കണക്ക് വെളിപ്പെടുത്തുമോ;

(സി) ബോർഡിലെ ജീവനക്കാരുടെ നിയമനം എപ്രകാരമാണെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വിജിലൻസ് അന്വേഷണം നേരിടുന്ന ഏതെങ്കിലും ജീവനക്കാരന് ഉയർന്ന തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തസ്തികയിൽ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) 1-3-2011-ൽ പ്യൂൺ, പാർട്ടൈം സ്വീപ്പർ തസ്തികയിൽ എത്രപേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 10 മേഖല ഓഫീസുകളിലും ഒരു വൃദ്ധ സദനത്തിലും ഹെഡ് ഓഫീസിലുമായി 83 സ്ഥിരം ജീവനക്കാരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ദിവസ വേതനത്തിൽ മൂന്ന് താൽക്കാലിക ജീവനക്കാരും വൃദ്ധ സദനത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരു കെയർ ടേക്കറും ഉൾപ്പെടെ ആകെ 88 ജീവനക്കാരാണുള്ളത്.

| | | | |
|---|---|---|---|
| (ബി) | സ്ഥിര ജീവനക്കാർ | : | 83 |
| | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ | : | 1 |
| | ദിവസ വേതനം | : | 3 |
| | കരാർ അടിസ്ഥാനത്തിൽ | : | 1 |

(സി) ദിവസവേതനത്തിൽ നിയമിതരായി പിന്നീട് വർഷങ്ങൾക്കുശേഷം റെഗുലറൈസ് ചെയ്യപ്പെട്ട ജീവനക്കാരാണ് ബോർഡിൽ നിലവിലുള്ളത്.

(ഡി) സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(ഇ) 1-3-2011-ൽ നിലവിലുണ്ടായിരുന്ന 7 കാഷ്വൽ സ്വീപ്പർമാരെ ബോർഡ് പാർട്ട് ടൈം സ്വീപ്പർമാരായി നിയമിച്ചിട്ടുണ്ട്.

**പുതിയ തസ്തികകൾ**

140 (2345) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെയായി എത്ര തസ്തികകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര തസ്തികകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**കിഫ്ബി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ**

141 (2346) ശ്രീ.എ.എം. ആരിഫ്:
ശ്രീ. കെ. ബാബു:
ശ്രീ. സി.കെ. ഹരീന്ദ്രൻ:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിവഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ - സി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന ധനസഹായത്തിനായി പരിഗണിക്കുന്നത്. ഇതനുസരിച്ച് ഭരണ വകുപ്പ് കിഫ്ബിയുടെ വെബ്സൈറ്റിൽ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങളിൽ 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് യോഗ്യമായതും 4004.86 കോടി രൂപ മുതൽ മുടക്കുള്ളതുമായ 48 പദ്ധതികൾ 07-11-2016-ൽ കൂടിയ കിഫ്ബി ബോർഡിന്റെ 27-ാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ചതിനുശേഷമുള്ള ആദ്യ ബോർഡ് യോഗം) അംഗീകരിച്ചു. കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചരക്ക സേവന നികുതി**

142 (2347) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക സേവന നികുതി ഏർപ്പെടുത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് നികുതിയിനത്തിൽ നഷ്ടം സംഭവിക്കുമോ; എങ്കിൽ എന്ത് നഷ്ടം സംഭവിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത നഷ്ടം നികത്തി നൽകാമെന്ന് കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ചരക്ക് സേവന നികുതി കൗൺസിൽ എടുത്ത തീരുമാനം വിശദമാക്കുമോ ;

(ഡി) എന്നത്തേയ്ക്ക് ചരക്ക സേവന നികുതി നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സി.ജി.എസ്.ടി., ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി, നിയമങ്ങളുടെ കരടിന്റെ ചർച്ച ജി.എസ്.ടി. കൗൺസിലിൽ പുരോഗമിച്ചുവരുന്നു. ഇതു പൂർത്തിയായി കേന്ദ്ര സർക്കാർ സി.ജി.എസ്.ടി. നിയമം പാസ്സാക്കിയാൽ ഉടനെ സംസ്ഥാന സർക്കാർ എസ്.ജി.എസ്.ടി. നിയമം സഭയിൽ അവതരിപ്പിക്കും. കൂടാതെ നിലവിലുള്ള വ്യാപാരികളെ ജി.എസ്.ടി.-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും നടന്നുവരുന്നു. മാർച്ച് മാസം ഒന്നാം തീയതി വരെയുള്ള കണക്കനുസരിച്ച് 1,54,647 വ്യാപാരികൾ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുവരെ രജിസ്റ്റർ ചെയ്ത വ്യാപാരികളുടെ എണ്ണം 60.64% ആണ്. ഇതൊടൊപ്പം പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ back-end IT ചട്ടക്കൂടുകളുടെ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി വിവരസാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുകയും, എൻ.ഐ.സി.-യുടെ സഹകരണത്തോടെ നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

ജി.എസ്.ടി.-യുടെ സാങ്കേതികവിദ്യയെപ്പറ്റിയുള്ള പരിശീലനത്തിന്റെ ഭാഗമായി വാണിജ്യ നികുതി വകുപ്പിൽനിന്നും 50 ഉദ്യോഗസ്ഥരെ Master Trainees ആയി ശിപാർശ ചെയ്യുകയും, ഇവർക്ക് ജി.എസ്.ടി.എൻ. പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ Model GST നിയമത്തെപ്പറ്റി വകുപ്പ് ജീവനക്കാർക്ക് പരിശീലനം നടത്തിവരുന്നു.

(ബി) ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമെ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ചരക്കുകൾക്കും സേവനങ്ങൾക്കും ബാധകമായ നികുതി നിരക്കുകൾ ഇതുവരെയും നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഒരു കൃത്യമായ അവലോകനം സാധ്യമല്ല.

(സി) ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യം തത്വത്തിൽ അംഗീകരിക്കുകയും ജി.എസ്.ടി. നടപ്പിലാക്കിയശേഷമുള്ള ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തേണ്ടതാണെന്ന നിയമനിർമ്മാണം വ്യവസ്ഥ ചെയ്തതിനാൽ, സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്.

(ഡി) 2017 ജൂലൈ 1 മുതൽ ചരക്ക് സേവന നികുതി നിലവിൽ വരണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നടപടികൾ പുരോഗമിക്കുന്നത്. ഇതിനായി സി.ജി.എസ്.ടി., ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി. നിയമങ്ങളുടെ കരട് ജി.എസ്.ടി. കൗൺസിലിന്റെ പരിഗണനയിലാണ്. ഇതോടൊപ്പം പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ back-end IT ചട്ടക്കൂടുകളുടെ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി വിവരസാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുകയും എൻ.ഐ.സി.-യുടെ സഹകരണത്തോടെ പ്രവർത്തനം പുരോഗമിച്ചുവരികയും ചെയ്യുന്നു.

## നികുതി നഷ്ടം

143 (2348) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നോട്ട് നിരോധനത്തെ തുടർന്ന് വിവിധ മേഖലകളിൽ എത്ര കോടി രൂപയുടെ നികുതി നഷ്ടം ഇതുവരെ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

കേന്ദ്രസർക്കാർ കറൻസി പിൻവലിച്ചശേഷം ഓരോ വകുപ്പും പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ വന്ന കുറവ് ചുവടെ ചേർക്കുന്നു:

വാണിജ്യ നികുതി വകുപ്പ്:- ഡിസംബർ - ജനുവരി മാസങ്ങളിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം 6329 കോടി രൂപയായിരുന്നു. എന്നാൽ, 5479.39 കോടി രൂപയാണ് ലഭിച്ചത്. 849.61 കോടി രൂപയുടെ കുറവുണ്ടായി.

എക്സൈസ് വകുപ്പ്:- പ്രതീക്ഷിച്ച നികുതി വരുമാനം 541.22 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ ലഭിച്ച തുക 439.65 കോടി രൂപയാണ്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ 101.57 കോടി രൂപയുടെ കുറവുണ്ടായി.

രജിസ്ട്രേഷൻ വകുപ്പ്:- പ്രതീക്ഷിച്ച നികുതി വരുമാനം 839.40 കോടി രൂപയായിരുന്നു. എന്നാൽ 527.6 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. അതായത് 311.80 കോടി രൂപയുടെ കുറവുണ്ടായി.

ലാന്റ് റവന്യൂ വകുപ്പ്:- ഈ ഇനത്തിൽ 295.14 കോടി രൂപ പ്രതീക്ഷിച്ചതിൽ 230.56 കോടി രൂപ മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. 64.58 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ്:- പ്രസ്തുത കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 722.04 കോടി രൂപയായിരുന്നു. അതിൽ 605.56 കോടി രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. 116.48 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

## വേയ്സ് ആന്റ് മീൻസ് അഡ്വാൻസ്

144 (2349) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ടോ;

(ബി) ക്ഷേമനിധിയിൽനിന്നും ഈ സർക്കാർ വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെനിന്ന് എത്ര തുക എടുത്തുവെന്നും വിശദമാക്കുമോ;

(സി) സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 നവംബർ മാസത്തിൽ ഒരു ദിവസം വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ട്.

(ബി & സി) ഇല്ല.

**കിഫ്ബി മുഖേന അനുവദിച്ച പദ്ധതികൾ**

145 (2350) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതുവരെ കിഫ്ബി മുഖേന ഫണ്ട് കണ്ടെത്തി അംഗീകരിച് ഭരണാനുമതി നൽകി ഉത്തരവ് പുറപെടുവിച്ച പദ്ധതികൾ എത്ര; ഇതിന് വേണ്ടി അനുവദിച്ച തുക എത്ര; പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഇങ്ങനെ അനുവദിച്ചതിൽ എത്ര പ്രവർത്തികൾക്കാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്; ആകെ ടെണ്ടർ തുക എത്രയാണ്; ഈ പ്രവർത്തികൾ സംബന്ധിച്ച് വിശദാംശം നൽകാമോ?

ഉത്തരം

(എ) 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതികളുടെ നടപ്പാക്കലിന് മുന്നോടിയായി വിശദമായ പ്രോജക്ട് അവലോകനം, കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് എന്നിവ നടത്തിയശേഷം പദ്ധതിക്ക് ആവശ്യമായ യഥാർത്ഥ തുക കണ്ടെത്തുകയും അതിനുശേഷം ധനസമാഹരണം നടത്തുകയുമാണ് ലക്ഷ്യം. കിഫ്ബിയിലൂടെ ധനസമാഹരണം വായ്പ, കടപ്പത്രം പുറപ്പെടുവിക്കൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ

യായതിനാൽ അധിക തുക സമാഹരിക്കുന്നത് പലിശയിനത്തിൽ തിരിച്ചടവ് വരുത്തും. ആയതിനാൽ പദ്ധതി നടത്തിപ്പിനാവശ്യമായ തുക തീരുമാനിച്ചതിനു ശേഷം മാത്രമേ ഫണ്ട് സ്വരൂപിക്കാനുള്ള ശ്രമം ആരംഭിക്കുകയുള്ളൂ. കിഫ്ബിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ബജറ്റിൽനിന്നുള്ള സഹായം ലഭിക്കുമെന്നതിനാൽ ആദ്യപാദത്തിൽ (7-11-2016-ൽകൂടിയ 27-ാമത് ബോർഡ് യോഗം) അംഗീകരിക്കപ്പെട്ട പദ്ധതികൾക്ക് താമസംവിനാ ധനസഹായം നൽകാൻ സാധിക്കുന്നതാണ്. ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (എസ്.പി.വി.) പദ്ധതി പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും തുടർന്ന് കോൺട്രാക്ട് ഒപ്പിടുന്നതോടൊപ്പം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വർക്ക് ബ്രേക്ക്ഡൗൺ സ്ട്രക്ച്ചർ (ഡബ്ല്യൂ.ബി.എസ്.) ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സമാന്തരമായി പുരോഗമിച്ച് അന്തിമ ഘട്ടത്തിലാണ്. ഈ സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതിനിർവ്വഹണ ഏജൻസികൾ നിർവ്വഹണ പ്രക്രിയ ആരംഭിച്ച് കോൺട്രാക്ടർ, സപ്ലയർ, സേവന ദാതാവ് എന്നിവരുടെ ബില്ലുകൾ പ്രകാരം പേമെന്റ് നിർദ്ദേശിക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകിത്തുടങ്ങുന്നതാണ്. 8-8-2016-ലെ സ.ഉ.(കൈ) 315/2016/ധന. ഉത്തരവ് പ്രകാരം യോഗ്യമായതും കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ച കിഫ് ബോർഡിന്റെ ആദ്യ ബോർഡ് യോഗം) 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്തെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസമാഹരണം നടത്തുന്നതിനുള്ള ഒരു കേന്ദ്രീകൃത ഏജൻസിയായാണ് കിഫ്ബി പ്രവർത്തിക്കുന്നത്. 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. ഇതുസംബന്ധിച്ച മാർഗ്ഗരേഖ 8-8-2016-ലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ.ഉ.(കൈ) നമ്പർ315/2016/ധന പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കേണ്ട പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ അതാതു പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളാണ് (എസ്.പി.വി) സ്വീകരിക്കേണ്ടത്. ഈ നടപടി പൂർത്തിയായിവരുന്നു.

**കിഫ്ബി പദ്ധതി**

146 (2351) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾക്കായി അടുത്ത നാലുവർഷം ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്ന തുകയെത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ധനസമാഹരണത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് കിഫ്ബി ഒരുക്കിയിട്ടുള്ളത്;

(സി) ഇതിനായി പ്രത്യേക ഏജൻസികൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അവ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പാക്കേജിൽ പ്രഖ്യാപിച്ച പദ്ധതികളാണ് കിഫ്ബിവഴി നടപ്പിലാക്കിവരുന്നത്. ഇവ കൂടാതെ ബഹുമാനപ്പെട്ട മന്ത്രിസഭാ യോഗം കിഫ്ബിവഴി നടപ്പാക്കുന്നതിന് അനുമതി നൽകിയ പദ്ധതികളും നടപ്പിലാക്കുന്നതാണ്. 8-8-2016-ലെ സ.ഉ.(കൈ) 315/2016/ധന ഉത്തരവിൽ ഈ വ്യവസ്ഥകൾ വിശദീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് കിഫ്ബിക്ക് സമർപ്പിച്ച 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ 7-11-2016-ൽ കൂടിയ കിഫ് ബോർഡ് യോഗം അംഗീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഏകദേശം 25,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിവഴി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. തുടർന്നുവരുന്ന സാമ്പത്തിക വർഷങ്ങളിൽ കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അതാതു വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിലൂടെയേ വ്യക്തമാവൂ.

(ബി) ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 പ്രകാരം സെബിയും, ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കിഫ്ബി സജ്ജമായിട്ടുണ്ട്. ധനസമാഹരണ പ്രക്രിയയുടെ ആദ്യപടിയെന്ന നിലയിൽ 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ സംസ്ഥാനത്തെ വൻകിട വികസന പദ്ധതികളുടെ നടപ്പാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ച 2000 കോടിരൂപയിൽ അവശേഷിച്ച 873.85 കോടി രൂപ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽപ്പറഞ്ഞ ഭേദഗതി ആക്ട് പ്രകാരം 2015-16 വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയിൽ 28.14 കോടി രൂപയും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ് തുകയായ 448.1 കോടി രൂപയും കിഫ്ബിയുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. മോട്ടോർ വാഹന നികുതിയിൽ ശേഷിച്ച തുകയായ 253.29 കോടി രൂപയും കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. നബാർഡിൽനിന്നും കണക്ടിവിറ്റി ആന്റ് അഗ്രികൾച്ചറുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി 4,000 കോടി രൂപ ധനസഹായം കിഫ്ബിക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, വാണിജ്യ/സഹകരണ ബാങ്കുകളിൽനിന്ന് ടേം ലോൺ എന്നിവവഴി ധനസമാഹരണത്തിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കിഫ്ബിയുടെ ധനസമാഹരണത്തിനായി നാളിതുവരെ പ്രത്യേക ഏജൻസികളൊന്നുംതന്നെ രൂപീകരിച്ചിട്ടില്ല.

**നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് നടപടി**

147 (2352) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; 2016-17 വർഷം നാളിതുവരെയുള്ള നികുതി പിരിവിന്റെ ശതമാനക്കണക്ക് വ്യക്തമാക്കുമോ; വിവിധ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക എത്രയാണ്; വ്യക്തമാക്കുമോ;

(ബി) നികുതി പിരിവിൽ എത്ര ശതമാനം വർദ്ധനവ് കൈവരിക്കാനും അതിലൂടെ എത്ര അധിക വിഭവ സമാഹരണം നടത്താനും കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(സി) നോട്ട് നിരോധനത്തിനുശേഷം നാളിതു വരെ ഉണ്ടായിട്ടുള്ള നികുതി കുടിശ്ശിക എത്രയാണെന്നും അതിൽ എത്ര തുക പിരിച്ചെടുത്തുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ – ഡി) വിവരം ശേഖരിച്ചുവരുന്നു.

**നോട്ട് നിരോധനം**

148 (2353) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനംമൂലം സംസ്ഥാനത്തെ വ്യവസായ, വ്യാപാര മേഖലകളിൽ നിന്നുള്ള റവന്യൂ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; ഈ പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ വരുമാനത്തിലെ കുറവ് നികത്താൻ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നോട്ട് നിരോധനംമൂലം സംസ്ഥാനത്തെ വ്യവസായ വ്യാപാര മേഖലകളിൽനിന്നുള്ള റവന്യൂ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

(ബി) നോട്ട് നിരോധനംമൂലം സംസ്ഥാനത്തെ വ്യവസായ, വ്യാപാര മേഖലകളിൽനിന്നുള്ള റവന്യൂ വരുമാനത്തിൽ ഉണ്ടായ കുറവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

ഡിസംബറിൽ രേഖപ്പെടുത്തിയത് (17.45 ശതമാനം താഴ്ച) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റെയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43 ശതമാനത്തിന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റെയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റെയും ആകെ തനത് വരുമാനത്തിൽ 16.33 ശതമാനത്തിന്റെയും കുറവ് ഉണ്ടായിട്ടുണ്ട്.

നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടായ ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്.

അതേസമയം, സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2016 നവംബറിൽ 23.33 ശതമാനത്തിന്റെയും ഡിസംബറിൽ 16.67 ശതമാനത്തിന്റെയും കുറവ് സംഭവിച്ചിട്ടുണ്ട്. 2016 ഒക്ടോബറിൽ 17.43 ശതമാനം വളർന്ന നികുതിയേതര വരുമാനം നവംബറിൽ മുൻ മാസത്തെ അപേക്ഷിച്ച് 46.95 ശതമാനവും ഡിസംബറിൽ 59.16 ശതമാനവും ഇടിവ് രേഖപ്പെടുത്തുകയുണ്ടായി.

(സി) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

(ഡി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന്

സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷേ, ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾമൂലം ട്രഷറിയിലെ ക്രയവിക്രയം ഒരു പരിധിവരെ തടസ്സപ്പെട്ടിരുന്നു. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

ഹ്രസ്വകാലാടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ:

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന് റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

<u>ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ:</u>

1. കറൻസി പിൻവലിക്കൽ ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി.) നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർ ബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000-ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ ബാങ്കിംഗ് നെറ്റ് വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി വരുംവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

നോട്ട് റദ്ദാക്കിയതുമൂലമുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ഹ്രസ്വകാല നടപടികൾകൊണ്ട് സാധിച്ചിട്ടുണ്ട്. ദീർഘകാല നടപടികളുടെ ഗുണഫലം വരുംദിനങ്ങളിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

149 (2354) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) കഴിഞ്ഞ ഒൻപതു മാസത്തെ പ്രവർത്തനങ്ങൾകൊണ്ട് നികുതി രംഗം ശുചീകരിക്കുവാൻ കഴിഞ്ഞുവോ;

(സി) സർക്കാരിന്റെ പ്രവർത്തനംമൂലം നികുതി വരുമാനത്തിൽ വന്ന വർദ്ധനവ് എത്രയാണ്; പ്രതീക്ഷിച്ച വരുമാനം ലഭിച്ചോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക എത്രയായിരുന്നുവെന്നും അതിൽ ഇതുവരെ എത്ര തുക പിരിച്ചെടുത്തുവെന്നും വെളിപ്പെടുത്തുമോ ;

(ഇ) കുടിശ്ശിക തുക പിരിച്ചെടുക്കാൻ നിലവിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു:

കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയംതന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചു.

കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

റിട്ടേൺ സ്കൂട്ടിണി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

(ബി) കഴിഞ്ഞ ഒമ്പത് മാസത്തെ പ്രവർത്തനങ്ങൾകൊണ്ട് നികുതി വരുമാനത്തിൽ ഉണ്ടായ വർദ്ധനവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| മാസം | 2015-16 | 2016-17 | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|
| മേയ് 2016 | 2486.19 | 2781.41 | 12 |
| ജൂൺ 2016 | 2367.43 | 2835.99 | 20 |
| ജൂലൈ 2016 | 2518.96 | 2593.21 | 3 |
| ആഗസ്റ്റ് 2016 | 2487.67 | 2701.94 | 9 |
| സെപ്റ്റംബർ 2016 | 2800.50 | 3038.98 | 9 |
| ഒക്ടോബർ 2016 | 2579.74 | 3028.50 | 17 |
| നവംബർ 2016 | 2426.09 | 2760.09 | 14 |
| ഡിസംബർ 2016 | 2578.76 | 2535.27 | (-)2 |
| ജനുവരി 2017 | 2482.91 | 2944.11 | 19 |
| ആകെ | 22728.25 | 25219.49 | 11 |

(സി) സർക്കാരിന്റെ പ്രവർത്തനംമൂലം നികുതി വരുമാനത്തിൽ 11% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പ്രതീക്ഷിച്ച വർദ്ധനവ് 19% ആയിരുന്നു. പ്രസ്തുത വർദ്ധനവ് ലഭിക്കാത്തതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു:

മോട്ടോർ വാഹനങ്ങളിൽനിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ 23 ശതമാനത്തോളം വളർച്ചാനിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം ജനുവരി 31 വരെ 8% വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

എണ്ണക്കമ്പനികളിൽനിന്നും സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2017 ജനുവരി 31 വരെ 10 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

അരി, ഗോതമ്പ്, മൈദ, ആട്ട, സൂചി എന്നിവയെ നികുതിയിൽനിന്നും ഒഴിവാക്കിയതും നികുതി പിരിവ് കുറയുന്നതിനുള്ള ഒരു കാരണമാണ്.

ചിക്കന്റെ നികുതി ഇനത്തിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടില്ല. 31-1-2017 വരെ 4 ശതമാനം വളർച്ച മാത്രമേ നേടാൻ കഴിഞ്ഞിട്ടുള്ളൂ.

ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. പ്രസ്തുത ഇനത്തിൽ 10% വളർച്ച മാത്രമാണ് ഉണ്ടായിരിക്കുന്നത്.

ബിവറേജസ് കോർപ്പറേഷന്റെ വരുമാനം 2015-16 സാമ്പത്തിക വർഷം 21% വളർച്ച രേഖപ്പെടുത്തിയ സ്ഥാനത്ത് 2016-17 സാമ്പത്തികവർഷം ജനുവരി 31 വരെ 7% വളർച്ച മാത്രമാണ് ഉണ്ടായിരിക്കുന്നത്.

സിമന്റ്, ടൈൽസ്, ടിംബർ എന്നിവയിലും വരുമാനത്തിൽ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

നോട്ട് നിരോധനവും വരുമാനം കുറയുന്നതിനുള്ള ഒരു കാരണമായി.

(ഡി) 1-4-2016-ലെ കണക്കനുസരിച്ച് വാണിജ്യ നികുതി വകുപ്പിൽ 6883.98 കോടി രൂപ പിരിഞ്ഞുകിട്ടേണ്ടതായിട്ടുണ്ട്. ഇതിൽ 111.07 കോടി രൂപ 31-1-2017 വരെ പിരിച്ചെടുത്തു.

(ഇ) വിവിധ കേസ്സുകളിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ നികുതി പിരിച്ചെടുക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ താമസിക്കുന്ന വ്യാപാരികളിൽനിന്ന് അവിടത്തെ ഗവൺമെന്റുമായി ബന്ധപ്പെട്ടതിനുശേഷം മാത്രമേ നികുതി പിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. സ്ഥാവരജംഗമ സ്വത്തുക്കൾ ഇല്ലാത്ത വ്യാപാരികളുടെ കുടിശ്ശിക പിരിച്ചെടുക്കുവാൻ സാധിക്കാത്തതിനാൽ റവന്യൂ റിക്കവറി റിക്വിസിഷൻ കളക്ടർ മടക്കി അയയ്ക്കുന്നുണ്ട്. വ്യാപാരം മതിയാക്കുകയോ വ്യാപാരി മരണപ്പെടുകയോ ചെയ്യുന്ന അവസരങ്ങളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

## റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

150 (2355) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. കെ. മുരളീധരൻ:

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) റവന്യൂ വരുമാനം കുറയുന്നതിനുള്ള പ്രധാന കാരണം അഴിമതിയും കെടുകാര്യസ്ഥതയും ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് അവസാനിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അതുമൂലം റവന്യൂ വരുമാനത്തിന് ഉണ്ടായ വർദ്ധനവ് എന്തെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം റവന്യൂ പിരിവ് ഊർജ്ജിതവും കാര്യക്ഷമവുമാക്കുന്നതിന് നികുതി സമാഹരിക്കുന്ന പ്രധാന വകുപ്പുകൾ മുഖേന കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു:

1. 1-1-1986 മുതൽ 31-3-2010 വരെ കുടിശ്ശികയുണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി G.O.(P) No.74/2016/TD ഉത്തരവ് പ്രകാരവും, ഫ്ലാറ്റുകളുടെ അണ്ടർ വാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാൻ G.O.(P) No.75/2016/TD ഉത്തരവ് പ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി.

2. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപ്പത്ര നിയമത്തിൽ 28B എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു.

3. 2016-ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 6-ൽ നിന്നും 8 ശതമാനമായി വർദ്ധിപ്പിച്ചു.

<u>എക്സൈസ് വകുപ്പ്:</u>

1. എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശ മദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. മദ്യവർജ്ജനംവഴി മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ മദ്യ വില്പനയിൽ വർദ്ധനവുവരുത്തി വരുമാനത്തിന്റെ വളർച്ചാ നിരക്ക് കൂട്ടുന്നതിനുള്ള നടപടി സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ മദ്യത്തിന്റെ വിലയിലുണ്ടായ വർദ്ധനവ് മൂലവും മറ്റ് വരുമാന സ്രോതസ്സുകൾ മുഖേനയും മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് എക്സൈസ് വകുപ്പ് വഴിയുള്ള വരുമാനത്തിൽ 7.54 ശതമാനം വർദ്ധനവ് ഉണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

2. അബ്കാരി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനെസ്റ്റി സ്കീം) 31-3-2017 വരെ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുള്ളതാണ്.

<u>വാണിജ്യ നികുതി വകുപ്പ്:</u>

1. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

3. അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ സി ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസ്സുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

4. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലും ഉള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.

5. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

6. റെയിൽവേ വഴി സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

7. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.

8. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കുകടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

9. വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി & സി) റവന്യൂ വരുമാനം കുറയുന്നതിനുള്ള ഒരു കാരണം അഴിമതിയും കെടുകാര്യസ്ഥതയുമാണ്. അഴിമതിക്കെതിരായ ശക്തമായ നടപടി സ്വീകരിച്ചും ആധുനീകരണം ശക്തിപ്പെടുത്തിയും ഇതിന് തടയിടാനാണ് ശ്രമിക്കുന്നത്.

**ഫാമിലി പെൻഷൻ**

151 (2356) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുശ്ശേരിമുക്ക് അഞ്ജലി നിവാസിൽ സരളാദേവി ആർ.-ന് ഫാമിലി പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് സബ് ട്രഷറി ഓഫീസർ, നെടുമങ്ങാടിന് നൽകിയ അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഫയൽ ജില്ലാ ട്രഷറിയിൽനിന്നും അക്കൗണ്ടന്റ് ജനറലിന് അയച്ചുവോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) ബന്ധപ്പെട്ട ഫയൽ നമ്പരും തീയതിയും വ്യക്തമാക്കുമോ;

(ഡി) നാളിതുവരെ അക്കൗണ്ടന്റ് ജനറലിന് അയച്ചിട്ടില്ലെങ്കിൽ എന്ത് കൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് സബ്ട്രഷറിയിൽനിന്നും ജൂനിയർ അക്കൗണ്ടന്റായി വിരമിച്ച അന്തരിച്ച ഉണ്ണികൃഷ്ണൻ നായരുടെ സഹധർമ്മിണി ശ്രീമതി ആർ. സരളാദേവി (അഞ്ജലി നിവാസ്, പുതുശ്ശേരിമുക്ക്) ട്രഷറിയിൽ 10-2-2017-ന് സമർപ്പിച്ച അപേക്ഷ സബ് ട്രഷറി ഓഫീസർ തുടർ നടപടികൾക്കായി കാട്ടാക്കട ജില്ലാ ട്രഷറി ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുള്ളതായി ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) കാട്ടാക്കട ജില്ലാ ട്രഷറിയിൽനിന്നും അപേക്ഷ 28-2-2017-ന് അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) എ 2/1386/2010 തീയതി 28-2-2017

(ഡി) ബാധകമല്ല.

**നോട്ട് റദ്ദാക്കൽ നടപടി**

152 (2357) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് റദ്ദാക്കൽ നടപടിമൂലം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ചയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ 2015 ഡിസംബറിനെ അപേക്ഷിച്ച് 2016 ഡിസംബറിൽ എത്ര ശതമാനം കുറവാണ് ഈ രംഗത്ത് ഉണ്ടായിട്ടുള്ളത്;

(സി) വാണിജ്യ നികുതി പിരിവിനെയും നോട്ട് റദ്ദാക്കൽ നടപടി ബാധിക്കുകയുണ്ടായോ;

(ഡി) എങ്കിൽ 2015 ഡിസംബറിനെ അപേക്ഷിച്ച് 2016 ഡിസംബറിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഈ രംഗത്ത് രേഖപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## നികുതി വിഹിതത്തിലും ഗ്രാന്റുകളിലുമുണ്ടായ വർദ്ധനവ്

153 (2358) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ അനുസരിച്ച് സംസ്ഥാനത്തിന് നികുതി വിഹിതത്തിലും ഗ്രാന്റുകളിലുമായി ഈ സാമ്പത്തിക വർഷത്തിൽ എത്ര ലഭിച്ചുവെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഈ വർഷം എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാന നികുതിയിതര വരുമാനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം എത്ര തുകയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് എന്നും ഇതിൽ പൊതു മേഖലാ സ്ഥാപനങ്ങളുടെ വിഹിതം എത്രയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്രധനകാര്യ കമ്മീഷന്റെ ശിപാർശ അനുസരിച്ച് സംസ്ഥാനത്തിന് നികുതി വിഹിതത്തിലും ഗ്രാന്റുകളിലുമായി ഈ സാമ്പത്തികവർഷം ഇതുവരെ ലഭിച്ചതും, കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു:

| ഇനം | 4/2015 മുതൽ 3/2016 വരെ | 4/2016 മുതൽ 1/3/2017 വരെ | വർദ്ധനവ് |
|---|---|---|---|
| നികുതി വിഹിതം | 12690.67 | 13085.22 | സാമ്പത്തിക വർഷം പൂർത്തിയായാൽ മാത്രമേ വർദ്ധനവ് കണക്കാക്കുവാൻ കഴിയുകയുള്ളൂ. |
| ഗ്രാന്റ് | | | |
| a.വരുമാനകമ്മി നികത്തുന്നതിനുള്ള ഗ്രാന്റ് | 4640.00 | 3070.87 | |
| b. ദുരന്തനിവാരണം | 138.75 | 72.75 | |
| c. തദ്ദേശ സ്വയംഭരണ ഗ്രാന്റ് | 785.42 | 687.48 | |

(ബി) നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെ സംസ്ഥാനത്തിന് ലഭിച്ച നികുതിയേതര വരുമാനത്തിൽ കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിലെ വരുമാനത്തെ അപേക്ഷിച്ച് 746.13 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016 ഡിസംബർ 31 വരെ ആകെ ലഭിച്ച നികുതിയേതര വരുമാനമായ 5277.54 കോടി രൂപയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതം 122.02 കോടി രൂപയാണ്.

## കിഫ്ബി പ്രോജക്ടുകൾ

154 (2359) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 33 പ്രോജക്ടുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിച്ചിരുന്നോ;

(ബി) ഇതിനായി 2500 കോടി രൂപ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നോ; എങ്കിൽ ഈ 33 പദ്ധതികളിൽ എത്രയെണ്ണത്തിന്റെ പ്രവൃത്തികൾ ഇതിനകം ആരംഭിച്ചു; വിശദാംശങ്ങൾ നൽകുമോ;

(സി) കടപ്പത്രങ്ങൾവഴി കിഫ്ബിക്ക് ഇതിനകം എത്ര രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) എത്ര കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം കിഫ്ബിയിൽ ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. ഇതനുസരിച്ച് കിഫ്ബിയുടെ വെബ്സൈറ്റിൽ ഭരണ വകുപ്പ് ഓൺലൈനായി സമർപ്പിച്ച പദ്ധതികളിൽ 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന പ്രകാരം യോഗ്യമായ 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികളാണ് 7-11-2016-ൽ കൂടിയ കിഫ്ബോർഡിന്റെ 27-ാമത് ബോർഡ് യോഗം ഒന്നാം ഘട്ടമായി അംഗീകരിച്ചത്. അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിശദമായ ബജറ്റ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾ നിലവിൽ കിഫ്ബി വഴി നടപ്പിലാക്കുന്നില്ല.

(സി) 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ അംഗീകരിച്ചു. ടി പദ്ധതികളുടെ നടപ്പാക്കലിനായി ആദ്യ ഗഡു നൽകുന്നതിന് കിഫ്ബി ഇപ്പോൾ പ്രാപ്തമാണ്. ടി ബോർഡ് യോഗം കടപ്പത്രം വഴി 2000 കോടി രൂപ സമാഹരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതിന്റെ തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ഫണ്ട് ആവശ്യമായി വരുന്ന മുറയ്ക്ക് കടപ്പത്രം പുറപ്പെടുവിക്കുന്നതാണ്.

(ഡി) 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക നിക്ഷേപ പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പിലാക്കിവരുന്നത്. 8-8-2016-ലെ തീയതിലെ സ.ഉ.(കൈ) 315/2016/ധന. പ്രകാരം കിഫ്ബിയിലേയ്ക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പൂർത്തീകരിച്ച് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടുള്ള പദ്ധതികൾക്ക് 7-11-2016-ൽ കൂടിയ കിഫ്ബോർഡിന്റെ 27-ാമത് യോഗം അംഗീകാരം നൽകിയിട്ടുണ്ട്. 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ ബോർഡ് യോഗം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അടങ്ങിയ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**നോട്ട് അസാധുവാക്കൽമൂലമുണ്ടായ വരുമാന നഷ്ടം**

155 (2360) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോട്ട് അസാധുവാക്കൽമൂലം സംസ്ഥാനത്തിനുണ്ടായ വരുമാനനഷ്ടം വികസനപ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

നോട്ട് അസാധുവാക്കൽമൂലം സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമായുള്ള ദ്വിമുഖ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

<u>ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ :</u>

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്ക് ഉണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തരനടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കാൻ ഇതുമൂലം സാധിച്ചു.
2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.
3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യമുണ്ടാക്കി.
4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

<u>ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ:</u>

1. കറൻസി പിൻവലിക്കൽ ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. നോട്ടുനിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി) നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർ ബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000-ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി വരുംവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

നോട്ട് റദ്ദാക്കിയതുമൂലമുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ഹ്രസ്വകാല നടപടികൾകൊണ്ട് സാധിച്ചിട്ടുണ്ട്. ദീർഘകാല നടപടികളുടെ ഗുണഫലം വരുംദിനങ്ങളിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി

156 (2361) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിപുലീകരണത്തിലൂടെ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ;

(ബി) പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ എത്ര തുക വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് കൊടുക്കുവാനുണ്ടായിരുന്നതും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചതുമടക്കം ഏറനാട് മണ്ഡലത്തിൽനിന്നും ധനസഹായം ലഭിച്ചവരുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ധനകാര്യ വകുപ്പിന്റെയും കെ.ബി.എഫ്. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെയും പ്രത്യേകാനുമതി ലഭിക്കാതെ മാറ്റിവച്ചിരുന്ന അപേക്ഷകളിന്മേൽ ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽനിന്നും പ്രത്യേകാനുമതിയിലൂടെ ചികിത്സാ ധനസഹായത്തിന് അർഹരായവരുടെയും അനുവദിച്ചതും വിതരണം ചെയ്തതും വിതരണം ചെയ്യാനുള്ളതുമായ തുകകളുടെയും വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കാരുണ്യ ചികിത്സാ പദ്ധതിയുടെ പരിധിയിൽ ഏതാനും രോഗാവസ്ഥകളെക്കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലപ്പെടുത്തിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ആരംഭം മുതൽ ഇരുപത്തി ഏഴാം സംസ്ഥാനതല കമ്മിറ്റിവരെ തുക വിതരണം ചെയ്തതിന്റെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) മണ്ഡലം തിരിച്ച് വിവരം ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 4-8-2016-ന് ചേർന്ന 25-ാമത് സംസ്ഥാനതല കമ്മിറ്റി തീരുമാനം നമ്പർ 25/14 അനുസരിച്ച് മാറ്റി വച്ചിരുന്ന പ്രത്യേക അനുമതി ലഭിച്ച അപേക്ഷകളിന്മേൽ തീരുമാനം എടുക്കുന്നതിന് കാരുണ്യ അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇപ്രകാരം ലഭിച്ച അപേക്ഷകൾ ഡോക്ടർമാരുടെ സബ് കമ്മിറ്റി പരിശോധന പൂർത്തിയാക്കുകയും സഹായം അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽനിന്നും പ്രത്യേകാനുമതിയിലൂടെ ചികിത്സാ ധനസഹായത്തിന് അർഹരായവരുടെയും തുക അനുവദിച്ചവരുടെയും പേരുവിവരം ചുവടെ ചേർക്കുന്നു:

1. ശ്രീ. സാദിക്ക് അലി: (കാഞ്ഞിരാല ഹൗസ്, വാലില്ലാപ്പുഴ, ഏറനാട്, മലപ്പുറം) ചികിത്സാ ബില്ലുകളുടെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷം രൂപവരെ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

2. ശ്രീ. മൻസൂർമോൻ കെ. ഇ.:(മേലേപ്പറമ്പിൽ ഹൗസ്, കിഴുപ്പറമ്പ, ഏറനാട്, മലപ്പുറം ) ചികിത്സാ ബില്ലുകളുടെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷം രൂപ വരെ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

3. ശ്രീ. പി. മൊയ്തീൻകുട്ടി: (പാലപ്പൊറ്റ, പന്നിപ്പാറ, ഏറനാട്, മലപ്പുറം) 65,000 രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

4. ശ്രീ. സുരേഷ് കുമാർ:(മുണ്ടയിൽ, ചെമ്പ്രശ്ശേരി, ഏറനാട്) 42,000 രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞിരിക്കുന്ന അപേക്ഷകൾക്ക് തുക വിതരണം ചെയ്യാനാവശ്യമായ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്. രേഖകൾ ലഭ്യമായാൽ ഉടൻതന്നെ ചികിത്സ ധനസഹായം വിതരണം ചെയ്യുന്നതാണ്.

ശ്രീ. ഖാലിദ് :(താന്നിക്കുണ്ടിൽ, ആലിൻചുവട്, കിഴിശ്ശേരി, കുഴിമണ്ണ, മലപ്പുറം) എന്നയാളുടെ അപേക്ഷ ഡോക്ടേഴ്സ് സബ് കമ്മിറ്റിയുടെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഡോക്ടേഴ്സ് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ അടുത്ത സംസ്ഥാനതല കമ്മിറ്റിയിൽ അപേക്ഷ പരിഗണിക്കുന്നതാണ്.

**മാനുഷിക വികസന സൂചിക**

157 (2362) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളുടെ താഴ്ന്ന വരുമാനവും ഉയർന്ന വരുമാനവും തമ്മിലുള്ള അന്തരം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) മാനുഷിക വികസന സൂചിക അനുസരിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണെന്നും അതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2015-16 വർഷത്തെ എക്കണോമിക് റിവ്യൂ പ്രകാരം സംസ്ഥാനത്തെ ജില്ലാടിസ്ഥാനത്തിലുള്ള ഉയർന്ന ആളോഹരി വരുമാനവും താഴ്ന്ന ആളോഹരി വരുമാനവും തമ്മിലുള്ള അന്തരം 60943 രൂപയാണ്. മുൻ പ്ലാനിംഗ് കമ്മീഷന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് മാൻപവർ റിസർച്ചിന്റെ 2011-ലെ റിപ്പോർട്ട് അനുസരിച്ച് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മാനുഷിക വികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനത്താണുള്ളത്. (0.790)

**ആറന്മുള നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

158 (2363) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് പ്രകാരം ആറന്മുള നിയോജക മണ്ഡലത്തിൽ 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിർവ്വഹണം ആരെല്ലാംവഴി ആയിരുന്നു എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ - സി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കേന്ദ്ര നികുതി വിഹിതത്തിൽ വർദ്ധനവ്**

159 (2364) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര നികുതി വിഹിതം, ഗ്രാന്റുകൾ, പ്ലാൻ ഗ്രാന്റ് തുടങ്ങിയവയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഓരോ ഇനത്തിലും ഉണ്ടായ വർദ്ധനവ് വ്യക്തമാക്കാമോ;

(ബി) നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ലോട്ടറി, വാഹന നികുതി എന്നിവ ഒഴിച്ചുള്ള നികുതികളുടെ പിരിവ് ഊർജ്ജിതമാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) വ്യാപാരികൾ നൽകുന്ന കണക്കുകളുടെ പരിശോധനയും ചെക്ക്പോസ്റ്റുകളിലെ പരിശോധനയും കർശനമാക്കിക്കൊണ്ടും ഇ-ഗവേണൻസ് വഴിയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര നികുതിവിഹിതത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര നികുതി വിഹിതം, ഗ്രാന്റുകൾ, പ്ലാൻ ഗ്രാന്റ് തുടങ്ങിയവയുടെ വിവരം താഴെച്ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ഇനം | 4/2015 മുതൽ 3/2016 വരെ | 4/2016 മുതൽ 1/3/2017 വരെ | വർദ്ധനവ് |
|---|---|---|---|
| 1. നികുതി വിഹിതം | 12690.67 | 13085.22 | സാമ്പത്തിക വർഷം പൂർത്തിയായാൽ മാത്രമേ യഥാർത്ഥ വർദ്ധനവ് കണക്കാക്കുവാൻ കഴിയുകയുള്ളൂ. |
| 2. ഗ്രാന്റ് | | | |
| (a) വരുമാനകമ്മി നികത്തുന്നതിനുള്ള ഗ്രാന്റ് | 4640 | 307.87 | |
| (b) ദുരന്തനിവാരണം | 138.75 | 72.75 | |
| (c) തദ്ദേശ സ്വയം ഭരണ ഗ്രാന്റ് | 785.42 | 687.48 | |
| 3. പ്ലാൻ ഗ്രാന്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2014-15-ൽ പ്ലാൻ ഗ്രാന്റ് 5523.89 കോടി രൂപയും 2015-16-ൽ 3743.98 കോടി രൂപയും ആണ്. 2016-17 സാമ്പത്തിക വർഷത്തെ കണക്ക് ലഭ്യമായിട്ടില്ല. | | | |

(ബി) നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വകുപ്പ് തിരിച്ച് താഴെ കൊടുത്തിരിക്കുന്നു:

1. വാണിജ്യ നികുതി വകുപ്പ്: നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

2. രജിസ്ട്രേഷൻ വകുപ്പ്: രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസ്സുകളുടെ അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു. വിലയാധാരങ്ങളുടെയും കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.

3. ലാന്റ് റവന്യൂ വകുപ്പ്: ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസീൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസീൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾകൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലാ ഓഫീസറുടെ സേവനംകൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 1-8-2016 മുതൽ താലൂക്ക്-ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

4. എക്സൈസ് വകുപ്പ്: എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

5. മോട്ടോർ വാഹന വകുപ്പ്: മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കൽ തുടങ്ങിയ നടപടികൾ ചെയ്തുവരുന്നുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

(സി) നികുതി പിരിവ് ഊർജ്ജിതമാകാത്തതായി കരുതുന്നില്ല. 2006-2011 കാലത്തെ അപേക്ഷിച്ച് 2011-2016 കാലത്ത് വാണിജ്യനികുതി വരുമാന വളർച്ചാനിരക്ക് താഴ്ന്നിരുന്നു. ഈ പ്രവണതയ്ക്ക് അറുതി വരുത്തി വളർച്ചാനിരക്ക് വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യമാണ് ഈ സർക്കാർ മുന്നോട്ടുവച്ചത്. വാണിജ്യനികുതി വരുമാന വളർച്ചാനിരക്ക് വർദ്ധനവ് പ്രകടമാകുകയും ചെയ്തു. എന്നാൽ ഡീ-മോണിറ്റൈസേഷൻ, വർദ്ധനയുടെ ഈ പ്രവണതയെ താൽക്കാലികമായെങ്കിലും തടഞ്ഞുവെന്നതാണ് പ്രശ്നം.

(ഡി) 1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിണി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെഅപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

4. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

5. റിട്ടേൺ സ്കൂട്ടിണി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും

6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കാരുണ്യ ബെനവലന്റ് ഫണ്ട് വിതരണം**

160 (2365) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് വിതരണത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഫണ്ട് സർക്കാർ ആശുപത്രികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ; സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ചെലവേറിയ ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ളവയ്ക്ക് ആനുകൂല്യം ലഭിക്കുമോ;

(ബി) സ്വകാര്യ ആശുപത്രികളിൽ അടിയന്തര ചികിത്സ തേടുന്ന രോഗികളുടെ ശസ്ത്രക്രിയ ചെലവുകൾ ഉൾപ്പെടെയുള്ളവ നൽകാൻ കഴിയുമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വിതരണത്തിന് ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. ഫണ്ട് സർക്കാർ ആശുപത്രികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല. പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് പാക്കേജ് അനുസരിച്ച് സഹായം ലഭിക്കുന്നതാണ്.

(ബി) സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രികളിൽ അടിയന്തര ചികിത്സ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക്, പാക്കേജ് അനുസരിച്ചുള്ള തുകയുടെ അനുമതിപത്രം ആശുപത്രികൾക്ക് നൽകിയതിനുശേഷം മാത്രമേ ചികിത്സ തുടങ്ങാൻ സാധിക്കുകയുള്ളൂ.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

161 (2366) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന എതൊക്കെ ചികിത്സകൾക്കാണ് ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നട്ടെല്ലിന് പരിക്കുപറ്റിയതിന് ഉൾപ്പെടെയുള്ള ചികിത്സകൾക്കുകൂടി ഈ സഹായം ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ ചികിത്സ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നീ അവയവങ്ങൾക്കുള്ള രോഗങ്ങൾ എന്നിവയ്ക്ക് ചികിത്സാ ധനസഹായം ലഭിക്കും.

(ബി) നട്ടെല്ല്, സുഷുമ്നാനാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾക്കുള്ള ചികിത്സയ്ക്ക് ധനസഹായം നൽകിവരുന്നുണ്ട്.

**നോട്ട് അസാധുവാക്കൽ**

162 (2367) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോട്ട് അസാധുവാക്കലുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡ് സംസ്ഥാന സർക്കാരിന് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും അവ പൂർണ്ണമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വിശദമാക്കാമോ?

ഉത്തരം

നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല ദീർഘകാല ആഘാതങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ഇവയാണ്:

1. കറൻസി പിൻവലിക്കൽ ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്നതിൽ പദ്ധതിച്ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താൻ ആവശ്യമായ നടപടിക്രമങ്ങൾക്ക് മുൻഗണന നൽകുക.

2. കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാന സർക്കാരുകളുടെ പദ്ധതിച്ചെലവിൽ കുറവുവരുന്ന തുകയ്ക്ക് പകരമായി ഫണ്ടുകൾ ആവശ്യപ്പെടുക.

3. കമ്പോളത്തിൽനിന്ന് ലോണുകൾ എടുക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള പരിധി കേന്ദ്ര സർക്കാർ ഉയർത്തി നൽകുക.

4. പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ഏജൻസികളും കഴിയുന്നതും സഹകരണ സംഘങ്ങൾവഴി പണമിടപാടുകൾ നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുക.

5. കോർ ബാങ്കിംഗ് സമ്പ്രദായം അടക്കം സ്വീകരിച്ച് സഹകരണ വായ്പാ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുക.

6. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാര മുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

7. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതോടൊപ്പം സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസിരഹിത ധനവ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുക.

8. കേന്ദ്രം ഒരു 'നോട്ടുറദ്ദാക്കൽ ആഘാത ദുരിതാശ്വാസ ദേശീയ നിധി' (National Demonetisation Impact Relief Fund) രൂപീകരിക്കുക. ഈ പദ്ധതിയിലൂടെ ലഭിക്കുന്ന പണം നോട്ട് റദ്ദാക്കലിലൂടെ ഏറ്റവും കൂടുതൽ കഷ്ടതകൾ അനുഭവിച്ച ജനവിഭാഗത്തിന് നേരിട്ട് ഉപകാരപ്പെടുന്ന രീതിയിൽ ചെലവഴിക്കുക.

പ്രസ്തുത കമ്മിറ്റിയുടെ ചില നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ അധികാര പരിധിക്ക് പുറത്തുള്ളതാകയാൽ മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാരിന് സാധിക്കുകയില്ല. എന്നിരുന്നാലും സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടുകൂടി കണക്കിലെടുത്ത് നോട്ട് നിരോധനത്തെത്തുടർന്നുള്ള ആഘാതം ലഘൂകരിക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കിവരുന്നു.

## സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

163 (2368) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റിയതിലൂടെ സർക്കാരിന് 5.9 കോടി രൂപ അധികം ചെലവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മാസങ്ങളിലെ പെൻഷൻ വിതരണത്തിനാണ് ഈ അധിക തുക ചെലവ് വന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) എങ്കിൽ കോർപ്പറേഷൻ, നഗരസഭ, പഞ്ചായത്ത് തലങ്ങളിൽ യഥാക്രമം എത്ര രൂപ വീതം എന്ന് വ്യക്തമാക്കുമോ;

(ഡി) ഭാവിയിൽ ഈ അപാകത ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ കൈകൊള്ളുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി - ഡി) ബാധകമല്ല.

**കാർഷിക കടങ്ങൾ**

164 (2369) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് വന്നതിനുശേഷം കാർഷിക കടങ്ങൾ എഴുതിത്തള്ളിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം സഹകരണ സംഘങ്ങൾ/ ബാങ്കുകൾ വഴി കാർഷിക കടങ്ങൾ എഴുതിത്തള്ളുന്ന പദ്ധതികൾ ഒന്നും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. എന്നാൽ കേരള കാർഷിക കടാശ്വാസ നിയമം 2006 പ്രകാരം കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് ഇതുവരെ 8.7656643 കോടി രൂപ കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

**എറണാകുളം ജില്ലയിൽ കാരുണ്യ ബെനവലന്റ് സ്കീം**

165 (2370) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുന്ന ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ ആശുപത്രികൾ കാരുണ്യ ബെനവലന്റ് സ്കീമിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളും കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുന്നു. ഈ സ്കീമിൽ ഉൾപ്പെടുന്ന എറണാകുളം ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു *.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ അക്രെഡിറ്റേഷനുവേണ്ടി പുതുതായി ലഭിച്ചിട്ടുള്ള അപേക്ഷകൾ തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

**ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം**

166 (2371) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥർ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-17 കാലഘട്ടത്തിൽ ഇതുസംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് എന്തൊക്കെ നിയമങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) 2016-17 കാലഘട്ടത്തിൽ 31 പരാതികളിന്മേൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് ധനകാര്യ വകുപ്പിന്റെ 24-2-2003-ലെ ജി.ഒ.(എം എസ്.) 113-3/ധന. എന്ന ഉത്തരവ്, 2-8-2008-ലെ 41-8/ധന. സർക്കുലർ എന്നിവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പാറക്കടവ് പാലം**

167 (2372) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പാറക്കടവ് പാലം ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2016-17 ബജറ്റ് സ്പീച്ചിൽ ഉൾപ്പെട്ടതും, സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2016/പി.ഡബ്ല്യൂ.ഡി. തീയതി 31-10-2016 പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളതുമായ പാറക്കടവ് പാലം പത്തനംതിട്ട ജില്ലയിൽ ഉൾപ്പെട്ടതാണ്.

**പെൻഷൻ വിതരണം സംബന്ധിച്ച്**

168 (2373) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പിൽ പണിയെടുക്കുന്ന അറുപത് കഴിഞ്ഞ എല്ലാ തൊഴിലാളികൾക്കും പെൻഷൻ നൽകുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; എത്രപേർക്ക് പെൻഷൻ അനുവദിച്ചുവെന്നും അതിനായി എന്ത് തുക ഇതുവരെ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) അഞ്ചുവർഷത്തിലേറെയായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട എത്രപേർക്കാണ് ഈ സർക്കാർ പെൻഷൻ അനുവദിച്ചത്: വിശദമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

## 'പെൻഷൻ പ്രായം ഏകീകരണം'

169 (2374) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേരത്തെ നടപ്പിലാക്കിയ പെൻഷൻ പ്രായം ഏകീകരണത്തിൽ വിവേചനം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പെൻഷൻ പ്രായം വീണ്ടും ഏകീകരിക്കാൻ ആലോചിക്കുന്നതിന്റെ സാഹചര്യം എന്താണ്; വിശദീകരിക്കുമോ;

(സി) പെൻഷൻ പ്രായം ഏകീകരണം സംബന്ധിച്ച്എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 22-3-2012-ൽ ഏകീകരണം പിൻവലിച്ച് പെൻഷൻ പ്രായം 56 ആയി വർദ്ധിപ്പിച്ചു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ലഭിച്ചിട്ടില്ല.

## മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

170 (2375) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അധ്യാപകരുടെയും ജീവനക്കാരുടെയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് ലഭിക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത് ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന അദ്ധ്യാപകരുടെയും ജീവനക്കാരുടെയും മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റുമായി ബന്ധപ്പെട്ട അപേക്ഷയും അനുബന്ധ രേഖകളും ഭരണ വകുപ്പ് ശിപാർശ സഹിതം ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ ധനപരമായ അംഗീകാരം നൽകുകയാണ് ധനകാര്യ വകുപ്പിൽ ചെയ്തുവരുന്നത്. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അപേക്ഷകളിന്മേൽ ത്വരിതഗതിയിലാണ് നടപടി സ്വീകരിച്ചുവരുന്നത്. ആയതിനാൽ കാലതാമസം നേരിടാറില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഭരണവകുപ്പുവഴി ലഭ്യമാകുന്ന, ഏകദേശം 50% അപേക്ഷകളിലും അനുബന്ധരേഖകളുടെ അഭാവമുള്ളതിനാൽ ന്യൂനത പരിഹരിച്ച് അപേക്ഷ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഫയൽ മടക്കേണ്ടിവരാറുണ്ട്.

(ബി) പ്രതിപൂരണം സംബന്ധിച്ച് ലഭ്യമാകുന്ന അപേക്ഷകളിന്മേലുള്ള ന്യൂനതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

171 (2376) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് നിലവിൽ കിഫ്ബിയുടെ പരിഗണനയിലുള്ളതെന്ന് വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഭരണാനുമതി, വിശദമായ പ്രോജക്ട് റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവയുൾപ്പെടെയുള്ള പദ്ധതി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പ് കിഫ്ബിയുടെ വെബ്സൈറ്റിൽ (www.kiifb.kerala.gov.in) ഓൺലൈനായി സമർപ്പിക്കേണ്ടതുണ്ട്. തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് സമർപ്പിക്കപ്പെട്ട പദ്ധതികൾ കിഫ്ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും, ബോർഡ് അംഗീകാരം നൽകുന്ന പദ്ധതികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവേലിക്കര നൂറനാട് മുക്കാട് തോട് പാലം

172 (2377) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നൂറനാട് മുക്കാട് തോട് പാലത്തിന് 2014-15 -ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ ചുമതല എൽ.എസ്.ജി.ഡി.-യിൽ നിന്നും പൊതുമരാമത്ത് വകുപ്പ് റോഡ്സ് & ബ്രിഡ്ജസ് വിഭാഗത്തിന് നൽകണമെന്നാവശ്യപ്പെട്ട് എം.എൽ.എ നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി, 2016-17-ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരണത്തിനാവശ്യമായ തുക വകയിരുത്തി പൊതുമരാമത്ത് വകുപ്പിന് ചുമതല നൽകുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. G.O(Rt.) No.2271/2014/LSGD തീയതി 28-8-2014 പ്രകാരം നൂറനാട് മുക്കാട് തോട് പാലത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## പഞ്ചായത്ത് വകുപ്പിൽ സ്പാർക്ക് മുഖേന ശമ്പളം

173 (T+ 2378) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പഞ്ചായത്ത് വകുപ്പിനുകീഴിൽ ജോലി ചെയ്യുന്ന മുഴവൻ ജീവനക്കാരെയും സ്പാർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

---

\+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഏതൊക്കെ ഓഫീസുകളാണ് സ്പാർക്ക് മുഖേന ശമ്പളം മാറുന്നതിന് നടപടി സ്വീകരിക്കാത്തത്;

(സി) പെർമനന്റ് എംപ്ലോയി നമ്പർ (PEN) രൂപീകരിക്കാത്തതിനാൽ പി.എഫ്. തുക മാറി നൽകുന്നതിന് ട്രഷറികൾ വിസമ്മതിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ പഞ്ചായത്ത് വകുപ്പിനുകീഴിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരെയും സ്പാർക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പഞ്ചായത്ത് വകുപ്പിൽ തനത് ഫണ്ട് ഉപയോഗിച്ച് ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകിവരുന്ന ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ സ്പാർക്ക് മുഖേനയല്ല ശമ്പളം മാറുന്നത്. IKM വികസിപ്പിച്ച സ്ഥാപന സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്.

(സി) ഉണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ പി.എഫ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസ് മുഖേനയാണ് മാറി നൽകുന്നത്. ടി ജീവനക്കാരുടെ ബില്ലുകൾ ട്രഷറിയിലേയ്ക്ക് ഇ-സബ്മിഷൻ ചെയ്യാൻ സാധിക്കാത്തതിനാൽ ട്രഷറികൾ ബില്ലുകൾ മാറുന്നതിന് വിസമ്മതിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജീവനക്കാർക്ക് പി.എഫ്. തുക മാറി നൽകുവാൻ ഉത്തരവാദിത്തപ്പെട്ട പഞ്ചായത്ത് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ/ഡയറക്ടർതല ഓഫീസുകളിലെ ഡി.ഡി.ഒ.-മാർക്ക് ജീവനക്കാരുടെ PEN generate ചെയ്യുവാനുള്ള സൗകര്യം നിലവിൽ സ്പാർക്കിൽ ലഭ്യമാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

174 (2379) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; പെൻഷൻ പദ്ധതിയിലേക്ക് ഈ സർക്കാർ വന്നതിനുശേഷം എത്ര രൂപയാണ് നിക്ഷേപിച്ചത്;

(ബി) പദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇപ്പോൾ എത്ര ജീവനക്കാരാണ് ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഇല്ല. NSDL-ൽ നിന്നും ലഭ്യമായ പ്രതിമാസ റിപ്പോർട്ട് പ്രകാരം ഈ സർക്കാർ വന്നതിനുശേഷം മേയ് 2016 മുതൽ ജനുവരി 2017 വരെ ആകെ 83.13 കോടി രൂപ സർക്കാർ വിഹിതമായി അടവാക്കിയിട്ടുണ്ട്.

(ബി) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. 2017 ജനുവരിയിലെ കണക്ക് പ്രകാരം സർക്കാരിന് കീഴിൽ ആകെ 45722 പേരാണ് ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

175 (2380) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി ഏർപ്പെടുത്തിയതിന് എതിരെ വിവിധ സർവ്വീസ് സംഘടനകൾ നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതിയെ സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ഏതെങ്കിലും തരത്തിലുള്ള കൂടിയാലോചനകൾ സർക്കാർ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഉറപ്പുകൾ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ-സി) പദ്ധതി സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ഔദ്യോഗിക തലത്തിൽ യാതൊരു തരത്തിലുള്ള ചർച്ചകളും നിലവിൽ ഈ സർക്കാർ നടത്തിയിട്ടില്ല. പദ്ധതി സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആശങ്കകൾ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി അവസാനിപ്പിക്കുന്നതിന് നടപടി**

176 (2381) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലത്ത് അധികാരത്തിലിരുന്ന സർക്കാർ, കേരളത്തിൽ പങ്കാളിത്തപെൻഷൻ പദ്ധതി നടപ്പിലാക്കിയപ്പോൾ, പി എഫ് ആർ ഡി എ ബില്ലിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരുമായി കരാർ ഒപ്പുവച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ കരാറിലെ ദൂഷ്യവശങ്ങളാണോ, ഈ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന് പറഞ്ഞതിന് തടസ്സമായി നിൽക്കുന്നത്;വിശദവിവരം നൽകുമോ;

(സി) കേരളത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) എൻ.പി.എസ് ട്രസ്റ്റുമായും എൻ.എസ്.ഡി.എൽ.-മായും കരാറിൽ ഒപ്പുവെച്ചിരുന്നു. കേന്ദ്രസർക്കാർ നിയമം മൂലം നടപ്പാക്കിയ ഒരു പദ്ധതി ആയതിനാൽ ഇതിൽ ഏതെങ്കിലും തരത്തിലുള്ള ഒരു മാറ്റം വരുത്തണമെങ്കിൽ കേന്ദ്ര സർക്കാരുമായും പി.എഫ്.ആർ.ഡി.എ-യുമായും ആലോചിക്കേണ്ടതും നിയമവശം കൂടി പരിഗണിക്കേണ്ടതുമാണ്. (കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.)

(സി) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ ആഘാതപഠനം

177 (2382) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ഞൂറ്, ആയിരം രൂപ നോട്ടുകളുടെ നിരോധനത്തെത്തുടർന്ന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ആഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നോട്ട് നിരോധനത്തെ തുടർന്നുള്ള ആഘാതം ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല ദീർഘകാല ആഘാതങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തുകൊള്ളുന്നു.*

(ബി) സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച മേൽ കമ്മിറ്റിയുടെ പ്രാഥമിക റിപ്പോർട്ടുകൂടി കണക്കിലെടുത്ത് നോട്ട് നിരോധനത്തെത്തുടർന്നുള്ള ആഘാതം ലഘൂകരിക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ:

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്ക് ഉണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കാൻ ഇതുമൂലം സാധിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി. എസ്. ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

<u>ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ :</u>

1. കറൻസി പിൻവലിക്കൽ ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി.) നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർ ബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000-ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ ബാങ്കിംഗ് നെറ്റ്വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി വരും വർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

**മാവേലിക്കര മണ്ഡലത്തിലെ ആസ്തിവികസന പ്രവൃത്തികൾ**

178(2383) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ 2016-17-ൽ എം.എൽ.എ. ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിക്ക് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വിശദമായി എസ്റ്റിമേറ്റ് സഹിതം സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പിലേയ്ക്ക് നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അംഗവൈകല്യം സംഭവിക്കുന്നവർക്ക് കുടുംബപെൻഷൻ**

179 (2384) ശ്രീ. അടൂർ പ്രകാശ്
ശ്രീ. പി. ടി. തോമസ്
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബ പെൻഷൻ അനുവദിക്കുന്ന കാര്യത്തിൽ അംഗപരിമിതരെ ജന്മനാ ഉള്ളതെന്നും അസുഖം മൂലമുള്ളതെന്നും തരംതിരിച്ച് അസുഖംമൂലവും അപകടംമൂലവും അംഗവൈകല്യം സംഭവിക്കുന്നവർക്ക് കുടുംബപെൻഷൻ നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അപകടംമൂലം അംഗവൈകല്യം സംഭവിക്കുന്നവരുടെയും ഡയബെറ്റിസ്മൂലം അംഗവൈകല്യം സംഭവിക്കുന്നവരുടെയും എണ്ണം വർദ്ധിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേല്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവർക്കുകൂടി കുടുംബ പെൻഷന് അർഹത ലഭിക്കുവാൻ കെ.എസ്.ആർ. പാർട്ട് III, ചട്ടം 90 (6) (ഡി) ഭേദഗതി ചെയ്യുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ ചട്ടപ്രകാരം ജന്മനാ അംഗവൈകല്യമുള്ള മക്കൾക്ക് മാത്രമേ കുടുംബ പെൻഷന് അർഹതയുള്ളൂ.

(ബി) ഇല്ല.

(സി) ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**കിഫ്ബിയുടെ പ്രവർത്തനങ്ങൾക്കായി സമാഹരിച്ച തുക**

180 (2385) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് തുക സമാഹരിച്ചതെന്നും ഇവ തിരികെ നൽകാനുള്ള തുക കണ്ടെത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിൽ എത്ര കോടി രൂപയുടെ പദ്ധതികൾ ഇതുവരെ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പദ്ധതികൾക്കാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്; എത്ര പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

ഉത്തരം

(എ) 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടത്തിപ്പിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2000 കോടിരൂപയിൽ അവശേഷിച്ച 873.85 കോടിരൂപ, പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതിചെയ്ത കിഫ് ആക്ട് 2016-ലെ ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.4 കോടി രൂപയിൽ 28.14 കോടി രൂപയും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 1350.09 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ഇതിനകം ലഭ്യമായിട്ടുണ്ട്. ഇതിനു പുറമേ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനത്തിൽ ശേഷിച്ച തുകയായ 253.29 കോടി രൂപകൂടി കിഫ്ബിക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റിൽ നിന്നുള്ള ധനസഹായമായതിനാൽ ടി തുക തിരിച്ചടയ്ക്കേണ്ടതില്ല. ഈ കാലയളവിൽ ബാങ്കുകളിൽനിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ വായ്പയായോ എതെങ്കിലും ധനസഹായമായോ കിഫ്ബിക്ക് ഫണ്ട് ലഭിച്ചിട്ടില്ല.

(ബി) 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. കിഫ്ബിയിൽ പദ്ധതികൾ സമർപ്പിക്കേണ്ട മാർഗ്ഗരേഖ 8-8-2016-ലെ സ.ഉ (കൈ)നമ്പർ 315/16/ധന. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനനുസൃതമായി ഭരണ വകുപ്പ് കിഫ്ബിയുടെ വെബ് സൈറ്റിൽ ഓൺലൈനായി സമർപ്പിച്ച പദ്ധതികളിൽ, യോഗ്യമായ 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ചതിനു ശേഷമുള്ള ആദ്യ ബോർഡ് യോഗം) ഒന്നാം ഘട്ടമായി അംഗീകരിച്ചു. (അംഗീകരിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു)*. ഈ പദ്ധതികളുടെ നിർവ്വഹണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവിൽ ഇളവ്

181 (2386) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വായ്പ എടുത്തതിനുശേഷം പലകാരണങ്ങൾകൊണ്ട് തിരിച്ചടക്കാൻ പറ്റാത്ത പാവങ്ങൾക്ക് എന്തെങ്കിലും ഇളവ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് മുടങ്ങിയതായി അറിയിപ്പ് ലഭിക്കുന്ന നിവേദനങ്ങളിൽ, നിവേദനത്തിലെ ആവശ്യം അനുഭാവപൂർവ്വം പരിഗണിച്ച് ബാങ്കിന്റെ നിലവിലുള്ള നിയമം അനുസരിച്ച് പരമാവധി പലിശയിളവ് അനുവദിച്ച് കേസ്സ്/റിക്കവറി നടപടികൾ നിർത്തിവച്ച് വായ്പ തിരിച്ചടയ്ക്കാനുള്ള സാവകാശം നൽകണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതിക്കും ബന്ധപ്പെട്ട ബാങ്കിനും നിർദ്ദേശം നൽകാറുണ്ട്. 2017-18 ബജറ്റ് പ്രസംഗത്തിൽ 'Education loan support Scheme' നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## കിഫ്ബിയിൽനിന്നും തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ

182 (2387) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ പരിഗണിക്കപ്പെടേണ്ട പ്രവൃത്തികൾക്ക് ബജറ്റിൽ പ്രൊവിഷൻ ഉണ്ടായിരിക്കണമെന്ന് മാർഗനിർദ്ദേശമുണ്ടോ;

(ബി) പശ്ചിമ കൊച്ചിയിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലെ ഏക റോഡായ തോപ്പുംപടി-ഇടക്കൊച്ചി റോഡിന് സമാന്തരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും വർഷങ്ങളായി കോർപ്പറേഷൻ പണിതുകൊണ്ടിരിക്കുന്നതുമായ നാല്പത് അടി റോഡും (40 ഫീറ്റ് റോഡും), 60 വർഷം പഴക്കമുള്ള അരൂർ പാലത്തിന് സമാന്തരമായി പാലവും കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ സാധിക്കുമോ; എങ്കിൽ സ്വീകരിക്കേണ്ട നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. 8-8-2016-ലെ സ.ഉ.(കൈ) നമ്പർ315/16/ധന. ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ബജറ്റിൽ തുക അനുവദിച്ചിട്ടുള്ള പദ്ധതികൾ കിഫ്ബി മുഖേന പരിഗണിക്കുന്നതല്ല.

(ബി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളാണ് കിഫ്ബിവഴി നിലവിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. പശ്ചിമ കൊച്ചിയിലെ നാല്പത് അടി റോഡും (40 ഫീറ്റ് റോഡും), 60 വർഷം പഴക്കമുള്ള അരൂർ പാലത്തിന് സമാന്തരമായ പാലവും 2016-17-ലെ ബജറ്റ് പ്രസംഗത്തിലെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതല്ല. മാത്രവുമല്ല ടി പദ്ധതികൾക്ക് കിഫ്ബിവഴി സാമ്പത്തിക സഹായം നൽകണമെന്ന ബഹു. മന്ത്രിസഭായോഗം തീരുമാനവും എടുത്തിട്ടില്ല. ആയതിനാൽ കിഫ്ബിവഴി നടപ്പിലാക്കുന്ന പദ്ധതികളുടെ പട്ടികയിൽ ടി പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന. ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ സമർപ്പിച്ച് അവ ബോർഡ് അംഗീകരിക്കുന്ന പക്ഷം കിഫ്ബി ധനസഹായം ലഭിക്കുന്നതാണ്. മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ താഴെ പറയും പ്രകാരമാണ്:

1. വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന് ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള ഭരണാനുമതി അനിവാര്യമാണ്. 100 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽ കുറയാത്ത അടങ്കലുള്ള സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്ക് മുകളിൽ മതിപ്പുതുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.
2. പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവന ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതു

കൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വി.-കളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV-യെ വിഭാവന ചെയ്യുകയോ ചെയ്യാവുന്നതാണ്.

3. എസ്.പി.വി.-കൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെനിന്നും വിദഗ്ദ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RFP) തയ്യാറാക്കുക എന്നത് എസ്.പി.വി.-കളുടെ ചുമതലയാണ്. ഇത് നടപ്പിലാക്കുന്നതിന് എസ്.പി.വി.-കൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെന്ററിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന Consultants-ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ, ഭരണാനുമതി, കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് (CBA) തുടങ്ങിയവ തയ്യാറാക്കുകയും KIIFB-യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.

4. ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്റ്റിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്നപക്ഷം KIIFB ധനസഹായം നൽകുന്നതാണ്.

**സർക്കാർ മേഖലയിലെ ഇൻഷ്വറൻസ് പദ്ധതികൾ**

183 (2388) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ നടത്തിവരുന്ന ഇൻഷ്വറൻസ് പദ്ധതികളെല്ലാം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അവ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങളുടെയും, ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ഇൻഷ്വറൻസ് പദ്ധതികൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ 1-10-2014-ലെ സ.ഉ.(അച്ചടി) നമ്പർ 428/2014/ധന പ്രകാരം സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ജനറൽ ഇൻഷ്വറൻസ് നിർബന്ധമായും ഇൻഷ്വറൻസ് വകുപ്പ് മുഖേന ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന്മേൽ ഉചിതമായ തീരുമാനം പിന്നീട് കൈക്കൊള്ളുന്നതാണ്.

## ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

184 (2389) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അവതരിപ്പിച്ച ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇതുവരെ ആരംഭിക്കാൻ കഴിയാത്ത എത്ര പദ്ധതികളുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഭൂരിഭാഗം പദ്ധതികളും ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആരംഭിക്കുവാൻ കഴിയാത്ത പദ്ധതികളുടെ കൃത്യമായ വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ ജീവനക്കാർക്ക് ചികിത്സാപദ്ധതി**

185 (2390) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കേന്ദ്രസർക്കാർ ജിവനക്കാർക്ക് ലഭിക്കുന്ന രീതിയിൽ ഒരു ചികിത്സാ പദ്ധതി ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ സർക്കാർ ജീവനക്കാർക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമോ;

(സി) ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിപ്പിച്ചിട്ടുണ്ട്.

**സമ്പദ്ഘടനയിലെ മുരടിപ്പ് മാറ്റുന്നതിനായി കൈക്കൊണ്ട നടപടികൾ**

186 (2391) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പദ്ഘടനയിലെ മുരടിപ്പ് മാറ്റുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾമൂലം ദേശീയ ശരാശരിയെക്കാളും പിന്നിലായിരുന്ന നമ്മുടെ സാമ്പത്തിക വളർച്ചയിൽ എന്ത് മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞുവന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ സാമ്പത്തിക വളർച്ചാ നിരക്ക് എത്രയായിരുന്നു; ഇപ്പോഴത്തെ വളർച്ചാ നിരക്ക് എത്രയായിരിക്കുമെന്നാണ്

കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ ആധികാരത്തിൽ വന്നപ്പോൾ നിശ്ചലാവസ്ഥ യിലായിരുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ കൈക്കൊണ്ട നടപടികളിൽ പ്രധാനപ്പെട്ടവ ഇവയാണ്:

I. മൂലധന ചെലവിനായി വിപണിയിൽനിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കാനും 2016-17 ബജറ്റിൽ വ്യവസ്ഥ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

II. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഇൻഫ്രാസ്ട്രക്ചർ ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു.

III. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിനുപുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്.

IV. ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീട്ടിലെത്തിക്കുക എന്ന വാഗ്ദാനം പാലിക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

V. 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

VI. 24,000 കോടി രൂപയുടെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

VII. വൈദ്യുതി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും ഊർജ്ജ

ഇവാക്വേഷൻ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനും വിതരണ – പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

VIII. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിച്ചു.

IX. 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ പൂർണ്ണതോതിൽ അനുവദിച്ചു.

(ബി & സി) ഈ സർക്കാർ അധികാരത്തിൽ വന്നത് 2016 മേയ് മാസത്തിലാണ്. അതിനുശേഷം കൈക്കൊണ്ട മേൽ പ്രതിപാദിച്ച നടപടികളുടെ ഫലങ്ങൾ സമ്പദ്ഘടനയിൽ ദൃശ്യമായി തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നത് നടപ്പു സാമ്പത്തിക വർഷം (2016-17) മുതലാണ്. എന്നാൽ സാമ്പത്തിക വർഷം പൂർത്തിയാകാത്ത പശ്ചാത്തലത്തിൽ 2016-17-ലെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ സാമ്പത്തിക വളർച്ചാ നിരക്ക് 2012-13-ൽ 6.50 ശതമാനവും 2014-15-ൽ 7.31 ശതമാനവും (താത്കാലിക കണക്കുകൾ പ്രകാരം) 2015-16-ൽ (ത്വരിത കണക്കുകൾ പ്രകാരം) 8.10 ശതമാനവുമാണ്.

**അദ്ധ്യാപകരുടെയും സർക്കാർ ഉദ്യോഗസ്ഥരുടെയും അപകട ഇൻഷ്വറൻസ് പദ്ധതി**

187 (2392) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപരുടെയും സർക്കാർ ഉദ്യോഗസ്ഥരുടെയും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏതു തരം അപകടങ്ങൾക്കാണ് ധനസഹായം നൽകി വരുന്നത്;

(ബി) ധനസഹായ തുക വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 23-11-2010-ലെ സ.ഉ.(അച്ചടി) നമ്പർ 616/2010/ധന. 3-1-2012-ലെ സ.ഉ.(അച്ചടി) നമ്പർ 606/2012/ധന. 13-11-2013-ലെ സ.ഉ.(അച്ചടി) നമ്പർ 555/2013/ധന. എന്നിവ പ്രകാരം റോഡപകടങ്ങൾ, ജോലിക്കിടയിലുണ്ടാകുന്ന അപകടങ്ങൾ, ഏതെങ്കിലും ജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന അപകടങ്ങൾ എന്നിവയ്ക്കാണ് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നത്. ഈ പദ്ധതി പ്രകാരം അംഗമായിട്ടുള്ള ജീവനക്കാർക്ക് അപകടംമൂലം മരണം സംഭവിക്കുന്ന സാഹചര്യത്തിലും അപകടംമൂലം കൈ, കാൽ, കണ്ണ് ഇവയിലേതെങ്കിലും ഒരവയവം നഷ്ടപ്പെടുന്ന സാഹചര്യത്തിലും മദ്യം, മയക്കുമരുന്ന് എന്നിവയുടെ സ്വാധീനത്തോടെയല്ലാതെ സംഭവിക്കുന്ന അപകടത്തെ തുടർന്ന് പക്ഷാഘാതം വന്ന് ശിഷ്ടകാലം വീൽ ചെയറിൽ ആകുന്ന സാഹചര്യത്തിലും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു.

(ബി) ധനസഹായ തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കടപ്പത്രങ്ങൾ വഴി വായ്പ**

188 (2393) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കടപ്പത്രങ്ങൾവഴിയും മറ്റും വായ്പയെടുത്തതിൽ മൂലധന ചെലവിനായി മുടക്കിയത് എത്രയാണ് ; ആകെ കടം വാങ്ങിയതിന്റെ എത്ര ശതമാനം വരും ഇത് എന്ന് അറിയിക്കുമോ;

(ബി) സർക്കാരിന്റെ ദൈനംദിന ചെലവിന് വായ്പ എടുത്ത തുക വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കടമെടുത്ത തുകയുടെ എത്ര ശതമാനം ഇക്കാര്യത്തിനായി വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 31-12-2016 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൂലധന ചെലവ് 4535.63 കോടി രൂപയാണ്. ഇതേ കാലയളവിൽ കടപ്പത്രങ്ങൾ മുഖേന സമാഹരിച്ചതടക്കം 16136.92 കോടി രൂപ സംസ്ഥാനം വായ്പയായി എടുത്തിട്ടുണ്ട്. മൂലധന ചെലവ് വായ്പയുടെ 28.11 ശതമാനം വരും.

(ബി) വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം സർക്കാരിന്റെ

ദൈനംദിന ചെലവിന് വിനിയോഗിക്കാറുണ്ട്. വായ്പയെടുത്ത മുഴവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റ് വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം**

189 (2394) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ക്ഷേമനിധി പെൻഷൻ വാങ്ങുന്ന എത്രപേർ സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ക്ഷേമനിധി പെൻഷനും സാമൂഹ്യസുരക്ഷാ പെൻഷനും ഒരുമിച്ച് വാങ്ങുവാൻ അനുവാദം ഉണ്ടായിരുന്നോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രത്യേക അനുമതികളൊന്നും നൽകിയിരുന്നില്ല.

**ചരക്ക് സേവനനികുതി രജിസ്ട്രേഷൻ**

190 (2395) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്ക്സേവനനികുതി രജിസ്ട്രേഷൻ പൂർത്തിയാക്കിയ വ്യാപാരികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം പേർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്ട്രേഷന് വിമുഖത കാണിക്കുന്ന വ്യാപാരികളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ പൂർത്തിയാക്കിയവരുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളുടെ

എണ്ണവുമായി താരതമ്യം ചെയ്തിട്ടുണ്ടോ;

(ഡി) ജി.എസ്.ടി. രജിസ്ട്രേഷൻ സമ്പൂർണ്ണമാക്കിയ ആദ്യ സംസ്ഥാനമെന്ന പദവി നേടിയെടുക്കുന്നതിന് സംസ്ഥാനം ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ രജിസ്ട്രേഷൻ പൂർത്തിയാക്കാത്ത വ്യാപാരികളെ മുഴുവൻ രജിസ്റ്റർ ചെയ്യിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2017 മാർച്ച് മാസം ഒന്നാം തീയതി വരെയുള്ള കണക്കനുസരിച്ച് 1,54,647 വ്യാപാരികൾ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുവരെ 60.64% പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. ആകെ 34 സംസ്ഥാനങ്ങളിൽ (കേന്ദ്ര ഭരണ പ്രദേശങ്ങൾ ഉൾപ്പെടെ) രജിസ്ട്രേഷൻ പൂർത്തിയാക്കിയവരുടെ ശതമാനം കേരളത്തിനേക്കാൾ കുറവാണ്. ജി.എസ്.ടി. രജിസ്ട്രേഷൻ നടപടികൾ 2016 നവംബർ 8-നാണ് ആരംഭിച്ചത്. എന്നാൽ കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വ്യാപാരികൾക്ക് ഇതിനുള്ള അവസരം 2017 ജനുവരി 1 മുതലാണ് ലഭ്യമാക്കിയത്.

(ഡി) ഉണ്ട്. രജിസ്ട്രേഷൻ പൂർത്തിയാക്കാത്ത വ്യാപാരികളുടെ ലിസ്റ്റ് തയ്യാറാക്കി അതാത് ജില്ലാ ആഫീസുകളിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ടി വ്യാപാരികളെ നേരിട്ട് ബന്ധപ്പെട്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ എടുത്തു വരുന്നു. കൂടാതെ പത്രദ്വാരയും ആകാശവാണി മുഖേനയും ഇത് സംബന്ധിച്ച പരസ്യം ഉടനടി നൽകുന്നതാണ്. രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ച സമയത്ത് ഇപ്രകാരം പരസ്യം നൽകിയിരുന്നതിന് പുറമേയാണിത്.

**ഉപഭോക്തൃ സമിതികൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുന്ന**

## പ്രവൃത്തികള്‍

191 (2396) ശ്രീ. കെ. കുഞ്ഞിരാമന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകള്‍ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളില്‍ എത്ര ലക്ഷം രൂപവരെയുള്ളവയാണ് നിലവില്‍ ഗുണഭോക്തൃ സമിതികള്‍ക്ക് ഏറ്റെടുത്ത് നടപ്പിലാക്കാന്‍ സാധിക്കുന്നത്; വിശദാംശങ്ങള്‍ അറിയിക്കാമോ;

(ബി) ഗുണഭോക്തൃ സമിതികള്‍ക്ക് ഏറ്റെടുത്ത് നടത്താന്‍ സാധിക്കുന്ന പ്രവൃത്തികളുടെ തുക വര്‍ദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന അഞ്ച് ലക്ഷം രൂപവരെയുള്ള പ്രവൃത്തികളും എം.എല്‍.എ. ഫണ്ട് ഉപയോഗിച്ചുചെയ്യുന്ന അഞ്ച് ലക്ഷം രൂപ വരെയുള്ള പ്രവൃത്തികളും നിലവില്‍ ഗുണഭോക്തൃ സമിതികള്‍ക്ക് ഏറ്റെടുത്ത് നടപ്പിലാക്കാന്‍ സാധിക്കും.

(ബി) അഞ്ച് ലക്ഷം രൂപയോ അതിനുമുകളിലോഉള്ള പ്രവൃത്തികള്‍ക്ക് ഇ-ടെണ്ടര്‍ നിര്‍ബന്ധമാണ്. അതിനാല്‍ ഗുണഭോക്തൃ സമിതികള്‍ക്ക് ഏറ്റെടുത്ത് നടത്താന്‍ സാധിക്കുന്ന പ്രവൃത്തികള്‍ക്ക് നിശ്ചയിച്ചിരിക്കുന്ന അഞ്ച് ലക്ഷം രൂപ എന്ന പരിധി ഉയര്‍ത്താനാകില്ല.

## 2016-17 സാമ്പത്തിക വര്‍ഷത്തെ വാര്‍ഷിക പദ്ധതി

192 (2397) ശ്രീ. വി. എസ്. ശിവകുമാര്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2016-17 സാമ്പത്തിക വര്‍ഷത്തെ വാര്‍ഷിക പദ്ധതിയില്‍ ജനുവരി 31 വരെ എത്ര ശതമാനം തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ; 2015-16 സാമ്പത്തിക വര്‍ഷം വാര്‍ഷിക പദ്ധതിയില്‍ 2016 ജനുവരി 31 വരെ എത്ര ശതമാനം തുകയാണ് ചെലവഴിച്ചതെന്നും വിശദമാക്കാമോ;

(ബി) പദ്ധതി വിനിയോഗത്തില്‍ കുറവുണ്ടായിട്ടുണ്ടെങ്കില്‍ ആയതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ജനവരി 31 വരെ 43% തുകയാണ് ചെലവഴിച്ചത്. 2015-16 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ 2016 ജനവരി 31 വരെ 46% തുകയാണ് ചെലവഴിച്ചത്.

(ബി) 2016-17 സാമ്പത്തിക വർഷാരംഭത്തിൽ നിയമസഭ ഇലക്ഷൻ നടക്കുകയും തുടർന്ന് അധികാരമേറ്റ സർക്കാർ പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് വിവിധ വകുപ്പുകൾക്ക് ആവശ്യമായ തുക അനുവദിക്കുകയും ചെയ്യുന്നതിനുണ്ടായ കാലതാമസം പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നോട്ടുനിരോധനംമൂലം വിഭവ സമാഹരണത്തിൽ വൻ ഇടിവ് ഉണ്ടായതായി സംസ്ഥാന ആസൂത്രണ ബോർഡ് നടത്തിയ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്. ഇക്കാരണങ്ങളാലാണ് പദ്ധതി വിനിയോഗത്തിൽ കുറവുണ്ടായത്.

## SLI പോളിസികൾ

193 (2398) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻഷ്വറൻസ് വകുപ്പിൽ നിലവിൽ എത്ര SLI പോളിസികൾ നൽകിയിട്ടുണ്ട് എന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) വകുപ്പിൽ നിലവിൽ എത്ര GIS അംഗങ്ങൾ ഉണ്ട്; ജില്ല തിരിച്ച് അറിയിക്കുമോ;

(സി) വകുപ്പ് മുഖേന എത്ര SLI പോളിസി സർട്ടിഫിക്കറ്റുകളും പാസ് ബുക്കുകളും പോളിസി ഉടമകൾക്ക് നൽകാൻ ബാക്കിയുണ്ട് എന്നത് ജില്ല തിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഇൻഷ്വറൻസ് വകുപ്പിൽ നിലവിലുള്ള SLI പോളിസികൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 295280 |
| 2 | കൊല്ലം | 44563 |
| 3 | പത്തനംതിട്ട | 32908 |
| 4 | ആലപ്പുഴ | 4557 |
| 5 | കോട്ടയം | 70260 |
| 6 | ഇടുക്കി | 26904 |
| 7 | എറണാകുളം | 68170 |
| 8 | തൃശ്ശൂർ | 59732 |
| 9 | പാലക്കാട് | 55171 |
| 10 | മലപ്പുറം | 79393 |
| 11 | കോഴിക്കോട് | 51981 |
| 12 | വയനാട് | 20144 |
| 13 | കണ്ണൂർ | 42998 |
| 14 | കാസർഗോഡ് | 27938 |
| | ആകെ | 879999 |

(ബി) സംസ്ഥാനത്തെ ഇൻഷ്വറൻസ് വകുപ്പിൽ 423407 GIS അംഗങ്ങൾ ഉണ്ട്. ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 39097 |
| 2 | കൊല്ലം | 27241 |
| 3 | പത്തനംതിട്ട | 19604 |
| 4 | ആലപ്പുഴ | 32133 |

| (1) | (2) | (3) |
|---|---|---|
| 5 | കോട്ടയം | 22026 |
| 6 | ഇടുക്കി | 15756 |
| 7 | എറണാകുളം | 47875 |
| 8 | തൃശ്ശൂർ | 40618 |
| 9 | പാലക്കാട് | 33779 |
| 10 | മലപ്പുറം | 50750 |
| 11 | കോഴിക്കോട് | 32770 |
| 12 | വയനാട് | 10706 |
| 13 | കണ്ണൂർ | 42634 |
| 14 | കാസർഗോഡ് | 8418 |
| | ആകെ | 423407 |

(സി) ഇൻഷ്വറൻസ് വകുപ്പ് മുഖേന പോളിസി സർട്ടിഫിക്കറ്റുകളും പാസ് ബുക്കുകളും പോളിസി ഉടമകൾക്ക് നൽകാനുള്ളതിന്റെ ജില്ല തിരിച്ചുള്ളവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 16070 |
| 2 | കൊല്ലം | 7342 |
| 3 | പത്തനംതിട്ട | 11250 |
| 4 | ആലപ്പുഴ | 6544 |
| 5 | കോട്ടയം | 9618 |
| 6 | ഇടുക്കി | 7714 |
| 7 | എറണാകുളം | 13010 |
| 8 | തൃശ്ശൂർ | 11557 |
| 9 | പാലക്കാട് | 8502 |

| (1) | (2) | (3) |
|---|---|---|
| 10 | മലപ്പുറം | 19570 |
| 11 | കോഴിക്കോട് | 11567 |
| 12 | വയനാട് | 2713 |
| 13 | കണ്ണൂർ | 10709 |
| 14 | കാസർഗോഡ് | 4309 |
| | ആകെ | 140475 |

**കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ**

194 (2399) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ബി.സത്യൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പ് മുഖേന പൊതുജനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന തരത്തിലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വകുപ്പിനെ സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഇൻഷ്വറൻസ് കമ്പനിയായി രൂപാന്തരപ്പെടുത്തി മറ്റു ഇൻഷ്വറൻസ്/ബിസിനസ്സ് മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ച് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഇടപെടാൻ പ്രാപ്തമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. വകുപ്പിൽനിന്നും സമർപ്പിക്കുന്ന വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സർക്കാർ തലത്തിൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. കൂടാതെ വകുപ്പിന്റെ വിവിധ ബിസിനസുകൾ, കമ്പ്യൂട്ടർവൽക്കരണം, ക്ലെയിം തീർപ്പാക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ സമയാസമയങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാന സർക്കാരിന് കീഴിലുള്ള സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെയും, ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുന്നതിന് മാത്രമേ ഇൻഷ്വറൻസ് ആക്ട് പ്രകാരവും ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും അനുമതി ലഭിച്ചിട്ടുള്ളൂ. പൊതു ജനങ്ങളിൽനിന്ന് നേരിട്ട് പ്രീമിയം സ്വീകരിച്ചുകൊണ്ടുള്ള ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്കരിക്കാൻ ഇൻഷ്വറൻസ് വകുപ്പിന് ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതിയില്ല.

(സി) 1-10-2014-ലെ സ.ഉ(അച്ചടി)നമ്പർ 428/2014/ധന പ്രകാരം സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ജനറൽ ഇൻഷ്വറൻസ് വകുപ്പ് മുഖേന ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് വകുപ്പിന്റെ ബിസിനസ് മെച്ചപ്പെടുത്തുന്നതിനായി 8-8-2016-ലെ സ.ഉ.(സാധാ.) 6610/2016/ധന. പ്രകാരം ഒരു ഇൻഷ്വറൻസ് കൺസൾട്ടന്റിനെ നിയമിക്കാൻ തീരുമാനമായിട്ടുണ്ട്. ടിയാളുടെ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് ബിസിനസ് മറ്റ് മേഖലകളിൽ വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പിരിച്ചെടുത്ത നികുതി**

195 (2400) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ സ്വർണ്ണമാണ് വിറ്റതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ സർക്കാരിന് പിരിഞ്ഞ് കിട്ടിയ നികുതി എത്രയെന്നും ഇനി എത്ര തുക പിരിഞ്ഞു കിട്ടാനുണ്ടെന്നുമുള്ള വിവരങ്ങൾ വാർഷിക അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) നോട്ട് നിരോധനം മൂലമുണ്ടായ പ്രതിസന്ധി മറികടക്കാൻ, കുടിശ്ശിക നികുതി പിരിച്ചെടുക്കാൻ ചെയ്ത അടിയന്തര നടപടികളെന്താണെന്നും ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നത് ഏന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് വിറ്റ സ്വർണ്ണത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | വിറ്റ സ്വർണ്ണത്തിന്റെ കണക്ക് (തുക കോടി രൂപയിൽ) |
|---|---|
| 2011-12 | 40154.78 |
| 2012-13 | 44958.40 |
| 2013-14 | 32140.34 |
| 2014-15 | 27898.75 |
| 2015-16 | 29554.07 |

(ബി) ഇതിൽ സർക്കാരിന് പിരിഞ്ഞുകിട്ടിയ നികുതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | സ്വർണ്ണത്തിൽനിന്നും പിരിഞ്ഞുകിട്ടിയ നികുതി (തുക കോടിയിൽ) |
|---|---|
| 2011-12 | 302.20 |
| 2012-13 | 393.54 |
| 2013-14 | 471.53 |
| 2014-15 | 456.76 |
| 2015-16 | 541.70 |

ഇനിയും പിരിഞ്ഞുകിട്ടാനുള്ള തുകയുടെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) നോട്ട് നിരോധനം മൂലമുണ്ടായ പ്രതിസന്ധി മറികടക്കാൻ കുടിശ്ശിക നികുതി പിരിച്ചെടുക്കാൻ ചെയ്ത അടിയന്തര നടപടികൾ ചുവടെ ചേർക്കുന്നു.

1. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2. റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

3. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

4. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആംനസ്റ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**ജി.എസ്.ടി. നികുതി വരുമാനം**

196 (2401) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനം പ്രതീക്ഷിക്കുന്ന നികുതി വരുമാനം എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി. സംസ്ഥാനത്ത് നടപ്പിലാക്കാൻ എന്തെല്ലാം ഒരുക്കങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; നിലവിലുള്ള നികുതികുടിശ്ശിക എത്ര ശതമാനം പിരിച്ചെടുക്കാൻ സാധിക്കുമെന്ന കാര്യം വ്യക്തമാക്കാമോ?

ഉത്തരം

(എ) നികുതി നിരക്കുകൾ ഇതുവരേയും നിശ്ചയിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ വിവരം ഇപ്പോൾ ലഭ്യമല്ല. ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ്, വർഷം തോറും കണക്കാക്കി ആദ്യ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് പൂർണ്ണമായി നഷ്ടപിരഹാരം നൽകുന്നതാണെന്ന വ്യവസ്ഥ GST Compensation Act -ൽ ഉൾപ്പെടുത്തണമെന്ന് GST കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം നിയമാനുസൃതംതന്നെ നഷ്ടപരിഹാരം ഉറപ്പാക്കുന്ന സംവിധാനം നിലവിൽ വരും. GST പ്രാപ്യസ്ഥാനാധിഷ്ഠിത നികുതിയായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടം പ്രതീക്ഷിക്കുന്നു. കൂടാതെ സേവന മേഖലയിലും സംസ്ഥാനത്തിന് നികുതി ചുമത്താം. ആയതിനാൽ കേരളത്തിന് നികുതി വർദ്ധനവ് ഉണ്ടാകാം എന്നുതന്നെയാണ് പ്രതീക്ഷ.

(ബി) ഇപ്പോൾ രൂപപ്പെടുത്തിയിട്ടുള്ള മാതൃകാ ചരക്കുസേവന നികുതി നിയമം അടിസ്ഥാനമാക്കി കേരള വാണിജ്യ നികുതി വകുപ്പും കേന്ദ്ര സർക്കാർ സ്ഥാപനമായ "നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ് എക്സൈസ് ആന്റ് നാർകോട്ടിക്സ് (NACEIN)-ഉം സംയുക്തമായി വാണിജ്യ നികുതി ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എല്ലാ ജീവനക്കാർക്കും പരിശീലനം നൽകിവരുന്നു.

ചരക്ക സേവന നികുതി നടത്തിപ്പിന് ആവശ്യമായ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുവേണ്ടി ഐ.ടി. വിദഗ്ധരെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും എൻ.ഐ.സി.-യുടെ സഹകരണത്തോടെ പ്രവൃത്തികൾ പൂർത്തിയായിവരുന്നു.

GST-യുടെ സാങ്കേതിക പരിശീലനത്തിന്റെ ഭാഗമായി വാണിജ്യ നികുതി വകുപ്പിൽനിന്നും 50 ഉദ്യോഗസ്ഥരെ ശിപാർശ ചെയ്യുകയും ഇവർക്ക് GSTN പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

നിലവിലുള്ള നികുതി കുടിശ്ശികയിൽ പിരിച്ചെടുക്കാവുന്ന തുക (കളക്ടബിൾ ആയിട്ടുള്ളത്) മുഴുവനും പിരിച്ചെടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**നികുതി നഷ്ടം**

197 (2402) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ഹൈടെക് ബസ്സുകൾ വഴി സംസ്ഥാനത്തേക്ക് ചരക്ക് കടത്തുന്നതുമൂലം ഉണ്ടാകുന്ന നികുതി നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്വകാര്യ ബസ്സുകളെ, വിൽപ്പന നികുതി ഉദ്യോഗസ്ഥർ കർശന പരിശോധന നടത്താതെ, ചെക്ക് പോസ്റ്റ് കടത്തിവിടുന്നത് സർക്കാർ പരിശോധിക്കുമോ;

(സി) എങ്കിൽ ഈ വിഷയത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ യാത്രാ വാഹനങ്ങളിൽ സംസ്ഥാനത്തിനകത്തേക്ക് ചരക്കുകൾ കൊണ്ടുവരുന്നത് മോട്ടോർ വാഹന നിയമപ്രകാരം കുറ്റകരമാണ്. ആയതിനാൽ ഇത് നിയമവിരുദ്ധമാണ്. ഇത്തരം കടത്ത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. പതിവായി പരിശോധനകൾ നടത്തുന്നതിനാൽ ഇപ്രകാരമുള്ള കള്ളക്കടത്ത് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സ്വകാര്യ യാത്രാ വാഹനങ്ങളിൽ ചരക്കുകടത്തുന്നില്ല എന്ന് ഉറപ്പു വരുത്താൻ വാണിജ്യ നികുതി വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിലും അതിനുപുറമെ ഇന്റലിജൻസ് സ്ക്വാഡുകളും പരിശോധന ശക്തമാക്കിയിട്ടുണ്ട്.

(സി) വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിലും മറ്റ് ഇന്റലിജന്റ്സ് സ്ക്വാഡുകളുടെയും പരിശോധന ഈ വിഷയത്തിൽ കൂടുതൽ ഊർജ്ജിതവും കർശനവുമാക്കുന്നതാണ്.

**നികുതി വരുമാനത്തിൽ ഉണ്ടായ വർദ്ധനവ്**

198 (2403) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകൾ വഴിയുള്ള നികുതി വരുമാനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കർണ്ണാടക, തമിഴ്നാട് അതിർത്തി പങ്കിടുന്ന ജില്ലകളിലേക്ക് വ്യാപകമായ തോതിൽ നികുതി വെട്ടിച്ചുകടത്തുന്ന സാധനങ്ങൾ വരുന്നത് തടയാൻ കാര്യക്ഷമമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വർദ്ധനവ് ഉണ്ടായിട്ടില്ല.

(ബി) അന്തർ സംസ്ഥാന വിൽപ്പനയുടെ കാര്യത്തിൽ സി ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസ്സുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജന്റ്സ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റിലയൻസ് ഔട്ട്ലെറ്റുകളിൽ ഡീസലിന്റെ വിൽപ്പന**

199 (2404) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിലയൻസ് ഔട്ട്ലെറ്റുകളിൽ ഡീസൽ പ്രഖ്യാപിത വിലയിൽനിന്നും ഒരു രൂപ കുറച്ചാണ് വിൽപ്പന നടത്തുന്നതെന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഏകീകൃത വില നിശ്ചയിച്ചശേഷം ഒരു കമ്പനി മാത്രം ഇന്ധനം വിലകുറച്ചു നൽകുന്നത് സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനത്തിൽ കുറവു വരുത്തുമോ;

(സി) ഏകീകൃത വില നിശ്ചയിച്ചശേഷം വ്യത്യസ്ത വില ഈടാക്കുന്നത് വിപണിയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റിലയൻസ് ഔട്ട്ലെറ്റുകളിൽ ഒരു രൂപ കുറച്ചു വിൽക്കുന്നത് നികുതി വരുമാനത്തിൽ ആനുപാതികമായ കുറവ് വരുത്തുന്നതായിട്ടാണ് ബില്ല് പരിശോധയിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്.

(സി) ഏകീകൃത വില നിശ്ചയിച്ചശേഷം വ്യത്യസ്ത വില ഈടാക്കുന്നത് വിപണിയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഉപഭോക്താക്കൾക്ക് നൽകുന്ന വിൽപ്പനച്ചീട്ട് (ബിൽ)**

200 (2405) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കച്ചവട സ്ഥാപനങ്ങളിൽനിന്നും ഉപഭോക്താക്കൾക്ക് നൽകുന്ന വിൽപനച്ചീട്ടിന് (ബിൽ) കുറഞ്ഞ ഗുണനിലവാരമുള്ള പേപ്പർ, മഷി എന്നിവ ഉപയോഗിക്കുന്നതുമൂലം പ്രിന്റ് ചെയ്തിരിക്കുന്നത് പെട്ടെന്ന് മാഞ്ഞു പോകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനും അനുയോജ്യമായ നടപടി കൈക്കൊള്ളുന്നതിനും ഇന്റലിജന്റ്സ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കമ്മോഡിറ്റിവൈസ് ടാക്സബിൾ ലിസ്റ്റ്

201 (2406) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന എല്ലാ ചരക്കുകൾക്കും നികുതി ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ചരക്കുകൾക്ക് നികുതി ഈടാക്കുന്നുണ്ട്; വിശദവിവരം നൽകുമോ;

(സി) കേരളത്തിലെ കമ്മോഡിറ്റിവൈസ് ടാക്സബിൾ ലിസ്റ്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഒരു സമ്പൂർണ്ണ കമ്മോഡിറ്റിവൈസ് ടാക്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചില ചരക്കുകൾ നികുതി വിമുക്തമാണ്. ഇവ ഏതൊക്കെയാണെന്ന് കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ ഒന്നാം പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുകൂടാതെ, 6(1)-ാം വകുപ്പിലും ചില ചരക്കുകൾക്ക് നികുതി ഒഴിവ് നൽകിയിട്ടുണ്ട്. Export ചെയ്യപ്പെടുന്ന ചരക്കുകളുടെമേലും ടി നിയമത്തിൻ കീഴിൽ നികുതി ചുമത്താറില്ല. കൂടാതെ പത്ത് ലക്ഷം രൂപവരെ വാർഷിക വിറ്റുവരവുള്ള ഒരു വ്യാപാരിക്ക് നികുതി ബാധ്യത ഇല്ലെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി-ഡി) എച്ച്.എസ്.എൻ. കോഡ് അടിസ്ഥാനമാക്കി കേരള മൂല്യവർദ്ധിത നികുതി നിയമത്തിൽ ചരക്കുകളെ മൂന്ന് പട്ടികകളായി തരം തിരിക്കുകയും ഇവയ്ക്ക് യഥാക്രമം 0,1,5 വീതം ശതമാനം നികുതി നിരക്ക് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഈ പട്ടികകളിൽ ഒന്നും ഉൾപ്പെടാത്തവയെ 14.5 ശതമാനം നികുതി നിരക്കിലും ഏതാനും ചില ഉല്പന്നങ്ങളെ വകുപ്പ് 6(1)-ന്റെ കീഴിൽ 2%, 15%, 20%, 22.5%, 30% നിരക്കിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലാകാലങ്ങളിലുള്ള ധനകാര്യ നിയമങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഭേദഗതികൾക്കനുസൃതമായുള്ള മാറ്റങ്ങൾ ഷെഡ്യൂളുകളിലും വകുപ്പ് 6(1)-ലും വരുത്താറുണ്ട്. പ്രസ്തുത നിയമത്തിൻകീഴിൽ പത്തുലക്ഷം രൂപയ്ക്കുമേൽ വിറ്റുവരവുള്ള ഒരു വ്യാപാരി താൻ വിൽക്കുന്ന നികുതി വിധേയമായ സാധനങ്ങളുടെമേൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥനാണ്.

**എടത്വ സബ് ട്രഷറി നിർമ്മാണം**

202 (2407) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വ സബ്ട്രഷറി നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ട്രഷറി നിർമ്മാണത്തിനു എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) എടത്വ സബ് ട്രഷറി നിർമ്മാണവുമായി ബന്ധപ്പെട്ട് 2011-ൽ പൈലിംഗ് പ്രവൃത്തി പൂർത്തിയായിരുന്നെങ്കിലും അതിർത്തി തർക്കത്തെ തുടർന്ന് ബഹു. ആലപ്പുഴ മുൻസിഫ് കോടതിയിൽ കേസ്സ് നിലവിലുള്ളതിനാൽ ടി ട്രഷറിയുടെ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്.

(ബി) തടസ്സം നിലവിലുണ്ട്. 9-3-2007-ലെ കരാർ പ്രകാരം എടത്വ ട്രഷറി കെട്ടിട നിർമ്മാണം കരാറുകാരനെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ കരാറുകാരനുമായി തർക്കത്തെ തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ടി പ്രവൃത്തി without risk and cost-ൽ ടെർമിനേറ്റ് ചെയ്തു. തുടർന്ന് കെട്ടിട നിർമ്മാണം 16.687 സെന്റ് സർക്കാർ പുറമ്പോക്കിലും സെന്റ് ജോർജ്ജ് ഫെറോന പാരിഷ് പള്ളി

നൽകിയ 5 സെന്റ് സ്ഥലത്തുമായി പുനരാരംഭിച്ചു. കരാറുകാരൻ 2011 ഒക്ടോബറിൽ പൈലിംഗ് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ അതിർത്തി തർക്കത്തെത്തുടർന്ന് അയൽ വസ്തു ഉടമകൾ ബഹു. ആലപ്പുഴ മുൻസിഫ് കോടതിയിൽ കേസ്സ് ഫയൽ ചെയ്യുകയും ടി ട്രഷറിയുടെ നിർമ്മാണം നിർത്തിവച്ചിരിക്കുകയുമാണ്. 12-9-2014-ൽ ആലപ്പുഴ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ പ്രസ്തുത സ്ഥലം റീ-സർവ്വേ നടത്താൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗവും സ്വകാര്യ വ്യക്തികളും തമ്മിലുള്ളതായതിനാൽ കേസിന്റെ അന്തിമ വിധി വന്നാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## കറൻസി രഹിത വിനിമയം

203 (2408) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി, എസ്. ബി. അക്കൗണ്ടുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിലേക്ക് കറൻസി മാർഗ്ഗത്തിലൂടെ അല്ലാതെ വിനിമയം നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) നോട്ടുനിരോധനം വന്ന സാഹചര്യത്തിൽ അത് നിക്ഷേപകർക്ക് പ്രയാസം ഉളവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) ട്രഷറി എസ്.ബി. അക്കൗണ്ടിൽനിന്നും IFS കോഡുള്ള ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ഇലക്ട്രോണിക് മാർഗ്ഗത്തിൽ പണം വിനിമയം നടത്തുന്നതിനുള്ള സംവിധാനം 1-2-2017 മുതൽ ട്രഷറികളിൽ നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നോട്ടുനിരോധനം വന്ന സമയത്ത് നിക്ഷേപകർക്കുണ്ടായ പ്രയാസം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്. നോട്ടുനിരോധനംമൂലം നിക്ഷേപകർക്ക് ഉണ്ടായ പ്രയാസം പരിഹരിക്കുന്നതിന് അതാത് ട്രഷറികളുടെ ഏജൻസി ബാങ്കുമായി സഹകരിച്ച് ട്രഷറി എസ്.ബി. യിലുള്ള പണം നിക്ഷേപകരുടെ താൽപ്പര്യപ്രകാരം അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് മാർഗ്ഗത്തിലൂടെ വരവ് ചെയ്തുകൊടുത്തിട്ടുണ്ട്.

**കോങ്ങാട് സബ് ട്രഷറി**

204 (2409) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

കോങ്ങാട് കേന്ദ്രമാക്കി ഒരു സബ്ട്രഷറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കില്‍ വിശദാംശം നല്‍കുമോ?

ഉത്തരം

ട്രഷറികളില്‍ ആധുനികവത്കരണത്തിന്റെയും കമ്പ്യൂട്ടര്‍ വത്കരണത്തിന്റെയും ഭാഗമായി സംയോജിത (IFMS) നിലവില്‍ വന്നതിനാല്‍ ജനങ്ങള്‍ക്ക് ഏതുട്രഷറിയില്‍നിന്നും ഇടപാട് നടത്താവുന്നതും അക്കൗണ്ടിലെ തുക സംബന്ധിച്ച വിവരം അന്വേഷിക്കാവുന്നതുമാണ്. ടി സാഹചര്യത്തില്‍ നിലവില്‍ കോങ്ങാട് കേന്ദ്രമാക്കി ഒരു സബ്ട്രഷറി അനുവദിക്കുന്ന കാര്യം സര്‍ക്കാറിന്റെ പരിഗണനയിലില്ല.

**ട്രഷറികളെ ഓണ്‍ലൈന്‍ ആക്കുന്ന പ്രവര്‍ത്തനം**

205 (2410) ശ്രീ. വി. ഡി. സതീശന്‍:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. ടി. ബല്‍റാം : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ട്രഷറികളെ ഓണ്‍ലൈന്‍ ആക്കുന്ന പ്രവര്‍ത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സര്‍ക്കാരിന്റെ സാമ്പത്തിക ഇടപാടുകള്‍ കൂടുതല്‍ സുതാര്യമാക്കുന്നതിനും പ്രവര്‍ത്തനം എളുപ്പമാക്കുന്നതിനും ഓണ്‍ലൈന്‍ സംവിധാനം എത്രമാത്രം സഹായകരമായി എന്ന് വെളിപ്പെടുത്താമോ;

(സി) ഈ സംവിധാനം നടപ്പിലാക്കുന്നതിന് എത്ര കോടി രൂപ ഇതുവരെ ചെലവായി എന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന ട്രഷറികളെ ഓണ്‍ലൈനാക്കുന്ന പ്രവര്‍ത്തനം പൂര്‍ത്തിയായി. ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 23-2-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിര്‍വ്വഹിക്കുകയുണ്ടായി.

(ബി) സുഗമമായ ഇടപാട് ഉപഭോക്താക്കൾക്ക് നൽകുക, സർക്കാർ ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുക, സമയബന്ധിതമായ സേവനം നൽകുക, കടലാസ് രഹിത പണ രഹിത ഇടപാടുകൾ സാധ്യമാക്കുക, ഫലപ്രദമായ ധനകാര്യ പരിപാലനം നടപ്പിലാക്കുക, ധനകാര്യ ഇടപാടുകളെ സംബന്ധിച്ച് ഏറ്റവും കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി നിർവ്വഹണ ശ്രേണിയുടെ ഉത്തരവാദിത്വം ഉറപ്പാക്കുക തുടങ്ങിയ രീതിയിൽ ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിന് ഓൺലൈൻ സംവിധാനം സഹായിച്ചിട്ടുണ്ട്.

റവന്യൂ മാനേജ്മെന്റിന് പത്തുബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റു ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏതുട്രഷറിവഴിയും ഇടപാടുകൾ സാധ്യമാക്കുന്ന CORE BANKING എന്നിങ്ങനെയുള്ള ആധുനികമായ സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS) നടപ്പിലാക്കുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.

(സി) ഇതുവരെ 22 കോടിയോളം രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്.

**കാസർഗോഡ് സബ് ട്രഷറി**

206 (2411) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സബ്ട്രഷറി ഇപ്പോൾ പ്രവർത്തിക്കുന്നത് എവിടെയാണ്;

(ബി) പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം സ്വന്തമാണോ; വാടക കെട്ടിടം ആണോ;

(സി) വാടക കെട്ടിടം ആണെങ്കിൽ എത്രയാണ് വാടക;സ്വന്തം കെട്ടിടമാണെങ്കിൽ എപ്പോഴാണ് ഈ കെട്ടിടം നിർമ്മിച്ചത്;

(ഡി) ഈ കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥയും സബ്ട്രഷറി ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കാസഗോഡ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം പണിയാൻ ആലോചനയുണ്ടോ; എങ്കിൽ അതുസംബന്ധിച്ച് സ്വീകരിക്കാൻ പോകുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് സബ്ട്രഷറി ഇപ്പോൾ പ്രവർത്തിക്കുന്നത് കാസർഗോഡ് താലൂക്ക് ഓഫീസ് കോമ്പൗണ്ടിനുള്ളിലാണ്.

(ബി) കാസർഗോഡ് സബ്ട്രഷറി ഇപ്പോൾ പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണ്.

(സി) കെട്ടിടം നിർമ്മിച്ചിരിക്കുന്നത് 1970-ലാണ്.

(ഡി) കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥയും സബ്ട്രഷറി ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കാസർഗോഡ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP)-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴത്തെ കെട്ടിടത്തിൽനിന്നും മറ്റൊരു വാടക കെട്ടിടത്തിലേയ്ക്ക് ട്രഷറി പ്രവർത്തനം മാറ്റിയശേഷം ഇപ്പോഴത്തെ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ് പരിഗണനയിലുള്ളത്.

**ട്രഷറികളിൽ സംയോജിത ധനമാനേജ്മെന്റ് സംവിധാനം**

207 (2412) ശ്രീ. സി. ദിവാകരൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. മുഹമ്മദ് മുഹസിൻ പി.:

ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ സംയോജിത ധനമാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എന്തൊക്കെയാണ് പ്രസ്തുത സംവിധാനത്തിന്റെ സവിശേഷതകൾ എന്നറിയിക്കുമോ;

(ബി) സംസ്ഥാന സർക്കാരിന് കീഴിലെ മുഴുവൻ പെൻഷൻകാരെയും ഈ കേന്ദ്രീകൃത സംവിധാനത്തിൽ കൊണ്ടുവന്നിട്ടുണ്ടോ; എന്തൊക്കെ നേട്ടങ്ങളാണ് ഇതുവഴി ലഭ്യമാകുന്നത്;

(സി) ട്രഷറികൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയതോടുകൂടി സംസ്ഥാനത്തിന്റെ മൊത്തം ചെലവ് കാര്യക്ഷമമായി വിലയിരുത്തുന്നതിനുള്ള സംവിധാനമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ട്രഷറികളിൽ സംയോജിത ധനമാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ (IFMS) സവിശേഷതകൾ:

വിവര സാങ്കേതികവിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് IFMS-ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തഃസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തി ചേരുന്നതിനുമുള്ള മഹത്തായ കാൽവയ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തികകാര്യപരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനവകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും IFMS-ന്റെ ലക്ഷ്യമാണ്.

റവന്യൂ മാനേജ്മെന്റിന് പത്തുബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റു ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏതു ട്രഷറിയിൽനിന്നും പിൻവലിക്കാൻ കഴിയുന്ന CORE BANKING എന്നിങ്ങനെ ആധുനികമായ വിവിധ സംവിധാനങ്ങൾ ഉൾക്കൊണ്ടതാണ് (IFMS).

(ബി) സംസ്ഥാനത്തെ സർക്കാരിന് കീഴിലെ മുഴുവൻ പെൻഷൻകാരെയും സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിൽ കൊണ്ടുവന്നിട്ടുണ്ട്. പെൻഷൻകാരുടെ സൗകര്യാർത്ഥം ഓൺലൈൻ പോർട്ടൽ സംവിധാനംവഴി ഓൺലൈൻ മസ്റ്ററിംഗിനുമുള്ള സൗകര്യം, ഏതുട്രഷറിയിൽനിന്നും പെൻഷൻ വാങ്ങുന്നതിനുള്ള സൗകര്യം എന്നിവ കേന്ദ്രീകൃത പെൻഷൻ സമ്പ്രദായത്തിന്റെ നേട്ടങ്ങളാണ്.

(സി) സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതോടെ സംസ്ഥാന സർക്കാരിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളുടെയും തത്സമയ വിവരം ലഭ്യമാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ചെലവ് കാര്യക്ഷമമായി വിലയിരുത്താൻ സഹായിക്കുന്നു.

**കേരള സംസ്ഥാന ലോട്ടറികളുടെ സമ്മാന ഘടനയിൽ മാറ്റം**

208 (2413) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലോട്ടറികളുടെ സമ്മാന ഘടനയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഒന്നാം സമ്മാനം ലഭിക്കുന്ന ടിക്കറ്റിന്റെ മുന്നിലും പിന്നിലുമുള്ള നമ്പരുകൾക്ക് ആശ്വാസ സമ്മാനം മുൻകാലങ്ങളിൽ നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ടിക്കറ്റ് വിൽപ്പനയ്ക്ക് സഹായകമാകുന്ന തരത്തിലും, ഭാഗ്യക്കുറി ഏജന്റുമാരുടേയും ഈ മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടും പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടനകൾ കാലാകാലങ്ങളിൽ പരിഷ്കരിക്കാറുണ്ട്. 30 രൂപ മുഖവിലയുള്ള പൗർണ്ണമി, വിൻവിൻ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ സമ്മാന ഘടനകൾ 2016 മാർച്ച് മാസത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി പരിഷ്കരിച്ചിരുന്നു. പൗർണ്ണമി, വിൻവിൻ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ സമ്മാന ഘടനകൾ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ട് 2016 നവംബർ മാസത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ വീണ്ടും പരിഷ്കരിച്ചിരുന്നു.

(ബി) ഒന്നാം സമ്മാനം ലഭിക്കുന്ന ടിക്കറ്റിന്റെ മുന്നിലും പിന്നിലുമുള്ള നമ്പരുകൾക്ക് മുൻകാലങ്ങളിൽ ആശ്വാസ സമ്മാനം നൽകിയിരുന്നില്ല.

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

209 (2414) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ബെനവലന്റ് ഫണ്ടിൽനിന്നും തുക അനുവദിച്ചതിൽ എത്ര രൂപ കുടിശ്ശികയായിട്ടുണ്ട്; ഇതിന് ആധാരമായ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയെ സേവന നികുതിയിൽനിന്നും ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) കാരുണ്യാ പദ്ധതിയെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസിൽ ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ, സൗജന്യ ചികിത്സാ പദ്ധതികൾ ഒന്നിപ്പിച്ച്, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് ജനങ്ങൾക്ക് ഗുണകരമായിരിക്കുമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ ആശുപത്രികൾക്ക് 676.12 കോടി രൂപ വിതരണം ചെയ്യേണ്ടതുണ്ട്. പദ്ധതിയുടെ ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യവും, ബജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുകയ്ക്കുള്ള അപേക്ഷകൾ ഓരോ വർഷവും ലഭിക്കുന്നതും കുടിശ്ശികയാകുന്നതിന് കാരണമാകുന്നു.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിക്ക് സേവന നികുതി ബാധകമല്ല.

(സി) നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) ബാധകമല്ല.

**നോട്ട് അസാധുവാക്കൽ**

210 (2415) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കൽ സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനത്തെ എങ്ങനെ ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിഗമനങ്ങൾ വെളിപ്പെടുത്തുമോ;

(ബി) 2016 മാർച്ച് 31-ന് ശേഷം ഓരോ മാസവും ലോട്ടറിയിൽനിന്നും ലഭിച്ച വരുമാനത്തിന്റെ വിശദ വിവരങ്ങളും ഈ കാലയളവിൽ ഓരോ മാസവും ലഭിച്ച ലാഭം എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് എത്ര രൂപ കൈമാറിയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ 8-11-2016 മുതൽ 500, 1000 രൂപ നോട്ടുകൾ അസാധുവാക്കൽ പ്രഖ്യാപിച്ചതിനെ തുടർന്ന് ലോട്ടറി വ്യാപാരമേഖല പ്രതിസന്ധിയിലാവുകയും ഭാഗ്യക്കുറി ഏജന്റുമാർക്ക് ലോട്ടറി ഓഫീസുകളിൽ നിന്ന് ടിക്കറ്റുകൾ വാങ്ങാനോ മുൻകൂട്ടി വാങ്ങിയ ടിക്കറ്റുകൾ വിൽക്കുന്നതിനോ സാധിക്കാത്ത സാഹചര്യമുണ്ടായി. ഇതിനെ തുടർന്ന് 2016 നവംബർ മാസത്തിൽ 10 നറുക്കെടുപ്പുകൾ നീട്ടിവയ്ക്കുകയും, 8 നറുക്കെടുപ്പുകൾ റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമേ നിർമ്മൽ ഭാഗ്യക്കുറിയുടെ 16-12-2016, 6-1-2017, 20-1-2017 തീയതികളിൽ യഥാക്രമം നറുക്കെടുപ്പ് നടത്തേണ്ടിയിരുന്ന NR6, NR7, NR8 എന്നീ നറുക്കെടുപ്പുകളും റദ്ദ് ചെയ്തിട്ടുണ്ട്. നോട്ട് അസാധുവാക്കലിന് മുമ്പ് 30 രൂപ മുഖവിലയുള്ള അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികൾ 87.5 ലക്ഷം ടിക്കറ്റുകൾ വീതവും പൗർണ്ണമി, വിൻവിൻ എന്നിവ 86.5 ലക്ഷം ടിക്കറ്റുകൾ വീതവും 50 രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി എന്നീ ഭാഗ്യക്കുറികൾ 40 ലക്ഷം ടിക്കറ്റുകൾ വീതവുമാണ് അച്ചടിച്ചിരുന്നത്. നോട്ട് അസാധൂവാക്കലിനെ തുടർന്ന് ടിക്കറ്റുകൾ വിൽക്കപ്പെടാതെ അവശേഷിച്ച സാഹചര്യത്തിൽ 30 രൂപ ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി 60 ലക്ഷമായും, 50 രൂപ ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി 30 ലക്ഷമായും കുറച്ചിരുന്നു. നിലവിൽ ഡിമാന്റനുസരിച്ച് പ്രതിവാര ഭാഗ്യക്കുറികളുടെ അച്ചടി വർദ്ധിപ്പിക്കുന്നുണ്ട്.

(ബി) 2016 മാർച്ച് 31-ന് ശേഷം 2017 ഫെബ്രുവരി വരെ ഓരോ മാസവും ലോട്ടറിയിൽനിന്നും ലഭിച്ച വരുമാനം, ഓരോ മാസവും ലഭിച്ച ഏകദേശ ലാഭം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മാസം | ലോട്ടറിയിൽ നിന്നും ലഭിച്ച വരുമാനം (കോടി രൂപയിൽ) | ഏകദേശ ലാഭം (കോടി രൂപയിൽ) |
|---|---|---|---|
| 1 | ഏപ്രിൽ 2016 | 646.07 | 162.31 |
| 2 | മേയ് 2016 | 607.74 | 183.46 |
| 3 | ജൂൺ 2016 | 591.63 | 113.84 |
| 4 | ജൂലൈ2016 | 663.31 | 139.76 |
| 5 | ആഗസ്റ്റ് 2016 | 735.62 | 156.62 |
| 6 | സെപ്റ്റംബർ 2016 | 732-3 | 209.88 |
| 7 | ഒക്ടോബർ 2016 | 735.33 | 168.34 |
| 8 | നവംബർ 2016 | 372.70 | 41.90 |
| 9 | ഡിസംബർ 2016 | 521.46 | 106.83 |
| 10 | ജനുവരി 2017 | 564.74 | 126.6 |
| 11 | ഫെബ്രുവരി 2017 | 568.94 | ലാഭം കണക്കാക്കിയിട്ടില്ല. |

(സി) 2016 മാർച്ച് 31-ന് ശേഷം 250 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

**ലോട്ടറി വഴി വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

211 (2416) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വഴി വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ:

(ബി) കൂടുതൽ പേർ ആകർഷിക്കപ്പെടുമെന്നും വരുമാനം വർദ്ധിക്കാൻ ഇടയാകുമെന്നും പരിഗണിച്ച് വലിയ തുക ഒന്നാം സമ്മാനം ഒരു എണ്ണത്തിന് നൽകുന്നതിന് പകരം കൂടുതൽ എണ്ണത്തിന് നൽകുന്നതിനുള്ള നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറി നറുക്കെടുപ്പും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പും നടത്തുന്നതിന് പുറമേ നിർമ്മൽ എന്ന പേരിൽ ഒരു ബൈവീക്കിലി ലോട്ടറി കൂടി ആരംഭിച്ചിട്ടുണ്ട്. ടിക്കറ്റിന്റെ ഡിമാന്റ് അനുസരിച്ചും ഏജന്റുമാരുടേയും ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടും കാലാകാലങ്ങളിൽ ഭാഗ്യക്കുറി സമ്മാന ഘടനകൾ പരിഷ്കരിക്കുകയും ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നു. മേൽപ്പറഞ്ഞ നടപടികളും അന്യസംസ്ഥാന ഭാഗ്യക്കുറികൾ സംസ്ഥാനത്ത് നിയന്ത്രിച്ചതും നിയമവിരുദ്ധ ലോട്ടറികൾക്കെതിരായ ശക്തമായ നടപടികളും സംസ്ഥാന ഭാഗ്യക്കുറിയുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും തത്ഫലമായി ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാന വർദ്ധനവിനും കാരണമായിട്ടുണ്ട്.

(ബി) കൂടുതൽ പേർ ആകർഷിക്കപ്പെടുന്നതും വരുമാനം വർദ്ധിക്കാൻ ഇടയാക്കുന്നതും വലിയ തുക ഒന്നാം സമ്മാനമായി നൽകുമ്പോഴാണെന്ന് വ്യക്തമായിട്ടുണ്ട്.

**കാരുണ്യ പദ്ധതി**

212 (2417) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതി ജനങ്ങളുടെ അവകാശമായി മാറ്റുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിൽനിന്നും 2016 മേയ് 25 ന് ശേഷം എന്ത് തുക ലാഭമായി ലഭിക്കുകയുണ്ടായി;

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും വിവിധ സർക്കാർ - സ്വകാര്യ ആശുപത്രികൾക്ക് നൽകുവാനുള്ള കുടിശ്ശികയെത്രയാണ്;

(ഡി) പ്രസ്തുത കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ആരോഗ്യ വകുപ്പും ധനകാര്യ വകുപ്പും തമ്മിലുള്ള ഏകോപനമില്ലായ്മ കാരുണ്യ പദ്ധതിക്ക് തിരിച്ചടിയായി എന്നത് വസ്തുതയാണോ;

(എഫ്) എല്ലാ സൗജന്യചികിത്സാ പദ്ധതികളെയും ഏകോപിപ്പിച്ച് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനാൽ കാരുണ്യ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) 2016 മേയ് 25-ന് ശേഷം കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിൽ നിന്നും ലഭിച്ച എകദേശ ലാഭം ചുവടെ ചേർക്കുന്നു:

| ലോട്ടറി | ഏകദേശ ലാഭം (തുക കോടി രൂപയിൽ) |
|---|---|
| കാരുണ്യ 243-ാമത് ഭാഗ്യക്കുറി മുതൽ 282-ാമത് ഭാഗ്യക്കുറി വരെ (28-5-2016 to 25-2-2017) | 147.19 |
| കാരുണ്യപ്ലസ് 111-ാമത് ഭാഗ്യക്കുറി മുതൽ 148 -ാമത് ഭാഗ്യക്കുറി വരെ (26-5-2016 to 23-2-2017) | 135-8 |

(സി) വിവിധ സർക്കാർ ആശുപത്രികൾക്കായി 650.45 കോടി രൂപയും, അക്രഡിറ്റഡ് സ്വകാര്യ ആശുപത്രികൾക്ക് 25.67 കോടി രൂപയും കുടിശ്ശികയുണ്ട്.

(ഡി) ടി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 27-ാമത് സംസ്ഥാനതല കമ്മിറ്റി, 27/9 തീരുമാനപ്രകാരം കുടിശ്ശിക തുകകൾ വിതരണം ചെയ്യുന്നതിനുവേണ്ടി കുടുംബശ്രീയിൽ നിന്നും 15 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസ വേതനാടിസ്ഥാനത്തിൽ മൂന്ന് മാസത്തേയ്ക്ക് നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ അവസാനഘട്ടത്തിലാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തയ്യാറാകാൻ കുറഞ്ഞത് ഇനിയും ഒരു വർഷമെടുക്കും. കാരുണ്യ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടില്ല.

## കാരുണ്യ ചികിത്സാ സഹായ നിധി

213 (2418) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കാരുണ്യ ചികിത്സാ സഹായ നിധിയിൽ നിന്നും എത്ര തുക ചികിത്സാ സഹായമായി നൽകിയിട്ടുണ്ട്;

(ബി) കാരുണ്യ ചികിത്സാ നിധിയിൽനിന്നും സഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൂടുതൽ ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 288.45 കോടി രൂപയുടെ ചികിത്സാനുമതി നൽകിയിട്ടുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 27-ാമത് സംസ്ഥാനതല കമ്മിറ്റി 27/9 തീരുമാന പ്രകാരം കുടിശ്ശിക തുകകൾ വിതരണം ചെയ്യുന്നതിനുവേണ്ടി കുടുംബശ്രീയിൽനിന്നും 15 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസവേതന അടിസ്ഥാനത്തിൽ മൂന്ന് മാസത്തേയ്ക്ക് നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ അവസാനഘട്ടത്തിലാണ്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

214 (2419) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ ഒന്നിന് ശേഷം 2017 ഫെബ്രുവരി ഒന്നു വരെ സംസ്ഥാന ലോട്ടറിയിൽനിന്നും കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് എത്ര രൂപ കൈമാറിയെന്ന് വെളിപ്പെടുത്തുമോ;

(ബി) 2015 ഏപ്രിൽ ഒന്ന് മുതൽ 2016 മാർച്ച് 31 വരെ ലോട്ടറി വരുമാനത്തിൽനിന്നും കാരുണ്യ ഫണ്ടിലേക്ക് എത്ര രൂപ സഹായമായി നൽകി;

(സി) കാരുണ്യ പദ്ധതിക്കായി നൽകിയ തുകയ്ക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഇനിയും നൽകാത്ത സ്ഥാപനങ്ങൾ ഏതെല്ലാമാണ്?

<u>ഉത്തരം</u>

(എ&ബി) 2015-16 സാമ്പത്തിക വർഷം 250 കോടി രൂപയും 2016-17-ൽ ഇതുവരെ 250 കോടി രൂപയും കാരുണ്യയിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

(സി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

**ലോട്ടറി മേഖലയുടെ സംരക്ഷണം**

215 (2420) <u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u>
<u>ശ്രീ. പി. കെ. ശശി:</u>
<u>ശ്രീ. ജോർജ് എം. തോമസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നോട്ട് അസാധുവാക്കലിനെ തുടർന്ന് പ്രതിസന്ധിയിലായ ലോട്ടറി മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നോട്ട് നിരോധനത്തെ തുടർന്ന് സംസ്ഥാന സർക്കാരിന് ലോട്ടറികൾ റദ്ദാക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇതിന്റെ ഫലമായി ഇക്കാലയളവിൽ എത്ര കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടായിട്ടുള്ളതായാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ലോട്ടറി നിയമങ്ങൾ ലംഘിച്ച് അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്ത് വ്യാജ ലോട്ടറികൾ തടയുന്നതിന് ലോട്ടറിയുടെ അച്ചടിയിലും നടത്തിപ്പിലും കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ഉണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനായി 10 നറുക്കെടുപ്പുകൾ നീട്ടിവയ്ക്കുകയും, 20-11-2016 മുതൽ 27-11-16 വരെയുള്ള 8 നറുക്കെടുപ്പുകൾ റദ്ദ് ചെയ്യുകയുമുണ്ടായി. കൂടാതെ നിർമ്മൽ ഭാഗ്യക്കുറിയുടെ 3 നറുക്കെടുപ്പുകളും റദ്ദാക്കി. ടിക്കറ്റുകൾ വിൽക്കപ്പെടാതെ വന്നതിനെ തുടർന്ന് ടിക്കറ്റച്ചടി ഗണ്യമായി കുറയ്ക്കുകയും ചെയ്തു. നിലവിൽ വിപണിയിലെ ഡിമാന്റിനനുസൃതമായി ടിക്കറ്റച്ചടി വർദ്ധിപ്പിച്ചുവരുന്നു.

(സി) നോട്ട് നിരോധനത്തെ തുടർന്ന് ലോട്ടറി വ്യാപാര മേഖല പ്രതിസന്ധിയിലാവുകയും ഭാഗ്യക്കുറി ഏജന്റുമാർക്ക് ലോട്ടറി ഓഫീസുകളിൽ നിന്ന് ടിക്കറ്റ് വാങ്ങാനോ മുൻകൂട്ടി വാങ്ങിയ ടിക്കറ്റുകൾ വിൽക്കുന്നതിനോ സാധിക്കാത്ത സാഹചര്യവുമുണ്ടായി. ഇതിനെ തുടർന്ന് 20-11-16 മുതൽ 27-11-2016 വരെയുള്ള 8 നറുക്കെടുപ്പുകളും നിർമ്മൽ ഭാഗ്യക്കുറിയുടെ 3 നറുക്കെടുപ്പുകളും റദ്ദ് ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഭാഗ്യക്കുറി | നറുക്കെടുപ്പ് തീയതി |
|---|---|
| RN-263 | 20-11-16 |
| W-386 | 21-11-16 |
| SS-30 | 22-11-16 |
| AK-268 | 23-11-16 |
| KN-137 | 24-11-16 |
| BN-265 | 25-11-16 |
| KR-269 | 26-11-16 |
| RN-264 | 27-11-16 |
| NR-6 | 16-12-16 |
| NR-7 | 6-1-17 |
| NR-8 | 20-1-17 |

(ഡി) ഭാഗ്യക്കുറി വകുപ്പിന്റെ 2016 സെപ്റ്റംബർ, ഒക്ടോബർ എന്നീ മാസങ്ങളിലെ വരുമാനം യഥാക്രമം 732.03, 735.33 കോടി രൂപ വീതമായിരുന്നു. കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച 2016 നവംബർ 8-ന് ശേഷം ഫെബ്രുവരി വരെ ലോട്ടറി വിൽപ്പനയിലൂടെ ഭാഗ്യക്കുറി വകുപ്പിന് സംഭവിച്ച റവന്യൂ നഷ്ടം ചുവടെ ചേർക്കുന്നു:

| മാസം | ഭാഗ്യക്കുറി വകുപ്പ് പ്രതീക്ഷിച്ച വരുമാനം (കോടി രൂപയിൽ) | ഭാഗ്യക്കുറി വകുപ്പിന് ലഭിച്ച വരുമാനം (കോടി രൂപയിൽ) | ഏകദേശം റവന്യൂനഷ്ടം (കോടി രൂപയിൽ) |
|---|---|---|---|
| നവംബർ 2016 | 740 | 372.70 | 367.3 |
| ഡിസംബർ 2016 | 743 | 521.46 | 221.54 |
| ജനുവരി 2017 | 745 | 564.74 | 180.26 |
| ഫെബ്രുവരി 2017 | 745 | 568.94 | 176-6 |
| ആകെ | 2973 | 2027.84 | 945.16 |

(ഇ) അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നില്ല. അനധികൃത/നിയമവിരുദ്ധ ലോട്ടറികളെ നിയന്ത്രിക്കുന്നതിനായി സംസ്ഥാന ഇന്റലിജൻസ് മേധാവി അദ്ധ്യക്ഷനായി സംസ്ഥാനതല ലോട്ടറി മോണിറ്ററിംഗ് സമിതിയും, അതാത് ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായി ജില്ലാതല ലോട്ടറി മോണിട്ടറിംഗ് സമിതിയും രൂപീകരിച്ചിട്ടുണ്ട്. അനധികൃത ലോട്ടറി സംബന്ധിച്ച് ഈ സമിതികൾ നിരീക്ഷിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(എഫ്) ഭാഗ്യക്കുറി ടിക്കറ്റുകളിൽ കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഗവൺമെന്റ് നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി 11-2-2017-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിക്കറ്റ് അച്ചടിയിൽ കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കാരുണ്യ ബെനവലന്റ് ഫണ്ട്

216 (2421) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പദ്ധതി നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവിധ ആരോഗ്യ പദ്ധതികൾ സംയോജിപ്പിച്ച് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിനെ ഏതു തരത്തിൽ ബാധിക്കും;

(ബി)മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ആശുപത്രികൾക്കും സ്വകാര്യ ആശുപത്രികൾക്കും ചികിത്സാചെലവ് കുടിശ്ശികയായത് പരിഹരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) ഈ സർക്കാർ വന്നതിനു ശേഷം പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച രോഗികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഈ പദ്ധതിക്കായി എത്ര തുക വിനിയോഗിച്ചു;

(ഡി) നോട്ട് നിരോധനം കാരുണ്യ ലോട്ടറിയിൽ സൃഷ്ടിച്ച പ്രതിസന്ധി ഈ പദ്ധതിയെ ബാധിക്കാതിരിക്കാൻ എടുത്ത നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം സംസ്ഥാനത്തിനകത്തുള്ള എല്ലാ സർക്കാർ ആശുപത്രികളെയും, 104 സ്വകാര്യ ആശുപത്രികളെയും അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇവയിൽ ചികിത്സ തേടുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള അസുഖങ്ങളുള്ളവർക്ക് പരമാവധി രണ്ട് ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. സ്വകാര്യ ആശുപത്രികൾക്ക് നിശ്ചിത പാക്കേജ് അനുസരിച്ചും സർക്കാർ ആശുപത്രികൾക്ക് മുൻകൂറായും ചികിത്സാനുമതി നൽകിവരുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി യാതൊരു മാറ്റവുമില്ലാതെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി തുടർന്നുവരുന്നു. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് അന്തിമ രൂപം നൽകിയിട്ടില്ല.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 27-ാമത് സംസ്ഥാനതല കമ്മിറ്റി 27/9 തീരുമാനപ്രകാരം കുടിശ്ശിക തുകകൾ വിതരണം ചെയ്യുന്നതിനുവേണ്ടി കുടുംബശ്രീയിൽനിന്നും 15 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസ വേതനാടിസ്ഥാനത്തിൽ മൂന്ന് മാസത്തേയ്ക്ക് നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25361 രോഗികൾക്കായി 288.45 കോടി രൂപ ചികിത്സാനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 28-2-2017 വരെ 311.31 കോടി രൂപ പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്.

(ഡി) കാരുണ്യ, കാരുണ്യപ്ലസ് ലോട്ടറികളിൽനിന്നുള്ള അറ്റാദായമാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനത്തിനായി വിനിയോഗിക്കുന്നത്. ടി ഭാഗ്യക്കുറികളുടെ വിറ്റുവരവ് ട്രഷറി മുഖേന സർക്കാർ ഖജനാവിലേയ്ക്കാണ് ഒടുക്കുന്നത്. നോട്ട് നിരോധനത്തിന് മുമ്പ് കാരുണ്യ, കാരുണ്യപ്ലസ് ലോട്ടറികളുടെ 40 ലക്ഷം ടിക്കറ്റുകളാണ് അച്ചടിച്ചിരുന്നത്. Demonetization-നെ തുടർന്ന് പ്രസ്തുത ടിക്കറ്റുകൾ വിൽക്കപ്പെടാതെ വരികയും അച്ചടി 30 ലക്ഷമാക്കി കുറയ്ക്കുകയുണ്ടായി. നിലവിൽ പ്രസ്തുത ഭാഗ്യക്കുറികളുടെ 33 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിക്കുന്നുണ്ട്. നോട്ടുനിരോധനം മൂലം കാരുണ്യ, കാരുണ്യപ്ലസ് ഭാഗ്യക്കുറികളുടെ വിറ്റുവരവിൽ കുറവ് വന്നെങ്കിലും പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 250 കോടി രൂപ ഇതിനകം കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്.

**കാരുണ്യ ബെനവലന്റ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി**

217 (2422) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചില പ്രത്യേക സാഹചര്യങ്ങളിൽ ഗുരുതരമായ രോഗം ബാധിച്ച രോഗികൾ, വിദഗ്ദ്ധ ചികിത്സക്കായി കാരുണ്യ ബെനവലന്റ് ഫണ്ട് അനുവദിക്കപ്പെടുന്ന ആശുപത്രികളിൽ അല്ലാതെ ചികിത്സ തേടുമ്പോൾ, പ്രത്യേക പരിഗണന നൽകി, പ്രസ്തുത ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പ്രത്യേക അനുമതി പ്രകാരം ഇത്തരം കേസ്സുകൾക്കും ചികിത്സാ ധനസഹായം നൽകുന്നുണ്ട്.

**കാരുണ്യ ബെനവലന്റ് പദ്ധതി**

218 (2423) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാരുണ്യ ലോട്ടറിയിൽ നിന്നുള്ള വരുമാനം ചികിത്സയ്ക്കല്ലാതെ മറ്റെന്തിനെങ്കിലും ചെലവഴിക്കുന്നുണ്ടോ;

(സി) രോഗികൾക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) അക്രെഡിറ്റഡ് ഹോസ്പിറ്റലുകളിൽ നിന്നല്ലാതെ മറ്റ് ആശുപത്രികളിൽ നിന്നും ചികിത്സ ലഭിച്ചവർക്ക് സ്പെഷ്യൽ ഓർഡർ നൽകുന്ന സംവിധാനം നിലവിലുണ്ടോ;

(ഇ) കാരുണ്യ ബെനവലന്റ് പദ്ധതി നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം 28-2-2017 വരെ 311.31 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് (അനുബന്ധം എ)*. പദ്ധതി പ്രകാരം ആശുപത്രികൾക്കാണ് തുക അനുവദിക്കുന്നത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ആശുപത്രി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം (ബി) ആയി ചേർക്കുന്നു.*

(ബി) കാരുണ്യ, കാരുണ്യപ്ലസ് ഭാഗ്യക്കുറികളിൽനിന്നുള്ള വിറ്റുവരവ് ട്രഷറി മുഖേന സർക്കാർ ഖജനാവിലേയ്ക്കാണ് ഒടുക്കുന്നത്. കാരുണ്യ ബെനവലന്റ് ചികിത്സാ ധനസഹായ വിതരണത്തിനായി നിശ്ചിത തുക ബജറ്റിൽ വകയിരുത്തിയ ശേഷം പ്രസ്തുത തുക സർക്കാർ ഉത്തരവ് മുഖേന കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് മാറ്റുകയാണ് ചെയ്യുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സർക്കാർ, സ്വകാര്യ ആശുപത്രികളിലെ രോഗികൾക്കായി 676.12 കോടി രൂപ കുടിശ്ശികയുണ്ട്.

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ചില പ്രത്യേക സാഹചര്യങ്ങളിൽ അക്രെഡിറ്റഡ് ആശുപത്രികളിൽ നിന്നല്ലാതെ ചികിത്സ തേടുന്ന രോഗികൾക്കും പ്രത്യേകാനുമതി പ്രകാരം ചികിത്സാ ധനസഹായം നിലവിൽ നൽകിവരുന്നു.

(ഇ) ഇല്ല.

**കാരുണ്യ ബെനവലന്റ് പദ്ധതി**

219 (2424) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ഫെബ്രുവരി 28 വരെ എത്ര പേർക്ക് ഏതെല്ലാം രോഗത്തിന്, എത്ര തുക വീതം കാരുണ്യ ബെനവലന്റ് പദ്ധതിയിൽനിന്ന് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ കാരുണ്യ ബെനവലന്റ് പദ്ധതിയിൽനിന്ന് ഏതെല്ലാം രോഗത്തിന് എത്ര ആളുകൾക്ക് എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) കാരുണ്യ ബെനവലന്റ് സ്കീമിൽനിന്ന് സഹായം അഭ്യർത്ഥിച്ച് അപേക്ഷ സമർപ്പിച്ച് എത്ര ആളുകൾക്ക് പണം അനുവദിക്കാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുകയാണെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം 2017 ഫെബ്രുവരി 28 വരെ ഹൃദയം, കരൾ വൃക്ക തുടങ്ങിയ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കും, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയയ്ക്കും, ക്യാൻസർ, ഹൃദ്രോഗം, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങൾക്കും, ഡയാലിസിസിനുമായി 311.13 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് (അനുബന്ധം)*. പദ്ധതി പ്രകാരം ആശുപത്രികൾക്കാണ് രോഗികളുടെ ചികിത്സയ്ക്കായി തുക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിക്കുന്നത്. ആയതിനാൽ ആശുപത്രികളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) കഴിഞ്ഞ സർക്കാർ, പദ്ധതി പ്രകാരം അംഗീകരിച്ചിട്ടുള്ള രോഗങ്ങൾക്ക് തുക അനുവദിച്ചത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(സി & ഡി) സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ ആശുപത്രികൾക്ക് 676.12 കോടി രൂപ വിതരണം ചെയ്യേണ്ടതുണ്ട്. പദ്ധതിയുടെ ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യവും, ബജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുകയ്ക്കുള്ള അപേക്ഷകൾ ഓരോ വർഷവും ലഭിക്കുന്നതും കുടിശ്ശികയാകുന്നതിന് കാരണമാകുന്നു. ആശുപത്രികൾക്കാണ് ചികിത്സാനുമതി നൽകുന്നത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്ക് നിലവിൽ കാരുണ്യ പദ്ധതിയിലെ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. സോഫ്റ്റ്‌വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ഭാഗ്യക്കുറി നറുക്കെടുപ്പ് ഫലം**

220 (2425) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് എത്ര ദിനപ്പത്രങ്ങൾക്കാണ് നറുക്കെടുപ്പ് ഫലം പരസ്യമായി നൽകുന്നത്;

(ബി) സർക്കാർ ഉത്തരവില്ലാതെ ദിനപ്പത്രങ്ങൾക്ക് റിസൾട്ട് പരസ്യം നൽകുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും ദിനപ്പത്രത്തെ റിസൾട്ട് പരസ്യത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പത്രമെന്നും അതിനുള്ള സാഹചര്യമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ പരസ്യം നൽകേണ്ട എന്ന് തീരുമാനിച്ച പരസ്യകമ്മിറ്റി മീറ്റിംഗിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോട്ടറി റിസൾട്ട് പരസ്യം നൽകുന്നതിന് എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പതിമൂന്ന്.

(ബി) ഇല്ല.

(സി) ഒഴിവാക്കിയിട്ടുണ്ട്.

'ബി' കാറ്റഗറി ദിനപ്പത്രങ്ങളായ ജനശബ്ദം, പ്രഭാതവാർത്ത, സതേൺ സ്റ്റാർ എന്നിവയേയും, മണി വീക്കിലി ആഴ്ചപതിപ്പിനേയും റിസൾട്ട് പരസ്യത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

'മണി വീക്കിലി' എന്ന ആഴ്ചപതിപ്പ് വകുപ്പിന്റെ ഒരാഴ്ചത്തെ റിസൾട്ട് പരസ്യം ഒരുമിച്ചാണ് പ്രസിദ്ധീകരിക്കുന്നത്. സർക്കുലേഷൻ കുറവുള്ള 'ബി' കാറ്റഗറി ദിനപ്പത്രങ്ങൾക്കും, മണി വീക്കിലിക്കും റിസൾട്ട് പരസ്യം നൽകുന്നത് വഴി വകുപ്പിന് യാതൊരു പ്രയോജനവുമില്ലെന്നും എന്നാൽ വർഷത്തിൽ എല്ലാ ദിവസവും പരസ്യം നൽകുന്നതിലൂടെ വകുപ്പിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്നതും കണക്കിലെടുത്ത് മണി വീക്കിലി എന്ന ആഴ്ചപതിപ്പിനും 'ബി' കാറ്റഗറി ദിനപ്പത്രങ്ങൾക്കും റിസൾട്ട് പരസ്യം തുടർന്ന് നൽകേണ്ടതില്ലെന്ന് വകുപ്പിന്റെ പരസ്യ കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 21-10-16, 7-01-17 എന്നീ തീയതികളിലെ പരസ്യ കമ്മിറ്റി മീറ്റിംഗിന്റെ മിനിറ്റ്സ് അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 8,44,35,008 രൂപയുടെ റിസൾട്ട് പരസ്യം അനുവദിച്ചുനൽകിയിട്ടുണ്ട്.

**ആരോഗ്യ വകുപ്പിലെ ഓഡിറ്റ് പരിശോധന**

221 (2426) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കാറുണ്ടോ. വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, സി.ഡി.എച്ച് പുലയനാർക്കോട്ട, മെഡിക്കൽ കോളേജ് യൂണിറ്റ് പാങ്ങപ്പാറ, വക്കം എന്നിവിടങ്ങളിൽ ആഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ. ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കാറുണ്ട്. ആകെയുള്ള 212 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിൽ 2015-16-ൽ 75 കമ്മിറ്റികൾ അക്കൗണ്ട് സമർപ്പിച്ചു. 58 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ ഓഡിറ്റ് നടത്തുകയും ചെയ്തു. 2017 ജനുവരി വരെ ഓഡിറ്റ് നടത്തിയ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ റിപ്പോർട്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വരവുചെലവ് കണക്കുകൾ ലഭ്യമാക്കാത്ത ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് ആയത് സമർപ്പിക്കുവാൻ ഓഡിറ്റ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, സിഡിഎച്ച് പുലയാനാർകോട്ട, മെഡിക്കൽ കോളേജ് യൂണിറ്റ് പാങ്ങപ്പാറ, വക്കം എന്നിവിടങ്ങളിൽ ആഡിറ്റ് നടത്തിയിട്ടില്ല. 18-8-2016-ലെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല മോണിട്ടിറിംഗ് കമ്മിറ്റിയോഗ തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2015-16 വരെയുള്ള ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാൻ വിവിധ ഓഫീസുകളിലെ ജീവനക്കാരെ പുനർവിന്യസിച്ചതിനാൽ മറ്റ് സ്ഥാപനങ്ങളിലെ ഓഡിറ്റ് പൂർത്തിയാക്കാൻ കാലതാമസം നേരിട്ടു. ഓഡിറ്റ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഫീസ് വിജിലൻസ് വകുപ്പിലും ആരംഭിക്കാൻ നടപടി**

222 (2427) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിൽനിന്ന് 2016 വർഷം എത്ര മനുഷ്യ ദിനങ്ങൾ സംസ്ഥാന വിജിലൻസിന് നൽകിയിട്ടുണ്ട്;

(ബി) വിജിലൻസിന്റെ പ്രവർത്തനത്തിൽ സഹായിക്കാനായി വിജിലൻസിനോടനുബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിൽനിന്ന് 2016 വർഷം 1200 മനുഷ്യ ദിനങ്ങൾ സംസ്ഥാന വിജിലൻസിന് നൽകിയിട്ടുണ്ട്.

(ബി) വിജിലൻസിന്റെ പ്രവർത്തനത്തിൽ സഹായിക്കാനായി വിജിലൻസിനോടനുബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ ഓഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശ ഇതുവരെ സർക്കാറിന് ലഭിച്ചിട്ടില്ല.

**കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ**

223 (2428) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിക്കുന്നതിന് തീരുമാനിച്ച കെ. എസ്. എഫ്. ഇ.-യുടെ പുതിയ ശാഖകൾ ഏതൊക്കയാണെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ പ്രവർത്തനം ആരംഭിച്ചത് ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ ആരംഭിക്കാനുദ്ദേശിച്ച കൂടരഞ്ഞി ശാഖയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിക്കാനുദ്ദേശിച്ച കെ.എസ്.എഫ്.ഇ. ശാഖകളുടെ പേരുകൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) ഇവയിൽ പ്രവർത്തനം ആരംഭിച്ച ശാഖകളുടെ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ശാഖ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ എടുത്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെ.എസ്.എഫ്.ഇ.-യിലെ അസിസ്റ്റന്റിന്റെ ഒഴിവുകൾ

224 (2429) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ അസിസ്റ്റന്റിന്റെ എത്ര തസ്തികകൾ ഉണ്ട്; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് എത്ര നിയമനങ്ങൾ നടത്തി;

(ബി) അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തു;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ.-യിൽ എത്ര ബ്രാഞ്ചുകൾ പുതുതായി തുടങ്ങി; അവിടെല്ലാം എത്ര അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചു;

(ഡി)കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) അസിസ്റ്റന്റ് തസ്തികയിലേക്ക് താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പേരെ നിയമിച്ചു; അതിനുള്ള മാനദണ്ഡങ്ങൾ, യോഗ്യതകൾ എന്തെല്ലാം; കാലാവധി അവസാനിക്കുന്ന ലിസ്റ്റുകളിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരമാവധി നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നൽകിയിട്ടുണ്ടോ ?

### ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യിലെ അസിസ്റ്റന്റ് തസ്തികയിൽ ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം കണക്കാക്കുന്നത്. ആറുമാസത്തിലൊരിക്കൽ നടത്തപ്പെടുന്ന ബിസിനസ്സ് പുനരവലോകനങ്ങൾ ആധാരമാക്കിയാണ്. ഇത്തരത്തിൽ ഏറ്റവും ഒടുവിൽ അതായത് 30-09-2016 ആധാരമാക്കി നടത്തിയ ബിസിനസ്സ് പുനരവലോകന പ്രകാരം 3652 അസിസ്റ്റന്റ് തസ്തികകൾ കെ.എസ്.എഫ്.ഇ.-യിലുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് തസ്തികയിൽ 1390 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് തസ്തികയിൽ 251 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 243 ഒഴിവുകളിലേക്ക് പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടുള്ളതാണ്. ഇവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ജെ.ഡി. ഉൾപ്പെടെ 622 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 218 ബ്രാഞ്ചുകൾ തുടങ്ങാൻ തീരുമാനിച്ചിരുന്നു. ഇതിൽ നാളിതുവരെ പൂർണ്ണരീതിയിൽ പ്രവർത്തനം തുടങ്ങിയിട്ടുള്ളത് 190 ബ്രാഞ്ചുകളാണ്.

ടി ബ്രാഞ്ചുകളിലായി 445 അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചു.

(ഡി) ഇല്ല.

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് തസ്തികയിൽ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും 114 പേരെ നിയമിച്ചു.

<u>മാനദണ്ഡം:</u>

താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനമാണ് നൽകിയിരുന്നത്. 24-9-2013-ലെ G.O.(MS)No.162/13/TD പ്രകാരം ഇത് 10% മായി ഉയർത്തിയിട്ടുണ്ട്.

<u>യോഗ്യത:</u>

1. എസ്.എസ്.എൽ.സി.
2. സബോർഡിനേറ്റ് സർവ്വീസിൽ രണ്ട് വർഷത്തെ പ്രവർത്തിപരിചയം
3. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ

കൂടാതെ പി.എസ്.സി. നടത്തുന്ന യോഗ്യതാ പരീക്ഷയും പാസ്സായിരിക്കണം. കാലാവധി അവസാനിക്കുന്ന ലിസ്റ്റുകളിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരമാവധി നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നൽകിയിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ.-യിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

225 (2430) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. അനിൽ അക്കര:

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ 'ഇളവ് 2017' എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിലൂടെ എത്ര കോടിയുടെ കുടിശ്ശിക സമാഹരണമാണ് കെ.എസ്.എഫ്.ഇ. ലക്ഷ്യമിടുന്നത്; നിലവിൽ കുടിശ്ശികയായി എത്ര കോടി കെ.എസ്.എഫ്.ഇ.-ക്ക് ലഭിക്കുവാനുണ്ട്;

(സി) നോട്ട് അസാധുവാക്കിയ നടപടി കെ.എസ്.എഫ്.ഇ.-യെ എപ്രകാരമാണ് ബാധിച്ചതെന്ന് അറിയിക്കാമോ;

(ഡി) 2016 നവംബർ-ഡിസംബർ മാസങ്ങളിൽ കെ.എസ്.എഫ്.ഇ.-യുടെ തിരിച്ചടവിൽ കുറവുണ്ടായിട്ടുണ്ടോ എന്നും എങ്കിൽ എത്ര കോടിയുടെ കുറവുണ്ടായെന്നും വെളിപ്പെടുത്തുമോ;

(ഇ) ഈ പ്രതിസന്ധി എപ്രകാരമാണ് മറികടക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കെ.എസ്.എഫ്.ഇ.-യിൽ വർദ്ധിച്ചുവരുന്ന കുടിശ്ശിക തീർപ്പാക്കുന്നതിനായി 1-1-2017 മുതൽ 31-3-2017 വരെയുള്ള കാലയളവിലേയ്ക്കായി നടപ്പിലാക്കിയിട്ടുള്ള കടാശ്വാസ പദ്ധതിയാണ് 'ഇളവ് 2017'. വൻതോതിലുള്ള പലിശ ഇളവുകൾ വരിക്കാർക്ക് നൽകുന്ന ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത് 31-3-2016-ന് മുമ്പായി കുടിശ്ശിക ആയിട്ടുള്ള വിളിച്ചെടുത്ത ചിട്ടികളിലേയും വിവിധ വായ്പകളിലേയും വരിക്കാർക്കാണ്. കുടിശ്ശിക ആരംഭിച്ച തീയതി അനുസരിച്ച് പലിശ നിരക്കിൽ 3%,4%, 6% എന്ന തോതിലാണ് ഇളവ് അനുവദിക്കുന്നത്.

(ബി) 400 കോടി രൂപയുടെ കുടിശ്ശിക സമാഹരണം ലക്ഷ്യമിടുന്നു. 2016 ഡിസംബർ 31-ലെ കണക്കനുസരിച്ച് 776 കോടിരൂപയാണ് ആകെ കുടിശ്ശിക.

(സി) കെ.എസ്.എഫ്.ഇ.-യുടെ ചിട്ടി/ലോൺ തിരിച്ചടവിൽ തൊട്ട് മുൻ മാസത്തെ അപേക്ഷിച്ച് നോക്കുമ്പോൾ 21.97 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

(ഡി)

| മാസം | കളക്ഷൻ (കോടി രൂപയിൽ) | ഒക്ടോബർ മാസത്തെ അടിസ്ഥാനമാക്കി കുറവ് കണക്കാക്കിയത് (കോടി രൂപയിൽ) |
|---|---|---|
| ഒക്ടോബർ | 1292 | - |
| നവംബർ | 1008 | 284 |
| ഡിസംബർ | 1143 | 149 |

(ഇ) തിരിച്ചടവ് സാധാരണ നിലയിലാക്കാൻ വേണ്ടിയുള്ള സംവിധാനങ്ങൾ കെ.എസ്.എഫ്.ഇ. ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ബ്രാഞ്ചുകളിലും ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തി. അതുപോലെ തന്നെ മിക്കവാറും ശാഖകളിൽ പോയമെന്റ് ഓഫ് സെയിൽസ് (POS) മെഷീനുകൾ സ്ഥാപിച്ചു. ഇതുവഴി കറൻസി രഹിത തിരിച്ചടവുകളിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ദിവസ പിരിവ് സമ്പ്രദായം ഊർജ്ജിതപ്പെടുത്തിയും തിരിച്ചടവിലുണ്ടായ കുറവ് പരിഹരിക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. വലിയ കുടിശ്ശികക്കാരെ കട വിമുക്തരാക്കാൻ സഹായിക്കുന്ന 'ഇളവ് 2017' പദ്ധതി പ്രകാരം സമാഹരിക്കുന്ന തുകയും സ്ഥാപനത്തിന്റെ ലിക്വിഡിറ്റി വർദ്ധിപ്പിക്കാൻ സഹായകരമാണ്. നിലവിലെ 442 ശാഖകളിൽ കോർ ബാങ്കിംഗ് സമ്പ്രദായം കൊണ്ടുവന്നതും തിരിച്ചടവിനെ സഹായിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതോടെ മുഴുവൻ ശാഖകളും ഈ സമ്പ്രദായത്തിൽ വരുന്നതാണ്.

**പുതിയകാവിൽ കെ.എസ്.എഫ്.ഇ ശാഖ**

226 (2431) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് പുതിയ ശാഖകൾ അനുവദിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദീകരിക്കുമോ ;

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പുതിയകാവിൽ കെ.എസ്.എഫ്.ഇ. ശാഖ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സാധ്യതാ പഠനം നടത്തി ബിസിനസ് സാധ്യതയുള്ള സ്ഥലങ്ങളിൽ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) സാധ്യതാ പഠനം നടത്തുന്നതിന് കൊല്ലം റീജിയണിലെ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**എസ്.എൽ.ഐ., ജി.ഐ.എസ്. പ്രതിമാസ പ്രീമിയം തുക**

227 (2432) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൽ.ഐ., ജി.ഐ.എസ്. സ്കീമുകളിൽ സർക്കാർ ജീവനക്കാർ അടയ്ക്കുന്ന പ്രതിമാസ പ്രീമിയം തുക സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ വെബ് സൈറ്റ് വഴി പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ ജീവനക്കാർക്ക് അവരുടെ പ്രതിമാസ അടവുകൾ പോളിസി എടുത്ത വർഷം മുതൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാകുന്ന തരത്തിൽ വകുപ്പിൽ ഡിജിറ്റലൈസേഷൻ കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഡിജിറ്റലൈസേഷൻ എപ്പോഴത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്നാണ് കരുതുന്നത്?

ഉത്തരം

(എ) വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ആദ്യഘട്ടം 1-4-2017 മുതൽ നടപ്പിലാക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ രണ്ടാം ഘട്ടവും പൂർണ്ണമായി നടപ്പിലാക്കിയശേഷം മാത്രമേ ഇത്തരത്തിൽ വിവരങ്ങൾ പ്രസിദ്ധീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികളുടെ അന്തിമഘട്ടത്തിലാണ്. ഉപഭോക്താക്കളുടെ ജി.ഐ.എസ്/എസ്.എൽ.ഐ. വരിസംഖ്യ കിഴിവ് വിവരങ്ങൾ സ്പാർക്ക് മുഖേന ഇൻഷ്വറൻസ് വകുപ്പിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകുമ്പോൾ മാത്രമേ ഈ വിവരങ്ങൾ പരസ്പരം ബന്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത സ്കീമുകളുടെ പ്രതിമാസ വരിസംഖ്യ വിവരങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വെബ് സൈറ്റ് വഴി പ്രസിദ്ധീകരിക്കുന്നതിന് ഉപഭോക്താക്കളുടെ നാളിതുവരെയുള്ള വരിസംഖ്യ കിഴിക്കൽ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ആയത് ഘട്ടംഘട്ടമായി ശേഖരിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു.

(സി) നിലവിൽ 9 ലക്ഷത്തോളം വരുന്ന എസ്.എൽ.ഐ പോളിസികളുടേയും 6 ലക്ഷത്തോളം വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് അക്കൗണ്ടുകളുടേയും പ്രതിമാസ വരിസംഖ്യാ വിവരങ്ങൾ ശേഖരിക്കുന്ന മുറയ്ക്ക് മേൽ പറഞ്ഞ ഡിജിറ്റലൈസേഷൻ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**ജനറൽ ഇൻഷ്വറൻസ്**

228 (2433) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് വകുപ്പ് മുഖേനയുള്ള ജനറൽ ഇൻഷ്വറൻസുകൾ വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ബി) വൻകിട പദ്ധതികൾ ഉൾപ്പെടെയുള്ളവയുടെ ജനറൽ ഇൻഷ്വറൻസുകൾ ഇൻഷ്വറൻസ് വകുപ്പുമുഖേന നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി ജനറൽ ഇൻഷ്വറൻസ് മേഖലയിൽ പരിജ്ഞാനമുള്ള വിദഗ്ധരുടെ പാനലിനെ നിയോഗിക്കുമോ;

(സി) എങ്കിൽ ഇതിനായി സമയബന്ധിത നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)1-10-2014-ലെ സ.ഉ.(അച്ചടി) നം.428/2014/ധന പ്രകാരം സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ജനറൽ ഇൻഷ്വറൻസ്, ഇൻഷ്വറൻസ് വകുപ്പ് മുഖേന

ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതുവരെ ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വറൻസ് ബിസിനസ് നടത്താത്ത സർക്കാർ ഫണ്ട് ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് ഇൻഷ്വറൻസ് ബിസിനസുകൾ ഇൻഷ്വറൻസ് വകുപ്പ് വഴി മാത്രമേ നടത്താവൂ എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വൻകിട പദ്ധതികൾ ഉൾപ്പെടെയുള്ളവയുടെ ജനറൽ ഇൻഷ്വറൻസുകൾ ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി ജനറൽ ഇൻഷ്വറൻസ് മേഖലയിൽ പരിജ്ഞാനമുള്ള വിദഗ്ദ്ധരുടെ പാനലിനെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായുള്ള ശിപാർശകൾ നിർദ്ദേശിക്കുന്നതിനായി ഒരു കൺസൾട്ടന്റിനെ നിയോഗിക്കാൻ 8-8-2016-ലെ സ.ഉ.(സാധാ) 6610/2016/ധന പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(സി)ഇൻഷ്വറൻസ് കൺസൾട്ടന്റിനെ ശിപാർശകളിന്മേൽ സർക്കാർ തീരുമാനമെടുക്കുന്ന മുറയ്ക്കായിരിക്കും നടപടികൾ സ്വീകരിക്കുന്നത്.

**മോട്ടോർ, ജനറൽ ഇൻഷ്വറൻസുകൾ**

229 (2434) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന മാത്രമേ മോട്ടോർ, ജനറൽ ഇൻഷ്വറൻസുകൾ എടുക്കാവൂ എന്ന് നിർദ്ദേശിക്കുന്ന ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശം നിലവിലുള്ളപ്പോൾ മോട്ടോർ ഇൻഷ്വറൻസ് ഒഴികെയുള്ള ജനറൽ ഇൻഷ്വറൻസ് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ വഴി കോ-ഇൻഷ്വറൻസ് അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വകുപ്പ് തീരുമാനിച്ചതിന്റെ കാരണം അറിയിക്കുമോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ ഉറവിടം എവിടെനിന്നാണെന്നും അതിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) ഇപ്രകാരം തീരുമാനിച്ചതു മൂലം വകുപ്പിനുവേണ്ടി പ്രവർത്തിക്കേണ്ട ഡെവലപ്മെന്റ് ഓഫീസർമാരുടെ സേവനം പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുടെ വളർച്ചയ്ക്കായി ഉപയോഗപ്പെടുത്തുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ തീരുമാനത്തിനുശേഷം വകുപ്പ് സ്വന്തമായി ചെയ്തിരുന്ന എത്ര സ്ഥാപനങ്ങളുടെ ഇൻഷ്വറൻസുകൾ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾക്ക് ലഭ്യമായിട്ടുണ്ട് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ വാഹനങ്ങളുടെ 'Third Party Insurance' സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം മാത്രമേ നിർവ്വഹിക്കാവൂ എന്നുള്ള സ.ഉ.(അച്ചടി)819/2000/ധന. തി: 18-4-2000 നിലവിലുണ്ട്. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സഹകരണസ്ഥാപനങ്ങൾ തുടങ്ങിയവയുടെ ജനറൽ ഇൻഷ്വറൻസ് ഇടപാടുകളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം മാത്രം നിർവ്വഹിക്കണമെന്നുള്ള സ.ഉ (അച്ചടി)428/2014/ധന. തിയതി 1-10-2014 ഉത്തരവും നിലവിലുണ്ട്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു)*.

(ബി) സർക്കാർ ഉത്തരവുകളും സർക്കുലറുകളും നിലവിലുണ്ടായിരുന്നുവെങ്കിലും പൊതുമേഖല, സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം നേരിട്ട് ചെയ്തുകൊണ്ടിരുന്ന ഇൻഷ്വറൻസ് ഇടപാടുകളുടെ വ്യാപ്തി കുറവായിരുന്നു. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ഇക്കാര്യത്തിൽ ഇടപെടുന്നതിന് ജീവനക്കാരുടെ കുറവും ഭൗതിക സാഹചര്യങ്ങളുടെ കുറവും പരിമിതികളായിരുന്നു. സർക്കാരിന് ഉണ്ടാകുന്ന ഈ വരുമാന നഷ്ടം കുറയ്ക്കുന്നതിനുള്ള ഒരു ഉപാധിയായും വൻകിട ക്ലെയിം തുക നൽകേണ്ട സാഹചര്യം ഉണ്ടായാൽ ഈ നഷ്ടം കോ-ഇൻഷ്വറൻസിലൂടെ പങ്കുവയ്ക്കപ്പെടുന്നതിലൂടെ വകുപ്പിന് ഉണ്ടാകാവുന്ന നഷ്ടത്തിന്റെ തോത് കുറയ്ക്കുവാനും കൂടിയാണ് കോ-ഇൻഷ്വറൻസ് അടിസ്ഥാനത്തിൽ വകുപ്പിന്റെ ജനറൽ ഇൻഷ്വറൻസ് ബിസിനസ്സുകൾ നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചത്.

(സി) ഈ നിർദ്ദേശം ബഹുമാനപ്പെട്ട കേരള ധനകാര്യ വകുപ്പുമന്ത്രിയുടെ 2013-14-ലെ ബജറ്റ് പ്രസംഗത്തിലായിരുന്നു ഉൾപ്പെട്ടിരുന്നത്. (പ്രസ്തുത ഭാഗത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു)*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഇല്ല. ഡെവലപ്മെന്റ് ഓഫീസർമാരുടെ സേവനം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പുരോഗതിക്ക് മാത്രമാണ് വകുപ്പ് ഉപയോഗപ്പെടുത്തുന്നത്.

(ഇ) വകുപ്പ് സ്വന്തമായി ചെയ്തിരുന്ന സ്ഥാപനങ്ങളുടെ ഇൻഷ്വറൻസ് ബിസിനസ്സുകൾ പ്രസ്തുത സ്ഥാപനങ്ങളുടെ താൽപ്പര്യാർത്ഥം വകുപ്പിൽ തന്നെ നിലനിർത്തുന്നതിന് കോ-ഇൻഷ്വറൻസ് ഉടമ്പടിയിൽ വ്യവസ്ഥയുള്ളതിനാൽ വകുപ്പിന്റെ ബിസിനസ്സുകളൊന്നും തന്നെ നഷ്ടമായിട്ടില്ല.

**ഇൻഷ്വറൻസ് വകുപ്പിലെ ജീവനക്കാർ**

230 (2435) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻഷ്വറൻസ് വകുപ്പിൽ എത്ര ജീവനക്കാർ ഉണ്ടെന്ന് തസ്തിക തിരിച്ച് അറിയിക്കുമോ;

(ബി) നിലവിലെ സ്റ്റാഫ് പാറ്റേൺ ഏത് വർഷമാണ് നിശ്ചയിച്ചതെന്ന് അറിയിക്കുമോ;

(സി) വകുപ്പിലെ വർദ്ധിച്ച ജോലിഭാരം കാരണം ക്ലെയിമുകൾ തീർപ്പാക്കാൻ ഒട്ടേറെ കാലതാമസം വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2006-2011 ലെ സർക്കാരിന്റെ കാലത്ത് വകുപ്പിലെ ജോലി ഭാരത്തെക്കുറിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിൽ വകുപ്പിൽ അധിക തസ്തികകൾ അനുവദിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതമെന്ന് തസ്തിക തിരിച്ച് അറിയിക്കുമോ;

(എഫ്) പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഇൻഷ്വറൻസ് വകുപ്പിൽ 325 ജീവനക്കാരുണ്ട്. തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡയറക്ടർ | 1 |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 3 |
| 3 | അസിസ്റ്റന്റ് ഡയറക്ടർ | 3 |
| 4 | ഡിസ്ട്രിക്ട് ഇൻഷ്വറൻസ് ഓഫീസർ | 14 |
| 5 | ലോ ഓഫീസർ | 1 |
| 6 | ഇൻസ്പെക്ടർ (ഫയർ) | 1 |
| 7 | ഇൻസ്പെക്ടർ (ക്രോപ്പ്) | 1 |
| 8 | സീനിയർ സൂപ്രണ്ട് | 4 |
| 9 | അക്കൗണ്ട്സ് ഓഫീസർ | 1 |
| 10 | ഡെവലപ്മെന്റ് ഓഫീസർ | 14 |
| 11 | ജൂനിയർ സൂപ്രണ്ട് | 25 |
| 12 | സീനിയർ ക്ലാർക്ക് | 76 |
| 13 | ക്ലാർക്ക് | 77 |
| 14 | ക്ലറിക്കൽ അസിസ്റ്റന്റ് | 1 |
| 15 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 16 | ഫെയർകോപ്പി സൂപ്രണ്ട് | 2 |
| 17 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 10 |
| 18 | സീനിയർ ഗ്രോഡ് ടൈപ്പിസ്റ്റ് | 10 |
| 19 | യു.ഡി. ടൈപ്പിസ്റ്റ് | 10 |
| 20 | എൽ.ഡി.ടൈപ്പിസ്റ്റ് | 11 |
| 21 | ഡ്രൈവർ ഗ്രേഡ് 2 | 1 |
| 22 | അറ്റൻഡർ | 1 |
| 23 | ഓഫീസ് അറ്റൻഡന്റ് | 41 |
| 24 | നൈറ്റ് വാച്ചർ | 1 |
| 25 | പാർട്ട് ടൈം സ്വീപ്പർ | 15 |
| | ആകെ | 325 |

(ബി) 8-2-1999-ലെ സ.ഉ.(കൈ)നമ്പർ 417/1999/ധന, 15-7-1999-ലെ സ.ഉ.(കൈ)നമ്പർ 1584/1999/ധന. പ്രകാരം നിലവിലെ സ്റ്റാഫ് പാറ്റേൺ അവസാനമായി നിശ്ചയിച്ചത് 1999-ൽ ആണ്.

(സി) വകുപ്പിൽ ക്ലെയിമുകൾ സമയബന്ധിതമായി തീർപ്പാക്കാൻ വർദ്ധിച്ച ജോലിഭാരം കാരണം കഴിയാതെ വരുന്നുണ്ട്. എന്നാൽ ക്ലെയിമുകൾ തീർപ്പാക്കാൻ ഒട്ടേറെ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 2006-2011-ലെ സർക്കാരിന്റെ കാലത്ത് വകുപ്പിലെ ജോലി ഭാരത്തെക്കുറിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) മുഖാന്തരം ഒരു പഠനം നടത്തുകയും ആയത് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത റിപ്പോർട്ടിൽ ഇൻഷ്വറൻസ് വകുപ്പിൽ 58 തസ്തികകൾ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുകയുണ്ടായി. തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ജോയിന്റ് ഡയറക്ടർ | 1 |
| 2 | ഡെപ്യൂട്ടി ഡയറക്ടർ (ഫിനാൻസ്) | 1 |
| 3 | അസിസ്റ്റന്റ് സിസ്റ്റംസ് അഡ്മിൻ | 1 |
| 4 | അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഷ്വറൻസ് ഓഫീസർ | 10 |
| 5 | ഡെവലപ്മെന്റ് ഓഫീസർ | 4 |
| 6 | സീനിയർ സൂപ്രണ്ട് | 1 |
| 7 | പ്രോഗ്രാമർ | 2 |
| 8 | ജൂനിയർ സൂപ്രണ്ട് | 2 |
| 9 | ക്ലാർക്ക് | 36 |
| | ആകെ | 58 |

(എഫ്) ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ജോലി ഭാരം കുറയുന്നതും വകുപ്പിന്റെ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ സാധിക്കുന്നതുമാണ്. അതിനാൽ അധിക തസ്തികകളുടെ ആവശ്യം ഉദിക്കുന്നില്ല.

### സ്ത്രീകളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

231 (2436) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ;

(ബി) ഒരു സ്ഥലം മാത്രം വാങ്ങുന്ന സ്ത്രീകൾക്കെങ്കിലും ഇളവ് നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

### കയർ കേരള പ്രോഗ്രാം

232 (2437) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കേരള പ്രോഗ്രാം ഈ വർഷം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരങ്ങൾ അറിയിക്കുമോ;

(ബി) കയർ കേരള പ്രോഗ്രാമിന് കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം ലഭിക്കുന്നുണ്ടോഎന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2017 സെപ്റ്റംബർ മാസത്തിൽ ആലപ്പുഴയിൽ വച്ച് 'കയർ കേരള' നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കയർ കോർപ്പറേഷനെ നടത്തിപ്പിന്റെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

(ബി) കയർ കേരള പ്രോഗ്രാമിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും എൻ.സി.ആർ.എം.ഐ. വഴി സാമ്പത്തിക സഹായം മുൻവർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്. ഈ വർഷവും പ്രസ്തുത സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കയർ മേഖലയിലെ തൊഴിൽ പ്രതിസന്ധി**

233 (2438) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖലയിലെ തൊഴിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

കയർ മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി വിലയിരുത്തി അപ്പപ്പോൾ അവ പരിഹരിക്കുന്നതിനുള്ള സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. ചകിരിയുടെ ദൗർലഭ്യം കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതി " തൊണ്ടുസംഭരണവും ചകിരി ഉത്പാദനവും" നടപ്പിലാക്കിവരുന്നു.

കയർ വ്യവസായ മേഖല പുനരുജ്ജീവിപ്പിക്കുന്നതിനും തൊഴിൽ പ്രതിസന്ധി പരിഹരിക്കുന്നതിനും താഴെ പറയുന്ന പ്രകാരം വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തനമൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകിവരുന്നു.
6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
7. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് 17 കോടി രൂപയിൽ നിന്നും 77 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റൈൽസ് വിനിയോഗം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വിപുലീകരിക്കുന്നതിന് പരിപാടി നടപ്പിലാക്കുന്നു.

12. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

14. കയർ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചുവരുന്നു.

**കയർ സംഘങ്ങളെ ആധുനീകരിക്കാൻ പദ്ധതി**

234 (2439) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സംഘങ്ങളെ ആധുനീകരിക്കാൻ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളത്;

(ബി) ആറ്റിങ്ങൽ മണ്ഡലത്തിലെ ഏതെല്ലാം സംഘങ്ങളെയാണ് ആധുനീകരണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) കയർ സംഘങ്ങളെ ആധുനീകരിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കയർ സംഘങ്ങൾക്ക് ഇലക്ട്രോണിക് റാട്ടുകൾ, ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ, ചകിരി ഉല്പാദനത്തിനായി 15 എച്ച്.പി., 10 എച്ച്.പി, ഡി.എഫ്. മെഷീനുകൾ, പിച്ച് മിൽ, വില്ലോയിംഗ് മെഷീൻ, സ്ക്രീനർ എന്നിവ അനുവദിച്ചു നൽകുന്നു.

2. വർക്ക്ഷെഡ്, റാട്ട്ഷെഡ് എന്നിവ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു.

3. പരമ്പരാഗത റാട്ടുകളിൽ കയർ ഉല്പാദനം നടത്തിവന്നിരുന്ന കയർ തൊഴിലാളികൾക്ക് ഇലക്ട്രോണിക് റാട്ട്, എ.എസ്.എം. എന്നിവയിൽ കയർ പിരിക്കുന്നതിനായി പരിശീലനം നൽകിവരുന്നു.

4. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തനമൂലധനം നൽകുന്നു.

5. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകിവരുന്നു.

6. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.

7. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിവരുന്നു.

8. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

9. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

10. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് 17 കോടി രൂപയിൽ നിന്നും 77 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

11. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

12. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

13. കയർ ജിയോ ടെക്സ്റ്റൈൽസ് വിനിയോഗം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വിപുലീകരിക്കുന്നതിന് പരിപാടി നടപ്പിലാക്കുന്നു.

(ബി) ആറ്റിങ്ങൽ മണ്ഡലത്തിൽ 9 സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു. ആധുനികവൽക്കരണത്തിനായി ഈ 9 സംഘങ്ങളെയും തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത സംഘങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു:

1. വക്കം സൗത്ത് സിവിസിഎസ് ലി. നമ്പർ 537
2. അകത്തുമുറി സിവിസിഎസ് ലി. നമ്പർ 339

3. അകത്തുമുറി തെക്ക് സിവിസിഎസ് ലി. നമ്പർ 303
4. വക്കം നോർത്ത് വെസ്റ്റ് സിവിസിഎസ് ലി. നമ്പർ 529
5. നോർത്ത് വെന്നിക്കോട് സിവിസിഎസ് ലി. നമ്പർ 450
6. കവലയൂർ സിവിസിഎസ് ലി. നമ്പർ 126
7. പേരേറ്റിൽ സിവിസിഎസ് ലി. നമ്പർ 123
8. വെട്ടുകാട് സിവിസിഎസ് ലി. നമ്പർ 621
9. വക്കം കിഴക്ക് സിവിസിഎസ് ലി. നമ്പർ 87

**കയർ ഉല്പന്നങ്ങളുടെ കയറ്റുമതി**

235 (2440) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കയറ്റുമതിയിലൂടെ എത്ര തുക ലഭ്യമായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കയറിന്റെയും കയറുല്പന്നങ്ങളുടെയും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക എന്നീ നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി)

| ക്രമ നമ്പർ | സ്ഥാപനം | വർഷം | തുക |
|---|---|---|---|
| 1 | ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് | 2016-17 | 56,54,797.00 രൂപ |
| 2 | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ | 2016-17 (ഫെബ്രുവരി 28 വരെ) | 9.68 കോടി രൂപ |

**കയർ വ്യവസായ സംരക്ഷണം**

236 (2441) ശ്രീ. ബി. സത്യൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച രണ്ടാം പുനസംഘടന പദ്ധതി ലക്ഷ്യമിടുന്നത് എന്തൊക്കെ കാര്യങ്ങളാണ്;

(ബി) സംസ്ഥാനത്ത് കയർ വ്യവസായത്തിന്റെ പ്രസക്തി, പതിനായിരക്കണക്കിന് തൊഴിലാളികളുടെ ഏക ഉപജീവന ഉപാധിയായ പരമ്പരാഗത വ്യവസായമെന്ന നിലയിലായതിനാൽ ഉൽപ്പന്നാധിഷ്ഠിതമായ സമ്പൂർണ്ണ യന്ത്രവൽക്കരണം ഈ രംഗത്തെ തൊഴിലാളികളുടെ താൽപ്പര്യം എങ്ങനെ സംരക്ഷിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; നിലവിൽ ഈ രംഗത്തെ തൊഴിലാളികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;

(സി) തൊഴിലാളികളുടെ ഉൽപ്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വർദ്ധിപ്പിച്ചുകൊണ്ടും അതോടൊപ്പം കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും ആഭ്യന്തര വിദേശ വിപണനം ശക്തിപ്പെടുത്തിയും പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഈ മേഖലയെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികളുണ്ടോ?

ഉത്തരം

(എ) കയർ വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച രണ്ടാം പുനഃസംഘടന പദ്ധതിയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ലക്ഷ്യമിടുന്നു:

കയർ വ്യവസായത്തിന്റെ സമ്പൂർണ്ണ ആധുനീകരണമാണ് രണ്ടാം പുനഃസംഘടന ലക്ഷ്യം വയ്ക്കുന്നത്. ഇത്തരത്തിലുള്ള ആധുനീകരണം നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയിൽ തൊഴിലിനെയും കൂലിയേയും ദോഷകരമായി ബാധിക്കാതിരിക്കാൻ ആ മേഖലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന കയറും കയർ ഉത്പന്നങ്ങളും പൊതുമേഖലാ സ്ഥാപനങ്ങൾ മുഖാന്തരം സംഭരിക്കുക എന്നതാണ്. ഈ സമീപനത്തിന്റെ രണ്ടാം ഭാഗം നിലവിലുള്ള സ്കീമുകളും പരിപാടികളും ഈ ലക്ഷ്യത്തിനായി സംയോജിപ്പിക്കുകയാണ് ചെയ്യുക.

(ബി) പരമ്പരാഗത വ്യവസായമായ കയറിന്റെ പ്രസക്തി നിലനിർത്തുന്നതിനായി തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് തന്നെ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കി അവരെ സംരക്ഷിക്കാമെന്ന് വിലയിരുത്തിയിട്ടുണ്ട്. നിലവിൽ കയർ സഹകരണ സംഘങ്ങളിലെ 254230 തൊഴിലാളികളും വീടുകളിൽ തൊഴിൽ ചെയ്യുന്ന 33646 തൊഴിലാളികളും, സ്വകാര്യ സംരംഭകരായ 2647 തൊഴിലാളികളും ചേർന്ന് ആകെ 290523 തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) തൊഴിലാളികളുടെ ഉൽപ്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വർദ്ധിപ്പിച്ചുകൊണ്ടും അതോടൊപ്പം കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും ആഭ്യന്തര വിദേശ വിപണനം ശക്തിപ്പെടുത്തിയും പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഈ മേഖലയെ പ്രോത്സാഹിപ്പിക്കാൻ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കാത്ത വിധത്തിൽ യന്ത്രവൽക്കരണം നടത്തി കയർ മേഖലയെ ആധുനികവൽക്കരിക്കുക എന്നുള്ളതാണ് സർക്കാർ നയം. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കുകയും ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉല്പന്നം മുഴുവനും കയർ കോർപ്പറേഷൻ സംഭരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനായി ക്രയവില സ്ഥിരത ഫണ്ട് പദ്ധതിയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 77 കോടി രൂപയിൽനിന്നും കയർഫെഡിന് 16,98,36,938 രൂപയും കയർ കോർപ്പറേഷന് 26,62,00,000 രൂപയും ചേർത്ത് 2017 ഫെബ്രുവരി വരെ ആകെ 43,60,36,938 രൂപ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. തന്മൂലം കയറിന്റെ സംഭരണം കയർഫെഡ് വഴിയും, ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ വഴിയും നടത്തുന്നതിന് കഴിയുന്നു.

## സൗജന്യ സ്കൂൾ യൂണിഫോം

237 (2442) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യൂണിഫോം പദ്ധതി വ്യവസായ വകുപ്പിൽ ഏത് ഏജൻസികളാണ് നടപ്പാക്കുന്നത്; ഒരു മീറ്റർ തുണിയുടെ നിർമ്മാണ ചെലവ് എത്ര ; യൂണിഫോം തുണി എത്ര കുട്ടികൾക്കാണ് കൊടുക്കുന്നത്;

(ബി) എത്ര കൈത്തറി തൊഴിലാളികൾ യൂണിഫോം തുണി നെയ്യുന്നു; സ്വകാര്യ നെയ്ത്തുകാർ എത്ര പേർ; ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ എത്ര പേർ നെയ്യുന്നു; പ്രാഥമിക കൈത്തറി സംഘങ്ങളിൽ എത്ര പേർ നെയ്യുന്നു ; സന്നദ്ധ സംഘടനകളുടെ കീഴിൽ എത്ര പേർ ജോലി ചെയ്യുന്നു ;

(സി) നൂൽ നിർമ്മിക്കുന്നത് കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ ആണോ ; ഇപ്പോൾ നെയ്തുവരുന്ന നൂൽ എവിടെ ആണ് നിർമ്മിക്കുന്നത് ;

(ഡി) നിറം പിടിപ്പിക്കുന്നത് കേരളത്തിലെ ഡൈ ഹൗസുകളിലാണോ ; മറ്റ് സംസ്ഥാനങ്ങളിലെങ്കിൽ ഏത് സ്ഥാപനത്തിൽ ആണ് നിറം പിടിപ്പിക്കുന്നത് ;

(ഇ) യൂണിഫോം തുണി നെയ്യാൻ കോട്ടൺ ആണോ അതോ പോളിസ്റ്റർ ആണോ ഉപയോഗിക്കുന്നത്; നിറം പിടിപ്പിക്കുന്നതിന് കേരളത്തിലെ ഡൈ ഹൗസുകളിൽ സൗകര്യക്കുറവുണ്ടോ; എന്തുകൊണ്ടാണ് കേരളത്തിൽ നിറം പിടിപ്പിക്കാതെയും തുന്നാതെയും മറ്റ് സംസ്ഥാനങ്ങളിൽ കൊടുക്കുന്നത്, വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൈത്തറി വസ്ത്ര ഡയറക്ടറേറ്റും ജില്ലാ വ്യവസായ കേന്ദ്രങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായിട്ടാണ് സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നത്. 44 ഇഞ്ച്, 58 ഇഞ്ച് എന്നീ വീതിയിലുള്ള തുണിയാണ് ഉൽപ്പാദിപ്പിക്കുന്നത്. 44 ഇഞ്ച് തുണി ഷർട്ടിംഗ്, സ്യൂട്ടിംഗ് എന്നിവയ്ക്കും 58 ഇഞ്ച് തുണി പാന്റിനും വേണ്ടിയുമാണ്. 44 ഇഞ്ച് വീതിയുള്ള ഒരു മീറ്റർ തുണിയുടെ ഉൽപ്പാദനച്ചെലവ് 215.55 രൂപയും 58 ഇഞ്ച് വീതിയുള്ള സ്യൂട്ടിംഗ് തുണിയുടെ ഒരു മീറ്റർ ഉൽപ്പാദന ചെലവ് 316.93 രൂപയുമാണ്. 2017 അദ്ധ്യായന വർഷം ഒന്ന് മുതൽ 4 വരെയും ഒന്ന് മുതൽ അഞ്ച് വരെയും കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ ഏകദേശം 2.2 ലക്ഷം കുട്ടികൾക്കാണ് സൗജന്യ യൂണിഫോമായി കൈത്തറി വസ്ത്രം നൽകുന്നത്.

(ബി) സംസ്ഥാനത്തെ രജിസ്റ്റർ ചെയ്യപ്പെട്ട പ്രാഥമിക കൈത്തറി നെയ്ത്തു വ്യവസായ സഹകരണ സംഘങ്ങളിലെയും, ഹാൻവീവ്, തിരുവനന്തപുരം ജില്ലയിൽ മഞ്ചവിളാകത്ത് പ്രവർത്തിക്കുന്ന ഇക്കോടെക്സ് എന്ന കൺസോർഷ്യത്തിലേയും കൂടി ആകെ 2404 നെയ്ത്തുകാരാണ് ഈ പദ്ധതിയിൽ ചേർന്നിട്ടുള്ളത്. സ്വകാര്യ നെയ്ത്തുകാർ ഇതുവരെ പദ്ധതിയിൽ ചേർന്നിട്ടില്ല.

(സി) സ്കൂൾ യൂണിഫോമിനാവശ്യമായ നൂൽ വിതരണം ചെയ്യുന്നത് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ദേശീയ കൈത്തറി വികസന കോർപ്പറേഷന്റെ കണ്ണൂർ മേഖലാ ഓഫീസ് മുഖേനയാണ്. കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ ഈ പദ്ധതിക്കുവേണ്ടി നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷന് നൂൽ നൽകുന്നുണ്ട്.

(ഡി) സ്കൂൾ യൂണിഫോം തുണി നിറംപിടിപ്പിക്കുന്നത് തമിഴ്നാട് സർക്കാരിന്റെ ഉടമസ്ഥതയിൽ ഈറോഡിൽ പ്രവർത്തിക്കുന്ന തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസ്സിംഗ് മില്ലിലാണ്.

(ഇ) സ്കൂൾ യൂണിഫോം തുണി നെയ്യുന്നതിന് 67:33 അനുപാതത്തിൽ പോളിസ്റ്റർ-കോട്ടൺ മിശ്രിതത്തിലുള്ള നൂലാണ് ഉപയോഗിക്കുന്നത്. നിറം പിടിപ്പിക്കുന്നതിന് കേരളത്തിലെ പ്രാഥമിക സംഘങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന ഡൈ ഹൗസുകളിൽ വലിയ തോതിൽ തുണി കളർ ചെയ്യുന്നതിനുള്ള സൗകര്യക്കുറവുണ്ട്. ഹാന്റെക്സിന്റേയും ഹാൻവീവിന്റേയും അധീനതയിലുള്ള ഡൈ ഹൗസുകളിൽ ഇത്രയും തുണി കൈകാര്യം ചെയ്യുന്നതിന് ഇപ്പോൾ പരിമിതികളുണ്ട്. തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസ്സിംഗ് മില്ലിൽ പ്രതിമാസം 18 ലക്ഷം മീറ്റർ തുണി വരെ ഡൈ ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. സമയബന്ധിതമായി തുണി വിതരണം പൂർത്തിയാക്കേണ്ടതിനാലും കൂടുതൽ അളവിൽ വിവിധതരം കളറുകളിൽ ചായം മുക്കേണ്ടതിനാലുമാണ് തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസ്സിംഗ് മില്ലിനെ ആശ്രയിക്കേണ്ടി വന്നത്.

**കെ.എം.എം.എൽ.-ന്റെ സമീപ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം**

238 (2443) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ മിനറൽസ് ആന്റ് മെറ്റൽസ് കമ്പനിയുടെ സമീപ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കെ.എം.എം.എൽ. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഖനന മേഖലയിലേയും കമ്പനിയുടെ സമീപത്തുള്ള ജനവാസ മേഖലയിലെയും ജനങ്ങൾക്ക് ഏതെല്ലാം സാമൂഹ്യ സേവന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്;

(സി) മിനറൽ സെപ്പറേഷന് ശേഷമുള്ള മണൽ എന്തെല്ലാം പദ്ധതികൾക്കായി ഉപയോഗിക്കുന്നുവെന്നും ഈ മണൽ ജനങ്ങൾക്ക് വിലയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കമ്പനിയുടെ സമീപമുള്ള 7 വാർഡുകളിലേയ്ക്കായി പൈപ്പ് ലൈൻ മുഖേനയും ടാങ്ക് ഘടിപ്പിച്ച ലോറികൾ മുഖേനയും കുടിവെള്ളം വിതരണം ചെയ്തുവരുന്നു. കൂടാതെ ജലനിധി പദ്ധതി മുഖേന ഉപഭോക്താക്കൾക്ക് നൽകിവരുന്ന കുടിവെള്ളത്തിന്റെ വെള്ളക്കരം കമ്പനിയാണ് നൽകുന്നത്.

(ബി) സമീപമുള്ള വിദ്യാലയങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായം നൽകുകയും സമീപ വാർഡുകളിലെ ജനങ്ങൾക്ക് വൈദ്യ പരിശോധനാ ക്യാമ്പ് നടത്തുകയും ചെയ്യുന്നു. കമ്പനിയുടെ സമീപത്തുള്ള സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമുള്ള മരുന്നുകൾ നൽകുന്നതിന് പുറമേ അവിടെ ഒരു ഡോക്ടറിന്റെയും ഫാർമസിസ്റ്റിന്റെയും സേവനം കമ്പനി ഏർപ്പാടാക്കി നൽകുകയും സമീപ വാർഡുകളിലെ കാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന വിവിധ വികസന പ്രവർത്തനങ്ങളിൽ കമ്പനി പങ്കാളിയാവുകയും ചുറ്റുമുള്ള വാർഡുകളിലെ ഓടകളുടെ നിർമ്മാണം, വഴി വിളക്കുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും കമ്പനി ഏറ്റെടുത്ത് നടത്തുന്നുണ്ട്. എല്ലാ വർഷവും കമ്പനിയുടെ ലാഭത്തിന്റെ ഒരു നിശ്ചിത ശതമാനം സാമൂഹ്യ സേവന പദ്ധതിക്കായി മാറ്റിവയ്ക്കുന്നുണ്ട്.

(സി) മിനറൽ സെപ്പറേഷന് ശേഷമുള്ള മണൽ മൈനിംഗ് നടത്തിയ സ്ഥലങ്ങൾ refill ചെയ്യുന്നതിന് ഉപയോഗിക്കുന്നു. ഈ മണ്ണ് പൊതുജനങ്ങൾക്ക് വിലയ്ക്ക് നൽകാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

## കെ.എസ്.ഐ.ഡി.സി. മുഖേന സാമ്പത്തിക സഹായം നൽകിയ സ്റ്റാർട്ട്-അപ്പുകൾ

239 (2444) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ഐ.ഡി.സി. മുഖേന സാമ്പത്തിക സഹായം നൽകിയ സ്റ്റാർട്ട്-അപ്പുകളുടെ എണ്ണം എത്ര; ഈ ഇനത്തിൽ അനുവദിച്ച സാമ്പത്തിക സഹായം എത്ര;

(ബി) ഇതിൽ സ്ത്രീ സംരംഭകർക്കായി എത്ര സ്റ്റാർട്ട്-അപ്പുകളാണ് അനുവദിച്ചിട്ടുള്ളത്; ഇതിനുവേണ്ടി അനുവദിച്ച സാമ്പത്തിക സഹായം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി. മുഖേന 14 സ്റ്റാർട്ട് അപ്പുകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ട് അപ്പുകൾക്കായി അനുവദിച്ച ആകെ 3 കോടി 20 ലക്ഷം രൂപയിൽ 31.74 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞതിൽ 2 സ്റ്റാർട്ട് അപ്പുകളാണ് സ്ത്രീ സംരംഭകർ നേതൃത്വം നൽകുന്നത്. ഇതിനായി അനുവദിച്ച 50 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

**കെ.എസ്.ഡി.പി.-യുടെ പുനരുജ്ജീവനം**

240 (T T2445) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പൊതു മേഖലാ ഔഷധ കമ്പനിയായ കെ.എസ്.ഡി.പി.-യുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ ;

(ബി) ഇത് പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതി ആലോചനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 1974-ൽ സ്ഥാപിതമായ കെ.എസ്.ഡി.പി. പ്രധാനമായും Kerala Medical Services Corporation Limited (KMSCL)-നെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. 1984-ൽ പ്രവർത്തനമാരംഭിച്ച വൈറ്റമിൻ എ പ്ലാന്റ് 2003 മുതൽ പ്രവർത്തിക്കാത്തതിനാൽ ടി പ്ലാന്റിലെ ഉപയോഗത്തിലല്ലാത്ത മെഷീനറികളും മറ്റ് അനുബന്ധ സാധനങ്ങളും Metal Scrap Trading Corporation

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(MSTC) വഴി വിൽപ്പനയ്ക്കായി വച്ചിരിക്കുകയാണ്. ബീറ്റാലാക്ടം, നോൺ ബീറ്റാലാക്ടം എന്നീ രണ്ട് വിഭാഗം മരുന്നുകൾ KMSCL-ന് നൽകിവരുന്നു. നോൺ ബീറ്റാ മരുന്നുകൾക്ക് 1974-ൽ സ്ഥാപിതമായ ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും ആണ് ഉപയോഗിച്ചുവരുന്നത്. ഇത് കാലോചിതമായി പരിഷ്കരിക്കേണ്ടതിലേയ്ക്കായി ഒരു പദ്ധതി രൂപരേഖ ചെയ്തിട്ടുണ്ട്. ബീറ്റാലാക്ടം മരുന്നുകൾക്ക് ജി.എം.പി. നിലവാരത്തിലുള്ള ഒരു പ്ലാന്റ് 2011 മുതൽ പ്രവർത്തിച്ചുവരുന്നു.

നിലവിൽ കമ്പനിയുടെ വിപണനം കെ.എം.എസ്.സി.എൽ.-നായി 50 ശതമാനവും, മറ്റിതര സംസ്ഥാനങ്ങളുടെ ഗവൺമെന്റ്തല വിതരണത്തിനായി 50 ശതമാനവുമാണ്.

(ബി) KSDP-യിൽ പുതിയ നോൺ ബീറ്റാലാക്ടം പദ്ധതികൾ വരുന്നതോടുകൂടി 150-ൽപ്പരം മരുന്നുകൾ കെ.എം.എസ്.സി.എൽ.-ന് നൽകുവാൻ പര്യാപ്തമാകും. ഇതിനായി നിലവിലെ കമ്പനിയുടെ വിറ്റാമിൻ എ പ്ലാന്റിന്റെ കെട്ടിടങ്ങൾ ഉപയോഗയോഗ്യമാക്കി 22.52 കോടി മുതൽമുടക്കി ജി.എം.പി. നിലവാരമുള്ള ഒരു ഫാക്ടറിക്കാണ് രൂപരേഖ നൽകിയിട്ടുള്ളത്. ടി പദ്ധതി പ്രവർത്തനം തുടങ്ങുന്ന മുറയ്ക്ക് നല്ല ഗുണനിലവാരമുള്ള മരുന്നുകൾ നൽകുവാനാകും. പുതുതായി സ്ഥാപിച്ച ടെസ്റ്റിംഗ് ലബോറട്ടറിക്ക് National Accreditation Board for Laboratories-ന്റെ സർട്ടിഫിക്കേഷൻ ലഭിക്കുന്നതോടെ ക്വാളിറ്റി ടെസ്റ്റിംഗ് പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കാൻ സാധിക്കും. കൂടാതെ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും, സ്വകാര്യ സ്ഥാപനങ്ങളുടെയും പലവിധ ക്വാളിറ്റി ടെസ്റ്റിംഗ് ആവശ്യങ്ങൾക്ക് ഈ ലബോറട്ടറി ഉപയോഗപ്പെടും. ആരോഗ്യ മേഖലയ്ക്കാവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും നിർമ്മിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്കായി 2017-18-ൽ 18.15 കോടി രൂപ ബജറ്റിൽ കമ്പനിക്കായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ 10 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കുമെന്നും ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

**സേവന മേഖലയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ**

241 (2446) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവന മേഖലയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ കൂടുതലായി വികാസം പ്രാപിച്ചുവരുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന ഒരു മേഖലയായി ഇത് വളരാനുള്ള സാധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സേവന മേഖലയിൽ പുതിയ സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; ഈ മേഖലയിൽ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സേവന മേഖലയിൽ പുതിയ സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സ്കീമുകളിൽ നിലവിൽ വ്യവസ്ഥയില്ല. ഈ മേഖലയിൽ ഒരു ജോബ് സ്ലോട്ടിന് 25,000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനായി "സ്കീം ഫോർ പ്രൊവൈഡിംഗ് സ്റ്റാർട്ട് അപ് സബ്സിഡി ഫോർ ക്രിയേഷൻ ഓഫ് എംപ്ലോയ്മെന്റ് ഓപ്പർച്യൂണിറ്റീസ്" എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്.

**കേരള സിറാമിക്സ് ലിമിറ്റഡിൽ നിയമനം**

242 (2447) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കുണ്ടറയിൽ പ്രവർത്തിക്കുന്ന കേരള സിറാമിക്സ് ലിമിറ്റഡിൽ വർക്കർ തസ്തികയിൽ നിന്നും ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് ട്രാൻസ്ഫർ മുഖാന്തരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്രപേരെ നിയമിച്ചു;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ജൂനിയർ അസിസ്റ്റന്റ് നിയമനം പി.എസ്.സി.-ക്ക് വിട്ടതാണോ; എങ്കിൽ ട്രാൻസ്ഫർ മുഖാന്തരം നടത്തുന്ന നിയമനം ഏത് ചട്ട പ്രകാരമാണ്; അനധികൃത നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അത് പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുണ്ടറയിൽ പ്രവർത്തിക്കുന്ന കേരള സിറാമിക്സ് ലിമിറ്റഡിൽ വർക്കർ തസ്തികയിൽനിന്നും ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ട്രാൻസ്ഫർ മുഖാന്തരം ആരെയും നിയമിച്ചിട്ടില്ല.

(ബി) കേരള സിറാമിക്സ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റന്റ് നിയമനം പി.എസ്.സി.-ക്ക് വിട്ടതാണ്. ട്രാൻസ്ഫർ മുഖാന്തരം നിയമനം നടത്തിയിട്ടില്ല.

**ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്**

243 (T2448) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് പ്രവർത്തിക്കുന്ന ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി.ഇ.എം.എൽ) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നത് സംബന്ധിച്ച അറിയിപ്പ് സംസ്ഥാനത്തിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരമൊരു നടപടിയെ സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥാപനത്തിന് എത്ര സ്ഥലമാണ് സംസ്ഥാനം കൈമാറിയിട്ടുള്ളത്;

(ഡി) സ്വകാര്യവൽക്കരിക്കുമ്പോൾ ഈ സ്ഥലത്തിന്റെ ഭാവി എന്തായിരിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഭൂമിയുടെ മാർക്കറ്റ് വില സർക്കാരിലേക്ക് കിട്ടാതെ സ്ഥലം സ്വകാര്യ കമ്പനിക്ക് കൈമാറാതിരിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിൽനിന്നും ഔദ്യോഗികമായ അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. കമ്പനി അധികൃതരിൽനിന്നും ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന സർക്കാരിന് വിവരമൊന്നും ലഭ്യമായിട്ടില്ല.

(സി) 374.59 ഏക്കർ ഭൂമിയാണ് കിൻഫ്ര മുഖാന്തരം ബി.ഇ.എം.എൽ.-ന് പാട്ടവ്യവസ്ഥയിൽ കൈമാറിയിട്ടുള്ളത്.

(ഡി & ഇ) സ്ഥാപനത്തിന്റെ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ രൂപീകരിക്കാനുള്ള നിർദ്ദേശം**

244 (2449) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ രൂപീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**മങ്കട മണ്ഡലത്തിൽ വ്യവസായ സോൺ ആരംഭിക്കുന്നതിന് നടപടി**

245 (2450) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2-3-2016- ലെ റവന്യൂ (ബി) വകുപ്പിലെ സ.ഉ (കൈ)നം.209/2016/റവ നമ്പർ ഉത്തരവ് പ്രകാരം മങ്കട മണ്ഡലത്തിലെ അഞ്ഞൂറ് ഏക്കർ-വ്യവസായ സോൺ ആരംഭിക്കുന്നതിന് എറ്റെടുത്തിട്ടുണ്ടോ; ആയതിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(ബി) ഏത് തലത്തിലുള്ള നിർമ്മാണ പ്രവർത്തനവും ഭൂമി ഏറ്റെടുക്കലുമാണ് ഉദ്ദേശിക്കുന്നത്;

(സി) എത്ര രൂപയാണ് ഇതിനായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ മങ്കട വില്ലേജിൽ കിൻഫ്രയുടെ ഡെവലപ്മെന്റ് സോൺ സ്ഥാപിക്കുന്നതിന് 690 ഏക്കർ ഭൂമി നെഗോഷിയേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ 2-3-2016-ലെ G.O.(Rt) No.209/16/Rev പ്രകാരം ഉത്തരവായിരുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ജില്ലാ റവന്യൂ അധികാരികളാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി മാത്രമേ ഏറ്റെടുക്കൽ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ.

(ബി) ഭൂമി കിൻഫ്രയ്ക്ക് കൈമാറി കിൻഫ്രയുടെ സാങ്കേതിക ടീം പ്രസ്തുത ഭൂമി പരിശോധിച്ച് രൂപരേഖ ഉണ്ടാക്കിയതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് തീരുമാനം എടുക്കാൻ സാധ്യമാവുകയുള്ളൂ. നെഗോഷിയേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) ഭൂമി ഏറ്റെടുക്കുന്നത് നെഗോഷിയേറ്റഡ് പർച്ചേസ് മുഖേന ആയതിനാൽ വില സംബന്ധിച്ച് ധാരണ ഉണ്ടായതിന് ശേഷം മാത്രമേ ഇതുസംബന്ധിച്ചുള്ള ചെലവ് കണക്കാക്കാൻ കഴിയുകയുള്ളൂ.

**ബാംബൂ കോർപ്പറേഷൻ ജീവനക്കാരുടെ വേതനപരിഷ്കരണം**

246 (2451) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള ബാംബു കോർപ്പറേഷൻ ജീവനക്കാരുടെയും തൊഴിലാളികളുടേയും വേതന പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണ്;

(ബി) പ്രസ്തുത ശമ്പളപരിഷ്കരണ ഉത്തരവിന്റെ ആനുകൂല്യം എല്ലാ വിഭാഗം ജീവനക്കാർക്കും ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, എല്ലാ ജീവനക്കാർക്കും ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ബാംബൂ കോർപ്പറേഷനിലെ ജീവനക്കാരുടെ വേതന പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് 1-4-2014-ലും ഡിപ്പോ തൊഴിലാളികളുടെ വേതനപരിഷ്കരണം നടപ്പിലാക്കിയത് 1-4-2016-ലും ആണ്.

(ബി & സി) പ്രസ്തുത ശമ്പള പരിഷ്കരണ ഉത്തരവിന്റെ ആനുകൂല്യം ബാംബൂ കോർപ്പറേഷനിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ഡിപ്പോ തൊഴിലാളികൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

**കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി**

247 (2452) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രാവർത്തിക മാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഇതിനായി സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രാവർത്തികമാക്കുന്നതിനുവേണ്ടി കൊച്ചി മുതൽ ബാംഗ്ലൂർ വരെയുള്ള പ്രദേശം ഒരു വ്യവസായ ഇടനാഴിയായി പ്രഖ്യാപിക്കുന്നതിനും ഇതിൽ കൊച്ചി-പാലക്കാട് ഭാഗം ഒരു ഹൈടെക് വ്യവസായ ഇടനാഴിയാക്കാനും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള ഇടനാഴിയായതിനാൽ ഇതുസംബന്ധിച്ച വിശദപഠനം നടത്തേണ്ടത് കേന്ദ്ര സർക്കാരാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ പുതിയതായി രൂപീകരിച്ച നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT) മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി പദ്ധതിയുടെ ഒരു കൺസെപ്റ്റ് മാസ്റ്റർ പ്ലാനും, perspective പ്ലാനും തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുണ്ട്.

(ബി) സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല.

## വ്യവസായ രംഗത്ത് കൂടുതൽ മുതൽമുടക്ക്

248 (2453) ശ്രീ. കെ .വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായരംഗത്ത് കൂടുതൽ മുതൽമുടക്ക് കൊണ്ടുവരുന്നതിനും ആധുനിക നവീകരണ മാതൃകയിൽ കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

വ്യവസായരംഗത്ത് കൂടുതൽ മുതൽമുടക്ക് കൊണ്ടുവരുന്നതിനും ആധുനിക നവീകരണ മാതൃകയിൽ കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനുമുള്ള വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭക സഹായ പദ്ധതി വഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകിവരുന്നു. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും നടത്തുന്നുണ്ട്. സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ വഴി ധനസഹായം നൽകിവരുന്നു. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ഊർജ്ജിത വ്യവസായവത്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ല തലങ്ങളിലായി നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും അവസരമൊരുക്കി.

## വ്യവസായ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി

249 (2454) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ (പൊതു - സ്വകാര്യ) വ്യവസായ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്തെല്ലാം;

(ബി) ചെറുകിട സംരംഭകർക്ക് പ്രോത്സാഹനം നൽകുന്ന എന്തെല്ലാം നടപടികളാണ് പ്രാവർത്തികമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ പൊതു-സ്വകാര്യ മേഖലകളിലെ വ്യവസായങ്ങളുടെ നവീകരണം, വൈവിധ്യവത്കരണം, വിപുലീകരണം എന്നിവ നടത്തുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഈ വ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നം വ്യാപാരം നടത്തുന്നതിനുള്ള വിപുലമായ സൗകര്യങ്ങൾ ഒരുക്കുന്നതുവഴി വ്യാപാര രംഗത്തും വളരെയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

(ബി) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴിയും സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ. ഡി. ക്ലബ്ബുകൾ) വഴിയും സാമ്പത്തിക സഹായം നൽകിവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. വിപണന പ്രോത്സാഹനാർത്ഥം ജില്ലാ സംസ്ഥാന തലങ്ങളിൽ വിവിധ പ്രവർത്തന മേളകൾ സംഘടിപ്പിക്കുന്നുമുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

**വ്യവസായ പ്രോത്സാഹന പദ്ധതികൾ**

250 (2455) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ വ്യവസായ പാർക്കുകൾ, സ്റ്റാർട്ടപ്പ് വില്ലേജുകൾ, ഇൻക്യുബേറ്ററുകൾ എന്നിങ്ങനെ വ്യവസായ പ്രോത്സാഹന പദ്ധതികൾ ആരംഭിക്കുന്നതിന് എന്ത് അടിസ്ഥാന സൗകര്യങ്ങളാണ് വേണ്ടത്; അടിസ്ഥാന സൗകര്യം ഒരുക്കിയാൽ ഇവ ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ;

(ബി) ചെറുകിട വ്യവസായ രംഗത്തേക്ക് കടന്നു വരുന്നവർക്കായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളത്; വിശദമാക്കുമോ;

(സി) ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള അപേക്ഷ ഈ സാമ്പത്തിക വർഷത്തിൽ ലഭിച്ചു; എന്തെല്ലാം നടപടികൾ കൈക്കൊണ്ടു; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ വ്യവസായ പാർക്കുകൾ, സ്റ്റാർട്ടപ്പ് വില്ലേജുകൾ, ഇൻക്യുബേറ്ററുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ വ്യവസായ വകുപ്പിന്റെ കരട് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്ന ഒരു സംരംഭകന് പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡുകൾ എന്നിവ കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ അനുമതികൾ എന്നിവയാണ് ആവശ്യമായി വരുന്നത്.

വ്യവസായ വകുപ്പിന്റെ കീഴിൽ ഇൻക്യുബേറ്ററുകൾ നിലവിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. അവയ്ക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുണ്ട്. ഇൻക്യുബേഷൻ സെന്ററുകൾ മാതൃകാ പ്രോജക്ടുകൾ, അസംസ്കൃത വസ്തുക്കൾ, യന്ത്രസാമഗ്രികൾ, സാങ്കേതികവിദ്യ, സാങ്കേതികസഹായ സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയ വിജ്ഞാന അടിസ്ഥാന സൗകര്യങ്ങൾ Discussion Hall, Computerized സംവിധാനം, Reference Library തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ എന്നിവ ആവശ്യമാണ്.

വ്യവസായ പാർക്കുകൾക്ക് ആവശ്യമായ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, വൈദ്യുതി, ജലം, റോഡുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി., മുഖേന ലഭ്യമാക്കുന്നുണ്ട്.

(ബി) ചെറുകിട വ്യവസായ രംഗത്ത് കടന്നുവരുന്നവർക്കുവേണ്ടി താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

കേരളത്തിലെ സാഹചര്യങ്ങൾ അനുസരിച്ച് ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭക സഹായ പദ്ധതി വഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകിവരുന്നു. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും Investors Meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബുകൾ) വഴി ധനസഹായം നൽകിവരുന്നു. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉല്പന്ന വിപണന മേളകൾ മെഷീനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും അവസരമൊരുക്കി.

കെ-ബിപ്പ് വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളുടെ വിപണി ലഭ്യമാക്കുന്നതിനായി കേരള ബിസിനസ് ടു ബിസിനസ് മീറ്റുകൾ ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിപണന പ്രോൽസാഹനാർത്ഥം ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വ്യവസായ ഉല്പന്നങ്ങളുടെ പ്രദർശന മേളകൾ സംഘടിപ്പിച്ചുവരുന്നു.

ചെറുകിട വ്യവസായ രംഗത്തേയ്ക്ക് കടന്നുവരുന്നവർക്കായി കിൻഫ്ര സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 21 വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ആറ്റിങ്ങൽ മണ്ഡലത്തിൽ സ്വയംതൊഴിൽ സംരംഭകർക്കായി ലഭിച്ച അപേക്ഷകളും സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

<u>പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി:</u>

ആകെ ലഭിച്ച അപേക്ഷകൾ - 5

<u>സ്വീകരിച്ച നടപടി:-</u> ലഭിച്ച 5 അപേക്ഷകൾ ഡിസ്ട്രിക് ലെവൽ ടാക്സ് ഫോർസ് കമ്മിറ്റി (ഡി.എൽ.റ്റി.എഫ്.സി.)-യിൽ അവതരിപ്പിക്കുകയും അവ ഡി.എൽ.റ്റി.എഫ്.സി. അംഗീകാരത്തോടെ ബാങ്കിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. ആയതിൽ 3 അപേക്ഷ ബാങ്ക് സാങ്ഷൻ ചെയ്യുകയും ലോൺ തുക ഗുണഭോക്താവിന് നൽകുകയും ചെയ്തു. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട സബ്സിഡി തുക ബാങ്ക് ക്ലെയിം ചെയ്യുകയും ഉണ്ടായി. 2 അപേക്ഷകൾ നിരസിച്ചു.

<u>എസ്.സി.എ. റ്റു. എസ്.സി.പി. വരുമാന ദായക പദ്ധതി:-</u>

ആകെ ലഭിച്ച അപേക്ഷകൾ - 9

<u>സ്വീകരിച്ച നടപടി:-</u> എല്ലാ അപേക്ഷകരും സമർപ്പിച്ച ഇൻവോയിസ് പ്രകാരം വ്യവസായ വകുപ്പിൽനിന്നും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുകയും ബാങ്കിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. ആയതിൽ 4 അപേക്ഷകർക്ക് ബാങ്ക് ലോണും വ്യവസായ വകുപ്പ് മുഖാന്തരം സബ്സിഡിയും നൽകുകയുണ്ടായി. 5 അപേക്ഷകൾ ബാങ്കിൽ പ്രോസസ്സിംഗിലാണ്.

**തുറന്ന് പ്രവർത്തിപ്പിച്ച വ്യവസായ സ്ഥാപനങ്ങൾ**

251 (2456) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(സി) ഇതിനായി സർക്കാർ എത്ര തുക അനുവദിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. മുൻ കാലങ്ങളിൽ പ്രവർത്തനം നിലച്ച സ്ഥാപനങ്ങളുടെ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ആസ്തികൾ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ**

252 (2457) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ടോ;എങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്; ഓരോ സ്ഥാപനങ്ങളിലും നടന്ന നിയമനത്തിന്റെ വിശദാംശം ജില്ല തിരിച്ച് നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്ന നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് പൂർണ്ണമായി ലഭ്യമായശേഷം അന്തിമ മറുപടി നൽകുന്നതാണ്.

**ഗ്ലോബൽ ആയുർവ്വേദ വില്ലേജ്**

253 (2458) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല അയിരൂർ വില്ലേജിൽ കിൻഫ്ര സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഗ്ലോബൽ ആയുർവേദ വില്ലേജിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയെന്തായി എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

വർക്കല അയിരൂർ വില്ലേജിൽ കിൻഫ്ര സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഗ്ലോബൽ ആയുർവ്വേദ വില്ലേജിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ രണ്ട് തവണ ജില്ലാതല വിലനിർണ്ണയ സമിതി യോഗം കൂടുകയുണ്ടായി. എന്നാൽ വില നിർണ്ണയം സംബന്ധിച്ച് തീരുമാനം ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കാനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആസ്ട്രൽ വാച്ച് കമ്പനി**

254 (2459) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബീച്ച് റോഡിൽ പ്രവർത്തിച്ചിരുന്ന ആസ്ട്രൽ വാച്ച് കമ്പനി എപ്പോഴാണ് പൂട്ടിയത്;

(ബി) ഈ കമ്പനി പൂട്ടാനുള്ള സാഹചര്യമെന്തായിരുന്നു;

(സി) ഈ കമ്പനി പൂട്ടുമ്പോൾ എത്ര തൊഴിലാളികളാണ് നിലവിലുണ്ടായിരുന്നത്;

(ഡി) ഈ തൊഴിലാളികൾക്ക് ശമ്പളത്തിലും ആനുകൂല്യത്തിലും കുടിശ്ശിക നൽകാനുണ്ടായിരുന്നോ; എങ്കിൽ പ്രസ്തുത കുടിശ്ശിക കൊടുത്ത് തീർത്തോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ തൊഴിലാളികളെ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ മാറ്റി നിയമിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ആസ്ട്രൽ വാച്ച് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലവും കെട്ടിടവും മറ്റേതെങ്കിലും വ്യവസായം തുടങ്ങാൻ ഉപയോഗിക്കുന്നതിനുവേണ്ടി സർക്കാരിന് ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആസ്ട്രൽ വാച്ച് കമ്പനി 2002 മുതൽ പ്രവർത്തനരഹിതമാണ്.

(ബി) ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസിനുവേണ്ടി വാച്ച് അസംബിൾ ചെയ്യുന്ന യൂണിറ്റായിട്ടാണ് ആസ്ട്രൽ വാച്ചസ് പ്രവർത്തിച്ചിരുന്നത്. ആസ്ട്രൽ വാച്ചസിന്റെ പോഷക യൂണിറ്റ് (Feeder) ആയ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് പൂട്ടിയതുമൂലമാണ് ആസ്ട്രൽ വാച്ചസ് പൂട്ടിയത്.

(സി) കമ്പനി പൂട്ടുമ്പോൾ 102 തൊഴിലാളികളാണ് നിലവിലുണ്ടായിരുന്നത്.

അന്ന് നിലവിലുണ്ടായിരുന്ന സ്വയം വിരമിക്കൽ പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

(ഡി) കമ്പനി പൂട്ടുമ്പോൾ ജീവനക്കാർക്കെല്ലാം അന്ന് നിലവിലുണ്ടായിരുന്ന സ്വയം വിരമിക്കൽ പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി പിരിഞ്ഞുപോയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഇക്കാര്യം സർക്കാരിന്റെ ആലോചനയിലുണ്ട്.

## ലാഭത്തില്‍ പ്രവര്‍ത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങള്‍

255 (2460) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വ്യവസായവും സ്പോര്‍ട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളില്‍ ലാഭത്തില്‍ പ്രവര്‍ത്തിക്കുന്നവ എത്രയാണ്; വ്യക്തമാക്കാമോ;

(ബി) അത് ഏതൊക്കെയാണെന്നും അവയുടെ കഴിഞ്ഞ മൂന്ന് സാമ്പത്തിക വര്‍ഷം തിരിച്ചുള്ള ലാഭ വിവരങ്ങള്‍ ലഭ്യമാക്കുമോ;

(സി) നഷ്ടത്തില്‍ പ്രവര്‍ത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങള്‍ ഏതൊക്കെയാണ്; അവയുടെ നഷ്ടത്തിന്റെ കണക്ക് കഴിഞ്ഞ മൂന്ന് സാമ്പത്തിക വര്‍ഷം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 11 പൊതുമേഖലാ സ്ഥാപനങ്ങള്‍ ലാഭത്തിലും 30 സ്ഥാപനങ്ങള്‍ നഷ്ടത്തിലും പ്രവര്‍ത്തിച്ചുവരുന്നു. ഇവയുടെ വിവരം അനുബന്ധം 1 ആയി ചേര്‍ക്കുന്നു.*

(ബി&സി) ഈ സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്നുവര്‍ഷത്തെ ലാഭനഷ്ടകണക്കുകള്‍ അനുബന്ധം (2) ആയി ചേര്‍ക്കുന്നു*

## വ്യവസായ വകുപ്പിന് കീഴിലുള്ള നിര്‍മ്മാണം നിലച്ച കെട്ടിടങ്ങള്‍

256 (2461) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വ്യവസായവും സ്പോര്‍ട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ളതും നിര്‍മ്മാണം നിലച്ചതുമായ എത്ര കെട്ടിടങ്ങള്‍ ഉള്ളതായാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) പൂട്ടിക്കിടക്കുന്നതുമൂലവും പരിപാലനക്കുറവുകൊണ്ടും നാശോന്മുഖമായ ഇത്തരം കെട്ടിടങ്ങള്‍ സംരക്ഷിക്കുന്നതിന് വ്യവസായ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

---

* ലൈബ്രറിയില്‍ വച്ചിട്ടുണ്ട്

(സി) പ്രവർത്തനം നിലച്ച ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും ഉപയോഗിക്കാത്ത കെട്ടിടങ്ങൾ ഏതെങ്കിലും രീതിയിൽ ഉപയോഗപ്രദമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ നിർമ്മാണം നിലച്ച കെട്ടിടങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ യൂണിറ്റുകൾ പൂട്ടിപ്പോയതുകാരണം ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ നിയമപ്രകാരം സർക്കാരിലേയ്ക്ക് തിരിച്ചെടുത്ത് പുതിയ യൂണിറ്റുകൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക്**

257 (2462) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കിയോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടത്തിപ്പിനോട് കെ.എസ്.ഐ,ഡി.സി.- യുടെ ഭാഗത്തു നിന്നോ ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ തടസ്സങ്ങൾ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നാളിതുവരെ 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ഭൂവുടമകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 8.26 കോടി രൂപ ഭൂമി ഏറ്റെടുക്കൽ നടപടിക്കായി നാളിതുവരെ വിനിയോഗിച്ചിട്ടുണ്ട്.

(ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി. തയ്യാറാക്കിയിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിനായി കെ.എസ്.ഐ.ഡി.സി. കണ്ടെത്തിയ ഭൂമി കരിനിലമാണെന്നും അവിടെ നെൽകൃഷി നടത്താവുന്ന സ്ഥലമാണെന്നുമുള്ള അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ (APC) തീരുമാനംമൂലം ഭൂമി ഏറ്റെടുക്കൽ നടപടി 2011-ൽ നിർത്തിവയ്ക്കേണ്ടതായിവന്നു. കൂടാതെ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (CWRDM) പ്രസ്തുത ഭൂമി റംസാർ വേമ്പനാട് കോൾ വെറ്റ് ലാന്റിൽ വരുന്ന പ്രദേശമാണെന്നും അതിനാൽ പ്രസ്തുത ഭൂമിയിൽ വ്യവസായം ആരംഭിക്കാൻ സാധിക്കുകയില്ലെന്നും 2013-ൽ കൈക്കൊണ്ട തീരുമാനംമൂലം പദ്ധതിയുടെ നടത്തിപ്പിന് തടസ്സം നേരിട്ടു. എന്നാൽ പ്രസ്തുത നിഗമനങ്ങളെല്ലാം ശാസ്ത്രീയാടിസ്ഥാനത്തിലല്ലായെന്ന് കണ്ട് സംസ്ഥാന സർക്കാർ 2014-ൽ 100 ഏക്കർ ഭൂമി ഉഭയസമ്മത പ്രകാരം ഏറ്റെടുക്കുന്നതിനായി തീരുമാനിക്കുകയുണ്ടായി. ഏറ്റെടുക്കുന്ന ഭൂമി ഇലക്ട്രോണിക്സ് പാർക്കായി വികസിപ്പിക്കുന്ന വേളയിൽ ആകെ സ്ഥലത്തിന്റെ 15% ജലസ്രോതസ്സുകളായി നിലനിർത്തി ബാക്കി ഭൂമി വികസിപ്പിക്കുന്നതിനുള്ള അനുമതി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ 2015-ൽ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ പുരോഗമിക്കുന്നത്.

**സർക്കാർ ഉടമസ്ഥതയിലുള്ള തുണിമില്ലുകളുടെ പുനരുദ്ധാരണം**

258 (2463) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള തുണിമില്ലുകളുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് രൂപീകരിച്ച വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്: ഇതിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ആരെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) വിജിലൻസ് അന്വേഷണം നേരിടുന്ന വ്യക്തിയെ ഈ വിദഗ്ദ്ധ സമിതിയിൽ ഉൾക്കൊള്ളിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 18-1-2017-ലെ ജി.ഒ.(സാധാ)നമ്പർ 88/2017/വ്യവ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാർ 7 അംഗങ്ങളുള്ള ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയിലെ അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

1. ശ്രീ. പി. നന്ദകുമാർ, നന്ദനം ഹൗസ്, ആലംകോട് പി.ഒ, മലപ്പുറം - ചെയർമാൻ.
2. ഡോ. എം. പി. സുകുമാരൻ നായർ, ചെയർമാൻ, റിയാബ്.
3. ശ്രീ. സുനിൽ ചാക്കോ, ചീഫ് ഫിനാൻസ് ഓഫീസർ, സി.ഐ.എ.എൽ.
4. ശ്രീ. എം. ഗണേഷ്, മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ.
5. ശ്രീ. ബി. അരുൾ സെൽവൻ, മാനേജിംഗ് ഡയറക്ടർ, ടെക്സ് ഫെഡ്.
6. ശ്രീ. കെ.എം. മാത്യു, റിയാബ് - കൺവീനർ
7. സിട്രാ/എൻ.ടി.സി പ്രതിനിധി.

ഇതിൽ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ശ്രീ. എം. ഗണേഷിനെതിരെ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരികയാണെങ്കിലും വിജിലൻസ് സമ്മതപ്രകാരം 12-8-2015-ലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശ്രീ. എം. ഗണേഷിനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയത് പ്രകാരമാണ് ശ്രീ. എം. ഗണേഷിനെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി വീണ്ടും നിയമിച്ചത്.

**തൊടുപുഴയിൽ സ്പൈസസ് പാർക്ക്**

259 (2464) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര തൊടുപുഴയിൽ മുട്ടത്ത് സ്പൈസസ് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സ്ഥലം ഏറ്റെടുത്തു കഴിഞ്ഞോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊടുപുഴയിൽ മുട്ടത്ത് സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കൈവശമുള്ള 14.67 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**പുനരാരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ**

260 (2465) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൂട്ടിക്കിടന്നിരുന്ന ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ (പൊതുമേഖല) തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) തുറന്നു പ്രവർത്തിച്ചതുമൂലം എത്ര തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തനം നിലച്ചുകിടന്ന പൊതുമേഖലാസ്ഥാപനങ്ങൾ തുറന്നുപ്രവർത്തിച്ചിട്ടില്ല.

(ബി &സി) ബാധകമല്ല.

**തൊടുപുഴയിൽ വിവിധോദ്ദേശ വ്യവസായ സോണുകൾ**

261 (2466) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച പ്രകാരം തൊടുപുഴയിൽ വിവിധോദ്ദേശ വ്യവസായ സോണുകൾ ആരംഭിക്കുന്നതിനു വേണ്ടി 900 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന നടപടി എവിടെ വരെയായി;

(ബി) ആയതിനുള്ള തുക അനുവദിച്ചു നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊടുപുഴ താലൂക്കിലെ കാരിക്കോട്-ആലക്കോട് വില്ലേജുകളിലുൾപ്പെട്ട വരുന്ന 920 ഏക്കർ ഭൂമി നെഗോഷിയേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് ഏറ്റെടുക്കുന്നതിന് 2-3-2016-ലെ 209/2016/റവ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ കൈക്കൊള്ളുന്നതിന് ഇടുക്കി ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ ഘട്ടത്തിലാണ് തുക ആവശ്യമായി വരുന്നത്. ആയിതനാൽ നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകൾ**

262 (2467) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളിൽ 2016 ആഗസ്റ്റ് മുതൽ 2017 ഫെബ്രുവരി വരെയുള്ള കാലയളവിൽ എത്രയെണ്ണം പ്രവർത്തിച്ചു എന്ന് അറിയിക്കാമോ;

(ബി) ഓരോ മില്ലും എത്ര ദിവസം ലേ ഓഫ്/ലോക്ക് ഔട്ട് ചെയ്തുവെന്ന് മില്ലുകളുടെ പേര് സഹിതം വെളിപ്പെടുത്തുമോ:

(സി) സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും അടച്ചു പൂട്ടിയവ തുറന്ന് പ്രവർത്തിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ 2016 ആഗസ്റ്റ് മുതൽ 2017 ഫെബ്രുവരി വരെയുള്ള കാലയളവിലെ പ്രവർത്തന വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>കോട്ടയം ടെക്സ്റ്റൈൽസ്</u>

2016 ആഗസ്റ്റ് മാസം മുതൽ 2016 സെപ്റ്റംബർ മാസം 29-ാം തീയതി വരെ പ്രവർത്തിച്ചു. 2016 സെപ്റ്റംബർ 30 മുതൽ 2017 ഫെബ്രുവരി മാസം 19 വരെ പ്രവർത്തിച്ചില്ല (143 ദിവസം ലേ-ഓഫ് ചെയ്തു). 2017 ഫെബ്രുവരി 20-ന് വീണ്ടും പ്രവർത്തിച്ച് തുടങ്ങി.

<u>മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്</u>

2016 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസം 18-ാം തീയതി വരെ പ്രവർത്തിച്ചു. 2016 ഒക്ടോബർ 19 മുതൽ 2017 ഫെബ്രുവരി 19 വരെ പ്രവർത്തിച്ചില്ല (124 ദിവസം ലേ-ഓഫ് ചെയ്തു). 2017 ഫെബ്രുവരി 20-ന് വീണ്ടും പ്രവർത്തിച്ച് തുടങ്ങി.

<u>പ്രഭുറാം മിൽസ്</u>

2016 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസം 20-ാം തീയതി വരെ പ്രവർത്തിച്ചു. 2016 ഡിസംബർ 21 മുതൽ 2017 ഫെബ്രുവരി 21 വരെ പ്രവർത്തിച്ചില്ല (124 ദിവസം ലേ-ഓഫ് ചെയ്തു). 2017 ഫെബ്രുവരി 22-ന് വീണ്ടും പ്രവർത്തിച്ച് തുടങ്ങി.

<u>എടരിക്കോട് ടെക്സ്റ്റൈൽസ്</u>

2016 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസം 24-ാം തീയതി വരെ പ്രവർത്തിച്ചു. 2016 ഒക്ടോബർ 25 മുതൽ 2017 ഫെബ്രുവരി 19 വരെ പ്രവർത്തിച്ചില്ല (118 ദിവസം ലേ-ഓഫ് ചെയ്തു). 2017 ഫെബ്രുവരി 20-ന് വീണ്ടും പ്രവർത്തിച്ച് തുടങ്ങി.

<u>കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ</u>

2016 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസം 30-ാം തീയതി വരെ പ്രവർത്തിച്ചു. 2016 ഡിസംബർ 1 മുതൽ 2017 ഫെബ്രുവരി 21 വരെ പ്രവർത്തിച്ചില്ല. (81 ദിവസം നോ-വർക്ക് അടിസ്ഥാനത്തിൽ താൽക്കാലികമായി പ്രവർത്തിച്ചില്ല.) 2017 ഫെബ്രുവരി 22-ന് വീണ്ടും പ്രവർത്തിച്ചു തുടങ്ങി.

ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളായ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്നീ 6 സഹകരണ സ്പിന്നിംഗ് മില്ലുകൾ ഈ കാലയളവിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ടെക്സ് ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽപ്പെട്ട കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവംബർ 15 മുതൽ ഫെബ്രുവരി 20 വരെയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ ഒക്ടോബർ മാസം 1 മുതൽ 16 വരെയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ ഒക്ടോബർ മാസം 1 മുതൽ 16 വരെയും നവംബർ 1 മുതൽ 12 വരെയും, ഡിസംബർ 1 മുതൽ 6 വരെയും ജനുവരി 1 മുതൽ 16 വരെയും, ഫെബ്രുവരി 1 മുതൽ 17 വരെയും പ്രവർത്തിച്ചിരുന്നില്ല.

(സി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റുകളൊന്നും അടച്ചുപൂട്ടിയിട്ടില്ല. വൈദ്യുതി കുടിശ്ശികയുടെ പേരിൽ കോർപ്പറേഷന്റെ മില്ലുകളിൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചതുമൂലം കഴിഞ്ഞ 5 മാസമായി (2016 ഒക്ടോബർ മുതൽ 2017 ഫെബ്രുവരി പകുതി വരെ) താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്നു. വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 10-01-2017 തീയതിയിലുണ്ടായ യോഗതീരുമാനപ്രകാരം 2017 ഫെബ്രുവരി മാസം വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കപ്പെട്ടു. മില്ലുകൾ 2017 ഫെബ്രുവരി 20, 22 തീയിതികളിൽ വീണ്ടും പ്രവർത്തിച്ചു തുടങ്ങി. കോർപ്പറേഷന്റെയും സഹകരണമേഖലകളിലേയും മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, താൽക്കാലികമായി പ്രവർത്തനം നിർത്തിവച്ച 7 യൂണിറ്റുകൾ പ്രവർത്തിപ്പിച്ചുതുടങ്ങുന്നതിനുമായി 1850 ലക്ഷം രൂപയുടെ ധനസഹായം ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ധനസഹായം കൊണ്ട് താൽക്കാലികമായി പ്രവർത്തനം നിർത്തിവച്ച 7 യൂണിറ്റുകളും പ്രവർത്തിച്ചുതുടങ്ങി.

സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും മില്ലുകളുടെ പുനരുദ്ധാരണത്തിനുമായി 18-1-2017-ലെ ജി.ഒ.(സാധാ)നമ്പർ 88/2017/വ്യവ. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാർ 7 അംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി 3 മാസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

കൂടാതെ മില്ലുകൾ ലാഭത്തിലാക്കുന്നതിനായി ടെക്സ് ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ ആരംഭിച്ചുകഴിഞ്ഞു. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിലെ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

**ട്രാവൻകൂർ ടൈറ്റാനിയം കമ്പനി നേരിടുന്ന പ്രതിസന്ധി**

263 (2468) ശ്രീ. കെ. മുരളീധരൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;

(ബി) കമ്പനി നേരിടുന്ന പ്രതിസന്ധിയും കമ്പനി നവീകരണത്തിന് പദ്ധതി നടപ്പിലാക്കുന്നതും സംബന്ധിച്ച് വിശദമായ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് മുമ്പ് ഉണ്ടാക്കിയ പദ്ധതിക്കുവേണ്ടി ഇറക്കുമതി ചെയ്ത യന്ത്രങ്ങളുടെ പേരിൽ ലഭിച്ച "കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള ഇളവുകൾ" (EPCG Concession) ഏതാണ്ട് 17.53 കോടി രൂപയും അതിന്മേൽ നാളിതുവരെ ഉണ്ടായ പലിശയും ചേർത്ത് ഏകദേശം 35 കോടി രൂപ തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് ലഭിച്ചു എന്നതാണ് കമ്പനി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. ടി പദ്ധതി ഉപേക്ഷിക്കപ്പെട്ടതിനാൽ ഈ ആവശ്യം പുന:പരിശോധിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

കാലങ്ങളായി ഉണ്ടായിട്ടുള്ള കടബാദ്ധ്യതകൾ ലഘൂകരിക്കുന്നതിനും പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനുമായി ഗവൺമെന്റ് കടമായി നൽകിയിട്ടുള്ള തുക ഓഹരി മൂലധനമാക്കി മാറ്റി കമ്പനിയുടെ മൊത്തം ആസ്തി (Net Worth) വർദ്ധിപ്പിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ കടം ലഭ്യമാക്കുന്നതിനുവേണ്ട സഹായങ്ങൾ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിപണനം വിപുലീകരിക്കുന്നതിനും ഉപഭോക്താക്കളുമായി നേരിട്ട് ബന്ധപ്പെടുന്നതിനും വിപണന വിഭാഗം ഉദ്യോഗസ്ഥർ നിരന്തരമായി സന്ദർശനം നടത്തുന്നുണ്ട്. കയറ്റുമതിക്കായി പുതിയ ഉപഭോക്താക്കളെ കണ്ടുപിടിച്ച് വിപണനം വിപുലീകരിച്ചിട്ടുണ്ട്.

(ബി) ദീർഘകാലാടിസ്ഥാനത്തിൽ സൾഫ്യൂറിക് ആസിഡ് പ്ലാന്റ്, ടൈറ്റാനിയം ഡയോക്സൈഡ് പ്ലാന്റ് എന്നിവ നവീകരിക്കുന്നതിനും, ഗവേഷണ വിഭാഗം കണ്ടെത്തിയിട്ടുള്ള പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനും, ഗുണമേന്മ ഉയർത്തുന്നതിനുള്ള കോപ്പറാസ് റിക്കവറി പ്ലാന്റ് പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവ നടപ്പാക്കുന്നതിലൂടെ നിലവിലുള്ള 120 കോടി രൂപ വിറ്റുവരവ്, 250 കോടിയിലേയ്ക്ക് ഉയർത്താൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

2016-17-ലെ ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് സർക്കാർ ഉത്തരവ് G.O.(Rt)No.61/2017/ID dated 11-1-2017 പ്രകാരം ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു "കോംപ്ലക്സ്" സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി സർക്കാർ തലത്തിൽ ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് ഇത് സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

## തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണം

264 (2469) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന് സ്ഥലം വിട്ടുനൽകിയ ഉടമകൾക്ക് നഷ്ടപരിഹാരം ഇനിയും നൽകുവാനുണ്ടോ; രണ്ടാം ഘട്ടമായി ഏറ്റെടുക്കേണ്ട 150 ഏക്കർ ഭൂമിയുടെ വിലനിർണ്ണയം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് വിലയാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ബി) ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സ്ഥലം വിട്ടുതന്ന എല്ലാവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഏറ്റെടുക്കാൻ ബാക്കിയുള്ള ഭൂമിയെ സംബന്ധിച്ച് ജില്ലാ കളക്ടർ, ഒരു സെന്റ് സ്ഥലത്തിന് കാറ്റഗറി തിരിച്ച് താഴെ പറയുംപ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| കാറ്റഗറി I | Rs. 3,96,106 |
| കാറ്റഗറി II | Rs. 3,00,000 |
| കാറ്റഗറി III | Rs. 1,88,000 |
| കാറ്റഗറി IV | Rs. 1,72,000 |
| കാറ്റഗറി V | Rs. 1,47,000 |
| കാറ്റഗറി VI | Rs. 85,000 |

(ബി) പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എസ്.ഐ.ഡി.സി.-ക്ക് ലഭ്യമായ 23 ഏക്കർ ഭൂമിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, ഇതിൽ റോഡ്, ഡ്രെയിനേജ് സംവിധാനം, മഴവെള്ള സംഭരണി എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി, ജലം എന്നിവ ലഭ്യമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മരുന്ന് ഗവേഷണവുമായി ബന്ധപ്പെട്ട് ഒരു കമ്പനി ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ റിസർച്ച്-കം-ലേണിങ്ങ് സെന്റർ 2017 ഒക്ടോബറോടുകൂടി ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനം ആരംഭിക്കും. കൂടാതെ എകദേശം 3 ലക്ഷം ചതുരശ്ര അടി വരുന്ന ഇന്നൊവേഷൻ കം ഇൻകുബേഷൻ സെന്ററിന്റെ നിർമ്മാണം ഈ വർഷം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

**വിരമിച്ചിട്ടും സർവ്വീസിൽ തുടരുന്ന ജീവനക്കാർ**

265 (2470) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചെറുവണ്ണൂരിലുള്ള സർക്കാർ പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ കോംപ്ലക്സിൽ വിരമിച്ചിട്ടും സർവ്വീസിൽ തുടരുന്ന എത്ര ജീവനക്കാരുണ്ട്;

(ബി) ഈ ജീവനക്കാരെ ഭരണ നിർവ്വഹണത്തിന്റെ താക്കോൽ സ്ഥാനങ്ങളിൽ നിയമിച്ചിട്ടുണ്ടോ;

(സി) ഇവരുടെ സേവനം സ്ഥാപനത്തിന് അനിവാര്യമാണോ; അല്ലെങ്കിൽ അവരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിരമിച്ച 3 ജീവനക്കാർ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. പുതിയ നിയമനം നടക്കാത്തതിനാലും അനുയോജ്യരായ മറ്റുദ്യോഗസ്ഥർ ഇല്ലാത്തതിനാലും ഡെപ്യൂട്ടി ജനറൽ മാനേജർ (വർക്സ്) എന്ന തസ്തികയിൽ നിന്നും വിരമിച്ചയാളെ ഹെഡ് വർക്സ്/റോളിംഗ് മിൽ എന്ന തസ്തികയിൽ നിയമിച്ചിട്ടുണ്ട്.

(സി) സെയിൽ - എസ്.സി.എൽ. കേരളാ ലിമിറ്റഡ് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടേയും കേരളാ ഗവൺമെന്റിന്റേയും സംയുക്ത സംരംഭമാണ്. മനുഷ്യവിഭവശേഷി സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നത് സംയുക്ത സംരംഭ ഡയറക്ടർ ബോർഡ് ആണ്. പുതിയ നിയമനങ്ങൾ നടക്കാത്തതിനാൽ കമ്പനിയിൽ ഇവരുടെ സേവനം അനിവാര്യമാണ്.

## അനധികൃത ക്വാറികൾ

266 (2471) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ലയും വില്ലേജും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവ അടച്ചുപൂട്ടുന്നതിന് ആവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ - സി) ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്വാറികൾ പ്രവർത്തിക്കുന്നതിന് 2-12-2016 മുതൽ പാരിസ്ഥിതികാനുമതി നിർബന്ധമായ സാഹചര്യത്തിൽ പാരിസ്ഥിതികാനുമതി ഇല്ലാതെ പ്രവർത്തിച്ചിരുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്പിച്ചിട്ടുണ്ട്. അനധികൃത ക്വാറികൾ കണ്ടെത്തുന്ന ഉടൻതന്നെ അവ നിർത്തിവയ്പിക്കുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. അനധികൃത ക്വാറികൾ കണ്ടെത്തി നിർത്തിവയ്പിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിനെ കൂടാതെ റവന്യൂ വകുപ്പിനും പോലീസിനും നിയമംമൂലം അധികാരം നൽകിയിട്ടുണ്ട്.

## പാറമടകൾക്ക് സംരക്ഷണ ഭിത്തികൾ

267 (2472) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറമടകളിൽ വീണ് അപകടങ്ങളും മരണങ്ങളുമുണ്ടാകുന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാറമടകൾക്ക് ചുറ്റും മതിയായ സംരക്ഷണഭിത്തികൾ ഇല്ലാത്തതും മുന്നറിയിപ്പ് സൂചകങ്ങൾ ഇല്ലാത്തതുമാണ് ഇത്തരം അപകടങ്ങൾ പെരുകാൻ ഇടയാക്കുന്നതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) പാറഖനനം ചെയ്യുന്നവരോ പാറമടകളുടെ ഉടമസ്ഥരോ ഇത്തരം പാറമടകൾക്ക് ചുറ്റും സംരക്ഷണഭിത്തി ഒരുക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

ഇല്ലെങ്കിൽ പാറമടകൾക്ക് ആവശ്യമായ സംരക്ഷണഭിത്തി ഒരുക്കുന്നതിന് ബന്ധപ്പെട്ട പാറമടകളുടെ ഉടമസ്ഥർക്കോ പാറഖനനം ചെയ്യുന്നവർക്കോ നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ഉപയോഗശൂന്യമായ ക്വാറികൾ ജലസംഭരണികളായി പലയിടത്തും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരം ക്വാറികളിൽ കുളിക്കാനായി ഇറങ്ങുന്നവർക്ക് അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി)) ഉപയോഗശൂന്യമായ ക്വാറികളിലെ വെള്ളക്കെട്ടുകൾക്കുചുറ്റും ചുറ്റുവേലി കെട്ടി അപകട മുന്നറിയിപ്പ് നൽകുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിന് സ്ഥലമുടമകൾക്ക് നിർദ്ദേശം നൽകുന്നതിനും ക്വാറി ഉടമകൾ ഇത്തരം നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. 2015- ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഉപയോഗശൂന്യമായ ക്വാറികൾ വേലികെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം ക്വാറി ഉടമകളിൽ നിന്നുതന്നെ ഈ ആവശ്യത്തിലേയ്ക്കായി റോയൽറ്റിയുടെ പത്തുശതമാനം വരുന്ന തുക ഈടാക്കി ജില്ലാ കളക്ടറുടെ TSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ഉപയോഗശൂന്യമായ പാറമടകൾക്കുചുറ്റും ഫെൻസിംഗ് ചെയ്യാവുന്നതാണ്. ക്വാറികൾക്ക് ചുറ്റും ഫെൻസിംഗ് നിർമ്മിക്കുന്നതിന് പെർമിറ്റ് ഉടമകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും മൈനിംഗ് & ജിയോളജി വകുപ്പ് ഇക്കാര്യം നിരീക്ഷിച്ചുവരുന്നതുമാണ്.

**ക്വാറികൾക്ക് ലൈസൻസ്**

268 (2473) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്വാറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ക്വാറികൾക്ക് ലൈസൻസ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളുടെ അനുമതിയോടെയാണ് ലൈസൻസ് കൊടുക്കുന്നത് എന്ന് വിശദമായി വിവരിക്കുമോ;

(സി) ഒരു സ്ഥലത്ത് ക്വാറി ലൈസൻസ് ലഭിക്കാൻ മിനിമം ഒരു വ്യക്തിയുടെ പേരിൽ എത്ര ഏക്കർ ഭൂമി വേണം;

(ഡി) ടി ഭൂമിയിലേക്കുള്ള വഴിക്ക് എത്രമീറ്റർ വീതി വേണമെന്നാണ് നിയമം; ടി ഭൂമിയുടെ എത്ര മീറ്റർ ചുറ്റളവിൽ ആൾതാമസം, വീടുകൾ എന്നിവ പാടില്ലെന്ന് വിശദമാക്കുമോ;

(ഇ) ഇപ്പോൾ സർക്കാർ ഭൂമിയിൽ ക്വാറി അനുവദിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ആകെ 466 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 65 |
| കൊല്ലം | - | 7 |
| ആലപ്പുഴ | - | 0 |
| പത്തനംതിട്ട | - | 63 |
| എറണാകുളം | - | 103 |
| തൃശ്ശൂർ | - | 65 |
| മലപ്പുറം | - | 40 |
| കോഴിക്കോട് | - | 15 |
| കോട്ടയം | - | 38 |
| ഇടുക്കി | - | 23 |
| പാലക്കാട് | - | 26 |
| കണ്ണൂർ | - | 16 |
| കാസർഗോഡ് | - | ഇല്ല |
| വയനാട് | - | 5 |
| ആകെ | - | 466 |

(ബി) ഉണ്ട്. 5 ഹെക്ടറിൽ താഴെ ക്വാറിയിങ് ഏരിയ ഉള്ള ക്വാറികൾക്ക് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതി ആഘാത അതോറിറ്റി അനുവദിക്കുന്ന എൻവയോൺമെന്റൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്നും കൺസന്റ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള ഡി & ഒ ലൈസൻസ്, എക്സ്പ്ളോസീവ് ലൈസൻസ് എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും പെർമിറ്റ്/ലീസ് അനുവദിക്കുന്നുണ്ട്. 5 ഹെക്ടറിന് മുകളിൽ വിസ്തീർണ്ണം വരുന്ന ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കേണ്ടത് സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയിൽ (SEIAA) നിന്നാണ്. ഇത്തരം ക്വാറികൾക്കും പാരിസ്ഥിതികാനുമതിക്ക് പുറമേ മേൽപ്പറഞ്ഞ ലൈസൻസുകളും ആവശ്യമാണ്. ഇത്തരം അനുമതികൾ ഹാജരാക്കുന്ന മുറയ്ക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും ലീസ് അനുവദിച്ചുവരുന്നുണ്ട്.

(സി) ഒരു വർഷം വരെ കാലാവധിയുള്ള ക്വാറിയിങ് പെർമിറ്റ് അനുവദിക്കുന്നതിന് മിനിമം ഏരിയ നിജപ്പെടുത്തിയിട്ടില്ല. എന്നാൽ 12 വർഷം വരെ കാലാവധിയുള്ള ക്വാറിയിങ് ലീസ് അനുവദിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 1 ഹെക്ടർ ഭൂമി ആവശ്യമാണ്.

(ഡി) ധാതുഗതാഗതം ചെയ്യുന്നതിനുള്ള വാഹന സഞ്ചാരത്തിന് പര്യാപ്തമായ വീതിയിലായിരിക്കണം ക്വാറിയിലേയ്ക്കുള്ള വഴി. ആയതിന്റെ വീതി സംബന്ധിച്ച് 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിൽ പ്രത്യേക നിബന്ധനയില്ല. ആൾ താമസമുള്ള വീടുകളിൽനിന്നും 100 മീറ്റർ ദൂരപരിധിയിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ചുള്ള കരിങ്കല്ല് ഖനനം അനുവദനീയമല്ല.

(ഇ) സർക്കാർ ഭൂമിയിൽ കരിങ്കല്ല് ഖനനം അനുവദിക്കുന്നത് റവന്യൂ വകുപ്പിൽ നിന്നുള്ള എൻ.ഒ.സി.-യുടെ അടിസ്ഥാനത്തിലാണ്. എൻ.ഒ.സി. അനുവദിക്കുന്ന മുറയ്ക്ക് മറ്റ് ലൈസൻസുകൾ ലഭിക്കുകയാണെങ്കിൽ സർക്കാർ ഭൂമിയിൽ ഖനനം അനുവദിക്കുന്നതിന് നിലവിൽ തടസ്സമില്ല.

**കൈത്തറി മേഖലയുടെ സംരക്ഷണം**

269 (2474) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വിവിധ കൈത്തറി സഹകരണ സംഘങ്ങൾക്ക് 31-12-2016 വരെ റിബേറ്റ് ഇനത്തിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളതെന്നും കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(ബി) കൈത്തറി മേഖലയുടെ സംരക്ഷണത്തിനായി സർക്കാർ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി സൊസൈറ്റികൾ നിർമ്മിക്കുന്ന തുണി, യൂണിഫോമിനായി ലഭ്യമാക്കാൻ തയ്യാറാക്കിയ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ 31-12-2016 വരെ 3,96,24,787 രൂപ കുടിശ്ശികയായിട്ടുണ്ട്. പ്രസ്തുത ജില്ലയിലെ സംഘങ്ങളുടെ 2013-14 വരെയുള്ള റിബേറ്റ് ക്ലെയിമുകൾ തീർപ്പാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെ 2,73,21,400 രൂപ ജില്ലയിലെ സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) കൈത്തറി മേഖലയുടെ സംരക്ഷണം ലക്ഷ്യമാക്കി പ്രഖ്യാപിച്ചതാണ് കേരളത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8-ാം ക്ലാസുവരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും 2 സെറ്റ് കൈത്തറി സ്കൂൾ യൂണിഫോം സൗജന്യമായി നൽകാനുള്ള പദ്ധതി.

ഈ സർക്കാർ ഒന്നാമത് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഈ പദ്ധതി പ്രകാരം കേരളത്തിൽ 1 മുതൽ 8-ാം ക്ലാസുവരെയുള്ള ഏകദേശം 25 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് 2 സെറ്റ് യൂണിഫോമിന് 1.30 കോടി മീറ്റർ കൈത്തറി തുണി ആവശ്യമാണ്. കേരളത്തിലെ കൈത്തറി മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യവും പൂർണ്ണമായും തുണിനെയ്തെടുക്കുവാനുള്ള സമയക്കുറവും കാരണം വിദഗ്ദ്ധ സമിതി ചേർന്ന് ഇവ വിലയിരുത്തുകയും ഒന്നാം ഘട്ടമെന്ന നിലയിൽ അടുത്ത അദ്ധ്യയന വർഷം (2017-18) 1 മുതൽ 4 വരെയും, 1 മുതൽ 5 വരെയും ഉള്ള സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി 2 സെറ്റ് യൂണിഫോം വിതരണം ചെയ്യുന്നതിനും അടുത്ത വർഷം (2018-19) മുതൽ മുമ്പ് നിശ്ചയിച്ച പ്രകാരം 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്കും 2 സെറ്റ് യൂണിഫോം നൽകുവാനും തീരുമാനിച്ചു. പദ്ധതി വിജയിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും, വ്യവസായ വാണിജ്യ വകുപ്പ്

ഡയറക്ടർ വൈസ് ചെയർമാനും, ഹാന്റ്‌ലൂം & ടെക്സ്റ്റൈൽസ് ഡയറക്ടർ കൺവീനറായി കൊണ്ടും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നോഡൽ ഓഫീസറായും, ജനപ്രതിനിധികളും വിദ്യാഭ്യാസ മേഖലയിലെ ഉദ്യോഗസ്ഥരും ഉൾപ്പെടെ പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാതല കമ്മിറ്റിയും രൂപീകരിച്ച് (17-8-2016 തീയതിയിലെ ജി.ഒ. (സാധാ)നമ്പർ 766/16/വ്യവ) പ്രവർത്തിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഓരോ ജില്ലയിലും നിലവിൽ പ്രവർത്തിക്കുന്ന നെയ്ത്തുതറികൾ പരിശോധിച്ച് മാർക്ക് ചെയ്യുകയും തൊഴിലാളികളിൽ നിന്നും സമ്മതപത്രം ഒപ്പിട്ട് വാങ്ങിയിട്ടുമുണ്ട്. യൂണിഫോമിന് ആവശ്യമായ തുണിയുടെ അളവുകളും നിറങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന സ്കൂളുകളിൽ നിന്നും ശേഖരിച്ചു.

തുണി ഉൽപ്പാദനത്തിന് ആവശ്യമായ നൂൽ വാങ്ങി വിതരണം നടത്തുന്നതിന് നാഷണൽ ഹാന്റ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും നാഷണൽ ഹാന്റ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് നൂൽ ഹാൻവീവ്/ഹാന്റെക്സ്/യാൺ ബാങ്കുകൾ മുഖേന നൂൽ വിതരണം നടത്തുകയും ചെയ്യുന്നു. നൂലിന്റെയും തുണിയുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനെയും, ടെക്സ്റ്റൈൽ കമ്മിറ്റിയേയും ചുമതലപ്പെടുത്തുകയുണ്ടായി.

പദ്ധതിയുടെ ഭാഗമായി ക്വാളിറ്റി ചെക്കിംഗിനും നെയ്ത്തുതറികളുടെ ഉല്പാദനം പരിശോധിക്കുന്നതിനും ഹാൻവീവ്/ഹാന്റെക്സ്/ഐ.ഐ.എച്ച്.റ്റി. എന്നിവിടങ്ങളിൽനിന്നും ക്വാളിറ്റി ചെക്കിംഗ് ഇൻസ്പെക്ടർമാരെ നിയമിച്ചു. യാൺ പർച്ചേയ്സിന് ഡയറക്ടറേറ്റ് തലത്തിൽ പർച്ചേസ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

നെയ്തെടുത്ത തുണിക്ക് ചായം നൽകുന്നതിന് കേരളത്തിൽ സാധ്യമല്ലാത്തതിനാൽ തമിഴ്നാട് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസ്സിംഗ് മില്ലിനെ ചുമതലപ്പെടുത്തുകയുണ്ടായി. യൂണിഫോം തുണി നെയ്യുന്ന നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ നെയ്ത്തുകൂലി ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൈത്തറി മേഖലയിലെ തൊഴിലാളി ക്ഷാമം

270 (2475) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് മുൻകാലങ്ങളിലെ പോലെ സ്റ്റൈപ്പന്റ് നൽകി തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പരിശീലന കേന്ദ്രങ്ങൾ നടത്തുന്നതിന് താല്പര്യമുള്ളതും ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ളതുമായ കൈത്തറി സംഘങ്ങൾക്ക് അനുവാദം നല്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കൈത്തറി മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി പരിശീലനവും വൈദഗ്ധ്യവും വികസന പരിപാടി നടപ്പാക്കുന്നുണ്ട്. അതിനായി നടപ്പ് സാമ്പത്തിക വർഷം 70 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ താഴെ പറയുന്ന പരിശീലന പരിപാടികൾ സ്റ്റൈപ്പന്റ് കൊടുത്ത് നടത്താൻ അനുമതി ലഭിച്ചിട്ടുണ്ട്. സംഘങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് നിശ്ചിത കേന്ദ്രങ്ങളിൽവച്ച് പരിശീലനം നടത്തുന്നതാണ്.

1. ടൈ & ഡൈ ട്രെയിനിംഗ് പദ്ധതി.
2. എസ്.പി.എസ്. സോളിഡ് ബോർഡർ/മൾട്ടിബൂട്ടാ ഡിസൈൻ/ ജെക്കാർഡ് എന്നിവ തറികളിൽ ഉപയോഗിച്ചുള്ള നെയ്ത്തു പരിശീലനം.
3. പ്രകൃതിദത്ത ചായങ്ങൾ ഉപയോഗിച്ച് ഡൈ ചെയ്യുന്നതിനുള്ള പരിശീലനം.
4. ബ്ലോക്ക് പ്രിന്റിംഗ്/സ്ക്രീൻ പ്രിന്റിംഗ്, ബാത്തിക്ക് പ്രിന്റിംഗ് എന്നിവയിലുള്ള പരിശീലനം.
5. കൈത്തറി വസ്ത്രത്തിൽ മൂല്യവർദ്ധനവിന് വേണ്ടിയുള്ള സർഫസ് ഓർഗനൈസേഷൻ പരിശീലന പരിപാടി.
6. പുതിയ നെയ്ത്തുകാർക്കുള്ള പരിശീലനം.

7. ഹാന്റക്സ്/ഹാൻവീവ് എന്നീ സ്ഥാപനങ്ങളിലെ സ്റ്റാഫിനുള്ള പരിശീലന പരിപാടി.

(ബി) പരിശീലനത്തിന്റെ സ്വാഭാവമനുസരിച്ച് നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി പരിശീലനം നടത്തുന്നതാണ്.

**കൈത്തറി മേഖലയുടെ പുനരുദ്ധാരണം**

271 (2476) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം അടുത്ത അദ്ധ്യായനവർഷം മുതൽ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുത്തി എന്തൊക്കെ നടപടികളാണ് വ്യവസായ വകുപ്പ് നടപ്പാക്കിയിട്ടുള്ളത്;

(ബി) സംസ്ഥാനത്തൊട്ടാകെ എത്ര സ്ഥാപനങ്ങൾക്കാണ് യൂണിഫോമിനാവശ്യമായ തുണി നിർമ്മിച്ചുനൽകുന്നതിനുള്ള ഓർഡർ നൽകിയിട്ടുള്ളത്; സ്ഥാപനങ്ങളുടെ പേര് , യൂണിഫോമിന്റെ അളവ് എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) നാശോന്മുഖമായ കൈത്തറി മേഖലയ്ക്ക് ഉണർവ്വേകാൻ സർക്കാർ ഏർപ്പെടുത്തിയ ഈ പദ്ധതി ചില ജില്ലകൾക്ക് മാത്രം പ്രയോജനം ചെയ്യുന്നതായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മതിയായ സ്ഥലസൗകര്യങ്ങൾ ഉണ്ടായിട്ടും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്തതുമൂലം തകർച്ചയിലായ കൊറ്റനാട് ഖാദിയുല്പാദന കേന്ദ്രം പോലുള്ള കൈത്തറി വസ്ത്ര നിർമ്മാണ യൂണിറ്റുകൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കി ഈ പദ്ധതിയുടെ ഭാഗമാക്കിയാൽ, വ്യവസായ പിന്നോക്ക ജില്ലയായ പത്തനംതിട്ടയ്ക്കും ഈ രംഗത്ത് നേട്ടമുണ്ടാക്കാനാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കഴിഞ്ഞ സംസ്ഥാന ബജറ്റിൽ കൈത്തറിമേഖലയുടെ പുനരുദ്ധാരണത്തിനായി പ്രഖ്യാപിച്ച പദ്ധതിയിൽ കൊറ്റനാട് ഖാദി ഉല്പാദന കേന്ദ്രത്തെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൈത്തറി ലേഖലയിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനും നെയ്ത്ത് തൊഴിലെടുക്കുന്നവരെ പരമാവധി സഹായിക്കുന്നതിനുവേണ്ടിയും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുമുള്ള പദ്ധതികൾ മുന്നിൽ കണ്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. പദ്ധതി നടത്തിപ്പിനുവേണ്ടി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നടത്തിപ്പിനുവേണ്ടി 26-11-2016-ലെ 1284/16/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 82 കോടി രൂപ പൊതു വിദ്യഭ്യാസ ഡയറക്ടർക്ക് അനുവദിച്ചു.

2. ഓരോ തറിക്കും വേണ്ടുന്ന നൂലിന്റെ അളവ് നിശ്ചയിച്ച് യാൺ ബാങ്കുകൾ മുഖേന നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷന് ഓർഡർ ചെയ്തിട്ടുണ്ട്.

3. നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ സ്കൂൾ യൂണിഫോമിന് വേണ്ടുന്ന നിശ്ചിത കൗണ്ടിലുള്ള നൂൽ വിവിധ മില്ലുകളിൽ നിന്നും ശേഖരിച്ച് യാൺ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നു.

4. നൂലിന്റെ വിലയായി ഘട്ടംഘട്ടമായി നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷന് 6 കോടി രൂപ നൽകിയിട്ടുണ്ട്.

5. നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്ന് നൂൽ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റ് തലത്തിൽ ഒരു പർച്ചേസ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി യോഗം നിശ്ചയിത ഇടവേളകളിൽ കൂടിയിട്ടുണ്ട്.

6. യൂണിഫോം തുണി കളർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസ്സിംഗ് മില്ലുമായി കരാറിലേർപ്പെടുകയുണ്ടായി.

7. സ്കൂൾ യൂണിഫോം പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും, സർക്കിൾ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

8. നൂൽ, തുണി എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, ടെക്സ്റ്റൈൽ കമ്മിറ്റി എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ മേഖലയിലെ ഒന്ന് മുതൽ നാല് വരെയും ഒന്ന് മുതൽ അഞ്ച് വരെയും കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ കുട്ടികൾക്ക് 2 ജോഡി വീതം കൈത്തറി തുണി യൂണിഫോമായി നൽകാനാണ് തീരുമാനം. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട പ്രാഥമിക കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങൾ, ഹാന്റ് വീവ്, ഇക്കോടെക്സ് എന്നിവിടങ്ങളിലെ 2404 നെയ്ത്തുകാരാണ് യൂണിഫോം നെയ്യുന്നതിന് അതാത് ജില്ലാ വ്യവസായകേന്ദ്രവുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭിച്ച കണക്കു പ്രകാരം 2,20,000 കുട്ടികൾക്കാണ് സംസ്ഥാനത്താകെ 2017 അദ്ധ്യയനവർഷം സൗജന്യ യൂണിഫോം നൽകുന്നത്. ഓരോ ജില്ലയും നെയ്ത്ത് തരേണ്ട തുണിയുടെ വിവരണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 217945 മീറ്റർ |
| 2 | കൊല്ലം | 74409 മീറ്റർ |
| 3 | പത്തനംതിട്ട | 0 |
| 4 | ആലപ്പുഴ | 8374 മീറ്റർ |
| 5 | കോട്ടയം | 16768 മീറ്റർ |
| 6 | ഇടുക്കി | 10116 മീറ്റർ |
| 7 | എറണാകുളം | 51839 മീറ്റർ |
| 8 | തൃശ്ശൂർ | 43465 മീറ്റർ |
| 9 | പാലക്കാട് | 28060 മീറ്റർ |
| 10 | മലപ്പുറം | 3021 മീറ്റർ |
| 11 | കോഴിക്കോട് | 154176 മീറ്റർ |
| 12 | വയനാട് | 2393 മീറ്റർ |
| 13 | കണ്ണൂർ | 302095 മീറ്റർ |
| 14 | കാസർഗോഡ് | 29109 മീറ്റർ |
| 15 | ഹാൻവീവ് (കണ്ണൂർ) | 166493 മീറ്റർ |
| | ആകെ | 1107363 മീറ്റർ |

(സി&ഡി) ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് അനുവദിക്കുന്ന പദ്ധതി വിഹിതം ഉപയോഗിച്ച് മാത്രമേ കൊറ്റനാട് കേന്ദ്രത്തിന്റെ പുനരുദ്ധാരണം നടത്താനാകുകയുള്ളൂ.

**കോഴിക്കോട് കോമൺവെൽത്ത് വീവിംഗ് ഫാക്ടറി**

272 (2477) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് കോമൺവെൽത്ത് വീവിംഗ് ഫാക്ടറി ഒരു ഹെറിറ്റേജ് മ്യൂസിയമായി സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കോഴിക്കോട് കോമൺവെൽത്ത് വീവിംഗ് ഫാക്ടറി ഹെറിറ്റേജ് മ്യൂസിയമായി സംരക്ഷിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും ഈ വകുപ്പ് ആവിഷ്കരിച്ചിട്ടില്ല.

**ഖാദി മേഖലയിലെ ഉത്പാദന ചെലവ് കുറയ്ക്കുന്നതിന് നടപടി**

273 (2478) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയിലെ ഉത്പാദന ചെലവ് കുറയ്ക്കുന്നതിന് സോളാർ എനർജി ഉപയോഗപ്പെടുത്തിയുള്ള ഉല്പാദന രീതി സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) ഈ മേഖലയിലെ ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിന് മറ്റ് ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളത്;

(സി) ഉത്പാദനം നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള രീതിയിലേക്ക് മാറ്റുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് പരിജ്ഞാനമില്ലാത്ത പാരമ്പര്യ തൊഴിലാളികളെ ഈ തൊഴിൽ മേഖലയിൽ നിലനിർത്തുന്നതിന് ശ്രദ്ധ പുലർത്തിയിട്ടുണ്ടോ; എങ്കിൽ ഇവരെ ഏത് രീതിയിൽ നിലനിർത്താനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഖാദി ബോർഡിന് കീഴിൽ അപ്രകാരമുള്ള രീതി നാളിതുവരെ അവലംബിച്ചിട്ടില്ല.

(ബി) പരമ്പരാഗത രീതിയിൽ ഉല്പാദനം നടത്തുമ്പോൾ ഉണ്ടാകുന്ന ചെലവാണ് ഉല്പന്ന വിലയായി കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ മറ്റ് വ്യവസായ സംരംഭങ്ങളിലെന്നപോലെ ഉല്പന്ന നിർമ്മാണത്തിന് വൈദ്യുതി ഉപയോഗിച്ചോ അല്ലാതെയോ യന്ത്രവൽക്കരണം നടത്താൻ ഈ മേഖലയിൽ കഴിയില്ല.

(സി) ഖാദി ഉല്പാദനരംഗം നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് മാറ്റുന്നതിന് കഴിയുകയില്ല. പരമ്പരാഗത രീതിയിലുള്ള ശൈലിയിൽ പ്രവർത്തിക്കുന്ന ഖാദി ഉല്പാദന പ്രക്രിയക്ക് മുൻപും പിൻപും ഉള്ള പ്രോസസ്സുകൾക്കാവശ്യമായ യന്ത്രവൽക്കരണവും സാങ്കേതിക വിദ്യയും ഈ മേഖലയിലെ തത്വങ്ങളിൽ നിന്നുകൊണ്ടാണ് നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) ഖാദി മേഖലയിൽ പാരമ്പര്യ തൊഴിലാളികളുടെ വൈദഗ്ധ്യമാണ് ഉപയോഗപ്പെടുത്തുന്നത് എന്നതിനാൽ നൂതന സാങ്കേതികവിദ്യയിന്മേലുള്ള പരിജ്ഞാനക്കുറവ് ഈ മേഖലയെ ബാധിക്കുന്നില്ല.

**ഖാദി നൂൽപ്പ്-നെയ്ത്ത് കേന്ദ്രങ്ങൾ**

274 (2479) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് കീഴിൽ കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ച് വരുന്ന ഖാദി നൂൽപ്പ്-നെയ്ത്ത് കേന്ദ്രങ്ങൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) തനത് ഫണ്ടിന്റെ ആപര്യാപ്തത കാരണം പുതിയ ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും ഇല്ലാത്ത സ്ഥിതിയിൽ പരിതാപകരമായ നിലയിലാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയുടെ പുനരുദ്ധാരണത്തിനായി നൽകുന്ന സഹായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) <u>നൂൽപ്പ് കേന്ദ്രങ്ങൾ :</u>

1. കടലുണ്ടി
2. കോട്ടൂർ
3. മൂച്ചുകുന്ന്
4. തഴങ്ങാടി
5. ഉണ്ണികുളം
6. മണിയൂർ
7. തോടന്നൂർ
8. കൊമ്മേരി
9. കുതിരവട്ടം
10. പുതിയറ
11. വാകയാട്
12. വെള്ളിമാടുകുന്ന്
13. അറപ്പീടിക
14. അറപ്പീടിക-II
15. മൂടാടി
16. നൊച്ചാട്

17. തുറയൂർ
18. ഉള്ളിയേരി
19. അരിക്കുളം
20. അങ്കക്കളരി
21. കോളിക്കടവ്
22. മടപ്പള്ളി
23. പുതുപ്പണം
24. കുമ്പാറ
25. പെരുവയൽ
26. ചോറോട്
27. ഓർക്കാട്ടേരി
28. ചേവായൂർ
29. തെരുവത്തുക്കടവ്
30. എരമംഗലം

<u>നെയ്ത്ത് കേന്ദ്രങ്ങൾ</u>

1. ബാലുശ്ശേരി
2. ചീക്കിലോട്
3. കോട്ടൂർ-I
4. കോട്ടൂർ-II
5. മണിയൂർ സ്ട്രീറ്റ്
6. മൂച്ചുകുന്ന്
7. മൂടാടി
8. കഞ്ഞിക്കാവ്-I

9. കഞ്ഞിക്കാവ്-II
10. നൊച്ചാട്
11. അങ്കക്കളരി
12. മേപ്പയൂർ
13. പുതുപ്പണം
14. പെരുവയൽ
15. കാക്കൂർ
16. ഓർക്കാട്ടേരി
17. വളയം
18. എരമംഗലം
19. പനങ്ങാട്-I
20. പനങ്ങാട്-II
21. മടപ്പള്ളി
22. മണിയൂർ

(ബി) കേന്ദ്രങ്ങളുടെ ആവശ്യകതകൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഹരിക്കുന്നുണ്ട്. യന്ത്രസാമഗ്രികളുടെ കുറവ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നില്ല എന്നുള്ളത് ശ്രദ്ധേയമാണ്. കേന്ദ്രങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകുന്നുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ പശ്ചാത്തല സൗകര്യ വികസനം സാധ്യമാക്കുന്നത്. ഇതിൽ വർക്ക് ഷെഡ്ഡുകളുടെ അറ്റകുറ്റപ്പണി, പുതിയവയുടെ നിർമ്മാണം, യന്ത്രസാമഗ്രികളുടെ സ്ഥാപനം, തൊഴിലാളികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം, കുടിവെള്ളം, ജോലി കൂടുതൽ ആയാസരഹിതമാക്കുന്നതിനുള്ള സൗകര്യങ്ങൾ പോലുള്ളവ ഏർപ്പെടുത്തുന്നുണ്ട്. തൊഴിലാളികളുടെ ആവശ്യമനുസരിച്ച് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

**ഖാദി സ്ഥാപനങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക**

275 (2480) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി സ്ഥാപനങ്ങൾക്ക് റിബേറ്റ് ഇനത്തിൽ നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിബേറ്റ് കുടിശ്ശിക ലഭിക്കാത്തതിനാൽ ഖാദി സ്ഥാപനങ്ങൾക്ക് തൊഴിലാളികൾക്കുള്ള കൂലി നൽകുന്നതിന് പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കുടിശ്ശിക എന്ന് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-12-2016 വരെയുള്ള കുടിശ്ശിക 35.43 കോടി രൂപയാണ്.

(ബി) ഉണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ 7.85 കോടി രൂപ ഖാദി ബോർഡിന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കുടിശ്ശിക തുക സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് അനുവദിക്കുന്നതാണ്.

**സ്പോർട്സ് സർവ്വകലാശാല**

276 (2481) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് & ഗെയിംസിന്റെ ഉന്നമനത്തിനായി ഒരു സ്പോർട്സ് സർവ്വകലാശാല സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) സ്പോർട്സ് & ഗെയിംസിന് അന്തർ ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ& ബി) സംസ്ഥാനത്തെ കായിക മേഖലയുടെ ഉന്നമനത്തിനായി ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരികയാണ്.

**പി. പി. എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയം**

277 (2482) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പി.പി.എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തിൽ കായികതാരങ്ങൾക്ക് നിലവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിൽ കായിക താരങ്ങൾക്ക് പരിശീലനത്തിനും കായികമേളകൾക്കും ഉപയോഗിക്കത്തക്കവിധം സിന്തറ്റിക്ക് ട്രാക്കും സ്പോർട്സ് കോംപ്ലക്സും നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മൂവാറ്റുപുഴ നഗരസഭ വക പി.പി എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തിൽ നിലവിൽ സ്റ്റേഡിയം, പ്ലേ ഗ്രൗണ്ട്, ഓപ്പൺ ഗ്യാലറി എന്നിവയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. വി.ഐ.പി പവലിയൻ, ടോയിലെറ്റ് എന്നിവയുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി&സി) നഗരസഭ വക സ്റ്റേഡിയത്തിൽ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണം (വി.ഐ.പി. പവലിയൻ) നടന്നുവരികയാണ്. സ്റ്റേഡിയത്തിന്റെ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഇടവ ഗ്രാമപഞ്ചായത്തിൽ നാട്ടുകാർ പണം നൽകി വാങ്ങിയ സ്റ്റേഡിയം**

278 (2483) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ ഇടവ ഗ്രാമ പഞ്ചായത്തിൽ നാട്ടുകാർ പണം നൽകി വാങ്ങി സ്പോർട്ട്സ് കൗൺസിലിന് കൈമാറിയിട്ടുള്ള സ്റ്റേഡിയം, അന്തർദേശീയ തലത്തിലുള്ള സ്റ്റേഡിയമായി ഉയർത്തുന്നതിനും നവീകരിക്കുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ടി സ്റ്റേഡിയം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

**മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിൽ ഫ്ലഡ്‌ലൈറ്റ് സ്ഥാപിക്കൽ**

279 (2484) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിൽ ഫ്ളഡ് ലൈറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുക നാളിതുവരെയും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിക്കാമോ?

ഉത്തരം

(എ - സി) മഞ്ചേരിയിലെ മലപ്പുറം ജില്ലാ സ്പോർട്സ് കോംപ്ലക്സ് & ഫുട്ബോൾ അക്കാദമിയിൽ ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 1-3-2016-ലെ

ജി.ഒ.(ആർ.റ്റി)നമ്പർ 68/16/എസ് & വൈ.എ. ഉത്തരവ് (അനുബന്ധം)* പ്രകാരം 4,01,30,216 രൂപയുടെ ഭരണാനുമതി 2204-00-104-61 കൺസ്ട്രക്ഷൻ ഓഫ് സ്റ്റേഡിയം & സ്പോർട്സ് കോംപ്ലക്സ് അറ്റ് മഞ്ചേരി, മലപ്പുറം (പ്ലാൻ) എന്ന ശീർഷകത്തിൽ ലഭ്യമായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുക അനുവദിച്ച് കിട്ടിയിട്ടില്ലാത്ത സാഹചര്യത്തിൽ പുനർവിന്യാസം വഴി അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്.

**ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി**

280 (2485) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ഭഗവതിപ്പടിയിലെ പഞ്ചായത്ത് അധീനതയിലുള്ള സ്ഥലത്ത് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇത് സംബന്ധിച്ച ശിപാർശകളൊന്നും സർക്കാർ മുമ്പാകെ നിലവിലില്ല. ശിപാർശ ലഭ്യമാകുന്ന പക്ഷം പരിശോധിക്കാവുന്നതാണ്.

**സ്പോർട്സ് ക്വാട്ട നിയമനം**

281 (2486) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഏതൊക്കെ കായിക വിഭാഗത്തിൽപ്പെട്ടവർക്കാണ് നിയമനം ലഭിക്കുന്നതെന്നും അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ടയിൽ നിയമനങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിക്കുന്നവരുടെ സേവനം സ്പോർട്സ് മേഖലയിൽ തുടർന്നും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) താഴെപ്പറയുന്ന വിധം നേട്ടം കൈവരിച്ചിട്ടുള്ള പുരുഷ വനിതാ കായിക താരങ്ങൾക്കാണ് സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിക്കുന്നതിന് അർഹത ഉള്ളത്.

1. അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

2. രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.

3. സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികയിനങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

ഓരോ വർഷത്തേയ്ക്കും പരിഗണിക്കേണ്ട കായിക ഇനത്തിന് അതാത് വർഷം സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ഉണ്ടായിരിക്കേണ്ടതും അംഗീകാരം കിട്ടി മൂന്ന് വർഷം പൂർത്തിയായിരിക്കേണ്ടതുമാണ്. ഇപ്പോൾ 2010-2014 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള നടപടികളാണ് നടന്നുകൊണ്ടിരിക്കുന്നത്. ആയതിലേയ്ക്ക് പരിഗണിക്കുന്ന കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയ ഒളിംപിക്സ്, ഏഷ്യൻ ഗെയിംസ് എന്നിവയിൽ ഉൾപ്പെട്ട കായിക ഇനങ്ങളുടേയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളുടേയും ലിസ്റ്റ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ വകുപ്പ് മുഖേന സ്പോർട്സ് ക്വാട്ടയിൽ നിയമനങ്ങൾ നൽകിയിട്ടില്ല.

(സി) സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിക്കുന്നവരുടെ സേവനം സ്പോർട്സ് മേഖലയിൽ തുടർന്നും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്ന സംവിധാനം നിലവിൽ കായിക വകുപ്പിൽ ഇല്ല. നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

**സ്പോർട്സ് ഗ്രാന്റ്**

282 (2487) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക രംഗത്ത് മികവ് പ്രകടിപ്പിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും പരിശീലനത്തിനും സ്പോർട്സ് ഗ്രാന്റ് നല്കുന്ന പദ്ധതി സ്പോർട്സ് വകുപ്പ് നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

കായിക രംഗത്ത് മികവ് പുലർത്തുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗ്രാന്റ് നൽകിവരുന്നുണ്ട്. ഇതു കൂടാതെ പരിശീലനത്തിനായി കായിക ഉപകരണങ്ങളും നൽകിവരുന്നു. സ്പോർട്സ് ഹോസ്റ്റൽ സ്കീമിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവ അനുവദിച്ചുവരുന്നു.

**സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം**

283 (2488) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ജില്ല സ്പോർട്സ് കൗൺസിലുകൾ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഇക്കഴിഞ്ഞ ജനവരി 31 വരെ എത്ര ഹോസ്റ്റലുകളിൽ പരിശോധന നടത്തിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ശ്രീമതി മേഴ്സിക്കുട്ടൻ, അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങളായ ശ്രീ. എം. ആർ. രഞ്ജിത്ത്, ശ്രീ. ജോർജ്ജ് തോമസ് എന്നിവർ ഉൾപ്പെട്ട ഒരു മൂന്നംഗ സമിതിയെ പോരായ്മകൾ സംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് ചുമതലപ്പെടുത്തിയിരുന്നു. ടി സമിതി ഹോസ്റ്റലുകൾ നേരിട്ട് സന്ദർശിച്ച് കായിക താരങ്ങളുടെ പ്രകടനം, സ്ഥാപനങ്ങളിൽ നിന്നുള്ള പിൻതുണ ഭക്ഷണം, താമസ സൗകര്യം, കളിക്കുന്നതിന്/പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ, മറ്റ് സാഹചര്യങ്ങൾ എന്നിവ പ്രത്യേകം പ്രത്യേകം പരിഗണിച്ച് ഹോസ്റ്റലുകളെ കാറ്റഗറി എ, കാറ്റഗറി ബി, കാറ്റഗറി സി, കാറ്റഗറി ഡി വിഭാഗങ്ങളായി തരം തിരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

എല്ലാ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാരും, ജില്ലാ സ്പോർട്സ് ഓഫീസർമാരോടും ഹോസ്റ്റൽ പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിലെ ബോർഡിംഗ്/ലോഡ്ജിംഗ് ബില്ലുകൾ പരിശോധിച്ച് കൗണ്ടർസൈൻ ചെയ്ത് സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ലഭ്യാമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ടെക്നിക്കൽ ഓഫീസർക്കും ഹോസ്റ്റൽ പരിശോധിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരിശോധിക്കാറുണ്ട്. സ്പോർട്സ് ഹോസ്റ്റലുകളിൽ ജില്ലാ സ്പോർട്സ് കൗൺസിൽ നടത്തിയ പരിശോധനയുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു:

| ജില്ല | സെൻട്രലൈസ്ഡ് | കോളേജ് | സ്കൂൾ |
|---|---|---|---|
| തിരുവനന്തപുരം | 5 | 4 | 2 |
| കൊല്ലം | 1 | 2 | 0 |
| പത്തനംതിട്ട | 2 | 3 | 1 |
| ആലപ്പുഴ | 0 | 3 | 2 |
| കോട്ടയം | 1 | 10 | 8 |
| ഇടുക്കി | 1 | 10 | 2 |
| എറണാകുളം | 3 | 1 | 2 |
| തൃശ്ശൂർ | 1 | 7 | 2 |
| പാലക്കാട് | 0 | 1 | 1 |
| മലപ്പുറം | 2 | 2 | 1 |
| കോഴിക്കോട് | 3 | 2 | 0 |
| വയനാട് | 2 | 1 | 1 |
| കണ്ണൂർ | 2 | 5 | 2 |
| കാസർഗോഡ് | 1 | 1 | 0 |

## സ്പോർട്സ് ക്വാട്ടയിൽ നിയമനം

284 (2489) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ് ക്വാട്ടയിൽനിന്നുള്ള നിയമനം കെ. പി. എസ്. സി. വഴി ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

**ഒറ്റപ്പാലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി**

285 (T2490) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭ്യമായത് എന്നാണെന്നും എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മിക്കുന്നതിനായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അത് ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോയെന്നും വിശദമാക്കാമോ;

(സി) സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) ഒറ്റപ്പാലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

**സംസ്ഥാനത്തിന്റെ കായിക മുന്നേറ്റം**

286 (T 2491) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കായിക മുന്നേറ്റത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) എല്ലാ കായിക ഇനങ്ങൾക്കും അന്തർദേശീയ നിലവാരത്തിൽ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കായിക അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പൈമൽ പദ്ധതി പ്രകാരം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് മൾട്ടിപർപ്പസ് സ്റ്റേഡിയങ്ങളും, സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ്, കമ്മ്യൂണിറ്റി ഹെൽത്ത് പാർക്കുകൾ മുതലായവ നിർമ്മിച്ച് നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും മികച്ച കായിക പ്രതിഭകളെ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് അർഹതയുള്ള കായിക താരങ്ങൾക്കും, സ്കൂളുകൾക്കും, സംഘടനകൾക്കും, ക്ലബ്ബുകൾക്കും ഈ വകുപ്പ് മുഖേന ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ സ്കൂൾ പ്രൈമറി തലം മുതലുള്ള കുട്ടികളിലെ കായിക അഭിരുചി വളർത്തിയെടുക്കുന്നതിനായി പ്ലേ ഫോർ ഹെൽത്ത് പദ്ധതി ഈ വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിവരുന്നു. ഘട്ടം ഘട്ടമായി മറ്റ് ജില്ലകളിലും നടപ്പാക്കുന്നതാണ്.

ഇവ കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു:

(1) ഗ്രാന്റ്-ഇൻ-എയ്ഡ് നിയമപ്രകാരം സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും, ദേശീയമേഖലാ മത്സരങ്ങൾ സംസ്ഥാനത്തിനകത്ത് സംഘടിപ്പിക്കുന്നതിനും ദേശീയ മേഖലാ മത്സരങ്ങൾക്ക് മുന്നോടിയായി നടക്കുന്ന പരിശീലന ക്യാമ്പിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മറ്റുമായി കൗൺസിൽ ഗ്രാന്റ് നൽകിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്റ്റേഡിയം/കളിസ്ഥലം, നീന്തൽക്കുളം എന്നിവയുടെ നിർമ്മാണത്തിനും, നവീകരണത്തിനുമായി കൗൺസിൽ ധനസഹായം നൽകിവരുന്നു.

(2) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 24 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, 51 കോളേജ് സ്പോർട്സ് ഹോസ്റ്റൽ, 24 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കായിക താരങ്ങൾക്ക് പ്രതിദിനം 200 രൂപ നിരക്കിൽ ഡി.എ.-യും പ്രതിമാസം 100 രൂപ നിരക്കിൽ വാഷിംഗ് അലവൻസും അനുവദിച്ചുവരുന്നു.

(3) കൗൺസിലിന്റെ കീഴിൽ അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കായിക താരങ്ങളെ ഏഷ്യൻ/ കോമൺവെൽത്ത്/ ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തി എടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(4) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെന്ററുകളിലെ ട്രെയിനർമാർക്ക് പ്രതിമാസം 4,000 രൂപ, 7,000 രൂപ, 10,000 രൂപ, 20,000 രൂപ എന്ന ക്രമത്തിൽ വേതനം നൽകിവരുന്നുണ്ട്.

(5) ജില്ലകളിലായി വിവിധ കായിക ഇനങ്ങളിൽ 108 ഡേ ബോർഡിംഗ് സെന്ററുകൾ, 14 സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതി പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിൽ മുൻകാല കായിക താരങ്ങൾക്ക് പ്രതിമാസം 1100, 850, 600 രൂപ നിരക്കിൽ പെൻഷൻ/ഫാമിലി പെൻഷൻ നൽകിവരുന്നു.

(6) പുരുഷ, വനിതാ വിഭാഗങ്ങളിലായി 2 കായിക താരങ്ങൾക്ക് ജി.വി. രാജ അവാർഡ് നൽകിവരുന്നു. മൂന്ന് ലക്ഷം രൂപയും, ഫലകവും, പ്രശംസാ പത്രവും അടങ്ങുന്നതാണ് അവാർഡ്.

(7) 2020-2024 ഒളിംപിക്സിൽ കേരളത്തിൽ നിന്നുള്ള കായിക താരങ്ങൾക്ക് മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി "ഓപ്പറേഷൻ ഒളിമ്പിയ" പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(8) സംസ്ഥാനത്ത് സ്പോർട്സ് & ഗെയിംസിന്റെ ഉന്നമനത്തിനായി ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നു.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള എല്ലാ കായിക ഇനങ്ങൾക്കും അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കേരളോത്സവ നടത്തിപ്പ്

287 (2492) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോത്സവ നടത്തിപ്പ് തൃപ്തികരമാണോ; പലയിടത്തും ഇത് ചടങ്ങായി മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്കുകൂടി പങ്കെടുക്കുന്നതിനും കഴിയുന്ന രീതിയിൽ ഏകോപനം ഉണ്ടാകുമോ ;

(സി) കേരളോത്സവ നടത്തിപ്പിനായി കലണ്ടർ തയ്യാറാക്കാറുണ്ടോ; കലണ്ടറിൽ ചാർട്ട് ചെയ്ത പ്രകാരം പരിപാടികൾ നടക്കുന്നുണ്ടോ; പങ്കാളിത്തം തൃപ്തികരമാണോ;

(ഡി) കലാ-കായിക-രചന രംഗത്തെ മികവിന് നൽകുന്ന അംഗീകാരം തൃപ്തികരമാണോ; കൂടുതൽ അംഗീകാരം നൽകുന്നത് പരിഗണനയിലുണ്ടോ?

ഉത്തരം

(എ) കേരളോത്സവത്തിന്റെ നടത്തിപ്പ് തൃപ്തികരമാണ് എന്നാണ് പൊതുവെ വിലയിരുത്തിയിട്ടുള്ളത്.

(ബി) 15-നും 40-നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾക്ക് അവർ വിദ്യാർത്ഥിയാണോ അല്ലയോ എന്ന പരിഗണന കൂടാതെ കേരളോത്സവ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം നിലവിലുണ്ട്.

(സി) മുൻകൂട്ടി തയ്യാറാക്കുന്ന ഷെഡ്യൂൾ അനുസരിച്ചാണ് കേരളോത്സവം സംഘടിപ്പിക്കപ്പെടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള ചില സാങ്കേതിക കാരണങ്ങളാൽ തയ്യാറാക്കപ്പെട്ട ഷെഡ്യൂൾ അനുസരിച്ച് കേരളോത്സവം നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. പങ്കാളിത്തം തൃപ്തികരമാണ്.

(ഡി) തൃപ്തികരമാണ്. എങ്കിലും കൂടുതൽ അംഗീകാരം നൽകുന്ന കാര്യത്തിലും, കേരളോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് കാലോചിത പരിഷ്കാരങ്ങൾ വരുത്തുന്ന കാര്യത്തിലുമുള്ള വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സബ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 7-2-2017-ന് കൂടിയ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

**യുവജനങ്ങൾക്കായുള്ള പദ്ധതികൾ**

288 (2493) <u>ശ്രീ.ആർ. രാജേഷ്:</u>

<u>ശ്രീ. എ. എൻ. ഷംസീർ:</u>

<u>ശ്രീ. ആന്റണി ജോൺ:</u>

<u>ശ്രീ. കെ.സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളും പരിശീലന പരിപാടികളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ:

(ബി) മുൻ സർക്കാർ ഇത്തരം പദ്ധതികൾക്കും പരിശീലനങ്ങൾക്കുമായി നീക്കി വെച്ച തുക ഫലപ്രദമായി വിനിയോഗിച്ചില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനായി ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ;

(സി) തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്തുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനുമായി സംസ്ഥാന യുവജന ക്ഷേമ ബോർഡ് എന്തെല്ലാം സഹായങ്ങളാണ് യൂത്ത് ക്ലബ്ബുകൾ, സംഘടനകൾ എന്നിവയ്ക്ക് നൽകുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളോത്സവം, ദേശീയ നാടൻ കലോൽസവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷരയുവത്വം, യുവ മാധ്യമ പ്രവർത്തന ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തങ്ങൾ, വനിതാ ശിൽപ്പശാല, ഡി.റ്റി.പി/പി.എസ്.സി ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണം, മഴക്കാല

ബോധവൽക്കരണ ക്യാമ്പയിനുകൾ, നാടിക, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപ്പശാല, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ് വിതരണം, ജീവദായനി തുങ്ങിയ പദ്ധതികളാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം വരെ മേൽ പദ്ധതികൾക്കായി ചെലവഴിച്ച തുകയെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) യുവജനങ്ങളുടെ സംരംഭകത്വ കഴിവ് വളർത്തി അവരെ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കിവരുന്നു. അഹമ്മദാബാദിലെ Entrepreneurship Development Institute of India-യുടെ കേരള ഘടകത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ സ്വയംതൊഴിൽ പരിശീലനങ്ങൾ നടത്തുന്നതിനായി യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ ജോബ് ഫെസ്റ്റ്/ഫെയർ എന്നിവയും ബോർഡ് സംഘടിപ്പിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

9.30 AM]

## II. അടിയന്തരപ്രമേയം

### സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

മി. സ്പീക്കർ: റൂൾ 50 പ്രകാരം അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ട് ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഇന്ന് സാർവ്വദേശീയ മഹിളാദിനമാണ്. കേരളത്തിന്റെ സാമൂഹിക ജീവിതത്തിന് കനത്ത പ്രത്യാഘാതങ്ങൾ ഏൽപ്പിച്ച് കൊണ്ടിരിക്കുന്ന വാർത്തകളാണ് കഴിഞ്ഞ കുറേ കാലങ്ങളായി പുറത്തുവന്ന് കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സാമൂഹിക ജീവിതത്തിനേൽക്കുന്ന കനത്ത ആഘാതങ്ങളായും സാംസ്കാരിക തകർച്ചയായും അതിനെ വിലയിരുത്തി ഈ സഭ അതിന്റെ അന്തസ്സിലാണ് ഈ വിഷയം ചർച്ച ചെയ്യേണ്ടത്. ആ നിലയിൽ ഈ വിഷയത്തെ സമീപിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

പാലക്കാട് വാളയാർ അട്ടപ്പള്ളത്ത് സ്കൂൾ വിദ്യാർത്ഥിനികളായ രണ്ട് സഹോദരിമാർ ഒന്നരമാസത്തെ ഇടവേളകൾക്കുള്ളിൽ ആത്മഹത്യ ചെയ്യുകയും ഇതിൽ സംശയം പ്രകടിപ്പിച്ച് പോലീസിൽ പരാതി നൽകിയിട്ട് നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്ത ദുരൂഹ സാഹചര്യവും സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ പീഡനങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷവും സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. മുരളീധരൻ, എൻ. ഷംസുദ്ദീൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയം സംബന്ധിച്ച് ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ. ഒരു സബ്മിഷനും നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പാലക്കാട് വാളയാർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട സെൽവപുരം അട്ടപ്പള്ളം എന്ന സ്ഥലത്ത് താമസിക്കുന്ന ദമ്പതികളുടെ 9 വയസ്സുള്ള, അട്ടപ്പള്ളം ജി.എൽ.പി. സ്കൂളിലെ 4-ാം ക്ലാസ് വിദ്യാർത്ഥിനി 2017 മാർച്ച് 4-ന് വൈകുന്നേരം 4.30-നും 6-നും ഇടയിൽ വീട്ടിനുള്ളിലെ കഴുക്കോലിൽ കെട്ടിത്തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടു. ഇക്കാര്യത്തിൽ അയൽവാസി രാധാകൃഷ്ണന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ സി.ആർ.പി.സി. 174 പ്രകാരം ക്രൈം 240/2017 ആയി വാളയാർ പോലീസ്

സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും കൃത്യം നടന്ന സ്ഥലം ശാസ്ത്രീയ പരിശോധനകൾക്കും മറ്റും വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി പോസ്റ്റുമോർട്ടം നടത്തി മൃതദേഹം ബന്ധുക്കൾക്ക് കൈമാറിയിട്ടുള്ളതാണ്. 2017 ജനുവരി 13-ന് ഉച്ചയ്ക്ക് 2.30-നും 5-നും ഇടയിൽ മേൽപ്പറഞ്ഞ ദമ്പതികളുടെ 13 വയസ്സുള്ള മൂത്ത മകൾ വീട്ടിലെ കഴുക്കോലിൽ ഷാൾകൊണ്ട് കെട്ടിത്തൂങ്ങി മരിച്ചനിലയിൽ കാണപ്പെട്ടു. ഉണ്ണികൃഷ്ണൻ എന്ന ആളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ സി.ആർ.പി.സി.174 പ്രകാരം ക്രൈം 43/2017 ആയി വാളയാർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുട്ടികളുടെ മരണവുമായി ബന്ധപ്പെട്ട് മാതാവിന്റെ മൊഴിയിൽ ആത്മഹത്യയ്ക്കുപരിയായി ചില സംശയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിനെപ്പറ്റി ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു. രണ്ട് കേസ്സുകളുടെയും സമഗ്രമായ അന്വേഷണത്തിനായി പാലക്കാട് എ.എസ്.പി. ശ്രീമതി ജി. പൂങ്കുഴലി ഐ.പി.എസ്.-ന്റെ മേൽനോട്ടത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. പോസ്റ്റുമാർട്ടം നടത്തിയ ഡോക്ടറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രണ്ട് കേസ്സുകളിലും 174 സി.ആർ.പി.സി. ഭേദഗതി ചെയ്ത് ഐ.പി.സി. 376, 306 'പോക്സോ ആക്ട് 5 & 6 എന്നീ വകുപ്പുകൾ ചേർത്ത് അന്വേഷണം തുടർന്നുവരികയാണ്. സംശയമുള്ളവരെ പോലീസ് സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു. ആദ്യത്തെ മൃതദേഹം പാലക്കാട് ജില്ലാ ആശുപത്രിയിലാണ് പോസ്റ്റുമാർട്ടം നടത്തിയത്. പോസ്റ്റുമാർട്ടം നടത്തിയ ഡോക്ടറുടെ മൊഴി ഞാൻ ഉദ്ധരിക്കുകയാണ്. "മൃതദേഹത്തിൽ മലദ്വാരത്തിന് ചുറ്റും ഇൻഫെക്ഷനായതായി കണ്ടെത്തിയിരുന്നു. ആയത് പൈൽസ് രോഗത്തിന്റെ ആരംഭാവസ്ഥയിലോ നേരത്തെ പെനിട്രേഷൻ നടന്നതുമായോ ബന്ധപ്പെട്ടുണ്ടാകാവുന്നതാണ്. ഇതിന്റെ കാരണം വ്യക്തമാകുന്നതിനായി സാമ്പിളുകൾ എടുത്ത് കെമിക്കൽ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്" എന്നുപറഞ്ഞിരുന്നു. കെമിക്കൽ റിപ്പോർട്ടുകൂടി വന്നതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ പോക്സോ നിയമപ്രകാരമുള്ള വകുപ്പുകൾ ചാർജ്ജ് ചെയ്യാൻ പറ്റുകയുള്ളൂവെന്ന നിലപാട് പോലീസ് ആദ്യം സ്വീകരിച്ചു. മാത്രവുമല്ല പ്രാരംഭഘട്ടത്തിൽ ലൈംഗിക ചൂഷണവുമായി ബന്ധപ്പെട്ട ആരോപണമോ മൊഴിയോ ഉണ്ടായിരുന്നില്ല. 28-2-2017-ന് കെമിക്കൽ പരിശോധന പൂർത്തീകരിച്ച് കിട്ടിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ "The report were negative for semen/sperm to Zoa. A negative chemical report does not completely rule out possibility of sexual intercourse per vaginally rectally" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈംഗിക പീഡനം തള്ളിക്കളയാനാവില്ല എന്ന സാഹചര്യത്തിൽ പോക്സോ നിയമപ്രകാരമുള്ള വകുപ്പുകൾകൂടി ചേർത്ത് കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. 6-3-2017-നാണ് പോക്സോ വകുപ്പ് കൂട്ടിച്ചേർത്തത്. 7-3-2017-ന് പോസ്റ്റുമാർട്ടം നടത്തിയ ഡോക്ടറുടെ പുതിയ മൊഴി പ്രകാരം കുട്ടി ലൈംഗികാതിക്രമത്തിനിരയായതായി പറയുന്നുണ്ട്.

വയനാട് ജില്ലയിൽ കൽപ്പറ്റ പോലീസ് സ്റ്റേഷൻ പരിധിയിലെ മുട്ടിൽ തട്ടമംഗലം എന്ന സ്ഥലത്തുള്ള മുസ്ലീം ഓർഫനേജിൽ താമസിക്കുന്നതും പ്രസ്തുത സ്ഥാപനത്തിന്റെതന്നെ ഹൈസ്കൂളിൽ പഠിക്കുന്നതുമായ പ്രായപൂർത്തിയാകാത്ത 7 പെൺകുട്ടികളെ സമീപത്ത് കട നടത്തുന്ന രണ്ടുപേരും സുഹൃത്തുക്കളായ മറ്റ് രണ്ടുപേരും ചേർന്ന് മിഠായി നൽകി പ്രലോഭിപ്പിച്ച് കടയിൽ കയറ്റി മൊബൈൽ ഫോണിൽ അശ്ലീല വീഡിയോ കാണിച്ചും മറ്റും ലൈംഗികാതിക്രമത്തിന് ശ്രമിക്കുകയും വിവരം പുറത്തുപറഞ്ഞാൽ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തതായി കാണിച്ച് ഓർഫനേജ് അഡ്മിനിസ്ട്രേറ്റർ ശ്രീ. അബ്ദുൾ റസാഖ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 4-3-2017-ന് കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 354, 506 വകുപ്പുകളും പോക്സോ ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവും ക്രൈം നമ്പർ 150/2017 ആയി കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ ഐ.പി.സി. 376-ാം വകുപ്പ് കൂട്ടതലായി ചേർത്ത് അന്വേഷണം തുടർന്നുവരുന്നു. ഈ കേസ്സിൽ ആകെ 6 പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ 6 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കുട്ടികളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പ്രതികളുടെ പേരിൽ കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ 7-3-2017-ന് 10 കേസ്സുകൾകൂടി രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നുണ്ട്. പ്രതികളിലൊരാൾ 7 കേസ്സുകളിലും മറ്റുള്ളവർ 2 കേസ്സുകളിലും വീതം പ്രതികളാണ്. സി.ആർ.പി.സി. 164 പ്രകാരം ഇരകളുടെ രഹസ്യമൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണം കൽപ്പറ്റ പോലീസ് ഇൻസ്പെക്ടർ ശ്രീ. റ്റി. പി. ജേക്കബ് നടത്തിവരുന്നു.

കണ്ണൂർ കേളകം പോലീസ് സ്റ്റേഷൻ പരിധിയിലെ പ്ലസ് വൺ വിദ്യാർത്ഥിനിയായ 17 വയസുള്ള പെൺകുട്ടിയെ പള്ളി വികാരി റോബിൻ മാത്യു ലൈംഗികമായി പീഡിപ്പിച്ച് ഗർഭിണിയാക്കുകയും 7-2-2017-ന് തൊക്കിലങ്ങാടി ക്രിസ്തുരാജാ ആശുപത്രിയിൽവച്ച് പെൺകുട്ടി ഒരാൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ കണ്ണൂർ ചൈൽഡ് ലൈൻ കോ-ഓർഡിനേറ്റർ ശ്രീമതി ബീനയുടെ ഇൻഫർമേഷൻ ലെറ്റർ പ്രകാരം കേളകം പോലീസ് സ്റ്റേഷനിൽ ഐ.പി.സി.376, സെക്ഷൻ 5 & 6 ഓഫ് പോക്സോ ആക്ട് എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 152/17 ആയി 26-2-2017-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പെൺകുട്ടിയുടെ മൊഴി സി.ആർ.പി.സി. 164 പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. വിദേശത്തേക്ക് കടക്കാൻ ശ്രമിച്ച പ്രതിയെ 27-2-2017-ന് നെടുമ്പാശ്ശേരിയിൽവച്ച് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുള്ളതാണ്. ഈ കേസ്സിലെ ഒന്നാം പ്രതിയെ സഹായിച്ചതിനും കൂട്ടുനിന്നതിനും 7 പേർ കൂടി പ്രതികളാണെന്ന് തിരിച്ചറിഞ്ഞ് കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ഒളിവിൽ കഴിയുന്ന 7 പ്രതികളെയും അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത ശ്രമം നടന്നുവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള ഐ.പി.സി., പോക്സോ നിയമങ്ങളിലെ വകുപ്പുകൾ പ്രകാരം

പോലീസ് ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം കുറ്റകൃത്യങ്ങളെക്കുറിച്ച് ജാഗരൂഗരാകുന്നതിന് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.), ജനമൈത്രി പോലീസ് എന്നിവ മുഖേന സ്കൂൾ തലത്തിൽ തന്നെ കുട്ടികൾക്ക് ബോധവത്കരണം നൽകിവരുന്നുണ്ട്. സ്ത്രീ സുരക്ഷയ്ക്ക് വിഘാതമുണ്ടാക്കുന്ന ലൈംഗിക കുറ്റവാളികളെ തിരിച്ചറിയാനുള്ള എല്ലാ വിവരങ്ങളും അടങ്ങുന്ന ഒരു രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനുകളിലും തയ്യാറാക്കി സൂക്ഷിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതുപ്രകാരം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ലൈംഗിക കുറ്റകൃത്യങ്ങളിലേർപ്പെട്ട കുറ്റവാളികളുടെ വിവരം ശേഖരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇത് ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത് ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയുന്നതാണ്. ഈ സാഹചര്യത്തിൽ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ബഹുമാനപ്പെട്ട ചെയർ സൂചിപ്പിച്ചതുപോലെ ഇന്ന് ലോകവനിതാ ദിനമാണ്. ഈ ദിനത്തിൽ ഇങ്ങനെയൊരു അടിയന്തര പ്രമേയം കൊണ്ടുവന്നപ്പോൾ ചെയറിന്റെ ഭാഗത്തുനിന്നുണ്ടായ വികാരത്തെ ഞാൻ മാനിക്കുന്നു. ഈ വിഷയം ഞാൻ രാഷ്ട്രീയമായിട്ടല്ല കാണുന്നത്, ഒരു പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട വിഷയം, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ 140 നിയോജകമണ്ഡലങ്ങളിലും ചർച്ചാ വിഷയമായിരുന്ന വെന്നുള്ള കാര്യംകൂടി ഞാൻ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ലോക വനിതാദിനത്തിൽ പ്രമുഖ മലയാളപത്രങ്ങളിൽ വന്ന വാർത്തയുടെ ഹെഡ്‌ലൈൻ ഇവിടെ വായിക്കാം. 'കേഴട്ടെ, കാപട്യ കേരളം' - കേരള കൗമുദിയിലെ വാർത്തയാണ്. 'കെട്ടകാലം' - മാതൃഭൂമിയിലെ വാർത്തയാണ്. 'സ്ത്രീ സുരക്ഷ ഇനിയുമകലെ' മലയാള മനോരമയിലെ വാർത്തയാണ്. മൂന്ന് പ്രധാന പത്രങ്ങളുടെ ഹെഡ്‌ലൈനാണ് ഞാൻ വായിച്ചത്.

വാളയാർ സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. ഇവിടത്തെ പ്രസക്തമായ ഒരു കാര്യം, ആദ്യത്തെ പെൺകുട്ടി മരണപ്പെട്ട് 52 ദിവസങ്ങൾക്കുള്ളിലാണ് രണ്ടാമത്തെ കുട്ടിയും മരണപ്പെടുന്നത്. ആദ്യത്തെ കുട്ടി മരണപ്പെട്ടതിനുശേഷം തന്റെ മകളുടെ മരണത്തെക്കുറിച്ച് പോലീസിൽ പരാതിപ്പെട്ടിരുന്നെങ്കിലും പോലീസിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നാണ് കുട്ടിയുടെ മാതാപിതാക്കൾ പത്രക്കാരോട് പറഞ്ഞത്. മലമ്പുഴ എം.എൽ.എ.-യും മുൻ മുഖ്യമന്ത്രിയുമായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ മാധ്യമങ്ങളോട് പറഞ്ഞത് ആദ്യത്തെ കുട്ടിയുടെ മരണം നടന്നപ്പോൾത്തന്നെ പോലീസ് കർശനമായ നിലപാട് സ്വീകരിച്ചിരുന്നെങ്കിൽ രണ്ടാമത്തെ കുട്ടിയുടെ മരണം ഒഴിവാക്കാമായിരുന്നുവെന്നാണ്. അതുസംബന്ധിച്ച് അദ്ദേഹം ഒരു കത്തും മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ടെന്നാണ് മാധ്യമങ്ങളിൽ കൂടി അറിയാൻ സാധിച്ചത്. ആദ്യത്തെ കുട്ടിയുടെ മരണത്തിനുശേഷം, ചില ആളുകളെ തനിക്ക് സംശയമുണ്ടെന്ന് കുട്ടിയുടെ അമ്മ പറഞ്ഞിരുന്നു. അതേക്കുറിച്ച് പോലീസ്

ഫലപ്രദമായി അന്വേഷിച്ചിരുന്നുവെങ്കിൽ ഒരുപക്ഷേ രണ്ടാമത്തെ കുട്ടിയുടെ മരണം ഒഴിവാക്കാൻ കഴിയുമായിരുന്നു. അപ്പോൾ രണ്ടാമത്തെ കുട്ടിയുടെ മരണത്തിന്റെ ഉത്തരവാദിത്വം പോലീസിനല്ലേ? പോലീസ് കർശന നടപടി സ്വീകരിക്കുന്നതിന് പകരം ലാഘവബുദ്ധിയോടെ ഈ പ്രശ്നത്തെ കണ്ടതുകൊണ്ടല്ലേ രണ്ടാമത്തെ മരണമുണ്ടായത്. രണ്ടാമത്തെ കുട്ടിയുടെ മരണത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് പോലീസിന് ഒഴിഞ്ഞുമാറാൻ കഴിയുമോ?

കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് ജിഷ എന്നൊരു പെൺകുട്ടി മരണപ്പെട്ടു. ഇലക്ഷൻ കഴിഞ്ഞ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. ഞാൻ ഈ സഭയിൽ കൊണ്ടുവന്ന ആദ്യത്തെ അടിയന്തരപ്രമേയത്തിന്റെ ചർച്ചാവേളയിൽ, ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. സ്ഥാനത്തുനിന്ന് മാറ്റിയതിനെക്കുറിച്ച് ചോദിച്ചപ്പോൾ, ആ ഡി.ജി.പി.-യെ മാറ്റി പുതിയ ഡി.ജി.പി.-യെ വച്ചതുകൊണ്ടാണ് ജിഷയുടെ ഘാതകനായ ആസ്സാംകാരനെ കസ്റ്റഡിയിൽ എടുക്കാൻ കഴിഞ്ഞതെന്ന് അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇപ്പോഴത്തെ ഡി.ജി.പി.-യുടെ കാലത്ത് സംസ്ഥാനത്ത് എത്ര പെൺകുട്ടികളാണ് പീഡനത്തിന് വിധേയരായത്. ശ്രീ. ടി. പി. സെൻകുമാറിന്റെ കാലഘട്ടത്തിൽ ഒരു കുട്ടിയുടെ മരണമായിരുന്നു നടന്നിരുന്നതെങ്കിൽ ഇപ്പോൾ എത്ര കുട്ടികളായി?

രണ്ടുദിവസം മുമ്പാണ് കൽപ്പറ്റ ഓർഫനേജിലെ കാര്യം പുറത്തുവന്നത്, ഏഴ് പെൺകുട്ടികളാണ് പീഡനത്തിന് വിധേയരായത്. ഏറ്റവുമധികം ട്രാഫിക്കുള്ള കൽപ്പറ്റ-ബത്തേരി റൂട്ടിൽ, 24 മണിക്കൂറും വാഹനങ്ങൾ ഓടുന്ന നാഷണൽ ഹൈവേയുടെ സൈഡിലുള്ള ഒരു കടയിലാണ് ഏഴ് പെൺകുട്ടികൾ പീഡനത്തിന് വിധേയരായതെന്ന് പറയുമ്പോൾ. . . . . ഈ നാട്ടിൽ പോലീസെന്ന് പറയുന്ന സംവിധാനമില്ലേ?

ഇത് തന്നെയാണ് സിനിമാ നടിയുടെ കാര്യത്തിലുമുണ്ടായത്. ജനത്തിരക്കേറിയ എറണാകുളം-തൃശ്ശൂർ റൂട്ടിൽ, നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ വഴി വന്നുചേരുന്ന സ്ഥലത്ത്, ഒരു സിനിമാ നടിയെ കാറിൽ കയറ്റി നാലര മണിക്കൂർ കൊണ്ടുകറങ്ങുക, എന്തൊക്കെ സംഭവിച്ചുവെന്ന് നമുക്കറിയില്ല. പോലീസിന്റെ തെറ്റായ നടപടികൾ കാണുമ്പോൾ. .. . . . കർശനമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം ഇതിനെ ലാഘവബുദ്ധിയോടെ കാണുന്ന ഒരു സമീപനമാണ് ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്.

സിനിമാ നടിയെ തട്ടിക്കൊണ്ടുപോയ ആ സംഭവത്തെക്കുറിച്ച് മുഖ്യമന്ത്രി പ്രതികരിച്ചതെന്താണ്? ഇതിന്റെ പിന്നിൽ ആരുമില്ലെന്ന് അദ്ദേഹം പത്രക്കാരോട് പറഞ്ഞു. ഈ കേസ്സിൽ പൾസർ സുനി മാത്രമല്ല, അദ്ദേഹത്തിന്റെ പിന്നിൽ മറ്റ് ചില ശക്തികളുണ്ടെന്നും അതിനെക്കുറിച്ച് ഞങ്ങൾ അന്വേഷിച്ചു കൊണ്ടിരിക്കുക യാണെന്നുമാണ് പോലീസ് പറഞ്ഞത്. കിട്ടേണ്ട പ്രതികളെ കിട്ടി, ഇനി ആരും

ഉണ്ടെന്ന് കരുതുന്നില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം ഈ സഭയിൽ പറഞ്ഞെങ്കിലും അത് ഈ കേസ് അവസാനിപ്പിക്കാൻ പോലീസിനുള്ള വ്യക്തമായ സൂചനയായിരുന്നു വെന്നതിന്റെ തെളിവാണ്. ഇതിന്റെ പിന്നിൽ ആരുമില്ല എന്നുള്ള മട്ടിൽ പോലീസ് കോടതിയിൽ റിപ്പോർട്ട് കൊടുക്കാൻ പോകുകയാണ്. പൾസർ സുനി ഉപയോഗിച്ച മൊബൈൽ ഫോൺ ഇതുവരെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ആ മൊബൈൽ ഫോൺ ഇല്ലെങ്കിൽ ഈ കേസ് തെളിയിക്കാൻ പറ്റുമോ? കോടതിയിൽ മൈതാന പ്രസംഗം നടത്തിയിട്ട് വല്ല കാര്യവുമുണ്ടോ; കോടതിയിൽ ഏറ്റവും വലുത് തെളിവല്ലേ? പൾസർ സുനിയെ കൊണ്ടുപോയിട്ട് മൊബൈൽ ഫോൺ എവിടെയെന്ന് ജഡ്ജി ചോദിച്ചാൽ, മൊബൈൽ ഫോൺ അന്വേഷിച്ചു, കിട്ടിയില്ല എന്ന് പറഞ്ഞാൽ പൾസർ സുനിക്ക് ഊരിപ്പോരാൻ വല്ല പ്രയാസവുമുണ്ടാകുമോ? പ്രബുദ്ധ കേരളം ഇത്രയും കാലം ചർച്ച ചെയ്ത ഒരു വിഷയത്തിൽ മുഖ്യപ്രതി രക്ഷപ്പെടുകയാണ്. ശ്രീമതി പൂങ്കുഴലി ഐ.പി.എസ്.-ന്റെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഏതാനും മാസങ്ങൾക്കുമുമ്പ് ശ്രീമതി പൂങ്കുഴലി അന്വേഷിച്ച കേസ്സുണ്ടായിരുന്നു. വടക്കാഞ്ചേരി മുനിസിപ്പൽ കൗൺസിലറായ ശ്രീ. ജയന്തൻ ഒരു സ്ത്രീയെ പീഡിപ്പിച്ച സംഭവമുണ്ടായി. ഇക്കാര്യം ആ സ്ത്രീയും അവരുടെ ഭർത്താവും മാധ്യമങ്ങളോട് പറഞ്ഞു. "ഞാൻ പീഡിപ്പിക്കപ്പെട്ട വിഷയം ഭർത്താവിനോട് പറയുകയും അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം പരാതി കൊടുക്കുകയും ചെയ്തു. പക്ഷേ, അന്വേഷണമില്ല." ഒരു ഇര വേട്ടക്കാരനെക്കുറിച്ച് പറയുമ്പോൾ, വേട്ടക്കാരൻ ഏത് പാർട്ടിയിൽപ്പെട്ട ആളായാലും കുറ്റം ചെയ്താൽ ശിക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കളമശ്ശേരി സംഭവത്തിൽ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ഒരാളെക്കുറിച്ച് ആക്ഷേപം വന്നപ്പോൾ അദ്ദേഹത്തെ പാർട്ടിയിൽ നിന്ന് പുറത്താക്കി. ഇതിൽ നടപടി എടുക്കേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റിന് നടപടിയെടുക്കാൻ പറ്റില്ല കാരണം, ഏറ്റവും വലിയ കുറ്റം ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടിക്കാരനാണ്. ശ്രീ. ജയന്തനെ അറസ്റ്റ് ചെയ്തില്ലെന്ന് മാത്രമല്ല, ശ്രീ. ജയന്തനെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് സമരം നടത്തിയ ഈ സഭയിലെ അംഗമായ ശ്രീ. അനിൽ അക്കരയെയാണ് പോലീസ് തല്ലിയത്. ശ്രീ. ജയന്തനെ അറസ്റ്റ് ചെയ്യുന്നതിനുപകരം ഈ സഭയിലെ അംഗത്തെ ക്രൂരമായി മർദ്ദിച്ച പോലീസിന് എങ്ങനെയാണ് പീഡനക്കേസിലെ പ്രതികളെ പിടിക്കാൻ സാധിക്കുന്നത്? ഇത്രയും ഗൗരവമായ സംഭവങ്ങൾ ഉണ്ടായിട്ട് കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ? കൊട്ടിയൂർ സംഭവത്തിലെ പീഡനക്കാരായ ആളുകളെ അറസ്റ്റ് ചെയ്തുവെന്നുള്ളത് ശരിയാണ്. പക്ഷേ, ആ പീഡനത്തിന്റെ പിന്നിൽ പ്രവർത്തിച്ച ആളുകൾ മുൻകൂർ ജാമ്യത്തിന് കോടതിയെ സമീപിക്കാൻ പോകുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. പോലീസിന്റെ നടപടികൊണ്ട് മുൻകൂർ ജാമ്യം കിട്ടാനുള്ള സാധ്യത തള്ളികളഞ്ഞുകൂടാ. നടന്ന കാര്യങ്ങൾ

നിയമസഭയ്ക്കകത്തല്ലേ പറയേണ്ടത്. നിയമസഭയ്ക്ക് പുറത്ത് പറഞ്ഞിട്ട് കാര്യമുണ്ടോ? നിയമസഭയിൽ പറയേണ്ട കാര്യങ്ങൾ തന്നെയാണ് ഞാൻ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഈ കേസ്സിലും പ്രതികളെ പിടിച്ചിട്ട് അവർക്ക് രക്ഷപ്പെടാനുള്ള അവസരമാണ് പോലീസ് ഒരുക്കിക്കൊടുക്കുന്നത്. പ്രതികളെ പിടിച്ചോയെന്ന് ചോദിച്ചാൽ പ്രതികളെ പിടിച്ചു. കോടതിയിൽ ചെന്നാൽ പ്രതികൾ പുഷ്പം പോലെ ഊരിപ്പോകും. ഇതുപോലെ നിരവധി സംഭവങ്ങളുണ്ട്. കഴിഞ്ഞ ദിവസം വിഴിഞ്ഞത്ത് ഭിന്നശേഷിക്കാരിയായ യുവതിയെ പീഡിപ്പിച്ച സംഭവത്തിൽ കേസ് എടുത്തില്ലെന്ന് പരാതി വന്നിട്ടുണ്ട്. ആളില്ലാത്ത സമയത്ത് ഭിന്നശേഷിയുള്ള യുവതിയെ ബന്ധുവായ യുവാവ് പീഡിപ്പിച്ച സംഭവം സംബന്ധിച്ച് ഇന്നത്തെ പത്രത്തിൽ വാർത്തയുണ്ട്.

<u>മി. സ്പീക്കർ</u> : അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, തിരക്ക് പിടിക്കണ്ട. നടന്ന കാര്യങ്ങളല്ലേ പറയുന്നത്. അത് ഇവിടെയല്ലേ പറയാൻ പറ്റൂ. അടിയന്തരപ്രമേയത്തിന് കഴിഞ്ഞ നിയമസഭയിൽ 20 മിനിറ്റ് വരെ എടുത്ത് സംസാരിച്ചിട്ടുണ്ട്. അസ്വസ്ഥത പ്രകടിപ്പിച്ചിട്ട് കാര്യമുണ്ടോ?

<u>മി. സ്പീക്കർ</u>: അങ്ങ് നോട്ടീസുമായി ബന്ധപ്പെട്ട കാര്യം പറയൂ. അങ്ങ് പെട്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കൂ.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഭിന്നശേഷിയുള്ള യുവതിയെ പീഡിപ്പിച്ച സംഭവത്തിൽ വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിട്ട് അന്വേഷിച്ചില്ലെന്നുള്ള ആക്ഷേപം ഉണ്ടായി.

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഗണിതശാസ്ത്രത്തിന്റെ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റ് തങ്ങളെ പീഡിപ്പിക്കാൻ ശ്രമിച്ചുവെന്ന് കാണിച്ച് മൂന്ന് വിദ്യാർത്ഥിനികൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കത്തയച്ചു. ആ കത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രി രജിസ്ട്രാർക്ക് കൊടുക്കുകയും പ്രൊഫസറെ മാറ്റി നിർത്തി അന്വേഷിക്കണമെന്ന് രജിസ്ട്രാർ പറയുകയും ചെയ്തു. എന്നാൽ എന്താണ് സംഭവിച്ചത്? ഇങ്ങനെ എത്രയെത്ര സംഭവങ്ങളാണ് കഴിഞ്ഞ ആറ് മാസത്തിനിടയിൽ നടന്നത്. എന്ത് പറയുമ്പോഴും കഴിഞ്ഞ തവണ അങ്ങനെ യായിരുന്നുവെന്ന് പറയും. എല്ലാം ശരിയാക്കാമെന്ന് പറഞ്ഞ് അധികാരത്തിൽ വന്നതല്ലേ; ഇങ്ങനെയാണോ ശരിയാക്കുന്നത്? കുട്ടികളെ ശരിയാക്കുകയാണോ; പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ശരിയാക്കലാണോ ഈ സർക്കാരിന്റെ ജോലി.

ഇവിടെ ഒരു കുട്ടിയെ പീഡിപ്പിച്ച് കൊന്ന സംഭവത്തിൽ അന്വേഷണം നേരെയല്ല നടന്നതെന്ന് പറഞ്ഞ് ഡി.ജി.പി.യെ മാറ്റിയ ഗവൺമെന്റ്, ഇത്രയും പെൺകുട്ടികൾ പീഡിപ്പിക്കപ്പെട്ടപ്പോൾ, ഈ ഡി.ജി.പി.-യെ നോക്കുകുത്തിയാക്കി നിർത്തിയിരിക്കുന്നത് എന്തിനാണ്? ആകാശത്ത് ഒളിഞ്ഞിരിക്കുന്ന കാർ

മേഘങ്ങളെ റഡാർ വച്ച് കണ്ടുപിടിച്ച് രാസപ്രയോഗത്തിലൂടെ മഴ പെയ്യിക്കുമെന്ന് ഇന്നലെ വളരെ ആവേശത്തോടെ പറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പാവപ്പെട്ട പെൺകുട്ടികളെ പിച്ചിചീന്തുമ്പോൾ കാഴ്ചക്കാരനായി നോക്കിനിൽക്കുന്നത് ശരിയാണോ? ഇവിടെ പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നു, സ്ത്രീകൾക്ക് രക്ഷയില്ല, സ്ത്രീകൾക്ക് മാനവും മര്യാദയും നഷ്ടപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ശക്തമായി ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ): സർ, ഇന്ന് ലോക വനിതാ ദിനം തന്നെയാണ്. ഈ ദിവസം വനിതകളുടെ പ്രശ്നങ്ങൾ കേവലം വനിതകളെന്ന നിലയ്ക്ക് മാത്രം കൈകാര്യം ചെയ്യേണ്ട വിഷയമല്ല. പൊതുസമൂഹം തന്നെ വനിതകളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. വനിതകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പൊതുസമൂഹം, പുരുഷന്മാരടക്കം ഏറ്റെടുക്കുകയും അതിന് പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. സർക്കാർ സ്വീകരിക്കുന്ന നിലപാട് സമൂഹത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് നേരെ ശക്തമായ നടപടി സ്വീകരിക്കുക എന്നതാണ്. ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളിലും ഇതേ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. വാളയാറിൽ ആദ്യത്തെ കുട്ടി മരണപ്പെട്ടപ്പോൾ എല്ലാവരും വിചാരിച്ചത് ആത്മഹത്യയാണെന്നാണ്. അതുകൊണ്ടുതന്നെ അതുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേയ്ക്ക് നീങ്ങാൻ അന്ന് കഴിഞ്ഞില്ല. എന്നാൽ നേരത്തേ പറഞ്ഞതുപോലെ, പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംശയങ്ങൾ ഉയർന്നതിനാൽ കെമിക്കൽ എക്സാമിനേഷന് അയയ്ക്കുകയും അതിന്റെ റിപ്പോർട്ട് ലഭിക്കുകയും ചെയ്തതോടെ പോലീസ് ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാവരും പോലീസിന്റെ ശക്തമായ നിരീക്ഷണ വലയത്തിനുള്ളിൽ തന്നെയാണ്. അതിൽ ഒരുതരത്തിലും ആശങ്ക ഉണ്ടാകേണ്ടതില്ല. എല്ലാവരും പോലീസ് നിരീക്ഷണത്തിൽപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഇവിടെ രണ്ട് മരണം നടന്നുവെന്നത് തീർത്തും നിർഭാഗ്യകരം തന്നെയാണ്. അതിന്റെ ചുരുളുകൾ അഴിയേണ്ടതായിട്ടുണ്ട്. ആര് അതിന്റെ പിന്നിലുണ്ടായാലും പോലീസ് ശക്തമായ നടപടി സ്വീകരിക്കുകയും ഫലപ്രദമായ അന്വേഷണം നടത്തുകയും ചെയ്യും. അക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. കുറ്റവാളികളെ പുറത്തുകൊണ്ടുവരിക തന്നെ ചെയ്യും. സംസ്ഥാനത്ത് സ്ത്രീകൾക്കുനേരെ നടക്കുന്ന അതിക്രമങ്ങളിൽ ശക്തമായ നടപടി സ്വീകരിച്ച് വരികയാണ്.

ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. സ്ഥാനത്തുനിന്നും മാറ്റിയതിനെക്കുറിച്ച് വാദത്തിന്റെ ചെറിയ ഒരു പതിപ്പ് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അദ്ദേഹത്തെ ഡി.ജി.പി. സ്ഥാനത്തുനിന്ന് മാറ്റിയത് ജിഷ കൊല ചെയ്യപ്പെട്ടതുകൊണ്ടല്ല. ജിഷ കൊല ചെയ്യപ്പെട്ടതിന് കൊലയാളിയാണ് ഉത്തരവാദി. അന്നത്തെ ഗവൺമെന്റ് ഉത്തരവാദിയാണെന്ന് ഞങ്ങളാരും പ്രചരിപ്പിച്ചിട്ടില്ല.

ശ്രീ. പി. ടി. തോമസ്: സർ,....... (ബഹളം).......

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ്, ചിരിക്കേണ്ട വിഷയമാണോ? ശ്രീ. കെ. മുരളീധരൻ പ്രസംഗിച്ചപ്പോൾ എല്ലാവരും നിശ്ശബ്ദരായി ഇരുന്നില്ലേ; അദ്ദേഹം പൂർണ്ണമായും സംസാരിച്ചില്ലേ? പ്ലീസ്... ഇരിക്കൂ....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ സംസാരിച്ചപ്പോൾ ബഹളമുണ്ടായിരുന്നു. ........(ബഹളം)...

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ എപ്പോഴും ഇങ്ങനെ പറയുന്നത് ശരിയല്ല. നിങ്ങൾ ചെയറിനോട് കാണിക്കുന്ന ഈ സമീപനം ശരിയല്ല. ന്യായവും യുക്തിയുമില്ലാതെ ഏത് സമയത്തും ഇങ്ങനെ കമന്റ് ചെയ്യുന്നത് ശരിയല്ല. അനാവശ്യമായി ചെയറിനെക്കുറിച്ച് ഇടയ്ക്കിടയ്ക്ക് കമന്റ് നടത്തുന്നത് ശരിയല്ല. അനാവശ്യമായി കമന്റ് ചെയ്യുന്ന എല്ലാവരേയും ഏത് സമയത്തും നിയന്ത്രിച്ചിട്ടുണ്ട്. ആവശ്യമായ പ്രൊട്ടക്ഷൻ എല്ലാസമയത്തും എല്ലാവർക്കും കൊടുക്കുന്നുണ്ട്. രണ്ട് ഭാഗത്തുനിന്നും കമന്റ് ഉണ്ടാകരുതെന്ന് എപ്പോഴും പറയാറുണ്ട്. നിങ്ങൾക്ക് സർക്കാരിനെ വിമർശിക്കാം, പരസ്പരം വിമർശിക്കാം. നിങ്ങൾ ഇരിക്കൂ.... പ്ലീസ്...പ്ലീസ്......മുഖ്യമന്ത്രി സംസാരിക്കട്ടെ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഇവിടെ ശ്രീ. കെ. മുരളീധരൻ പറയുമ്പോൾ നിശ്ശബ്ദമായിരുന്നു. ശ്രീ. ടി. പി. സെൻകുമാറിന്റെ പേര് പറയുമ്പോൾ ശ്രീ. പി. ടി. തോമസിന് പൊള്ളുന്നത് എന്തിനാണ്? .....(ബഹളം).....

മി. സ്പീക്കർ: ശ്രീ. രാജേഷും ശ്രീ. അൻവർ സാദത്തും ഇടയ്ക്ക് കമന്റ് പറയാറുണ്ട്. അത് രണ്ടും നിയന്ത്രിക്കാറുണ്ട്.

10.00 A.M]

ശ്രീ. പിണറായി വിജയൻ: സർ, എന്തിനാണിവർ ബഹളമുണ്ടാക്കിയതെന്നോർത്ത് എനിക്കുതന്നെ അതിശയം തോന്നുകയാണ്. ജിഷ കൊലചെയ്യപ്പെട്ടത് അന്നത്തെ ഗവൺമെന്റ് കാരണമാണെന്നല്ല ഞങ്ങൾ പറഞ്ഞത്. ഗവൺമെന്റാണ് ഉത്തരവാദിയെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. കൊല ചെയ്യപ്പെട്ടതിനുശേഷമുള്ള സംഭവങ്ങളെയാണ് കുറ്റപ്പെടുത്തിയത്. രണ്ടാമത്തെ ഭാഗം പറഞ്ഞതിനാണ് അവർ പ്രകോപിതരായതെങ്കിൽ നല്ലതാണ്. പക്ഷേ രണ്ടാമത്തെ ഭാഗം ഞാൻ പറഞ്ഞില്ല. അതിനുമുമ്പുതന്നെ അവർ എന്തിനാണ് പ്രകോപിതരായതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. സ്ഥാനത്തുനിന്ന് മാറ്റിയത് ജിഷ കൊല ചെയ്യപ്പെട്ടതുകൊണ്ടല്ല. അദ്ദേഹം ഡി.ജി.പി. സ്ഥാനത്തിരിക്കാൻ പറ്റാത്ത ഒരാളായിരുന്നു.

അദ്ദേഹത്തിന്റെ ഇപ്പോഴുള്ള എല്ലാ ചെയ്തികളും സമൂഹത്തിനാകെ ബോദ്ധ്യമാകുന്ന രീതിയിൽ തെളിയിക്കപ്പെട്ട് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ വക്കാലത്ത് ബഹുമാന്യനായ അംഗം (ശ്രീ. പി. ടി. തോമസ്) എടുക്കേണ്ടതില്ലായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്.

കൽപ്പറ്റയിലുണ്ടായ സംഭവം അങ്ങേയറ്റം പ്രതിഷേധാർഹവും നിർഭാഗ്യകരവുമാണ്. ഏഴ് പെൺകുട്ടികൾ പീഡനത്തിനിരയായെന്ന് അദ്ദേഹം പറഞ്ഞു. 24 മണിക്കൂറും വാഹനം ഓടുന്ന തിരക്കുള്ള റോഡിന്റെ സൈഡിലുള്ള കടയിൽ എങ്ങനെയാണ് ഇതൊക്കെ സംഭവിച്ചതെന്നാണ് അദ്ദേഹം ചോദിച്ചത്. അത് നമുക്കെല്ലാവർക്കും ചോദിക്കാൻ കഴിയുന്ന ചോദ്യമാണ്. ഏതായാലും സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. സംഭവത്തിൽപ്പെട്ട എല്ലാവരേയും പോലീസ് അറസ്റ്റുചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഒരു കാരണവശാലും ഇതിനുത്തരവാദികളായവരെ രക്ഷപ്പെടാൻ അനുവദിക്കില്ല. എല്ലാ കാര്യത്തിലും ഇതേ നിലപാടാണ് ഇവിടത്തെ പോലീസ് സംവിധാനം സ്വീകരിക്കുന്നത്. ഒന്നിനേയും ലാഘവബുദ്ധിയോടെ കാണുന്നില്ല. ഒരു ചെറിയ സംഭവമായാൽപ്പോലും അത് ഗൗരവമായി കണ്ട് നടപടിയെടുക്കുന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്.

ഇവിടെ സിനിമാ നടിയുടെ കാര്യം പറഞ്ഞു. രാഷ്ട്രീയമായി പ്രത്യേക ലക്ഷ്യത്തോടെ അതിനെ വിമർശിക്കാൻ പുറപ്പെടുന്നവരല്ലാത്ത എല്ലാവരും സർക്കാർ നടപടി അംഗീകരിക്കാൻ തയ്യാറായിട്ടുണ്ട്.

വടക്കാഞ്ചേരി കേസിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഐ.ജി.-യുടെ നിരീക്ഷണത്തിലാണ് അവിടെ എ.എസ്.പി. അന്വേഷിക്കുന്നത്. ഫലപ്രദമായി അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

കൊട്ടിയൂർ കേസ് - ദൈവത്തിന്റെ പ്രതിനിധിയായി കാണുന്ന ഒരാളാണ് ഇത്തരത്തിൽ മഹാ അപരാധിയായി മാറിയത്. ആർക്കും പ്രതീക്ഷിക്കാൻ കഴിയാത്ത അധഃപതനമാണ് ആ മനുഷ്യനിൽനിന്നുമുണ്ടായത്. എത്രമാത്രം ക്രിമിനൽ മനസ്സാണ് ആ മനുഷ്യനുള്ളതെന്നാണ് ഇപ്പോൾ പുറത്തുവന്ന കാര്യങ്ങൾ വ്യക്തമാക്കുന്നത്. നിയമത്തിന്റെ കരങ്ങളിൽനിന്നും രക്ഷപ്പെടാനുള്ള അവസാനത്തെ ശ്രമം അദ്ദേഹം നടത്തിവരികയായിരുന്നു. ആ ഘട്ടത്തിൽ പോലീസ് കാണിച്ച ജാഗ്രത തന്നെയാണ് അദ്ദേഹത്തെ രക്ഷപ്പെടാൻ അനുവദിക്കാതിരുന്നത്. അല്ലെങ്കിൽ നെടുമ്പാശ്ശേരി വഴി അദ്ദേഹം കാനഡയിലോ മറ്റോ എത്തുമായിരുന്നു. ഫലപ്രദമായി ആ കേസിൽ ഇടപെടുകയും അതുമായി ബന്ധപ്പെട്ട എല്ലാവരേയും പോലീസ് കണ്ടെത്തുകയും ശക്തമായ നടപടികളിലേയ്ക്ക് നീങ്ങുകയും ചെയ്തിട്ടുണ്ട്. ആരെയും രക്ഷപ്പെടാൻ അനുവദിക്കില്ലെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. പ്രതി എത്ര ഉന്നതനായാലും ഏതുതരത്തിലുള്ള പരിവേഷമുണ്ടായാലും അവരെ കുറ്റവാളിയെന്ന നിലയിൽ കാണുകയെന്നല്ലാതെ ഒരു തരത്തിലും സംരക്ഷിക്കുന്ന നിലപാട് പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ലെന്ന് ഇതിനകം വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്.

വിഴിഞ്ഞം സംഭവത്തെക്കുറിച്ച് പറയുകയുണ്ടായി. അത്തരം കാര്യങ്ങൾ ഗൗരവമായിത്തന്നെ പോലീസ് പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഇത്തരം കാര്യങ്ങളിൽ കാഴ്ചക്കാരായി നിൽക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കില്ലെന്നാണ് വ്യക്തമാക്കാനുള്ളത്. സമൂഹത്തിൽ ഉയർന്നുവരുന്ന ചില വൈകല്യങ്ങളുണ്ട്. അക്കാര്യത്തിൽ നാം യോജിച്ച് ഒരു നിലപാട് എടുക്കേണ്ടതാണ്. സർക്കാർ നിലപാടായി മാത്രം അതിനെ കാണേണ്ടതില്ല. വീട്ടിനകത്തും യാത്രാ ഘട്ടങ്ങളിലും സംഭവിക്കുന്ന വൈകല്യങ്ങൾ, ഇത്തരത്തിൽ സ്ത്രീകൾക്ക് രക്ഷയില്ലെന്ന അവസ്ഥ ഉണ്ടാകുന്നതിനെതിരെ പൊതുജാഗ്രത വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. കുറ്റവാളികൾക്ക് സഹായകരമാകുന്ന ഒരു നിലപാടും ആരിൽനിന്നും ഉയർന്നുവരാൻ പാടില്ല. അത്തരം കുറ്റവാളികളെ സമൂഹത്തിൽ നിന്നും പൂർണ്ണമായും ഒറ്റപ്പെടുത്തുന്ന രീതിയാണ് ഉണ്ടാകേണ്ടത്. ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ പൊതുവായ നിലപാട് സ്വീകരിക്കണം. സംസ്ഥാന സർക്കാർ ഇത്തരം കാര്യങ്ങളിൽ നല്ല ഇടപെടലുകൾ നടത്താനാണുദ്ദേശിക്കുന്നത്. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച കാര്യങ്ങളെക്കുറിച്ചും ബജറ്റിന്റെ ഭാഗമായി ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളെക്കുറിച്ചും ആവർത്തിക്കാനുദ്ദേശിക്കുന്നില്ല.

സ്ത്രീ സുരക്ഷയ്ക്ക് വളരെ പ്രധാന്യം നൽകിയിട്ടുണ്ട്. സ്ത്രീകൾക്കുനേരെ ഏതെങ്കിലും തരത്തിൽ അപകടംവരുന്ന സ്ഥിതിയുണ്ടായാൽ അതിനെതിരെ അതിശക്തമായ നടപടിയുമായി സർക്കാർ മുന്നോട്ടുപോകുകതന്നെ ചെയ്യും. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമായി ഇതിനെ കാണേണ്ടതില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ശ്രീ. കെ. മുരളീധരൻ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട ചെയർ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. സംസ്ഥാനത്ത് പതിവില്ലാത്ത വിധത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനങ്ങളും അക്രമങ്ങളും വർദ്ധിച്ചുവരുന്നു. കേരളം സംസ്കാര സമ്പന്നമാണെന്നും നൂറ് ശതമാനം സാക്ഷരത കൈവരിച്ച സംസ്ഥാനമാണെന്നും നാം അഭിമാനം കൊള്ളാറുണ്ട്. പക്ഷേ നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനങ്ങളുടെ എണ്ണം പരിശോധിച്ചാൽ സാംസ്കാരികമായ ഉന്നതി അവകാശപ്പെടാനും അഭിമാനിക്കാനും നമുക്ക് കഴിയുമോ എന്നുള്ള ചോദ്യമാണ് ഉയർന്നുവരുന്നത്. ഞങ്ങൾ ഈ സർക്കാരിനെയല്ല കുറ്റപ്പെടുത്തുന്നത്. സർക്കാരിന്റെ നടപടിമൂലം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു എന്ന് പറയാതിരിക്കുന്നത് ഒരിക്കലും ഭൂഷണമല്ല.

ഈ ഗവൺമെന്റ് വന്നതിനുശേഷം സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്നു എന്ന യാഥാർത്ഥ്യവും എന്തുകൊണ്ടാണിത് സംഭവിക്കുന്നതെന്നും ഗവൺമെന്റും മുഖ്യമന്ത്രിയും മനസ്സിലാക്കണം. അങ്ങയുടെ മന്ത്രിസഭയിലെ രണ്ട് മന്ത്രിമാരുടെ പ്രസ്താവനകൾ ഞാൻ ആദ്യം വായിക്കാം. 'വീടിനകത്തുപോലും സ്ത്രീകൾ സുരക്ഷിതരല്ല ' - മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, 'പോലീസ് കുറ്റകരമായ അനാസ്ഥയാണ് വാളയാർ കേസിൽ സ്വീകരിച്ചിട്ടുള്ളത് ' - ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, 'കേരളം സ്ത്രീകൾക്ക് സുരക്ഷിതമല്ല' - പി. സതീദേവി. സ്ത്രീ പീഡനങ്ങൾ വർദ്ധിക്കുന്നുവെന്നുള്ളതിൽ ഇവർ മൂന്നുപേരും പ്രകടിപ്പിച്ച ആശങ്ക അസ്ഥാനത്തല്ല. നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്ക് മാന്യമായി ജോലി ചെയ്യാനും മാന്യമായി ജീവിക്കാനും സ്വതന്ത്രമായി രാത്രിയും പകലും സഞ്ചരിക്കാനുമുള്ള സാഹചര്യമുണ്ടാകണം. ഇത് നിഷേധിക്കപ്പെടുന്ന ഒരു സമൂഹം പരിഷ്കൃത സമൂഹമല്ല. അർദ്ധരാത്രിയിൽപ്പോലും തലയിൽ പൊൻകുടം വച്ചുകൊണ്ട് സ്ത്രീക്ക് തെരുവിലൂടെ നടന്നുപോകാനുള്ള അവസരം ഒരു പരിഷ്കൃത സമൂഹത്തിന്റെ ആവശ്യമാണ്. പക്ഷേ ബഹുമാന്യനായ മുഖ്യമന്ത്രിയും ഗവൺമെന്റും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നത് കണ്ടില്ലെന്ന് നടിക്കുകയാണ്. അത് വളരെ ഖേദകരമായ കാര്യമാണ്. ഈ വനിതാ ദിനത്തിൽ, വാളയാറിലെ 14-കാരിയുടെ കുഴിമാടത്തിലെ മണ്ണ് ഉണങ്ങുന്നതിനുമുമ്പ് 9 വയസ്സുകാരിയായ അനുജത്തിക്ക് ദുരൂഹത നിറഞ്ഞ മരണത്തെയാണ് നേരിടേണ്ടിവന്നത്. പോലീസിന്റെ ഭാഗത്ത് തെറ്റില്ലേ? പോലീസിന്റെ ഭാഗത്ത് തെറ്റില്ലെന്നാണ് മുഖ്യമന്ത്രി വിശദീകരിച്ചത്. ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ അങ്ങേയ്ക്ക് ഒരു കത്ത് തന്നല്ലോ? വാളയാറിലെ ആദ്യത്തെ പെൺകുട്ടിയുടെ മരണം ഫലപ്രദമായി അന്വേഷിച്ചിരുന്നെങ്കിൽ രണ്ടാമത്തെ കുട്ടി മരിക്കില്ലായിരുന്നുവെന്നുള്ളത് ആ പ്രദേശത്തുള്ള മുഴുവൻ ആളുകളും പറയുന്ന കാര്യമാണ്. ഇതിനകത്ത് രാഷ്ട്രീയ ഇടപെടൽ ഉണ്ടായതുകൊണ്ടാണ് പ്രതികൾ സംരക്ഷിക്കപ്പെട്ടത് എന്നുള്ള ഗുരുതരമായ ആരോപണം ഉയർന്നുവന്നത് ബഹുമാന്യനായ മുഖ്യമന്ത്രി പരിശോധിക്കണം. രണ്ടാമത്തെ കേസുണ്ടാകുന്നതിനുമുൻപ് പ്രതിക്ക് രാഷ്ട്രീയ സംരക്ഷണം ലഭിച്ചിരുന്നുവെന്നുള്ള പരാതി വ്യാപകമാകുന്നു.

'സുരക്ഷിത കേരളം നിർഭയ കേരളം' എന്നുള്ളത് ഇന്ന് 'ഭയചകിത കേരളം അരക്ഷിത കേരള'മായി മാറുന്നു. ഇവിടെ നമുക്ക് കാണാൻ കഴിയുന്ന ഒരു കാര്യം 'trust deficit' ആണ്. സമൂഹത്തിൽ വനിതകൾക്കുണ്ടാകേണ്ട വിശ്വാസം നഷ്ടപ്പെടുന്നു. അതാണ് ഈ വനിതാ ദിനത്തിലെ ഏറ്റവും ദുരൂഹമായ അവസ്ഥ. പോലീസിലും നീതിന്യായ വ്യവസ്ഥയിലും ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെടുന്ന തരത്തിലാണ് കാര്യങ്ങൾ പോകുന്നത്. ആദ്യത്തെ കുട്ടിയുടെ മരണമുണ്ടായപ്പോൾ പോലീസ് ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല. ശ്രീമതി ശൈലജ ടീച്ചർ, സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മറ്റി എവിടെപ്പോയി?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി വിവരം അറിഞ്ഞ് എല്ലാ സ്ഥലങ്ങളിലും ഇടപെട്ടിട്ടുണ്ട്. വയനാട് സംഭവത്തിലും കൊട്ടിയൂർ സംഭവത്തിലും കമ്മിറ്റി ഇടപെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ആദ്യത്തെ കുട്ടി പീഡിപ്പിക്കപ്പെട്ടിരുന്നുവെന്നുള്ള കാര്യം പൊതുസമൂഹം അറിഞ്ഞിരുന്നെങ്കിൽ തീർച്ചയായും ആ സമയത്തുതന്നെ ഇടപെടാൻ സാധിക്കുമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായി എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ ആദ്യത്തെ കുട്ടിയുടെ സംഭവത്തിലുണ്ടായത് എന്താണെന്ന് പറഞ്ഞിട്ടുണ്ട്. നമ്മുടെയെല്ലാം ദൗർഭാഗ്യത്തിന് ആ സമയത്ത് അത് മനസ്സിലാക്കാൻ സാധിച്ചില്ലെന്നുള്ളതാണ് വസ്തുത. രണ്ടാമത്തെ കുട്ടി മരണപ്പെട്ട സമയത്തുതന്നെ ചൈൽഡ് വെൽഫെയർ കമ്മറ്റി ഡി.സി.പി.ഒ. അവിടെ പോയിട്ടുണ്ട്. അതിനുതാഴെ ഒരു കുട്ടി കൂടിയുണ്ട്. മാതാപിതാക്കൾ ഉള്ളതുകൊണ്ട് ആ കുട്ടിയുടെ പ്രൊട്ടക്ഷൻ പെട്ടെന്ന് നമുക്ക് ഏറ്റെടുക്കാൻ സാധിക്കില്ല. അവിടെ ഡി.സി.പി.ഒ. എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്. ചൈൽഡ് വെൽഫെയർ കമ്മിറ്റി ഇപ്പോഴും ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് ശരിയല്ല. ഇന്നലെ ചൈൽഡ് വെൽഫെയർ കമ്മറ്റിയുടെ ചെയർമാൻ ടെലിവിഷനിൽ പറയുന്നത് 'ഞങ്ങൾക്ക് ഈ വിവരങ്ങളൊന്നും മനസ്സിലായില്ല' എന്നാണ്. പിന്നെ എന്തിനാണ് ടീച്ചർ ഈ ചൈൽഡ് വെൽഫെയർ കമ്മിറ്റി? പാലക്കാട് ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ചെയർമാൻ പറയുന്നു, 'ഈ സംഭവം ഞാൻ അറിഞ്ഞിട്ടില്ലെ'ന്ന്. വാളയാറും പാലക്കാടും തമ്മിൽ എത്ര ദൂരമുണ്ട് ടീച്ചർ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മനസ്സിലാക്കണം, ഞാൻ ആദ്യം പറഞ്ഞത് താങ്കൾ പറഞ്ഞത് തന്നെയാണ്. ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് ആ സമയത്ത് മനസ്സിലായിരുന്നെങ്കിൽ ഇതിൽ ഇടപെടാൻ സാധിക്കുമായിരുന്നു. അതുതന്നെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രണ്ടാമത് പറഞ്ഞതും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് വളരെ ഗൗരവമുള്ള കാര്യമല്ലേ; ഞാൻ ഇവിടെ ആരെയും കുറ്റപ്പെടുത്തുകയല്ല. ആദ്യത്തെ കുട്ടി മരിക്കുന്നു. അത് കവർ അപ്പ് ചെയ്യാനുള്ള ബോധപൂർവ്വമായ രാഷ്ട്രീയ നീക്കങ്ങൾ നടക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് ആക്ട് ചെയ്യുന്നില്ല. ചൈൽഡ് വെൽഫെയർ കമ്മിറ്റി അറിയുന്നില്ല. മാത്രവുമല്ല, ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരുന്നത് കൊണ്ടാണ് രണ്ടാമത്തെ കുട്ടിക്കും മരിക്കേണ്ടിവന്നത്. 9 വയസ്സുള്ള കുട്ടി 8 അടി ഉയരത്തിൽ എങ്ങനെയാണ് തൂങ്ങി മരിക്കുന്നത്? സാമാന്യബോധമുള്ള ഏതൊരാൾക്കും മനസ്സിലാകുന്ന കാര്യമല്ലേ? മൂന്നരയടി ഉയരമുള്ള കുട്ടി 8 അടി ഉയരത്തിൽ തൂങ്ങിമരിച്ചുവെന്നു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കാൻ കഴിയും? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. പോലീസിന്റെ ഭാഗത്തുനിന്ന്

കുറ്റകരമായ അനാസ്ഥയുണ്ടായിട്ടുണ്ട്. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ പറഞ്ഞത് 100 ശതമാനം ശരിയാണ്. രാവിലെ ഏഷ്യാനെറ്റിൽ നിങ്ങൾ രണ്ടുപേരും ചർച്ചയിൽ പങ്കെടുക്കുന്നത് ഞാൻ കണ്ടതാണ്. പോലീസിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്. ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ അങ്ങേയ്ക്ക് കത്ത് നൽകിയത് മാത്രമല്ല, രാഷ്ട്രീയത്തിനതീതമായി പാലക്കാട്ടുള്ള മുഴുവൻ ആളുകളും പറയുന്നത് പോലീസ് ഈ കാര്യത്തിൽ ആദ്യം മുതൽതന്നെ കുറ്റകരമായ അനാസ്ഥ കാണിച്ചുവെന്നാണ്.

ഒന്നരമാസം മുമ്പ് ചേച്ചി ഉത്തരത്തിൽ തൂങ്ങിയാടിയപ്പോൾ അത് മനസ്സിലാകാതെ ഇളയകുട്ടി ആ കുട്ടിയുടെ കാലിൽപിടിക്കുകയും നിലവിളിക്കുകയും ചെയ്തുവെന്ന് ആ അമ്മ പോലീസിൽ മൊഴി കൊടുത്തു. അസ്വാഭാവികമായ മരണമായിട്ടും ഒരു ദളിത് പെൺകുട്ടിയായിട്ടും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ തെറ്റായ നടപടി എങ്ങനെ ന്യായീകരിക്കാൻ കഴിയും? ബഹുമാന്യനായ മുഖ്യമന്ത്രി പോലീസ് എഴുതി കൊടുത്ത വിവരമാണ് ഇവിടെ പറഞ്ഞത്; അത് ശരിയല്ല. പോലീസിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ടായിരിക്കുന്നു. അതുകൊണ്ടാണ് രണ്ടാമത്തെ മരണമുണ്ടായത് എന്നത് വളരെ വ്യക്തമാണ്.

ബഹുമാന്യനായ മുഖ്യമന്ത്രി ജിഷയുടെ കാര്യം പറഞ്ഞു. ഓരോ ഗവൺമെന്റുകൾ ഭരിക്കുമ്പോഴും ഇത്തരം സംഭവങ്ങളുണ്ടാകും. ആ സംഭവത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് മുഴുവൻ ചെയ്യുകയും ചെയ്തു. പക്ഷേ ഈ വിഷയം തെരഞ്ഞെടുപ്പിൽ ആയുധമാക്കിയില്ലെന്ന് അങ്ങ് പറയരുത്. കേരളത്തിലെ 140 മണ്ഡലങ്ങളിലും ജിഷയുടെ വധവുമായി ബന്ധപ്പെട്ട പ്രതിഫലനം കാണാൻ കഴിയുമായിരുന്നു. ഞങ്ങൾക്ക് അതിൽ പരാതിയില്ല; തെരഞ്ഞെടുപ്പ് സമയത്ത് അതൊക്കെ ഉണ്ടാകും. ഈ ഗവൺമെന്റ് ഇരകളുടെ ഭാഗത്താണോ വേട്ടക്കാരുടെ ഭാഗത്താണോ എന്നതാണ് പ്രധാനപ്പെട്ട ചോദ്യം.?

ജിഷ്ണു പ്രണോയിയുടെ അമ്മയെ കാണാൻ മുഖ്യമന്ത്രിക്ക് സമയമില്ല. ജിഷ്ണു പ്രണോയിയുടെ അമ്മയും അച്ഛനും തിരുവനന്തപുരംവരെ യാത്ര ചെയ്ത് മുഖ്യമന്ത്രിയെ കാണാൻ വന്നിരിക്കുന്നു എന്നുള്ളത് ഗൗരവതരമായ ഒരു പ്രശ്നമല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലായിടത്തും പോകുന്ന ഒരാളാണ്. എന്തുകൊണ്ട് അവിടെ പോയില്ല? ഒരമ്മയുടെ കണ്ണുനീർ നമ്മളെല്ലാവരും മനസ്സിലാക്കണം.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്കൂളുകളിൽ പരാതിപ്പെട്ടി വച്ചിരുന്നു. ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ അതിൽ എഴുതി ഇടാം. അന്നത്തെ ആഭ്യന്തര വകുപ്പ് ആ കാര്യത്തിൽ കർശന നടപടി സ്വീകരിച്ചിരുന്നു. ഇന്ന് പരാതിപ്പെട്ടികൾ വയ്ക്കാനുള്ള നടപടികളില്ല. സംസ്ഥാനത്ത് പെരുകിവരുന്ന ഇത്തരം അക്രമങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾ ഇവയെ സംബന്ധിച്ച് ഫലപ്രദമായ നടപടികളുണ്ടാകുന്നില്ലെങ്കിൽ കേരളം വീണ്ടും സ്ത്രീപീഡനങ്ങളുടെ നാടായി മാറുമെന്നുള്ള ആശങ്ക ഞാൻ ഇവിടെ പ്രകടിപ്പിക്കട്ടെ.

ഇവിടെ വയനാട്ടിലെ സംഭവം പറഞ്ഞു. വയനാട്ടിലുണ്ടായ സംഭവം അതീവ ഗുരുതരമായ കാര്യംതന്നെയാണ്. വയനാട്ടിൽ പെൺകുട്ടികളെ പീഡിപ്പിച്ചവരെ അറസ്റ്റ് ചെയ്തു. അവിടത്തെ മുഴുവൻ കുട്ടികളെയും കൗൺസിലിംഗിന് വിധേയമാക്കണമെന്നാണ് എന്റെ അഭിപ്രായം. അതിനുള്ള നടപടി സ്വീകരിക്കണം.

അതുപോലെ ഇവിടെ ഒരു പുരോഹിതൻ പീഡിപ്പിച്ച കാര്യം പറഞ്ഞു. ഇതെല്ലാം നമ്മുടെ സമൂഹത്തിൽ ഒരിക്കലും വച്ചുപൊറുപ്പിക്കാൻ കഴിയുന്ന കാര്യങ്ങളല്ല. ഉത്തരവാദപ്പെട്ട ആളുകൾ പോലും ലക്ഷ്മണരേഖ കടന്ന് നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ സർക്കാർ കണ്ടില്ലെന്ന് നടിക്കുന്നതാണ് കുറ്റങ്ങൾ പെരുകാനുള്ള പ്രധാനപ്പെട്ട കാരണം.

ഇവിടെ ബഹുമാന്യനായ മെമ്പർ ശ്രീ. കെ മുരളീധരൻ കോവളത്തുണ്ടായ സംഭവത്തെക്കുറിച്ച് പറഞ്ഞു. കോവളത്ത് ഭിന്നശേഷിയുള്ള കുട്ടിയെയാണ് പീഡിപ്പിച്ചത്. പോലീസ് ഇതുവരെ കേസെടുത്തിട്ടില്ല. സംസ്ഥാനത്ത് സ്ത്രീപീഡനങ്ങളും അക്രമങ്ങളും വർദ്ധിച്ചുവരുന്നു. മഹാഭാരത യുദ്ധം കഴിഞ്ഞപ്പോൾ ശ്രീകൃഷ്ണന്റെ കൈപിടിച്ചുകൊണ്ട് ഗാന്ധാരി കുരുക്ഷേത്ര ഭൂമിയിലെത്തി. യുദ്ധത്തിന്റെ ഭീകരത കണ്ട് ഇതിനൊക്കെ കാരണക്കാരനെന്ന് പറഞ്ഞ് കൃഷ്ണനെ ഗാന്ധാരി, 'നീയും നിന്റെ കുലവും 36 വർഷങ്ങൾക്കുള്ളിൽ നശിച്ചുപോകു'മെന്ന് ശപിക്കുകയുണ്ടായി. കൃഷ്ണൻ ആ ശാപം പെരുവിരലിലേയ്ക്ക് ഏറ്റുവാങ്ങി. അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. സ്ത്രീയുടെ കണ്ണുനീർ വീണ ശാപത്തിൽനിന്ന് ഈശ്വരനുപോലും രക്ഷയുണ്ടായിട്ടില്ല; പിന്നെയാണോ ഈ ഗവൺമെന്റിന് രക്ഷയുണ്ടാകാൻ പോകുന്നത്? വാളയാറിൽ രണ്ട് പെൺകുട്ടികൾ നഷ്ടമായ അമ്മയുടെ കരച്ചിൽ നമ്മൾ കണ്ടതല്ലേ? സ്ത്രീയുടെ കണ്ണുനീർ വീണ സർക്കാരാണിത്. സ്ത്രീയ്ക്ക് സുരക്ഷിതത്വം വാഗ്ദാനം ചെയ്ത് അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് അവരെ അരക്ഷിതത്വത്തിലേയ്ക്ക് തള്ളിവിടുകയാണ്. സംസ്ഥാന ഗവൺമെന്റ് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നില്ല. ഇന്ന് രാവിലെ അങ്ങേയ്ക്ക് നൽകിയ ചോദ്യത്തിന് മുഴുവൻ ഉത്തരം നൽകാത്തത് ബോധപൂർവ്വമാണ്. കാരണം അത് മുഴുവനും സ്ത്രീ പീഡനവുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ്. അതിൽനിന്നും സർക്കാരിന്റെ മനോഭാവം വെളിച്ചത്തു വരുന്നു. ഇതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുന്നു. ഗവൺമെന്റ് ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട ചെയറിന്റെ വികാരത്തോടൊപ്പമാണ് ഞാനും ഇവിടെ നിൽക്കുന്നത്. ഈ മന്ത്രിസഭയിലെ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും

വകുപ്പുമന്ത്രിയായ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയുടെയും ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെയും ജനാധിപത്യ മഹിളാ അസോസിയേഷൻ സെക്രട്ടറിയായ ശ്രീമതി സതീദേവിയുടെയുമൊക്കെ വികാരത്തെയാണ് ഞാൻ ഇവിടെ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, പോലീസ് പറയുന്നത് അതുപോലെ വിശ്വസിച്ച് ഇവിടെ വന്ന് പറഞ്ഞാൽ, അത് പല അപകടത്തിലും ചെന്ന് പെടാനുള്ള സാധ്യതയുണ്ടെന്ന് സൂചിപ്പിക്കുകയാണ്. കാരണം അങ്ങ് തന്നെ ഇവിടെ വായിച്ച 13 വയസുള്ള മൂത്ത കുട്ടിയുടെ മരണ സമയത്ത് ഡോക്ടർ കൊടുത്തിട്ടുള്ള റിപ്പോർട്ടിൽ പറയുന്നത് it can be hemorrhoid or penetration എന്നാണ്. Penetration ആകാൻ സാധ്യതയുണ്ടെന്ന് പറയുന്ന ഒരു റിപ്പോർട്ട് കയ്യിൽ കിട്ടിയിട്ട് പോലീസ് കെമിക്കൽ റിപ്പോർട്ടിന് കാത്തുനിന്നുവെന്ന് പറഞ്ഞാൽ അത് വിശ്വസിക്കാൻ പോസ്റ്റുമോർട്ടത്തെക്കുറിച്ചും ബോഡി റിപ്പോർട്ടിനെക്കുറിച്ചും അറിയുന്ന ആർക്കും സാധിക്കുകയില്ല. അതുകൊണ്ട് penetration എന്നുപറയുന്ന പദം തന്നെ ലൈംഗിക പീഡനത്തിന് വിധേയമായി എന്നുള്ളതാണ്. അതുകഴിഞ്ഞ് കെമിക്കൽ റിപ്പോർട്ട് വരുന്നു. ഇതിൽ ഏറ്റവും വിഷമകരമായി തോന്നിയത് ഈ സംഭവം കഴിഞ്ഞ് 52 ദിവസം കഴിഞ്ഞാണ് രണ്ടാമത്തെ കുട്ടി മരിക്കുന്നത് എന്നതാണ്. 52 ദിവസം കഴിഞ്ഞ് മരിക്കുന്ന രണ്ടാമത്തെ കുട്ടിയുടെ റിപ്പോർട്ടിലും ലൈംഗികപീഡനം നടന്നതായി തെളിയുന്നു. അപ്പോൾ ഒരു wound 52 ദിവസം കൊണ്ട് ഹീൽ ചെയ്യുന്നില്ലെങ്കിൽ അതിന്റെ അർത്ഥം ഈ പീഡനം നടത്തിയ ആൾ ഒന്നാമത്തെ മരണത്തിനുശേഷവും യാതൊരു ദയാദാക്ഷിണ്യവും കൂടാതെ ആ മരിച്ച കുട്ടിയുടെ സഹോദരിയെ വീണ്ടും പീഡിപ്പിച്ചുകൊണ്ടേയിരുന്നു എന്നാണ്. അങ്ങേയറ്റം മനുഷ്യത്വരഹിതമായ പ്രവർത്തനമാണ് നടന്നിട്ടുള്ളത്. 52 ദിവസത്തിനുശേഷം രണ്ടാമത്തെ കുട്ടി മരിക്കുന്നു. മരിച്ച കുട്ടിയിലും ലൈംഗിക അതിക്രമം നടന്നുവെന്ന് മെഡിക്കൽ റിപ്പോർട്ട് വന്നുവെങ്കിൽ ആദ്യത്തെ മരണം എനിക്കൊരു പ്രശ്നമല്ലെന്ന് പ്രതി തീരുമാനിക്കുകയും രണ്ടാമത്തെ കുട്ടിയെ പീഡിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയായിരുന്നു എന്നതാണ് വസ്തുത. പോലീസ് ഒരു ബന്ധുവിനെ ചോദ്യം ചെയ്ത് വിട്ടയച്ചുവെന്ന് പത്രത്തിൽ കാണുകയുണ്ടായി. പോലീസ് പല കാര്യങ്ങളും പറയും. പക്ഷേ ഒരു മുഖ്യമന്ത്രിയെന്ന നിലയിൽ പോലീസിനെ നിർത്തേണ്ടിടത്ത് നിർത്തിയില്ലെങ്കിൽ അവർ നമ്മുടെ തലയിൽ കയറി നിരങ്ങും എന്നതിന്റെ ഏറ്റവും വലിയ സൂചനയാണ് ഇപ്പോൾ കണ്ടത്. രണ്ടാമത്തെ മരണം എല്ലാ അർത്ഥത്തിലും നമുക്ക് ഒഴിവാക്കാൻ സാധിക്കുമായിരുന്നു. പീഡനങ്ങൾ വീണ്ടും വീണ്ടും നടക്കാനുള്ള കാരണം, കുറ്റം ചെയ്താലും എളുപ്പത്തിൽ ഊരിപ്പോകാൻ പറ്റുന്ന കാര്യമാണ് ഇതെന്ന് അവർക്ക് ബോധ്യമാകുമ്പോൾ ഇത് സർവ്വ വ്യാപകമാകും. മൂന്ന് കേസുകളെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. ഈ മൂന്ന് കേസ്സുകളും പോക്സോ അനുസരിച്ചുള്ള കേസ്സായി മാറിയിരിക്കുന്നുവെന്ന് പറഞ്ഞാൽ അതിനർത്ഥം എല്ലാ കേസുകളിലും കൊച്ചുകുട്ടികൾ പീഡിപ്പിക്കപ്പെടുന്നു എന്നാണ്.

വയനാട്ടിൽ നടന്നുപോകുന്ന കുട്ടിയെ ചോക്ലേറ്റ് കാണിച്ച് വിളിച്ചുവരുത്തി പീഡിപ്പിക്കുന്നു. ഇതിനെ ചോദ്യം ചെയ്യാൻ ചെല്ലുന്ന ബാക്കി കുട്ടികളെയും സംഘടിതമായി ആക്രമിക്കുന്നു. എല്ലാ കുട്ടികളെയും ബലാൽസംഗത്തിന് വിധേയമാക്കുന്നുവെന്നുമാത്രമല്ല അവരുടെ ചിത്രങ്ങളെടുത്ത് ആ ചിത്രങ്ങൾ കാണിച്ച് ബ്ലാക് മെയിൽ ചെയ്ത് പീഡനം തുടർന്നുകൊണ്ടേയിരിക്കുന്നുവെന്നത് അങ്ങേയറ്റം അപകടകരമായി കാണേണ്ട കാര്യമാണ്.

നടിയുടെ കാര്യം പറഞ്ഞു. ഈ കേസ്സിൽ പൾസർ സുനിയെ പിടിച്ചുവെന്ന് പറഞ്ഞു. പൾസർ സുനി പോലീസിനെയിട്ട് വട്ടം കറക്കുകയാണ്. പൾസർ സുനി പറയുന്ന കായലിലേയ്ക്ക് ചാടാൻ. അപ്പോൾ അവർ കായലിലേയ്ക്ക് ചാടുന്നു, ഓടയിലേയ്ക്ക് ചാടാൻ പറഞ്ഞാൽ ഓടയിലേയ്ക്കും സെപ്റ്റിക് ടാങ്കിലേയ്ക്ക് ചാടാൻ പറഞ്ഞാൽ സെപ്റ്റിക് ടാങ്കിലേയ്ക്കും ചാടുന്നു. പ്രതികൾ ചാടാൻ പറയുന്നിടത്തൊക്കെ ചാടാനുള്ളവരാണോ പോലീസുകാർ? ഇത്രയൊക്കെയായിട്ടും നമുക്ക് ആ മൊബൈൽ ഫോൺ കണ്ടുപിടിക്കാൻ സാധിച്ചോ?

<u>മി. സ്പീക്കർ</u>: ഡോ. എം. കെ. മുനീർ, വാക്കൗട്ട് പ്രസംഗം അവതാരക പ്രസംഗത്തേക്കാൾ നീളുന്നു.

<u>ഡോ. എം. കെ. മുനീർ</u>: വേദനകൊണ്ട് പറയുകയാണ്. ഞാൻ ഇവിടെ വയസ്സായ സ്ത്രീകളെ പീഡിപ്പിക്കുന്ന കാര്യം പറഞ്ഞിരുന്നു. ആ വാർത്ത ഇപ്പോൾ മീഡിയാ വൺ-ഉം മനോരമയുമൊക്കെ ഏറ്റെടുത്ത് വീണ്ടും പുതിയ കഥകൾ മെനഞ്ഞുകൊണ്ടിരിക്കുകയാണ്. ആ പ്രശ്നത്തിനൊരു പരിഹാരം ഇതുവരെ ആയിട്ടില്ല. നമ്മൾ ഇവിടെ കുട്ടികളുടെ കാര്യം പറയുന്നു. 60 വയസ് കഴിഞ്ഞവരുടെ കാര്യം വേറൊരു ഭാഗത്തുനടക്കുന്നു. ജാഗ്രതാ സമിതികൾ രൂപീകരിക്കുന്ന കാര്യം ഗവർണർ അംഗീകരിച്ചതാണ്. തെരഞ്ഞെടുപ്പായതുകൊണ്ട് അത് റീ ഇഷ്യൂ ചെയ്യേണ്ടതാണ്. അത് റീ ഇഷ്യൂ ചെയ്യണം. അങ്ങനെയെങ്കിലും ഒരു ജാഗ്രത ഉണ്ടാകട്ടെ. ജാഗ്രതാ സമിതി രൂപീകരിച്ച് അതത് പ്രദേശത്ത് ഇത്തരം സംഭവങ്ങൾ തടയുന്നതിനുള്ള ശ്രമം കൂടി ഉണ്ടാകണം. പോലീസിനെ വച്ച് അങ്ങ് മുന്നോട്ട് പോകുകയാണെങ്കിൽ കുഴപ്പത്തിലാകും. പോലീസ് ഉണ്ടാക്കുന്ന കുഴപ്പങ്ങൾ കാരണം ഇനി ആർക്കും ആരെയും ബലാൽസംഗം ചെയ്യാം. പോലീസിനെ എവിടെയൊക്കെ ചാടിക്കാൻ പറ്റുമോ അവിടെയൊക്കെ ചാടിക്കാം എന്ന് വിശ്വസിക്കുന്ന പ്രതികളാണ് നമുക്ക് ചുറ്റുമുള്ളത്. ഇക്കാര്യം ഗൗരവമായി എടുക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി )

<u>ശ്രീ. കെ. എം. മാണി</u>: സർ, കേരളത്തിലെ സ്ത്രീകൾക്കെതിരെ തുടരെത്തുടരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ലോക വനിതാ ദിനത്തിൽ

ഇപ്രകാരം ചർച്ച നടത്തേണ്ടിവന്നത് വളരെ ദുഃഖകരമായ പ്രതിഭാസമാണ്. സ്ത്രീകൾക്ക് ഏത് അർദ്ധരാത്രിയിലും നിർഭയമായി നടക്കാനുള്ള സ്വാതന്ത്ര്യമാണ് വേണ്ടത്. ഇന്ന് കേരളത്തിൽ അതില്ല. കേരളത്തിന്റെ സൽപ്പേര് തന്നെ കളങ്കപ്പെടുത്തുന്ന ഒരു സംഭവമാണ്. പോലീസിന്റെ ഭാഗത്ത് വളരെ അക്ഷന്തവ്യമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. വാളയാറിലെ ആദ്യത്തെ പെൺകുട്ടി മരിച്ചതിനുശേഷം 52-ാം ദിവസമാണ് രണ്ടാമത്തെ പെൺകുട്ടി മരിക്കുന്നത്. ആദ്യത്തെ പെൺകുട്ടിയുടെ മരണം സംബന്ധിച്ച് ശക്തവും നിഷ്പക്ഷവുമായ അന്വേഷണം പോലീസ് നടത്തിയിരുന്നുവെങ്കിൽ രണ്ടാമത്തെ മരണം ഉണ്ടാകുമായിരുന്നില്ലെന്ന് നമുക്ക് അനുമാനിക്കാമായിരുന്നു. ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. ഈ സംഭവത്തിൽ നടപടിയെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇന്ന് ഇവിടെ പ്രതിപക്ഷം ഉന്നയിച്ചിരിക്കുന്ന പ്രധാന വിഷയം സ്ത്രീപീഡനവുമായി ബന്ധപ്പെട്ടതാണ്. കുട്ടികൾക്കുനേരെയുള്ള ലൈംഗികാതിക്രമങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ഇക്കാര്യം ഗവൺമെന്റ് അതിന്റേതായ ഗൗരവത്തിൽ ഉൾക്കൊള്ളണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പാലക്കാട്, കൽപ്പറ്റ, കൊട്ടിയൂർ പീഡനങ്ങളടക്കം എല്ലാം കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളാണ്. ഇത് കേരള ജനതയുടെ മനഃസാക്ഷിയെത്തന്നെ ഞെട്ടിക്കുന്ന വസ്തുതകളാണ്.

പാലക്കാട് രണ്ടുകുട്ടികൾ മരണപ്പെട്ടു. ആദ്യത്തെ കുട്ടിയുടെ മരണം കഴിഞ്ഞ് രണ്ടുമാസം പിന്നിടുമ്പോഴാണ് ഇളയകുട്ടിയുടെ മരണമുണ്ടാകുന്നത്. സ്വാഭാവികമായും പോലീസിനുനേരെ ആക്ഷേപം ഉയരുന്നുണ്ടെങ്കിൽ അതിൽ വസ്തുതയുമുണ്ട്. ആദ്യത്തെ കുട്ടി മരിച്ചപ്പോൾ, അത് പീഡനംമൂലമാണെന്നുള്ള വ്യക്തമായ സൂചനകളുണ്ടായിട്ടും അതിനെതിരെ പോലീസ് ഇടപെടൽ നടത്തിയിരുന്നില്ല. അതുപോലെ ദുരൂഹമരണമെന്ന നിലയിൽ ഈ മരണവും എഴുതിച്ചേർക്കപ്പെട്ടു. പോലീസ് കൃത്യമായ അന്വേഷണം നടത്തിയിരുന്നുവെങ്കിൽ, ഫലപ്രദമായ ഇടപെടലുകൾ നടത്തിയിരുന്നുവെങ്കിൽ രണ്ടാമത്തെ കുട്ടിയുടെ മരണം ഒഴിവാക്കാമായിരുന്നുവെന്ന് കേരള ജനത വിശ്വസിക്കുന്നു. പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തരമായ ഇടപെടലുണ്ടാകണം.

എന്റെ നിയോജകമണ്ഡലത്തിൽ നടന്ന ഒരു സംഭവംകൂടി ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു സി.എ. വിദ്യാർത്ഥിനി കൊച്ചി കായലിൽ മരിച്ചുകിടക്കുന്ന വാർത്ത ഇന്നത്തെ മാതൃഭൂമി പത്രത്തിൽ വരികയുണ്ടായി. ആ കുട്ടിയുടെ മൃതദേഹം കിട്ടി, പോസ്റ്റ്മോർട്ടവും സംസ്കാരവും കഴിഞ്ഞു. ഇക്കാര്യം ഞാൻ പോലീസ് ഉദ്യോഗസ്ഥരുമായി സംസാരിച്ചു. ഇതിനുപിന്നിൽ ദുരൂഹതയുണ്ടെന്ന് ബന്ധുക്കളും സുഹൃത്തുക്കളുമടക്കം പറയുമ്പോഴും ഇത് clear case of drowning ആണെന്നാണ് പോലീസ് ഉദ്യോഗസ്ഥർ പറയുന്നത്. പോലീസ് ഉദ്യോഗസ്ഥരോട് സംസാരിച്ചപ്പോൾ അവരും drowning എന്ന നിഗമനത്തിൽ എത്തിയതായിട്ടാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ എഴുതിത്തരുന്നുണ്ട്. ഇത്തരം കേസുകളിൽ പോലീസ് പെട്ടെന്ന് അന്തിമ നിഗമനങ്ങളിലെത്തുന്നു. ഇത് ഭാവിയിൽ ഗുരുതരമായ ഭവിഷത്തുകൾക്ക് ഇടവരുത്തും. അതുകൊണ്ടുതന്നെ ഇത്തരം കേസുകൾ ആവർത്തിക്കപ്പെടുന്നു. ഇത്തരത്തിലുള്ള സന്ദർഭങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടിയുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: സർ, നമ്മുടെ പൂർവ്വികന്മാർ പറയാറുള്ളത്, എവിടെയാണോ സ്ത്രീകളെ ആദരിക്കപ്പെടുന്നത് അവിടെ ദേവതകൾ നൃത്തമാടുമെന്നും എവിടെയാണോ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നത് അവിടെ ആസുരികത നടമാടുമെന്നുമാണ്. ഇതുവരെ കേരളത്തിന് ഒരു സൽപ്പേരുണ്ടായിരുന്നു. ഇപ്പോഴത് കളഞ്ഞുകുളിച്ചു. രാവിലത്തെ റേഡിയോ വാർത്തയുടെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിന്റെ കാര്യത്തിൽ കേരളത്തിന് അഞ്ചാം സ്ഥാനമാണുള്ളത്. ഇത് വളരെ അപമാനകരമാണ്. ഇവിടെ പ്രതി ഏത് പാർട്ടിക്കാരനാണെന്നും പണം കിട്ടാൻ സാധ്യതയുണ്ടോ എന്നും നോക്കിയാണ് പോലീസ് പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് കേരളത്തിൽ ഇത്തരത്തിലുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നത്. ഇത് കേരളത്തിന് ഭൂഷണമല്ല. നാണക്കേടുണ്ടാക്കുന്ന വിഷയമാണ്. ഗവൺമെന്റ് ഉണർന്നുപ്രവർത്തിക്കണമെന്ന് ഈ വനിതാദിനത്തിൽ പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഈ വിഷയം സംബന്ധിച്ച് സമഗ്രമായ ചർച്ചയ്ക്ക് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിന് ശേഷം സഭയിൽ തിരിച്ചെത്തി.)

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) അങ്കണവാടി പ്രവർത്തകരുടെ പെൻഷൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സാധാരണക്കാരുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന ഒരു ഗവൺമെന്റാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. ഏതൊരു വികസിതരാജ്യവും പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ഉയർന്ന പ്രാധാന്യമാണ് കൽപ്പിച്ചിരിക്കുന്നത്. ഒരു വിദ്യാർത്ഥി നാളെ എങ്ങനെയായിരിക്കണമെന്ന് തീരുമാനിക്കപ്പെടുന്നത് ഇളംപ്രായത്തിലാണ്. ബുദ്ധിവികാസം ഏറ്റവും കൂടുതലുണ്ടാകുന്നത് ശൈശവകാലത്താണെന്ന് ആധുനികശാസ്ത്രം വിലയിരുത്തുന്നു. ആയതിനാൽ പ്രൈമറി വിദ്യാഭ്യാസത്തിന്റെ നീതിശാസ്ത്രം ഇനിയും നിർവ്വചിക്കപ്പെടേണ്ടതുണ്ട്. കുഞ്ഞുങ്ങളെ ചെറുപ്രായത്തിൽ പരിപാലിക്കുകയും പ്രാഥമിക കൃത്യങ്ങൾ ചെയ്യാൻ സഹായിക്കുകയും ചെയ്യുന്ന അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സ്ഥിതി സർക്കാർ വേണ്ടത്ര ഗൗരവത്തോടെയാണ് പരിഗണിക്കേണ്ടത്. അവരുടെ ജീവിതം കഷ്ടത്തിലാണ്. സാമൂഹികക്ഷേമ വകുപ്പ് സംയോജിത ശിശുസേവന പദ്ധതിപ്രകാരം അങ്കണവാടി ഹെൽപ്പേഴ്സ് ആന്റ് വർക്കേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി സർക്കാർ ഉത്തരവ് 31/2009 പ്രകാരം പെൻഷൻ പദ്ധതിയും മറ്റ് ആനുകല്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇത് വളരെ തുച്ഛമാണ്. മാരകരോഗങ്ങൾ പിടിപെട്ടാൽ മെഡിക്കൽ എയിഡ് പരമാവധി 2,000 രൂപയും കുട്ടികളുടെ വിദ്യാഭ്യാസ വായ്പ 1,000 രൂപയും പെൻഷൻ കൈപ്പറ്റുന്ന ആൾ മരണമടഞ്ഞാൽ അവരുടെ അവകാശികൾ വർക്കർമാരാണെങ്കിൽ 15,000 രൂപയും ഹെൽപ്പർമാരാണെങ്കിൽ 10,000 രൂപയും ഒറ്റത്തവണ എക്സ്ഗ്രേഷ്യയായി ലഭിക്കുന്നതാണ്. കുടുംബപെൻഷൻ അനുവദനീയമല്ല. ക്ഷേമപെൻഷനിൽ അംഗമായ വർക്കർ 200 രൂപയും ഹെൽപ്പർ 100 രൂപയും തുച്ഛമായ അവരുടെ ഓണറേറിയത്തിൽനിന്നും അടയ്ക്കേണ്ടതുണ്ട്. ഇവർ പെൻഷൻ പറ്റിയാൽ വർക്കർക്ക് 500 രൂപയും ഹെൽപ്പർക്ക് 300 രൂപയുമാണ് ലഭിക്കുന്നത്. തീരെ കുറഞ്ഞ, ഒന്നിനും തികയാത്ത സംഖ്യയാണിതെന്ന് നമുക്കെല്ലാവർക്കുമറിയാം. ബാലവാടിയിൽ എന്നെ പഠിപ്പിച്ച പ്രിയങ്കരിയായ സരോജിനി ടീച്ചർ കഴിഞ്ഞ നാലുവർഷമായി ഓരോ ബജറ്റ് വരുമ്പോഴും പെൻഷൻ തുക കൂട്ടിയോയെന്ന് അന്വേഷിക്കാറുണ്ട്. അത് ശരിയാകുമെന്ന് ഞാൻ പറയും. ഇപ്രാവശ്യമെങ്കിലും അത് കൂട്ടുമെന്ന പ്രതീക്ഷ എനിക്കുണ്ടായിരുന്നു. 75 വയസ്സുകഴിഞ്ഞ, രോഗിയായ, കുട്ടികളെ പരിചരിച്ച സരോജിനി ടീച്ചറെപ്പോലുള്ളവരെ സംരക്ഷിക്കേണ്ടത് ഇടതുപക്ഷ സർക്കാരിന്റെ കടമയല്ലേ?

അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷന്റെയും മറ്റാനുകൂല്യങ്ങളുടെയും തുക വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണമെന്ന് ലോകവനിതാ ദിനം കൂടിയായ ഇന്ന് ഞാൻ അങ്ങയോട് സവിനയം അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ലോക വനിതാ ദിനമായ ഇന്ന് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് നേരത്തെ തന്നെ ഗവൺമെന്റ് തീരുമാനമെടുത്തതാണ്. അത് നടപ്പിലാക്കുന്നതിന് റിപ്പോർട്ടുകൾ ശേഖരിക്കേണ്ട സമയം മാത്രമേ എടുത്തിട്ടുള്ളൂവെന്ന് ഞാൻ ആദ്യമേ സൂചിപ്പിക്കുകയാണ്. മുൻ എൽ.ഡി.എഫ്. ഗവൺമെന്റാണ് 21.8.2010-ലെ ഉത്തരവുപ്രകാരം അങ്കണവാടി വർക്കർക്കും പെൻഷൻ നൽകുക എന്ന സമീപനം സ്വീകരിച്ചതെന്ന് വളരെ സന്തോഷത്തോടുകൂടി പറയാൻ സാധിക്കും. ഈ ഉത്തരവുപ്രകാരം കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയിലേയ്ക്ക് അംഗങ്ങൾ നിക്ഷേപിക്കുന്ന വിഹിതവും അതിന് തത്തുല്യമായി സർക്കാർ നൽകുന്ന വിഹിതവും സ്ഥിരനിക്ഷേപമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലും ട്രഷറിയിലും നിക്ഷേപിച്ചതിന്റെ പലിശയിൽ നിന്നുമാണ് അങ്കണവാടി പ്രവർത്തകർക്ക് പെൻഷൻ നൽകുന്നത്. നിലവിൽ 3560 അങ്കണവാടി വർക്കർമാർക്കും 4610 അങ്കണവാടി ഹെൽപ്പർമാർക്കുമാണ് ക്ഷേമനിധിയിൽനിന്നും പെൻഷൻ അനുവദിച്ചുനൽകുന്നത്. 2016-17-ലെ ബജറ്റിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയും ആ പ്രൊപ്പോസൽ ഇപ്പോൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രൊപ്പോസൽ പരിശോധിച്ച് അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ യഥാക്രമം 1,000 രൂപയായും 600 രൂപയായും വർദ്ധിപ്പിക്കാൻ തീരുമാനിച്ചതായി അറിയിക്കുകയാണ്. അങ്കണവാടികളുടെ കാര്യത്തിൽ ഗവൺമെന്റ് വലിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രീസ്കൂൾ സംവിധാനമെന്ന നിലയിൽ അങ്കണവാടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഭൗതിക സാഹചര്യം അടക്കം വർദ്ധിപ്പിക്കുന്നതിനും മുഴുവൻ അങ്കണവാടികൾക്കും കെട്ടിടമുണ്ടാക്കുന്നതിനും കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും സാമൂഹിക ക്ഷേമവകുപ്പ് പദ്ധതികളുണ്ടാക്കണമെന്ന്

ആവശ്യപ്പെട്ടതനുസരിച്ച് അതുമായി ബന്ധപ്പെട്ട പദ്ധതി തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ ഇതുസംബന്ധിച്ച് വലിയ മാറ്റമായിരിക്കും അങ്കണവാടികളിലുണ്ടാവുക എന്നുകൂടി സൂചിപ്പിക്കുന്നു. അങ്കണവാടികളുടെ ഇത്തരം പദ്ധതികൾക്കുവേണ്ടി ബജറ്റ് വിഹിതത്തിൽ നല്ല വർദ്ധനവുണ്ടായിട്ടുണ്ട്. ഈ പ്രോജക്ടിനുവേണ്ടി 2015-16-ൽ 1.56 കോടി രൂപയാണ് നീക്കിവച്ചിരുന്നതെങ്കിൽ ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ 2.74 കോടി രൂപയായി അത് വർദ്ധിപ്പിച്ചു. ഇത്തവണത്തെ ബജറ്റിൽ 13.01 കോടി രൂപയായി വിഹിതം വർദ്ധിപ്പിച്ച കാര്യവും അറിയിക്കുകയാണ്. അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തി നാവശ്യമായ തുക വർദ്ധിപ്പിച്ചിട്ടുണ്ട്. അവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതി നാവശ്യമായ തുകയും ഈ ബജറ്റിൽ വകയിരുത്തിയതായി കാണുന്നു. അത് കേരളത്തിലെ അങ്കണവാടി/ഐ.സി.ഡി.എസ്. പദ്ധതിക്ക് നൽകുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ വർദ്ധിപ്പിക്കുന്നതാണെന്ന് ഈ സഭയെ അറിയിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഇത് എന്ന് നടപ്പിലാക്കും?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ ബജറ്റ് സെഷൻ കഴിയുന്ന ആദ്യത്തെ മാസംതന്നെ ഇത് നടപ്പിലാക്കാൻ സാധിക്കും.

## (2) അനധികൃത കൈവശഭൂമി വീണ്ടെടുക്കൽ

ശ്രീ. അടൂർ പ്രകാശ്: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ് ശ്രദ്ധ ക്ഷണിക്കൽ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. കേരളത്തിൽ ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് അനധികൃതമായി പതിനായിരക്കണക്കിന് ഏക്കർ ഭൂമി കൈവശം വച്ചിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇവർക്കെതിരെ ശക്തമായ നിയമനടപടികൾ എടുക്കാൻ തീരുമാനിച്ചു. അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ ഉള്ളതാണെന്നാണ് കോടതിയിൽ വാദിച്ചത്. നിരവധി കേസുകൾ ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് ഗവൺമെന്റിനെതിരെയും അവരുടെ തോട്ടങ്ങളിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികളുടെയും പേരിലുണ്ടാക്കി. ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികളും തമിഴ് തൊഴിലാളികളാണ്. അവരുടെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്താൽ, ആവശ്യങ്ങൾ ചോദിച്ചാൽ നിഷേധാത്മകമായ നിലപാട് ഇവർ സ്വീകരിക്കുന്നു. ഇന്ന് മുന്നൂറിലധികം കേസ്സുകൾ ഈ പാവപ്പെട്ട തൊഴിലാളികളുടെ

പേരിൽ പല കോടതികളിലായി നിലനിൽക്കുകയാണ്. ഗവൺമെന്റ് ഹാരിസൺസ് മലയാളം പ്ലാന്റേഷനെതിരെ നടത്തിയ കേസ്സുകൾ കേൾക്കേണ്ടിയിരുന്ന ജഡ്ജിമാരിൽ പലരും ഞങ്ങൾക്ക് കേൾക്കാൻ കഴിയുകയില്ല എന്ന് പറഞ്ഞ് ഒഴിയുകയുണ്ടായി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഹാരിസൺസ് മലയാളം പ്ലാന്റേഷനെതിരെ കേസ്സുകൾ നടത്താൻ അഡ്വക്കേറ്റ് സുശീലാ ഭട്ടിനെയാണ് ചുമതലപ്പെടുത്തിയത്. അങ്ങനെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും 14251/12, 213/13 എന്നീ കേസ്സുകളിൽ വിധിയുണ്ടായി. ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് ഗവൺമെന്റ് ഭൂമി അന്യായമായാണ് കൈവശം വച്ചിരിക്കുന്നതെന്ന് ഉത്തമബോദ്ധ്യമുണ്ടെങ്കിൽ ദി കേരള ലാന്റ് കൺസർവൻസി ആക്ട് ആന്റ് റൂൾസ് അനുസരിച്ച് നടപടി സ്വീകരിക്കുവാൻ 28-2-2013-ന് വിധിയുണ്ടായി. വിധിപ്പകർപ്പ് ഗവൺമെന്റിന് ലഭിച്ചതിന്റെയടിസ്ഥാനത്തിൽ 25-4-2013-ന് എറണാകുളം ജില്ലാ കളക്ടറായിരുന്ന ശ്രീ. എം. ജി. രാജമാണിക്യത്തെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയുണ്ടായി. നിയമാനുസൃതമായ നടപടികളിലേയ്ക്ക് അദ്ദേഹം പോയി. അങ്ങനെ ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് കൈവശം വച്ച 38170.92 ഏക്കർ സ്ഥലം ഏറ്റെടുക്കുവാൻ നടപടിയായി. എച്ച്.എം.എൽ. ഇതിനെ ചോദ്യം ചെയ്തു. ഇതിന്റെ സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്യാൻ സിംഗിൾ ബഞ്ചിന്റെ ഒരുത്തരവുണ്ടായി. ഇപ്പോൾ ഡിവിഷൻ ബഞ്ചിന്റെ മുമ്പിലാണ് ഈ കേസ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ കേസ്സിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വന്നപ്പോൾ പുതിയ വക്കീലന്മാരെ ഏൽപ്പിക്കുകയുണ്ടായി. അതിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അത് നിങ്ങളുടെ അവകാശമാണ്. കേരളത്തിൽ ഭൂരഹിതരായി 2,43,922 കുടുംബങ്ങളുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഈ പാവങ്ങൾക്ക് ഭൂമി നൽകേണ്ടതായിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റും 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി തുടരുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇച്ഛാശക്തിയോടുകൂടി ഭൂമി ഏറ്റെടുക്കാനുള്ള നിശ്ചയദാർഢ്യം കാണിക്കണം. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം എങ്ങനെ നടപ്പാക്കാമെന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് സംശയമുണ്ടാകുമെന്ന് എനിക്കറിയാം. ഇടുക്കി ജില്ലയിൽ ടാറ്റയുടെ കൈവശവും കണ്ണൻ ദേവൻ കമ്പനിയുടെ കൈവശവും ഇരുന്ന ഭൂമി ഗവൺമെന്റ് Kannan Devan Hills (Resumption of Lands) Act, 1971 പ്രകാരം ഏറ്റെടുക്കുക മാത്രമല്ല കുറെ ഭൂമി അവരെ ഏൽപ്പിക്കുകയും ബാക്കിയുള്ളത് ഗവൺമെന്റിന്റെ ആവശ്യത്തിന് ഉപയോഗിക്കുകയുമുണ്ടായി. അതുപോലെ ഒരു ഓർഡിനൻസിലൂടെ എച്ച്.എം.എൽ. കമ്പനിയുടെ കൈവശമിരിക്കുന്ന ഭൂമി ഏറ്റെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഭൂമിയുടെ വില വളരെയധികം കുതിച്ചുയർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നിശ്ചയമായും ഗവൺമെന്റിന് അവകാശപ്പെട്ട ഭൂമി ഏറ്റെടുക്കുക തന്നെവേണം.

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച സമയത്ത് ബ്രിട്ടീഷുകാരുടെ കൈവശമുണ്ടായിരുന്ന ഭൂമി മുഴുവനും തിരിച്ച് നൽകിയിരുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യം നിലനിൽക്കുമ്പോഴും ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് പോലെയുള്ള വൻകിട കമ്പനികൾ വ്യാജ ഡോക്യുമെന്റുകൾ തയ്യാറാക്കി ഭൂമി കയ്യടക്കിവച്ചിരിക്കുകയാണ്. യഥാർത്ഥ ഡോക്യുമെന്റുകൾ ഒന്നും സ്പെഷ്യൽ ഓഫീസറുടെ മുന്നിൽ ഹാജരാക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. വ്യാജ ഡോക്യുമെന്റിന്റെ അടിസ്ഥാനത്തിൽ ഇവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ ഭൂമി നമുക്ക് അവകാശപ്പെട്ടതാണ്. അത് നേടിയെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. കള്ളത്തരങ്ങൾക്ക് കൂട്ടുനിൽക്കാൻ പാടില്ല. സി.ബി.ഐ.-യെ കൊണ്ടോ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെക്കൊണ്ടോ അന്വേഷണം നടത്തി ഭൂമി ഏറ്റെടുത്ത് ഭൂരഹിതരായ പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യുന്നതോടൊപ്പം പൊതു ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയും ചെയ്യണം എന്നുള്ളതാണ് എന്റെ ആവശ്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ബഹുമാനപ്പെട്ട അടൂർ പ്രകാശ് ശ്രദ്ധക്ഷണിക്കലുമായി ബന്ധപ്പെട്ട വിഷയത്തിലെ ഉള്ളടക്കത്തിലേയ്ക്ക് കടന്ന് ധാരാളം കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ വിധിയെത്തുടർന്നാണ് ഇങ്ങനെയൊരു സ്പെഷ്യൽ ഓഫീസറെ നിയമിക്കാനും ആ സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് വരാൻ ഇടയായതെന്നും അദ്ദേഹം തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന റിട്ട് പെറ്റീഷനിൽ 28-2-2013-ന് ഉണ്ടായ വിധിന്യായത്തെത്തുടർന്ന് 25-4-2013-ന് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡ്, അവരിൽനിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ തുടങ്ങിയവർ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി സംബന്ധിച്ച് 1957-ലെ കേരള ഭൂസംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാനതല സ്പെഷ്യൽ ഓഫീസറായി ശ്രീ. എം.ജി. രാജമാണിക്യം ഐ.എസ്.എസ്.-നെയും അദ്ദേഹത്തെ സഹായിക്കുന്നതിന് ഒരു ടീമിനെയും നിയോഗിച്ച് ഉത്തരവായി. ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് എന്ന വിദേശ കമ്പനി കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നീ ഏഴ് ജില്ലകളിൽ 75000 ഏക്കറോളം സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ നാല് ജില്ലകളിൽ ഈ കമ്പനിയും മറ്റ് കക്ഷികളും കൈവശം വച്ചിരിക്കുന്ന 38170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ 18 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് നാല് ജില്ലകളിൽ കൈവശം വച്ചിരിക്കുന്ന 30019.95 ഏക്കർ ഭൂമിയും മറ്റ് കമ്പനികളും കയ്യേറ്റക്കാരും കൈവശം വച്ചിരിക്കുന്ന 8150.97 ഹെക്ടർ ഭൂമിയും ഉൾപ്പെടുന്നു. പ്രസ്തുത

നടപടിക്കെതിരെ എച്ച്.എം.എൽ. കമ്പനിയും മറ്റ് കക്ഷികളും ഫയൽചെയ്ത വിവിധ റിട്ട് ഹർജികൾ രണ്ടംഗ ഡിവിഷൻ ബെഞ്ചിലേയ്ക്ക് റഫർ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് 25-11-2015-ൽ റഫറൻസ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതൊക്കെ ബഹുമാന്യനായ മെമ്പർ ചൂണ്ടിക്കാണിച്ചതാണ്. ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡും മറ്റ് കമ്പനികളും ബഹുമാനപ്പെട്ട ഹൈക്കോടതി, സുപ്രീം കോടതി, വിവിധ സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളായ ലാന്റ് ട്രൈബ്യൂണൽ, താലൂക്ക് ലാന്റ് ബോർഡ് തുടങ്ങിയ അധികാര സ്ഥാപനങ്ങളിൽനിന്നും അനുകൂല വിധി നേടിയിട്ടുള്ളത് പരിഗണിച്ചാണ് ഈ റിട്ടുകളിൽ അന്തിമ തീരുമാനമെടുക്കുന്നതിന് ഡിവിഷൻ ബെഞ്ചിലേയ്ക്ക് റഫർ ചെയ്തിട്ടുള്ളത്. ഈ കേസ്സുകളിൽ തൽസ്ഥിതി തുടരുവാൻ ഉത്തരവുള്ളതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. പുതിയ നിയമനിർമ്മാണം നടത്തി ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുക്കണമെന്ന് സ്പെഷ്യൽ ഓഫീസറുടെ ശിപാർശയുമുണ്ടായിരുന്നു. നിയമനിർമ്മാണം സംബന്ധിച്ച ശിപാർശ നിയമവകുപ്പിന്റെ പരിഗണനയിലാണ്. തീർച്ചയായും അതുസംബന്ധിച്ച് നിയമവകുപ്പിൽനിന്നുള്ള നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകാനാണ് ആലോചിക്കുന്നത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഇക്കാര്യത്തിൽ ഒരു പുതിയ നിയമം നിർമ്മിച്ചുകൊണ്ട് കേരളത്തിന് അവകാശപ്പെട്ട ഭൂമി തിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിനായി ഒരു പുതിയ നിയമം ഈ സഭയിൽ കൊണ്ടുവന്ന് പാസ്സാക്കണം. നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. നിയമ വകുപ്പിന്റെ ഉപദേശം വളരെ വേഗത്തിൽ വാങ്ങിക്കൊണ്ട് പുതിയ നിയമം സഭയിൽ കൊണ്ടുവന്ന് പാസ്സാക്കിയെടുക്കുന്നതിന് അങ്ങ് നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഭൂരഹിതരായ ധാരാളം പേർ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്യുക എന്ന ഉത്തരവാദിത്വം സർക്കാരിനുള്ളതാണ്. നേരത്തേ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഇപ്പോൾ സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയൊരു നിയമനിർമ്മാണം നടത്തി ഭൂമി ഏറ്റെടുത്ത് ഭൂരഹിതരായ ആളുകൾക്ക് വിതരണം ചെയ്യാൻ കഴിയണമെന്നുതന്നെയാണ് സർക്കാരിന്റെ ഉദ്ദേശ്യം. തീർച്ചയായും നിയമ വകുപ്പിന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ. അനുകൂലമായ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് അതുമായി ബന്ധപ്പെട്ട നിയമം നിർമ്മിച്ച് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകും.

# IV. സബ്മിഷൻ

## (1) എം.പി/എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എല്ലാ നിയമസഭാംഗങ്ങൾക്കും പാർലമെന്റംഗങ്ങൾക്കുംവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എം.എൽ.എ.-മാരുടെയും എം.പി-മാരുടെയും മണ്ഡലത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി വൈകുന്നുവെന്നുള്ളതാണ് പ്രശ്നം. എം.എൽ.എ-മാരും എം.പി-മാരും തങ്ങളുടെ ഫണ്ടിൽനിന്നും നടത്തുന്ന വികസനപ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി പലപ്പോഴും അനന്തമായി നീണ്ടുപോകുകയാണ്. അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾക്കായി എം.എൽ.എ-മാർ നൽകുന്ന ശിപാർശകൾ ധനകാര്യ വകുപ്പിന്റെ വെബ് പോർട്ടൽ മുഖേന പ്രോസസ്സ് ചെയ്യണമെന്ന പുതിയ രീതി പദ്ധതി നടത്തിപ്പിന് കാലവിളംബമുണ്ടാക്കുന്നു. ധനകാര്യ വകുപ്പിലെ നോഡൽ ഓഫീസർക്ക് ലഭിക്കുന്ന പ്രൊപ്പോസലുകൾ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് എം.എൽ.എ-മാർ നൽകുന്ന കത്തുകൾവഴി അതത് വകുപ്പുകൾക്ക് കമ്പ്യൂട്ടർ പോർട്ടൽ വഴി അയച്ചുകൊടുക്കുകയാണ്. ഈ രീതി പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ വളരെ അനിശ്ചിതത്വമാണ് സൃഷ്ടിക്കുന്നത്. പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഇവ പി.ഡബ്ല്യു.ഡി./എൽ.എസ്.ജി.ഡി. ഉദ്യോഗസ്ഥർക്ക് എപ്പോൾ കൈമാറി എന്നതു സംബന്ധിച്ചും അതിന്റെ നിലവിലെ സ്റ്റാറ്റസ് സംബന്ധിച്ചുമുള്ള വിവരങ്ങൾ വിലയിരുത്തുന്നതിന് വലിയ പ്രയാസം നേരിടുകയാണ്. പ്രസ്തുത വിഷയം ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇല്ലാതെ വന്നാൽ അത് സംബന്ധിച്ച ഫയലുകൾ നിശ്ചലമാകുന്ന അവസ്ഥയാണുള്ളത്. മറ്റാർക്കും ഇദ്ദേഹത്തിന്റെ കമ്പ്യൂട്ടർ ഇൻബോക്സിൽ പ്രവേശിച്ച് ഫയലുകൾ പ്രോസസ്സ് ചെയ്യാൻ സാധിക്കുകയില്ല. ധനകാര്യ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും കണ്ടുകഴിഞ്ഞതിനുശേഷം മാത്രമേ ധനകാര്യ വകുപ്പിൽനിന്നും പദ്ധതിക്ക് അനുമതി ലഭിക്കുകയുള്ളൂ. എന്നാൽ വെബ്പോർട്ടലിൽക്കൂടിയുള്ള പ്രോസസ്സിംഗിലൂടെ അനന്തമായ കാലതാമസം നേരിടുകയാണ്. 2015-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഇറക്കിയ 67/2015 നമ്പർ സർക്കുലറിൽ ഇപ്രകാരം പറയുന്നുണ്ട്, എം.എൽ.എ.-മാർ ധനകാര്യ വകുപ്പിന് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പ്രോസസ്സ് ചെയ്ത് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുവേണ്ടി ഭരണ വകുപ്പിലേയ്ക്ക് അയയ്ക്കണം. ഭരണ വകുപ്പിൽനിന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച പദ്ധതിരേഖകൾ സഹിതം 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതിക്കായി ധനകാര്യ

വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. ധനകാര്യ വകുപ്പിൽ ലഭ്യമാക്കുന്ന പ്രൊപ്പോസൽ അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ധനാനുമതി സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തി ഭരണ വകുപ്പിന് മടക്കിക്കൊടുക്കേണ്ടതാണ്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചശേഷം 10 ദിവസത്തിനുള്ളിൽ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട എം.എൽ.എ-മാർക്കും എം.പി-മാർക്കും നൽകേണ്ടതുമാണ്. ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത 15 ദിവസത്തിനുള്ളിൽ സാങ്കേതികാനുമതി നൽകുകയും കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ തീർപ്പാക്കുകയും വേണം. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ധനകാര്യ വകുപ്പിന് നൽകേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളും കർശനമായി പാലിക്കണം. ഇതാണ് അന്നത്തെ സർക്കുലറിൽ പറഞ്ഞിരിക്കുന്നത്. ഞാൻ 4-11-2016-ൽ ഇതുസംബന്ധിച്ച് ഒരു കത്ത് നൽകിയിരുന്നു. 4 മാസം കഴിഞ്ഞിട്ടും ഭരണാനുമതി ആയിട്ടില്ല. എനിക്ക് മാത്രമല്ല, കേരളത്തിലെ എല്ലാ എം.എൽ.എ.-മാരുടെയും സ്ഥിതി ഇതാണ്. നേരത്തെ എം.എൽ.എ.-മാർ തങ്ങളുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതി നിർവ്വഹണത്തിന്റെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി./ എൽ.എസ്.ജി.ഡി. വിംഗ് മുഖേന വാങ്ങി ബന്ധപ്പെട്ട ഭരണ വകുപ്പുവഴി ധനകാര്യ വകുപ്പിന് സമർപ്പിച്ച് അനുമതി വാങ്ങുകയായിരുന്നു പതിവ്. അപ്പോൾ ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുമായിരുന്നു. വെബ്പോർട്ടൽ വന്നതോടുകൂടി വലിയ കാലതാമസമാണ് എം.എൽ.എ-മാർക്കും എം.പി-മാർക്കും ഉണ്ടാകുന്നത്. എം.പി.-മാർക്ക് വലിയ പരാതിയുണ്ട്. ഇന്നലെ കൊല്ലം എം.പി. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ കൊല്ലത്ത് ഒരു പത്രസമ്മേളനം നടത്തി. ജില്ലാ കളക്ടറേറ്റിൽനിന്നും എം.പി.-യുടെ ഒരു ഫയലും നീങ്ങുന്നില്ല. അവിടെ കൊടുക്കുന്ന പദ്ധതികൾക്കൊന്നും എ.എസ്. കൊടുക്കുന്നില്ല. ആലപ്പുഴ എം.പി. ശ്രീ. കെ. സി. വേണുഗോപാലിനും ഇതേ പരാതിയുണ്ട്. പല എം.പി-മാരും ഇത്തരത്തിൽ പരാതി പറയുകയാണ്. എം.എൽ.എ-മാരുടെയും എം.പി-മാരുടെയും ഫണ്ട് വിനിയോഗത്തിൽ വലിയ കാലതാമസമുണ്ടാകുന്നു. ജില്ലാ ഭരണകൂടം വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല. എം.പി-മാർക്ക് പറയാനുള്ള അവസരമില്ലാത്തതു കൊണ്ടാണ് ഇത് ഇവിടെ അവതരിപ്പിക്കണമെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും എന്നോട് ആവശ്യപ്പെട്ടത്. സമയബന്ധിതമായി അവരുടെ ഫണ്ടുകൾ ചെലവഴിക്കാൻ കഴിയാത്ത അവസ്ഥയുണ്ടെന്നാണ് എം.പി-മാരുടെ പരാതി. എം.എൽ.എ-മാരുടെയും എം.പി-മാരുടെയും ഫണ്ടുകൾ കൃത്യമായി ചെലവഴിക്കാനുള്ള സാഹചര്യമുണ്ടാക്കണം. പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കാനുള്ള വേഗത വർദ്ധിപ്പിക്കണം. അതിന് ഗവൺമെന്റിന്റെ സത്വരമായ ഇടപെടൽ ഉണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലുള്ള ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികൾ വന്നിട്ടുമുണ്ട്. ആദ്യം ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ വന്ന് പിന്നീട് ഭരണ ഡിപ്പാർട്ടുമെന്റിൽ പോയി അവിടെനിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി തിരിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ വന്ന് സാങ്ഷനോടുകൂടി പോകുന്ന സങ്കീർണ്ണത ഒഴിവാക്കാൻ വേണ്ടി പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ ആദ്യത്തെ കടമ്പ വേണ്ടെന്ന് വയ്ക്കാം. പദ്ധതികൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ കൊടുക്കാതെ നേരിട്ട് ഭരണ വകുപ്പിൽ കൊടുക്കാം. അവിടെനിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി ഫിനാൻഷ്യൽ_സാങ്ഷന് വരണം. അവർ എസ്റ്റിമേറ്റ് തയ്യാറാക്കട്ടെ. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ രണ്ട് കാര്യങ്ങളാണ് നോക്കുന്നത് - ഒന്ന്, 5 കോടി രൂപയുടെ ലിമിറ്റുണ്ടോ; രണ്ട്, അസറ്റിന് തന്നെയാണോ? അസറ്റല്ലാത്ത ഒരു കാര്യത്തിനുവേണ്ടി പ്രത്യേകം ചെലവഴിക്കേണ്ട കേസുണ്ടെങ്കിൽ മാത്രം ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ആദ്യം വന്നാൽ മതിയെന്ന് വയ്ക്കാം. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പിന്നീട് എന്തു വേണമെന്ന് ആലോചിക്കാം. ഡിപ്പാർട്ടുമെന്റിൽനിന്നും വെബ് പോർട്ടൽ വഴി മാത്രമേ പ്രോസസ്സിംഗ് നടക്കുകയുള്ളൂ. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പൂർണ്ണമായും കമ്പ്യൂട്ടറൈസ്ഡായി. എന്താണ് കാലതാമസമെന്ന് പരിശോധിക്കാം. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ഫയൽ വന്നുകഴിഞ്ഞാൽ ഒരാഴ്ചയ്ക്കുള്ളിൽ YES/NO തീരുമാനം എടുക്കണമെന്നുള്ളതും നിർബന്ധമാക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിൽ വരുന്ന ഒരു പ്രശ്നം, necessity ചോദിക്കുന്നതാണ്. നാടിനാവശ്യമായ ഒരു കെട്ടിടം പണിയുന്നതിനോ ഒരു അസറ്റ് ഉണ്ടാക്കുന്നതിനോ വേണ്ടിയായിരിക്കും എം.എൽ.എ. മാർ/ എം.പി. മാർ ഫണ്ട് വിനിയോഗിക്കാൻ തയ്യാറാകുന്നത്. അതിന്റെ പിന്നിൽ necessity ചോദിക്കേണ്ട ആവശ്യമില്ല. പ്ലാനും എസ്റ്റിമേറ്റുമൊക്കെ തയ്യാറാക്കുന്ന നടപടിക്രമങ്ങൾ അതിന്റെ വഴിക്ക് നീങ്ങിക്കോട്ടെ. Necessity ചോദിച്ചുകൊണ്ടുള്ള കാലതാമസം ഒഴിവാക്കുകയും മറ്റ് നടപടിക്രമങ്ങൾ തുടരുകയും ചെയ്യണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, എം.പി-മാരുടേതാണ് പ്രശ്നം. അങ്ങ് വിളിക്കുന്ന കോൺഫറൻസല്ലാതെ എം.പി-മാർക്ക് നേരിട്ട് ഗവൺമെന്റുമായി കമ്മ്യൂണിക്കേറ്റ് ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. ജില്ലാ കളക്ടറേറ്റുകളിലും പ്ലാനിംഗ് ഓഫീസിലുമാണ് കാലതാമസമുണ്ടാകുന്നത്. പ്ലാനിംഗ് ഓഫീസിലാണ് ഏറ്റവും വലിയ കാലതാമസമുണ്ടാകുന്നത്. അങ്ങയുടെ കീഴിലാണ് പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ്. എം.പി ഫണ്ടിന്റെ കാര്യത്തിൽ ഒരു പ്രത്യേക നിർദ്ദേശം പ്ലാനിംഗ് ഓഫീസർമാർക്ക് കൊടുക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, എം.പി-മാരുടെയും എം.എൽ.എ-മാരുടെയും അസറ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട നടപടികൾ ഒരു കാലതാമസവുമില്ലാതെ അതിവേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാം.

(2) <u>ട്രാഫിക് പോലീസ് സ്റ്റേഷൻ</u>

<u>ശ്രീ. ആർ. രാമചന്ദ്രൻ:</u> സർ, കൊല്ലം ജില്ലയിൽ ഏറ്റവും വേഗത്തിൽ വളരുന്ന പട്ടണമാണ് കരുനാഗപ്പള്ളി. ദേശീയ പാതയിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ഈ ഭാഗത്താണ്. എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്, യൂണിവേഴ്സിറ്റി അഫിലിയേഷനുള്ള കോളേജുകൾ, ലോകപ്രസിദ്ധമായ മാതാ അമൃതാനന്ദമയി മഠം, അമൃതാ എഞ്ചിനീയറിംഗ് കോളേജ്, അമൃത ആയുർവ്വേദ കോളേജ് തുടങ്ങി അനേകം സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന കരുനാഗപ്പള്ളിയിൽ പ്രധാന ഹയർ സെക്കണ്ടറി വിദ്യാലയങ്ങളും താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയും അനേകം ഓഫീസുകളും പ്രവർത്തിക്കുന്ന മിനി സിവിൽ സ്റ്റേഷനും സ്വകാര്യ ആശുപത്രികളും ദേശീയപാതയോരത്ത് തന്നെയാണ് പ്രവർത്തിക്കുന്നത്. കേരളത്തിലെ മറ്റേതൊരു നഗരത്തേയും അപേക്ഷിച്ച് ഇവിടെ അപകടങ്ങൾ വളരെ കൂടുതലാണ്. ഈ പ്രദേശത്തെ ഗതാഗതം നിയന്ത്രിക്കുന്നതിനും ക്രമാസമാധാനപാലനത്തിനുംവേണ്ടി സ്ഥാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷന്റെ പ്രവർത്തന മേഖല 7 വില്ലേജുകളുടെ ഭൂപ്രദേശമാണ്. ഇവിടത്തെ ആകെ ജനസംഖ്യ മൂന്ന് ലക്ഷത്തിനടുത്താണ്. മൂന്ന് ലക്ഷത്തിലധികം വാഹനങ്ങൾ ഇവിടത്തെ ജോയിന്റ് ആർ.ടി.ഓഫീസിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. ദേശീയപാതയിലൂടെ കടന്നുപോകുന്ന വാഹനങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ ഏകദേശം 10 ലക്ഷത്തിലധികം വാഹനങ്ങൾ ഈ പ്രദേശത്തുള്ള റോഡുകളിലൂടെ സവാരി നടത്തുന്നു. ഇവിടത്തെ ട്രാഫിക് കുറ്റകൃത്യങ്ങൾ വളരെയധികം ഞെട്ടിക്കുന്നതാണ്. ഒരു സാധാരണ പോലീസ് സ്റ്റേഷന്റെ വിഭവശേഷി മാത്രമുള്ള കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലാണ് ട്രാഫിക് കുറ്റകൃത്യങ്ങൾ ഉൾപ്പടെയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നത്. ഈ സ്റ്റേഷനിലുള്ള ഉദ്യോഗസ്ഥരുടെ ജോലിഭാരം മറ്റേതൊരു പോലീസ് സ്റ്റേഷനിലും ഇല്ലാത്തത്ര ഭാരിച്ചതാണ്. ആയതിനാൽ ഗതാഗത നിയന്ത്രണത്തിനും മറ്റും മതിയായ അളവിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് കഴിയുന്നില്ല. ദേശീയപാതയിലും പ്രധാന റോഡുകളിലും ട്രാഫിക് നിയമലംഘനങ്ങളും ഓവർസ്പീഡും അത് വരുത്തിവയ്ക്കുന്ന അപകടങ്ങളും സർവ്വസാധാരണമാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് സഹായിക്കുന്ന ട്രാഫിക് പോലീസ് സ്റ്റേഷന്റെ ഉദ്ഘാടനം 29.09.2015-ന്

അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി നടത്തിയെങ്കിലും നാളിതുവരെ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുകയോ വാഹനങ്ങൾ അനുവദിക്കുകയോ ഫർണിച്ചർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എത്തിക്കുകയോ ചെയ്തിട്ടില്ല. കരുനാഗപ്പള്ളി ഠൗണിന്റെ ഹൃദയഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സിഗ്നൽ പലപ്പോഴും കാര്യക്ഷമമായി പ്രവർത്തിക്കുന്നുമില്ല. ഈ സാഹചര്യങ്ങളിൽ ഗതാഗത നിയന്ത്രണത്തിന് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനുള്ള അംഗശേഷി ഈ പോലീസ് സ്റ്റേഷനിൽ ഇല്ലെന്നുള്ളതും ഇവിടത്തെ അപകടങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളിലെ ലെവൽ ക്രോസ്സുകൾ തുറക്കുന്നതിനോടനുബന്ധിച്ച് ദേശീയപാതയിലേയ്ക്ക് വളരെയധികം വാഹനങ്ങൾ ഒരുമിച്ച് കടന്നുവരുമ്പോൾ കരുനാഗപ്പള്ളി നഗരം മുതൽ ഓച്ചിറ വരെയുള്ള ഭാഗത്ത് അസാധാരണമായ വാഹനത്തിരക്കും അപകടങ്ങളും സർവ്വസാധാരണമാണ്. ആയതിനാൽ കരുനാഗപ്പള്ളി ഠൗണും പരിസരപ്രദേശങ്ങളിലുള്ള റോഡുകളും അപകടത്തിന്റെ ചോരക്കളങ്ങളായി മാറാതിരിക്കുന്നതിനുവേണ്ടി അടിയന്തരമായി കരുനാഗപ്പള്ളി ട്രാഫിക് സ്റ്റേഷന് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കി പ്രവർത്തനസജ്ജമാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

11.00 A.M]

മുഖ്യമന്ത്രി (<u>ശ്രീ പിണറായി വിജയൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കരുനാഗപ്പള്ളിയിൽ പലപ്പോഴും ഗതാഗതക്കുരുക്ക് ഉണ്ടാകാറുണ്ട്. ഇടയ്ക്കിടെ ഉണ്ടാകുന്ന വാഹനാപകടങ്ങൾ കണക്കിലെടുത്ത് ഇവിടത്തെ ഗതാഗതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താൽക്കാലിക ക്രമീകരണമെന്ന നിലയിൽ ഒരു ട്രാഫിക് സംവിധാനം ആരംഭിച്ചിട്ടുണ്ട്. കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി വിശദാംശങ്ങൾ അടങ്ങിയ പ്രൊപ്പോസൽ ലഭ്യമാക്കാൻ സംസ്ഥാന പോലീസ് മേധാവി കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അടിയന്തരപ്രമേയമായി ഈ വിഷയം ചർച്ച ചെയ്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട സണ്ണി ജോസഫ് നൽകിയ സബ്മിഷൻ എടുക്കുന്നില്ല. ശ്രീ. പാറക്കൽ അബ്ദുല്ലയ്ക്ക് സബ്മിഷൻ അവതരിപ്പിക്കാം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അദ്ദേഹത്തിന് ഒരു വാക്കെങ്കിലും സംസാരിക്കുന്നതിന് അവസരം നൽകണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ആ വിഷയം വളരെ വിശദമായി ചർച്ച ചെയ്തതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സർ, ഇത് അദ്ദേഹത്തിന്റെ മണ്ഡലവുമായി ബന്ധപ്പെട്ട കാര്യമായതിനാലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അല്ല. ഇവിടെ തന്നിരിക്കുന്നത് പൊതുവായിട്ടുള്ള വിഷയമായിട്ടാണ്. ....(ബഹളം).... ദയവായി എല്ലാപേരും സീറ്റിലിരിക്കൂ.... പ്ലീസ്.... ശ്രീ. പാറക്കൽ അബ്ദുല്ല........

(3) പ്രവാസി കമ്മീഷൻ പ്രവർത്തനം

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പ്രവാസി സമൂഹം രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സമ്പദ്ഘടനയ്ക്ക് നൽകുന്ന കരുത്തുറ്റ സംഭാവനകൾ ഇന്ന് എല്ലാവരാലും അംഗീകരിക്കപ്പെട്ട ഒരു യാഥാർത്ഥ്യമാണ്. മലയാളിയുടെ രണ്ടാമത്തെ ഇടമാണ് ഗൾഫ് രാജ്യമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈയടുത്ത സമയം ഗൾഫ് രാജ്യം സന്ദർശിച്ചപ്പോൾ പറയുകയുണ്ടായി. ലോകബാങ്കിന്റെ റിപ്പോർട്ടുപ്രകാരം വിദേശത്തുനിന്ന് പണം സ്വീകരിക്കുന്ന രാജ്യങ്ങളിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. തൊട്ട് പിന്നിൽ ചൈനയും. ഓരോ വർഷവും അവർ സംസ്ഥാനത്തേയ്ക്ക് അയയ്ക്കുന്ന സംഖ്യയുടെ കണക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അദ്ദേഹത്തിന്റെ പേര് വച്ച് ഈയിടെ എഴുതിയ ഒരു ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം അതിൽ പറഞ്ഞത് പ്രവാസികൾ ഓരോ വർഷവും സംസ്ഥാനത്തേയ്ക്ക് അയയ്ക്കുന്ന സംഖ്യ ഒരു ലക്ഷം കോടി രൂപയിലേറെയാണെന്നാണ്. കേരളത്തിലെ പ്രവാസി സമൂഹത്തിന്റെയും അവരുടെ കുടുംബത്തിന്റെയും അവകാശങ്ങളും താൽപ്പര്യങ്ങളും വസ്തുവകകളും സംരക്ഷിക്കുക, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുമായി ചേർന്ന് പ്രവാസി താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുക, വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കുക, സർവ്വോപരി പ്രവാസി സമൂഹത്തിന്റെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങൾക്കും മാത്രമായി അർദ്ധ ജുഡീഷ്യൽ അധികാരത്തോടെ ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ചെയർമാനായി സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ് എൻ.ആർ.ഐ. കമ്മീഷൻ. 2015 ഡിസംബർ 15-ന് മുൻ സർക്കാരിന്റെ കാലത്ത് കേരള നിയമസഭ പാസ്സാക്കിയ പ്രവാസി ഭാരതീയർ കമ്മീഷൻ ബില്ലിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കമ്മീഷൻ രൂപീകരിക്കപ്പെട്ടത്. 2016 ജനുവരിയിൽ ഗവർണ്ണർ കമ്മീഷന്റെ പ്രവർത്തനത്തിന് അംഗീകാരം നൽകി. 2016 ഫെബ്രുവരി മാസത്തിൽ ജസ്റ്റിസ് പി. ഭവദാസനെ കമ്മീഷൻ ചെയർമാനായി അന്നത്തെ സർക്കാർ നിയമിക്കുകയും തുടർന്ന്

4 പേർ അംഗങ്ങളായി ചുമതലയേൽക്കുകയും ചെയ്തു. പിന്നീട് പൊതു തെരഞ്ഞെടുപ്പ് സമയത്ത് പ്രവാസി ഭാരതീയർ കമ്മീഷന്റെ പ്രവർത്തനത്തിന് തെരഞ്ഞെടുപ്പ് കമ്മീഷൻ താൽക്കാലിക വിലക്കേർപ്പെടുത്തി. എന്നാൽ ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിൽ വാദം കേട്ടശേഷം ഡിവിഷൻ ബഞ്ച് ഇലക്ഷൻ കമ്മീഷനേർപ്പെടുത്തിയ വിലക്ക് നീക്കി പ്രവാസി ഭാരതീയർ കമ്മീഷന് പ്രവർത്തനാനുമതി നൽകുകയാണ് ചെയ്തത്. എന്നാൽ തെരഞ്ഞെടുപ്പിനുശേഷം അധികാരമേറ്റ ഈ സർക്കാർ, കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ യാതൊരുവിധ സൗകര്യവും ഇതുവരേയും ചെയ്തുകൊടുത്തില്ല. ഇത് വളരെ ഖേദകരമായ യാഥാർത്ഥ്യമാണ്. ഇക്കാര്യം ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ എല്ലാ സൗകര്യവും അടിയന്തരമായി ചെയ്തുകൊടുക്കുമെന്ന അഫിഡവിറ്റാണ് സർക്കാർ അന്ന് കോടതിയിൽ സമർപ്പിച്ചത്. അത് കോടതി അംഗീകരിക്കുകയും ചെയ്തു. എന്നാൽ അതിനുശേഷം മാസങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെ ഒരു നടപടിയും ഈ കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്ന വസ്തുത ഒരു പ്രവാസി കൂടിയായ ഞാൻ വളരെ വേദനയോടെ സഭ മുമ്പാകെ സമർപ്പിക്കുകയാണ്. കമ്മീഷൻ ഇതിനകം നാല് സിറ്റിംഗ് നടത്തിയതിൽ മൂന്നെണ്ണം ചെയർമാന്റെ വീട്ടിലും ഒന്ന് ഗസ്റ്റ് ഹൗസിലുമാണ് എന്നാണ് അറിയാൻ കഴിഞ്ഞത്. കമ്മീഷന് ലഭിച്ച ഒട്ടേറെ അപേക്ഷകൾ യാതൊരു നടപടികളും കൈക്കൊള്ളാതെ കെട്ടിക്കിടക്കുകയാണ്. സർക്കാരിന്റെ ഈ നിലപാടിൽ കേരളത്തിലെ പ്രവാസി സമൂഹം കടുത്ത ആശങ്കയിലും അതൃപ്തിയിലുമാണ്. ഈ സാഹചര്യത്തിൽ പ്രവാസി ഭാരതീയർ കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ ഓഫീസ്, സ്റ്റാഫ്, വാഹനം, കമ്മീഷന്റെ നിയമങ്ങളും ചട്ടങ്ങളും ഇവയൊക്കെ അടിയന്തരമായി തയ്യാറാക്കി കമ്മീഷന് പൂർണ്ണ അർത്ഥത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം സർക്കാർ ഒരുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): സർ, പ്രവാസി ഭാരതീയർ കമ്മീഷൻ ചെയർമാനായി റിട്ടയേർഡ് ജസ്റ്റിസ് ഭവദാസന്റെ അദ്ധ്യക്ഷതയിൽ 30-4-2016-ലാണ് തിരുവനന്തപുരത്ത് വച്ച് ആദ്യയോഗം ചേർന്നത്. തുടർന്ന് 6-11-2016, 16-12-2016, 23-2-2017 എന്നീ തീയതികളിലും യോഗം ചേർന്നിരുന്നു. കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ കരട് റെഗുലേഷൻസ് തയ്യാറാക്കി സർക്കാരിന് നൽകുകയും സർക്കാർ അത് വിലയിരുത്തി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കമ്മീഷന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന

നോർക്ക സെന്ററിൽ ചെയർമാൻ, മെമ്പർ സെക്രട്ടറി, മെമ്പർമാർ എന്നിവർക്കുള്ള ഓഫീസ് മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കമ്മീഷനിൽ പുതിയതായി നിയമിക്കപ്പെടുന്ന ഓഫീസർമാർക്കും ജീവനക്കാർക്കും പ്രവർത്തിക്കുന്നതിനുള്ള ഓഫീസ് സൗകര്യവും മറ്റും ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു സർക്കാർ ജോയിന്റ് സെക്രട്ടറിക്ക് കമ്മീഷന്റെ മെമ്പർ സെക്രട്ടറിയുടെ പൂർണ്ണ ചുമതല നൽകി നിയമിച്ചിട്ടുണ്ട്. കമ്മീഷൻ ഇതിനോടകം എട്ട് പരാതികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. കൂടുതൽ വിപുലമായ പ്രവർത്തനത്തിനായി അന്വേഷണ ഉദ്യോഗസ്ഥരും ഭരണനിർവ്വഹണ ഉദ്യോഗസ്ഥരുമുൾപ്പെടെ ഇരുപത് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പ് പരിഗണിച്ചുവരികയാണ്.

### (4) ജലചൂഷണം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ കഞ്ചിക്കോട് പ്രവർത്തിച്ചുവരുന്ന ആഗോള ബഹുരാഷ്ട്ര ശീതള പാനീയ നിർമ്മാണ കമ്പനിയായ പെപ്സി നടത്തിവരുന്ന ജലചൂഷണം എന്റെ മണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത വർദ്ധിപ്പിച്ചിരിക്കുയാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ താപനിലയങ്ങൾ ഉള്ളതും വരൾച്ച ബാധിത പ്രദേശവുമായ പാലക്കാട് ജില്ലയിലെ ഭൂഗർഭ ജല ലഭ്യത ദിനംതോറും കുറഞ്ഞുവരുന്ന ഒരു മേഖലയാണ് മലമ്പുഴ നിയോജകമണ്ഡല പ്രദേശം. മണ്ഡലത്തിലെ പുതുശ്ശേരി, എലപ്പുള്ളി, മരുതുർ റോഡ്, വാളയാർ എന്നീ പ്രദേശങ്ങളിൽ നിലവിൽ ജല ലഭ്യത കുറവായതിനാൽ ടാങ്കർ ലോറികളിലാണ് കുടിവെള്ളം എത്തിക്കുന്നത്. പെപ്സി കമ്പനി 2011 മുതൽ 2017 ഫെബ്രുവരി മാസം വരെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രതിദിനം ഏതാണ്ട് 6 ലക്ഷം ലിറ്റർ വെള്ളമാണ് ഊറ്റിയെടുത്തത്. കമ്പനിയിൽ 6 ഇഞ്ച് വ്യാസമുള്ള 7 കുറ്റൻ കുഴൽക്കിണറുകളാണുള്ളത്. ശരാശരി 90 മീറ്റർ ആഴവും 15 എച്ച്.പി. ശേഷിയുമുള്ള 7 മോട്ടോറുകളാണ് ഇവിടെ ഘടിപ്പിച്ചിരിക്കുന്നത്. അതിൽ 3 കുഴൽക്കിണറുകൾ സ്ഥിരമായി പ്രവർത്തിക്കുന്നുണ്ട്. ഒരു മോട്ടോർ പ്രവർത്തിച്ചാൽ മതി. ബാക്കി മോട്ടോറുകൾ അവിടെ നിന്ന് മാറ്റണം. വരൾച്ചാ കാലഘട്ടത്തിൽ വെള്ളം എടുക്കുന്നത് നിർത്തി വയ്ക്കണമെന്ന് ആവശ്യപ്പെട്ട് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് ഇതിനകം നോട്ടീസ് നൽകിയിട്ടും പെപ്സി മാനേജ്മെന്റ് അത് ചെവിക്കൊണ്ടിട്ടില്ല. പുതുശ്ശേരി, കഞ്ചിക്കോട്, എലപ്പുള്ളി, വാളയാർ മേഖലകളിലെ മുഴുവൻ കിണറുകളും കുളങ്ങളും വറ്റിവരണ്ട് തുടങ്ങി. കർഷകർ കന്നുകാലി വളർത്തൽ ഉപേക്ഷിച്ചു. പാലിന്റെ ലഭ്യത കുറഞ്ഞുവരുന്നതിനാൽ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനവും അവതാളത്തിലായി. കഴിഞ്ഞ ജില്ലാ വികസന സമിതി യോഗത്തിൽ കമ്പനിക്കുള്ള ജലവിതരണം നിർത്തി വയ്ക്കണമെന്ന് പ്രമേയം

പാസ്സാക്കിയെങ്കിലും അധികൃതർ ശക്തമായ നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല. കമ്പനി പൂട്ടണമെന്നാവശ്യപ്പെട്ട് ബഹുജന സംഘടനകളുടെയും നാട്ടുകാരുടെയും വലിയ പ്രക്ഷോഭം നടന്നുവരുന്നു. പെപ്സി കമ്പനിയുടെ പ്രവർത്തനം നിർത്തലാക്കിക്കൊണ്ട് തമിഴ്നാട് സർക്കാർ കഴിഞ്ഞ ദിവസം ഉത്തരവ് പുറപ്പെടുവിച്ചതായുള്ള വാർത്തകൾ വന്നിട്ടുണ്ട്. കഞ്ചിക്കോട് നിലവിൽ പെപ്സി കമ്പനി പ്രവർത്തിക്കുന്നില്ലെന്ന് പറയുമ്പോഴും പ്രതിദിനം ഒന്നര ലക്ഷം ലിറ്റർ വെള്ളം അവർ ഊറ്റുന്നുണ്ട്. സാധാരണ ജനങ്ങൾക്ക് കുടിവെള്ളം കിട്ടാക്കനിയായി മാറുമ്പോഴാണ് പെപ്സി കമ്പനി ഭൂമി തുരന്ന് ജലചൂഷണം നിർവിഘ്നം നടത്തുന്നത്. ഇത് അത്യന്തം ഗൗരവമുള്ള കാര്യമാണ്. ആയതിനാൽ ഈ ബഹുരാഷ്ട്ര കുത്തക കമ്പനിയുടെ ജലചൂഷണം തടയാൻ ആവശ്യമായ ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ആരാധ്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉന്നയിച്ച ഏറ്റവും ഗൗരവമായ പ്രശ്നത്തിന് നിരവധി സങ്കീർണ്ണതകൾ ഉണ്ടെന്ന് വിനയപൂർവ്വം ഞാൻ അറിയിക്കട്ടെ. Pepsico India Holdings Private Limited എന്ന സ്ഥാപനത്തിന് 7 കുഴൽ കിണറുകളാണ് നിലവിലുള്ളത്. ഇതിൽ നിന്നും പ്രതിദിനം 5.50 ലക്ഷം മുതൽ 6 ലക്ഷം ലിറ്റർ വരെ ഭൂജലം കമ്പനി എടുത്തുവന്നിരുന്നു. കമ്പനിയുടെ ജല ചൂഷണത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 18-4-2007-ൽ ചേർന്ന നിയമസഭാ ഉപസമിതി നിർദ്ദേശപ്രകാരം ഭൂജല വകുപ്പ് വിശദമായ പഠനം നടത്തി റിപ്പോർട്ട് നിയമസഭാ സമിതിക്ക് സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രതിദിന ഉപഭോഗം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തണമെന്നും അത് പരിശോധിക്കുന്നതിനായി SCADA (Supervisory Control and Data Acquisition) ടെലിമെട്രി സംവിധാനം ഏർപ്പെടുത്തണമെന്നും ഉപസമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2011-ൽ സർക്കാർ ഉത്തരവിറക്കി, കമ്പനിയുടെ പ്രതിദിന ഭൂജല ഉപയോഗം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തണമെന്ന് നിർദ്ദേശം നൽകുകയുണ്ടായി. ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന 26-2-2011-ലാണ് ആ നിർദ്ദേശം ഉത്തരവായി സമർപ്പിച്ചത്. എന്നാൽ ഈ ഉത്തരവിനെതിരെ കമ്പനി ഹൈക്കോടതിയെ സമീപിക്കുകയും 23-5-2014-ലെ കേസിന്റെ അവസ്ഥ പരിഗണിച്ച് വിശദമായ പഠനം നടത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കാൻ ഉത്തരവാകുകയും ചെയ്തു. പ്രതിദിനം 6 ലക്ഷം ലിറ്റർ എന്ന തോതിൽ അതുവരെ ഉപയോഗിച്ചുകൊണ്ടിരുന്ന ജലം ഉപയോഗിക്കാൻ ഹൈക്കോടതിയിൽ നിന്ന് അനുവാദം ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2011-ൽ

സർക്കാർ ഉത്തരവിറക്കി. ഭൂജല വകുപ്പ് ഡയറക്ടർ, കേന്ദ്ര ഭൂജല ബോർഡ് റീജിയണൽ ഡയറക്ടർ, CWRDM കോഴിക്കോട് തുടങ്ങിയ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുകയും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. വിദഗ്ദ്ധ സമിതി ഭൂജല വകുപ്പിന്റെ പഠന റിപ്പോർട്ട് പ്രകാരമുള്ള 2.34 ലക്ഷം ലിറ്ററായി ഭൂജല ഉപയോഗം പരിമിതപ്പെടുത്തണമെന്ന നിർദ്ദേശം ശരിവച്ചിരിക്കുകയാണ്. SCADA സംവിധാനത്തിൽ ശേഖരിക്കപ്പെടുന്ന ഭൂജല ഉപഭോഗത്തിന്റെ വിവരങ്ങൾ എല്ലാ മാസവും ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസിൽ ലഭ്യമാകുന്നുണ്ട്. നിലവിൽ കമ്പനിയിൽ സ്ഥാപിച്ചിരിക്കുന്നത് SCADA മാത്രമായതിനാൽ ജല ഉപഭോഗത്തിന് കൂടുതൽ സുതാര്യത ഉറപ്പാക്കാനായി ടെലിമെട്രി സംവിധാനം സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചതിൻ പ്രകാരം ജിഎസ്.എം. അടിസ്ഥാനത്തിലുള്ള ടെലിമെട്രി സ്ഥാപിക്കാമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. നിലവിൽ സ്ഥാപിച്ചിട്ടുള്ള SCADA സംവിധാനപ്രകാരം 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ കമ്പനിയുടെ ശരാശരി പ്രതിദിന ജല ഉപയോഗം 410.50 കിലോ ലിറ്ററാണ്. 2015 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ ശരാശരി ജല ഉപയോഗം 550.82 കിലോ ലിറ്ററായിരുന്നു. അതിൽ പിറ്റേ വർഷം കുറവ് വന്നിട്ടുണ്ട്. പെപ്സി കമ്പനിയുടെ ഏറ്റവും അടുത്തുള്ള ജനവാസ മേഖലയിലുള്ള 6 കിണറുകൾ ഭൂജല വകുപ്പ് എല്ലാ മാസവും നിരീക്ഷിക്കുന്നുണ്ട്. 2017 ജനുവരിയിലെ ജലവിതാനം അതിന് മുൻപുള്ള 10 വർഷത്തെ ജനുവരിയിലെ ജലവിതാനത്തെ അപേക്ഷിച്ച് വളരെ താഴെയാണ്. ഇത് പല കിണറുകളിലും 1.47 മീറ്റർ മുതൽ 1.86 മീറ്റർ വരെ താഴ്ന്നിട്ടുള്ളതായി കാണുന്നുണ്ട്. ഇതൊരു അപകടകരമായ സ്ഥിതി വിശേഷമാണ്. ഈ നിരീക്ഷണ കിണറുകളിലെ ദീർഘകാലത്തെ ജലവിതാനത്തിലുള്ള കുറവ് പ്രതിവർഷം പരമാവധി 12 സെന്റിമീറ്ററായിട്ടാണ് ഭൂജല വിതാന വിശകലനത്തിൽ നിന്നും മനസ്സിലാകുന്നത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനപ്രകാരം ജലം അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ ജലഉപഭോഗം 75 ശതമാനം കുറയ്ക്കുന്നതിനുള്ള നിർദ്ദേശം അതോറിറ്റി നൽകിയിട്ടുണ്ട്. അതുപ്രകാരം കമ്പനിയുടെ ജല ഉപയോഗവും 75 ശതമാനം കുറയ്ക്കുവാൻ ദുരന്ത നിവാരണ അതോറിറ്റി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ യോഗംകൂടി നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ കമ്പനിയെ മേൽ പറഞ്ഞ നിബന്ധനയിൽനിന്നും ഒഴിവാക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ പെപ്സി കമ്പനിയുടെ ജല ഉപഭോഗം 75 ശതമാനം കുറയ്ക്കാൻ വീണ്ടും നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിദിന ജലഉപഭോഗം 2017 ഫെബ്രുവരി 3 മുതൽ പ്രതിദിനം ഒന്നര ലക്ഷം ലിറ്ററായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട് എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ജനുവരി മാസത്തെ പാലക്കാട് ജില്ലാ വികസന സമിതി യോഗത്തിന്റെ നിർദ്ദേശപ്രകാരം നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 7 കുഴൽ കിണറുകളിൽ ഏതെങ്കിലും ഒരെണ്ണം മാത്രം നിലനിർത്തിക്കൊണ്ട് 6 കുഴൽ കിണറുകളിലെ പമ്പ് സെറ്റുകൾ എടുത്ത് മാറ്റി പമ്പിംഗ് നിർത്തി വയ്ക്കാൻ കമ്പനിക്ക് നിർദ്ദേശം കൊടുത്തു. എന്നാൽ 20693/2010-ലെ കേസ്സിന്റെ അടിസ്ഥാനത്തിൽ മേയ് 2011-ലെ ഹൈക്കോടതി ഉത്തരവുപ്രകാരം 6 ലക്ഷം ലിറ്റർ വെള്ളമെടുക്കാൻ കമ്പനിക്ക് അനുവാദമുണ്ടെന്നും ജില്ലാ കളക്ടറുടെ ഉത്തരവിൻപ്രകാരം ഭൂജല വകുപ്പ് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഉപയോഗം ഒന്നര ലക്ഷം ലിറ്ററായി കുറച്ചിട്ടുള്ളതുകൊണ്ട് കമ്പനിയുടെ ഭാഗം കേൾക്കാതെ പമ്പുകൾ എടുത്ത് മാറ്റണമെന്ന കത്ത് പിൻവലിക്കണമെന്നുമാണ് കമ്പനി ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. 6 ലക്ഷം ലിറ്റർ ജലം ഉപയോഗിക്കാമെന്നുള്ള ഹൈക്കോടതി ഉത്തരവും മറ്റ് കാര്യങ്ങളുമൊക്കെ സാധാരണ പശ്ചാത്തലത്തിൽ ഉണ്ടായതാണെങ്കിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ പ്രസ്തുത കമ്പനി ഉപഭോഗം കുറച്ചേ മതിയാവുകയുള്ളൂ. ദുരന്ത നിവാരണ നിയമം അനുസരിച്ച് അക്കാര്യത്തിൽ കമ്പനിയെ നിർബന്ധിക്കാൻ കഴിയുന്ന എല്ലാ സംവിധാനങ്ങളും സർക്കാർ സ്വീകരിക്കും. ജില്ലാ വികസന സമിതി 6 എണ്ണം നിർത്തണമെന്ന് പറഞ്ഞതിനുശേഷവും അവർ ഞങ്ങൾക്ക് ഹൈക്കോടതി ഉത്തരവുണ്ട് എന്ന് പറഞ്ഞിരിക്കുകയാണ്. പക്ഷേ ഇപ്പോഴത്തെ പ്രത്യേക പശ്ചാത്തലത്തിൽ ദുരന്ത നിവാരണ അതോറിറ്റി നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് ജല ഉപഭോഗം കഴിയുന്നത്ര കുറയ്ക്കാനും വരൾച്ചാകാലത്ത് അത് തടയുവാനുമുള്ള ശക്തമായ നടപടികളിലേയ്ക്ക് സർക്കാർ നീങ്ങുന്നതാണ്. ഡി.ഡി.സി. യോഗത്തിൽ എം.എൽ.എ.-മാർ ഉന്നയിച്ച വികാരം ഉൾക്കൊണ്ടുകൊണ്ട് നിയമപരമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, (മൈക്ക് ഓഫ്) ഇപ്പോൾ വരൾച്ചയാണ്. പാലക്കാട് ജില്ലയിലും കൊല്ലം ജില്ലയിലുമാണ് ഏറ്റവും കൂടുതൽ ഭൂഗർഭജലം താഴുന്നതായി കാണപ്പെടുന്നത്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഉൾപ്പെടെയുള്ള ഇൻഡസ്ട്രിയൽ ഏരിയയിൽ, പെപ്സി, കൊക്കകോള അടക്കമുള്ള എല്ലാ സ്ഥാപനങ്ങളും മഴവെള്ളം ഹാർവെസ്റ്റ് ചെയ്ത് ഭൂമിക്കുള്ളിലേയ്ക്ക്

താഴ്ത്തുന്നതിനുള്ള സംവിധാനം ഒരുക്കണം. ഉപയോഗശൂന്യമായി കിടക്കുന്ന കുഴൽക്കിണറുകൾ നിറയ്ക്കാൻ ഇതുകൊണ്ട് സാധിക്കും. ഓപ്പൺ വെല്ലിനോട് ചേർന്ന് ചെറിയ കുഴികൾ നിർമ്മിച്ചും വെള്ളം റീ ചാർജ് ചെയ്യാം. വെള്ളം ഉപയോഗിക്കുന്നവരും അല്ലാത്തവരുമായ എല്ലാ കമ്പനികളും ഇങ്ങനെ ഭൂഗർഭ ജലം റീ ചാർജ് ചെയ്താൽ ഭാവിയിൽ വെള്ളത്തിന് ബുദ്ധിമുട്ടേണ്ടി വരില്ല. അടുത്ത മഴക്കാലത്തെങ്കിലും ഭൂഗർഭ ജലം റീ ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? ഇത് എന്റെ ഒരു നിർദ്ദേശമാണ്, മൈക്ക് അനുവദിച്ചില്ലെങ്കിലും കുഴപ്പമില്ല, രേഖയിലുണ്ടായാൽ മതി.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ കാര്യങ്ങൾ വിശദമായി ബഹുമാനപ്പെട്ട മന്ത്രിക്ക് എഴുതി കൊടുത്താൽ മതി.

(5) പമ്പാ ജലസേചന പദ്ധതി

ശ്രീമതി വീണാ ജോർജ്ജ്: സർ, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ഏതാണ്ട് 21135 ഹെക്ടർ കൃഷി ഭൂമിയിൽ ജലസേചനം നടത്തുന്ന പദ്ധതിയാണ് പമ്പാ ഇറിഗേഷൻ പദ്ധതി. ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ പുറത്തേയ്ക്ക് ഒഴുകുന്ന ജലം കനാലുകളിലൂടെ കൃഷിഭൂമിയിൽ എത്തിക്കുന്ന പദ്ധതിയാണിത്. 1964-ൽ ഏതാണ്ട് 3 കോടി 84 ലക്ഷം രൂപ എസ്റ്റിമേറ്റ് വച്ച് തുടങ്ങിയ പദ്ധതിയാണ്. നിലവിൽ ഒരു ഡിവിഷണൽ ഓഫീസും 3 സബ് ഡിവിഷണൽ ഓഫീസും 10 മറ്റ് ഓഫീസുകളുമായിരുന്ന ഈ പദ്ധതിക്കുണ്ടായിരുന്നത്. പക്ഷെ രണ്ട് സബ് ഡിവിഷണൽ ഓഫീസുകൾ ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. കനാലും സബ് കനാലുകളുമായി ഏതാണ്ട് 600 കിലോമീറ്ററോളം ഇതിന് നീളമുണ്ട്. 1984 മോഡൽ മഹീന്ദ്ര ജീപ്പാണ് പമ്പാ ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഫീസേഴ്സിനുള്ളത്. ഈ കനാലിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായി അറിയാം, കനാലിന്റെ മിക്ക ഇടങ്ങളിലും ലീക്കേജുണ്ട്. വേനൽക്കാലത്ത് ജലവിതാനത്തെ പിടിച്ചുനിർത്തുന്ന വലിയൊരു പദ്ധതിയാണ് പമ്പാ ഇറിഗേഷൻ പദ്ധതി; പക്ഷെ ഇത് അവഗണിക്കപ്പെട്ട് പോകുകയാണ്. ഇതിൽ അടിയന്തരമായ ഇടപെടലുണ്ടാകണം. സംസ്ഥാന സർക്കാർ ഉപരിതല ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി നടപടി സ്വീകരിക്കുമ്പോൾ ഇത്തരം വൻകിട പദ്ധതികൾ അവഗണിക്കപ്പെടാൻ ഇടയാകരുത്. ഇതിന്റെ ഇപ്പോഴത്തെ ടോട്ടൽ വാല്യുവേഷൻ 1500 കോടി രൂപയാണ്. രണ്ട് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന, ജലസേചനത്തിനും കുടിവെള്ളത്തിനുമായി ജനങ്ങൾ ആശ്രയിക്കുന്ന ഈ പദ്ധതി നിലനിർത്തിക്കൊണ്ട് പോകുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഇവിടെ നിലനിന്നിരുന്ന പ്രശ്നം പരിഹരിക്കാൻവേണ്ടി നേരത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഡിപ്ലോയ് ചെയ്ത ഉദ്യോഗസ്ഥരുടെയടക്കം 1020-ഓളം തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ട്; പക്ഷേ ആരുടേയും ജോലി നഷ്ടപ്പെടുകയില്ല. അതിന്റെ ഭാഗമായി ചില ഓഫീസുകൾ മാറിയെങ്കിലും പമ്പാ ഇറിഗേഷൻ പദ്ധതിയുടെ ചെങ്ങന്നൂർ ഡിവിഷണൽ ഓഫീസ് നിർത്തലാക്കിയിട്ടില്ല. നിർത്തലാക്കുന്ന ഓഫീസുകളിൽനിന്ന് ലഭ്യമായിരുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക് തുടർന്നും ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയുടെ, പ്രത്യേകിച്ച് ആറന്മുള നിയോജക മണ്ഡലത്തിലെ കൃഷിയിടങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.ഐ.പി. സബ് ഡിവിഷൻ കോഴഞ്ചേരിയും, പി.ഐ.പി.യുടെ മണിയാർ, കോഴഞ്ചേരി, ഇരവിപേരൂർ സെക്ഷൻ ഓഫീസുകളും തുടർന്നും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതാണ്. പമ്പാ ജലസേചന പദ്ധതിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും മറ്റുമായി വർഷാവർഷം ബജറ്റിൽ തുക വകയിരുത്താറുള്ളതും, ടി തുക വിനിയോഗിച്ചുകൊണ്ട് കനാലുകളിൽ വാർഷിക അറ്റകുറ്റപ്പണികൾ നടത്താറുള്ളതുമാണ്. 2016-17 വർഷത്തിൽ 4 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 2017-18-ൽ ശീർഷകം 2700-16-ൽ 9 കോടി 77 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൃത്യമായി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## (6) ആറുകളുടെ പുനരുജ്ജീവനം

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, പമ്പ, അച്ചൻകോവിൽ, ഉത്തരപ്പള്ളി, കുട്ടൻപേരൂർ, വരട്ടാർ എന്നീ പഞ്ചനദികളുടെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹീതമായിരുന്നു ചെങ്ങന്നൂർ. പക്ഷേ ഇന്ന് ഉത്തരപ്പള്ളി ആറ്, വരട്ടാർ, കുട്ടൻപേരൂർ ആറ് എന്നിവ പൂർണ്ണമായും നശിച്ചിരിക്കുകയാണ്, നീരൊഴുക്കുപോലും നഷ്ടപ്പെട്ടിരിക്കുകയാണ്. അതിന്റെ ഫലമായി ഗുരുതരമായ വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്ന ഒരു പ്രദേശമായി ഇത് മാറിയിരിക്കുകയാണ്. മാർത്താണ്ഡവർമ്മയുടെ ഭരണകാലത്ത് അധികാരത്തർക്കത്തിന്റെ പേരിൽ അച്ചൻകോവിലാർ വെട്ടി, വെട്ടിയാർ വഴി കൊണ്ടുപോയി എന്നാണ് ചരിത്രം സൂചിപ്പിക്കുന്നത്. ഉത്തരപ്പള്ളി ആറിനും ചരിത്രപരമായ പ്രാധാന്യമുണ്ട്. ചെങ്ങന്നൂരിന്റെ പ്രതിനിധിയും കേരളത്തിലെ ആദ്യത്തെ സ്പീക്കറുമായിരുന്ന ആദരണീയനായ ശങ്കരനാരായണൻ തമ്പിയുടെ സ്വപ്ന പദ്ധതിയായിരുന്നു ഉത്തരപ്പള്ളി ആറിന്റെ പുനരുജ്ജീവനം. അദ്ദേഹം വളരെയധികം പരിശ്രമിച്ചു,

പക്ഷേ നടന്നില്ല. കുട്ടൻപേരൂർ, ഉത്തരപ്പള്ളി, വരട്ടാർ എന്നീ മൂന്ന് ആറുകൾ പുനരുജ്ജീവിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വലിയ യജ്ഞം നാട്ടിൻപുറത്ത് നടക്കുകയാണ്. ആയിരക്കണക്കിന് ഏക്കർ നെൽകൃഷിയും അനുബന്ധ കൃഷികളുമാണ് വെള്ളം കിട്ടാതെയും ആറ് കയ്യേറ്റം ചെയ്ത് ഭൂമി സ്വന്തമാക്കപ്പെടുകയും ചെയ്തതുമൂലം നഷ്ടമായത്. ചെങ്ങന്നൂർ മണ്ഡലത്തിൽ ഏറ്റവും നന്നായി കൃഷി ചെയ്തിരുന്ന സ്ഥലങ്ങളിലെല്ലാം ഇപ്പോൾ ജലമില്ലായ്മയും കുടിവെള്ളം കിട്ടാത്തതുമായ അവസ്ഥ സംജാതമായിരിക്കുന്നു. ചെങ്ങന്നൂരിനും അതിന്റെ ചുറ്റുപാടുമുള്ള പ്രദേശങ്ങൾക്കും ജലം കൊടുത്തിരുന്ന ഈ മൂന്ന് ആറുകളെ പുനരുജ്ജീവിപ്പിച്ചാൽ തീർച്ചയായും മദ്ധ്യ തിരുവിതാംകൂറിന് വലിയ അനുഗ്രഹമായിരിക്കും. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ആറുകൾ, തോടുകൾ, ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമ്പോൾ ഇതുകൂടി പരിഗണിക്കണം. കുട്ടനാട് അടക്കമുള്ള പ്രദേശങ്ങളിൽ പമ്പയാറിൽ നിന്നും മറ്റുള്ള പ്രദേശങ്ങളിൽ അച്ചൻകോവിലാറിൽ നിന്നുമാണ് വെള്ളം കൊണ്ടുപോകുന്നത്. കുടിവെള്ളം കൊണ്ടുപോകുന്നതിന് സഹായകരമായ ഈ ആറുകളുടെ പുനരുജ്ജീവനം സാദ്ധ്യമാക്കുന്നതിലൂടെ കൃഷിയും ജനജീവിതവും സാധാരണ നിലയിൽ കൊണ്ടുവരുന്നതിന് സാധിക്കും. ആ നിലയിൽ ഇത് സംരക്ഷിക്കണമെന്നാണ് വിനയപൂർവ്വം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, പമ്പ, അച്ചൻകോവിൽ നദികളിൽ ചെക്ക് ഡാമുകളുടെ നിർമ്മാണവും വിവിധ ഭാഗങ്ങളിൽ തീര സംരക്ഷണ പ്രവൃത്തികളും നടന്നുവരുന്നുണ്ട്. ഈ നദികളിലെ ജലനിരപ്പ് ഉയരുന്നതിനും ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ഇത്തരം പ്രവൃത്തികൾ സഹായകരമാകും. വള്ളംകളിയുമായി ബന്ധപ്പെട്ട് ചുണ്ടൻ വള്ളം അടക്കം പോകേണ്ട സ്ഥലങ്ങളിൽ സ്ഥിരമായ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നത് തടസ്സങ്ങളുണ്ടാക്കും എന്നുള്ള ഒരു പ്രശ്നമുണ്ട്. വരൾച്ച ഒരു പരിധിവരെ തടയുന്നതിനും കൃഷിക്ക് ആവശ്യമായ ജലം ലഭിക്കുന്നതിനും ചെക്ക് ഡാമുകളുടെ നിർമ്മാണം സഹായമാകുന്നുണ്ട്. ലാൻഡ് യൂസ് ബോർഡിന്റെ മേൽനോട്ടത്തിൽ പമ്പാ നദിയുടെ തീരപ്രദേശങ്ങൾ സർവ്വേ ചെയ്ത് നിജപ്പെടുത്തിയിട്ടുണ്ട്. അച്ചൻകോവിലാറിന്റെ റിവർ മാപ്പിംഗ് സർവ്വേയും ഇപ്പോൾ നടന്നുവരുന്നു. സർവ്വേ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നദിയുടെ വശങ്ങളിലെ കയ്യേറ്റങ്ങൾ പരിശോധിച്ച് ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് നദികളുടെ വിവിധ ഭാഗങ്ങളിലായി താൽക്കാലികവും സ്ഥിരവുമായ തടയണകൾ നിർമ്മിക്കുന്നതിനുള്ള വിവിധ

പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതുവഴി നദികളുടെ പ്രസ്തുത ഭാഗങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കുട്ടൻപേരൂർ ആറ് കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ടുവരുന്നു. ഈ ആറ് വളരെ പുരാതനവും അച്ചൻകോവിൽ ആറിനേയും പമ്പയാറിനേയും ബന്ധിപ്പിക്കുന്നതുമാണ്. 9800 മീറ്റർ നീളമുള്ള പ്രസ്തുത ആറ് വളരെയധികം മലിനപ്പെട്ട് ഒഴുക്കില്ലാതെ കിടക്കുകയാണ്. മാന്നാർ, ബുധനൂർ, എണ്ണക്കാട് ഗ്രാമം, ചെന്നിത്തല എന്നീ പ്രദേശങ്ങളിലെ കൃഷിയും കുടിവെള്ളവും ഇതിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കൂടാതെ ഈ ആറിന്റെ നവീകരണം പ്രസ്തുത പ്രദേശങ്ങളിലെ വെള്ളപ്പൊക്കം ഒരു പരിധിവരെ നിയന്ത്രിക്കുന്നതാണ്. എണ്ണക്കാട് കടവുമുതൽ വടക്കോട്ട് പമ്പാ നദിവരെയുള്ള ഭാഗത്തെ പടിഞ്ഞാറുവശം ബലപ്പെടുത്തുന്ന ജോലി കുട്ടനാട് പാക്കേജിൽ ഫെയ്സ് 1-ൽ ഉൾപ്പെടുത്തിയും കിഴക്കുവശം ഫെയ്സ് 2-ൽ ഉൾപ്പെടുത്തിയും എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. ആറ് വൃത്തിയാക്കുന്ന ജോലികൾ എം.എൽ.എ.-യുടെ പരിശ്രമഫലമായി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഭാഗികമായി നടത്തപ്പെട്ടിട്ടുണ്ട്, അക്കാര്യത്തിൽ എം.എൽ.എ. പ്രത്യേകം താൽപ്പര്യമെടുത്തിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഒരു മേഖലയായ ജലവിഭവ സംരക്ഷണം നടപ്പിലാക്കാനുദ്ദേശിക്കുന്നത് 2 ഘട്ടമായിട്ടാണ്. ആദ്യഘട്ടത്തിൽ കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ്. രണ്ടാംഘട്ടത്തിൽ നദികൾ, കായലുകൾ, മറ്റ് ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ശുചീകരണ നവീകരണ പ്രവർത്തനങ്ങളുമാണുദ്ദേശിക്കുന്നത്. രണ്ടാംഘട്ട പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ മേൽപ്പറഞ്ഞ നദികളുടെ നവീകരണപ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

## (7) കർഷകർക്ക് ആശ്വാസം

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കൃഷികൊണ്ട് ഉപജീവനം കഴിക്കുന്ന കൃഷിക്കാരും കർഷകത്തൊഴിലാളികളും വരൾച്ചമൂലം പിടിച്ച് നിൽക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. 35 വയസ്സിന് മുകളിലുള്ളവരാണ് കൃഷികൊണ്ട് ഉപജീവനം കഴിക്കുന്നവരിലേറെയും. അവർക്ക് മറ്റൊരു തൊഴിലുമറിയില്ല. അത് തന്നെയാണ് കർഷകത്തൊഴിലാളികളുടേയും സ്ഥിതി. വിളനാശം വന്നതോടുകൂടി രണ്ടാം കൃഷി ചെയ്തിട്ടില്ല. ഒക്ടോബർ മാസംവരെ ഇവരുടെ കുടുംബത്തിന് ജീവിക്കാൻ ഒരു വരുമാനവുമില്ല. ഇന്ന് ഒരു കുടുംബത്തിന് ജീവിക്കണമെങ്കിൽ 18,000 രൂപയെങ്കിലും വരുമാനമുണ്ടാകണം. ഒക്ടോബർ മാസംവരെ ഇവർ എങ്ങനെയാണ് ജീവിക്കുന്നത്? മാത്രമല്ല മേയ് അവസാനവും ജൂൺ ആദ്യവാരവും ആദ്യ വിള കൃഷിയിറക്കണം. അതിനുള്ള തുക എവിടെയാണ്? ബാങ്കുകൾ രണ്ടാം

വിളയ്ക്കുള്ള വായ്പയും അനുവദിക്കുന്നില്ല. ആദ്യ കൃഷിയിറക്കിയാൽ മാത്രമേ ഒക്ടോബർ മാസമാവുമ്പോൾ കർഷകർക്ക് വരുമാനം ലഭിക്കുകയുള്ളൂ. വല്ലാത്ത ഒരവസ്ഥയാണ്. കൃഷികൊണ്ട് ഉപജീവനം കഴിക്കുന്ന ആളുകൾക്ക് ഭൂമിയുണ്ടെന്നല്ലാതെ കൃഷി ചെയ്യാൻ സാധിക്കാതെ വരുമ്പോൾ ആ ഭൂമി തന്നെ കൈമാറിപ്പോകാനുള്ള സാധ്യതയാണ് നിലവിലുള്ളത്.

നെൽകൃഷി ചെയ്തവർക്ക് വരൾച്ചയ്ക്കുള്ള നഷ്ടപരിഹാരമായി നൽകാൻ പോകുന്നത് ഹെക്ടറിന് പതിമൂന്നായിരത്തി ചില്വാനം രൂപയാണ്. ഇത്തവണ വിള ഇൻഷ്വർ ചെയ്യാനും സാധിച്ചിട്ടില്ല, അതിനാൽ അതും കിട്ടുകയില്ല. കൂടാതെ നാല്പത്തിയഞ്ച് ദിവസം മുൻപാണ് നഷ്ടം സംഭവിച്ചതെങ്കിൽ 7,500 രൂപയാണ് ലഭിക്കുക, തെങ്ങിന് 700 രൂപ, കുലയ്ക്കാത്തതിന് 350 രൂപ; അതിന് 5 വർഷം കഴിയേണ്ടതുണ്ട്, വാഴ 100 രൂപ, കുലയ്ക്കാത്ത വാഴയ്ക്ക് 75 രൂപ, പച്ചക്കറിക്ക് 540 രൂപ. ഇത്രയും തുച്ഛമായ തുകകൊണ്ട് അവർക്ക് എങ്ങനെയാണ് പിടിച്ചുനിൽക്കാൻ സാധിക്കുക? ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു കത്ത് അങ്ങേയ്ക്ക് തന്നിട്ടുണ്ട്. ഇക്കാര്യത്തിൽ എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത് എന്തെന്നാൽ, വിള നഷ്ടം കണക്കാക്കിയാൽ ഒരേക്കറിന് 49,500 രൂപയെങ്കിലും ലഭിക്കണം. അത് മുഴുവൻ സർക്കാരിൽ നിന്ന് മാത്രമല്ല, ഒരു ഗവൺമെന്റ് ഉത്തരവുകൊണ്ട് കുറച്ചുതുക കൂടി വേറെ സമാഹരിക്കാനും സാധിക്കുന്നതാണ്. അത് സംബന്ധിച്ച ഒരു കത്ത് ഞാൻ അങ്ങേയ്ക്ക് നൽകിയിട്ടുണ്ട്. രണ്ടാം വിളക്കാലത്ത് നടപ്പാക്കാനുദ്ദേശിച്ചിരുന്ന ആർ.കെ.വി.വൈ., സുസ്ഥിര നെൽകൃഷി വികസന പരിപാടി, ഉഴവുകൂലിക്കുള്ള സഹായം, ഉല്പാദന ബോണസ് തുടങ്ങിയ പദ്ധതികൾക്കായി വകയിരുത്തിയ തുകകൾ കൂടി ഇതിനായി ചെലവഴിക്കാം. അതിനുള്ള ഉത്തരവ് മാറ്റിയാൽ മതിയാകും. ആദ്യ വിളയ്ക്ക് നൽകാൻ സാധിച്ചാൽ അതിൽ നിന്നും കുറച്ച് തുക ലഭിക്കുന്നതാണ്. ബാക്കി സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള സഹായം കൂടിയാകുമ്പോൾ പാവങ്ങൾക്ക് പിടിച്ച് നിൽക്കാൻ സാധിക്കും. ഇല്ലെങ്കിൽ ആത്മഹത്യയിലേയ്ക്കായിരിക്കും ഈ പാവങ്ങൾ പോകുന്നത്.

അതുപോലെ ഇവരുടെ കടങ്ങൾ എഴുതിത്തള്ളണം. എല്ലാവരുടേയും കടങ്ങൾ എഴുതി തള്ളണമെന്ന് ഞാൻ പറയുന്നില്ല. എന്റെ കടം എഴുതി തള്ളണമെന്ന് ഞാൻ പറയുന്നില്ല. എനിക്ക് ഇറിഗേഷൻ ഉണ്ട് എന്നുപറഞ്ഞ് അത് ഒഴിവാക്കാവുന്നതാണ്. കൃഷികൊണ്ട് ഉപജീവനം നടത്തുന്ന ആളുകളുടെ കടം എഴുതിത്തള്ളുന്നതോടൊപ്പം സാമ്പത്തിക സഹായവും കൊടുക്കണം. അല്ലെങ്കിൽ കൃഷിയിൽ പിടിച്ചു നിൽക്കാൻ അവർക്ക് സാധിക്കില്ല, പ്രത്യേകിച്ച് പാലക്കാട് ജില്ലയിൽ. ഭയാനകമായൊരു സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. കർഷക തൊഴിലാളികളിൽ കൂടുതൽ പേർക്കും 35 വയസ്സിന് മുകളിലാണ് പ്രായം.

അവർക്ക് മറ്റൊരു ജോലിയും അറിയില്ല. അവർക്ക് തൊഴിലുണ്ടാക്കാനും സൗജന്യ റേഷൻ അനുവദിക്കാനും നടപടിയുണ്ടാകണം. അതല്ലെങ്കിൽ കാർഷിക മേഖലയിൽ നിന്ന് ആളുകൾ മുഴുവൻ കൊഴിഞ്ഞ് പോകുന്നതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ വളരെ ഗൗരവമുള്ളവയാണ്. കാർഷിക മേഖലയായ പാലക്കാട് ജില്ലയിൽ 45,000 ഹെക്ടറിലാണ് രണ്ടാംവിള കൃഷി ചെയ്യാറുള്ളത്. പക്ഷെ ഇത്തവണ അത് 28,602 ഹെക്ടറായി ചുരുക്കേണ്ടി വന്നിരിക്കുകയാണ്. വെള്ളത്തിന്റെ ക്ഷാമംമൂലം മറ്റ് പ്രദേശങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കാത്തതിനാൽ ഏകദേശം 14,000 ഹെക്ടർ സ്ഥലത്തെ നെൽകൃഷി ഉണങ്ങിയതായിട്ടാണ് പ്രാഥമിക റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. അന്തിമ കണക്ക് വരുമ്പോൾ ഇത് ഇനിയും ഉയരാനാണ് സാധ്യത. പ്രാഥമിക കണക്കനുസരിച്ച് സംസ്ഥാനത്ത് ഏകദേശം 30,353 ഹെക്ടറോളം പ്രദേശത്തെ കൃഷി നശിക്കുകയും ഏകദേശം 31,358 കർഷകർക്ക് നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ കണക്കെടുപ്പിൽത്തന്നെ നഷ്ടം 300 കോടി രൂപയായിട്ടുണ്ട്. ഇനി അതിന്റെ രണ്ടോ മൂന്നോ ഇരട്ടിയാകാനാണ് സാധ്യത.

ശ്രീ. കെ. കൃഷ്ണൻകുട്ടി:........(മൈക്ക് ഓഫ്).... വരൾച്ചമൂലം കൃഷി ചെയ്യാത്ത ആളുകളുമുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: കൃഷി ചെയ്യാതിരുന്നത് വരൾച്ചമൂലമായിരുന്നു എന്നതുകൊണ്ട് അതടക്കം കൃഷിനാശമായി കണക്കാക്കിക്കൊണ്ടാണ് ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് സർക്കാർ സഹായവും പിന്തുണയും ഇല്ലാത്തതിന്റെ പേരിൽ ഒരു കൃഷിക്കാരനും ആത്മഹത്യ ചെയ്യേണ്ട സ്ഥിതി ഇവിടെ ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ട് ആശങ്കയുടെ ആവശ്യമില്ല. അങ്ങ് പറയുന്ന രീതിയിലുള്ള സഹായം ലഭ്യമാകണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായം കൂടി ലഭ്യമാക്കേണ്ടിവരും. അങ്ങനെ ലഭ്യമാക്കുന്നതിനു വേണ്ടി ഏകദേശം 900 കോടി രൂപ ആവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിന് സർക്കാർ കത്തയയ്ക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സർവ്വകക്ഷി സംഘം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണാൻ അനുമതി ചോദിച്ചപ്പോൾ നിർഭാഗ്യവശാൽ അനുമതി ലഭിച്ചില്ലായെന്നുള്ള കാര്യം ഇന്നലെ ചർച്ച ചെയ്തതാണ്. സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങളല്ല എന്നതിനാൽ കേന്ദ്ര സഹായം കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായി പരിശ്രമിക്കുകയാണ്. ഇപ്പോൾ ഒരു ഹെക്ടറിന് 13,500 രൂപയാണ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരിക്കുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ച കണക്കുകളെല്ലാം

തന്നെ സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ നൽകുന്ന ധനസഹായത്തിന്റെ കണക്കുകളാണ്. 2015-ലെ ഉത്തരവ് പ്രകാരം കേന്ദ്ര ഗവൺമെന്റ് സഹായം വെട്ടിക്കുറയ്ക്കുകയുണ്ടായി. കേന്ദ്ര സഹായം വെട്ടിക്കുറച്ചെങ്കിലും സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടിൽനിന്നും പഴയതുപോലെ തന്നെ സഹായം നൽകാനുള്ള തീരുമാനമെടുത്തതിന്റെ ഫലമായിട്ടാണ് പരിമിതമായ തുകയെങ്കിലും കൃഷിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് വർഷാവർഷങ്ങളിൽ കൃഷിക്കാർക്ക് നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം വെട്ടിക്കുറച്ചു കൊണ്ടിരിക്കുന്നു എന്നുള്ള ഗുരുതരമായ സ്ഥിതിവിശേഷം അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയത് നന്നായി. പക്ഷെ സംസ്ഥാന ഗവൺമെന്റ് അതൊന്നും പരിഗണിക്കാതെ സഹായം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിനു പുറമെ ഇൻഷ്വർ ചെയ്ത കൃഷിക്കാർക്ക് 12,500 രൂപയും നൽകുന്നുണ്ട്.

അങ്ങ് ഇവിടെ ആവശ്യപ്പെട്ടതുപ്രകാരം ആർ.കെ.വി.വൈ. പദ്ധതിയുടെ പണവും ഉഴവുകൂലി ഉൾപ്പെടെയുള്ളവയുടെ പണവും വകമാറ്റാൻ കഴിയുമോ എന്ന കാര്യം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്യുന്നുണ്ട്. ആ പണം കൂടി ഉപയോഗിച്ചുകൊണ്ട് കൃഷിക്കാർക്ക് കൂടുതൽ നഷ്ടപരിഹാരം നൽകാൻ സാധ്യമാകുമെങ്കിൽ അത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മറ്റൊന്ന് റേഷനരിയുടെ കാര്യമാണ്. കൃഷിക്കാരുടെ കാര്യത്തിൽ മാത്രമായി ഒരു തീരുമാനമെടുക്കാൻ കഴിയില്ലായെന്ന് അങ്ങേയ്ക്ക് അറിയാം. ഗുരുതരമായ സ്ഥിതിവിശേഷം വച്ചുകൊണ്ട് ഗവൺമെന്റ് തലത്തിൽ തീരുമാനമെടുക്കേണ്ട കാര്യമായതുകൊണ്ട് എനിക്ക് അക്കാര്യത്തിൽ മറുപടി നൽകാൻ സാധ്യമല്ല. എങ്കിൽപോലും അങ്ങ് സൂചിപ്പിച്ചതുപോലെ രണ്ടാം വിള കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് ബാങ്കുകൾ ലോൺ നൽകാൻ തയ്യാറായില്ലെങ്കിൽ ബാങ്കുകളുമായി ചർച്ച നടത്തി രണ്ടാം കൃഷിക്ക് ലോൺ ലഭ്യമാക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും.

## (8) ബീഡി തൊഴിലാളികളുടെ വേതന വർദ്ധനവ്

ശ്രീ. എ. എൻ. ഷംസീർ: സർ, പരമ്പരാഗത തൊഴിൽ മേഖലയിൽ കണ്ണൂർ, കാസർകോട് ജില്ലകളിലെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ മേഖലയാണ് ബീഡി തൊഴിൽ മേഖല. ബീഡി തൊഴിൽ മേഖല ഇന്ന് കടുത്ത പ്രതിസന്ധി നേരിടുകയാണ്. ബീഡിത്തൊഴിലാളികൾ അടച്ച തുക അവർക്ക് തിരിച്ചു കൊടുക്കാൻ തീരുമാനിച്ചതോടൊപ്പം 20 കോടി രൂപയുടെ ഗ്രാന്റും അവർക്ക് അനുവദിച്ചിട്ടുണ്ട്. ഇതിന് പിണറായി സർക്കാരിനേയും ഡോ. തോമസ് ഐസക്കിനേയും ബീഡിത്തൊഴിലാളികൾക്കുവേണ്ടി ഞാൻ അഭിനന്ദിക്കുകയാണ്.

ഇവരുടെ ജീവിതം ഇന്ന് കൂടുതൽ കൂടുതൽ ദുരിത പൂർണ്ണമായി ക്കൊണ്ടിരിക്കുകയാണ്. പുരുഷ തൊഴിലാളികൾ ഈ മേഖല വിട്ടുകൊണ്ടിരിക്കുകയാണ്. സ്ത്രീകൾ മാത്രമാണ് ഇപ്പോൾ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നത്. അവർ ഇപ്പോഴും വലിയ പ്രയാസത്തിലാണ്. ആയിരം ബീഡി തെറുത്താൽ അവർക്ക് 100 രൂപയാണ് ലഭിക്കുന്നത്. പലർക്കും ഒരു ദിവസം ആയിരം ബീഡി തെറുക്കാൻപോലും സാധിക്കുകയില്ല. അപ്പോൾ 100 രൂപയിൽ താഴെയാണ് അവരുടെ ഒരു ദിവസത്തെ വരുമാനം. മിനിമം വേജസ് കമ്മിറ്റി യോഗം ചേർന്ന് പല തീരുമാനങ്ങളും മുൻപ് എടുത്തിട്ടുണ്ടെങ്കിലും അതൊന്നും നടപ്പിലാക്കിയിട്ടില്ല. മിനിമം വേജസ് കമ്മിറ്റി ശിപാർശ ചെയ്തത് ആയിരം ബീഡി തെറുത്താൽ 275 രൂപ നൽകണമെന്നതാണ്. പക്ഷെ സംസ്ഥാന സർക്കാർ അതിൽ ഒരു തീരുമാനവും എടുത്തിട്ടില്ല. അതുകൊണ്ട് ഈ പരമ്പരാഗത തൊഴിൽമേഖലയെ സംരക്ഷിക്കാൻ, ഈ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി മിനിമം വേജസ് പുതുക്കി നിശ്ചയിക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അത് എപ്പോൾ സ്വീകരിക്കാൻ സാധിക്കും; ബീഡിത്തൊഴിലാളി മേഖലയും ബീഡി കമ്പനികളും ഒരു കാലത്ത് രാഷ്ട്രീയ ചർച്ചകളുടെ വലിയ കേന്ദ്രങ്ങളായിരുന്നു. ആ കമ്പനികളിലെ തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുമ്പോൾ ഇതിന് പരിഹാരമുണ്ടാക്കാനും ഇവരുടെ ജീവിതത്തേയും കുടുംബത്തേയും സംരക്ഷിക്കാനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തര നടപടികളുണ്ടാകണം. മിനിമം വേജസ് പുതുക്കി നിശ്ചയിക്കാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. എൻ. ഷംസീർ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന വിഷയം വളരെ ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് പരിഗണിക്കുന്നത്. കേരളത്തിൽ ബീഡി ആന്റ് സിഗാർ മേഖലയിലെ തൊഴിലാളികൾക്ക് സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ബീഡി ആന്റ് സിഗാർ ഉൽപ്പാദന മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് 6-11-2010-ലെ സർക്കാർ ഉത്തരവ് എം.എസ്.134/2010/തൊഴിൽ പ്രകാരമായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷം ഈ വിഷയത്തിലുള്ള നടപടികൾ ത്വരിതപ്പെടുത്തി. 6-3-2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) 13/2017/ തൊഴിൽ നമ്പർ പ്രകാരം ബീഡിമേഖലയിൽ തൊഴിലെടുക്കുന്നവരുടെ മിനിമം വേതനം പുതുക്കി

നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നോട്ടിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ച് രണ്ട് ദിവസത്തിനകം പബ്ലിഷ് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ തീരുമാനിച്ചിട്ടുള്ള കൂലിയുടെ പട്ടിക ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. (പട്ടിക മേശപ്പുറത്തു വച്ചു.)

## (9) ബാങ്കുകളുടെ പ്രതിലോമ നടപടികൾ

ശ്രീ. എം. നൗഷാദ്: സർ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കശുവണ്ടി വ്യവസായം. രാജ്യത്തെ സമ്പദ്‌വ്യവസ്ഥ നിലനിർത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന മേഖലയാണ് കശുവണ്ടി മേഖല. 2,56,996 തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. കേരളത്തിൽ ആകെ 683 കശുവണ്ടി ഫാക്ടറികൾ ഉള്ളതിൽ 552 എണ്ണവും കൊല്ലം ജില്ലയിലാണ്. കാപെക്സ്, കാഷ്യൂ കോർപ്പറേഷൻ മേഖലകളിൽ ഇരുപതിനും ഇരുപത്തയ്യായിരത്തിനും ഇടയ്ക്ക് തൊഴിലാളികൾ മാത്രമാണ് പണിയെടുക്കുന്നത്. പൊതുമേഖലയിൽ 10 ശതമാനം മാത്രമേയുള്ളു. ബാക്കി 90 ശതമാനം തൊഴിലാളികളും തൊഴിലെടുക്കുന്നത് സ്വകാര്യമേഖലയിലാണ്. 10 ലക്ഷം മെട്രിക് ടൺ കശുവണ്ടിയാണ് ആവശ്യമായി വരുന്നത്. അതിൽ നാല് ലക്ഷം മെട്രിക് ടൺ കശുവണ്ടിയാണ് ഇവിടെ ഉല്പാദിപ്പിക്കാൻ കഴിയുന്നത്. ആറ് ലക്ഷം ടണ്ണും പുറത്തുനിന്നും ഇറക്കുമതി ചെയ്യുകയാണ് ചെയ്യുന്നത്. ബാങ്കിൽ നിന്നും ലോൺ എടുത്താണ് വ്യവസായികൾ വ്യവസായം നടത്തുന്നതും അതുവഴിയാണ് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതും. ഇന്ന് ഈ മേഖല വളരെ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ബാങ്കുകൾ ലോൺ നൽകി 90 ദിവസത്തിനുള്ളിൽ ലോൺ തിരിച്ചടച്ചില്ലെങ്കിൽ ലോണെടുത്ത ആളിനെ കരിമ്പട്ടികയിൽപ്പെടുത്തുകയാണ്. അതായത് NPA (Non Performing asset) എന്നുള്ള ബാങ്കിന്റെ പുതിയ സിസ്റ്റത്തിൽ ഉൾപ്പെടുത്തുകയാണ്. അങ്ങനെ ഒരാളെ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ അയാൾക്ക് ഇൻഡ്യയിലെ ഒരു ബാങ്കിൽനിന്നും ലോൺ എടുക്കാൻ കഴിയില്ല. 90 ദിവസത്തിനുള്ളിൽ ലോൺ തിരിച്ചടച്ചില്ലെന്നുണ്ടെങ്കിൽ ആ വ്യവസായിയുടെ മരണമാണ് യഥാർത്ഥത്തിൽ അവിടെ സംഭവിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ചെറുകിട ഇടത്തരം വ്യവസായികൾക്ക് ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ കശുവണ്ടി മേഖലയിലെ പ്രതിസന്ധി കൂടി പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ജനാധിപത്യമല്ല, ബാങ്കാധിപത്യമാണ് ഇവിടെ നടക്കുന്നത്. 10 ശതമാനം നികുതി കൂടി കേന്ദ്ര ഗവൺമെന്റ് ഇറക്കുമതിക്ക് ഏർപ്പെടുത്തിയതോടുകൂടി ഈ വ്യവസായം ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഈ സാഹചര്യത്തിൽ വ്യവസായികളെ സംരക്ഷിക്കുകവഴി തൊഴിലാളികളെക്കൂടി സംരക്ഷിക്കുക എന്ന

ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് ബാങ്കിംഗ് മേഖലയിൽ ഇന്ന് നിലനിൽക്കുന്ന അരാജകത്വ പ്രവണതയ്ക്കെതിരായി, വ്യവസായികളെ ഇല്ലായ്മ ചെയ്യുന്ന ബാങ്കിംഗ് നയത്തിനെതിരായി വ്യവസായത്തെ സംരക്ഷിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തണമെന്ന അഭ്യർത്ഥനയാണ് സബ്മിഷനായി എനിക്ക് ഉന്നയിക്കാനുള്ളത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, സംസ്ഥാനത്ത് എണ്ണൂറിലധികം കശുവണ്ടി ഫാക്ടറികളാണ് ഇന്ന് നിലവിലുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് മിക്കവാറും ഫാക്ടറികൾ പ്രവർത്തന രഹിതമായിരുന്നു. ഈ സർക്കാരിന്റെ നിരന്തരമായ ഇടപെടലുകൾകൊണ്ട് 428-ലധികം ഫാക്ടറികൾ ഇതിനകം തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ തൊഴിൽവകുപ്പ് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഫാക്ടറികൾ മനഃപൂർവ്വം അടച്ചിട്ട് തൊഴിലാളികൾക്ക് തൊഴിൽ നൽകാതിരിക്കുന്ന ഫാക്ടറി മാനേജ്മെന്റിന്റെ നടപടികൾക്കെതിരെ കാഷ്യൂ സ്പെഷ്യൽ ഓഫീസർ നിയമപരമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ചെറുകിട കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതിന്റെ പ്രധാനകാരണം അവർ അനുഭവിക്കുന്ന തോട്ടണ്ടി ദൗർലഭ്യവും ധനകാര്യ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന ജപ്തി നടപടികളുമാണ്. ഇതിന് പരിഹാരം കാണുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ആദ്യ മാസങ്ങളിൽത്തന്നെ ശ്രമങ്ങൾ ആരംഭിച്ചിരുന്നു. വകുപ്പ് മന്ത്രിയുടേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ നിരവധി യോഗങ്ങൾ വ്യവസായികളെയും ധനകാര്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി നടത്തുകയുണ്ടായി. ഈ പ്രശ്നം പഠിച്ച് പരിഹാരം കാണുന്നതിന് സർക്കാർ ഉദ്യോഗസ്ഥരും ബാങ്ക് പ്രതിനിധികളും അടങ്ങിയ എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയും തുടർ നടപടി സ്വീകരിച്ചുവരികയുമാണ്. 3-8-2016 -ൽ ചേർന്ന എംപവേർഡ് കമ്മിറ്റി യോഗതീരുമാനത്തെത്തുടർന്ന് പ്രവർത്തനശേഷിയുള്ള ഫാക്ടറികൾ കണ്ടെത്താനും ആർ.ബി.ഐ. മാനദണ്ഡ പ്രകാരം ആദ്യഘട്ടത്തിൽ 30 ഫാക്ടറികൾ പുനരുദ്ധരിക്കുന്നതിനും തീരുമാനിച്ചു. 5-12-2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ച് വീണ്ടും യോഗം ചേരുകയും ചെറുകിടസ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ അടങ്ങിയ ഒരു എസ്.പി.വി.

രൂപീകരിക്കാനും അങ്ങനെ രൂപീകരിക്കപ്പെടുന്ന എസ്.പി.വി. പ്രശ്നങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുവരികയാണ്. ചെറുകിട സ്വകാര്യ കശുവണ്ടി വ്യവസായികൾ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കടങ്ങളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സർക്കാരിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓരോ വ്യവസായിയുടേയും ബാധ്യത സംബന്ധിച്ച് ബന്ധപ്പെട്ട ബാങ്കുമായി ചർച്ച നടത്തുന്നതിനും അവരുടെ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള വ്യവസ്ഥകളെക്കുറിച്ച് ആലോചിക്കുന്നതിനും ലോണുകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതുൾപ്പെടെ അർഹതപ്പെട്ട കേസ്സുകളിൽ വായ്പകൾ റീഷെഡ്യൂൾ ചെയ്യുന്ന കാര്യത്തിലും തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അവരുടെ സ്ഥാവര-ജംഗമ വസ്തുക്കൾ ബാങ്കുകളിൽ പണയപ്പെടുത്തി എടുത്ത വായ്പകൾ കുടിശ്ശിക വരുത്തിയ കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതിന് ഏറെ പരിമിതികളുണ്ട്. എങ്കിലും അവരുടെ അക്കൗണ്ട് നോൺ-പെർഫോമിംഗ് അസെറ്റ് ആക്കുന്ന കാര്യത്തിൽ ഇടപെടാൻ ഗവൺമെന്റ് ആലോചിക്കുകയാണ്. തൊഴിലാളികൾക്ക് തൊഴിലുറപ്പ് വരുത്തുന്നതിനുവേണ്ടി സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അവർ കഴിയുന്നത്ര വേഗം കണക്കുകൾ തരികയാണ് അടിയന്തരമായി ചെയ്യേണ്ടത്.

### (10) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള വാതിൽപ്പടി വിതരണം

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തെ വാതിൽപ്പടി വിതരണം സംബന്ധിച്ച വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് ഇനിയും നടപ്പാക്കിയിട്ടില്ല. നവംബർ ഒന്ന് മുതൽ നിയമപ്രകാരമുള്ള അരി വിതരണം മാത്രമാണ് നടക്കുന്നത്. വാതിൽപ്പടി വിതരണവും തുടക്കം മുതൽ ഒടുക്കംവരെയുള്ള കമ്പ്യൂട്ടർവത്ക്കരണവും ഇനിയും നടക്കേണ്ടതായിട്ടുണ്ട്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ എല്ലാ ഘടകങ്ങളുംകൂടി സംസ്ഥാനത്ത് നടപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നതാണ്. പൊതുവിതരണം സുതാര്യമാക്കാനും ഈ രംഗത്തെ ക്രമക്കേടുകൾക്ക് അവസാനം കുറിക്കാനും ധാന്യവിതരണം സുതാര്യമായി നടത്തേണ്ടതുണ്ട്. ആയതിനാൽ ഈ നടപടി എവിടംവരെ ആയെന്നും എന്നുമുതൽ വാതിൽപ്പടി വിതരണം നടപ്പാക്കുമെന്നും വ്യക്തമാക്കണമെന്ന് ബഹുമാന്യനായ മന്ത്രിയോട് ആവശ്യപ്പെടുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ ഒരു സുപ്രധാന ഘടകമാണ് വാതിൽപ്പടി വിതരണം. ഈ സംവിധാനത്തിൽ കേന്ദ്ര സർക്കാരിന്റെ സംഭരണശാലകളിൽ നിന്നും റേഷൻ വിഹിതം ഏറ്റെടുക്കുകയും ആയത് റേഷൻ ന്യായവില കടകളിൽ വാതിൽപ്പടിവരെ എത്തിച്ചുകൊടുക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആ ഉത്തവാദിത്തം ഏറ്റെടുത്ത് പൈലറ്റ് അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ മാർച്ച് 9-ാം തീയതി മുതൽ വാതിൽപ്പടി വിതരണം ആരംഭിക്കുകയാണ്. വാതിൽപ്പടി വിതരണത്തിന്റെയും റേഷൻ കാർഡ് വിതരണത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ കൊല്ലത്ത് നിർവ്വഹിക്കുന്നു. 1966 മുതൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന റേഷൻ മൊത്ത വിതരണ സമ്പ്രദായത്തിന് സംസ്ഥാനത്ത് തിരശ്ശീല വീഴുകയാണ്. മറ്റ് ജില്ലകളിൽ റേഷൻ വിതരണത്തിനായി എഫ്.സി.ഐ. ധാന്യ സംഭരണശാലകളിൽ നിന്നുള്ള ധാന്യത്തിന്റെ വിട്ടെടുപ്പ് സപ്ലൈകോയുടെ നേതൃത്വത്തിൽ ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ മൊത്തം താലൂക്കുകളിലും സപ്ലൈകോയ്ക്ക് പ്രത്യേകം ഗോഡൗണുകൾ തയ്യാറാക്കിയിട്ടുണ്ട്. വാതിൽപ്പടി വിതരണത്തിനായുള്ള ഗതാഗതകരാർ ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലെത്തിയിട്ടുണ്ട്. വാഹനത്തിന്റെ വരവും പോക്കും തത്സമയം നിരീക്ഷിക്കുന്ന ജി.പി.എസ്. സംവിധാനത്തോടുകൂടിയ വാഹനങ്ങൾ ആയിരിക്കണം റേഷൻ ധാന്യങ്ങൾ വാതിൽപ്പടി വിതരണത്തിന് ഉപയോഗിക്കേണ്ടതെന്ന് കേന്ദ്ര നിയമത്തിൽ പറയുന്നുണ്ട്. കൂടാതെ റേഷൻ കടകളിൽ ബയോ മെട്രിക് സംവിധാനമുള്ള മെഷീനുകൾ ഉപയോഗിച്ച് റേഷൻ വിതരണം സുതാര്യമാക്കണമെന്ന് നിയമം അനുശാസിക്കുന്നു. മേൽപ്പറഞ്ഞ സാങ്കേതിക വിദ്യ ഒരുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചു. ആ പ്രക്രിയകൾ ഉടൻ പൂർത്തീകരിക്കുന്നതാണ്. പൈലറ്റ് അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ വാതിൽപ്പടി വിതരണം നടത്തുന്നതിനായി എല്ലാ ഒരുക്കങ്ങളും പൂർത്തീകരിച്ചു. താലൂക്ക്തല ഗോഡൗണുകളിൽ എഫ്.സി.ഐ. സംഭരണശാലകളിൽ നിന്നുമുള്ള ധാന്യത്തിന്റെ വിട്ടെടുപ്പ് ഫെബ്രുവരി മാസത്തിൽത്തന്നെ തുടങ്ങിയിരുന്നു. മാർച്ച് 9-ാം തീയതി മുതൽ കൊല്ലം ജില്ലയിലെ 1400 റേഷൻകടകളിൽ സപ്ലൈകോ നേരിട്ട് റേഷൻ ധാന്യങ്ങൾ എത്തിച്ചുകൊടുക്കും. മറ്റു ജില്ലകളിലും സപ്ലൈകോ താലൂക്ക്തല ധാന്യഡിപ്പോകൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. റേഷൻ വിഹിതത്തിന് അർഹതയുള്ള മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് മുൻസർക്കാർ തയ്യാറാക്കിയ മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക തയ്യാറാക്കുകയും ജനങ്ങളിൽനിന്നും

ആക്ഷേപങ്ങളും അവകാശവാദങ്ങളും സ്വീകരിച്ച് അന്തിമ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണ്. അന്തിമ പട്ടികയുടെ അംഗീകാരം കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേടേണ്ടതുണ്ട്. ആയതിനാൽ പട്ടിക എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചൂണ്ടിക്കാണിക്കുന്ന അനർഹരെയും വിട്ടുപോയിട്ടുള്ള അർഹതപ്പെട്ടവരെയും സംബന്ധിച്ച ആക്ഷേപങ്ങൾ പ്രത്യേകം പരിശോധിച്ച് ഉടനടി തീരുമാനമെടുക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി തർക്കമില്ലാത്ത റേഷൻ കാർഡുകളുടെ വിതരണമാണ് ആദ്യഘട്ടത്തിൽ നടക്കുന്നത്.

## V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

1. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV-ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 1,2,3,8,9, 10,11,12,13, 14,15,18 |

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദയക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII-സാമൂഹ്യ സേവനം | 2015-16 | 5 | 22,23,24,25 |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II-ഭൂനികുതിയും ദേവസ്വവും | 2014-15<br>2015-16 | 4<br>5 | 2<br>6 |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2015-16 | 5 | 4,6,7,14 |

4. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| III-ജലവിഭവം | 2012-13<br>2013-14 | 2<br>3 | 22,42<br>46, 53, 54, 85 |

5. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI-വിദ്യാഭ്യാസം | 2014-15 | 4 | 42, 43, 47 |
| | 2015-16 | 5 | 27, 51 |

6. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI-വിദ്യാഭ്യാസം<br>VIII-സാമ്പത്തിക കാര്യങ്ങൾ | 2014-15<br>2015-16 | 4<br>5 | 72, 73, 74<br>17, 18, 19 |

7. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2013-14 | 3 | 4, 6 |
| | 2014-15 | 4 | 28 |

8. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV-വ്യവസായവും ധാതുക്കളും | 2014-15 | 4 | 21, 22,23, 24 |

## VI. റിപ്പോർട്ട് സമർപ്പണം

1. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്ന് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ നാല് മുതൽ ഏഴ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. മുരളി പെരുനെല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാല് മുതൽ ഏഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII. ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച (തുടർച്ച)

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കേരള സംസ്ഥാനം കണ്ട ഏറ്റവും മികച്ച ബജറ്റാണ് ഈ സഭയിൽ അവതരിപ്പിക്കപ്പെട്ടത്. ഞാൻ ഈ ബജറ്റിനെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു. ഒരു ബജറ്റ് അവതരണമെന്ന് പറയുന്നത് വരവ്-ചെലവ് കണക്കുകൾക്കപ്പുറത്ത് സാമൂഹ്യ

ജീവിതത്തിന്റെ തുടിപ്പും കിതപ്പുമാണെന്ന് തിരിച്ചറിഞ്ഞ്, താളുകളിലെ അക്ഷരങ്ങൾക്ക് മജ്ജയും മാംസവും നൽകിയ ഒരു ജീവനുള്ള ബജറ്റാണ് ഇതെന്ന് ആർക്കാണ് മനസ്സിലാകാത്തത്? ഏറ്റവും മികച്ചതെന്ന് രാഷ്ട്രീയ എതിരാളികൾപോലും സമ്മതിക്കുകയും മാധ്യമങ്ങൾ ഒന്നാകെ പ്രശംസിക്കുകയും ചെയ്തു. ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന യാതൊരുവിധ നികുതി നിർദ്ദേശവും ഈ ബജറ്റിൽ ഇല്ലെന്നുള്ളത് എടുത്തുപറയേണ്ട ഒന്നാണ്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളോടുള്ള ഇത്തരത്തിലുള്ള കരുതൽ പ്രശംസനീയം തന്നെയാണ്. ഇതാണ് എൽ.ഡി.എഫ്. സർക്കാരിനെ ജനപക്ഷ സർക്കാരാക്കി തീർക്കുന്നത്. പ്രതിപക്ഷം നടത്തിയ പ്രതിഷേധങ്ങൾ തന്നെ നോക്കുക. ബജറ്റിന്റെ പോരായ്മകൾ പറയാനുണ്ടോ; കേരളത്തിലെ ഏതെങ്കിലുമൊരു മണ്ഡലത്തെ അവഗണിച്ചതായി പറയാനാകുമോ? മുൻകാലങ്ങളിൽ ഇതല്ലല്ലോ

സ്ഥിതി? രാഷ്ട്രീയ താൽപ്പര്യം മാത്രം മുൻനിർത്തി ബജറ്റ് വിഹിതം നിശ്ചയിച്ചിരുന്ന കഴിഞ്ഞകാല സർക്കാരിൽനിന്നും വ്യത്യസ്തമായി ഈ ബജറ്റ് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അർഹരായ എല്ലാവരിലേയ്ക്കും വികസനം എത്തിക്കുകയാണ് ചെയ്തത്. എന്നാൽ തികച്ചും ബാലിശമായ കാരണങ്ങളുണ്ടാക്കി പ്രതിപക്ഷം നടത്തിയ പ്രതിഷേധം, കേരള ചരിത്രത്തിലെ തന്നെ ഏറ്റവും മികച്ച ബജറ്റിന്റെ നിറം കെടുത്താനാകുമോയെന്ന തികച്ചും രാഷ്ട്രീയമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് ജനം തിരിച്ചറിയും.

മലയാളത്തിന്റെ മഹാനായ കഥാകാരൻ എം.ടി.-യുടെ നിരവധി വാചകങ്ങൾ ബജറ്റിൽ എടുത്തുചേർത്തിട്ടുണ്ട്. ഈ ചർച്ച നടക്കുന്ന വേളയിൽ കാലത്തിനപ്പുറത്തേയ്ക്ക് ദീർഘദർശനം നടത്തിയ മഹാനായ എം.ടി.-യുടെ പ്രവചന തുല്യമായ വാചകങ്ങൾ അർത്ഥപൂർണ്ണമാകുകയാണ്. സഭയിൽ ചിലർ കാട്ടിയ കോപ്രായങ്ങൾ കാണുമ്പോൾ 'രണ്ടാമൂഴ'ത്തിലെ ഒരു വാചകം ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. 'ദുശ്ശകുനങ്ങൾ നേരത്തെ കണ്ടുതുടങ്ങിയെന്ന് പ്രായം ചെന്ന അമ്മമാർ പറഞ്ഞു, പകൽ ഇരുട്ടിന്റെ മാളങ്ങളിൽനിന്ന് കുറുനരികൾ ഇര തേടിയിറങ്ങി നഗരമധ്യത്തിൽനിന്ന് നട്ടുച്ചയ്ക്ക് ഓരി വിളിച്ച്' എന്നതാണ് ആ വാചകം. ആശയ ദാരിദ്ര്യത്താൽ തകർന്ന രാഷ്ട്രീയതന്ത്രങ്ങൾക്ക് മൂർച്ച നഷ്ടപ്പെട്ട കേരളത്തിലെ യു.ഡി.എഫ്.-നെപ്പറ്റിയാണോ ഇതെന്ന് ആർക്കെങ്കിലും തോന്നിയാൽ കുറ്റം പറയാനാകില്ല. ജനപ്രതിനിധി എന്നപോലെ വ്യാപാരികളുടെ സംഘടനാ ചുമതലയുള്ള ആൾ എന്നുള്ള നിലയ്ക്ക് ടാക്സ് കാര്യങ്ങളെ സംബന്ധിച്ച് വ്യാപാരികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിന്റെ നികുതി വരുമാനത്തിൽ ഏറിയ പങ്കും വിൽപ്പന നികുതിയാണ്. തനത് നികുതി വരുമാനത്തിന്റെ മുക്കാൽ പങ്കും ലഭിക്കുന്ന ഈ മേഖലയിൽ ജി.എസ്.ടി.

നടപ്പിലാകുമ്പോൾ വലിയ ശ്രദ്ധ കാണിക്കേണ്ടതുണ്ട്. ജി.എസ്.ടി. കൗൺസിലിൽ ശ്രദ്ധേയമായത് കേരള ധനകാര്യ വകുപ്പുമന്ത്രിയുടെ വാക്കുകളായിരുന്നുവെന്നത് കേരളീയർക്ക് അഭിമാനകരമാണ്. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിരവധി ആശങ്കകൾ അകറ്റുന്നതിനും അതുവഴി സംസ്ഥാനത്തിനും പൊതുവിലും പ്രത്യേകിച്ച് വ്യാപാരികൾക്കും ഗുണകരമാകുന്ന നടപടികളാണ് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. 'വാറ്റ്' നിയമത്തിലെ ചില പോരായ്മ കാരണം വ്യാപാരികൾ അനുഭവിക്കേണ്ടിവന്നിട്ടുള്ള ദുരിതം വളരെ ഗൗരവമുള്ളതാണെന്ന് താങ്കൾക്കും അറിയാം. ഇനി അത് ഉണ്ടാകാൻ പാടില്ല. അത്തരത്തിലുള്ള കരുതൽ ജി.എസ്.ടി. നിയമം പാസ്സാക്കുമ്പോൾ ഉണ്ടാകണം.

ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന നികുതി സമ്പ്രദായത്തിലെ ചില പോരായ്മകൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. കേരള 'വാറ്റ്' നിയമപ്രകാരം വനസ്പതിക്ക് 5 ശതമാനം നികുതിയാണുള്ളത്. എന്നാൽ വനസ്പതിയുടെ മറ്റൊരു ഇനമായ ബേക്കറി ഷോർട്ടണിംഗ് 'വാറ്റി'-ന്റെ ഇനവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന കാരണത്താൽ 14.5 ശതമാനം നികുതി ഈടാക്കുന്നു. യഥാർത്ഥത്തിൽ ഇവ രണ്ടും ഒന്നുതന്നെയാണ്. ഇത് പായ്ക്ക് ചെയ്യുന്ന രീതിയിൽ മാത്രമാണ് മാറ്റമുള്ളത്. ഇത് സംബന്ധിച്ച് 2010-ൽ ചോദിച്ച ക്ലാരിഫിക്കേഷന് മറുപടി ലഭിച്ചത് 2017-ലാണ്. മറുപടി കിട്ടാത്തതുകാരണം ടാക്സ് പിരിച്ചിട്ടില്ല. ഈ കാരണത്താൽ കേരളത്തിലെ നിരവധി വ്യാപാരികൾ കോടികളുടെ അധിക നികുതിയടയ്ക്കാൻ നിർബന്ധിതരാകുകയാണ്. പല വ്യാപാരികൾക്കും ഈ നികുതി അടയ്ക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇത് പുനഃപരിശോധിച്ച് വ്യാപാരികളെ സംരക്ഷിക്കണം.

കേരളത്തിൽ വിൽപ്പന നികുതി വരുമാനത്തിൽ ഗണ്യമായ പങ്ക് നേടിത്തരുന്ന സ്വർണ്ണ വ്യാപാരികൾക്ക് ഇപ്പോൾ നിലനിൽക്കുന്ന വാങ്ങൽ നികുതി വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, ധനകാര്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ബജറ്റിൽ ഉണ്ടായ അപാകതയാണ് അതിനുകാരണം. അതിന് പരിഹാരമുണ്ടാക്കണം. 2014-ലെ ഫിനാൻസ് ആക്ടിൽ കോമ്പൗണ്ടിംഗ് നികുതി സമ്പ്രദായത്തിൽ വരുത്തിയ മാറ്റം section 8 (f)(1) എന്ന പാരഗ്രാഫിൽ 'അവരുടെ വിൽപ്പനയ്ക്ക് 'എന്ന വാക്കുകൾ കൂടി ചേർത്തു ഇത് കാരണം കോമ്പൗണ്ട് ചെയ്ത വ്യാപാരികൾ കോമ്പൗണ്ടിംഗ് ടാക്സിനുപുറമേ പർച്ചേസ് ടാക്സ് കൂടി അടയ്ക്കേണ്ട സ്ഥിതി ഉണ്ടായി'. 2013-14 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശിക പലിശ സഹിതം അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണണം. ഇതിന് പർച്ചേസ് നികുതി ഒഴിവാക്കേണ്ടതാണ്.

ഇന്ന് മൊബൈൽ ഫോൺ നിത്യ ജീവിതത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. സ്മാർട്ട് ഫോൺ ഇല്ലാത്ത മലയാളികളില്ല എന്നുപറയാം. മൊബൈൽ ഫോൺ വാങ്ങുമ്പോൾ അതേ ബോക്സിൽ ഫോണിന്റെ അനുബന്ധ ഉപകരണങ്ങളായ ചാർജറും ഇയർ ഫോണും ലഭ്യമാണ്. എന്നാൽ മൊബൈൽ ഫോണിന് 5 ശതമാനം നികുതിയും മറ്റുള്ളവയ്ക്ക് 14.5 ശതമാനം നികുതിയുമാണുള്ളത്. കഴിഞ്ഞ ബജറ്റിൽ ബഹുമാനപ്പെട്ട മന്ത്രി ഈ അപാകത തിരുത്തിയെങ്കിലും പ്രതിപക്ഷത്തുള്ള ഒരംഗം ശക്തമായി എതിർത്തതിനെത്തുടർന്ന് ഇത് പൂർവ്വസ്ഥിതിയിലാക്കുകയാണ് ഉണ്ടായത്.

12.00 Noon]

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, കഴിഞ്ഞ പ്രാവശ്യം ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനകാര്യ ബില്ലിൽ മൊബൈൽ ഫോൺ ചാർജറിന് ഏർപ്പെടുത്തിയിരുന്ന പതിനാലര ശതമാനം നികുതി നിർദ്ദേശം പിൻവലിക്കും എന്ന് പറഞ്ഞിരുന്നു. അത് കളക്ട് ചെയ്യു നികുതിയായിരുന്നെന്നാണ് ഞാൻ ധരിച്ചത്. 2005 മുതൽ 2016 വരെ അത് കളക്ട് ചെയ്യാത്ത ഒരു നികുതിയാണ്. അത് ചെറുകിട കച്ചവടക്കാരെയാണ് ബാധിക്കുന്നത്. അതുകൊണ്ട് ആ നികുതി നിർദ്ദേശം പിൻവലിക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ എന്റെ തെറ്റിദ്ധാരണമൂലമാണ് അങ്ങനെ പറഞ്ഞത്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ശ്രീ. പി. കെ. ബഷീർ തന്നെയാണ് ഈ പ്രശ്നമുണ്ടാക്കിയത്. അദ്ദേഹം അത് തുറന്നുപറഞ്ഞതുകൊണ്ട് ചാർജറിന് ഏർപ്പെടുത്തിയ നികുതി നിർദ്ദേശം പിൻവലിക്കാൻ സഹായിക്കണം. ഈ അപാകത പരിഹരിച്ച് മുൻകാല പ്രാബല്യത്തോടെ ബോക്സിലുള്ള എല്ലാ ഐറ്റങ്ങൾക്കും 5 ശതമാനം നികുതിയായി പ്രഖ്യാപിക്കണം. ബജറ്റ് പ്രസംഗത്തിന്റെ 274-ാം ഖണ്ഡികയിൽ അലുമിനിയം ഫാബ്രിക്കേഷൻ, കിച്ചൺ ക്യാബിനറ്റ് എന്നീ ജോലികൾക്ക് രണ്ട് ശതമാനം നികുതി നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെ വന്നാൽ പ്രസ്തുത വ്യാപാരികൾ പതിനാലര ശതമാനം പർച്ചേസ് നികുതിയും കോമ്പൗണ്ട് നികുതിയും അടയ്ക്കുന്നതിനു പുറമെ രണ്ട് ശതമാനം നികുതി കൂടുതൽ അടയ്ക്കേണ്ടതായി വരും. കൃത്യമായി നികുതി അടച്ച വ്യവസായികളെ സംബന്ധിച്ചിടത്തോളം ഇതൊരു അധിക ബാധ്യതയാണ്. ഇത് പുനഃപരിശോധിക്കേണ്ടതാണ്. ഇവരിൽ രണ്ടോ മൂന്നോ ശതമാനം ആളുകൾക്കു മാത്രമാണ് രജിസ്ട്രേഷനുള്ളത്.

റബ്ബറിനും റബ്ബർ ഉൽപ്പന്നങ്ങൾക്കും വാറ്റ് നികുതിയിൽനിന്ന് ഒഴിവ് പ്രഖ്യാപിച്ചെങ്കിലും അത് ഫിനാൻസ് ആക്ടിൽ ചേർക്കാത്തതിനാൽ റബർ

വ്യാപാരികൾ നികുതി കുടിശ്ശിക പലിശ സഹിതം അടയ്ക്കേണ്ട അവസ്ഥയിലായിരുന്നു. റബ്ബർ കർഷകരുടെ കുത്തക അവകാശപ്പെടുന്ന, അവർക്കുവേണ്ടി ഘോരഘോരം പ്രസംഗിക്കുന്ന ശ്രീ. കെ. എം. മാണി കാണാതെ പോയ, അവരുടെ ദുഃഖം തീർത്തുകൊടുത്ത ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. കയറ്റുമതി സാധനങ്ങളുടെ പാക്കിംഗ് മെറ്റീരിയലിന് നിർമ്മാതാക്കളിൽനിന്ന് നികുതി ഈടാക്കിയിരുന്നില്ല. എന്നാൽ നികുതി ചുമത്തിയിരുന്നു. ഇത് അവരെ വല്ലാതെ പ്രയാസപ്പെടുത്തിയിരുന്നു. അത് ഒഴിവാക്കിക്കൊടുത്തുകൊണ്ട് ഈ വ്യവസായത്തെ നിലനിർത്തി മുന്നോട്ടുപോകാൻ സഹായിച്ച ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. കേരളത്തിൽ വ്യവസായ വകുപ്പിനു കീഴിലുള്ള 43 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ 33 എണ്ണവും കഴിഞ്ഞ കാലത്ത് നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്. കേവലം 10 സ്ഥാപനങ്ങൾക്ക് മാത്രമാണ് നഷ്ടമില്ലാതിരുന്നത്. 2015-16-ൽ ഈ 10 സ്ഥാപനങ്ങൾ 98 കോടി രൂപ ലാഭമുണ്ടാക്കിയപ്പോൾ 33 സ്ഥാപനങ്ങൾ 208 കോടി രൂപയുടെ നഷ്ടത്തിലായി. ഈ ബജറ്റിൽ ഇത്തരം വ്യവസായങ്ങൾക്ക് പുതുജീവൻ നൽകാൻ സഹായിക്കുന്ന നടപടികളുണ്ട്. വൻകിട ഇടത്തരം വ്യവസായങ്ങൾക്കായി 482 കോടി രൂപ നീക്കിവച്ചിട്ടുണ്ട്, ഇത് കഴിഞ്ഞ വർഷത്തെക്കാൾ 65 ശതമാനം വർദ്ധനവാണ്. പൊതുമേഖലാ വ്യവസായങ്ങളുടെ വിഹിതം 100 കോടിയിൽനിന്ന് 270 കോടിയായി വർദ്ധിപ്പിച്ചു, 170 ശതമാനം വർദ്ധന. വ്യവസായ മേഖലയോടുള്ള എൽ.ഡി.എഫ് സർക്കാരിന്റെ സമീപനം ഇതിൽനിന്നും വ്യക്തമാണ്. തിരുവണ്ണൂർ കോട്ടൺ മിൽ കോഴിക്കോട് ജില്ലയിലാണ്. വർഷങ്ങളോളം പൂട്ടിക്കിടന്ന് നശിച്ചുപോയ ഈ മിൽ പുനരുദ്ധരിച്ചത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തെ കെടുകാര്യസ്ഥതമൂലം ഈ മിൽ വീണ്ടും പൂട്ടേണ്ട അവസ്ഥയിലായി. ഇപ്പോൾ വീണ്ടും അത് തുറന്നു. ഇത്തരത്തിൽ പ്രയാസം നേരിടുന്ന കേരളത്തിലെ തുണിമില്ലുകൾക്ക് 51 കോടി രൂപ ബജറ്റിൽ വകയിരുത്തിയത് ബന്ധപ്പെട്ട തൊഴിലാളികൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും ആശ്വാസം പകരുന്നതാണ്. വ്യവസായ വളർച്ചയിൽ ഇനിയും മുന്നോട്ടുപോകാൻ കഴിയുന്ന കേരളത്തിൽ, വ്യവസായമാരംഭിക്കാൻ വരുന്നവർക്ക് ക്ലിയറൻസ് ലഭിക്കുന്നതിനുവേണ്ടി എടുക്കുന്ന നടപടികളാണ് പലപ്പോഴും സംരംഭകരെ നിരാശരാക്കുന്നത്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടത് കേരളത്തിലെ വ്യവസായ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ഈ ബജറ്റിൽ 114-ാം ഖണ്ഡിക ഇക്കാര്യത്തിൽ സർക്കാരിന്റെ നിശ്ചയദാർഢ്യം പ്രകടമാക്കുന്നു. ഈ ബജറ്റിനെ പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. റോജി. എം. ജോൺ</u>: സർ, 2017 മാർച്ച് 3-ാം തീയതി വെളുപ്പിന് 4 മണിക്ക് സംസ്ഥാനത്തെ പ്രമുഖ പത്രങ്ങളിലും നവമാധ്യമങ്ങളിലും വരികയും അതിനുശേഷം ഈ നിയമസഭയിൽ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിക്കുകയും ചെയ്ത ഈ ബജറ്റിനെ ഞാൻ എതിർക്കുകയാണ്. ഈ ബജറ്റ് ചോർന്നു എന്നതുകൊണ്ടുമാത്രമല്ല ഞങ്ങൾ ഇതിനെ എതിർക്കുന്നത്. ഭരണ പക്ഷത്തുള്ള അംഗങ്ങൾപോലും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഈ ബജറ്റിനെക്കുറിച്ച് പുകഴ്ത്തി പറഞ്ഞത് സ്വപ്ന ബജറ്റ്, സ്വപ്ന സമാനമായ ബജറ്റ് എന്നൊക്കെയാണ്. അതുകൊണ്ടുതന്നെയാണ് ഞങ്ങളും ഈ ബജറ്റിനെ എതിർക്കുന്നത്. ഇവിടെ കിഫ്ബി പോലുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസിന് സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റി നൽകുന്നതിലെ അപകടങ്ങളെക്കുറിച്ച് ഫിനാൻസ് കമ്മീഷനും ആർ.ബി.ഐ.-ഉം ഒക്കെ വാണിംഗ് നൽകിയിട്ടുള്ളതാണ്. എന്നാൽ ആ വാണിംഗിനെയൊക്കെ അവഗണിച്ചുകൊണ്ട് വലിയ സ്വപ്ന പദ്ധതികൾ പ്രഖ്യാപിച്ച അദ്ദേഹത്തിന്റെ ആത്മവിശ്വാസത്തെ ഞാൻ തള്ളിപ്പറയുന്നില്ല. പക്ഷേ ഒരു കാര്യം മാത്രം പറയാൻ ആഗ്രഹിക്കുന്നു. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പല അംഗങ്ങളും 'പ്രതിപക്ഷം ക്ഷമ കാണിക്കണം' എന്ന് പറഞ്ഞിരുന്നു. കഴിഞ്ഞ വർഷത്തെ ബജറ്റ് ചർച്ചയിലും പ്രതിപക്ഷം ക്ഷമ കാണിക്കണമെന്നുതന്നെയാണ് അവർ പറഞ്ഞത്. ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. ഇനി എത്രകാലം ഞങ്ങൾ ക്ഷമ കാണിക്കണമെന്നുകൂടി പറഞ്ഞാൽ സന്തോഷമായിരുന്നു.

കഴിഞ്ഞ ബജറ്റിന്റെ അവസ്ഥയെന്താണെന്ന് പരിശോധിക്കണം. പദ്ധതി നിർവ്വഹണം പാടെ തകർന്നു, ഭരണത്തകർച്ചയുടെ സാക്ഷിപത്രമായി പദ്ധതി നിർവ്വഹണത്തിൽ വീഴ്ചയുണ്ടായി. പദ്ധതി അടങ്കലിന്റെ 48.56 ശതമാനം മാത്രമാണ് നടപ്പിലാക്കിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിന്റെ 29 ശതമാനം മാത്രമാണ് നടപ്പിലായിരിക്കുന്നത്. ചില വലിയ പദ്ധതികൾ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഭൂമി ഇല്ലാത്തവർക്ക് മൂന്ന് സെന്റ് വീതം ഭൂമി നൽകും - അത് നടപ്പിലായിട്ടില്ല. ആദിവാസികൾക്ക് ഒരേക്കർ വീതം ഭൂമി നൽകാൻ 42 കോടി രൂപ – അതും നടന്നിട്ടില്ല. 14 ജില്ലാകേന്ദ്രങ്ങളിൽ നവോത്ഥാന സാംസ്കാരിക സമുച്ചയം - നടന്നിട്ടില്ല. കെ.എസ്.ആർ.ടി.സി. ക്ക് 1000 പുതിയ സി.എൻ.ജി. ബസ്സുകൾക്കായി 300 കോടി രൂപ – ഒരു ബസ്സുപോലും ഇറങ്ങിയിട്ടില്ല. 1000 കോടി സമഗ്ര ചികിത്സാ പദ്ധതി - ലക്ഷ്യം കണ്ടിട്ടില്ല. പൂർണ്ണ സൗജന്യ ചികിത്സ ഉറപ്പുവരുത്താനുള്ള പൊതുജനാരോഗ്യ പദ്ധതി - നടന്നിട്ടില്ല. നികുതി വരുമാനം 22 ശതമാനം വർദ്ധിപ്പിക്കും - വർദ്ധിച്ചിട്ടില്ല. 17 പുതിയ റവന്യൂ ടവറുകൾ - ഒന്നുപോലും നടന്നിട്ടില്ല.

റോഡരികിൽ ശുചിമുറികൾ, പ്രധാന കേന്ദ്രങ്ങളിൽ സ്ത്രീകൾക്ക് ഫ്രഷ് അപ് കേന്ദ്രങ്ങൾ - പ്രതിപക്ഷ എം.എൽ.എ. മാർ സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് ബാനർ പിടിക്കുന്നതിനെക്കുറിച്ച് ഇന്നലെ ഒരു എം.എൽ.എ ഇവിടെ പരിഹസിച്ച് സംസാരിക്കുന്നതുകേട്ടു. ഈ ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെങ്കിലും ഇത്തരത്തിൽ സ്ത്രീകൾക്കുവേണ്ടി ഒരു ഫ്രഷ് അപ് കേന്ദ്രത്തിന് ശിലാസ്ഥാപനം നടത്തിയിട്ടുണ്ടോയെന്ന് പറഞ്ഞാൽ നന്നായിരുന്നു. എല്ലാ ജില്ലകളിലും മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾക്കായി 500 കോടി രൂപ – സാധാരണ നിലയിൽ പദ്ധതികൾ യാഥാർത്ഥ്യമാകുമ്പോഴാണ് അതിന് പേരിടുന്നത്. കഴിഞ്ഞ ബജറ്റിൽ 14 ജില്ലകളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പറഞ്ഞ് തറക്കല്ലുപോലുമിടാതെ 14 സ്റ്റേഡിയങ്ങൾക്കും പേരുപോലും കൊടുത്തു. ഇങ്ങനെയാണ് ബജറ്റിൽ പ്രഖ്യാപനങ്ങൾ വന്നുകൊണ്ടിരിക്കുന്നത് എന്നതുകൊണ്ടാണ് ഞങ്ങൾ ഈ വർഷത്തെ ബജറ്റിനെയും എതിർക്കുന്നത്. സമയം പരിമിതമായതിനാൽ ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കാം. ഒരു പ്രധാനപ്പെട്ട കാര്യം, ഈ ബജറ്റിൽ ഗുരുതരമായ ഒരു വീഴ്ച സംഭവിച്ചിട്ടുണ്ട്. സംസ്ഥാന ചെറുകിട വ്യവസായികളിൽ ഒരു ശതമാനത്തിന്റെ പോലും അംഗീകാരമില്ലാത്ത സംഘടനയ്ക്ക് സർക്കാരിൽനിന്ന് യാതൊരുവിധ സാമ്പത്തിക സഹായവും നൽകരുതെന്നും അവരുടെ സോഷ്യൽ സെക്യൂരിറ്റി ഫണ്ടിലേയ്ക്ക് സാമ്പത്തികം അവർതന്നെ കണ്ടെത്തണമെന്നും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. അത് അവഗണിച്ചുകൊണ്ട് സി.പി.ഐ.(എം)-ന്റെ അധീനതയിലുള്ള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ എന്ന സംഘടനയ്ക്ക് ഒരു കോടി രൂപ സംസ്ഥാന ഖജനാവിൽനിന്ന് അനുവദിച്ചിരിക്കുകയാണ്. അത് പിൻവലിക്കണം. അംഗപരിമിതരുടെ പെൻഷൻ 1,100 രൂപയായി വർദ്ധിപ്പിച്ചതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. എന്നാൽ മുൻവർഷങ്ങളിൽ അംഗപരിമിതർക്ക് 800 രൂപ പെൻഷൻ കൊടുത്തുകൊണ്ടിരുന്നപ്പോൾ 80 ശതമാനത്തിലധികം വൈകല്യമുള്ളവർക്ക് 1,100 രൂപ പെൻഷൻ കൊടുക്കുന്ന ഒരു സംവിധാനം നിലവിലുണ്ടായിരുന്നു. 80 ശതമാനത്തിലധികം വൈകല്യമുള്ളവർ കൂടുതൽപേരും bedridden ആയിട്ടുള്ളവരാണ്. അംഗപരിമിതരുടെ പെൻഷൻ വർദ്ധിപ്പിച്ച സാഹചര്യത്തിൽ 80 ശതമാനത്തിലധികം വൈകല്യമുള്ളവരുടെ പെൻഷനും ആനുപാതികമായി വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഈ ബജറ്റിൽ 182 റോഡുകളും 69 പാലങ്ങളുമൊക്കെ കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പറഞ്ഞപ്പോൾ ഞാൻ വളരെ സസൂക്ഷ്മം ശ്രവിച്ചിരുന്നു. ആ ലിസ്റ്റ് കണ്ടപ്പോൾ എന്റെ മണ്ഡലമായ അങ്കമാലി നിയോജകമണ്ഡലം കേരളത്തിലല്ലേ എന്നെനിക്ക് സംശയം തോന്നി. ക്രിസ്ത്യാനികളുടെ വീട്ടിൽ 'യേശു ഈ ഭവനത്തിന്റെ രക്ഷകൻ'

എന്ന് എഴുതിവയ്ക്കാറുണ്ട്. കിഫ്ബി വഴി ഈ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അങ്കമാലിക്കാർക്കും 'കിഫ്ബി അങ്കമാലിയുടെ രക്ഷകൻ' എന്ന് എഴുതാനുള്ള അവസരം തരണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ശശി: സർ, ഞാൻ ഈ ബജറ്റിനെ ശക്തമായി പിന്തുണയ്ക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഒരു നാടിന്റെയും ജനതയുടെയും പ്രതീക്ഷകൾ പൂവണിയിക്കുന്ന ബജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾ സൃഷ്ടിച്ച പ്രതിസന്ധിയിൽ നിന്നും നാടിന്റെ പുരോഗതിയെ ലക്ഷ്യമാക്കി എങ്ങനെ പദ്ധതികൾ രൂപകൽപ്പന ചെയ്യാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിലൂടെ തെളിയിച്ചിരിക്കുകയാണ്. തലയ്ക്കകത്ത് ആൾതാമസമുള്ള ആർക്കും ഈ ബജറ്റിനെ എതിർക്കാൻ കഴിയില്ല. എന്നാൽ, സ്വന്തം തലച്ചോറ് ആർ.എസ്.എസ്.-ന് പാട്ടത്തിന് കൊടുത്തിട്ടുള്ള ആളുകൾക്ക് ഇതിനെ എതിർക്കാൻ സാധിക്കും. അപ്പുറത്തിരിക്കുന്ന ആളുകൾക്ക് സംശയരോഗമാണ്. അവർ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന നാൾ മുതൽ തുടങ്ങിയതാണ് എന്തിലും ഏതിലും സംശയം പ്രകടിപ്പിക്കുന്ന രീതി. ഇതെല്ലാം യാഥാർത്ഥ്യമാകുമോ എന്ന് സംശയമാണ്. ഇതിന്റെ ഭാഗമായി കിട്ടിയതൊന്നും നമുക്ക് വേണ്ട, നമുക്ക് വിശ്വാസമില്ലെന്ന് അപ്പുറത്തിരിക്കുന്ന ആളുകൾ പറയാൻ തയ്യാറുണ്ടോ? ഞാൻ നിങ്ങളുടെ ചോദ്യങ്ങൾക്ക് ഒന്നിനും വഴങ്ങാൻ പോകുന്നില്ല.

ഇവിടെ കിഫ്ബിയെക്കുറിച്ച് പറയുകയുണ്ടായി. ഒരു കാര്യം ഉറപ്പാണ്. കഴിഞ്ഞ 6 മാസക്കാലം 15,000 കോടി രൂപയുടെ വികസന പദ്ധതികൾ ഇവിടെ പ്രഖ്യാപിച്ചു. ആ 15,000 കോടി രൂപയുടെ പദ്ധതികളും ഈ ധനകാര്യ വർഷം അവസാനിക്കുന്നതോടുകൂടി സാക്ഷാൽക്കരിക്കപ്പെടുമെന്ന കാര്യത്തിൽ അപ്പുറത്തിരിക്കുന്ന ആളുകൾക്ക് യാതൊരു സംശയവും വേണ്ട. കേരളീയ സമൂഹത്തിന്റെ സകല മേഖലകളിലും വികസനത്തിന്റെയും ക്ഷേമത്തിന്റെയും കർമ്മമാർഗ്ഗം തെളിയിച്ചുകൊണ്ടുള്ള ബജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചിട്ടുള്ളത്. ഇതൊരു സ്വപ്ന ബജറ്റല്ല; കേരളീയ സമൂഹത്തിലെ സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്ന ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സാമൂഹ്യ സുരക്ഷാ പദ്ധതികൾ, ദേശീയ-സംസ്ഥാന പാതകൾ, വീടില്ലാത്തവർക്ക് വീട്, പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് എത്തിക്കൽ, കുടിവെള്ള പദ്ധതികൾ, പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനുവേണ്ടിയുള്ള പദ്ധതികൾ, കാർഷിക മേഖലയുടെ അഭിവൃദ്ധി, പൊതുവിദ്യാഭ്യാസത്തിന്റെ സംരക്ഷണം ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങൾ ബജറ്റിലുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല.

25,000 കോടി രൂപയുടെ വികസന പരിപാടികളാണ് ഈ ബജറ്റിന്റെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. കടുത്ത ഇടതുപക്ഷ വിരുദ്ധർക്കുപോലും ഈ ബജറ്റിനെ തള്ളിപ്പറയാൻ കഴിയില്ല. കടുത്ത സാമ്പത്തിക പ്രയാസം നേരിടുമ്പോൾ മുതലാളിത്തം മുന്നോട്ട് വയ്ക്കുന്നത് ചെലവ് ചുരുക്കലാണ്. കേന്ദ്ര ഗവൺമെന്റിന്റെ നവലിബറൽ നയങ്ങൾ പഠിപ്പിക്കുന്നത് സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം ചെലവു ചുരുക്കലെന്നാണ്. എന്നാൽ ഈ കാഴ്ചപ്പാട് നിരാകരിച്ചുകൊണ്ടാണ് ഡോ. ടി. എം. തോമസ് ഐസക് ഈ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഈ പ്രതിസന്ധി മറികടക്കാൻ ചെലവ് ചുരുക്കുകയല്ല, ബജറ്റ് ചെലവുകൾ ഗണ്യമായി വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഈ ബജറ്റിൽ പറയുന്നത്. ബജറ്റ് ചെലവ് വർദ്ധിപ്പിക്കുന്നതിലൂടെ നമ്മുടെ സമ്പദ്ഘടനയെ കൂടുതൽ ചലനാത്മകമാക്കുകയാണ് ഇടതുപക്ഷത്തിന്റെ സാമ്പത്തിക സമീപനം. ആ നയമാണ് ഈ ബജറ്റിലുള്ളത്. നോട്ട് നിരോധനം സംസ്ഥാനത്തിന്റെ നികുതി വരുമാന വർദ്ധനവ് ഇല്ലാതാക്കി. വാറ്റ് നികുതിയിൽ നിന്നും ജി.എസ്.ടി. യിലേയ്ക്കുള്ള മാറ്റവും അനിശ്ചിതാവസ്ഥ സൃഷ്ടിച്ചു. കേന്ദ്ര ബജറ്റ് കേരളത്തെ സംബന്ധിച്ചിടത്തോളം നിരാശാജനകമാണ്. നാണ്യവിളകളുടെ പ്രതിസന്ധി, കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ച, ഗൾഫിൽ നിന്നും തിരിച്ച് വരുന്നവരുടെ റീഹാബിലിറ്റേഷൻ തുടങ്ങിയവയ്ക്കുവേണ്ട ഒരു നിർദ്ദേശവും കേന്ദ്ര ബജറ്റിൽ കണ്ടില്ല. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട വിഹിതത്തിലും വർദ്ധനവുണ്ടായില്ല. ഇത്തരം പ്രതികൂല സാഹചര്യത്തിലാണ് കേരളത്തിലെ ജനകീയ ഗവൺമെന്റ് അതിന്റെ ജനപക്ഷ വികസന നയം നടപ്പിലാക്കുന്നത്. പശ്ചാത്തല സൗകര്യ മേഖലയിൽ അനിവാര്യമായ മൂലധന ചെലവിനുള്ള പണം കണ്ടെത്തുന്നതിന് വലിയ തോതിൽ മൂലധന നിക്ഷേപം ഉയർത്തുക എന്നതാണ് ഈ ബജറ്റ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ ആറ് മാസം കൊണ്ട് കിഫ്ബി അഭിമാനാർഹമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇതോടൊപ്പം 25,000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ കൂടി ഈ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ നിക്ഷേപ പദ്ധതിയായി മാറാൻ പോവുകയാണ്. ബജറ്റ് ചോർന്ന കാര്യത്തെക്കുറിച്ച് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റല്ല ചോർന്നതെന്ന് പ്രതിപക്ഷ നേതാവിനുമറിയാം. ഇല്ലാത്ത കാര്യങ്ങളുടെ പേരിൽ മന്ത്രിയെ പുറത്താക്കണം, പ്രോസിക്യൂട്ട് ചെയ്യണമെന്നൊക്കെ പറയുമ്പോൾ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. നമ്മുടെ കയ്യിൽ നോട്ട് എണ്ണുന്ന യന്ത്രമോ, നോട്ട് തൂക്കിവാങ്ങുന്ന കട്ടി തുലാസോ ഇല്ല. ഇവിടെയുള്ളത് ജനങ്ങളോട് പറഞ്ഞ വാഗ്ദാനങ്ങൾ നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും നിശ്ചയ ദാർഢ്യവും മാത്രമാണ്. എന്തിനാണ് ഇവർ അസഹിഷ്ണുരാകുന്നത്. ശ്രീ. കെ. എം. മാണിയെ ഉദ്ദേശിച്ചല്ലേ

നിങ്ങൾ ഓരോ കാര്യങ്ങൾ പറയുന്നത്. അദ്ദേഹത്തെ പ്രയാസപ്പെടുത്തിയതു കൊണ്ടും നിങ്ങളുടെ എതിർപ്പ് സഹിക്കാൻ വയ്യാത്തതുകൊണ്ടുമാണ് ശ്രീ. കെ. എം. മാണി ചർച്ചപോലും ബഹിഷ്കരിച്ചത്. ഈ ബജറ്റിനെ തള്ളിപ്പറയാൻ അപ്പുറത്തിരിക്കുന്ന ആർക്കും കഴിയില്ല. സിക്സർ അടിച്ച ആവേശത്തിലാണ് പ്രതിപക്ഷത്തുള്ളവർ ഇരിക്കുന്നത്. എന്റെ സ്നേഹിതൻ ശ്രീ. എൻ. ഷംസുദ്ദീന്റെ മണ്ഡലത്തിൽ 110 കോടിയിലധികം രൂപയും തിരുവനന്തപുരത്ത് ശ്രീ. എം. വിൻസെന്റിന്റെ മണ്ഡലത്തിൽ 190 കോടി രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. ആദരണീയനായ മുൻ സ്പീക്കറുടെ മകനും അരുവിക്കര എം.എൽ.എ. യുമായ ശ്രീ. കെ. എസ് ശബരീനാഥന് ഈ ബജറ്റിനെ എതിർക്കാൻ കഴിയുമോ? തന്റെ മണ്ഡലത്തിന് 500 കോടി രൂപയുടെ വികസനമെന്ന് പത്രക്കുറിപ്പ് ഇറക്കിയ ശ്രീ. കെ. എസ്. ശബരീനാഥന് ഈ ബജറ്റിനെ അംഗീകരിക്കാതിരിക്കാൻ കഴിയുമോ? പിറവം ഹയർ സെക്കണ്ടറി സ്കൂൾ ഇന്റർ നാഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തിയതുമായി ബന്ധപ്പെട്ട് എം.എൽ.എ.-യ്ക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ട് കോൺഗ്രസ്സുകാർ അവിടെ ബോർഡ് വച്ചു. ആർക്കാണ് ഈ ബജറ്റിനെ എതിർക്കാൻ സാധിക്കുന്നത്. പ്രതിപക്ഷത്തുള്ളവർ മനസ്സുകൊണ്ട് ഈ ബജറ്റിനെ അംഗീകരിക്കുകയാണ്. സഭയ്ക്കകത്തും പുറത്തും എന്തിനാണ് ഇങ്ങനെ വേഷം കെട്ടിയാടുന്നത്? എല്ലാം തല തിരിഞ്ഞേ കാണുകയുള്ളൂ. അത് ചിലരുടെ ജന്മനാ ഉള്ള ശാപമാണ്. ഹൈന്ദവ വിശ്വാസമനുസരിച്ച് സൃഷ്ടികർമ്മം നടത്താറുള്ളത് ബ്രഹ്മാവാണ്. ബ്രഹ്മാവ് ലീവെടുത്തപ്പോൾ വിശ്വാമിത്രനെ ഏൽപ്പിച്ചതായി കഥ കേട്ടിട്ടുണ്ട്. ആ കാലത്തുണ്ടാക്കിയ സൃഷ്ടികളെല്ലാം തലതിരിഞ്ഞതാണ്. നരിച്ചീറ്, പറങ്കി മാങ്ങ, കടവാവൽ ഇതെല്ലാം തലതിരിഞ്ഞാണ് കിടക്കുന്നത്. ഏതാണ്ട് ഈ ഗണത്തിൽവരുന്ന ആളുകൾക്കെല്ലാം യാഥാർത്ഥ്യം മനസ്സിലാകുകയില്ല. അവരെല്ലാം തലതിരിഞ്ഞ് മാത്രമേ കാണുകയുള്ളൂ. അതിന്റെ കുഴപ്പം അപ്പുറത്തുണ്ട്. അതിന് ഇങ്ങോട്ട് മെക്കിട്ട് കയറിയിട്ട് യാതൊരു കാര്യവുമില്ല.

അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ ഭാഗമായി ഇവിടെ ചർച്ച നടന്നല്ലോ; ഒറ്റകാര്യം മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. നിലമ്പൂരിലെ രാധയുടെ പ്രേതം ഇവരെ വേട്ടയാടുകയാണ്. ഈ കാര്യങ്ങൾ പറയുമ്പോൾ അതെല്ലാം ഓർക്കണം. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാനാഗ്രഹിക്കുന്നില്ല. **********

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി. കെ. ശശി: സർ, ഞാൻ വഴങ്ങുകയില്ല. ഞാൻ പറയേണ്ട കാര്യങ്ങൾ പറയും. എന്റെ സമയം കളയാൻ സാധിക്കുകയില്ല.

---

********** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു. (ഫയൽ നം.1048/ഇ.ബി/2017/നി.സെ തീയതി 08-03-2017)

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ്, അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞതിനുശേഷം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുള്ള സമയം അനുവദിക്കാം.

ശ്രീ. പി. കെ. ശശി: സർ, ഒറ്റക്കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ബജറ്റിനെ എതിർത്തുകൊണ്ടുള്ള ചർച്ചയിൽ എന്തിനാണ് മുസ്ലീം ലീഗിലുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. ടി. വി. ഇബ്രാഹിം കമ്മ്യൂണിസ്റ്റുകാർ ഇല്ലാതാകുന്നത് നല്ലതാണ് എന്ന അഭിപ്രായം പറഞ്ഞത്? കമ്മ്യൂണിസ്റ്റുകാർ ഇല്ലാതായതുകൊണ്ട് ബംഗാളിൽനിന്ന് അരി കിട്ടി എന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയൊക്കെ പറയാൻ പാടുണ്ടോ; ലീഗിന്റെ നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഈ വാദം അംഗീകരിക്കുമോ; അംഗീകരിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം. നാട് നേരിട്ടുകൊണ്ടിരിക്കുന്ന അപകടകരമായ സാഹചര്യം മനസ്സിലാക്കാൻ ശ്രീ. ടി. വി. ഇബ്രാഹിമിനെ പോലുള്ള ആളുകളെ അദ്ദേഹം പഠിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്, കാരണം, ആർ.എസ്.എസ്. ആകെ വിഴുങ്ങാൻ വരികയാണ്. ഒരു നാടിന്റെ ഭരണഘടനയാകെ അട്ടിമറിച്ച്, ഈ നാടിന്റെ ജനാധിപത്യ മതനിരപേക്ഷ ഭരണഘടനയാകെ അട്ടിമറിച്ച്, നമ്മുടെ രാജ്യത്തെ മതാധിഷ്ഠിതമായ ഒരു സവർണ്ണ ഹിന്ദുരാഷ്ട്രമാക്കി രൂപപ്പെടുത്താൻ വേണ്ടിയുള്ള ഗൂഢപദ്ധതിയാണ് ശ്രീ. നരേന്ദ്ര മോദിയുടെ ആഭിചാരശാലയിൽ നടന്നുകൊണ്ടിരിക്കുന്നത്. അതിനെതിരായുള്ള പോരാട്ടത്തിൽ മാറ് കാണിക്കാൻ ആർജ്ജവം കാണിക്കുന്ന ഒന്നാമത്തെ പ്രസ്ഥാനം ഞങ്ങളുടെ പ്രസ്ഥാനമാണെന്ന് പറയാൻ സാധിക്കും. ഞങ്ങളില്ലാതെ ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്ക് നിൽക്കാൻ സാധിക്കുമോ; അതുകൊണ്ട് തെറ്റായ സമീപനം സ്വീകരിക്കുകയല്ല വേണ്ടത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. കെ. ശശി: സർ, ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാനവസാനിപ്പിക്കാം. മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേയ്ക്കൊന്നും പോകാൻ ഞാനാഗ്രഹിക്കുന്നില്ല. കഴിഞ്ഞ കാലങ്ങൾ ഓർക്കണം എന്നുമാത്രമേ പറയാനുള്ളൂ. തലശ്ശേരി കലാപത്തിന്റെ അനുഭവങ്ങളൊക്കെ ഓർക്കുന്നത് നല്ലതാണ്. വിസ്മരിക്കരുത് എന്നാണ് ഇതിന്റെ ഭാഗമായി പറയാനുള്ളത്. ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുമ്പോൾത്തന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. എന്റെ നിയോജക മണ്ഡലം വളരെ പിന്നോക്കം നിൽക്കുന്ന ഒരു നിയോജകമണ്ഡലമാണ്. 5 കൊല്ലം അവിടെ യു.ഡി.എഫ്. ആണ് ഭരിച്ചത്. ഒരു വികസനവും നടന്നില്ല. അതിന്റെ

കെട്ടതിയാണ് അനുഭവിക്കുന്നത്. ഷൊർണ്ണൂരിലെ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജിയെ കേന്ദ്രീകരിച്ച് 38 ഏക്കർ സ്ഥലമുണ്ട്. അവിടെയൊരു അച്ചടി മ്യൂസിയം സ്ഥാപിക്കാൻ ഈ ബജറ്റിൽ തുക വകയിരുത്തണം. അതുപോലെതന്നെ ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസിന്റെ റിവൈവൽ പ്രൊപ്പോസൽ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചതാണ്. ഇക്കാര്യങ്ങൾകൂടി ഉൾപ്പെടുത്തണം എന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ബജറ്റിനെ ശക്തമായി ഞാൻ പിന്തുണയ്ക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ്, അങ്ങേയ്ക്ക് എന്ത് പോയിന്റ് ഓഫ് ഓർഡറാണ് ഉന്നയിക്കാനുള്ളത്.

ശ്രീ. എം. വിൻസെന്റ്: *******അതുകൊണ്ട് ഇത് സഭാരേഖകളിൽനിന്ന് നീക്കം ചെയ്യണം.

മി. സ്പീക്കർ: സഭാ രേഖകൾ പരിശോധിച്ചതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പക്ഷെ ഇത് പോയിന്റ് ഓഫ് ഓർഡർ അല്ല. ചട്ടങ്ങൾ മനസ്സിലാക്കി വയ്ക്കണം. സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യുന്നത് വേറെ ചട്ടപ്രകാരമാണ്. എല്ലാ കാര്യത്തിനും പോയിന്റ് ഓഫ് ഓർഡർ എന്നുപറയരുത്.

ശ്രീ. പി. ഉബൈദുള്ള: സർ, സാങ്കൽപ്പിക വരുമാനംകൊണ്ട് മഹാത്ഭുതം സൃഷ്ടിക്കാൻ പോകുന്ന ഈ ബജറ്റിനെ ഞാൻ എതിർക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ സമ്പൂർണ്ണ ബജറ്റ്, ഡോ. ടി. എം. തോമസ് ഐസക്കിന്റെ എട്ടാമത്തെ ബജറ്റ് എന്നൊക്കെപ്പറഞ്ഞ് ബജറ്റ് അവതരിപ്പിക്കുന്നതിന് രണ്ടുദിവസം മുമ്പ് ചാനലുകളിൽ ചർച്ചയുണ്ടായിരുന്നു. എന്തൊക്കെയോ സംഭവിക്കാൻ പോകുന്നുവെന്നാണ് ജനങ്ങളൊക്കെ പ്രതീക്ഷിച്ചത്. ഡോ. ടി. എം. തോമസ് ഐസക്കിനെ പോലുള്ള പ്രഗത്ഭനായ ഒരു ധനകാര്യ വകുപ്പുമന്ത്രി നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കെ അമേരിക്കയിൽനിന്ന് ഒരു സാമ്പത്തിക ഉപദേഷ്ടാവുകൂടി വന്നതോടെ വലിയ മാറ്റങ്ങളുള്ള, പുതുമ നിറഞ്ഞ ബജറ്റായിരിക്കും ഇത്തവണ അവതരിപ്പിക്കുന്നതെന്നാണ് പ്രതീക്ഷിച്ചത്. എന്നാൽ ഒരത്ഭുതവും സംഭവിച്ചില്ല. 8 മാസം മുമ്പ് അവതരിപ്പിച്ചതിന്റെ തനിയാവർത്തനം മാത്രമാണ് എട്ടാം ബജറ്റിലും നമുക്ക് കാണാൻ സാധിച്ചത്. 'പദ്ധതി പദ്ധതി സർവ്വത്ര, ചെലവഴിക്കാൻ പണമില്ല'. ഇതാണ് ഇപ്പോഴത്തെ സ്ഥിതി. പുതിയ ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചൊന്നും ബജറ്റിൽ പ്രതിപാദിക്കുന്നില്ല. കിഫ്ബിയിൽ

*******സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു. (ഫയൽ നം. 1048/ഇ.ബി./2017/നി.സെ. തീയതി 08-03-2017)

മാത്രം പ്രതീക്ഷയർപ്പിച്ച് മുന്നോട്ടു പോകുകയാണ്. കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുകയാണ്. സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചുവരാൻ നിർബന്ധിതരായിക്കൊണ്ടിരിക്കുന്ന പ്രവാസി മലയാളികളെക്കൊണ്ട് ചിട്ടി എടുപ്പിച്ചാൽ ഈ പദ്ധതികളൊക്കെ നടപ്പിലാക്കാൻ സാധിക്കുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശ്വാസമെങ്കിൽ അങ്ങയുടെ വിശ്വാസം അങ്ങയെ രക്ഷിക്കട്ടെ എന്നുമാത്രമേ പറയാനുള്ളൂ.

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയെ സംബന്ധിച്ചാണ് കഴിഞ്ഞ ദിവസം സഭ ചർച്ച ചെയ്തത്. നമുക്ക് ലഭ്യമാകുന്ന ജലസമ്പത്ത് സംരക്ഷിക്കാനാവശ്യമായ പദ്ധതികൾ വേണ്ടത്ര നമ്മുടെ സംസ്ഥാനത്ത് ഇനിയും ഉണ്ടായിട്ടില്ല. വെള്ളത്തിന്റെ ഉപയോഗം സംബന്ധിച്ച് ജനങ്ങളിൽ ബോധവത്കരണം നടത്തേണ്ടത് ആവശ്യമാണ്. ജലസ്രോതസ്സുകൾ സംരക്ഷിക്കാനും പുതിയ ജലസ്രോതസ്സുകൾ കണ്ടെത്താനുമുള്ള സംവിധാന മുണ്ടാകണം. നദികളിലും തോടുകളിലുമൊക്കെ കൂടുതൽ തടയണകൾ നിർമ്മിക്കണം. ക്ഷേത്രക്കുളങ്ങളടക്കം പുനരുദ്ധരിക്കാനുള്ള നടപടി സ്വീകരിക്കണം. ഓരോ ജില്ലയിലും റിവർ മാനേജ്മെന്റ് ഫണ്ടിൽ കോടിക്കണക്കിന് രൂപ കെട്ടിക്കിടക്കുകയാണ്. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് അതാത് ജില്ലകളിലെ നദികളിൽ തടയണ നിർമ്മിക്കാൻ നടപടിയുണ്ടാകണം. അതോടൊപ്പം എന്റെ മണ്ഡലത്തിൽ മൂന്ന് പഞ്ചായത്തുകളിൽ നിലവിൽ കുടിവെള്ള പദ്ധതികളൊന്നുമില്ല. പുല്പ്പറ്റ, പൂക്കോട്ടൂർ, മൊറയൂർ എന്നീ പഞ്ചായത്തുകൾ ലക്ഷ്യമാക്കി സമഗ്ര കുടിവെള്ള പദ്ധതിക്ക് മുൻ ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. അതിപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ആ പദ്ധതിക്ക് 50 കോടി രൂപ അനുവദിക്കണമെന്നുകൂടി ഞാനാവശ്യപ്പെടുകയാണ്. അതുപോലെ സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. മലപ്പുറം ജില്ലയിലും കാൻസർ രോഗികളുടെ എണ്ണം ഇതിന് ആനുപാതികമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്തേയ്ക്ക് ട്രെയിനിൽ വരുമ്പോൾ കൂടുതലും കാൻസർ രോഗികളാണ്. കാൻസർ രോഗികൾ പ്രയാസമനുഭവിക്കുന്നു. അവരെ പരിചരിക്കാൻ വരുന്നവരും പ്രയാസമനുഭവിക്കുന്നു. കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ മലപ്പുറത്ത് ഒരു കാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 25 ഏക്കർ സ്ഥലം മാറ്റിവച്ചു. 10 കോടി രൂപ അനുവദിച്ചു. ഞാൻ കഴിഞ്ഞ തവണ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ ഇടപെട്ട് ചോദിച്ചപ്പോൾ ഫണ്ട് അനുവദിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഈ ബജറ്റിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല. നമ്മുടെ വിദ്യാലയങ്ങളൊക്കെ മികവിന്റെ കേന്ദ്രങ്ങളാക്കുമെന്നത് നല്ല പദ്ധതിയാണ്. എല്ലാ നല്ല പദ്ധതികളെയും പിന്തുണച്ചവരാണ് ഞങ്ങൾ. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം ജനകീയാസൂത്രണം

നടന്ന കാലഘട്ടത്തിൽ അദ്ദേഹം ജനകീയാസൂത്രണത്തിന്റെ പ്ലാനിംഗ് ബോർഡ് മെമ്പർ എന്ന നിലയിൽ 'കില'യിൽ ക്ലാസ്സെടുക്കാൻ വരുമ്പോൾ ഒരു പഠിതാവായി ഉണ്ടായിരുന്ന ആളാണ് ഞാൻ. ജനകീയാസൂത്രണത്തിന്റെ കെ.ആർ.പി. (കീ റിസോഴ്സ് പേഴ്സൺ) ആയി പ്രവർത്തിച്ചിരുന്നു. സാക്ഷരതാ പ്രവർത്തനം വന്നു. സാക്ഷരതാ പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഒന്നാം സ്ഥാനത്തെത്തിയത് മലപ്പുറം ജില്ലയായിരുന്നു. അങ്ങനെ എല്ലാ നല്ലകാര്യത്തിലും പിന്തുണച്ചിട്ടുള്ള ആളുകളെന്ന നിലയിൽ ഈ വർഷത്തെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെയും വളരെ ശക്തമായി ഞങ്ങൾ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ 27-ാം തീയതി ചങ്ങലപിടിച്ച് അതിൽ കണ്ണികളായിട്ടുണ്ട്. ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്, പല വിദ്യാലയങ്ങളിലും 'ഇടിമുറി'കളുണ്ട്. ഈ 'ഇടിമുറി'കളന്വേഷിച്ച് എവിടെയും പോകേണ്ട, നമ്മുടെ തൊട്ടുമുമ്പിലുള്ള യൂണിവേഴ്സിറ്റി കോളേജിൽ പോയാൽ മതി. ഒരാഴ്ച മുമ്പ് ഒരു ചാനലിൽ കുട്ടികളുടെ അഭിമുഖം കണ്ടു. യൂണിവേഴ്സിറ്റി കോളേജിലെ ഏറ്റവും പ്രബല വിദ്യാർത്ഥി സംഘടനയായ എസ്.എഫ്.ഐ.-യുടെ പ്രവർത്തനവുമായി സഹകരിച്ചില്ലെങ്കിൽ 'ഇടിമുറി'യിൽ കൊണ്ടുപോയി കൈകാര്യം ചെയ്യുമെന്ന് കുട്ടികൾ പറയുന്നു. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതോടൊപ്പം വിദ്യാലയങ്ങളിൽ നടക്കുന്ന ക്രൂരമായ റാഗിംഗ് നിരോധിക്കാനും നടപടിയുണ്ടാകണം. ഇവിടെ ശ്രീ. എം. ടി. വാസുദേവൻ നായരുടെ രണ്ടാമൂഴം എന്ന നോവലിനെ പരാമർശിച്ചുകൊണ്ട് ബഹുമാനപ്പെട്ട വി.കെ.സി. മമ്മത് കോയ ഒരു കാര്യം പറഞ്ഞു. 'കുരുവംശത്തിലെ പുരുഷന്മാർ മുഴുവൻ സ്ത്രീകളുടെ കണ്ണീരുകണ്ട് രസിച്ചവരാണ്, എനിക്കറിയാം' എന്ന് ഗാന്ധാരിയെ കൊണ്ട് രണ്ടാമൂഴം എന്ന നോവലിൽ എം.ടി. പറയിക്കുന്നുണ്ട്. ആ വാചകം ശ്രീ. വി. കെ. സി. മമ്മത് കോയ ഇവിടെ ഇത് യു.ഡി.എഫ്.-നെ കുറിച്ചാണ് പറഞ്ഞതെന്ന് പറഞ്ഞു. പക്ഷെ എൽ.ഡി.എഫ്.-നെക്കുറിച്ച് എങ്ങനെ ഇത്രയ്ക്ക് മുൻകൂട്ടി കാണാൻ എം.ടി.ക്ക് കഴിഞ്ഞുവെന്നാണ് ഞാൻ ആലോചിക്കുന്നത്. ഇന്നത്തെ പത്രത്തിലെ തലക്കെട്ടുകൾ 'കെട്ടകാലം', മറ്റൊരു പത്രത്തിൽ 'സ്ത്രീ സുരക്ഷ ഇനിയുമകലെ', 'ലജ്ജിക്കുക കേരളമേ' എന്നിങ്ങനെയാണ്. എന്റെ ഓർമ്മയിൽ കേരളത്തിൽ ഒരു മലയാള പത്രത്തിലും സ്ത്രീ പീഡനവുമായി ബന്ധപ്പെട്ട് 7 വാർത്തകൾ മുൻപേജിൽ ഒരുമിച്ചുവന്ന ചരിത്രം ഇടതുപക്ഷത്തിന്റെ ഭരണകാലത്തല്ലാതെ ഉണ്ടായിട്ടില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഇവരാണിപ്പോൾ സ്ത്രീ സുരക്ഷയെക്കുറിച്ച് പറയുന്നത്. ഇത് ഏതെങ്കിലും ഉച്ച പത്രമല്ല, മലയാളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പത്രമാണ് 'ലജ്ജിക്കൂ കേരളമേ' എന്ന് പറഞ്ഞിരിക്കുന്നത്. അതിൽ പറയുന്നതോ 'സി.പി.ഐ.(എം.) കൗൺസിലറും കൂട്ടാളികളും പീഡിപ്പിച്ചതായി വീട്ടമ്മ' തുടങ്ങിയ വാർത്തകളാണ്. നിങ്ങൾക്ക് സ്ത്രീ സുരക്ഷയെക്കുറിച്ച് പറയാൻ അർഹതയില്ല. ഒരു കാര്യവുംകൂടി പറഞ്ഞ് ഞാൻ ചുരുക്കുകയാണ്. കഴിഞ്ഞ സഭാ

സമ്മേളനത്തിൽ ചർച്ച ചെയ്ത പ്രധാനപ്പെട്ട വിഷയമാണ് സ്വർണ്ണ വ്യാപാരികൾ അനുഭവിക്കുന്ന പ്രയാസം. സ്വർണ്ണ വ്യാപാരികൾ നമ്മുടെ സംസ്ഥാനംവിട്ട് അന്യ സംസ്ഥാനങ്ങളിലേയ്ക്കും വിദേശങ്ങളിലേയ്ക്കുമൊക്കെ പോകുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം പഴയ സ്വർണ്ണാഭരണങ്ങൾക്ക് പർച്ചേസ് ടാക്സ് ചുമത്തിയതാണ്. സ്വർണ്ണ വ്യാപാരികൾ നമ്മുടെ സംസ്ഥാനം വിട്ട് പോകുന്നതുകൊണ്ട് ഇവിടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു, അതുകൊണ്ട് ഈ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി ഇക്കാര്യം പുനഃപരിശോധിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും തയ്യാറാകണം എന്നുകൂടി ആവശ്യപ്പെട്ടു കൊണ്ട് ഈ ബജറ്റിനെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ ബജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ച്, രണ്ടാമത്തെ ദിവസം മാധ്യമങ്ങളിൽ വന്ന എഡിറ്റോറിയൽ വായിച്ചപ്പോൾ കിഫ്ബിയെ ആശ്രയിച്ചുനിൽക്കുന്ന ഈ ബജറ്റിന്റെ പ്രായോഗികത എത്രമാത്രമുണ്ട് എന്ന സംശയം സ്വാഭാവികമായും ഉയർന്നിരിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഉദ്ദേശശുദ്ധിയെയോ അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയെയോ ഞാൻ ചെറുതായി കാണുകയല്ല, പക്ഷേ സ്വാഭാവികമായും ഉയർന്നുവന്നിരിക്കുന്ന സംശയം വളരെ ആധികാരികമായി നിലനിൽക്കുകയാണ്. ആദ്യത്തെ ബജറ്റിൽ പ്രഖ്യാപിച്ച പല കാര്യങ്ങളും നടപ്പിലാക്കിയിട്ടില്ല എന്നുള്ള വിമർശനം മറ്റൊരു ഭാഗത്തുനിൽക്കുന്നു. ഭൂമിദാനം, ആരോഗ്യസംരക്ഷണം തുടങ്ങി റവന്യൂ ടവറുകൾ ലഭ്യമാക്കുന്നതടക്കമുള്ള ഒട്ടനവധി പ്രഖ്യാപനങ്ങൾ നമ്മൾ കണ്ടതാണ്. ആ പ്രഖ്യാപനങ്ങളെല്ലാം അതേ അർത്ഥത്തിൽത്തന്നെ നിൽക്കുന്നുവെന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. ഈ ബജറ്റിൽ എല്ലാം കിഫ്ബിയെ ആശ്രയിച്ചുനിൽക്കുന്നുവെന്ന് പറയുമ്പോൾ, ഇന്ന് കേരളം ഏറ്റവും പ്രതീക്ഷയോടെ കാണുന്ന പദ്ധതികളിലൊന്നാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - വിദ്യാഭ്യാസ മേഖലയിൽ സ്മാർട്ട് ക്ലാസ് റൂമടക്കം സമ്പൂർണ്ണ നവീകരണമാണ് ഗവൺമെന്റ് ലക്ഷ്യം. സാധാരണക്കാരന്റെ ഏറ്റവും വലിയ പ്രതീക്ഷയും ഈ മേഖലയിൽ തന്നെയാണെന്നാണ് ഞാൻ കരുതുന്നത്. പി.ടി.എ., പൂർവ്വ വിദ്യാർത്ഥികളടക്കമുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് ഫണ്ട് സമാഹരിക്കും എന്നുള്ള പരാമർശം കാണാനിടയായി. ഇത് പ്രായോഗിക തലത്തിൽ കൊണ്ടുവരിക എന്നത് ബുദ്ധിമുട്ടുള്ള കാര്യമായിരിക്കും. ഗവൺമെന്റ് ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടെങ്കിൽ അതിനാവശ്യമായ തുക വകയിരുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വൻകിട ജലസേചന പദ്ധതികളെക്കുറിച്ചു പറയുമ്പോൾ എനിക്കു സൂചിപ്പിക്കാനുള്ള ഒരു കാര്യം, പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നതോടോപ്പം തന്നെ പ്രവൃത്തിയാരംഭിച്ച് പൂർത്തിയാക്കാൻ കഴിയാത്ത നിരവധി പദ്ധതികൾ കേരളത്തിൽ ബാക്കി നിൽക്കുകയാണെന്നുള്ള വസ്തുത മറക്കരുത് എന്നാണ്.

ഞങ്ങളുടെ പ്രദേശവുമായി ബന്ധപ്പെട്ട മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട് ആരംഭിച്ചിട്ട് 30 വർഷത്തിനുമുകളിലായി. പുതിയ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ കയ്യടി ലഭിക്കുമായിരിക്കും. പക്ഷേ നടപ്പിലായിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽ പലതും പകുതി വഴിയിൽ നിൽക്കുന്നുവെന്നുള്ളത് നമുക്ക് വിസ്മരിക്കാൻ കഴിയുന്നതല്ല. അത്തരം പദ്ധതികൾ പൂർത്തീകരിക്കാൻ ഫസ്റ്റ് പ്രയോറിറ്റി കൊടുക്കണം.

ഇന്ന് നമ്മൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം വരൾച്ചയാണ്. അതിനെ ശക്തമായി നേരിടുവാനുള്ള സമീപനങ്ങളൊന്നുമുണ്ടാകുന്നില്ല. വിലക്കയറ്റം പിടിച്ചുനിർത്തുമെന്നുള്ള പ്രഖ്യാപനങ്ങൾ ഗവൺമെന്റ് എല്ലാക്കാലത്തും നടത്താറുണ്ട്. പക്ഷേ അതിനാവശ്യമായ തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തണം. 200 കോടി രൂപ സിവിൽ സപ്ലൈസിനും 150 കോടി രൂപ കൺസ്യൂമർഫെഡിനും നീക്കിവച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് കൺസ്യൂമർഫെഡിനെയും സിവിൽ സപ്ലൈസിനെയും ഒരേ രീതിയിൽ കാണുന്നുവെന്നാണ്.

വിലക്കയറ്റം നേരിടാൻ അരിക്കടകൾ തുടങ്ങുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. ഈ തുകയിൽനിന്നാണോ അരിക്കടയ്ക്കും മാവേലി സ്റ്റോറുകൾക്കും തുക വകയിരുത്താൻ പോകുന്നത്? വരുന്ന ഉത്സവകാലങ്ങൾ എങ്ങനെ നേരിടും? അങ്ങനെ ഒട്ടേറെ സംശയങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ഗവൺമെന്റ് ഈ വിഷയത്തെ ആത്മാർത്ഥമായാണ് നേരിടാൻ ശ്രമിക്കുന്നതെങ്കിൽ ആവശ്യമായ തുക വകയിരുത്തണം. ഇതിനാവശ്യമായ ഫണ്ടുകൾ ലഭ്യമാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ധനകാര്യ വകുപ്പുമന്ത്രി ചോദിച്ചതനുസരിച്ച് എല്ലാ നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാർ സ്കീമുകൾ എഴുതിക്കൊടുത്തിട്ടുണ്ട്. തുല്യമായ നിലയിൽ എല്ലാ എം.എൽ.എ.-മാർക്കും അടിസ്ഥാന സൗകര്യവികസനങ്ങൾക്ക് പ്രാമുഖ്യം നൽകേണ്ടതായിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ വിവിധ പദ്ധതികൾ ലഭ്യമാകുമ്പോഴും പ്രധാനപ്പെട്ട പാലങ്ങൾ ഉൾപ്പെടെ ലഭ്യമാകാത്ത സാഹചര്യങ്ങളുണ്ട്. ഞാൻ അത് ധനകാര്യ വകുപ്പുമന്ത്രിക്ക് രണ്ടാമത് എഴുതിക്കൊടുത്തിട്ടുണ്ട്. അത്തരം കാര്യങ്ങളിൽ തത്തുല്യമായ ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. എന്റെ വാക്കുകൾ ചുരുക്കുകയാണ്. ഞാൻ ഈ ബജറ്റിനെ എതിർക്കുന്നു.

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ച ബജറ്റിനെ ഞാൻ ശക്തമായി അനുകൂലിക്കുന്നു. കഴിഞ്ഞ പ്രാവശ്യം ബജറ്റ് അവതരിപ്പിച്ച് അദ്ദേഹം പ്രസംഗിച്ചപ്പോൾ പ്രതിപക്ഷ നേതാവ് തന്നെ ചോദിച്ചു - 25,000 കോടിയും

50,000 കോടിയുമൊക്കെ കടം വാങ്ങിയാൽ എങ്ങനെ കൊടുക്കുമെന്ന്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 20 കോടി, 25 കോടി, 30 കോടി രൂപയടക്കം നാല് പാലങ്ങൾ കുട്ടനാട്ടിൽ അനുവദിച്ചിട്ടുണ്ട്. ഈ വർഷം 20 കോടി രൂപ മുടക്കി പണി തീർക്കാവുന്ന ഒരു പാലം നാല് വർഷം കഴിഞ്ഞ് 50 കോടി രൂപ മുടക്കിയാലും പൂർത്തിയാകില്ല. അതാണ് നാടിന്റെ അവസ്ഥ. ഗൾഫ് മലയാളികൾ ഇതിൽ കാശ് നിക്ഷേപിക്കും, ചിട്ടിയിൽ ചേരും. അവരുടെ നിക്ഷേപത്തിന് 10-11 ശതമാനം പലിശ കിട്ടിക്കൊണ്ടിരുന്ന സ്ഥാനത്ത് ഇന്ന് 6 ശതമാനത്തിലേയ്ക്ക് പലിശ താഴ്ന്നിരിക്കുകയാണ്. 20 കോടി രൂപയുടെ പാലത്തിന് 4 കൊല്ലം കഴിഞ്ഞാൽ 40 കോടി രൂപ ആകുമെങ്കിൽ, 6 ശതമാനം പലിശയ്ക്ക് വാങ്ങിയ കടം തിരിച്ചുകൊടുക്കാൻ 24-25 കോടി രൂപയേ ആകുകയുള്ളൂ. കാശ് വരുന്ന കാലത്ത് പിരിച്ച് പാലമുണ്ടാക്കാമെന്ന് പറഞ്ഞാൽ നടക്കില്ല എന്നേ ഞാൻ പറഞ്ഞുള്ളൂ. ഇതാണ് ലാഭം. ഗൾഫ് മലയാളികളിൽനിന്നാണ് കാശ് വാങ്ങിക്കാൻ പോകുന്നത്, അതിനുള്ള തന്റേടം അദ്ദേഹത്തിനുണ്ട്. ഞങ്ങൾ തിരിച്ചു കൊടുക്കുകയും ചെയ്യും.

പമ്പാനദിയും അച്ചൻകോവിലാറും മണിമലയാറും മീനച്ചിലാറും തലങ്ങനെയും വിലങ്ങനെയും ഒഴുകുന്ന നാട്ടിൽനിന്നാണ് ഞാൻ വരുന്നത്. അവിടെ പാലമില്ലാത്തതിനാൽ സൈക്കിൾപോലും കടന്നുചെല്ലാത്ത ധാരാളം പ്രദേശങ്ങളുണ്ട്. ഇതുമായി ബന്ധപ്പെട്ട് ശ്രീ. ടി. യു. കുരുവിളയുടെയും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെയും ചേംബറിൽ യോഗം വിളിച്ചിട്ടുണ്ടെങ്കിലും ഇന്നുവരെ നടന്നിട്ടില്ല. പാലം പണിക്കുവേണ്ടി മൂന്നുകൊല്ലംമുമ്പ് അനുവദിച്ച അസറ്റ് ഫണ്ട് ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല, ടെണ്ടർ ക്ഷണിച്ചിട്ടും ഏറ്റെടുക്കാൻ ആളില്ലാതെ ഇപ്പോഴും കിടക്കുന്നു. അതിനൊരു പരിഹാരമുണ്ടാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ബജറ്റ് പ്രസംഗത്തിൽ മോട്ടോർ വാഹന വകുപ്പിൽ ആറ് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ അനുവദിക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ പ്രിന്റ് ചെയ്ത ബജറ്റ് പ്രസംഗത്തിൽ അത് വന്നിട്ടില്ല. അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

എന്റെ നാട്ടിലെ കാര്യം പറയാതിരിക്കാൻ കഴിയില്ല. കുട്ടനാട്ടിലെ പുളിങ്കുന്ന് താലൂക്കാശുപത്രിയും എടത്വാ, വെളിനാട് കമ്മ്യൂണിറ്റി സെന്ററുകളും ആർദ്രം മിഷനിൽ ഉൾപ്പെടുത്തി ആവശ്യത്തിന് സ്റ്റാഫുകളും ഉപകരണങ്ങളും അനുവദിക്കണം. യാത്രാസൗകര്യമില്ലാത്ത ആലപ്പുഴ പട്ടണത്തിൽ എത്തിച്ചേരണമെങ്കിൽ ബോട്ടോ വള്ളമോ വേണം. അങ്ങനെയുള്ള ഒരു പ്രദേശത്തിന്റെ കാര്യം

ഞാൻ ഇവിടെ പ്രത്യേകിച്ച് പറയുകയാണ്. സംഭരിക്കുന്ന നെല്ലിന്റെ വിലയ്ക്ക് 700 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 400 കോടി രൂപയെങ്കിലും റിവോൾവിംഗ് ഫണ്ടായി അനുവദിച്ചില്ലെങ്കിൽ കർഷകരുടെ കാര്യം കഷ്ടത്തിലാകും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പഴയതിനേക്കാൾ കുറേ മെച്ചമുണ്ടായിട്ടുണ്ടെങ്കിലും നെല്ലിന്റെ വിലയ്ക്കുവേണ്ടി എനിക്ക് ഇവിടെ സബ്മിഷൻ അവതരിപ്പിക്കേണ്ടതായി വന്നു.

കുട്ടനാട് അനുഭവിക്കുന്ന മറ്റൊരു പ്രശ്നം, ഉൾനാടൻ ഗ്രാമങ്ങളിലെ ജലാശയങ്ങൾ പോള തിങ്ങി ഒഴുക്കില്ലാതെ കിടക്കുന്നു എന്നുള്ളതാണ്. ഇവിടെ ആഴംകൂട്ടലിനുവേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ട്. അത് വല്ലതും ഞങ്ങൾക്ക് കിട്ടുമോ; കുട്ടനാടിന്റെ ഈ ശാപം മാറിക്കിട്ടുമോ എന്ന് അങ്ങ് മറുപടി പ്രസംഗത്തിൽ പറഞ്ഞാൽ കൊള്ളാം.

കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിക്ക് 195 കോടി രൂപയാണ് അനുവദിച്ചത്. തണ്ണീർമുക്കം ബണ്ട് പദ്ധതി പൂർത്തിയാകുമ്പോൾ ബണ്ട് തുറന്നിടണമെന്നും ഒരു വർഷം ഉപ്പുവെള്ളം കയറ്റിയിടണമെന്നും അങ്ങ് തന്നെ വച്ച ഒരു നിർദ്ദേശമുണ്ട്. നല്ല കാര്യമാണ്. പക്ഷേ ഈ പദ്ധതി പൂർത്തിയായാൽ മാത്രമേ അക്കാര്യം കുട്ടനാട്ടിലെ ജനങ്ങളോട് പറഞ്ഞു മനസ്സിലാക്കിക്കാൻ കഴിയുകയുള്ളൂ. ഈ പദ്ധതി തീർന്നാൽ ഒരു വർഷമല്ല, രണ്ടുവർഷം വേണമെങ്കിലും ഉപ്പുവെള്ളം കയറ്റിയിടാം. എന്നാൽ മാത്രമേ, കുട്ടനാട്ടിന്റെ ശാപമായ പോള മുഴുവൻ ചീഞ്ഞ് മലവെള്ളപ്പാച്ചിലിൽ അറബിക്കടലിൽ പോകുകയുള്ളൂ. അതിനുശേഷം രണ്ടോ മൂന്നോ കൃഷി ചെയ്യാം. വീണ്ടും ഇങ്ങനെ ചെയ്യേണ്ടി വരും. ഇതിനായി തുക അനുവദിച്ച അങ്ങയെ എങ്ങനെയാണ് അനുമോദിക്കേണ്ടതെന്ന് എനിക്കറിയില്ല. ഹൃദയത്തിന്റെ ഭാഷയിൽ അങ്ങേയ്ക്ക് നല്ലതുവരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അമ്പലപ്പുഴ-തിരുവല്ല റോഡ് 69 കോടി രൂപയ്ക്ക് ടെണ്ടർ ചെയ്തിരിക്കുകയാണ്. അതിന്റെ ഉദ്ഘാടനം നാളെ നടക്കുകയാണ്. രണ്ട് കൊല്ലംമുമ്പ് ഈ റോഡ് നന്നാക്കണമെന്ന് ആവശ്യപ്പെട്ട് ഞാൻ അവിടെ സമരം ചെയ്തതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് എട്ടുമാസം പോലുമായില്ല. ശ്രീ. കൊടിക്കുന്നിൽ സുരേഷ് ഉൾപ്പെടെ അവിടെ സമരം തുടങ്ങിക്കഴിഞ്ഞു. ഞങ്ങൾ സമരമിരുന്നിട്ടാണ് അത് വന്നതെന്ന് വരുത്തിതീർക്കാനുള്ള ശ്രമമാണ് നടക്കുന്നത്.

50,000 കോടി രൂപ വേണമെങ്കിലും ഗൾഫ് മലയാളികൾ തരും. കിട്ടും. ചിട്ടി തുടങ്ങിക്കോ, പതിനായിരങ്ങളെ ഞാൻ ചേർത്തുതരാം. എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് ഈ ബജറ്റിനെ ശക്തമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, അനൗദ്യോഗിക ധനസ്ഥിതി വരച്ചുവച്ച് വെറും സാങ്കൽപ്പിക വരുമാനംകൊണ്ട് അവതരിപ്പിച്ചതും ചോർന്നതിലൂടെ എല്ലാ പവിത്രതയും നഷ്ടപ്പെട്ടതുമായ ഈ ബജറ്റിനെ എതിർക്കാതെ നിർവ്വാഹമില്ല. ബജറ്റിൽ മാത്രമല്ല ചോർച്ച, ഭരണത്തിലെ ചോർച്ചയും സൂക്ഷ്മതക്കുറവുമാണ് മൊത്തത്തിൽ കാണാൻ കഴിയുന്നത്. ബജറ്റിൽ പ്രഖ്യാപിച്ച സ്വപ്നകണക്കുകൾ അവസാനം മൊത്തമായി എഴുതിത്തള്ളേണ്ട അവസ്ഥ ഉണ്ടാകുമോയെന്ന ആശങ്കയുമുണ്ട്. സ്വകാര്യ നിക്ഷേപത്തിനും വിദേശ വായ്പകൾക്കുമെതിരെ ശക്തമായ നിലപാട് സ്വീകരിച്ചവർ ഇപ്പോൾ അതിനെമാത്രം ആശ്രയിക്കുന്നുവെന്നതാണ് ഈ ബജറ്റിന്റെ മറ്റൊരു പ്രത്യേകത. പല പദ്ധതികളും പ്രഖ്യാപനങ്ങളിൽ മാത്രമായി ഒതുങ്ങുകയാണ്. പദ്ധതികൾ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. 2016-17-ൽ പ്രഖ്യാപിച്ച പദ്ധതികളിൽ ജനുവരി 30 വരെ 36 ശതമാനം മാത്രമാണ് ചെലവായതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്റെ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പദ്ധതി നടത്തിപ്പിന് ഉദ്യോഗസ്ഥരില്ല, ടാറ് കിട്ടാനുമില്ല, പദ്ധതി നടപ്പിലായില്ലെന്ന് മാത്രമല്ല, 40 ശതമാനമെങ്കിലും നടപ്പിലാകുമോയെന്ന ഭയത്തിലാണ്. അതിന് ഒരു വ്യവസ്ഥ ഉണ്ടാക്കുകയും ജൂൺ വരെ സമയം നൽകുകയും ചെയ്യണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. പദ്ധതിയേതര ചെലവുകൾ കുത്തനെ ഉയരുമ്പോൾ പദ്ധതി വിഹിത വിനിയോഗം പകുതിപോലും എത്തുന്നില്ലെന്നത് സംസ്ഥാനത്തെ വികസന മുരടിപ്പിനെ ചൂണ്ടിക്കാണിക്കുന്നു.

കാസർഗോഡിനെ പ്രത്യേകിച്ച് മഞ്ചേശ്വരത്തെയും ഈ ബജറ്റ് അവഗണിച്ചുവെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ചികിത്സയ്ക്കും തൊഴിലിനും വിദ്യാഭ്യാസത്തിനും കർണ്ണാടക സംസ്ഥാനത്തെ ആശ്രയിക്കേണ്ട കാസർഗോഡുകാർക്ക് ഒരു മെഡിക്കൽ കോളേജ് എന്ന ന്യായമായ അവകാശം യു.ഡി.എഫ്. സർക്കാർ അംഗീകരിക്കുമ്പോൾ മെഡിക്കൽ കോളേജിനായി ഒന്നും അനുവദിക്കാത്തത് ക്രൂരമായ അവഗണനയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് യു.ഡി.എഫ്. സർക്കാർ നിയോഗിച്ച പ്രഭാകർ കമ്മീഷൻ 11,123 കോടി രൂപയുടെ പദ്ധതിയാണ് നിർദ്ദേശിച്ചത്. ഇതുവരെ 345 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ഇത്തവണ 90 കോടി രൂപ അനുവദിച്ചുവെന്നത് സന്തോഷം തന്നെയാണ്. വരുംവർഷങ്ങളിൽ കൂടുതൽ തുക അനുവദിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. പല കാരണങ്ങളാലും ഏറ്റവും പിന്നോക്കം നിൽക്കുന്ന അതിർത്തി പ്രദേശമായ മഞ്ചേശ്വരത്തിന്റെ പുരോഗതിക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

ശക്തമായ വർഗ്ഗീയ ധ്രുവീകരണം നടത്തി ആർ.എസ്.എസ്.-കാരനെ ഈ നിയമസഭയിലെത്തിക്കാൻ സർവ്വസന്നാഹത്തോടുകൂടി നടത്തിയ ശ്രമങ്ങളെ തടഞ്ഞുനിർത്തിയ മഞ്ചേശ്വരത്തിലെ ജനങ്ങളോട് പ്രത്യേകമായി സ്നേഹം കാണിച്ചില്ലെങ്കിലും അവർക്ക് അർഹതപ്പെട്ടതെങ്കിലും കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മഞ്ചേശ്വരത്ത് ഞങ്ങൾ ബി.ജെ.പി.-യുമായി കൂട്ടു കെട്ടാണെന്നാണ് കഴിഞ്ഞ ദിവസം എന്റെ സുഹൃത്തായ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞത്. 30 വർഷമായി മഞ്ചേശ്വരത്ത് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിൽ മത്സരിച്ചുകൊണ്ടിരിക്കുകയാണ്. പൈവെളിഗെയിൽ സഹകരണ ബാങ്ക് ഭരിക്കുന്നത് ആരാണെന്ന് ബഹുമാനപ്പെട്ട സുഹൃത്ത് ഇന്ന് ഫോൺ ചെയ്ത് ചോദിക്കണം. സി.പി.ഐ. (എം) ഉം ബി.ജെ.പി.-യും ചേർന്നാണ് ഭരിക്കുന്നത്. സി.പി.ഐ. അവിടെ യു.ഡി.എഫ്.-നോട് ഒന്നിച്ചുനിന്നു. അവർ ആ മാന്യത കാണിച്ചു. ഗ്രാമപഞ്ചായത്തിൽ 8 സീറ്റ് ബി.ജെ.പി.-ക്കും 7 സീറ്റ് എൽ.ഡി.എഫ്.-നും ആണ്. എൽ.ഡി.എഫ്.-നെ ഭരണത്തിൽ കയറ്റി യു.ഡി.എഫ്. ഒന്നിച്ചുനിന്നു. ഇപ്പോൾ 7 സീറ്റുള്ള എൽ.ഡി.എഫ്. ആണ് അവിടെ ഭരിക്കുന്നത്. 8 സീറ്റുള്ള ബി.ജെ.പി.യെ അവിടെനിന്ന് മാറ്റിനിർത്തി. അതുപോലെ ബി.ജെ.പി.-യെ മാറ്റിനിർത്താൻവേണ്ടി എൻമകജെ ഗ്രാമപഞ്ചായത്തിൽ അവിശ്വാസം കൊണ്ടുവന്ന ഞങ്ങളെ എൽ.ഡി.എഫ്. പിന്തുണച്ചില്ല. അവിടെയും സി.പി.ഐ. മാന്യത കാണിച്ചു. സി.പി.ഐ. വോട്ട് ചെയ്തുകൊണ്ട് യു.ഡി.എഫ്.-നോടൊപ്പം ഒന്നിച്ചുനിന്നു. ബി.ജെ.പി.-യെ മാറ്റിനിർത്താൻ എപ്പോഴും ഞങ്ങൾ തയ്യാറാണ്. പക്ഷേ, നിങ്ങൾ തയ്യാറല്ല. എന്നെ തോൽപ്പിക്കാൻവേണ്ടി പല അടവുകളും പയറ്റിയിട്ടുണ്ട്. മംഗലാപുരത്തെ ഏത് ഹോട്ടലിൽ വച്ച് ആരുമായിട്ടൊക്കെയാണ് ചർച്ച ചെയ്തത് എന്നൊക്കെ അവിടത്തെ ലോക്കൽ നേതാക്കന്മാർക്ക് നന്നായി അറിയാം. അതുകൊണ്ട് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. എ. എൻ. ഷംസീറെ, നിങ്ങൾ അറിയാതെ പറഞ്ഞുപോയതാണെന്ന് തോന്നുന്നു. അവിടെ ഞങ്ങൾക്കല്ല കൂട്ടുകെട്ടുള്ളത്, നിങ്ങൾക്കാണ്. ബി.ജെ.പി.യെ മാറ്റാൻ വേണ്ടി പിന്തുണ നൽകാത്തത് സി.പി.ഐ. (എം) ആണെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.

എന്റെ താലൂക്കിൽനിന്ന് ആദ്യമായി ആർ. ടി. ഓഫീസിനായുള്ള പ്രൊപ്പോസൽ വന്നിട്ടുണ്ടെങ്കിലും അത് പ്രഖ്യാപിച്ചിട്ടില്ല. താലൂക്കിന്റെ അനുബന്ധ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ബജറ്റിനെ ഒരിക്കൽ കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ബി. സത്യൻ</u>: സർ, ഇന്ന് ലോക വനിതാ ദിനമാണ്. ഇന്ത്യയിലെ അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ദ്ധരിൽ ഒരാളാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി. അദ്ദേഹം തുടങ്ങിവച്ച കർമ്മ പരിപാടികൾ ജനകീയാസൂത്രണ പദ്ധതിയിലൂടെ ആവിർഭവിച്ച് ജനസമക്ഷത്തിന്റെ അംഗീകാരം ലഭിക്കുകയും രാജ്യത്താകെ അംഗീകരിക്കപ്പെട്ടതുമാണ്. ഇവിടെ ചോർന്ന് പോയിരിക്കുന്നത് ബജറ്റല്ല. ബജറ്റ് അവതരിപ്പിച്ച് ഒരു മണിക്കൂറായപ്പോൾ പ്രതിപക്ഷത്തിന്റെ ആവേശവും മനോവീര്യവും ആത്മവിശ്വാസവുമാണ് ചോർന്നുപോയത്. അവർക്ക് ഈ സഭയ്ക്കകത്ത് നമ്മളെ അഭിമുഖീകരിക്കാനുള്ള മനോവീര്യം നഷ്ടപ്പെട്ട് പോയിരിക്കുന്നു. ഇവിടെ കാണുന്ന വിലാപം അതാണ് സൂചിപ്പിക്കുന്നത്.

മാണി സാറിന്റെ അവസാനത്തെ ബജറ്റ് നമ്മൾ കണ്ടതാണ്. ബജറ്റ് അവതരിപ്പിച്ചുവെന്ന് പറഞ്ഞുകൊണ്ട് സ്പീക്കർ ആംഗ്യം കാണിക്കുകയാണ് ചെയ്തത്. അതിനെക്കുറിച്ച് വിമർശനവും ചർച്ചയുമൊന്നും ഉണ്ടാകാത്തത് എന്തുകൊണ്ടാണ്? ബജറ്റ് അവതരിപ്പിച്ചിട്ടില്ലെന്ന് പറഞ്ഞ് നടക്കുന്നവർ ബജറ്റ് അവതരിപ്പിച്ച് ഏതാനും മണിക്കൂറുകൾ പിന്നിട്ടപ്പോൾ കേവലം മാധ്യമങ്ങളിലൂടെ വന്ന വാർത്ത എടുത്ത് ഇവിടെ കൊണ്ടുവരികയും അതിൽ പ്രകോപിതരായി കാര്യങ്ങൾ പറയുകയുമാണ് ചെയ്തത്. ചോർച്ച നഷ്ടപ്പെട്ട് നിൽക്കുന്നത് നിങ്ങൾക്കാണ്, അത് നമുക്ക് പരിഹരിക്കാൻ കഴിയുന്നതല്ല. നിങ്ങളുടെ കൂടെ അന്ന് ബജറ്റ് അവതരിപ്പിച്ചപ്പോൾ ഉണ്ടായിരുന്നവരെപ്പോലും നിങ്ങൾക്കൊപ്പം ഇരുത്താൻ കഴിയാത്ത നിലയിലേയ്ക്ക് കേരളത്തിലെ പ്രതിപക്ഷത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ഞങ്ങൾക്ക് ദു:ഖമുണ്ട്. ഞങ്ങൾക്കുവേണ്ടി മാത്രമല്ല ഇത് പറയുന്നത്, നിങ്ങൾക്കുംകൂടി വേണ്ടി പറയുകയാണ്.

ഇന്ന് ലോക വനിതാ ദിനമാണ്. വനിതകൾക്കുവേണ്ടിയുള്ള സ്ത്രീപക്ഷ ബജറ്റാണ് അവതരിപ്പിച്ചതെന്ന് പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞുവെന്ന് മാത്രമല്ല, നോക്കിയാൽ അത് മനസ്സിലാക്കാനും കഴിയും. സമയക്കുറവുകൊണ്ട് എല്ലാം ഞാൻ വായിക്കുന്നില്ല. ഒരു ജെൻഡർ ബജറ്റാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു. ഹരിത ബജറ്റും ജനകീയ ബജറ്റും അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. വനിതാ ദിനത്തിൽ ഇവിടെ ചർച്ചകൾ നടക്കുമ്പോൾ ഇതൊന്നും പറയാതിരിക്കാൻ തരമില്ല. ആകെ അടങ്കലിന്റെ നല്ലൊരു ശതമാനം വനിതാക്ഷേമത്തിന് മാറ്റിയിരിക്കുന്നു. വനിതകൾക്കുവേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ ഈ ബജറ്റിൽ പറഞ്ഞിട്ടുണ്ട്. വനിതാ ബോധവൽക്കരണ പരിപാടി മുതൽ അവർക്കുവേണ്ട ഷെൽട്ടൽ ഹോംസ്, ഷോർട്ട് സ്റ്റേ ഹോംസ്, വൺസ്റ്റോപ്പ് ക്രൈസിസ് സെന്റർ, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള

പദ്ധതികൾ തുടങ്ങി ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വനിതാ ശാക്തീകരണം ഉറപ്പാക്കാൻ കഴിയത്തക്ക രീതിയിലുള്ള വളരെ ബൃഹത്തായ പരിപാടി തയ്യാറാക്കിക്കൊണ്ടാണ് വനിതാ ദിനമായി ആചരിക്കുന്ന ഇന്ന് ബജറ്റ് പ്രസംഗത്തിന് അംഗീകാരം നൽകാൻ പോകുന്നത്. സ്ത്രീ ശാക്തീകരണത്തിനുവേണ്ടി പ്രായോഗിക തലത്തിൽ എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ഈ ബജറ്റിലൂടെ പറയുകയാണ്. ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള നാല് പ്രധാനപ്പെട്ട മിഷനുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ബജറ്റിൽ പറഞ്ഞിട്ടുണ്ട്.

സാമൂഹ്യ യാഥാർത്ഥ്യങ്ങളാണ് ആശുപത്രികളുടെ ഇന്നത്തെ അവസ്ഥ. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിക്ക് 400 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. മെഡിക്കൽ കോളേജ് മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെയുള്ള ആശുപത്രികളുടെ അവസ്ഥയെക്കുറിച്ച് നമുക്കറിയാം. അത് ഉദ്ധരിച്ചെടുക്കാൻവേണ്ടി ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും നഴ്സുമാരുടേയുമൊക്കെ ഉൾപ്പെടെ അയ്യായിരത്തോളം പോസ്റ്റുകളുടെ കാര്യം ബജറ്റിൽ പറയുന്നുണ്ട്. ആരോഗ്യരംഗത്ത് ഒരു ജനകീയ ആരോഗ്യ സംവിധാനം എങ്ങനെ ശക്തിപ്പെടുത്താൻ കഴിയും? വിദ്യാഭ്യാസത്തെക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ബജറ്റ് പ്രഖ്യാപനങ്ങളെല്ലാം മിഥ്യയാണെന്നും സ്വപ്നമാണെന്നും പറയുന്ന ആളുകളോട്, പൊതുവിദ്യാഭ്യാസ രംഗത്ത് കൂട്ടായി നടത്താൻ പോകുന്ന യജ്ഞത്തെപ്പറ്റി ഞാൻ ചോദിക്കുകയാണ്. എവിടെയും ഭൂമിക്കും വീടിനും വേണ്ടിയുള്ള സമരമല്ലേ നടക്കുന്നത്? മുകളിൽ ആകാശം താഴെ ഭൂമി എന്ന കവി വാക്യംപോലെ ഒന്നുമില്ലാത്ത ആളുകളുമുണ്ട്. ഏറ്റവും ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും അധിവസിക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. കേന്ദ്ര ബജറ്റ് കഴിഞ്ഞല്ലോ. കേന്ദ്ര ബജറ്റിൽ എവിടെയെങ്കിലും ഒരു ഭാഗത്ത് ഈ പാവങ്ങളെ സഹായിക്കാനുള്ള ഒരു പദ്ധതിയുണ്ടായിരുന്നോ? നിങ്ങൾ എന്തുകൊണ്ട് അതിനെ വിമർശിച്ചില്ല.

ഇവിടെ വിലക്കയറ്റത്തിന്റെ കാര്യം പറഞ്ഞല്ലോ. പെട്രോളിനും ഡീസലിനും പാചകവാതകത്തിനും എല്ലാ ആഴ്ചയിലും വില കൂട്ടുകയാണ്. നിങ്ങൾ എന്തുകൊണ്ട് അതിനെ വിമർശിക്കുന്നില്ല. കേന്ദ്രത്തിലുണ്ടായിരുന്ന പ്ലാനിംഗ് ബോർഡ് പിരിച്ചുവിട്ടു. അതിനുപകരം നീതി ആയോഗ് എന്ന പുതിയൊരു സംവിധാനം

കൊണ്ടുവന്നു. സംസ്ഥാനത്തിനർഹമായ അലോക്കേഷൻ ജനസംഖ്യ ആനുപാതികമായി നൽകിയോ? പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കു വേണ്ടിയുള്ള പട്ടികജാതി ഉപപദ്ധതി ഒരിക്കലും നിഷേധിക്കുന്നതല്ല. സ്പെഷ്യൽ കമ്പോണന്റ് പ്ലാനിൽ ഉൾപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള ഫണ്ട് ഇപ്പോൾ കാണാനില്ല. ഇവിടെ ദേശീയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പാർട്ടികളും സംഘടനകളുമൊക്കെയുണ്ട്. അതിനെക്കുറിച്ച് അവർ എന്തുകൊണ്ട് പ്രതികരിക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു വേണ്ടി ബജറ്റിൽ കൃത്യമായും തുക നീക്കിവയ്ക്കാൻ തയ്യാറായി എന്നുള്ളത് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെയുള്ള ആളുകൾക്ക് ഭൂമിയും വീടും എന്ന പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. ഇതൊരു മിഥ്യാ പദ്ധതിയാണോ? ഭൂമിയില്ലാത്തവന് ഭൂമി, വീടില്ലാത്തവന് വീട്, ഒരുപക്ഷേ വീട് പൂർത്തിയാക്കിയില്ലെങ്കിൽ അത് പൂർത്തീകരിക്കപ്പെടണമെന്നും പറയുന്നുണ്ട്. ഇതൊക്കെ എങ്ങനെ നിഷേധിക്കാനാകും. ഭൂമിയില്ലാത്ത ആളുകളുടെ കണക്കെടുത്തിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തിരുവനന്തപുരത്ത് വട്ടിയൂർക്കാവിൽ താമസിക്കുന്ന ആളിന് കാസർഗോഡാണ് മൂന്നു സെന്റ് ഭൂമി കൊടുത്തത്. തിരുവനന്തപുരത്ത് താമസിക്കുന്ന ആളിന് കാസർഗോഡ് ഭൂമി കൊടുത്താൽ അവർക്ക് അവിടെ ചെന്നു താമസിക്കാൻ കഴിയുമോ? ഓരോ പ്രദേശത്തും കണ്ടുകെട്ടാൻ കഴിയുന്ന സർക്കാർ വക ഭൂമി കണ്ടെത്തി പാവപ്പെട്ട ഒരു ലക്ഷം ആളുകൾക്ക് ഒരു തുണ്ട് ഭൂമിയും വീടും നിർമ്മിച്ച് നൽകുക എന്ന ബൃഹത്തായ പദ്ധതി ഇവിടെ പ്രഖ്യാപിച്ചിരിക്കുകയാണ്.

അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിലാണ് വലിയ തർക്കം നടക്കുന്നത്. സംസ്ഥാന ഗവൺമെന്റിന് നിശ്ചിത വരുമാനമേയുള്ളൂവെന്ന് നമുക്കറിയാം. ഇവിടെ പറയപ്പെടുന്ന കാര്യങ്ങളെല്ലാം മിഥ്യയിൽനിന്നുകൊണ്ട് പറയുന്നതാണോ? കഴിഞ്ഞ അഞ്ച് വർഷവും ആദ്യംമുതൽ അവസാനംവരെ കണ്ടെത്തിയത് വിവാദങ്ങളുടെ ഘോഷയാത്രയല്ലേ? വിവാദങ്ങളുടെ പെരുമഴക്കാലമായിരുന്നു കഴിഞ്ഞ അഞ്ച് വർഷം. ഒരു വികസനത്തെക്കുറിച്ചും ചർച്ച ചെയ്തില്ല. എന്ത് വികസനമാണ് ഇവിടെ നടത്തിയത്? വികസനത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടിനെ സ്വാഗതം ചെയ്യുകയല്ലേ വേണ്ടത്. അത് നടക്കുകയില്ലെന്നാണോ പറയേണ്ടത്? നമ്മുടെ കയ്യിൽ പണമില്ലെങ്കിൽ പണം സംഭരിക്കണം. ആ പണം സംഭരിക്കാനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?

രാജ്യത്ത് അറിയപ്പെടുന്ന സാമ്പത്തിക വിചക്ഷണന്മാർ ഉൾപ്പെടെയുള്ള ആളുകളെ ഉൾപ്പെടുത്തി ഒരു ബോർഡുണ്ടാക്കി. ആ ബോർഡിനെ എങ്ങനെ നയിക്കണമെന്നും അതിൽ വരേണ്ട സാമ്പത്തിക വിദഗ്ദ്ധർ ആരൊക്കെ യായിരിക്കണമെന്നും അതിനുവേണ്ട സാങ്കേതിക വിദഗ്ദ്ധർ ആരൊക്കെയായി രിക്കണമെന്നും തീരുമാനിച്ചാണ് ബോർഡുണ്ടാക്കിയത്. ആ ബോർഡിനുമുമ്പിൽ നിർദ്ദേശങ്ങളും പ്രൊപ്പോസലുകളും വന്നു. ആ പ്രൊപ്പോസലുകൾക്ക് അംഗീകാരവും നൽകി. ഇപ്പോൾ അതിന്റെ നിർവ്വഹണ ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. ഏത് പദ്ധതികൾ വരുമ്പോഴും അതെല്ലാം മിഥ്യാധാരണയാണെന്നു പറഞ്ഞ് നിങ്ങൾ പ്രചാരണം നടത്തുന്നതല്ലാതെ യാഥാർത്ഥ്യബോധത്തോടുകൂടി ഈ കാര്യങ്ങളെ കാണാൻ കഴിയില്ലെന്നുള്ളതാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്.

കേന്ദ്ര ഗവൺമെന്റ് വിഹിതം നൽകേണ്ട ആർ.എസ്.ബി.വൈ. പദ്ധതിയുടെ വിഹിതം വെട്ടിക്കുറച്ചു. എൻ.ആർ.എച്ച്.എം. പദ്ധതിയിൽ വലിയ കുറവ് വരുത്തിയിരിക്കുന്നു. രാജ്യത്തെ വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ-സുരക്ഷാ മേഖലകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കേണ്ട വിഹിതത്തിലും വലിയ കുറവാണ് വരുത്തിയിരിക്കുന്നത്. ഫെഡറലിസത്തിനെക്കുറിച്ചൊക്കെ വാതോരാതെ നമ്മൾ സംസാരിക്കുന്നു. ഇന്നലെയും വളരെ നല്ലൊരു സെമിനാർ ഇവിടെ നടത്തപ്പെടുകയുണ്ടായി.

നമ്മുടെ സംസ്ഥാനത്ത് ഗുരുതരമായ വരൾച്ചയാണുള്ളത്. കേന്ദ്രഗവൺമെന്റ് ഭരിക്കുന്ന പാർട്ടിയിൽപ്പെട്ട ഒരു മെമ്പർ ഇവിടെയുണ്ട്. അദ്ദേഹം ഇടയ്ക്കിടയ്ക്ക് വരികയും പോകുകയും ചെയ്യും. കൊടിയ വരൾച്ചയ്ക്കെതിരായി കേന്ദ്രത്തിന്റെ നിലപാട് എന്താണ്? 115 വർഷത്തിനിടയിൽ ആദ്യമായി കേരളം വറ്റിവരണ്ടിരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുന്നതുകൊണ്ടാണോ ഈ നാട്ടിലെ ആറുകളും പുഴകളും കിണറുകളുമൊക്കെ വറ്റിവരണ്ടത്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ ഒരു പരിഗണന കിട്ടിയില്ലെന്നുമാത്രമല്ല കേരളത്തെ അവഗണിക്കുകയല്ലേ ചെയ്തത്. കേന്ദ്ര ഗവൺമെന്റിന്റെ കഴിഞ്ഞ ബജറ്റിലും കേരളത്തിന് പൂർണ്ണ അവഗണനയാണ് ലഭിച്ചതെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയുകയാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. കഴിഞ്ഞ അഞ്ച് വർഷം ഇവിടെ ധാരാളം മന്ത്രിമാരും എം.എൽ.എ.-മാരുമുണ്ടായിരുന്നു. ഈ ജില്ലയിൽ നിരവധി ആളുകളുമുണ്ടായിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിനടുത്തുള്ള ജനറൽ ആശുപത്രിയെ

മെഡിക്കൽ കോളേജായി പ്രഖ്യാപിച്ചതാണ് ആകെ ചെയ്തത്. പ്രഖ്യാപനങ്ങൾ ജലരേഖകളായി മാറിയെന്നല്ലാതെ ഒന്നും ചെയ്തിട്ടില്ല. മലയോര പ്രദേശം, തീരപ്രദേശം, പട്ടണം എന്നിവ ഉൾപ്പെടുന്ന വിശാലമായ തിരുവനന്തപുരം ജില്ലയെ ഒന്നായിക്കാണാൻ ശ്രമിച്ച ഒരു ബജറ്റാണിത്. മലയോര പ്രദേശങ്ങൾക്കും തീരപ്രദേശങ്ങൾക്കും നഗരങ്ങൾക്കും പട്ടണങ്ങൾക്കും പ്രാന്തപ്രദേശങ്ങൾക്കും പരിഗണന നൽകാൻ ശ്രമിച്ച ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സമസ്ത മേഖലകളിലും വിവിധങ്ങളായ വികസനപ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ വേണ്ടിയുള്ള വിശദമായ കർമ്മ പരിപാടി അടങ്ങിയതാണ് ഈ ബജറ്റ്.

കഴിഞ്ഞ ഗവൺമെന്റ് കാണിച്ച നിരുത്തരവാദപരമായ കാര്യമായിരുന്നു 2013 -ലെ കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം. ഭക്ഷ്യഭദ്രതാ നിയമത്തിന് നിശ്ചയിച്ച ഇൻഡക്സുകൾ മാർക്കിട്ട് മുൻഗണനേതര വിഭാഗത്തെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് ചെയ്ത ചതി ഇന്ന് എൽ.ഡി.എഫ്. ഗവൺമെന്റിനുമേൽ വന്നിരിക്കുന്നു. 1996-ൽ കോൺഗ്രസ് കേന്ദ്രം ഭരിച്ചപ്പോൾ കൊണ്ടുവന്നതാണ് ഈ നിയമം. അതിന്റെ തുടർച്ചയെന്ന നിലയിൽ ബി.ജെ.പി. ഗവൺമെന്റ് അതിശക്തമായി ആ നിയമം നടപ്പിലാക്കാൻ പരിശ്രമിച്ചു. അർഹതയുണ്ടായിരുന്ന പാവങ്ങളിൽ പാവങ്ങളായ ആളുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർ ഇവരെല്ലാം ഇപ്പോൾ ഈ ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെടുകയാണ്. വളരെ ദയനീയമായ സ്ഥിതിയാണിത്. അവർക്ക് ലഭിക്കേണ്ട റേഷൻ ആനുകൂല്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ ഇതെല്ലാം നിഷേധിക്കപ്പെട്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം യു.ഡി.എഫ്.-നാണെന്ന് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതിനാവശ്യമായ മാറ്റമുണ്ടാക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട സാമ്പത്തികശേഷിയുള്ളവരും ജോലിയുള്ളവരുമായ ആളുകൾക്ക് കൊടുക്കേണ്ട. പാവങ്ങളിൽ പാവങ്ങളായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരേയും മറ്റ് ദുർബല വിഭാഗത്തിൽപ്പെട്ടവരേയും ഈ ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെടാതിരിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് സർവ്വാത്മനാ ഈ ബജറ്റിനെ സ്വാഗതം ചെയ്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക്കിന്റെ ബജറ്റിന് അനുകൂലമായ നിലപാടാണ് ഞാൻ സ്വീകരിക്കുന്നത്. അദ്ദേഹം കിഫ്ബിയെ വിജയിപ്പിക്കുമെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. അതിൽ എനിക്ക് വ്യക്തമായ ബോദ്ധ്യമുണ്ട്. അദ്ദേഹം ബജറ്റ് വിറ്റില്ലെന്ന കാര്യത്തിലും എനിക്കുറപ്പുണ്ട്. ആ നിലയ്ക്ക് അദ്ദേഹത്തെ അനുകൂലിക്കുന്നതാണ് ശരിയെന്ന് എന്റെ മനസ്സാക്ഷി പറയുന്നു. എനിക്ക് ഡോ. ടി. എം. തോമസ് ഐസക്കിനോട് പറയാനുള്ളത് ഇത് 2016-ലെ എൽ.ഡി.എഫ്. പ്രകടന പത്രികയാണ് (പ്രകടന പത്രിക ഉയർത്തിക്കാട്ടി). അതിൽപ്പറഞ്ഞ കാര്യങ്ങൾ ബജറ്റിൽ വരണം. വരാതെപോകുന്നത് ശരിയല്ല. പ്രകടന പത്രികയിലെ 48-ാമത്തെ പേജിൽ 362-ാം ഖണ്ഡികയിൽ പറയുന്നത്, തൊഴിൽ നഷ്ടപ്പെട്ട കള്ള് ചെത്തുതൊഴിലാളികൾ, ചാരായ തൊഴിലാളികൾ, ബാർ തൊഴിലാളികൾ എന്നിവർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള ഒരു പാക്കേജ് നടപ്പാക്കും എന്നാണ്. ഇതുവരെയും അതിനെപ്പറ്റി ബജറ്റിലൊന്നും പറയുന്നില്ല. അത് പരിശോധിക്കണം. അതുപോലെ വൈകുണ്ഠസ്വാമി അന്തർദ്ദേശീയ പഠന ഗവേഷണ കേന്ദ്രത്തിനുവേണ്ടി കഴിഞ്ഞ ബജറ്റിൽ 25 ലക്ഷം രൂപ അനുവദിച്ചു. ഇത്തവണ 50 ലക്ഷം രൂപ അനുവദിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. വൈകുണ്ഠസ്വാമി അന്തർദ്ദേശീയ പഠന ഗവേഷണ കേന്ദ്രത്തിന് ഇത്തവണ ഒരു പൈസപോലും അനുവദിച്ചിട്ടില്ല. തിരുവനന്തപുരത്തെ ഏറ്റവും വലിയ ലൈബ്രറിയാണ് അവിടെയുള്ളത്. അത് ഡിജിറ്റൈസ് ചെയ്യാനാണ് അവർ ആഗ്രഹിക്കുന്നത്. അതിന് തുക കൊടുക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. വി. അബ്ദുൾ ഖാദർ]

1.00 P.M]

കലാഭവൻ മണിയുടെ മരണത്തിൽ ദുരൂഹതയുണ്ട്. അതുസംബന്ധിച്ച് സി.ബി.ഐ. എൻക്വയറി വേണമെന്നുള്ള ആവശ്യമുന്നയിച്ച് അദ്ദേഹത്തിന്റെ സഹോദരനും സഹോദരിയും കുടുംബാംഗങ്ങളും സമരത്തിലാണ്. ആ കാര്യത്തിൽ ഗവൺമെന്റ് സി.ബി.ഐ. എൻക്വയറി നടത്തുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ വിശ്വകർമ്മജരുടെ ക്ഷേമവുമായി ബന്ധപ്പെട്ട ശങ്കർ കമ്മീഷൻ റിപ്പോർട്ട് 2014 ഡിസംബർ 31-ന് ഗവൺമെന്റിന് സമർപ്പിച്ചതാണെങ്കിലും ഇതുവരെ അനങ്ങിയിട്ടില്ല. വിശ്വകർമ്മജരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും ഒരു നടപടി സ്വീകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. അതും ഈ ബജറ്റിൽ കണ്ടില്ല എന്നത് ദുഃഖകരമാണ്.

ഇവിടെ അതിരപ്പിള്ളി പദ്ധതിയെക്കുറിച്ച് ചർച്ച നടന്നു കൊണ്ടിരിക്കുകയാണ്. അതിരപ്പിള്ളി പദ്ധതി ആവശ്യമില്ലായെന്ന് പറഞ്ഞ് സി.പി.ഐ. ഉറഞ്ഞുതുള്ളുന്നത് പലപ്രാവശ്യം കാണുകയുണ്ടായി. അതുസംബന്ധിച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയെക്കുറിച്ചും ഇവിടെ തർക്കങ്ങളുണ്ട്. അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കാൻ 1998-ൽ ഡിവിഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ കോപ്പിയാണ് എന്റെ കയ്യിലിരിക്കുന്നത് (കോപ്പി ഉയർത്തി ക്കാണിച്ചു.). അതിൽ എനിക്ക് രസം തോന്നിയത്, ഡ്രൈവർ ഗ്രേഡ്-1-ന്റെ ശമ്പളം 89,339 രൂപയാണെന്നുള്ളതാണ്. ആ ഡിവിഷന്റെ പ്രവർത്തനം നടന്നു കൊണ്ടിരിക്കുമ്പോൾ പദ്ധതി നടപ്പിലാക്കില്ലെന്ന് സി.പി.ഐ. പറഞ്ഞതിൽ എന്ത് അർത്ഥമാണുള്ളത്? അതുകൊണ്ടും തീർന്നില്ല; അടുത്ത ഉത്തരവിലൂടെ അനുവദിച്ച തസ്തിക 22 എണ്ണമാണ്. ഒരു കോടി മുപ്പത് ലക്ഷം രൂപയാണ് ഒരു മാസം അതിരപ്പിള്ളി പദ്ധതിക്കുവേണ്ടി ഈ സർക്കാർ ചെലവാക്കി ക്കൊണ്ടിരിക്കുന്നത്. പിന്നെ എന്തിനാണ് ഇത് നടക്കില്ലായെന്ന് സി.പി.ഐ പറയുന്നത്? നടത്താമെന്ന് ഇടതുപക്ഷം തീരുമാനിച്ചിട്ടുണ്ടെങ്കിൽ അത് നടത്തും എന്നുപറയണ്ടേ? ഇല്ലെങ്കിൽ എന്തിനാണ് പണം ചെലവഴിക്കുന്നത്? ഒരു മാസം ഒരു കോടി മുപ്പത് ലക്ഷം രൂപ ചെലവഴിച്ചുകൊണ്ടിരിക്കുന്നതായ കണക്കാണ് ഇതിലുള്ളത്; നിഷേധിക്കാൻ കഴിയുമോ? ഞാൻ ഇത് വെറുതെ പറയുന്നതല്ല.

എന്റെ നിയോജക മണ്ഡലത്തിൽ 1976-ൽ 'മീനച്ചിൽ റിവർ വാലി പദ്ധതി' എന്ന ഒരു പദ്ധതിയുണ്ടാക്കി. ജനം മുഴുവൻ ഒറ്റക്കെട്ടായിനിന്ന് എതിർത്തു. അതിനെ അനുകൂലിച്ച എം.എൽ.എ. ഇന്ന് എവിടെപ്പോയെന്ന് അറിയില്ല. അതിനുശേഷമാണ് ഞാൻ വന്നത്. ആ പദ്ധതി ഗവൺമെന്റ് ഉപേക്ഷിച്ചു. കഴിഞ്ഞയാഴ്ച ഞാൻ വീട്ടിലിരിക്കുമ്പോൾ 'മീനച്ചിൽ റിവർ വാലി പദ്ധതി'യുടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വന്നിട്ട്, അവരുടെ കെട്ടിടം മാറാൻ പറഞ്ഞു; പുതിയ കെട്ടിടം എം.എൽ.എ. പറഞ്ഞു വാങ്ങിത്തരണമെന്നാണ് ആവശ്യപ്പെട്ടത്. ഡോ. ടി.എം. തോമസ് ഐസക്, അങ്ങ് ഇതൊന്നും കാണുന്നില്ലേ; എത്ര ലക്ഷം രൂപയാണ് പദ്ധതിക്കുവേണ്ടി കൊടുത്തു കൊണ്ടിരിക്കുന്നത്? വേറെ പണിയൊന്നുമില്ലേ? ഡോ. ടി. എം. തോമസ് ഐസക്, അതൊക്കെ ക്യാൻസൽ ചെയ്യണം. അതിരപ്പിള്ളി പദ്ധതി ഉണ്ടോ ഇല്ലയോ; ഉണ്ടെങ്കിൽ അത് നല്ലതാണ്. ഞാൻ അനുകൂലിക്കുന്നു.

എന്റെ കയ്യിലുള്ളത് ഇലക്ട്രിസിറ്റി ഉപഭോഗത്തിന്റെ കണക്കാണ്. എത്ര കോടി രൂപ കിട്ടാനുണ്ട്? ഒരു കോളേജ് പ്രിൻസിപ്പാൾ ഫ്യൂസ് ഊരാതിരിക്കാൻ 1,30,000 രൂപ അദ്ദേഹത്തിന്റെ കയ്യിൽനിന്ന് കൊടുത്തു. 3 കോടി രൂപയും 5 കോടി രൂപയും അടയ്ക്കാനുള്ള ഹൈടെൻഷൻ പദ്ധതിയുടെ ലിസ്റ്റും എന്റെ കയ്യിലിരിക്കുകയാണ്; സമയമില്ലാത്തതുകൊണ്ടാണ് അത് വായിക്കാത്തത്. അവിടെയൊന്നും ഫ്യൂസ് ഊരാൻ ആരുമില്ല. എന്തൊരു കഷ്ടകാലമാണ്? അതുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക് ഒരു കാര്യം ചെയ്യണം, ഇങ്ങനെയുള്ള കാര്യങ്ങളിൽ നീതി ചെയ്യണം. ഞാൻ ചോദിക്കട്ടെ, ഡോ. ടി. എം. തോമസ് ഐസക് എത്ര പ്രാവശ്യം പറഞ്ഞു, മുണ്ടക്കയം-വാഗമൺ റോഡ് ഉടനെ പണിയുമെന്ന്. എന്നോട് 100 പ്രാവശ്യം വാക്ക് പറഞ്ഞല്ലോ; നിങ്ങളുടെ ബജറ്റിൽ അതില്ലാത്തത് എന്തുകൊണ്ടാണ്? 39 കോടി രൂപയുടെ ഡി.പി.ആർ. നിങ്ങൾക്ക് സമർപ്പിച്ചതല്ലേ; എന്തുകൊണ്ട് അതുണ്ടായില്ല; അതുണ്ടാകേണ്ടതല്ലേ? ഞാൻ ഇത്രയേ പറയുന്നുള്ളൂ. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഓർഡറാണ് ഞാൻ കാണിക്കുന്നത്. ഈ ഓർഡറിൽ പറയുന്ന അതിരപ്പിള്ളി പദ്ധതി ഉണ്ടോ ഇല്ലയോ എന്നു പറയാനുള്ള ബാദ്ധ്യത ഡോ. ടി. എം. തോമസ് ഐസക് ഏറ്റെടുക്കണം. സർക്കാർ ഖജനാവിൽനിന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പണം കൊടുത്തുകൊണ്ടിരിക്കുകയാണ്.അതുപോലെതന്നെ 'മീനച്ചിൽ റിവർ വാലി പദ്ധതി' ഇന്നുതന്നെ ക്യാൻസൽ ചെയ്ത് ആ ഉദ്യോഗസ്ഥരെ മറ്റൊരിടത്തേയ്ക്ക് മാറ്റി നിയമിക്കണം. അത്തരം കാര്യങ്ങൾ ചെയ്യണമെന്നുകൂടി പറഞ്ഞുകൊണ്ടും വിൽക്കാത്ത ബജറ്റായതുകൊണ്ടും ഞാൻ വോട്ടുചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

ഇവിടെ പലരും ഡോ. ടി. എം. തോമസ് ഐസകിന്റെ ബജറ്റിന്റെ sanctity പോയി എന്ന് പറയുന്നു; അതിനർത്ഥം ബജറ്റ് വിറ്റില്ലായെന്നാണ്. വേറെ കാര്യമൊന്നുമില്ല. അതുകൊണ്ട് ഞാൻ ഈ ബജറ്റിനെ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റ് ശക്തമായി മുന്നോട്ടുപോകണം.

കിഫ്ബിയെപ്പറ്റി ഒരു വാക്കുകൂടി പറയട്ടെ. എരുമേലി വിമാനത്താവളം സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ഒരു കത്ത് കൊടുത്തിരുന്നു. വിദേശ പൗരന്മാരുടെ 2,500 കോടി രൂപയുടെ പ്രൊപ്പോസൽ എന്റെ പേരിൽ അയച്ചിട്ടുണ്ട്. അത് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി സഖാവിനെ ഏൽപ്പിച്ചിട്ടുണ്ട്. അതുകഴിഞ്ഞ് കോർപ്പറേഷൻ 2,000 കോടി രൂപ തരാമെന്ന് പറഞ്ഞ് എനിക്ക് കത്ത് തന്നു; അതും ഞാൻ പിണറായി സഖാവിനെ ഏൽപ്പിച്ചിട്ടുണ്ട്. അപ്പോൾ ഐസക്കിന്റെ കിഫ്ബി വിജയിക്കും എന്നാണ് പറയാനുള്ളത്. യാതൊരു സംശയവുമില്ല. ഇനിയും വികസന പ്രവർത്തനങ്ങൾ നടത്തണമെന്നുകൂടി അപേക്ഷിച്ചുകൊണ്ട്, അനാവശ്യമായ ചെലവുകൾ നിർത്താനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ 2017-18 വർഷത്തെ ബജറ്റിനെ ശക്തിയായി പിന്താങ്ങുന്നു. കേരളത്തിൽ ഒരു പുതിയ വികസന നവോത്ഥാനത്തിന് നേതൃത്വം നൽകുന്നതാണ് ഈ ബജറ്റ്. വികസനത്തിന്റെ, വസന്തത്തിന്റെ ഇടിമുഴക്കമാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബജറ്റ് എന്നുപറയാൻ എനിക്ക് യാതൊരു മടിയുമില്ല. ധനകാര്യമന്ത്രീ ..... ഞങ്ങൾ കിടന്ന് തൊണ്ടയിട്ടലച്ചിട്ട് വല്ല കാര്യമുണ്ടോ; മന്ത്രിമാർ കേട്ടില്ലെങ്കിൽ ഞങ്ങൾ എന്തിനാണ് പ്രസംഗിക്കുന്നത്?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അടുത്തുവന്ന എം.എൽ.എ.യെ നോക്കാതെ അങ്ങയെ നോക്കി ഇരിക്കാൻ കഴിയുമോ; തിരിഞ്ഞു നോക്കിയെന്ന് മാത്രമേയുള്ളൂ. പ്ലീസ്....

മി. ചെയർമാൻ: ശ്രീ. ദിവാകരൻ, അങ്ങേയ്ക്ക് തുടരാം.

ശ്രീ. സി. ദിവാകരൻ: സഭ ചർച്ച ചെയ്യേണ്ടത് ഈ ബജറ്റിന്റെ രാഷ്ട്രീയമായ, സാമ്പത്തികമായ പശ്ചാത്തലമാണ്. കേന്ദ്ര ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ട് കെടുതി അനുഭവിക്കുന്നവരാണ് ഇന്ത്യൻ ജനത. ശുദ്ധ അസംബന്ധങ്ങൾ കാണിച്ച ബി.ജെ.പി. ഗവൺമെന്റ് ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ പിൻവലിച്ചുകൊണ്ട് ഈ രാജ്യത്ത് സാമ്പത്തിക ദുരന്തം സൃഷ്ടിച്ചിട്ടുണ്ട്. ആ പശ്ചാത്തലമാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി മിണ്ടുന്നില്ല. ഈ ദുരന്തത്തിലേയ്ക്ക് രാജ്യത്തെ തള്ളിയിട്ടതും നയിച്ചതും ബി.ജെ.പിയാണ്; ബി.ജെ.പി.യുടെ നയങ്ങളാണ്. ആ നയങ്ങളുമായി പൊരുത്തപ്പെടാതെ ഒരു ബദൽ നയം ഇന്ത്യയ്ക്ക് സാദ്ധ്യമാണെന്നു കാണിക്കുന്ന അസാധാരണമായ ഒരു ബജറ്റാണിത്. അങ്ങനെയാണ് ഈ ബജറ്റിനെ കാണേണ്ടത്. അല്ലാതെ എത്ര പാലം കിട്ടി, ഏത് മണ്ഡലം എന്നുള്ളതല്ല. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽ കേരളം എങ്ങനെ മുന്നോട്ടുപോകും? കേന്ദ്ര ഗവൺമെന്റ് എന്താണ് ചെയ്തിരിക്കുന്നത്? 3.5 ശതമാനം വായ്പ എടുക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. വായ്പ എടുക്കാൻ സമ്മതിക്കില്ല; വികസന പ്രവർത്തനങ്ങൾ വേണ്ട; മൂലധന നിക്ഷേപം വേണ്ട; പ്രധാനമന്ത്രിയെ കാണേണ്ട; ഡൽഹിയിൽ ആരും ചെല്ലണ്ട; ഇവിടെ വരൾച്ച വന്നാൽ സഹായം ചോദിക്കണ്ട. എന്ത് ഭരണമാണിത്? ഇന്ത്യ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും നിർഭാഗ്യകരമായ രാഷ്ട്രീയ സാഹചര്യമാണ് ഇവിടെ നിലനിൽക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിർഭാഗ്യകരമായ ഇന്ത്യൻ രാഷ്ട്രീയത്തിൽ കേന്ദ്ര ഗവൺമെന്റ് പ്രവർത്തിക്കുന്നു. ഒരേ സമയത്ത് രണ്ടുശത്രുക്കൾ

എന്നുപറയാതെ, ഈ മുഖ്യശത്രുവിനെ എതിർക്കുന്നതിനുവേണ്ടി എല്ലാവരും യോജിക്കണമെന്നുള്ള സി.പി.ഐ.-യുടെ നാഷണൽ കൗൺസിൽ തീരുമാനം ഇവിടെ നടപ്പാക്കണമെന്ന് അങ്ങേയ്ക്ക് നിർബന്ധിക്കരുതോ?

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മനസ്സിലിരിക്കുന്നത് ഇപ്പോൾ നടക്കില്ല. അത് കാലം തെളിയിക്കട്ടെ, രാഷ്ട്രീയ സാഹചര്യങ്ങൾ വരട്ടെ, ഇന്ന് നമ്മുടെ മുന്നിലുള്ളത് ഈ ദുരന്തമാണ്. അതുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. നിങ്ങൾ ഈ ബജറ്റിനെ ഐകകണ്ഠ്യേന പാസ്സാക്കണം. നിങ്ങൾക്ക് ബദൽ ബജറ്റുണ്ടോ; ഈ ബജറ്റിനെ കൗണ്ടർ ചെയ്യാൻ നിങ്ങൾക്ക് എന്തെങ്കിലും സജഷനുണ്ടോ? ഞാൻ ചോദിക്കുകയാണ്. 25,000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽനിന്ന് പ്രഖ്യാപിക്കുന്നു. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന് തടസ്സമുണ്ടോ? ജലസംരക്ഷണ പദ്ധതി, ഹരിതകേരളം പദ്ധതി, എല്ലാവർക്കും ഭൂമിയും വീടും, വിശപ്പില്ലാത്ത കേരളം, ജൈവപച്ചക്കറി കൃഷി, ഇവയിലേതെങ്കിലും നിങ്ങൾക്ക് എതിർക്കാൻ കഴിയുമോ? സാമൂഹ്യക്ഷേമ പെൻഷൻ 1,000 രൂപയിൽനിന്നും 1100 രൂപയാക്കി വർദ്ധിപ്പിച്ചു. പെൻഷൻ ലഭിക്കാത്ത എല്ലാവർക്കും സാർവ്വത്രികമായി പെൻഷൻ നൽകാൻ തീരുമാനിച്ചു. ഭിന്നശേഷിക്കാർക്കായി 250 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. അടൂർ പ്രകാശിന് എതിർക്കാൻ കഴിയുമോ? ഓട്ടിസത്തിന് 7 കോടി രൂപ, നെല്ല് സംഭരണത്തിന് 700 കോടി രൂപ, ഭക്ഷ്യസുരക്ഷയ്ക്ക് മാത്രമായി 900 കോടി രൂപ, റേഷൻ കടകളിൽ ബയോമെട്രിക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും കമ്പ്യൂട്ടറൈസേഷനും വേണ്ടി 117 കോടി രൂപയും റേഷൻ വ്യാപാരികളുടെ കമ്മീഷനും ഹാൻഡ്ലിംഗ് ചാർജ്ജുകൾക്കുമായി 100 കോടി രൂപയും അങ്ങനെ മൊത്തം 1117 കോടി രൂപയാണ് വകയിരുത്തിയത്. നെല്ല് സംഭരണം ഉൾപ്പെടെ 1817 കോടി രൂപയാണ് ഭക്ഷ്യസുരക്ഷയ്ക്ക് മാറ്റിവച്ചത്. അരി ഇഷ്ടം പോലെയുണ്ട്. മുൻ ഭക്ഷ്യ വകുപ്പുമന്ത്രി ഇപ്പോൾ സഭയിലില്ല. അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനായി 359 കോടി രൂപ വകയിരുത്തിയിരിക്കുന്നു. നിങ്ങൾക്ക് എതിർക്കാൻ കഴിയുമോ? കാർഷിക മേഖലയിൽ സർവ്വകാല റെക്കോർഡാണ്. 1822 കോടി രൂപയാണ് വിവിധ മേഖലകളിൽ കൃഷിക്കായി നീക്കിവച്ചിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 139 കോടി രൂപ വകയിരുത്തിയിരിക്കുന്നു. കേരളത്തിലെ എറ്റവും നല്ല പൊതുമേഖലാസ്ഥാപനമായ കെൽട്രോണിനായി നീക്കിവച്ച 20 കോടി രൂപകൊണ്ട് കോമ്പൗണ്ട് വാൾ പുതുക്കിപ്പണിയാൻപോലും കഴിയില്ല. ആ തുക വർദ്ധിപ്പിക്കണം.

മലയോര-തീരദേശ ഹൈവേ പദ്ധതിയെ എതിർക്കാൻ കഴിയുമോ? 5628 കോടി രൂപയുടെ 187 റോഡുകൾ, ഇതെല്ലാം വെട്ടിക്കുറയ്ക്കണോ, നിങ്ങളുടെ മണ്ഡലത്തിൽ റോഡുകൾ കിട്ടിയില്ലേ? പാലങ്ങൾ വെട്ടിക്കുറയ്ക്കണോ? കെ.എസ്. ആർ.ടി.സി.-യുടെ ചരിത്രത്തിൽ 3000 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ടോ? ഞാനും ഒരുപാട് ഗവൺമെന്റുകളെ കണ്ടിട്ടുണ്ട്. ഏതെങ്കിലും ഒരു ഗവൺമെന്റ് ഇച്ഛാശക്തിയോടെ കേരളത്തിലെ പാവങ്ങളുടെ സഞ്ചാരസൗകര്യത്തിനായി ഇത്രയും തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ? പലരും ഇവിടെ മുഖ്യമന്ത്രിമാരായിരുന്നിട്ടുണ്ട്, മന്ത്രിമാരായിരുന്നിട്ടുണ്ട്, ഇക്കാര്യം അവർ ഓർത്ത് പറയണം. കെ.എസ്.ആർ.ടി.സി. ഇതോടുകൂടി ലാഭത്തിലാകാൻ പോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി, റവന്യൂ ഡിവിഷൻ ഓഫീസ് പ്രഖ്യാപിച്ചിരിക്കുന്നതിൽ നെടുമങ്ങാടിനെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പ്രത്യേകമായി ശ്രദ്ധിക്കണം.

ഇന്ന് മാർച്ച് 8 'സാർവ്വദേശീയ വനിതാ ദിന'മാണ്. കേരളത്തിലെ സ്ത്രീകൾക്കുവേണ്ടി ആദ്യമായി എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു സ്വതന്ത്ര വകുപ്പ് വരികയാണ്. ഇത് സാർവ്വദേശീയ വനിതാ ദിനത്തിൽ കേരളത്തിലെ സഹോദരിമാർക്ക് നൽകുന്ന ഗിഫ്റ്റാണ്. രാവിലത്തെ പ്രതിപക്ഷത്തിന്റെ ബഹളം കണ്ടാൽ ഞങ്ങളെല്ലാം സ്ത്രീവിരുദ്ധൻമാരാണെന്ന് തോന്നും. നിങ്ങൾ അത്ര സ്ത്രീസ്നേഹികളൊന്നുമല്ല. കുറച്ച് മര്യാദയൊക്കെ കാണിക്കുന്നുണ്ട്. ശ്രീ. കെ.സി ജോസഫ്, ഞാൻ ചോദിക്കട്ടെ, ഒരു സ്ത്രീയേയെങ്കിലും ജയിപ്പിച്ചെടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ; എത്ര സ്ത്രീകൾ അവിടെ എം.എൽ.എ. ആയിട്ടുണ്ട്? നിങ്ങൾ വലിയ ആളുകളല്ലേ. വലിയ പാർട്ടിയല്ലേ. സ്ത്രീകൾക്കുവേണ്ടി വാദിക്കുകയല്ലേ. ബഹുമാനപ്പെട്ട ശ്രീ. വി.ടി. ബൽറാം, നിങ്ങളുടെ മണ്ഡലത്തിൽനിന്ന് മാറി അവിടെ ഒരു സ്ത്രീയെ നിർത്തൂ. പെൺകുട്ടികൾ ജയിച്ചു വരട്ടെ. നിങ്ങളെ പേടിച്ചാണ് വരാത്തത്. നിങ്ങളുടെ പാർട്ടിയിൽ ഒരു സ്ത്രീയെ എം.എൽ.എ.ആക്കാത്തതെന്തെന്നും ജയിക്കുന്ന മണ്ഡലം കൊടുക്കാത്തതെന്തെന്നും കെ.പി.സി.സി.-യിൽ ചോദിക്കൂ. ...(ബഹളം)... ഭരണപക്ഷത്ത് രണ്ട് വനിതാ മന്ത്രിമാരുണ്ട്. ബാക്കിക്കാര്യം ഞങ്ങൾ തീരുമാനിച്ചോളാം. സ്ത്രീ എന്നുപറഞ്ഞാൽ ശ്രീ. സി. മമ്മൂട്ടി വിചാരിച്ചിരിക്കുന്നത് സി.പി.ഐ.-ലുള്ള സ്ത്രീകൾ മാത്രമാണെന്നാണ്. സി.പി.ഐ.(എം)-ലുള്ള സ്ത്രീകളും ഞങ്ങളുടെ പക്ഷത്തുള്ളതാണ്. അവർ എൽ.ഡി.എഫ്.-ന്റെ മന്ത്രിമാരാണ്. ഇവിടെ ഞങ്ങൾ, എൽ.ഡി.എഫ്. ഒരുമിച്ചാണ്. അവിടത്തെപ്പോലെ ലീഗ്, കേരളാ കോൺഗ്രസ്, കോൺഗ്രസ് എന്നിങ്ങനെ വേർതിരിഞ്ഞല്ല. എൽ.ഡി.എഫ്. ഒറ്റക്കെട്ടാണ്. വാക്കൗട്ട് നടത്തുമ്പോൾ ശ്രീ. കെ. എം. മാണി പോവില്ല. അതാണ് യു.ഡി.എഫ്. അത് സാരമില്ല, അത് വേറേ കാര്യം.

ഇന്ന് ഇന്ത്യ നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം ആദിവാസി-ദളിത് പീഡനമാണ്. കാട്ടുമൃഗങ്ങളെ വേട്ടയാടുന്നതുപോലെ, പച്ചയ്ക്ക് ഇന്ത്യാ മഹാരാജ്യത്തുടനീളം സ്ത്രീകളെയും കുട്ടികളേയും, നേതാക്കന്മാരെപ്പോലും വംശത്തോടെ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും വേട്ടയാടുകയാണ്. എത്ര ദാരുണമാണ് 'കൽബുർഗി'-യുടെയും 'പൻസാരെ'-യുടെയും മരണം. 'മാജി' എന്ന പട്ടിണിക്കാരനായ ദളിതന് അവന്റെ ഭാര്യ മരിച്ചപ്പോൾ ആ മൃതദേഹം പായയിൽ കെട്ടിപ്പൊതിഞ്ഞ് ചുമന്ന് തന്റെ 12 വയസ്സുള്ള മകളുടെ കയ്യും പിടിച്ച് 18 കിലോമീറ്ററുകളോളം ദൂരം നടക്കേണ്ടിവന്നു. എന്ത് അപമാനമാണ്. സ്വാതന്ത്ര്യം ലഭിച്ചിട്ട് എത്ര വർഷമായി? ഇതാണ് സ്ഥിതി. മഹാത്മാഗാന്ധിയുടെ കൊലപാതകം, അതവിടംകൊണ്ട് തീർന്നോ; നമ്മൾ ഇരുകൂട്ടരും അപലപിക്കുന്നില്ലേ? അവരുടെ രക്തദാഹം നമ്മുടെ രാഷ്ട്രീയത്തിൽ വരാൻ പാടില്ലാത്ത, അപമാനകരമായ, ലജ്ജാകരമായ ഒരു രാഷ്ട്രത്തിലുമില്ലാത്ത, രാഷ്ട്രപിതാവിനെത്തന്നെ വെടിവെച്ച് കൊല്ലുന്ന സംഭവം ഇവിടെയുണ്ടായി. കേരളം പോലെ എലൈറ്റ് എന്ന് ലോകമറിയുന്ന സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയുടെ തലക്ക് വിലപറയുന്ന രാഷ്ട്രീയ സാഹചര്യത്തെ എന്തുകൊണ്ട് നിങ്ങൾ കാണുന്നില്ല, എതിർക്കുന്നില്ല; എൽ.ഡി.എഫ്. മാത്രമാണോ ശത്രുക്കൾ? എന്ത് പാപമാണ് ഈ ഗവൺമെന്റ് ചെയ്തത്. ഭൂരിപക്ഷമില്ലേ; ചാക്കിട്ട് പിടിക്കേണ്ടി വന്നില്ലല്ലോ; ഓട് പൊളിച്ചു വന്നോ; ജന്മിമാരെ പൂട്ടിയിട്ടോ? ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. നിങ്ങളുടെ ഭരണനേട്ടം ഞാൻ വായിച്ചുതരാം. ചട്ടം ലംഘിച്ച് ഒപ്പിട്ടു. എന്തൊക്കെയാണ് നിങ്ങൾ ചെയ്തിരുന്നത്? ഞാനിത് മുഴുവനും വായിക്കട്ടെ. മേയ് 6-നാണ് ഹരിപ്പാട് മെഡിക്കൽ കോളേജിനായി സ്വകാര്യ കൃഷിഭൂമി ഏറ്റെടുക്കാൻ പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവിട്ടത്. അത് വ്യവസ്ഥകൾ പാലിക്കാതെയാണ്. മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയുമാണ് ഉത്തരവ് നൽകിയതെന്ന് സി. ആന്റ് എ.ജി. കുറ്റപ്പെടുത്തിയിരിക്കുന്നു. രണ്ടാമതായി കയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിൽ വൻ വീഴ്ചയുണ്ടായി. ശ്രീ. അടൂർ പ്രകാശ് ധാരാളം പ്രസംഗിച്ചതാണല്ലോ? മുൻ സർക്കാരിന്റെ കാലത്ത് വലിയ വീഴ്ചയുണ്ടായി. 22 ഹെക്ടർ ഭൂമി ഹൈക്കോടതി ആവശ്യപ്പെട്ടിട്ടും തിരിച്ചെടുത്തില്ല. പീരുമേട്-കണ്ണൻദേവൻ മലനിരകളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ സർക്കാർ ദയനീയമായി പരാജയപ്പെട്ടു. ചട്ടങ്ങൾ ലംഘിച്ച് നൂറുകണക്കിന് ബീയർ, വൈൻ പാർലറുകൾ അനുവദിച്ചു. ഇങ്ങനെയൊക്കെയാണ് നിങ്ങൾ ചെയ്തത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഇന്നലെ ഞാൻ സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ട് വായിച്ചപ്പോൾ അങ്ങ് സഭയിൽ ഇല്ലായിരുന്നിരിക്കും. 2016 സെപ്റ്റംബറിൽ ഹരിപ്പാട് മെഡിക്കൽ കോളേജിനെക്കുറിച്ച് ആഡിറ്റിൽ ചൂണ്ടിക്കാണിച്ചപ്പോൾ, 2016 ഒക്ടോബറിൽ താമസംകൂടാതെ മറുപടി നൽകാമെന്ന്

പറഞ്ഞെങ്കിലും ഇതുവരെ മറുപടി കൊടുത്തിട്ടില്ല. അതിൽ നാല് കണ്ടെത്തലുകളുണ്ട്. Irregularities noticed എന്നാണ് പറഞ്ഞിരിക്കുന്നത്. ആ കണ്ടെത്തലുകൾക്ക് reply കൊടുക്കുമെന്ന് പറഞ്ഞിട്ട് സംസ്ഥാന ഗവൺമെന്റ് ഇതുവരെ reply കൊടുത്തില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് എതിരായി പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് സി. ആന്റ് എ.ജി. ഇങ്ങനെയൊരു അഭിപ്രായം പറഞ്ഞിട്ടുപോലും മറുപടി കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് ഞാൻ ചോദിക്കുകയാണ്. സെക്രട്ടേറിയറ്റിൽനിന്നും ഒരു റോഡ് കഴിഞ്ഞാൽ എ.ജി. യുടെ ഓഫീസാണ്. അത്ര അടുത്താണ്. ഒക്ടോബറിൽ മറുപടി നൽകാമെന്ന് പറഞ്ഞിട്ടും ഇതുവരെ മറുപടി നൽകാത്തത് ഞങ്ങൾക്കെതിരായി ഒന്നും കൊടുക്കാൻ പറ്റില്ലായെന്ന് കണ്ടതുകൊണ്ടാണോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി പറഞ്ഞതിനുള്ള മറുപടി ഞാൻ ഇന്നലെയും സൂചിപ്പിച്ചതാണ്. ഒരു കാര്യം വളരെ വ്യക്തമാണ്. ഞങ്ങൾ പറഞ്ഞ കാര്യം സി.&എ.ജി. അംഗീകരിച്ചിരിക്കുകയാണ്. Irregularity നോട്ട് ചെയ്തിരിക്കുകയാണ്. ഞങ്ങൾ പറഞ്ഞ കാര്യം തെറ്റായിരുന്നില്ല എന്ന് ഭരണഘടനാസ്ഥാപനം തന്നെ അംഗീകരിച്ചിരിക്കുകയാണ്. അങ്ങയുടെ ഗവൺമെന്റ് irregular ആയി ചെയ്ത കാര്യങ്ങൾ ഞങ്ങൾ ഉന്നയിച്ചത് സത്യമാണെന്നുള്ളതിന്റെ അംഗീകാരമാണിത്. മറുപടി കൊടുത്തില്ലെന്നാണ് അങ്ങ് പറയുന്ന ഒരു കാര്യം. അത് എന്തിനുവേണ്ടിയാണ്; കക്ഷികളെ സഹായിക്കാനാണോ അതോ നിങ്ങൾ ചെയ്തത് ശരിയാണെന്ന് തീരുമാനിക്കാനാണോ എന്നാണ് ചോദിച്ചത്. ഒരു കാരണവശാലും കക്ഷികളെ സഹായിക്കാനുമല്ല, നിങ്ങൾ പറഞ്ഞത് ശരിയാണെന്ന് പറയാനുമല്ല. ഞങ്ങൾ കൃത്യസമയത്ത് കൊടുക്കേണ്ട മറുപടി കൊടുത്തിരിക്കും. അങ്ങ് അതിനെപ്പറ്റി ആശങ്കപ്പെടേണ്ട ഒരു കാര്യവുമില്ല. Irregularity ഉണ്ടെന്ന് അങ്ങ് അംഗീകരിച്ചല്ലോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഡ്രാഫ്റ്റ് പാരഗ്രാഫ് ഓഡിറ്റ് പാരഗ്രാഫ് ആകുന്നതിനുമുൻപ് ഗവൺമെന്റ് മറുപടി നൽകണം. അന്തിമ മറുപടി നൽകുവാൻ കഴിഞ്ഞില്ലെങ്കിൽപോലും താത്കാലിക മറുപടി നൽകേണ്ടതാണ്. എ.ജി. കാണാത്ത പോയിന്റുകളിൽ ഗവൺമെന്റിന്റെകൂടി മറുപടി വരുമ്പോഴാണ് അവസാനമായി തീരുമാനിക്കേണ്ടത്. പക്ഷെ അതിനവസരം ഇല്ലാത്തതുകൊണ്ട് ഓഡിറ്റ് പാരഗ്രാഫ് തന്നെ ഒരുവശത്ത് എഴുതിവച്ചിട്ട് മറുവശത്ത് സംസ്ഥാന ഗവൺമെന്റ് മറുപടി തന്നിട്ടില്ലായെന്ന് രേഖപ്പെടുത്തിയിരിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഗവൺമെന്റ് മറുപടി കൊടുക്കാതിരുന്നിട്ടില്ല. മന്ത്രിസഭാ ഉപസമിതി പരിശോധിക്കേണ്ടത് മന്ത്രിസഭാ ഉപസമിതി പരിശോധിക്കുന്നു. ഗവൺമെന്റ് തലത്തിൽ പരിശോധിക്കേണ്ട

കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് വ്യക്തമായ മറുപടി കൊടുക്കും. ഒരു കാര്യം അങ്ങ് മനസ്സിലാക്കണം, ഒരു irregularity-യും നടത്തിയിട്ടില്ലെന്നാണ് അങ്ങ് ഇതുവരെയും പറഞ്ഞുകൊണ്ടിരുന്നത്. പക്ഷെ സി.ആന്റ് എ.ജി. വളരെ വ്യക്തമായി irregularity നോട്ടീസ് ചെയ്തിട്ടുണ്ട്. അത് ഞങ്ങളുടെ നിഗമനമല്ല.

മി. ചെയർമാൻ: പ്ലീസ്..... നാല് മിനിറ്റ് അധികമായി.... പ്ലീസ് ശ്രീ. സി. ദിവാകരൻ, അങ്ങ് തുടരണം ......

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി എന്തെല്ലാം പറഞ്ഞാലും ശരി, ഞങ്ങൾ മറുപടി കൊടുക്കാത്തതുകൊണ്ട് നിങ്ങൾ ചെയ്തതെല്ലാം ശരിയാണെന്നാണോ; C&A.G detects Act violations in land conversion. ഞങ്ങളാണോ ചെയ്തത്; ഞങ്ങളാണോ ലാൻഡ് കൺവെർട്ട് ചെയ്തത്; സി.ആന്റ് എ.ജി. യുടെ റിപ്പോർട്ട് വന്നിരിക്കുന്നു, നിങ്ങളുടെ കാലത്ത് നടന്നതല്ലേ; Out of the 6695 manufactures of the spirituous pharmaceuticals, only 49 have the permits, 49 എണ്ണത്തിനുമാത്രം പെർമിറ്റ് ഉണ്ട്. എന്ത് കളിയാണ് നിങ്ങൾ ഇവിടെ കളിച്ചത്; 6695 സ്പിരിറ്റ് ഉൽപ്പാദന കേന്ദ്രങ്ങളിൽ 49 എണ്ണത്തിന് മാത്രമേ പെർമിറ്റുള്ളൂ. അതാണ് സി.ആന്റ് എ.ജി. യുടെ റിപ്പോർട്ടിൽ പറയുന്നത്. ഇതിന് ഞങ്ങൾ മറുപടി കൊടുക്കാത്തതാണ് ഏറ്റവും വലിയ കുഴപ്പം. മറുപടി കൊടുക്കാൻ നടപടിക്രമങ്ങളുണ്ട്. ഗവൺമെന്റിന്റെ മറുപടി തയ്യാറാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പി.എ.സി.-യിലും സഭയിലും ചർച്ച വരും. രണ്ടുകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ ശ്രീ. പി. സി. ജോർജ് പറഞ്ഞ വൈകുണ്ഠസ്വാമി ഗവേഷണ കേന്ദ്രത്തിനുള്ള ഗ്രാന്റ് നൽകാനും ബേക്കറി ഉല്പന്നങ്ങളുടെ നികുതിയിൽ മാറ്റം വരുത്താനും നടപടിയുണ്ടാകണം. ഞാൻ ഈ ബജറ്റിനെ സർവ്വാത്മനാ പിന്താങ്ങുകയാണ്.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ മൂന്ന് ദിവസങ്ങളായി ബജറ്റ് സംബന്ധമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. പരിണിതപ്രജ്ഞരായ സാമാജികർ വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇതുമായി ബന്ധപ്പെട്ട് സമർപ്പിക്കുകയുണ്ടായി. സംസ്ഥാന താൽപ്പര്യം മുൻനിർത്തി വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് അത് നടപ്പിലാക്കാൻ ഗവൺമെന്റ് മുന്നോട്ട് വരണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. സംസ്ഥാന താൽപ്പര്യം എന്നുപറയുമ്പോൾ, ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്ത കാര്യങ്ങൾ തന്നെയാണ്. വരൾച്ച, വിലക്കയറ്റം, കുടിവെള്ള ക്ഷാമം, സ്ത്രീ സുരക്ഷ എന്നിവ ഫലപ്രദമായി നേരിടാനുള്ള നടപടികൾ

ഉണ്ടാകേണ്ടതുണ്ട്. സർക്കാർ നടപടികളുടെ ഗുണഫലങ്ങൾ നാട്ടിൻപുറങ്ങളിലും നഗര പ്രദേശങ്ങളിലും ജനങ്ങൾക്ക് അനുഭവിച്ചറിയാൻ സാധിക്കണം. അതിനുള്ള willpower ഗവൺമെന്റ് കാണിക്കണം. വരൾച്ചയുമായി ബന്ധപ്പെട്ട് ശ്രീ. പി. ഉബൈദുള്ള എം.എൽ.എ. സൂചിപ്പിച്ചൊരു കാര്യം ഞാൻ ആവർത്തിക്കാൻ ഉദ്ദേശിക്കുകയാണ്. മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ കോടിക്കണക്കിന് രൂപയുണ്ട്. അത് വരൾച്ചയ്ക്കും കുടിവെള്ള വിതരണത്തിനും ഉപയോഗപ്പെടുത്താൻ അനുമതി ലഭിച്ചാൽ ആ ജില്ലയിലെ കുടിവെള്ള പ്രശ്നവും വരൾച്ചയും നേരിടുന്നതിന് സാധിക്കുമെന്ന് സൂചിപ്പിക്കാൻകൂടി ഈ സന്ദർഭം പ്രയോജനപ്പെടുത്തുകയാണ്. എനിക്ക് പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ഡീമോണിറ്റൈസേഷന്റെ ഭാഗമായി കേരളത്തിൽ സഹകരണ ബാങ്കുകൾ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ് എന്നതാണ്. നോട്ട് നിരോധനം വന്നിട്ട് ഇന്നേയ്ക്ക് നാല് മാസമായി. ഈ കാലഘട്ടത്തിൽ സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിൽ ലക്ഷക്കണക്കിന് രൂപയുടെ ചോർച്ച സംഭവിച്ചിട്ടുണ്ട്. വായ്പ ഇടപാടുകൾ ഫലപ്രദമായി നടക്കുന്നില്ല. 1,45,000 കോടി രൂപ നിക്ഷേപമുള്ള നമ്മുടെ സഹകരണ മേഖലയിൽ കിഫ്ബിയെ അടക്കം സഹായിക്കാൻ കഴിയുന്ന സംവിധാനമുണ്ട്. സർക്കാരിന് പ്രതിസന്ധിയുണ്ടാകുന്ന ഘട്ടത്തിലൊക്കെ ഗവൺമെന്റ് ആശ്രയിച്ചിരുന്നത് സഹകരണ മേഖലയെയാണ്. സഹകരണ മേഖലയെ ഇന്നത്തെ പ്രതിസന്ധിയിൽ നിന്നും അതിജീവിപ്പിക്കാൻ പര്യാപ്തമായ ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. മാർച്ച് മാസത്തോടുകൂടി പണം പിൻവലിക്കുന്നതിനുള്ള നിരോധനം നിർത്താൻ പോകുകയാണ്. അതുവഴി സഹകരണ ബാങ്കുകളിൽ നിന്ന് നിക്ഷേപത്തിന് ധാരാളം ചോർച്ച സംഭവിക്കാൻ സാദ്ധ്യതയുണ്ട്. ലോകത്തിനുതന്നെ മാതൃകയായ സഹകരണ മേഖലയാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. വൈവിദ്ധ്യമാർന്ന ഒട്ടനവധി പദ്ധതികളും പരിപാടികളും സഹകരണ മേഖലയിലൂടെ നമ്മൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇന്നത്തെ സ്ഥിതിയിൽ നിന്നും സഹകരണമേഖലയെ രക്ഷപ്പെടുത്താനുള്ള ഫലപ്രദമായ നീക്കങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെങ്കിൽ അതിന് വലിയ വില നൽകേണ്ടിവരും. മോഡേണൈസേഷനിലൂടെ മാത്രമേ നമുക്ക് ഇനി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ആധുനികവൽക്കരണത്തിലൂടെ ഈ സെക്ടറിനെ ശക്തിപ്പെടുത്തണം. സംസ്ഥാന സഹകരണ ബാങ്കിനെയും പതിനാല് ജില്ലാ സഹകരണ ബാങ്കുകളെയും പ്രാഥമിക സഹകരണ സംഘങ്ങളെയും ഒരു കോമൺ സോഫ്റ്റ്വെയറിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായി മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. പക്ഷേ ബജറ്റിൽ അതിനുവേണ്ടി തുകയൊന്നും നീക്കിവച്ചിട്ടില്ല. അതുപോലെതന്നെ സംസ്ഥാന

സഹകരണ ഫെഡറേഷനുകൾ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടത്തിലാണ്. അവയെ സഹായിക്കുന്നതിനുള്ള ഒരു പദ്ധതിയും ബജറ്റിൽ നിർദ്ദേശിക്ക പ്പെട്ടിട്ടില്ല. കൺസ്യൂമർ ഫെഡറേഷന്റെ കാര്യം മാത്രമേ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിട്ടുള്ളൂ. എക്കാലത്തും ജനപക്ഷത്തുനിന്ന് പ്രവർത്തിച്ച സഹകരണ ബാങ്കുകളെ സഹായിക്കാൻ അങ്ങ് തയ്യാറാകണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട രണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കാലിക്കറ്റ് എയർപോർട്ട് റൺവേയുടെ വികസനം പൂർത്തിയായി. അത് സ്റ്റൈംഗ്തൺ ചെയ്തു. അവിടെ വലിയ വിമാനങ്ങൾ ഇറങ്ങാനുള്ള സൗകര്യങ്ങളുമായിക്കഴിഞ്ഞു. വലിയ വിമാനങ്ങൾ ഇറങ്ങുന്നതിനു വേണ്ടിയുള്ള ശക്തമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തേണ്ടതുണ്ട്. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും അടക്കമുള്ള എല്ലാവരും അതിനുവേണ്ടി സമ്മർദ്ദം ചെലുത്താത്തതല്ല, പക്ഷേ അത് ഫലത്തിൽ സാദ്ധ്യമാകുന്നില്ല. തീർച്ചയായും ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സജീവമായ ഇടപെടൽ ഇനിയുമുണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്.

അതുപോലെ കാലിക്കട്ട് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഒരു പ്രോജക്ട് ഞാൻ സമർപ്പിച്ചിട്ടുണ്ട്. അത് കിഫ്ബിയിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യംകൂടി ശ്രദ്ധിക്കണമെന്ന് ഒരിക്കൽകൂടി അപേക്ഷിച്ചുകൊണ്ട് ഈ ബജറ്റിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, ഞാൻ ഈ ബജറ്റിനെ ശക്തമായി പിൻതുണയ്ക്കുന്നു. എൽ.ഡി.എഫ് സർക്കാരിന്റെ സാമൂഹ്യപ്രതിബദ്ധതയും വികസന കാഴ്ച്ചപ്പാടും പ്രതിഫലിപ്പിക്കുന്നതാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബജറ്റ്. കടുത്ത സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ച പ്രതികൂല സാഹചര്യത്തിലാണ് ഈ ബജറ്റിനെ നമ്മൾ നോക്കിക്കാണുന്നത്. സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട സമസ്തമേഖലകളെയും തൊട്ടുതലോടി, എല്ലാവർക്കും ആശ്വാസം പകരുന്ന നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളുമാണ് ഈ ബജറ്റിലുടനീളം കാണാൻ സാധിക്കുന്നത്. കേരളത്തിലെ തൊഴിലാളികളിൽ മഹാഭൂരിപക്ഷവും പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്നവരാണ്. അവരെ സംരക്ഷിക്കുന്നതിനുള്ള ഏകമാർഗ്ഗം ഈ തൊഴിൽമേഖലകളെ നവീകരിച്ച് സംരക്ഷിക്കലാണ്. അതുവഴി അവരുടെ വേതനം ഉറപ്പുവരുത്താൻ സാധിക്കും. ഈ കാഴ്ചപ്പാടാണ് പരമ്പരാഗത വ്യവസായങ്ങളുടെ കാര്യത്തിൽ സർക്കാരിനുള്ളതെന്ന് ബജറ്റിലെ നിർദ്ദേശങ്ങൾ സൂചിപ്പിക്കുന്നു. മുൻസർക്കാരിന്റെ കാലത്ത്, എന്റെ ഒരു

ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രി സഭയിൽ നൽകിയ മറുപടി, ബീഡി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു നടപടിയും സർക്കാർ സ്വീകരിക്കില്ലെന്നതായിരുന്നു. അതേത്തുടർന്ന് ബീഡിയുടെമേൽ 14½ ശതമാനം നികുതി ചുമത്തി. ആ നികുതി പിൻവലിക്കണമെന്നാണ് തൊഴിലാളികളും ചെറുകിട ഉടമകളും ആവശ്യപ്പെട്ടത്. അത് പിൻവലിക്കാൻ അന്ന് സർക്കാർ തയ്യാറായില്ല. അതിന് പരിഹാരമായി കേരള ദിനേശ് ബീഡി എന്ന സ്ഥാപനം നികുതിയായി നൽകിയിട്ടുള്ള തുകയ്ക്ക് തുല്യമായ തുക, 8 കോടി രൂപ അവർക്ക് തിരിച്ചുകൊടുക്കാൻ ഈ ബജറ്റിലൂടെ നിർദ്ദേശിച്ചിരിക്കുകയാണ്. ബീഡിത്തൊഴിലാളികളുടെ ക്ഷേമ പദ്ധതിക്കുവേണ്ടി 20 കോടി രൂപ ഗ്രാന്റ് നൽകുന്നതിന് ഈ ബജറ്റിൽ നിർദ്ദേശമുണ്ട്. അത് ദിനേശ് ബീഡി സ്ഥാപനത്തിനും തൊഴിലാളികൾക്കും ഏറെ സഹായകരമാകുമെന്നത് സന്തോഷകരമായ കാര്യമാണ്.

കേരളത്തിലെ കൈത്തറിമേഖല ഇന്ന് തകർച്ച നേരിടുകയാണ്. കൈത്തറിയെ സംരക്ഷിക്കുന്നതിന് സ്കൂൾ യൂണഫോമായി കൈത്തറി വസ്ത്രം നൽകുമെന്ന ഒരു പദ്ധതി ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ സ്ഥിരമായി തൊഴിലവസരമുണ്ടാക്കുന്നതിനും തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും സഹായകരമാകുന്ന ഒരു തീരുമാനമാണിത്. പരമ്പരാഗത വ്യവസായത്തിൽ വളരെ പ്രാധാന്യമുള്ള കയർ മേഖലയിൽ രണ്ടാം പുനഃസംഘടനാ സ്കീം നടപ്പിലാക്കുമെന്ന പ്രഖ്യാപനം ഇതിലുണ്ട്. കയർവ്യവസായത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിക്കുമെന്നത് സ്വാഗതാർഹമായ കാര്യമാണ്. ഈ മേഖല വളരെ സന്തോഷത്തോടുകൂടിയാണ് ഈ പ്രഖ്യാപനത്തെ വരവേറ്റത്. വിവിധ കാരണങ്ങളാൽ ശോഷിച്ചുവരുന്ന ഒരു മേഖലയാണ് കേരളത്തിലെ മത്സ്യമേഖല. ഈ മേഖലയെ പരിപോഷിപ്പിക്കാൻ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ബജറ്റിലുണ്ട്. മത്സ്യബന്ധനത്തിനിടയിൽ മരണമടയുന്നവരുടെയും കാണാതാകു ന്നവരുടെയും ആശ്രിതർക്ക് നൽകിവരുന്ന ഇൻഷ്വറൻസ് തുക 5 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. മത്സ്യത്തൊഴിലാളികൾ ഈ നിർദ്ദേശത്തെ സ്വാഗതം ചെയ്തിട്ടുണ്ടെന്നുള്ള വാർത്തകൾ പുറത്തുവന്നിട്ടുണ്ട്.

ഇന്ന് ഖാദി വ്യവസായം വലിയ പ്രതിസന്ധി നേരിടുകയാണ്. ഖാദി എന്നത് ഒരു ദേശീയ വികാരമാണ്. ഈ വ്യവസായത്തെ സംരക്ഷിക്കേണ്ടതുണ്ട്. ഖാദി വ്യവസായത്തെ സംരക്ഷിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി 21½ കോടി രൂപ ബജറ്റിൽ ഉൾപ്പെടുത്തിയത് ഏറെ സഹായകരമാണ്. സഹകരണമേഖല പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള പ്രഖ്യാപനങ്ങൾ ഇതിലുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട റബ്ബറധിഷ്ഠിത വ്യവസായമായ റബ്കോയെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമെന്നത് ഇതിൽ എടുത്തുപറയത്തക്ക ഒന്നാണ്.

എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. കണ്ണൂർ തളിപ്പറമ്പ് താലൂക്കുകൾ വിഭജിച്ച് പയ്യന്നൂർ താലൂക്ക് രൂപീകരിക്കുമെന്ന പ്രഖ്യാപനം താലൂക്കിനുവേണ്ടിയുള്ള നാലരപതിറ്റാണ്ട് കാലത്തെ മുറവിളിക്ക് അറുതിവരുകയാണ്. താലൂക്ക് പുനഃസംഘടന സംബന്ധിച്ച് ഒരു കമ്മിറ്റി നേരത്തെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിൽ പ്രയോരിറ്റി നമ്പർ മൂന്നും നാലും ആയിരുന്നു കുന്നംകുളവും പയ്യന്നൂരും. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് താലൂക്ക് പ്രഖ്യാപിച്ചപ്പോൾ ഇതുരണ്ടും പൂർണ്ണമായും അവഗണിക്കപ്പെട്ടതിന്റെ ഫലമായി നടന്ന പ്രക്ഷോഭത്തെത്തുടർന്ന് അന്നത്തെ മുഖ്യമന്ത്രി താലൂക്ക് അനുവദിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ആ പ്രഖ്യാപനമല്ലാതെ അതിന് ക്യാബിനറ്റ് തീരുമാനമോ ഭരണാനുമതിയോ ഉണ്ടായില്ല. ഇത് ഏറെ പ്രതിഷേധത്തിനിടയാക്കി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പയ്യന്നൂർ താലൂക്കും കുന്നംകുളം താലൂക്കും അനുവദിച്ചുവെന്ന വാർത്ത ജനങ്ങൾ നിറഞ്ഞ സന്തോഷത്തോടു കൂടിയാണ് സ്വീകരിച്ചത്. കൂടാതെ പയ്യന്നൂർ നഗരസഭയിൽ ഒരു മൾട്ടിപർപ്പസ് സ്റ്റേഡിയത്തിനുവേണ്ടി 40 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന പ്രഖ്യാപനം എന്റെ മണ്ഡലത്തിലെ കായികപ്രേമികൾക്ക് ഏറെ സന്തോഷത്തിന് വക നൽകുന്ന ഒന്നായിരുന്നു. പയ്യന്നൂരിൽ ദേശീയ വോളിബോൾ ടൂർണമെന്റ് നടക്കുന്ന സന്ദർഭത്തിലായിരുന്നു ഈ പ്രഖ്യാപനമുണ്ടായത്. അന്ന് അവിടെയുണ്ടായിരുന്ന ആയിരക്കണക്കിന് കാണികളും കളിക്കാരുമെല്ലാം ഈ പ്രഖ്യാപനത്തെ ഹർഷാരവത്തോടുകൂടിയാണ് സ്വീകരിച്ചത്. ഇത് കായിക മേഖലയ്ക്ക് ഏറെ സഹായകമാകുമെന്ന് പ്രതീക്ഷിക്കുകയാണ്. പയ്യന്നൂർ മണ്ഡലത്തിലെ റോഡുകളുടെയും പാലങ്ങളുടെയും കാര്യത്തിൽ ഇപ്പോഴും പരിമിതികൾ നിലനിൽക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് റോഡുകളുടെയും പാലങ്ങളുടെയും കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് കാണിച്ചിട്ടുള്ള അവഗണനയ്ക്കെതിരായി എനിക്ക് ഉപവാസ സമരം നടത്തേണ്ടതായി വന്നുവെന്നത് ഈ സഭയിലുള്ളവർക്കറിയാം. ആ ഉപവാസ സമരത്തെ തുടർന്ന് ചില പ്രഖ്യാപനങ്ങളുണ്ടായെങ്കിലും അത് നടപ്പിലാക്കിയില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം റോഡുകളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്തിയും സുതാര്യവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി കുറെയേറെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഇനിയും നിരവധി റോഡുകളും പാലങ്ങളും അവിടെ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരിഗണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട്, നിർദ്ദിഷ്ട കണ്ണൂർ സൈബർ പാർക്ക് എന്റെ മണ്ഡലത്തിലെ ഇരമം പുല്ലുപാറയിലാണ് സ്ഥിതിചെയ്യുന്നത്. മുൻഗവൺമെന്റിന്റെ കാലത്ത് തുടക്കം കുറിച്ച ഈ സൈബർ പാർക്കിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുകയാണ്. അത് പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഇതുപോലുള്ള നിരവധി പ്രശ്നങ്ങൾ അവിടെ നിലനിൽക്കുന്നുണ്ട്. നേരത്തെ പ്രഖ്യാപിച്ചതാണെങ്കിൽപോലും, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് പയ്യന്നൂർ ആസ്ഥാനമായി കേരള പൂരക്കളി അക്കാദമി സ്ഥാപിച്ചത്. ഇപ്പോൾ അതിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. മറ്റ് അക്കാദമികൾക്കുവേണ്ടി ബജറ്റിൽ തുക വകയിരുത്തിയപ്പോഴും പൂരക്കളി അക്കാദമിക്കുവേണ്ടി പണം വകയിരുത്തിയതായി കാണുന്നില്ല. അക്കാര്യം പ്രത്യേകം പരിഗണിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രതികൂലമായ സാഹചര്യത്തിലും ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും സഹായകമാകുന്ന ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബജറ്റിനെ ഞാൻ പൂർണ്ണമായും പിൻതാങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കിലുക്കം എന്ന സിനിമയിൽ പ്രശസ്തമായ ഒരു രംഗമുണ്ട്. രേവതിയുടെ കഥാപാത്രമായ നന്ദിനി ഇന്നസെന്റിന്റെ കഥാപാത്രമായ കിട്ടുണ്ണിയെ ഭാഗ്യക്കുറി ടിക്കറ്റ് അടിച്ചുവെന്ന് പറഞ്ഞ് പറ്റിക്കുന്ന ഒരു രംഗമാണ്. ഓരോ നമ്പരും വായിച്ചിട്ട് ഇതുവരെ ശരിയാണോ ചേട്ടാ എന്ന് നന്ദിനി ചോദിക്കും. ഇതുവരെ ശരിയെന്നാണ് കിട്ടുണ്ണി മറുപടി പറയുന്നത്. അവസാന അക്കം വായിക്കുന്നതോടെ അലർച്ചയോടെ ഒരു വീഴ്ചയാണ്. ലോട്ടറി അടിച്ചെന്നാണ് പാവം കരുതിയത്. പക്ഷേ അടിച്ചില്ല. പിന്നീടാണ് യഥാർത്ഥ വസ്തുത അറിയുന്നത്. ഇതുപോലെയാണ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബജറ്റ്. വായിച്ചുകേൾക്കുമ്പോൾ അന്തം വിടുന്ന പ്രഖ്യാപനങ്ങളാണ് അദ്ദേഹം നടത്തുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് 3,000 കോടി രൂപ, തീരദേശ ഹൈവേയ്ക്ക് 6,500 കോടി രൂപ, മലയോര ഹൈവേയ്ക്ക് 10,000 കോടി രൂപ, ആശുപത്രി നവീകരണത്തിന് 400 കോടി രൂപ, വിദ്യാലയങ്ങൾക്ക് 500 കോടി രൂപ, എല്ലാവർക്കും പെൻഷൻ, എല്ലാവർക്കും ഇന്റർനെറ്റ്..... ഇത് കേട്ടാൽ പാവം സി.പി.ഐ.(എം)-കാർ പോലും തലകറങ്ങിവീഴും. പക്ഷേ കിട്ടുണ്ണിക്ക് അടിച്ച ലോട്ടറി പോലെ ഇതിനൊന്നും പൈസയില്ല എന്ന് പിന്നീടാണ് അറിയാൻ പോകുന്നത്. സാധാരണ ജനത്തെ

കിട്ടുണ്ണിയാക്കുകയാണ് ഡോ. ടി. എം. തോമസ് ഐസക് ചെയ്യതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ബജറ്റിലെ കണ്ണഞ്ചിപ്പിക്കുന്ന വികസന പ്രവർത്തനങ്ങൾക്കെല്ലാം ആധാരമാക്കിയിരിക്കുന്നത് കിഫ്ബിയെയാണ്. പക്ഷേ കിഫ്ബിയിൽ പണമുണ്ടോ എന്നുചോദിച്ചാൽ ഇല്ല. പണം എന്നുവരും എന്ന് ചോദിച്ചാൽ അതിനും ഉത്തരമില്ല. പണം വരുമെന്നുള്ള പ്രതീക്ഷ മാത്രമാണ്. 25,000 കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി വഴി ഈ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. 4004 കോടി രൂപയുടെ പദ്ധതികൾക്ക് നേരത്തേ തന്നെ എ.എസ്.കൊടുത്തുകഴിഞ്ഞു. അടുത്തയാഴ്ച കിഫ്ബി ഡയറക്ടർ ബോർഡ് യോഗം ചേർന്ന് പതിനായിരം കോടി രൂപയുടെ പദ്ധതികൾക്ക് കൂടി അംഗീകാരം നൽകുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. അങ്ങനെ എല്ലാം കൂടി ചേരുമ്പോൾ 40,000 കോടി രൂപയുടെ പദ്ധതികൾക്കാണ് ഈ വർഷം എ.എസ്. കൊടുത്ത് പ്രവർത്തനം ആരംഭിക്കുമെന്ന് പറയുന്നത്. കിഫ്ബിയുടെ കയ്യിൽ 1024 കോടി രൂപ മാത്രമേയുള്ളൂ എന്നതാണ് രസകരമായ വസ്തുത. 1024 കോടി രൂപ മാത്രമുള്ള കിഫ്ബിക്ക് 40,000 കോടി രൂപയുടെ പദ്ധതി സ്വപ്നം കാണാനുള്ള അധികാരമുണ്ട്. കോളിൻ പവ്വൽ എന്ന യു.എസ്. സെക്യൂരിറ്റി അഡ്വൈസർ പറഞ്ഞിട്ടുണ്ട് 'A dream does not become a reality through magic' വേറെ കാര്യങ്ങളും പറയുന്നുണ്ട്. 'Dream cannot be converted into a reality through magic.' ഇവിടെയൊരു മാജിക് ആണ് നടക്കുന്നത്. കോളിൻ പവ്വൽ പറഞ്ഞത് വളരെ യാഥാർത്ഥ്യമാണ്. അദ്ദേഹം ഇവിടെ എല്ലാവരെയും ഒരു മാജിക് കാണിക്കുകയാണ്. നമ്മൾ എല്ലാവരെയും വിഡ്ഢികളാക്കുകയാണ്. നമ്മൾ എല്ലാവരെയും കബളിപ്പിക്കുകയാണ്. വലിയ വലിയ പ്രഖ്യാപനങ്ങളിലൂടെ നല്ല കയ്യടി അദ്ദേഹത്തിന് കിട്ടുന്നുണ്ട്. ഗൾഫിൽ പോയി പ്രവാസികൾക്കിടയിൽ ചിട്ടി നടത്തി പണം കൊണ്ടുവരുമെന്നാണ് ധനകാര്യവകുപ്പുമന്ത്രി പറയുന്നത്. 12000 കോടി രൂപയുടെ ചിട്ടി പിരിച്ചെടുക്കാനാണ് പരിപാടി. അത് നടന്നതു പോലെയാണ് അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്നത്. പ്രവാസികൾ ക്കിടയിൽ ഇപ്പോൾ തന്നെ ചിട്ടിയുണ്ട്. ഗൾഫിൽ പോയാൽ നമുക്കറിയാം അവർ തമ്മിലുള്ള ചിട്ടികൾ ധാരാളമുണ്ട്. ചിട്ടിക്ക് പണമടയ്ക്കുന്നവർ ഇവിടെത്തന്നെ നിക്ഷേപിക്കുമെന്ന് എന്താണുറപ്പ്; വട്ടവറുതിയാകുമ്പോൾ ലേലത്തിൽ പിടിച്ച് അവർ തുക മുഴുവൻ കൊണ്ടുപോകും. അവർ ചിട്ടിയിൽ ചേരുന്നതുതന്നെ എന്തിനാണ്; അവരുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടിയാണ് ചിട്ടിയിൽ ചേരുന്നത്. ധനകാര്യവകുപ്പുമന്ത്രിക്ക് എവിടെനിന്നാണ് ഈ ഐഡിയ കിട്ടിയതെന്ന് എനിക്കറിയില്ല. പണ്ട് അദ്ദേഹം ഡാമുകളിൽ നിന്നും മണൽ വാരുമെന്ന് പറഞ്ഞിരുന്നു. ഒരു മണലും വാരിയില്ല. ഇസ്ലാമിക് ബാങ്ക് കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. ഇസ്ലാമിക് ബാങ്ക് നടപ്പായില്ല. 12,000 മുതൽ

15,000 രൂപയുടെ വരെ മണൽ നിധിപോലെ ഡാമുകളിൽ കിടപ്പുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ ഒരു ഡാമിൽനിന്നും ചെളിയാണ് കിട്ടിയത്. അതിനുവേണ്ടി ചെലവഴിച്ച പണം പാഴായിപ്പോയി. അതുകൊണ്ട് അദ്ദേഹത്തിന്റെ സ്വപ്നം കാണാനുള്ള അവകാശത്തെ നമ്മളാരും നിഷേധിക്കാൻ പാടില്ല. അദ്ദേഹം ധനകാര്യവകുപ്പുമന്ത്രിയാണ്. അദ്ദേഹം ധനതത്വശാസ്ത്രജ്ഞൻ എന്നാണ് അറിയപ്പെടുന്നത്. ധനകാര്യ വകുപ്പുമന്ത്രിയോടുള്ള എല്ലാ ബഹുമാനവും വച്ചുകൊണ്ട് ഞാൻ പറയട്ടെ, കിഫ്ബി എന്നുപറയുന്നത് നടക്കാൻ പോകുന്ന ഒരു കാര്യമല്ല എന്നാണ് കഴിഞ്ഞ ഒമ്പതുമാസത്തെ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. കഴിഞ്ഞ ബജറ്റിൽ ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവാറും നടന്നില്ല. അതുതന്നെ ആവർത്തിക്കുന്നു. കഴിഞ്ഞ ബജറ്റിൽ അദ്ദേഹം പറഞ്ഞകാര്യം അതേപടി ആവർത്തിക്കുകയാണ്. 'എല്ലാവർക്കും വീട്, എല്ലാവർക്കും വെള്ളം' എന്നായിരുന്നു കഴിഞ്ഞ തവണത്തെ പ്രഖ്യാപനം. ഇത്തവണയും അതേ പ്രഖ്യാപനമുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രി എയിംസ് നിലവാരത്തിലാക്കുമെന്നായിരുന്നു കഴിഞ്ഞ ബജറ്റിലെ പ്രഖ്യാപനം. അത് നടപ്പായില്ല. ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കുമെന്നായിരുന്നു കഴിഞ്ഞ ബജറ്റിൽ പറഞ്ഞത്. അത് നടന്നില്ല. ഇത്തവണ ജില്ലാ-താലൂക്കാശുപത്രികൾക്ക് 2000 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നെല്ല് സംഭരണത്തിന് 700 കോടി രൂപ ഇത്തവണ മാറ്റിവച്ചിട്ടുണ്ട്. കഴിഞ്ഞ തവണ സംഭരിച്ച നെല്ലിന്റെ വില ഇതുവരെ കൊടുത്തിട്ടില്ല. കടൽ തീരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചു. ഇത്തവണയും അതേ പ്രഖ്യാപനമുണ്ട്. കശുവണ്ടി സംഭരണത്തിന് 30 കോടി രൂപയും കശുവണ്ടി ഫാക്ടറിയുടെ നവീകരണത്തിനും യന്ത്രവൽക്കരണത്തിനും 42 കോടി രൂപയും ഇത്തവണ പ്രഖ്യാപിച്ചു. കഴിഞ്ഞതവണയും ഇത് പ്രഖ്യാപിച്ചതാണ്. പക്ഷേ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടന്നു. പറയാനാണെങ്കിൽ ധാരാളമുണ്ട്. കഴിഞ്ഞ ബജറ്റ് വീണ്ടും ആവർത്തിക്കുകയാണ് ചെയ്തത്.

കഴിഞ്ഞ ബജറ്റിൽ നടക്കാതെ പോയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് നോക്കാം. ഭൂമിയില്ലാത്തവർക്ക് മൂന്ന് സെന്റ് ഭൂമി, ആദിവാസികൾക്ക് ഒരേക്കർ ഭൂമി നൽകാൻ 42 കോടി രൂപ വകയിരുത്തി, പദ്ധതി നടന്നില്ല. 14 ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന സാംസ്കാരിക സമുച്ചയം സ്ഥാപിക്കുമെന്ന് പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മണ്ഡലമായ ആലപ്പുഴയിൽ പോലും അത് നടന്നില്ല. കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ 1000 സി.എൻ.ജി. ബസ്സുകൾ, അതും നടപ്പായില്ല. സ്ത്രീകൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്ന് പറയുന്നു,

ഇതുവരെ നടന്നിട്ടില്ല. 1000 കോടി രൂപയുടെ സമഗ്ര ചികിത്സാ പദ്ധതി, ലക്ഷ്യം കണ്ടില്ല. അടിസ്ഥാന സൗകര്യ വികസനത്തിന് 12,000 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും കാര്യമായി ഒന്നും നടന്നില്ല. പൂർണ്ണ സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ പൊതുജനാരോഗ്യ പദ്ധതി, അതും നടന്നില്ല. നികുതി വരുമാനം 22 ശതമാനമായി വർദ്ധിക്കുമെന്ന് പറഞ്ഞു, വർദ്ധിച്ചില്ല. 17 റവന്യൂ ടവറുകൾ സ്ഥാപിക്കുമെന്ന് പറഞ്ഞുവെങ്കിലും സ്ഥാപിച്ചില്ല. പൊന്മുടിയിലേയ്ക്കുള്ള റോപ് ഹൈവേ പദ്ധതിയും നടന്നില്ല. അടിസ്ഥാന സൗകര്യ വികസനത്തിന് 200 കോടി രൂപ, നടന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനും 456 കോടി രൂപ വകയിരുത്തി. പദ്ധതി ആരംഭിക്കാൻ കഴിഞ്ഞുവെന്നാണ് എനിക്ക് തോന്നുന്നത്. റോഡരികിൽ ശുചിമുറി, പ്രധാന കേന്ദ്രങ്ങളിൽ സ്ത്രീകൾക്ക് ഫ്രഷ് അപ് കേന്ദ്രങ്ങൾ എന്നിവ പ്രഖ്യാപിച്ചിരുന്നുവെങ്കിലും കേരളത്തിൽ ഒരിടത്തും കണ്ടില്ല. നെൽവയൽ-തണ്ണീർത്തട ഡാറ്റാ ബാങ്ക് തയ്യാറാക്കൽ നടന്നില്ല. വായിക്കാൻ സമയമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല. ഒന്നാമതായി, കഴിഞ്ഞ ബജറ്റിന്റെ ആവർത്തനമാണ് ഈ ബജറ്റ്. രണ്ടാമതായി, നടക്കാത്ത പദ്ധതികളുടെ വലിയ വിശദീകരണം നമുക്ക് നൽകാൻ കഴിയും.

പദ്ധതി നിർവ്വഹണത്തിന്റെ കാര്യം ഞാൻ ഇവിടെ പറഞ്ഞതാണ്. പദ്ധതി നിർവ്വഹണം പാളി. ഇന്നുവരെയുള്ള കണക്കനുസരിച്ച് 46.39 ശതമാനമാണ് പ്ലാൻ എക്സ്പെൻഡിച്ചർ. തദ്ദേശസ്വയംഭരണത്തെക്കുറിച്ച് വളരെയേറെ പ്രസംഗിക്കുന്നയാളാണ് നമ്മുടെ ധനകാര്യവകുപ്പുമന്ത്രി. പ്ലാൻ എക്സ്പെൻഡിച്ചർ 33.75 ശതമാനമാണ്. അങ്ങ് പരിശോധിക്കുമോ; വൻകിട പദ്ധതികൾക്കായി 2,536 കോടി രൂപ മാറ്റിവച്ചു. ചെലവായത് 233 കോടി രൂപ. പോർട്ടിനുവേണ്ടി ഒരു മന്ത്രിയുണ്ട്. പഴയ കെ.എസ്.യു. പ്രസിഡന്റായിരുന്ന ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയാണത്. പോർട്ടിനുവേണ്ടി മാത്രം ഒരു മന്ത്രിയെ വച്ചിട്ടും എക്സ്പെൻഡിച്ചർ 14.75 ശതമാനം മാത്രമാണ്. അവശേഷിക്കുന്നത് 27 ദിവസം മാത്രമാണ്. 216 മണിക്കൂറാണ് ധനകാര്യവകുപ്പുമന്ത്രി അങ്ങയുടെ പക്കലുള്ളത്. ആ 216 മണിക്കൂറിൽ ബാക്കിയുള്ള 50 ശതമാനം നിങ്ങൾക്ക് എങ്ങനെ ചെലവഴിക്കാൻ സാധിക്കും?

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ പ്ലാൻ എക്സ്പെൻഡിച്ചർ പറയാം. 2012-13-ൽ 89.72 ശതമാനം. 2013-14-ൽ 79.89 ശതമാനം, 2014-15-ൽ 68.37 ശതമാനം. ഇലക്ഷൻ സമയമായിരുന്നു. 2015-16-ൽ 82.29 ശതമാനം. സാമ്പത്തിക അച്ചടക്കത്തെപ്പറ്റി വാതോരാതെ സംസാരിക്കുന്നയാളാണ് ധനകാര്യ വകുപ്പുമന്ത്രി. ഫിസ്കൽ റെസ്പോൺസിബിളിറ്റി ആക്ടിനെപ്പറ്റി എപ്പോഴും പറയുന്നയാളാണ്. റവന്യൂ കമ്മി 2015-16-ൽ 1.64 ശതമാനം ആയിരുന്നത്

2016-17-ൽ 2.10 ആയി വർദ്ധിച്ചിരിക്കുകയാണ്. ധനക്കമ്മി 3 ആയിരുന്നു. ഇപ്പോൾ 3.53 ആയി മാറി. വരൾച്ചയെ പ്രതിരോധിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം ബജറ്റിൽ ഉണ്ടാകുമെന്ന് കരുതി. ഒന്നും കാണാൻ കഴിഞ്ഞില്ല. മാത്രമല്ല നോട്ട് പിൻവലിക്കലിലൂടെ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാൻ ധനകാര്യ വകുപ്പുമന്ത്രി ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടുകൾ സ്വീകരിക്കുമെന്ന് കരുതി. ഒന്നും സ്വീകരിച്ചിട്ടില്ല. സഹകരണ മേഖലയുടെ നട്ടെല്ല് തകർത്തു. ആ മേഖലയെ പിടിച്ചുയർത്താനുള്ള എന്തെങ്കിലും നടപടിയുണ്ടാകുമെന്ന് കരുതിയെങ്കിലും ഉണ്ടായില്ല. മാന്ദ്യം നേരിടുന്ന ടൂറിസം വ്യവസായത്തെ സംരക്ഷിക്കാൻ എന്തെങ്കിലും ചെയ്യുമെന്ന് കരുതിയെങ്കിലും ഉണ്ടായില്ല. ഭരണരംഗം ആകെ താറുമാറായിരിക്കുന്നു. ഭരണത്തിലെ ഒച്ചിന്റെ വേഗതയെപ്പറ്റി നേരത്തെ ഞാൻ സൂചിപ്പിച്ചതാണ്. ഇവിടെ കാതലായ കാര്യം കിഫ്ബിയാണ്. കിഫ്ബിയെ സംബന്ധിച്ചിടത്തോളം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ നീക്കിവച്ച പെട്രോൾ, ഡീസൽ എന്നിവയുടെ 1 രൂപ സെസ്സും മോട്ടോർ വെഹിക്കിളിന്റെ 10 ശതമാനവുമാണ് ഇതിന്റെ ആകെ വരുമാനമായി ഇപ്പോഴുള്ളത്. ഇത് കഴിഞ്ഞാൽ പിന്നെ നബാർഡിന്റെ വായ്പയാണ്. നബാർഡിന്റെ വായ്പ കിട്ടിയില്ല, കിട്ടുമെന്നുള്ള ഉറപ്പാണ്. ഇൻവെസ്റ്റ്മെന്റ് എങ്ങനെ, എവിടെനിന്ന് വരും; കിഫ്ബിയിൽ വിജിലൻസ് റെയ്ഡ് നടന്നാൽ അതിനെപ്പറ്റി മറ്റുള്ളവർക്ക് എന്ത് വിശ്വാസമാണുണ്ടാകുന്നത്. പദ്ധതി തുടങ്ങിയിട്ടില്ല. കിഫ്ബിയിൽ കയറി വിജിലൻസ് പരിശോധന നടത്തിയതിന്റെ പേരിൽ ഉണ്ടാകുന്ന വാർത്തകൾ ഇൻവെസ്റ്റേഴ്സിന് എന്ത് ഗുഡ്‌വിൽ ആണ് ഉണ്ടാക്കുന്നത്. What will be their confidence to invest in KIIFB; What is the message which we are giving to the investors? ആ വസ്തുത എന്തുകൊണ്ട് അങ്ങ് പരിശോധിക്കുന്നില്ല. എന്തുകൊണ്ട് മുഖ്യമന്ത്രി പരിശോധിക്കുന്നില്ല. ഇൻവെസ്റ്റ്മെന്റ് വന്നാൽതന്നെ പലിശ സഹിതം അവർക്ക് തിരിച്ചുനൽകണ്ടേ; എങ്ങനെ നൽകും. നമ്മുടെ സംസ്ഥാനത്തിന് ഭീമമായ ഒരു ബാധ്യതയാണ് ധനകാര്യ വകുപ്പുമന്ത്രി വലിച്ചുവച്ചിരിക്കുന്നതെന്ന് വ്യക്തമായി കാണാൻ കഴിയും. വരുമാന വർദ്ധനവിന് ഉതകുന്ന ഏതെങ്കിലും പദ്ധതി കിഫ്ബിയിൽ ഏറ്റെടുക്കുന്നുണ്ടോ; വരുമാനം എങ്ങനെ വർദ്ധിക്കും; സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് മേൽ ഗുരുതരമായ ഭാരം കയറ്റിവയ്ക്കുകയാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്യുന്നത്. The enormous burden which is going to be big problem for the exchequer. കേരളത്തിലെ സാമ്പത്തിക രംഗത്തും സമ്പദ്ഘടനയിലും അതിഭീമമായ ഭാരം നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി കയറ്റിവയ്ക്കാൻ പോകുകയാണ്. ഭാവി കേരളം വൻതോതിലുള്ള സാമ്പത്തിക ബാദ്ധ്യതയിലേയ്ക്ക് കൂപ്പുകുത്തുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട.

ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡോ. തോമസ് ഐസക് തന്നെയായിരുന്നു ധനകാര്യ വകുപ്പുമന്ത്രി. അദ്ദേഹം ഭരണം വിട്ടുപോകുന്നതിനുമുമ്പ് മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചു. അതിന്റെ ബാദ്ധ്യത മുഴുവൻ അടുത്ത ഗവൺമെന്റിന്റെ തലയിലാണ് വന്നുചേർന്നത്. ഇവിടെ ചരിത്രം ആവർത്തിക്കാൻ പോകുകയാണ്. ബജറ്റിന് പുറത്താണ് ഇതെല്ലാം ചെയ്യുന്നത്. അങ്ങ് നിയമസഭയുടെ അധിപനാണ്. ഞങ്ങളുടെ അവകാശം പ്രൊട്ടക്ട് ചെയ്യാനുള്ള അധികാരം അങ്ങേയ്ക്കാണ്. ഇത് ഞങ്ങൾ അറിയണ്ടേ; നിയമസഭയ്ക്ക് എങ്ങനെ അറിയാൻ കഴിയും?

ബജറ്റ് അവതരിപ്പിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി രണ്ട് കാര്യങ്ങൾ നിയമസഭയിൽ വയ്ക്കണമെന്ന് കഴിഞ്ഞ ദിവസം ഞാൻ തന്നെ ചട്ടം 303 പ്രകാരം ഇവിടെ ഉന്നയിച്ചതാണ്. ട്രസ്റ്റിഷിപ്പിന്റെ സർട്ടിഫിക്കറ്റും അതിന്റെ ഓഡിറ്റ് അക്കൗണ്ടും സമർപ്പിക്കണമെന്ന് പറഞ്ഞതാണ്. ഒരു രൂപപോലും ചെലവഴിക്കാത്തതുകൊണ്ടാണ് അത് വയ്ക്കാത്തതെന്ന് അദ്ദേഹം പറഞ്ഞു. ഈ നിയമസഭ എങ്ങനെ അറിയും; നിയമസഭയ്ക്ക് എന്ത് അധികാരമാണ്; ജനാധിപത്യ സംവിധാനത്തിൽ നിയമസഭ വോട്ട് ചെയ്യുന്ന ഓരോ പൈസയുമാണ് ഗവൺമെന്റ് ഇവിടെ ചെലവഴിക്കുന്നത്. നിയമസഭയ്ക്ക് പുറത്ത്, ഭരണത്തിന് പുറത്ത്, നമ്മുടെ ധനകാര്യ വ്യവസ്ഥിതിയ്ക്ക് പുറത്ത് ഒരു ധനസമാഹരണം നടക്കുന്നു. Who is responsible for this ? Who is accountable for this ? Who is answerable for this ? എന്നീ മൂന്ന് പ്രസക്തമായ ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയ്ക്ക് ഉത്തരം നൽകാൻ ബാദ്ധ്യസ്ഥനാണ്. കിഫ്ബിയുടെ ധനാഗമനമാർഗ്ഗങ്ങളെ സംബന്ധിച്ചും അവയുടെ വിനിയോഗത്തെ സംബന്ധിച്ചും ഒരു സ്റ്റേറ്റ്മെന്റ് ഇവിടെ വയ്ക്കേണ്ടതായിരുന്നു. അത് വച്ചില്ല. ഈ ആക്ടിൽ വ്യവസ്ഥ ചെയ്ത പ്രകാരം ബോർഡിന്റെ ധനം ഉദ്ദേശിക്കുന്ന ആവശ്യങ്ങൾക്കായി ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ടെന്നും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കിക്കൊണ്ട് ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷനിൽ നിന്നുള്ള സർട്ടിഫിക്കറ്റും ഉണ്ടായിട്ടില്ല. നിയമസഭ എങ്ങനെയാണ് ഈ ധനാഗമന മാർഗ്ഗങ്ങളെപ്പറ്റി അറിയുന്നത്. ഇൻവെസ്റ്റ്മെന്റ് എങ്ങനെ വന്നു, എവിടെ നിന്ന് വന്നു, ആര് ഇൻവെസ്റ്റ് ചെയ്തുവെന്നൊക്കെ അറിയാനുള്ള അവകാശം ഈ സഭയ്ക്കില്ലേ; ഇത് എങ്ങനെ ചെലവഴിക്കുന്നു, ഏത് രീതിയിൽ മിച്ചമുണ്ടാകുന്നു അല്ലെങ്കിൽ ബാദ്ധ്യതയുണ്ടാകുന്നുവെന്നും അറിയാനുള്ള അവകാശം ഈ സഭയ്ക്കില്ലേ; പാർലമെന്ററി ജനാധിപത്യത്തിൽ ഈ സഭ വോട്ട് ചെയ്യാതെ ഒരു രൂപ പോലും ചെലവഴിക്കാൻ കഴിയില്ലായെന്നുള്ളതല്ലേ യാഥാർത്ഥ്യം. അപ്പോൾ നമ്മുടെ ഭരണഘടനയെയും നിയമവ്യവസ്ഥയെയും ചട്ടങ്ങളെയും

പാർലമെന്റിന്റെയും നിയമസഭയുടെയും അധികാരങ്ങളെയും കവച്ചുവച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി പ്രവർത്തിക്കുന്നുവെന്ന ആരോപണം ഞാൻ നടത്തുന്നില്ല. പക്ഷെ അതിലേയ്ക്കാണ് കാര്യങ്ങൾ എത്തിച്ചേരുന്നത്. കിഫ്ബിയുടെ അക്കൗണ്ട് ഓഡിറ്റ് ചെയ്യുന്ന ഏജൻസി ഏതാണ്; സാധാരണഗതിയിൽ വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ ചെലവഴിക്കുന്ന ഓരോ പൈസയും ഓഡിറ്റ് ചെയ്യുന്നത് എ.ജി.-യാണ്. കിഫ്ബിയുടെ അക്കൗണ്ട് ഓഡിറ്റ് ചെയ്യുന്നത് എ.ജി. ആണോ; അതോ മറ്റേതെങ്കിലും ഏജൻസിയാണോ; അത് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഓഡിറ്റ് കഴിഞ്ഞതിനുശേഷം മാത്രമേ ബോർഡിന്റെ ധനാഗമ മാർഗ്ഗങ്ങളുടെയും വിനിയോഗത്തിന്റെയും ഡീറ്റെയിൽസ് സഭയുടെ മുമ്പിൽ വയ്ക്കാൻ കഴിയുകയുള്ളൂവെന്നാണ് പറയുന്നത്. 40,000 കോടി രൂപയുടെ ഓഡിറ്റ് എന്നാണ് പൂർത്തിയാകാൻ പോകുന്നത്; നമ്മുടെ സംസ്ഥാനത്തിന്റെ ബജറ്റെന്നു പറയുന്നത് മാക്സിമം 26,000 കോടി രൂപയാണ്. അതിന്റെ ഓഡിറ്റ് റിപ്പോർട്ടുപോലും എത്ര നാൾ കഴിഞ്ഞാണ് വരുന്നത്. കിഫ്ബിയുടെ 40,000 കോടി രൂപയുടെ ഓഡിറ്റ് റിപ്പോർട്ട് വരാൻ എത്ര വർഷമെടുക്കും. അതുവരെ ഈ സഭ നോക്കുകുത്തിയായിരിക്കണമോ; അതുവരെ ഈ സഭയിലെ അംഗങ്ങൾക്ക് ഇതറിയാനുള്ള അവകാശമില്ലേ; ഈ സഭയ്ക്ക് അതിനുള്ള ഉത്തരവാദിത്വമില്ലേ; അതോ ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മിറ്റിയിൽ നിന്നുള്ള ഒരു സർട്ടിഫിക്കറ്റിൽ മാത്രമായി ഇത് ഒതുക്കി സഭയെ ഒരു നോക്കുകുത്തിയാക്കി മാറ്റാനാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് അറിയാൻ താൽപ്പര്യമുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്, ഗവൺമെന്റിന്റെ എല്ലാ ഫണ്ടിൽനിന്നും നിശ്ചിത ശതമാനം ഈ രാജ്യത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്, പിന്നോക്ക സമുദായങ്ങൾക്ക്, മത്സ്യത്തൊഴിലാളികളടക്കമുള്ള പാർശ്വവൽക്കരിക്കപ്പെട്ടവർക്കുവേണ്ടി മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. കിഫ്ബിയിൽ ഈ വിഭാഗങ്ങൾക്കുവേണ്ടി എന്ത് നിബന്ധനയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എവിടെയാണ് അവർക്കുവേണ്ടി പ്രത്യേക പദ്ധതികൾ ഇതുവരെ ഉണ്ടായിട്ടുള്ളത്; അതോ അവർക്കുവേണ്ടി പദ്ധതികൾ ഉണ്ടാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഞാൻ പറഞ്ഞുവന്നത്, കേരളത്തിന്റെ ചരിത്രത്തിൽ കിഫ്ബിയിലൂടെ ഉണ്ടാകാൻ പോകുന്നത് - ഒന്ന്, നിയമസഭയെ മറികടക്കാൻ പോകുന്നു, രണ്ട്, ഇവിടെ ഗവൺമെന്റിനും വിവിധ ഡിപ്പാർട്ടുമെന്റുകൾക്കും ഇതിനെ സംബന്ധിച്ച് ഒന്നും അറിയാൻ പാടില്ലാത്ത അവസ്ഥ. വിവിധ ഡിപ്പാർട്ടുമെന്റുകൾ നോക്കുകുത്തികളായി മാറുന്നു. കിഫ്ബിയുടെ അമെന്റുമെന്റ് ആക്ട് വന്നപ്പോൾതന്നെ ഞങ്ങൾ ഈയൊരാശങ്ക പ്രകടിപ്പിച്ചതാണ്. പ്രശ്നം ഉണ്ടാകില്ലെന്ന് അന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. പക്ഷെ ഇപ്പോൾപോലും ഇതറിയാൻ കഴിയുന്നില്ല. സാധാരണഗതിയിൽ ബജറ്റിൽ ഒരു വർക്കിന് ടോക്കൺ പ്രൊവിഷൻ വച്ചാൽ

20 ശതമാനമെങ്കിലും കണ്ടെത്തിയിട്ടാണ് എ.എസ്. കൊടുക്കാറുള്ളത്. അതാണല്ലോ നമ്മുടെ സിസ്റ്റം. ഇവിടെ ഒരു രൂപയും കയ്യിലില്ലാതെ 40,000 കോടി രൂപയ്ക്ക് എ.എസ്. കൊടുക്കുന്ന ഒരേയൊരു ധനകാര്യ വകുപ്പുമന്ത്രിയേ ഉണ്ടാകുകയുള്ളൂ. അത് ഡോ. ടി. എം. തോമസ് ഐസക് മാത്രമായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. പണമില്ല, ഉണ്ടാകുമെന്ന പ്രതീക്ഷ മാത്രം. അതിന്റെ അടിസ്ഥാനത്തിൽ എങ്ങനെയാണ് 40,000 കോടി രൂപയുടെ എ.എസ്. കൊടുക്കുന്നത്. ഇതാണോ ഇടതുപക്ഷ ബദൽ; ഇവിടെ ഇടതുപക്ഷ ബദലിൽ നിന്നുള്ള തിരിച്ചുപോക്കാണ്. ഇത് സ്വകാര്യവൽക്കരണത്തിലേയ്ക്ക് പോകുകയാണ്. നിങ്ങൾ അതംഗീകരിക്കുന്നുവെങ്കിൽ എനിക്ക് സന്തോഷം. നവലിബറൽ സമീപനങ്ങൾക്കെതിരായി വാചാലമായി സംസാരിക്കുന്നവരാണ് നിങ്ങൾ. നിങ്ങൾ അതിനെ അംഗീകരിക്കുന്നുവെങ്കിൽ, ഞങ്ങൾ കൊണ്ടുവന്ന ഇത്തരം നയങ്ങളെ, പ്രൈവറ്റ് ഇൻവെസ്റ്റുമെന്റ് കൊണ്ടുവരുന്നതിനെ, പ്രൈവറ്റ് പബ്ലിക് പാർട്ടിസിപ്പേഷനെ ശക്തമായി എതിർത്ത സി.പി.ഐ.(എം.)-ന്റെ ധനകാര്യ വകുപ്പുമന്ത്രി ഇതെല്ലാം സ്വീകരിക്കുന്നുണ്ടെങ്കിൽ വളരെ സന്തോഷമുള്ള കാര്യമാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഇനിയും കുറെ സമയം വേണ്ടിവരുമോ?

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ നിർത്താം. ഞാൻ പറഞ്ഞുവന്നത്, നവലിബറൽ സമീപനങ്ങളിൽനിന്നും ധനകാര്യ വകുപ്പുമന്ത്രി തന്റെ ചുവടുമാറ്റി. ഇതല്ല ബദൽ, ഇത് ബദലാണെന്ന് മുഖ്യമന്ത്രിയെയും മറ്റുള്ളവരെയും ധനകാര്യ വകുപ്പുമന്ത്രി ഭംഗ്യന്തരേണ കബളിപ്പിച്ചിരിക്കുകയാണ്. ഇത് നവലിബറൽ സമീപനങ്ങൾ തന്നെയാണെന്ന് അങ്ങ് ആത്മാർത്ഥതയോടെ അംഗീകരിക്കണം. ഈ സമീപനത്തോട് ഞങ്ങൾ എതിരല്ല, തെറ്റിദ്ധരിക്കേണ്ട. നിങ്ങളുടെ ഈ സമീപനത്തെ, പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് വരുന്നതിനെ, പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷനെ, പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ ഫോർ പീപ്പിൾ ഞങ്ങൾ അതിനെയൊക്കെ അംഗീകരിക്കുന്നയാളുകളാണ്. അന്ന് ഞങ്ങൾ ഇതൊക്കെ ചെയ്തപ്പോൾ ഞങ്ങളെ നിശിതമായി വിമർശിച്ചയാളുകളാണ് ഇന്ന് ബജറ്റിന് പുറത്ത്, ഗവൺമെന്റിന് പുറത്ത്, നിയമസഭയ്ക്ക് പുറത്ത് പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരുന്നത്. ഒരു സംശയംകൂടി എനിക്ക് ചോദിക്കാനുണ്ട്. ഇൻവെസ്റ്റ് ചെയ്യുന്നവർക്ക് എത്ര ശതമാനമാണ് കൊടുക്കുന്നത്. ഇവർക്ക് ഏത് രീതിയിലാണ് തിരിച്ചടവുണ്ടാകുന്നത്. ഇതറിയാൻ ആളുകൾക്ക് താൽപ്പര്യമുണ്ട്. ഇൻവെസ്റ്റ് ചെയ്യാനുള്ളവർക്ക് അറിയാൻ താൽപ്പര്യമുണ്ട്. ഏതായാലും കഴിഞ്ഞ 8 മാസമായി ആരും ഒരു രൂപയും ഇൻവെസ്റ്റ് ചെയ്തിട്ടില്ലായെന്നുള്ള കാര്യം ഗൗരവമായി ഗവൺമെന്റ് എടുക്കുമെന്ന് ഞാൻ കരുതുകയാണ്.ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ബജറ്റ് ജനങ്ങളെ കബളിപ്പിക്കുന്ന ഒന്നാണ്. ഈ ബജറ്റ് വാചക

കസർത്തിലൂടെ ജനങ്ങളുടെ മുമ്പിൽ വലിയ ഒരു ബജറ്റ് അവതരിപ്പിച്ചിരിക്കുന്നുവെന്ന ഇമേജ് ഉണ്ടാക്കാൻവേണ്ടി മാത്രമാണ്. ഒരു രൂപയും കയ്യിലില്ലാതെ കോടിക്കണക്കിന് രൂപയുടെ പ്രഖ്യാപനങ്ങൾ നടത്തുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രിയോട് ആദ്യം ജനങ്ങൾക്ക് താൽപ്പര്യമുണ്ടാകും. ഇതൊക്കെ നടക്കാൻ പോകുകയാണെന്ന് ആദ്യം ജനങ്ങൾ വിചാരിക്കും. കഴിഞ്ഞ 8 മാസമായി ഏതായാലും കേരളത്തിൽ ഒന്നും നടന്നിട്ടില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. അങ്ങ് എ.എസ്. കൊടുക്കുന്നുണ്ട്. എ.എസ്. കൊടുക്കുന്ന പദ്ധതികൾ യാഥാർത്ഥ്യമാകുന്നുവെന്നതിന് യാതൊരു ഉറപ്പുമില്ല. അത് എന്ന് യാഥാർത്ഥ്യമാകുമെന്നുമറിയില്ല. കാരണം, ഇതിന് ഫണ്ട് കൊടുക്കണ്ടേ; വർക്ക് എടുക്കുന്ന ആളുകൾക്ക് പാർട്ട് ബില്ലെങ്കിലും കൊടുക്കണ്ടേ; അതിനുള്ള പൈസ നിങ്ങളുടെ കയ്യിൽ ഉണ്ടാകുകയില്ല. അതുകൊണ്ട് ഇത് കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുന്ന ഒരു ബജറ്റാണ്. ഇത് നിങ്ങളുടെതന്നെ നയങ്ങൾക്കെതിരായ ഒരു ബജറ്റാണ്. മാത്രവുമല്ല, സംസ്ഥാനത്തെ ജനങ്ങൾക്ക് ഈ ബജറ്റുകൊണ്ട് ഒരു പ്രയോജനവുമില്ലായെന്ന് നാളെ കേരളം തെളിയിക്കാൻ പോകുന്ന കാര്യമാണ്. ഞാൻ ഈ ബജറ്റിനെ ശക്തിയുക്തം എതിർക്കുന്നു.

2.00 P.M]

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തിനിടയിൽ അങ്ങ് ചെയറിനെ സംബന്ധിച്ചും ചെയറിനോടും ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. സഭയുടെ അദ്ധ്യക്ഷനെന്ന നിലയിലാണ് അങ്ങ് സംസാരിച്ചത്. യഥാർത്ഥത്തിൽ ഇന്നലെ ശ്രീ. എം. ഉമ്മർ ഉന്നയിച്ച ഒരു ക്രമപ്രശ്നമുണ്ട്. കിഫ്ബിയുമായി ബന്ധപ്പെട്ട ധനാഗമ മാർഗ്ഗങ്ങളും ധനകാര്യ മാനേജ്മെന്റിന്റെ വിശദാംശങ്ങളും ഇതിന്റെ കൂടെ സമർപ്പിക്കേണ്ടതായിരുന്നു എന്നതാണ് അദ്ദേഹത്തിന്റെ ക്രമപ്രശ്നം. അതിലിടപെട്ട് അങ്ങും സംസാരിച്ചിരുന്നു. ഇത്തവണ പണം ചെലവഴിച്ചിട്ടില്ലാത്തതിനാലും ഓഡിറ്റിംഗ് പൂർത്തീകരിച്ചതിനാലും അത് സാധിച്ചിട്ടില്ലെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷംമുതൽ ഈ കണക്ക് നിർബന്ധമായും സമർപ്പിക്കണമെന്ന് ചെയർ റൂൾ ചെയ്തിരുന്നു. അത് ഞാൻ അങ്ങയെ ഓർമ്മപ്പെടുത്തുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) :സർ, അതിനെ എല്ലാ ബഹുമാനത്തോടുകൂടിയും ഞാൻ അംഗീകരിക്കുന്നു. പക്ഷേ നമ്മുടെ സിസ്റ്റത്തിൽ 40,000 കോടി രൂപയുടെ ഓഡിറ്റ് വന്ന് അത് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെങ്കിൽ എത്ര വർഷമെടുക്കും? അതുവരെ This House will be in darkness. Mr. Finance Minister is putting this House into darkness, the Members into darkness.

മി. സ്പീക്കർ :അത്തരം ചോദ്യങ്ങൾക്കുള്ള മറുപടി ധനകാര്യ വകുപ്പുമന്ത്രി പറയും.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് പറഞ്ഞ റൂളിംഗ് കറക്ടാണ്. റൂളിംഗിനെ ചോദ്യം ചെയ്യാൻ പാടില്ല. പക്ഷേ ഒരു സ്റ്റാറ്റ്യൂട്ടിൽ എഴുതിവച്ചിട്ട് പിന്നീട് അത് വയ്ക്കാതിരിക്കുന്നത് ടോട്ടലി irregular ആണ്, അതിനൊരു എക്സ്ക്യൂസുമില്ല.

മി.സ്പീക്കർ : പുതിയൊരു വ്യവസ്ഥയാണ്...

ശ്രീ. വി. ഡി. സതീശൻ: സർ, പുതിയ വ്യവസ്ഥയോ; ആ വ്യവസ്ഥ അതിലുള്ളതല്ലേ? ബജറ്റ് അവതരിപ്പിക്കുമ്പോൾ അതിന്റെ കൂടെയുള്ള ഡോക്യുമെന്റും വയ്ക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് ബജറ്റ് പ്രസംഗത്തിലെ അച്ചടിപ്പിശക് തിരുത്തുന്നത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതും മറുപടി പ്രസംഗം നടത്താവുന്നതുമാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് വെളിച്ചം നൽകാൻ പറ്റുമെന്നാണ് എന്റെ വിശ്വാസം. ഏതായാലും പ്രതിപക്ഷം അറംപറ്റിയപോലെയുണ്ട്. കിഫ്ബി വച്ച് ശ്രീ. വി. ഡി. സതീശൻ തുടങ്ങിയെങ്കിൽ കിഫ്ബി-യിൽത്തന്നെ പ്രതിപക്ഷ നേതാവ് അവസാനിപ്പിച്ചു. അതിനപ്പുറം ബജറ്റിലേയ്ക്ക് കടന്ന് ചർച്ച ചെയ്യാൻ അവർക്ക് കഴിയുന്നില്ല. ഇവിടെ കിഫ്ബി സംബന്ധിച്ച് ഉന്നയിച്ച ഓരോ ചോദ്യത്തിനും കൃത്യമായി മറുപടി പറയാനാണ് ഉദ്ദേശിക്കുന്നത്. ബാക്കിയൊന്നും പറഞ്ഞില്ലെങ്കിലും അത് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ : അച്ചടിപ്പിശക് സംബന്ധിച്ച സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കണം.

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാനം ബജറ്റ് ടൈയിൽ ഒരു ചിഹ്നം മാറിയിരുന്നു. പ്രസംഗം നടത്തിയപ്പോൾത്തന്നെ അത് ചൂണ്ടിക്കാണിച്ചിരുന്നു. ഇപ്പോൾ ഔപചാരികമായി മേശപ്പുറത്ത് വയ്ക്കുകയാണ്.

(2017-18 സമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ അച്ചടിപ്പിശക് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തു വച്ചു.)

2017-2018-ലെ സാമ്പത്തിക വർഷത്തെ ബജറ്റ് ഖണ്ഡിക 284-ൽ ബജറ്റ് എസ്റ്റിമേറ്റ് കണക്കിൽ വർഷാന്ത്യ രൊക്ക ബാക്കിയായ 1688.42 കോടി രൂപയ്ക്ക് നേരെ മൈനസ് ചിഹ്നം ചേർത്ത് (-) 1688.42 എന്നാണ് അച്ചടിക്കേണ്ടിയിരുന്നത്. പ്രസംഗവേളയിൽത്തന്നെ അത് ഞാൻ പറഞ്ഞതാണ്.

ഈ ബജറ്റിന്റെ യുക്തിയെന്താണ്; അതിൽ എങ്ങനെ കിഫ്ബിക്ക് സ്ഥാനമുണ്ടായി; എങ്ങനെ ഇതെല്ലാംകൂടി ചേർന്ന് ഇടതുപക്ഷ ബദലാകുന്നു തുടങ്ങിയ കാര്യങ്ങൾ വളരെ ചുരുക്കി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ബജറ്റും ഈ ബജറ്റും ഒത്തുചേർന്ന് വായിക്കണം. നമ്മുടെ സമ്പദ്ഘടന ആധുനികവൽക്കരിക്കേണ്ടതുണ്ട്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ ആധുനികവൽക്കരിക്കപ്പെടണം, കാർഷിക മേഖലയിൽനിന്നും മൂല്യവർദ്ധിത വ്യവസായങ്ങളിലേയ്ക്ക് പോകാൻ സാധിക്കണം, പൊതുമേഖല നവീകരിക്കണം, ലാഭകരമാക്കണം. ഐ.ടി., വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ, ടൂറിസം പോലുള്ള സേവനാധിഷ്ഠിത വ്യവസായങ്ങൾ, ഇലക്ട്രോണിക് ഹാർഡ്‌വെയറുകൾ പോലെയുള്ള ലൈറ്റ് എഞ്ചിനീയറിംഗ് വ്യവസായങ്ങൾ, തുടങ്ങിയ വളർച്ചാ സ്രോതസ്സുകളിലേയ്ക്ക് നമുക്ക് അതിവേഗം മാറാൻ കഴിയും. പൊതുമേഖല മാത്രമല്ല, ഇടതുപക്ഷ ബദലിൽ സ്വകാര്യമേഖലയ്ക്കും സ്ഥാനമുണ്ട്. അവരെ ആകർഷിക്കണം. അതിനുവേണ്ടി ഇവിടത്തെ നവലിബറൽ വക്താക്കൾ ചെയ്യുന്നതുപോലെ തൊഴിലാളികളുടെ അവകാശങ്ങൾ ധ്വംസിക്കാനോ പരസ്യനിയമങ്ങൾ ലംഘിക്കാനോ തയ്യാറല്ല. അവരെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാനുള്ള ഏക മാർഗ്ഗം അന്തർദ്ദേശീയ നിലവാരത്തിലുള്ള ഇൻഫ്രാസ്ട്രക്ചർ സംസ്ഥാനത്ത് ഉറപ്പ് വരുത്തുക എന്നുള്ളതാണ്. പത്ത് വർഷം മുമ്പുവരെ ദേശീയ വരുമാനത്തിന്റെ ഒരു ശതമാനത്തിനും താഴെയായിരുന്നു സംസ്ഥാന സർക്കാരിന്റെ മൂലധന നിക്ഷേപം. ഇപ്പോൾ അത് 1.6, 1.5-ലേയ്ക്ക് എത്തിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ മൂലധന നിക്ഷേപം ശരാശരി രണ്ടും രണ്ടര ശതമാനവുമാണ്. അതാണ് തമിഴ്നാട്ടിലെ റോഡുകളും നമ്മുടെ റോഡുകളും തമ്മിലുള്ള വ്യത്യാസം. പശ്ചാത്തല സൗകര്യങ്ങളിലുള്ള നിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. This is first. 1 ലക്ഷം കോടി രൂപയെങ്കിലും ഒരു ദശാബ്ദം കൊണ്ട് നിക്ഷേപിക്കാൻ കഴിയണം. അത്രയ്ക്ക് സ്റ്റെപ്പ് അപ് ആകുകയാണ്. ഇതാണ് ഒരു പോയിന്റ്. രണ്ട്, ഇങ്ങനെ ചെയ്യേണ്ട ആവശ്യമെന്താണ് എന്നുള്ളതാണ്. പുതിയ തലമുറയ്ക്ക് പഴയ തൊഴിലുകൾ പോരാ. അവർക്ക് നല്ല ക്വാളിറ്റി എംപ്ലോയ്മെന്റുകൾ വേണം. അതിന് ഇതേ മാർഗ്ഗമുള്ളൂ. പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്നവരുടെ മക്കൾ ഈ പണിക്ക് പോകില്ല, അവർ ജനസംഖ്യയുടെ പകുതിയോളം വരുന്നുണ്ട്. കർഷകത്തൊഴിലാളികൾ, പരമ്പരാഗത വ്യവസായത്തൊഴിലാളികൾ, മത്സ്യ തൊഴിലാളികൾ ഇവരാണ് ഞങ്ങളുടെ സാമൂഹിക അടിത്തറ. അതുകൊണ്ട് അവരുടെ സംരക്ഷണം വിട്ട് ഒരു ഇടതുപക്ഷ അജണ്ടയില്ല.

മൂലധന നിക്ഷേപത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മൂലധന നിക്ഷേപം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതക്കുറിച്ചും പറയുമ്പോഴും പ്രഥമ പരിഗണന നൽകിയിരിക്കുന്നത് ഇവിടത്തെ പാവങ്ങൾക്ക് സമ്പൂർണ്ണ സാമൂഹിക സുരക്ഷ

നൽകുക എന്നതിനാണ്. അതിൽ ഏറ്റവും പ്രധാനം പെൻഷൻ തന്നെയാണ്. പ്രായം ചെന്ന് കഴിഞ്ഞാൽ എല്ലാവർക്കും ന്യായമായി ജീവിച്ച് പോകുവാൻ മിനിമം വേതനം വേണം. ബേസിക് ഇൻകം സപ്പോർട്ട് സ്കീമെന്നും പറഞ്ഞ് ഇന്ത്യാ ഗവൺമെന്റ് വർഷംതോറും മൂവായിരം രൂപയോ അയ്യായിരം രൂപയോവച്ച് കൊടുക്കാൻ പദ്ധതിയുമായി ഇറങ്ങി. കേരളത്തിൽ ശരാശരി പതിനയ്യായിരം രൂപയാണ് പ്രായം ചെന്നവരുടെയും പാവപ്പെട്ടവരുടെയും വീടുകളിൽ എത്തിക്കുന്നത്. അവർ പറയുന്നത് ദാരിദ്ര്യ നിർമാർജ്ജന പരിപാടികൾക്ക് ബദലായിട്ടാണ് പെൻഷൻ നൽകുന്നതെന്നാണ്. ദാരിദ്ര്യ നിർമാർജ്ജന പദ്ധതിക്ക് അനുപൂരകമായി സംസ്ഥാന സർക്കാർ പെൻഷൻ കൊടുക്കുകയാണ്. കേരളത്തിൽ പാവങ്ങൾ ദാരിദ്ര്യത്തിലേയ്ക്ക് വീഴുന്നത് അസുഖങ്ങൾ ബാധിക്കുമ്പോഴാണ്. പഴയ അസുഖങ്ങളല്ല, ജീവിത ശൈലീ രോഗങ്ങളാണ്. ഭാരിച്ച ചെലവാണ്. ഒരു കുടുംബം അതിൽപ്പെട്ടാൽ തീർന്നു. ദാരിദ്ര്യത്തിലേയ്ക്ക് പോകും. ഹെൽത്ത് ട്രാൻസിഷന്റെ ആദ്യഘട്ടത്തിൽ എങ്ങനെയാണോ പകർച്ച വ്യാധികൾക്ക് രോഗപ്രതിരോധം തീർക്കുകയും രോഗം വരുന്നവർക്ക് ആരോഗ്യ ശൃംഖലയിലൂടെ ചികിൽസ നൽകി ലോകോത്തരമായ ആരോഗ്യ നിലവാര ത്തിലേയ്ക്ക് കേരളത്തെ ഉയർത്തുകയും ചെയ്തത്, അതിന്റെ ഒരു പുതിയ എഡിഷൻ ഇന്ന് ആവശ്യമാണ്. പുതിയ ജീവിതശൈലീ രോഗങ്ങൾക്ക് ഇന്ന് രോഗ പ്രതിരോധ പ്രവർത്തനമില്ല. അതിനാണ് ആർദ്രം മിഷൻ. രോഗം വന്നു കഴിഞ്ഞാലും അവർ തകരാൻ പാടില്ല. അവർക്ക് എങ്ങനെ സാധാരണ പകർച്ചാവ്യാധികൾക്ക് ചികിൽസ കിട്ടുന്നുവോ അതുപോലെ രോഗ പ്രതിരോധത്തിനും വൃക്കരോഗത്തിനും ട്യൂമറിനും കാൻസറിനുമൊക്കെ സൗജന്യ ചികിൽസ നൽകാൻ കഴിയുന്ന രീതിയിൽ നമ്മുടെ Tertiary sector Investment വേണം, അത് ചെയ്യും. അതിനുള്ള കെട്ടിടമുണ്ടായാൽ പോരാ ഡോക്ടർമാർ വേണം. അതിന് ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കും.

പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടേയും കേളേജുകളുടേയും നിലവാരം മെച്ചപ്പെടുത്തും, അവിടെ ആവശ്യമായ തസ്തിക സൃഷ്ടിക്കും. അതിന് നിക്ഷേപം വേണ്ടിവരും. ഇത്തരമൊരു സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയ്ക്കുവേണ്ടി പണം മുടക്കുമ്പോൾ, വലിയൊരു ചോദ്യംവരും, ഇത്രയും നിങ്ങൾ മുടക്കിക്കഴിഞ്ഞാൽ മൂലധന നിക്ഷേപത്തിന് പണമെവിടെ എന്ന്? ഇപ്പോഴത്തെ സ്ഥിതി എന്താണ്? എല്ലാപേരും പറഞ്ഞപോലെ ഞാനും സമ്മതിക്കുന്നു. നമ്മുടെ റവന്യൂ കമ്മി കുറയുകയല്ല, കൂടുകയാണ് ചെയ്തിരിക്കുന്നത്. റവന്യൂ കമ്മി ഈ വർഷവും കൂടുമെന്നാണ് പറയുന്നത്. കാരണം ശമ്പള പരിഷ്കരണത്തിന്റെ ബാക്കി കൊടുക്കാനുണ്ട്. നാല് വർഷം മുൻപ് ഇതല്ലായിരുന്നു സ്ഥിതി. നിങ്ങളുടെ ഭരണത്തിലും രണ്ടാം വർഷംവരെ ഇതല്ലായിരുന്നുവല്ലോ സ്ഥിതി.

അതിനുശേഷമല്ലേ താഴേയ്ക്ക് പോന്നത്. എന്താണ് ഉണ്ടായത്? ചെലവ് കൂടിയതുകൊണ്ടല്ല. വരുമാനം പകുതിയായതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. അതുസംബന്ധിച്ച തർക്കത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. വരുമാനം വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കണം. വരുമാനം വർദ്ധിപ്പിച്ചുകൊണ്ടല്ലാതെ റവന്യൂ കമ്മി കുറയ്ക്കാൻ പറ്റില്ല. ജി.എസ്.ടി. വരുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് അവസരം വരുകയാണ്. പക്ഷേ അടുത്ത വർഷവും റവന്യൂ കമ്മി കുറയാൻ പോകുന്നില്ല. കാരണം ശമ്പള പരിഷ്കരണത്തിന്റെയും പെൻഷന്റെയും അരിയറിന്റെ പകുതി തുക അടുത്ത വർഷമാണ് നൽകേണ്ടി വരുന്നത്. എന്നാൽ അതിനുശേഷം റവന്യൂ കമ്മി കുറഞ്ഞു തുടങ്ങും. 5-6 വർഷം കൊണ്ട് റവന്യൂ കമ്മി ഗണ്യമായി കുറയ്ക്കാൻ സാധിക്കും. റവന്യൂ കമ്മി ഗണ്യമായി കുറയുക എന്നുപറഞ്ഞാൽ വായ്പ എടുക്കുന്നത് മൂലധന ചെലവിനുവേണ്ടി വിനിയോഗിക്കാൻ കഴിയുമെന്നാണ്. അതുവരെ കാത്തിരിക്കണമോ എന്നുള്ളതാണ് നമ്മുടെ മുന്നിലുള്ള ചോദ്യം. അതാണേറ്റവും സുരക്ഷിതമായ രീതി. സാമ്പത്തിക പ്രതിസന്ധിയുടെ പ്രശ്നങ്ങളൊക്കെ മാറി, റവന്യൂ കമ്മി ഇല്ലാതായി, വായ്പ എടുക്കുന്ന പണം മുഴുവൻ നിക്ഷേപത്തിനുവേണ്ടി വിനിയോഗിക്കാൻ കഴിയുമ്പോൾ നിക്ഷേപം നടത്താം. പക്ഷേ ഞങ്ങൾ കാത്തിരിക്കാൻ തീരുമാനിച്ചിട്ടില്ല. അപ്പോൾ ഒരു പ്രശ്നമുണ്ട്. നമ്മൾ കാത്തിരിക്കാൻ തീരുമാനിച്ചിട്ടില്ലെങ്കിലും വായ്പ എടുക്കാൻ അവകാശമില്ല. ഞാൻ നേരത്തെ പറഞ്ഞ ഒരു ഇടതുപക്ഷ ബദൽ, സമ്പൂർണ്ണ സാമൂഹിക സുരക്ഷിതത്വം ഉറപ്പു വരുത്തിക്കൊണ്ട്, പൊതുവിദ്യാഭ്യാസ, ആരോഗ്യ, പൊതുമേഖലകളെ സംരക്ഷിച്ചുകൊണ്ട് നമ്മുടെ സമ്പദ്ഘടനയെ പുതിയ വിതാനത്തിലേയ്ക്ക് ഉയർത്താനുള്ള കാഴ്ചപ്പാട്. ആ കാഴ്ചപ്പാട് നടപ്പാക്കണമെങ്കിൽ നിക്ഷേപത്തിന് ബജറ്റിൽനിന്ന് മൂലധന ചെലവ് മാറ്റിവയ്ക്കാൻ കഴിയണം. നിങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഈ വർഷം മൂലധനച്ചെലവ് കുറവാണ്. അപ്പോൾ എന്താണ് മാർഗ്ഗം? സർക്കാരിന് കൂടുതൽ വായ്പ എടുക്കാൻ കഴിയില്ല. കാരണം FRBM Act-ൽ മൂന്ന് ശതമാനം ലിമിറ്റേഷൻ വച്ചിട്ടുണ്ട്. എന്നാൽ ബജറ്റിന് പുറത്ത് എസ്.പി.വി. ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ എസ്.പി.വി.-ക്ക് വായ്പയെടുത്താൽ എഫ്.ആർ.ബി.എം. ആക്ടിനുള്ളിൽ വരില്ല. അങ്ങനെയല്ലേ കൊച്ചി മെട്രോയും കണ്ണൂർ വിമാനത്താവളവുമെല്ലാം നടത്തുന്നത്. ഇത് നേരത്തെ ചെയ്തു തുടങ്ങിയ കാര്യമാണ്. പക്ഷേ ഒറ്റയ്ക്കൊറ്റയ്ക്ക് വായ്പ എടുക്കുമ്പോൾ വളരെയധികം സമയമെടുക്കും. കൊച്ചി മെട്രോയുടെ വായ്പയ്ക്കായി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അരുൺ ജെയ്റ്റ്ലിയുമായി എത്ര പ്രാവശ്യം ചർച്ച നടത്തേണ്ടി വന്നു; കെ.എസ്.ടി.പി. പദ്ധതിക്ക് വായ്പ എടുക്കാൻ എത്ര വർഷം ചർച്ച ചെയ്യേണ്ടി വരുന്നു; ഒരുപാട് സമയമെടുക്കും. രണ്ടാമത്തെ പ്രശ്നം, അത് റെമ്യൂണറേറ്റീവ് ആകണം എന്നതാണ്. എന്നാൽ നമ്മുടെ കാഴ്ചപ്പാട് അതല്ല. സ്കൂളുകളും ആശുപത്രികളും മെച്ചപ്പെടണം. സ്കൂളുകളൊക്കെ മെച്ചപ്പെട്ടു കഴിഞ്ഞാൽ, കുട്ടികൾ പഠിച്ച് മിടുക്കരായി, ഉദ്യോഗമൊക്കെ കിട്ടി വരുമ്പോൾ നാട്ടിൽ വരുമാനം കൂടും. സർക്കാരിന് നികുതി കിട്ടും, as a human capital investment.

വേഗം കിഫ്ബിയിലേയ്ക്ക് വരികയാണ്. അതിൽ individual വായ്പയെടുക്കൽ പറ്റില്ല. യൂണിവേഴ്സിറ്റികൾ മെച്ചപ്പെടുത്താൻ 4,000 കോടി രൂപ വേണമെന്ന് ആവശ്യപ്പെട്ടാൽ എവിടെ നിന്ന് കൊടുക്കും. കിട്ടില്ല. അതുകൊണ്ടാണ് എല്ലാം ഒരു ഇൻസ്റ്റിറ്റ്യൂഷന്റെ കീഴിലാക്കുന്നത്. കിഫ്ബി എന്നു പറയുന്ന, നമുക്ക് തന്നെ ഉണ്ടായിരുന്ന ഒരു ധനകാര്യ സ്ഥാപനത്തെ, സഭയിൽ ചർച്ച ചെയ്ത്, നിയമ ഭേദഗതി വരുത്തി, അതിന് ഒരു ഘടനയുണ്ടാക്കി, അതിനെക്കൊണ്ട് വായ്പ എടുത്തു കഴിഞ്ഞാൽ നമുക്ക് എളുപ്പത്തിൽ കാര്യങ്ങൾ ചെയ്യാൻ പറ്റും.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ചോദ്യം എങ്ങനെ ഇതിനൊക്കെ പണം കിട്ടും; ആര് വായ്പ കൊടുക്കും എന്നുള്ളതാണ്. കിഫ്ബിക്ക് ഇപ്പോഴുള്ള വരുമാനം എന്താണ്? പെട്രോളിൽ നിന്നുള്ള ഒരു രൂപ സെസ്സ്, പിന്നെ കഴിഞ്ഞ വർഷം മോട്ടോർ വെഹിക്കിൾസ് ടാക്സിന്റെ 10% (അത് 50 ശതമാനം വരെയും കൂടിക്കൊണ്ടിരിക്കും) അതല്ലേ ഉള്ളൂ എന്നും അതുവച്ച് നിങ്ങളെങ്ങനെയാണ് 50,000 കോടി രൂപയുടെ വായ്പ എടുക്കാൻ പോകുന്നത് എന്നും ഇതെല്ലാം നടക്കുന്ന കാര്യമാണോ എന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചത്. ഞാൻ അതിന്റെ കൃത്യമായ കണക്കെടുത്തു. 15 ശതമാനം നിരക്കിൽ മാത്രമേ പെട്രോൾ സെസ്സിൽനിന്നും മോട്ടോർ വെഹിക്കിൾസ് ടാക്സിൽ നിന്നുമുള്ള വരുമാനത്തിന്റെ വർദ്ധനവ് കണക്കാക്കുന്നുള്ളൂ. ഈ വർഷം 16 ശതമാനം മോട്ടോർ വെഹിക്കിൾ ടാക്സ് കൂടിയിട്ടുണ്ട്. 15 ശതമാനം വച്ച് ഇത് കൂടിക്കൊണ്ടിരുന്നാൽ ഈ പദ്ധതികളൊക്കെ തിരിച്ചടവ് തീരേണ്ട കാലമാകുമ്പോഴേയ്ക്കും, അല്ലെങ്കിൽ 2031-32 ആകുമ്പോഴേയ്ക്കും (ആ വർഷത്തിന്റെ പ്രാധാന്യം പിന്നീട് പറയാം) കിഫ്ബിക്ക് എത്ര രൂപ ഉണ്ടാവും? ഈ വർഷം അങ്ങ് പറഞ്ഞതുപോലെ കയ്യിൽ 1,600 കോടി രൂപയുണ്ട്. അടുത്ത വർഷം 1,028 കോടി രൂപ. അതിന്റെ പിന്നത്തെ വർഷം 1,643 കോടി രൂപ. 2021-22 ൽ 3,974 കോടി രൂപ. ഇങ്ങനെ കൂടിക്കൂടി 2027-28 ആകുമ്പോഴേയ്ക്കും 8,348 കോടി രൂപ. 2031-32 ആകുമ്പോഴേയ്ക്കും 15,116 കോടി രൂപയാണ് കിഫ്ബിക്ക്. ഞാനത് കൃത്യമായി കാൽക്കുലേറ്റ് ചെയ്തിട്ടുണ്ട്. ആദ്യം കാൽക്കുലേറ്റ് ചെയ്ത 15 ശതമാനം വച്ച് കൂട്ടിക്കഴിഞ്ഞാൽ അതിന്റെ 50 ശതമാനം മോട്ടോർ വെഹിക്കിൾസ് ടാക്സിൽ നിന്നും വരികയും പെട്രോളിൽ നിന്നുള്ള ഒരു രൂപ സെസ്സും കൂടിയായാൽ ഈ പറഞ്ഞ രീതിയിൽ കൂടും. 2031-32 ആകുമ്പോഴേയ്ക്കും കിഫ്ബിയുടെ കയ്യിൽ 94,880 കോടി രൂപ ഉണ്ടാകും. കൂട്ടു പലിശയുടെ രഹസ്യം എന്നുപറഞ്ഞ് ഒരേർപ്പാടുണ്ട്. അത് ഇതുതന്നെയാണ്. ഇത് സംബന്ധിച്ച് ആർക്ക് വേണമെങ്കിലും സംശയം ചോദിക്കാം. മനസ്സിലായില്ലെങ്കിൽ ഇനിയും പറയാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞങ്ങൾക്ക് മനസ്സിലായില്ല. എനിക്ക് തോന്നുന്നത് ഭരണകക്ഷി അംഗങ്ങൾക്കും മന്ത്രിമാർക്കും മനസ്സിലായിട്ടില്ല എന്നാണ്. കാരണം ആരും കയ്യടിക്കുന്നത് കാണുന്നില്ല. 2031-32 ൽ, അതായത് 15 വർഷം കഴിഞ്ഞതിന് ശേഷമുള്ള ഈ തുക, ഓരോ വർഷവും മോട്ടോർ വെഹിക്കിൾസ് ടാക്സിൽ നിന്നും വരുന്ന പണമല്ലേ അങ്ങ് കൂട്ടിക്കൂട്ടി പറഞ്ഞത്. അപ്പോൾ എക്സ്പെന്റീച്ചർ ഇല്ലേ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, തോക്കിൽ കയറി വെടി വയ്ക്കരുത്.

<u>ശ്രീ. വി.ഡി. സതീശൻ</u>: സർ, എന്ത് സംശയവും ചോദിക്കാം എന്നു പറഞ്ഞിട്ടാണ് ഞാൻ ചോദിച്ചത്. എന്നിട്ട് ഇങ്ങനെ പറയുന്നത് ശരിയല്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, I am sorry. എവിടെ നിന്നാണ് പണമെന്നത് സംബന്ധിച്ചാണ് ഞാനിപ്പോൾ പറഞ്ഞത്. എങ്ങനെ ചെലവാക്കാമെന്നത് അടുത്ത ചോദ്യമാണ്. ഞാൻ പറയുന്നത്, വായ്പയെടുക്കുന്നത്, securitising your future income flow. കേരളത്തിൽ ചെയ്തിട്ടില്ലേ? ഇ.എം.എസ്. പാർപ്പിട പദ്ധതിക്ക് പഞ്ചായത്തുകൾ എങ്ങനെയാണ് വായ്പ എടുത്തത്? ഞങ്ങൾക്ക് പ്ലാൻ ഫണ്ടിൽനിന്ന് ഇത്ര ശതമാനം വച്ച് കിട്ടിക്കൊണ്ടിരിക്കും (ഒരു പത്ത് ശതമാനം വർദ്ധനവ് വച്ച്); അതിന്റെ 15 ശതമാനം ഞങ്ങൾ എടുത്തു തരാം. എന്നുവച്ചാൽ ഭാവിയിൽ വരുന്ന വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്ത് വായ്പയെടുത്താണ് പഞ്ചായത്ത് പോലും വീട് വച്ചത്. 2031-32 -ലെ ഒരു കണക്ക് പറഞ്ഞതാണ്. 2050-51 ആകുമ്പോൾ അതിനേക്കാൾ കൂടും. Future income flow അനുസരിച്ച് ഞങ്ങൾക്ക് അടുത്ത 25 വർഷത്തിനുള്ളിൽ ഒരു ലക്ഷം കോടിയോളം രൂപ വരുമാനം കിട്ടും, അത് സെക്യൂരിറ്റൈസ് ചെയ്യും, എന്നിട്ട് നിങ്ങൾ 50,000 കോടി രൂപ വായ്പ തരൂ എന്നു പറയും. അതാണ് ഈ സെക്യൂരിറ്റൈസേഷൻ. അങ്ങനെ ആരാണ് നമുക്ക് തരിക എന്നതാണ് അടുത്ത ചോദ്യം. കേരളത്തിലെ സഹകരണ ബാങ്കുകൾ. ബാങ്കുകളിലെ നിക്ഷേപം സർപ്ലസ് ആയിട്ട് മറ്റ് സ്ഥലങ്ങളിൽ കൊണ്ടിടുകയല്ലേ, വാണിജ്യ ബാങ്കുകളിൽപോലും അങ്ങനെയാണ്. ട്രഷറിയിലല്ലേ ഇടുന്നത്? അത് നിയമവിരുദ്ധമല്ല, അതിന് തടസ്സമില്ല.

ഇവിടെ ബാങ്കിന്റെ ഇൻവെസ്റ്റ്മെന്റായി ബോണ്ടിൽ നിക്ഷേപിക്കുകയാണ്. കേരളത്തിന്റെ വികസനത്തിന് നിക്ഷേപിക്കാനായി എന്താണ് തടസ്സമുള്ളത്. നമ്മുടെ ട്രഷറികളുടെ കാര്യമെടുക്കാം, ഇപ്പോൾ ട്രഷറികളിലെ ഏറ്റവും വലിയ മാറ്റം എന്താണ്? കോർ ബാങ്കിംഗ് വന്നു. ഏത് ബാങ്കിൽ നിന്ന് വേണമെങ്കിലും നമുക്ക് പണം മാറാം. അങ്ങോട്ടും മാറ്റാം. ഏതാനും മാസം കഴിഞ്ഞാൽ മൊബൈൽവഴി നിങ്ങൾക്ക് ട്രഷറി ട്രാൻസാക്ഷൻസ് നടത്താം. എന്തിന് വേണ്ടിയാണെന്ന് അറിയാമോ? മുഴുവൻ പെൻഷനും ഇപ്പോൾത്തന്നെ ട്രഷറി അക്കൗണ്ടിൽ വന്നിട്ടാണ് പോകുന്നത്. ഇനി ശമ്പളവും ട്രഷറി അക്കൗണ്ട്

വഴിയാക്കുകയാണ്. നിങ്ങൾക്കുവേണമെങ്കിൽ പണം ഒരുമിച്ചോ തവണകളായോ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റാം. ട്രാൻസാക്ഷൻ ഇങ്ങനെ കിടക്കുന്നതുകൊണ്ട് ബാലൻസ് കാണും, 2000 കോടി രൂപയുടെ ഫ്രീ ഫ്ലോട്ട് കിട്ടും. എല്ലാപേരും കിട്ടുന്ന പണം മുഴുവൻ എടുത്തുകൊണ്ട് പോകുകയില്ല. ട്രഷറി സേവിംഗ്സ് ബാങ്ക് പബ്ലിക് അക്കൗണ്ടിലേയ്ക്ക് ഇടില്ല, പബ്ലിക്ക് അക്കൗണ്ടിൽ ഇട്ടുകഴിഞ്ഞാൽ കേന്ദ്ര സർക്കാരിന്റെ വായ്പാ പരിധിയിൽ വരും. അതിനുപകരം ഈ 2000 കോടി രൂപ കിഫ്ബി മുടക്കും. 4 ശതമാനം പലിശയാണ് കിട്ടുന്നത്. 9.5 ശതമാനം അല്ല, സേവിംഗ്സ് ബാങ്കിൽ പലിശ കൂട്ടി കൊടുത്താൽ, 5 ശതമാനം വച്ചാൽ ഏത് ശമ്പളക്കാരനും ഇടും. ബാങ്കിൽ നിന്ന് അത്രപോലും കിട്ടുകയില്ല.

എങ്ങനെയാണ് ചിട്ടിയിൽനിന്ന് പൈസ കിട്ടുന്നതെന്ന് നിങ്ങൾ കളിയാക്കി. ഈ തത്വം മനസ്സിലാക്കിയാൽ മതി. ഫ്രീ ഫ്ലോട്ട് എന്നു പറഞ്ഞപ്പോൾ എല്ലാ പേർക്കും മനസ്സിലായില്ലേ? സേവിംഗ്സ് ബാങ്കിൽനിന്നും പിൻവലിക്കാതെ താൽക്കാലികമായി കിടക്കുന്ന പണം, ഒരാൾ പണം പിൻവലിക്കുമ്പോൾ വേറൊരാളുടെ പണം വരും, അപ്പോൾ 2000 കോടിയോളം രൂപ ഫ്ലോട്ട് ചെയ്യും. ചിട്ടി പിടിക്കുമ്പോൾ അവർക്ക് പണം കൊടുക്കണം. പണം നിക്ഷേപിക്കുമ്പോൾ ത്തന്നെ കിഫ്ബി ബോണ്ടിൽ വരും. കെ.എസ്.എഫ്.ഇ.ക്ക് എപ്പോൾ പണം തിരിച്ചെടുക്കണമോ, അപ്പോൾ പണം തിരികെ കൊടുക്കും, ഒരു ഫ്രീ ഫ്ലോട്ട് ഉണ്ടാകും. ഒരു ലക്ഷം അല്ലെങ്കിൽ രണ്ടു ലക്ഷം പേർ ചിട്ടിയിൽ ഉണ്ടെങ്കിൽ ഈ പറയുന്ന ഫ്രീ ഫ്ലോട്ട് ഉണ്ടാകും. അതിന് പലിശ 4.5 ശതമാനമാണ്. അത് കിഫ്ബി ബോണ്ടിൽ കിടക്കും. ഇതുകൊണ്ട് ആയില്ലെങ്കിലോ? നിങ്ങൾ എന്നു മുതലാണ് എടുത്ത് തുടങ്ങുന്നത് എന്നു ചോദിച്ച് ഏത് ബാങ്കാണ് വരാത്തത്.. ഇതൊന്നുമല്ലെങ്കിൽ ഇന്ത്യൻ ബോണ്ട് മാർക്കറ്റുണ്ട്. ബോണ്ട് മാർക്കറ്റ് താൽക്കാലികമായി വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന ഒരു ഏർപ്പാടാണ്. ബോണ്ട് മാർക്കറ്റിലെ ഹ്രസ്വകാല വാങ്ങൽ വിൽക്കൽ ലോംഗ് ടേം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റിലേയ്ക്ക് കൊണ്ടുപോകാൻ വേണ്ടി ആറേഴ് തരത്തിലുള്ള ഇൻവെസ്റ്റ്മെന്റ് സ്ട്രക്ചേഴ്സ് സെബിയും ആർ.ബി.ഐ.-യും ഉണ്ടാക്കിയിട്ടുണ്ട്. അതുവഴിയാണ് കോർപ്പറേറ്റുകൾ ബോണ്ട് മാർക്കറ്റിൽനിന്ന് നിക്ഷേപത്തിന് വായ്പയെടുക്കുന്നത്. നമ്മുടേതും ഒരു സ്ഥാപനമാണ്, കമ്പനിയാണ്, സർക്കാരല്ല, വായ്പയെടുക്കാൻ കഴിയും. ഇതിനു വേണ്ടി വേറെ ഈടൊന്നും വേണ്ട, കിഫ്ബി വരാൻ പോകുന്ന വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്താൽ മതി. അപ്പോഴാണ് ചോദ്യം, നിങ്ങളുടെ ചെലവ് എങ്ങനെയാണ് ? ചെലവിന്റെ ഒരു ഫ്ലോ ഉണ്ടാക്കാം. ഈ വർഷം പൂജ്യം ചെലവ്, 2017-18 ൽ 5000 കോടി, അത്രയേ ചെലവാക്കുന്നുള്ളൂ, 2018-19-ൽ 10,000 കോടി, 2019-20-ൽ 20,000 കോടി,

2020-21 -ൽ 15,000 കോടി, ഇപ്പോൾ അഗീകരിച്ച 50,000 കോടി അങ്ങനെ ചെലവാകുന്നു. കിഫ്ബി ഈ ചെലവാകുന്ന മുറയ്ക്കല്ലാതെ വായ്പയെടുക്കുകയില്ല, അടുത്ത വർഷം 5,000 കോടി മാത്രമേ എടുക്കുകയുള്ളൂ. പണം വാങ്ങിച്ചാൽ പലിശ കൊടുക്കേണ്ടി വരും. അതുകൊണ്ട് ഇങ്ങോട്ട് ചോദിച്ചു വന്നാലും എടുക്കുകയില്ല, കാരണം നമ്മുടെ മറ്റ് സ്ഥാപനങ്ങൾപോലെ വാട്ടർ അതോറിറ്റിക്ക്, കെ.എസ്.ആർ.ടി.സി.-ക്ക് അല്ലെങ്കിൽ ഇലക്ട്രിസിറ്റി ബോർഡിന് വായ്പയായി പണം കൊടുക്കുകയല്ല ചെയ്യുന്നത്. അവർ അംഗീകരിച്ച പദ്ധതി നടപ്പിലാക്കി കഴിയുമ്പോൾ ഇടപാടുകാരന് പൈസ കൊടുക്കും. പദ്ധതി തീരുമാനിക്കുന്നതും അതിന്റെ എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതും എല്ലാ കാര്യങ്ങളും ചെയ്യുന്നതും അവരാണ്. കിഫ്ബി പണം കൊടുക്കാനുള്ള ഏജൻസി മാത്രമാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സാമ്പത്തിക തത്വശാസ്ത്രമാണ് അങ്ങ് പറയുന്നത്. പറഞ്ഞത് ശരിയാണ്. പെട്ടെന്ന് കേൾക്കുമ്പോൾ ഇതെല്ലാംകൂടി ആവറേജ് ആളുകൾക്ക് മനസ്സിലാകുകയില്ല. പക്ഷേ ഞാൻ സിംപിളായിട്ടുള്ള ഒരു ചോദ്യം ചോദിക്കട്ടെ, തൽക്കാലം കടം എടുക്കാതെ പറ്റുകയില്ല, അതുകൊണ്ട് തന്നെയാണ് എ.ഡി.ബി. ലോണും, വേൾഡ് ബാങ്ക് ലോണും ഞങ്ങളുടെ കാലത്ത് എടുത്തത്. അതിനും ഇതുപോലെ എല്ലാ കണ്ടീഷൻസും ഉണ്ടായിരുന്നു. മോഡേണൈസേഷൻ വേണം, വെറുതെ കളയാൻ പാടില്ല, വേലികെട്ടി നിർത്തണം, പറഞ്ഞ പർപ്പസിന് മാത്രമേ ചെലവാക്കാൻ പാടുള്ളൂ, അങ്ങനെയൊക്കെ ഉണ്ട്. ഇത് ലോണാണ്, ബോറോയിംഗ് ആണ്. അത് തിരിച്ചടയ്ക്കാനുള്ള സോഴ്സ് പ്രത്യേകിച്ച് നമ്മൾ കണ്ടിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അത് ബാധ്യതയായി വരും എന്നത് നിഷേധിക്കാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതാണ് ഞാൻ പറയാൻ പോകുന്നത്. ചെലവുവരും. ഇങ്ങനെയെടുക്കുന്ന വായ്പയ്ക്ക് ഒരോ വർഷവും പലിശയും മുതലുമായി എത്ര കൊടുക്കണം? ഈ മോഡലിനുവേണ്ടി ഞാൻ ആകെ അനുമാനിച്ചിരിക്കുന്നത് , റീപേയ്മെന്റ് വേണ്ട, 3 വർഷം മൊറട്ടോറിയം. 7 വർഷം കൊണ്ട് തിരിച്ചടയ്ക്കണം. 9.5 ശതമാനം പലിശ. യഥാർത്ഥത്തിൽ വിദേശത്ത് നിന്നുള്ള വായ്പയാണെങ്കിൽ 1.5 ശതമാനം, 30 ശതമാനം റീപേയ്മെന്റ് പിരീഡ്. നമ്മുടെ ട്രഷറിയിലാണെങ്കിലും അത്രയൊക്കെയേ വരുകയുള്ളൂ. എന്നാലും ഏറ്റവും ടഫ് ആയിട്ടുള്ള ഇന്ത്യൻ മാർക്കറ്റിലെ ഷോർട്ട് ടേം വായ്പയാണ് എടുത്തിരിക്കുന്നത് - 9.5 ശതമാനം പലിശ, 3 വർഷം മൊറട്ടോറിയം, 7 വർഷം തിരിച്ചടവ്. 5000 കോടി രൂപ അടുത്ത വർഷം ചെലവാക്കുന്നതിനുവേണ്ടി ഈ വർഷം വായ്പയെടുത്തു, അതിന് എഴു വർഷക്കാലം 1345 കോടി രൂപ വച്ച് പ്രതിവർഷം കൊടുക്കണം. എന്നുവച്ചാൽ 7 വർഷം കഴിയുമ്പോൾ 9412 കോടി

രൂപ.  2018-19-ൽ 10,000 കോടി രൂപ ചെലവാകുന്നു, 10,000 കോടി രൂപ വായ്പയെടുക്കുന്നു.  അതിന്റെ ബാധ്യത ഒരു വർഷം 2689 കോടി രൂപ, മൊത്തം ബാധ്യത 18824 കോടി രൂപ.  മൂന്നാം വർഷം 2019-20-ൽ 20,000 കോടി രൂപ ചെലവാകുന്നു, അത് വായ്പയെടുക്കുന്നു. അതിന്റെ വാർഷിക ബാധ്യത 5378 കോടി രൂപ,  മൊത്തം ചെലവ് 37,647 കോടി രൂപ.  2020-21-ൽ 15,000 കോടി രൂപ വായ്പയെടുത്ത് ചെലവാക്കുന്നു, അതിന്റെ വാർഷിക ബാധ്യത 4034 കോടി രൂപ. മൊത്തം ചെലവ് ഏഴ് വർഷം കൊണ്ട് 28,236 കോടി രൂപ കൊടുക്കണം. ഇതെല്ലാം കൂട്ടുമ്പോൾ 94,118 കോടി രൂപയാണ് വരുന്നത്. അവസാനത്തെ പേമെന്റ് 2030-31, 2031-32 വരെയുണ്ടാകും.  ആ കാലയളവിൽ വേറെ ഒന്നും വേണ്ട. ഒരു രൂപ സെസ്സും, 50 ശതമാനം മോട്ടോർ വെഹിക്കിൾ ടാക്സും ഉണ്ടെങ്കിൽ 94,800 കോടി രൂപ കിഫ്ബിക്ക് വരുമാനം ഉണ്ടെന്നാണ് പറയുന്നത്.  ആ വരുമാനം മതി, വേറെ ഒരു ബാധ്യതയും ഈ ബജറ്റിന്മേൽ ഇല്ല.  കേരള സർക്കാരിനുമേലും ഇല്ല.  നിങ്ങൾ പറയുന്നതുപോലെ മണ്ടൻ കളി അല്ല കളിച്ചത്, കൃത്യമായി കണക്കുകൂട്ടിയിട്ട് തന്നെയാണ് കളിച്ചത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ,  4000 കോടി രൂപയ്ക്ക് എ.എസ്. കൊടുത്തു എന്നുപറഞ്ഞു, ഈ മാർച്ച് മാസത്തിൽ 11,000 കോടി രൂപയ്ക്ക് എ.എസ് കൊടുക്കുമെന്ന് പറഞ്ഞു. അത് കഴിഞ്ഞ ബജറ്റിലെ പ്രഖ്യാപനത്തിന്റെ ഭാഗമായിട്ടാണ്.  ഇപ്രാവശ്യം  25,000 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചത്.  അടുത്തവർഷം  അങ്ങ് പ്രതീക്ഷിക്കുന്ന ചെലവ് എന്നുപറയുന്നത് 5000 കോടി രൂപയാണ്.  ഈ പദ്ധതികൾക്കൊക്കെ  എ.എസ്. കൊടുത്ത്  ടൈം ബൗണ്ടായി പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ അടുത്ത വർഷം 5000 കോടി രൂപയിൽ എക്സ്പെന്റിച്ചർ നിർത്താൻ അങ്ങേയ്ക്ക് കഴിയുമോ? അല്ലെങ്കിൽ പദ്ധതി നടക്കണ്ടെന്ന് വയ്ക്കേണ്ടി വരും. ഒരു ക്ലാരിറ്റിക്കുവേണ്ടി ചോദിച്ചതാണ്.

ഡോ. ടി.എം. തോമസ് ഐസക്: സർ, ക്ലാരിറ്റിക്കുള്ള മറുപടി,  5,000 കോടി രൂപ എന്നുള്ള  ഒരു കണക്ക് വച്ചതാണ്. 7,000 കോടി രൂപയായാലും കണക്കിൽ വ്യത്യാസമൊന്നും വരാൻ പോകുന്നില്ല. ഈ 50,000 കോടി രൂപയും റോഡുകൾക്കും കെട്ടിടങ്ങൾക്കും പാർക്കുകൾക്കുമൊക്കെയായി ചെലവഴിക്കും. എല്ലാപേരും മനസ്സിൽ ഇക്കാര്യം ഓർത്തുവയ്ക്കണം -  നാലഞ്ചു വർഷം കഴിയുമ്പോൾ 50,000 കോടി രൂപയുടെ വർക്കും പൂർത്തിയാകും, അതുകൊണ്ടാണ് ഫ്രണ്ട് ലോഡു ചെയ്തത്. വേണമെങ്കിൽ അത് 10,000 കോടി രൂപ വച്ച് ഓരോ വർഷവും ചെലവാക്കാമല്ലോ? എന്തിനാണ് ആദ്യത്തെ  രണ്ട് വർഷം വച്ചത്?  We have front loaded  investment.  ഈ സർക്കാരിന്റെ കാലത്ത് ഇവയെല്ലാം യാഥാർത്ഥ്യമായി മാറണം.

ശ്രീ. വി. ഡി. സതീശൻ: ഇപ്പോൾ കാര്യങ്ങൾ മനസ്സിലായി. അഞ്ചു വർഷം കൊണ്ട് 50,000 കോടി രൂപ എക്സ്പെൻഡിച്ചർ വരും, നേരത്തേ ചോദിച്ചതിന് മറുപടിയായി. റീപേയ്മെന്റ് ഷെഡ്യൂളും വളരെ കൃത്യമായി. മേജർ റീപേയ്മെന്റ് തുടങ്ങുന്നത് 2022-23 -ൽ ആണ്, എല്ലാപേർക്കും മനസ്സിലായല്ലോ. 2020-21-ൽ ഈ ഗവൺമെന്റിന്റെ 5 വർഷക്കാലാവധി കഴിഞ്ഞിട്ടാണ്. ...(ബഹളം). . . . ... നിങ്ങളോടല്ലല്ലോ ചോദിക്കുന്നത്, ബഹുമാനപ്പെട്ട മന്ത്രിയോടാണ്, അദ്ദേഹം വളരെ സ്ട്രോങ്ങായ ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ്. അദ്ദേഹത്തിന് മറുപടി പറയാൻ നിങ്ങളുടെ ഒരു പക്കമേളത്തിന്റെയും ആവശ്യമില്ല. റീപേമെന്റ് ഷെഡ്യൂളിൽ 3 വർഷക്കാലത്തെ മൊറട്ടോറിയം കഴിഞ്ഞ് 2019-20, 2020-21 വർഷങ്ങളിൽ 20000 കോടി രൂപ വരുന്നുണ്ട്. അത് കറക്ടാണ്. 20,000 കോടി രൂപ അപ്പോഴും ലോൺ എടുക്കുകയാണ്. ആ ഗവൺമെന്റിന്റെ എക്സ്ചെക്കറിന്മേൽ ഒരു ഭാരവും വരുന്നില്ല. ലാസ്റ്റ് ഇയറിൽ പോലും 20,000 കോടി രൂപ എക്സ്പെന്റിച്ചർ വരുമ്പോൾ അപ്പോഴും 20,000 കോടി രൂപ ലോൺ എടുക്കുന്നുണ്ട്. അഞ്ച് വർഷ കാലാവധി കഴിഞ്ഞുവരുന്ന അടുത്ത ഗവൺമെന്റിന്റെ തലയിലായിരിക്കും ഈ കടം മുഴുവൻ. അതുതന്നെയാണ് ഞങ്ങൾ നേരത്തേ പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, വായ്പയെടുക്കുക എന്ന് പറഞ്ഞാൽ പണം സർക്കാരിൽനിന്ന് പോകുക എന്നല്ല, ഭാവിയിലേയ്ക്കുള്ളതാണ്. സർക്കാർ ഈ വർഷം 20,000 കോടി രൂപ വായ്പയെടുക്കുന്നുണ്ട്. എല്ലാ വർഷവും എടുക്കുന്നുണ്ട്. എടുക്കുന്ന വായ്പ ഭാവിയിലാണ് നൽകുന്നത്. ഇതും ഭാവിയിലാണ്. ഒരു കാര്യമുണ്ട് ശ്രീ. വി. ഡി. സതീശൻ, ഇപ്പോൾ വായ്പ എടുക്കുന്നതിന്റെ 70 ശതമാനവും റവന്യൂ എക്സ്പെൻഡിച്ചറാണ്. ഞങ്ങളുണ്ടാക്കിയ കണക്ക് പ്രകാരം 5-ാം വർഷമാകുമ്പോഴേയ്ക്കും 0.5 ശതമാനത്തിൽ താഴെയായിരിക്കും റവന്യൂ കമ്മി. വായ്പയെടുക്കുന്നതിന്റെ സിംഹഭാഗവും മൂലധനച്ചെലവിനായി മാറും. ഏത് സർക്കാരാണോ 5 വർഷം കഴിഞ്ഞുവരുന്നത് അവരായിരിക്കണം അത് വഹിക്കേണ്ടത്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ മാറിയപ്പോൾ എങ്ങനെയുള്ള ഒരു ഖജനാവായിരുന്നു ഉണ്ടായിരുന്നത് അങ്ങനെയുള്ള ഒരു ഖജനാവായിരിക്കും വരാൻ പോകുന്നത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, അങ്ങ് ഇപ്പോൾ പറഞ്ഞ കണക്കുകളും ഫിനാൻഷ്യൽ മോഡലിംഗ് 2030-ഉം എല്ലാം ഒരു best case scenario ആണ്. പണം വരുന്നു, അങ്ങ് പറഞ്ഞതുപോലെ എല്ലാദിവസവും പണി നടക്കുന്നു, 5 വർഷംകൊണ്ട് പണി പൂർത്തിയാകുന്നു. സാധാരണ പ്ലാൻ ഫണ്ടിൽനിന്ന് എൽ.എസ്.ജി.ഡി. ഒക്കെ 40 ശതമാനം എഫിഷ്യൻസിയിലാണ് പോകുന്നത്. കിഫ്ബിയിൽ ഒരു പ്രോജക്ട് വരുമ്പോൾ എന്ത് ചെയ്യണം, എങ്ങനെ എഴുതണം

എന്നതുസംബന്ധിച്ച് താഴെത്തട്ടിലെ ഉദ്യോഗസ്ഥർക്കും ഡിപ്പാർട്ടുമെന്റിലുള്ളവർക്കും യാതൊരു ഐഡിയയും ബോധ്യവുമില്ല. അങ്ങ് പറയുന്ന ഈ സ്പീഡിന്റെ 25 ശതമാനം എഫിഷ്യൻസിയിൽപോലും കാര്യങ്ങൾ ഇംപ്ലിമെന്റാകാൻ പോകുന്നില്ല. അങ്ങനെ വരുമ്പോൾ റീപേമെന്റും അങ്ങ് പറയുന്ന അനാലിസിസുമൊക്കെ നിയമസഭയായതുകൊണ്ട്, ഒരു best case analysis-നെക്കാൾ കൂടുതൽ ഒരു worst case എന്താണെന്ന് പറയാനുള്ള കർത്തവ്യം കൂടി അങ്ങേയ്ക്കുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ worst case ആണ് എടുത്തത്. എന്താണ് worst case? 1.5 ശതമാനത്തിന് വിദേശ വായ്പ ലഭിക്കും ഞാൻ 9.5 ശതമാനത്തിനാണ് എടുത്തിട്ടുള്ളത്. 30 ശതമാനം വരെ റീ പേമെന്റ് ഇളവ് ലഭിക്കുന്ന വായ്പയല്ല നോക്കിയത്, 7 വർഷം കൊണ്ടുള്ള റീ പേമെന്റാണ്. നിങ്ങൾ മറ്റ് ഏത് വിദേശ സോഫ്റ്റ് വായ്പകളെടുത്താലും 7, 8, 10 വർഷങ്ങളിലായിരിക്കും മോറട്ടോറിയം, 5 മുതൽ 7 വർഷം വരെ ഉറപ്പ്. ഞാൻ 3 വർഷമേ എടുത്തിട്ടുള്ളൂ. യഥാർത്ഥത്തിൽ അത് മാത്രമല്ല, ഇത് മുഴുവൻ കിഫ്ബിയുടെ വരുമാനത്തിൽനിന്ന് നൽകണമെന്നാണല്ലോ പറഞ്ഞത്. വേണ്ട. ഇലക്ട്രിസിറ്റി ബോർഡിന് 6,000 കോടി രൂപ ഡിസ്ട്രിബ്യൂഷൻ നെറ്റ്വർക്കിന് വേണ്ടി നൽകി. ഇലക്ട്രിസിറ്റി ബോർഡ് അത് റീ പേ ചെയ്യേണ്ടതാണ്. പാർക്കുകൾ തുടങ്ങാൻ നൽകിയത് റീ പേ ചെയ്യേണ്ടതാണ്. 20,000 കോടി രൂപ ഇത്തരത്തിൽ റീ പേ ചെയ്യേണ്ടതാണ്. ബാക്കിയുള്ള 30,000 കോടി രൂപ റോഡുകളുടെയും പാലത്തിന്റെയും കാര്യത്തിന് പോയി. 20,000 കോടി രൂപ റീപേമെന്റ് പറയുമ്പോൾ എത്രയോ സാവകാശം ലഭിക്കും. അതുകൊണ്ട് ശ്രീ. ശബരീനാഥൻ, ഞാൻ best scenario എടുത്തിട്ട് പറയുകയല്ല, worst scenario എടുക്കുകയാണ്.

ഇനി efficiency of implementation ആണെങ്കിൽ, ശരി, പോരായ്മയുള്ളത് ഞങ്ങൾ നികത്തും. ഇനി നാല് വർഷം ഉണ്ടല്ലോ, നന്നാക്കും.

ശ്രീ. ഹൈബി ഈഡൻ: സർ, കിഫ്ബിയിൽ പ്രഖ്യാപിച്ചിട്ടുള്ളത് Public Utility Services-ന് വേണ്ടിയാണ്. ജനറൽ ഹോസ്പിറ്റലുകൾക്കും റോഡുകൾക്കും മേൽപ്പാലങ്ങൾക്കും വേണ്ടിയാണ്. ഇതിൽനിന്നൊന്നും നമുക്ക് തിരിച്ചടവ് ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മന്ത്രി പറഞ്ഞത് ടോൾ ഈ ഗവൺമെന്റിന്റെ അജണ്ട അല്ലെന്നാണ്, പക്ഷെ ടോളിനുവേണ്ടി ഈ സഭയിൽ ഒരു പോൾ നടത്തിയതാണ്. ടോൾ എന്നുപറയുന്നത് ബോർഡിന്റെ ഭാഗമായിത്തന്നെ വയ്ക്കണമെന്ന് പറഞ്ഞതാണ്. Public Utility Service-കളായ ജനറൽ

ആശുപത്രിയിൽ നിന്നോ റെയിൽവേ ഓവർ ബ്രിഡ്ജുകളിൽനിന്നോ നമുക്ക് ലാഭം ലഭിക്കുന്നില്ല. നമുക്ക് റിട്ടേൺ കിട്ടാൻ എന്തെങ്കിലുമൊരു മേജർ സോഴ്സുണ്ടോ? ഏത് രീതിയിൽ വേണമെങ്കിലും ഏതുവേണമെങ്കിലും ചെലവഴിച്ചോട്ടെ, ഒരു തിരിച്ചടവ് മോഡൽ കോൺക്രീറ്റായി കാണിക്കാൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പറഞ്ഞുകൊണ്ടിരുന്നത്, റിട്ടേൺ അവിടെ ഇല്ലെങ്കിലും നിയമസഭ അംഗീകരിച്ചിട്ടുള്ള പെട്രോൾ സെസ്സും 50 ശതമാനം മോട്ടോർ വെഹിക്കിൾ ടാക്സും കൊണ്ട്, this is fully repayable within a period. അതാണ് ഇതിന്റെ മോഡൽ. 20,000 കോടി രൂപയുടെ തിരിച്ചടവ് ലഭിക്കും. Infact റിട്ടേൺ എവിടെനിന്നാണ് എന്നുള്ള ചോദ്യത്തിന് ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ ആശുപത്രികളും സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചറും നന്നാകുമ്പോൾ നമ്മുടെ സംസ്ഥാനത്ത് വരുമാനത്തിന്റെ വേഗത കൂടും സർക്കാരിന് കൂടുതൽ നികുതി ലഭിക്കും. ആ രീതിയിലാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇൻകം ജനറേഷൻ മോഡൽ, സംസ്ഥാനത്തിന് ഇതുവഴി ഉണ്ടാകുന്ന അധിക വരുമാനത്തെക്കുറിച്ചുകൂടി ചിന്തിച്ചുകൊണ്ട് ഒരു പെർഫക്ടായിട്ടുള്ള ഇൻകം ജനറേഷൻ മോഡൽ എന്തുകൊണ്ട് ആലോചിച്ചുകൂടാ എന്നുള്ളതാണ് എന്റെ ചോദ്യം?

ഡോ. ടി. എം. തോമസ് ഐസക്: സർ, എനിക്ക് അത് ചെയ്യണമെങ്കിൽ 260 x 260 ഇൻപുട്ട് ഔട്ട്പുട്ട് മാട്രിക്സ് കിട്ടണം. എന്നാലേ വരുമാനത്തിൽ എന്ത് വർദ്ധനവുണ്ടാകുമെന്ന് കാൽക്കുലേറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് എനിക്ക് ഇപ്പോൾ പൊതുവേ പറയാനേ സാധിക്കുകയുള്ളൂ. ഇൻഫ്രാസ്ട്രക്ച്ചർ മെച്ചപ്പെടുമ്പോൾ ഇൻവെസ്റ്റ്മെന്റ് കൂടുതൽ വരും ജനങ്ങളുടെ ക്വാളിറ്റി വർദ്ധിക്കും അതിന്റെ ഫലമായി വരുമാനം വർദ്ധിക്കും നാടും മെച്ചപ്പെടും.

ശ്രീ. കെ. സി. ജോസഫ്: സർ, Public Utility Services-ൽനിന്ന് വരുമാനമുണ്ടായില്ലെങ്കിലും മോട്ടോർ വെഹിക്കിൾസ് ടാക്സിന്റേയും സെസ്സിന്റേയും വരുമാനംകൊണ്ട് മുന്നോട്ടുപോകുമെന്ന് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ 10 ജില്ലകളിൽ പെട്രോൾ സെസ്സിന്റെ പേരിൽ ജില്ലാ ഇൻഫ്രാസ്ട്രക്ചർ സ്കീം ഉണ്ടാക്കി. അങ്ങ് പറഞ്ഞത് വരുമാനം കാണിക്കാതെ പണം ചെലവഴിച്ചു എന്നാണ്. നിലപാടിലുള്ള വൈരുദ്ധ്യം മനസ്സിലാക്കണം. ഇപ്പോൾ പറയുന്നു ആ വരുമാനം കൊണ്ട് നടപ്പിലാക്കാമെന്ന്. ആ വൈരുദ്ധ്യം അങ്ങ് കാണാതെ പോകരുത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ഒരിക്കലും അങ്ങനെ പറയില്ല. ഇങ്ങനെ ചെയ്തതുകൊണ്ട് ഒരു കുഴപ്പവുമുണ്ടാകില്ല എന്നുള്ളതുകൊണ്ടാണ്

ഞാൻ എക്കാലത്തും ബാക്കിയുള്ളവരിൽനിന്നും വ്യത്യസ്തനാകുന്നത്. FRBM Act-ലൊക്കെ സ്ഥിരം പറയുന്നത് കുഴപ്പമുണ്ടെന്നാണ്. ഞാൻ ഒരിക്കലും അങ്ങനെ പറഞ്ഞിട്ടുണ്ടാവില്ല.

ശ്രീ. അനിൽ അക്കര: സർ, ഇപ്പോൾ അങ്ങ് പറഞ്ഞതിൽ ഏറ്റവും പ്രധാനപ്പെട്ടത് സാമൂഹ്യ സുരക്ഷിതത്വവുമായി ബന്ധപ്പെട്ടതാണ്. ആ പദ്ധതി പൂർത്തിയാക്കാൻ 20,000 കോടി രൂപയാണ് വേണ്ടത്. 2019 വരെ ലോണെടുക്കാൻ സാധിക്കില്ല. 20,000 കോടി രൂപ എവിടെനിന്നാണ് നൽകുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അക്കാര്യത്തെക്കുറിച്ച് നമുക്ക് വേറെ ചർച്ച ചെയ്യാം. എങ്ങനെയാണ് അത് ഫിനാൻസ് ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് കൃത്യമായി ധാരണകളുണ്ടാക്കുന്നുണ്ട്. ഇപ്പോൾ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, .........(മൈക്ക് ഓഫ്).........പ്ലാൻ ഫണ്ടിൽനിന്ന് ഒരു രൂപയും തിരിച്ചടവിനുവേണ്ടി നൽകേണ്ടി വരില്ല എന്ന് അങ്ങേയ്ക്ക് ഉറപ്പാണോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. അനിൽ കുമാർ, ഇത് ലാസ്റ്റ് ചോദ്യമാണ്. ഇനി ഞാൻ മുന്നോട്ടുപോകുകയാണ്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്... ഇതൊരു എക്കണോമിക്സ് പഠന ക്ലാസ്സാക്കേണ്ടതില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ബജറ്റിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്ക് മറുപടി പറയുകയാണ്. എക്കണോമിക്സിന്റെ മൈന്യൂട്ട് വശങ്ങൾ പഠിക്കാനുള്ള ഒരു വേദിയാക്കാൻ പറ്റില്ല. അതിന് നമുക്ക് പിന്നീട് അവസരമൊരുക്കാം.

ശ്രീ. വി. ടി. ബൽറാം: സർ, ഒരു Layman's ചോദ്യമാണ്. അങ്ങ് പറഞ്ഞ കണക്കുകൾ വച്ച് കഴിഞ്ഞ വർഷം എക്സ്പെൻഡിച്ചറില്ല. ഈ വർഷം അയ്യായിരം കോടി രൂപ പ്രതീക്ഷിക്കുന്നു. അടുത്തവർഷം പതിനായിരം കോടി രൂപ, അതിനടുത്ത വർഷം പതിനായിരം കോടി രൂപ, അതിന്റെ അടുത്ത വർഷം പതിനയ്യായിരം കോടി രൂപ. ഇതെല്ലാം കൂട്ടിയാലും ആകെ നാല്പതിനായിരം കോടി രൂപയുടെ എക്സ്പെൻഡിച്ചറാണ് ഈ അഞ്ച് വർഷം കൊണ്ട് പ്രതീക്ഷിക്കുന്നത്. താങ്കൾ കഴിഞ്ഞ വർഷത്തേയും ഈ വർഷത്തേയും ബജറ്റിലൂടെ തന്നെ 45,000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചു കഴിഞ്ഞു. അപ്പോൾ അടുത്ത 3 വർഷം പുതിയ പദ്ധതികളൊന്നും പ്രഖ്യാപിക്കില്ലേ? അടുത്ത 3 വർഷം കിഫ്ബിയിൽനിന്ന് പുതിയ പ്രഖ്യാപനങ്ങൾ ഉണ്ടാവില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ഇവിടെ നടന്നിട്ടുള്ള ചർച്ചയുണ്ടല്ലോ? ഈ അൻപതിനായിരം കോടി രൂപ എവിടെനിന്ന് എന്ന് ചോദിച്ചതിനുള്ള മറുപടിയാണ് പറഞ്ഞത്. ഇനി ഇപ്പോൾ ട്രഷറിയിൽ നിന്നാകാം. ചീപ്പ് ഫണ്ട് പുറത്തുനിന്ന് ആവശ്യം വരികയാണെങ്കിൽ അപ്പോൾ നമുക്ക് ആലോചിക്കാം. അത് അടുത്ത വർഷമല്ലേ, ഞാൻ ഒരു കാര്യം ഉറപ്പുപറയുന്നു, എന്ത് വന്നാലും 25,000 കോടി രൂപവച്ച് എല്ലാ വർഷവും കിഫ്ബിയിൽനിന്ന് എടുത്തുകൊടുക്കാൻ ഉദ്ദേശിച്ചിട്ടില്ല. റവന്യൂ ഡെഫിസിറ്റ് എത്ര കുറഞ്ഞു,

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.... അദ്ദേഹം പ്രസംഗിച്ച് അവസാനിപ്പിച്ചശേഷം ചോദ്യങ്ങൾ ചോദിക്കാം. പ്രസംഗം തീരട്ടെ.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടത്തെ പ്രധാനപ്പെട്ട ഒരു കാര്യം നികുതി വരുമാനം ഗണ്യമായി ഉയർത്തുക എന്നുള്ളതാണ്. Whole scenario-യും പോകണമെങ്കിൽ അത് വേണം. ഇപ്പോഴത്തെ നികുതി വരുമാനം നോക്കിയാൽ നമ്മുടെ സ്ഥിതി വളരെ മോശമാണ്. അത് ചിലപ്പോൾ നോട്ട് നിരോധനത്തിന്റെ ഫലമായിട്ടുള്ളതാകാം. ഇന്ന് പത്രത്തിൽ കണ്ടത്, കേരളത്തിന്റെ റവന്യൂ വരുമാനം കൂടിയിരിക്കുന്നു എന്നാണ്. അതുകൊണ്ട് ഞാൻ ആ കണക്ക് പറഞ്ഞ് പോകുന്നതായിരിക്കും നല്ലത്.

2015-16 നവംബർ-ഫെബ്രുവരി മാസങ്ങളിലെ നികുതി വരുമാനത്തെ അപേക്ഷിച്ച് 2016-17-ലെ നികുതി വരുമാനം എത്രകൂടി എന്നുമാത്രമേ പറയുന്നുള്ളൂ. മാസാമാസമുള്ള കണക്കുകൾ മുഴുവൻ ഞാൻ വായിക്കുന്നില്ല. വാണിജ്യ നികുതിയിനത്തിൽ 20 ശതമാനം വർദ്ധനവ് പ്രതീക്ഷിച്ചു, 9 ശതമാനമേ കൂടിയിട്ടുള്ളൂ. എക്സൈസിന്റെ കാര്യമെടുത്താൽ, അതിൽ വർദ്ധനവേയില്ല. കഴിഞ്ഞ വർഷം 622 കോടി രൂപ, ഈ വർഷം 621 കോടി രൂപ. രജിസ്ട്രേഷൻ - 11 ശതമാനം കുറവാണ്. കഴിഞ്ഞ വർഷം 824 കോടി രൂപ, ഈ വർഷം 729 കോടി രൂപ. മോട്ടോർ വെഹിക്കിൾസ് ടാക്സ്- 30 ശതമാനം വച്ച് കൂടിക്കൊണ്ടിരുന്നതാണ്. എന്നാൽ നോട്ട് നിരോധനത്തിനുശേഷം വളർച്ച 16 ശതമാനമായി കുറഞ്ഞു. ലോട്ടറിയുടെ കാര്യമെടുത്താൽ ഏതാണ്ട് 1,200 കോടി രൂപയുടെ വിൽപ്പനക്കുറവാണ് ഉണ്ടായിട്ടുള്ളത്. നമ്മുടെ വരുമാനത്തെ ഇത് നല്ല രീതിയിൽ ബാധിച്ചതുകൊണ്ടാണ് റവന്യൂ കമ്മി ഇത്രയും കൂടിയത്. പക്ഷെ ഇനിയുള്ള വർഷങ്ങളിൽ റവന്യൂ കമ്മി കുറയ്ക്കാൻ സാധിക്കും. അതിന് ജി.എസ്.ടി.

സഹായിക്കുമെന്നാണ് ധാരണ. വരുമാനത്തിന്റെ 80 ശതമാനവും നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നത് വാറ്റിന്റെ പതിനാലര ശതമാനം മുഖേനയാണ്. അത് 24 ശതമാനം ആക്കണമെന്നുള്ളതായിരുന്നു അഭിപ്രായം. എന്റെ നിലപാട് 29 ശതമാനമാക്കണമെന്നുള്ളതാണ്. അവസാനം 28 ശതമാനത്തിൽ നിർത്തി. വരുമാനം കിട്ടുന്ന പ്രധാനപ്പെട്ട ചരക്കുകളുടെയെല്ലാം നികുതിനിരക്ക് അതുപോലെ നിലനിൽക്കും. അതുകൊണ്ട് വാറ്റിൽ നിന്ന് വലിയ കുറവ് വരില്ല; അതേ സമയം ചോർച്ച ഗണ്യമായി കുറയുകയും ചെയ്യും. മുമ്പ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവരുന്ന ചരക്കുകൾക്ക് അവിടെ കൊടുത്ത നികുതി നമുക്ക് കിട്ടുകയില്ലായിരുന്നു. എല്ലാം ബോംബെയിലേയ്ക്കും ബാംഗ്ലൂരിലേയ്ക്കുമാണ് പോയത്. അതിനു പുറത്ത് നികുതി ചുമത്താനേ സാധിക്കുകയുള്ളൂ. ഇനി അങ്ങനെയല്ല; അവിടെ കൊടുക്കുന്ന നികുതി input tax ക്രെഡിറ്റായി കേരളത്തിലേയ്ക്ക് വരും. ഇ-കൊമേഴ്സ് കൂടി ക്കൊണ്ടിരിക്കുകയാണ്, ഇവിടെ നിന്നും ഒരു പുസ്തകം ഓർഡർ ചെയ്താൽ ഇനിമുതൽ അതിന്റെ നികുതി നമുക്ക് ഇവിടെ കിട്ടും. ഈ രീതിയിലുള്ള വർദ്ധനയുടെ സാധ്യതയുണ്ട്. ……(ബഹളം)….. സന്തോഷിക്കുകയല്ലേ വേണ്ടത്; അതിന് നിങ്ങൾ സങ്കടപ്പെടേണ്ട കാര്യമെന്താണ്? സേവനങ്ങളുടെ മേൽ നികുതികൂടി വരുമ്പോൾ എനിക്ക് തോന്നുന്നു, 20 ശതമാനംവച്ച് നമ്മുടെ നികുതി വരുമാനം വർദ്ധിക്കുന്നതിനുള്ള എല്ലാ സാധ്യതയുമുണ്ടെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ നമുക്ക് ഇത് ഗണ്യമായി കുറച്ചുകൊണ്ടുവരാൻ കഴിയും. ഞാൻ നടത്തിപ്പ് സംബന്ധിച്ച് കൂടുതൽ സംസാരിക്കുന്നില്ല. നടത്തിപ്പിന്റെ കാര്യനിർവ്വഹണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നതായിരിക്കും നല്ലത്. ഞാൻ നേരിട്ട് ഇതിലെ ചില മാറ്റങ്ങളിലേയ്ക്ക് പോകുകയാണ്.

മി. സ്പീക്കർ : മുഖ്യമന്ത്രി സംസാരിക്കുന്നില്ല.

ശ്രീ. പി. സി. ജോർജ് : സർ, നമ്മുടെ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട കാര്യം തൊഴിൽ നഷ്ടപ്പെട്ട കള്ളുചെത്തുത്തൊഴിലാളികൾ, ചാരായ തൊഴിലാളികൾ, ബാർ തൊഴിലാളികൾ തുടങ്ങിയവർക്ക് തൊഴിൽ കൊടുക്കുന്നതിന് ഒരു പാക്കേജ് നടപ്പിലാക്കുമെന്നാണ്. അങ്ങ് ഇതിനെക്കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ല. രണ്ടാമത്തെ ബജറ്റാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. രണ്ടാമത്തെ ബജറ്റിലെങ്കിലും ആ കാര്യത്തെക്കുറിച്ച് പറയേണ്ടേ? ദളിത് ക്രൈസ്തവരുടെ കുടിശ്ശികയായ കടങ്ങൾ പട്ടികജാതിക്കാരുടെതുപോലെ എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. ഇതിനായി ഈ രണ്ട് ബജറ്റിലും ഒരു പൈസപോലും നീക്കിവച്ചിട്ടില്ല.

മി. സ്പീക്കർ : അങ്ങ് പ്രസംഗം അവസാനിപ്പിക്കു.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇതൊക്കെ ചെയ്യേണ്ട കാര്യങ്ങളാണ്. ഇപ്പോൾത്തന്നെ റവന്യു കമ്മി കൂടിനിൽക്കുകയാണ്. അതുകൊണ്ട് ചില നിയന്ത്രണങ്ങൾ വേണ്ടിവരും. ഇതൊക്കെ എഴുതിത്തള്ളാനായി ഇനിയും ഞങ്ങൾക്ക് വർഷങ്ങളുണ്ട്; അതുകൊണ്ട് യാതൊരു സംശയവും വേണ്ട, മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ചെയ്യും. ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ചില കാര്യങ്ങൾ അടുത്ത വർഷത്തേയ്ക്ക് മാറ്റിവച്ചിരിക്കുകയാണ്.

കൂടുതൽ തുക അനുവദിക്കണമെന്നുപറഞ്ഞ് ഒരുപാട് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ശാസ്താംകോട്ട തടാകത്തെക്കുറിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ വളരെ വൈകാരികമായിട്ടാണ് സംസാരിച്ചത്. കൃത്യമായി ഇത്ര പണം ചെലവാക്കാനുള്ള പദ്ധതിയെന്നുപറഞ്ഞ് ഒരു പദ്ധതി എന്റെ മുന്നിലുണ്ട്. ഞാൻ പറയട്ടെ, ശ്രീ. കോവൂർ കുഞ്ഞുമോൻ നിയമസഭയിൽ അവതരിപ്പിക്കുന്ന എല്ലാ പ്രസംഗവും എനിക്കറിയാം.

മി. സ്പീക്കർ: ശ്രീ. കോവൂർ കുഞ്ഞുമോൻ, ഇത് വാഗ്ദാനലംഘനമാണ്. നിങ്ങൾ വാഗ്ദാനം ലംഘിച്ചിട്ട് നമ്മൾ ഇത് എങ്ങനെ പരിഗണിക്കും.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു ടോക്കൺ പ്രൊവിഷൻ വയ്ക്കുകയാണ്. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളെല്ലാം ആ പദ്ധതി ചർച്ചചെയ്ത് രൂപം നൽകിയതിനുശേഷം അഡീഷണൽ ഓതറൈസേഷൻ നൽകിക്കഴിഞ്ഞ് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കും. ശാസ്താംകോട്ട തടാകത്തെ സംരക്ഷിക്കുകതന്നെ ചെയ്യും. താമരശ്ശേരി താലൂക്കാശുപത്രി, കായംകുളം താലൂക്കാശുപത്രി ഇവയൊക്കെക്കുറിച്ചും നിർദ്ദേശങ്ങൾ തന്നിട്ടുണ്ട്. താലൂക്കാശുപത്രികൾ നവീകരിക്കുന്നതിനുവേണ്ടി 1,000 കോടി രൂപയുണ്ട്. താലൂക്കാശുപത്രികളുടെ കാര്യം, മുൻഗണന നൽകി അവിടെ നടപ്പാക്കുന്നതാണ്. ഇതുപോലെ തടയണകൾ വേണമെന്ന് പലരും ആവശ്യപ്പെട്ടിട്ടുണ്ട്. 31 നദികളിൽ തടയണകൾ നിർമ്മിക്കുന്നതിനുള്ള ഒരു സ്കീം ഉണ്ടാക്കി അതിൽ പണം വകയിരുത്തിയിട്ടുണ്ട്. ഡോ. കെ. ടി. ജലീൽ അടക്കം മറ്റ് പല മെമ്പർമാരും പറഞ്ഞ തടയണകൾ നിശ്ചയമായും പരിഗണിക്കും. അതിന് അഡീഷണലായി എന്തുവേണമെങ്കിലും അതൊക്കെ ചെയ്യും. ഓരോന്നോരോന്നായി ഞാൻ പറയുന്നില്ല. ഹാർബറിന്റെ ഹെഡ്ഡ് ഉണ്ട്. എറണാകുളം ജില്ലയിലെ ചെല്ലാനം ഹാർബറിന്റെ പേര് വിട്ടുപോയതാണ്. അത് ചെയ്യുന്നതാണ്. മികവുള്ള സ്കൂളുകളുടെ കാര്യത്തിൽ എം.എൽ.എ.-മാർ കൊടുത്ത സ്കൂളുകളല്ല വന്നിട്ടുള്ളതെന്ന് പറയുന്നു.

എം.എൽ.എ.-മാർ അവരവരുടെ നിർദ്ദേശങ്ങൾ ഭേദഗതിയായി തന്നുകഴിഞ്ഞാൽ അത് പ്രത്യേകം സർക്കാർ തീരുമാനിക്കുന്നതാണ്. ചില മാറ്റങ്ങളും അഡീഷൻസും ഉണ്ട്. അത് എഴുതി തയ്യാറാക്കിയത് ഇവിടെ സമർപ്പിക്കുകയാണ്. പേര് മാറ്റങ്ങളിൽ സ്കൂളുകളുടെ ചില അഡീഷൻസുണ്ട്. മങ്ങാട് എച്ച്.എസ്.എസ്., പണയിൽ എച്ച്.എസ്.എസ്. തുടങ്ങി ആയിരത്തിലധികമുണ്ട്. ഇതെല്ലാം വിട്ടുപോയിട്ടുള്ളതാണ്. അതെല്ലാം കൂട്ടിച്ചേർത്ത ലിസ്റ്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നതായിരിക്കും. ശ്രീ. മുല്ലക്കര രത്നാകരൻ കൊല്ലം ജില്ലയ്ക്ക് റവന്യൂ സബ് ഡിവിഷൻ ഓഫീസ് കൊടുക്കാത്തതിനെക്കുറിച്ച് വളരെ വൈകാരികമായി സംസാരിച്ചു. റവന്യൂ കമ്മി ഉള്ളപ്പോൾ പുതിയ സബ് ഡിവിഷൻസ്, പുതിയ താലൂക്കുകൾ എന്നിങ്ങനെ പോകുന്നത് ശരിയല്ല എന്നു വിചാരിച്ചാണ് അനുവദിക്കാത്തത്. കൊല്ലം ജില്ലയ്ക്കു മാത്രമല്ല, കണ്ണൂരിനും കോഴിക്കോടിനും കൂടി റവന്യൂ സബ് ഡിവിഷൻ ഓഫീസ് ആയിക്കോട്ടെ. എന്നാൽ ഇത്തവണ താലൂക്കുകൾ പകുതി എണ്ണം മാത്രമേയുള്ളൂ. മോട്ടോർ വെഹിക്കിൾസിന്റെ ആയാലും എക്സൈസിന്റെ ആയാലും മറ്റ് സർക്കിളുകളുടെയായാലും... ഷൊർണ്ണൂർ മെറ്റൽ വ്യവസായത്തെക്കുറിച്ച് അവിടത്തെ എം.എൽ.എ. പറഞ്ഞിരുന്നു. പരിശോധിച്ചതിനുശേഷം ഒരു സ്കീം വ്യവസായ വകുപ്പ് തയ്യാറാക്കും. അവിടെ അച്ചടി മ്യൂസിയം പ്രിന്റിംഗ് ടെക്നോളജിയിൽ സ്ഥാപിക്കുന്നതിന് ടോക്കൺ പ്രൊവിഷൻ വയ്ക്കുന്നു. മ്യൂസിയത്തിന് പ്ലാൻ തയ്യാറാക്കി കഴിയുമ്പോൾ അതിനാവശ്യമായ പണം നൽകുന്നതാണ്.

ബോഡി കോഡിനായി ബസ്സുകളെ പൂനെയിലാണ് കൊണ്ടുപോകുന്നത്. അവിടെനിന്നാണ് അനുവാദം ലഭിക്കേണ്ടത്. കെ.എസ്.ആർ.ടി.സി.-യുടെ നവീകരണവുമായി ബന്ധപ്പെട്ട് ഒരു സെന്റർ കേരളത്തിൽ വേണം. പാപ്പനംകോട് എഞ്ചിനീയറിംഗ് കോളേജിൽ അതിനുവേണ്ടി ഒരു സംവിധാനം ഒരുക്കുന്നതാണ്. അതിന്റെ ചെലവ് എത്രയാണെന്ന് കൃത്യമായി പരിശോധിച്ച് പണം കൊടുക്കും. ഇപ്പോൾ ടോക്കൺ പ്രൊവിഷൻ വയ്ക്കും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, മറ്റുള്ള എഞ്ചിനീയറിംഗ് കോളേജുകൾക്കുള്ള പകുതിസ്ഥലം പോലും പാപ്പനംകോട് എഞ്ചിനീയറിംഗ് കോളേജിനില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, പാപ്പനംകോട് എഞ്ചിനീയറിംഗ് കോളേജിനോട് ചേർന്നുള്ള വർക്ക്ഷോപ്പിന്റെ അടുത്താണ്. കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലത്താണ് അത് പ്രവർത്തിക്കുന്നത്. അവിടെ സ്ഥാപിക്കുന്നതായിരിക്കും ഏറ്റവും ഉചിതമായിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അവിടെ സ്ഥലമെടുത്താൽ എഞ്ചിനീയറിംഗ് കോളേജിനെ അത് ബാധിക്കും. അതുകൊണ്ട് ഇക്കാര്യം അങ്ങ് പരിശോധിക്കണം.

മി. സ്പീക്കർ: അത് ഗതാഗത വകുപ്പ് പരിശോധിക്കട്ടെ.

ഡോ. ടി.എം. തോമസ് ഐസക്: സർ, ഇങ്ങനെയൊന്ന് കേരളത്തിൽ വേണമെന്ന് ഇവർ തന്നെ തീരുമാനിക്കും.

പെൻഷൻ സംബന്ധിച്ച് പലരും ഇന്നലെയും ഇന്നുമായി അഭിപ്രായം പറയുന്നത് കേട്ടു. 80 ശതമാനം അംഗവൈകല്യം വരുന്നവർക്ക് അധികം തുക കൊടുക്കേണ്ടതുണ്ട്. അവർക്കെല്ലാവർക്കും 1,300 രൂപ പെൻഷൻ നൽകും. കർഷക പെൻഷനെക്കുറിച്ച് ഞാൻ എടുത്തുപറയാത്തതുകൊണ്ട് അതിനോട് അവഗണനയുണ്ടോയെന്ന് പലർക്കും ആശങ്കയുണ്ട്. അങ്ങനെയൊരു അവഗണനയില്ല. കർഷക പെൻഷൻ മറ്റ് പെൻഷൻ പോലെ തന്നെ 1,100 രൂപ വച്ച് കൃത്യമായി നൽകും. വാദ്യകലാകാരന്മാരുടെ ഇൻകം ലിമിറ്റ് ഇപ്പോഴും 9,000/- രൂപയാണ്. ആ ഇൻകം ലിമിറ്റെല്ലാം മറ്റ് വിഭാഗങ്ങളെപ്പോലെ ഒരു ലക്ഷം രൂപയാക്കി ഉയർത്തും. പാചകത്തൊഴിലാളികൾക്ക് 500 രൂപ വർദ്ധിപ്പിക്കുമെന്ന് പറഞ്ഞു. അവർ ദിവസക്കൂലിക്കാരാണ്. കഴിഞ്ഞ വർഷം വർദ്ധിപ്പിച്ച 500 രൂപ അവർക്ക് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അവരുടെ ദിവസക്കൂലി 50 രൂപയായി വർദ്ധിപ്പിക്കും. കേപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പുന്നപ്ര സാഗര ആശുപത്രി, പൗലോസ് മാസ്റ്റർ സ്മാരക ഔഷധ ഉദ്യാനം, അലങ്കാര മത്സ്യകൃഷി വികസനത്തിനുവേണ്ടിയുള്ള 'കാവിൽ' കമ്പനിക്ക് രണ്ട് കോടി രൂപ വീതം അനുവദിക്കുന്നു. പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ/ കോർ ബാങ്കിംഗ് നബാർഡുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് 5 കോടി രൂപയാണ് മുടക്കുന്നത്. ചേന്ദമംഗലം എ. ജി. വേലായുധൻ സ്മാരക ട്രസ്റ്റ്, ബ്ലൈൻഡ് ചെസ് അസോസിയേഷൻ, യോഗ ദേശീയ ചാമ്പ്യൻഷിപ്പിന്റെ ആദ്യ ഫെഡറേഷൻ കപ്പ്, പ്രേംനസീർ ഫൗണ്ടേഷൻ, കെ. കെ. ശ്രീനിവാസൻ എം.എൽ.എ. മെമ്മോറിയൽ ട്രസ്റ്റ്, ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ, രാമുകാര്യാട്ട് സാംസ്കാരിക കേന്ദ്രം എന്നിവയ്ക്ക് അധിക ധനസഹായം നൽകുന്നതാണ്. ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികൾക്കുപുറമേ 1,039.15 കോടി രൂപയുടെ അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽപ്പെടുത്തിയിട്ടുള്ള പുതിയ 55 പ്രവൃത്തികൾകൂടി അനുവദിക്കുന്നു. ഇവയിൽ 653.15 കോടി രൂപയുടെ

34 റോഡുകളും 171 കോടി രൂപയുടെ 7 കുടിവെള്ള പദ്ധതികളും 189 കോടി രൂപയുടെ 12 പാലങ്ങളും 26 കോടി രൂപയുടെ 2 കെട്ടിടങ്ങളുമാണ് ഉൾപ്പെടുന്നത്. ഈ പ്രവൃത്തികൾ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വാല്യം 2, ഭാഗം 2-ൽ 20 ശതമാനം തുക വകയിരുത്തി ഉൾക്കൊള്ളിക്കുകയാണ് ചെയ്യുന്നത്. കോഴിക്കോട് ജില്ലയിൽ പുനരധിവാസ സൗകര്യത്തോടുകൂടിയ മാതൃകാ സംസ്ഥാനതല ലഹരി വിമോചനകേന്ദ്രം സ്ഥാപിക്കും.

ബജറ്റ് പ്രസംഗത്തിൽ ഒരു ക്ലാരിഫിക്കേഷൻ ആവശ്യമായിട്ടുണ്ട്. ബയോ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്ന് പറഞ്ഞിരിക്കുന്നതിനെ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവ്വേദ എന്നാക്കി മാറ്റി വായിക്കേണ്ടതാണ്. ഇപ്പോൾ പറഞ്ഞിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 2017-18-ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ) പറയുകയാണ്.

റവന്യൂ വരുമാനം : 94584.74

റവന്യൂ ചെലവ് : 109627.88

റവന്യൂ കമ്മി : (-) 16043.14

മൂലധനച്ചെലവ് (തനി) : (-) 9020.47

വായ്പകളും മുൻകൂറുകളും (തനി) : (-)692.71

പൊതുകടം (തനി) : 21227 .95

പൊതുകണക്ക് (തനി): 4050.70

ആകെ കമ്മി : (-) 477.67

വർഷാരംഭ രൊക്ക ബാക്കി : (-) 350.47

വർഷാന്ത്യ രൊക്ക ബാക്കി : (-)828.14

ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അധികച്ചെലവ് : 850.28

ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഇളവുകൾ : 10.00

ബജറ്റ് പ്രസംഗത്തിലെ അധിക വിഭവ സമാഹരണം : 0

വർഷാന്ത്യ രൊക്ക ബാക്കി : (-) 1688.42

സഭയിൽ ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് : 244.93

വർഷാന്ത്യ രൊക്ക ബാക്കി : (-) 1933.35

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇളവുകൾ അങ്ങ് പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. അങ്ങയുടെ ബജറ്റിനകത്ത് 276-ാം ഖണ്ഡികയിൽ 1-4-2013 മുതൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി ഒരിളവ് അങ്ങ് പ്രഖ്യാപിച്ചിട്ടുണ്ട്. BOSCH കമ്പനി കൊമേഴ്സ്യൽ ടാക്സസിന്റെ അപ്പലേറ്റ് അതോറിറ്റിക്ക് ഒരു അപ്പീൽ കൊടുക്കുന്നു. ഇത് കൊടുക്കാൻ സാദ്ധ്യമല്ല എന്നുപറഞ്ഞുകൊണ്ടുള്ള 18-3-2015-ലെ അപ്പലേറ്റ് അതോറിറ്റിയുടെ വിധിയാണ് എന്റെ കയ്യിലുള്ളത്. അങ്ങ് ഇതിന് മറുപടി പറയുമെന്നുള്ള പ്രതീക്ഷയോടുകൂടി ഇരിക്കുകയായിരുന്നു. 2015-ൽ ഇത് കൊടുക്കരുത് എന്നുപറഞ്ഞിട്ടുള്ള BOSCH കമ്പനിയുടെ അപ്പലേറ്റ് അതോറിറ്റിക്ക് കൊടുത്ത ഈ വിധി നിലനിൽക്കെ ഈ ബജറ്റിനകത്ത് 276-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് സൗരോർജ്ജ പാനലുകളുടെ ഒരു ശതമാനം നികുതി 1-4-2013 മുതൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി അങ്ങ് റദ്ദാക്കിയിരിക്കുന്നു/ പിൻവലിച്ചിരിക്കുന്നുവെന്നാണ്. ഇതുകൊണ്ട് ഒരു കമ്പനി രക്ഷപ്പെടുകയാണ്. അങ്ങയെപ്പോലുള്ള ഒരാൾ ഇത് ചെയ്യുകയില്ല എന്നുള്ള പ്രതീക്ഷയിലാണ് ഞാൻ അന്ന് പ്രസംഗത്തിൽ അങ്ങയോട് ഇത് ചോദിച്ചത്. ദൗർഭാഗ്യവശാൽ, അങ്ങ് ഇതുവരെ ഒരു മറുപടിയും പറഞ്ഞില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങ് പറഞ്ഞ കാര്യം എനിക്ക് മനസ്സിലായി. ഞാൻ മറുപടി പറയാം. BOSCH കമ്പനിയുടെ അസസ്സ്മെന്റ് പൂർത്തിയായിരിക്കുന്നു. അവർക്ക് ആംനെസ്റ്റിയിൽ സ്ഥാനമുണ്ടാകില്ല. ഏത് വർഷമെന്നല്ല. അസസ്സ്മെന്റ് പൂർത്തീകരിച്ച, നടപടികൾ പൂർത്തീകരിച്ച ഒരു കമ്പനിയുടെ കേസ്സും റീഓപ്പൺ ചെയ്യില്ല. അത് ഫിനാൻസ് ആക്ട് വരുമ്പോൾ കൃത്യമായി ഓർമ്മ വരും.

ശ്രീ. വി. കെ. സി. മമ്മത് കോയ മൊബൈൽ ഫോൺ ടാക്സിന്റെ പ്രശ്നത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ബജറ്റിൽ മൊബൈൽ ഫോണിന് നികുതി വച്ചിരുന്നതാണ്. ഭൗർഭാഗ്യവശാൽ, തെറ്റിദ്ധരിച്ച് ശ്രീ. പി. കെ. ബഷീർ എന്തൊക്കെയോ പറഞ്ഞപ്പോൾ ഞാൻ അത് പിൻവലിച്ചതാണ്. പക്ഷേ കേരളത്തിലുടനീളമുള്ള എല്ലാ ചെറുകിട മൊബൈൽ വ്യാപാരികൾക്കും നോട്ടീസ് ചെന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ വിഷയം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് വീണ്ടും പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

## VIII. പ്രമേയം

### ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, " 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിലെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ.......

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ..............ഓർഡർ................. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് മാസം 09-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.57-ന് പിരിഞ്ഞു.)